# ശ്രീമദ്ഭാഗവതം

(അന്വയക്രമപരിഭാഷാസഹിതം)

# SRIMAD BHAGAVATHAM

(Malayalam)

**Skandam - 5**



M.N. RAMASWAMY IYER MEMORIAL EDITION

SRI RAM PUBLISHERS

North Village

MELARKODE - 678 703

# ശ്രീമദ് ഭാഗവതം

(പഞ്ചമസ്കന്ധം)

(അന്വയക്രമ പരിഭാഷാസഹിതം)

*By*

വിദ്വാൻ, സി. ജി. നാരായണൻ എമ്പ്രാന്തിരി,

LANGUAGE ASST.,
M. N K M. HIGH SCHOOL, CHITTALAMCHERY, PALGHAT Dt.

**M. N. RAMASWAMY IYER MEMORIAL EDITION,**

*Editor.* M. R. NARASIMHAN

*Published by:*

SRI RAM PUBLISHERS.
NORTH VILLAGE,
MELARKODE,
Pin - 678 701

Contact:
SRI BHAG[illegible] PUBLICATION
PROPA[illegible] OF
SRI RAMA NAMA BANK
RAMA MANTHIRAM, 2, Vinayagam Street,
West Mambalam, Chennai-600 033,
PH: 4893736 / 48[illegible]

COPYRIGHT :-

**M. R. Narasimhan**

**1st Edition**
**May 1993**

**Price Rs. 650/- Per set**

Distributors :

Sree Guruvayoorappan
Sankeerthana Trust (Regd.)
Narayanalayam
Guruvayoor - 680 101

ശ്രീ:



ഓം നമോ ഭഗവതേ വാസുദേവായ.

# ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമഃ സ്കന്ധഃ

നാരായണം നമസ്കൃത്യ നരം ചൈവ നരോത്തമം
ദേവീം സരസ്വതീം വ്യാസം തതോ ജയമുദീരയേത്

## പ്രഥമോऽധ്യായ: – അദ്ധ്യായം ഒന്ന്.

### പ്രിയവ്രതചരിതം.

സ്വായംഭുവമനുവിൻെറ പുത്രന്മാരിൽ **ഉത്താനപാദൻെറ** വംശചരിത്രം പൂർവ്വസ്കന്ധത്തിൽ പറഞ്ഞുകഴിഞ്ഞു. ഈ സ്കന്ധത്തിൽ പ്രിയവ്രതൻെറ വംശചരിത്രം വിസ്തരിക്കുന്നു.

ഇരുപത്താറ് അദ്ധ്യായങ്ങളടങ്ങിയ ഈ പഞ്ചമസ്കന്ധത്തിൽ മഹാപുരാണ ലക്ഷണങ്ങളിൽ മൂന്നാമത്തേതായ 'സ്ഥാനം' എന്ന ഈശ്വരലീലയാണ് പ്രതിപാദ്യം ബ്രഹ്മമനവാദികളാൽ സൃഷ്ടിക്കപ്പെട്ട ചരാചരങ്ങളെ തത്തൽസംസ്ഥാഭേദേന നിലനിത്തി ഭഗവാൻ സംരക്ഷിച്ചുപോരുന്നതാണ് സ്ഥാനമെന്നതു്. ദ്വീപാദികളാൽ അതിരു തിരിഞ്ഞിട്ടുള്ള ഭൂലോകത്തിൽ രാജാക്കന്മാരും, ഊർദ്ധ്വലോകത്തിൽ ദേവാദികളും, അധോലോകത്തിൽ അസുരാദികളും ഭഗവദനുഗ്രഹത്താൽ മര്യാദാപാലനം നടത്തുന്നു.

ആദ്യം ഇരുപതു് അദ്ധ്യായങ്ങൾകൊണ്ടു് ഭൂലോകത്തിൻേറയും പിന്നെ മുമ്മൂന്നു കൊണ്ടു് ഊർദ്ധ്വാധോലോകങ്ങളുടേയും മര്യാദാസ്ഥിതി ഈ സ്കന്ധത്തിൽ പറയുന്നതാണ്.

"തത്ര തു പ്രഥമേऽദ്ധ്യായേ ജ്ഞാനിനോ രാജ്യനിർവൃതിഃ
പുനശ്ച ജ്ഞാനനിഷ്ഠേതി പ്രിയവ്രതകഥാദ്ഭുതാ"

ശ്രീനാരദനിൽനിന്നും ആത്മവിദ്യ ഗ്രഹിച്ച് ജ്ഞാനിയായിത്തീൎന്ന പ്രിയവ്രതൻ വീണ്ടും ഗൃഹസ്ഥവൃത്തിയിലേൎപ്പെട്ട് രാജ്യം ഭരിക്കുകയും, വീണ്ടും സൎവ്വസംഗപരിത്യാഗം ചെയ്ത് ഈശ്വരസായൂജ്യം നേടുകയുംചെയ്ത കഥ ഈ ഒന്നാമദ്ധ്യായത്തിൽ പറയുന്നു.

രാജോവാച = പരീക്ഷിത്ത്‌രാജാവ് പറഞ്ഞു___

1 പ്രിയവ്രതോ ഭാഗവത ആത്മാരാമഃ കഥം മുനേ
ഗൃഹേഽരമത യന്മൂലഃ കൎമ്മബന്ധഃ പരാഭവഃ

| | | | |
|---|---|---|---|
| മുനേ | ഹേ ബ്രഹ്മൎഷേ ! | കൎമ്മബന്ധഃ | കൎമ്മത്താലുള്ള ബന്ധവും |
| ഭാഗവതഃ | ഭഗവൽഭക്തനും | പരാഭവഃ | ആത്മസ്വരൂപതിരസ്കാരവും സംഭവിക്കുന്നതു്, |
| ആത്മാരാമഃ | ആത്മസ്വരൂപത്തിൽ രമിക്കുന്നവനുമായിരുന്ന | (താദൃശേ) | അങ്ങനെയുള്ള |
| പ്രിയവ്രതഃ | പ്രിയവ്രതൻ | ഗൃഹേ | ഗൃഹവൃത്തിയിൽ |
| യന്മൂലഃ | യാതൊന്നിനെ നിമിത്തീകരിച്ചു കൊണ്ടാണോ | കഥം | എങ്ങനെ |
| | | അരമത | ആസക്തനായി ? |

ഗൃഹാസക്തി ആത്മാരാമന്മാരായ ഭാഗവതന്മാൎക്ക് സംഭവിക്കാൻ തരമില്ലല്ലോ എന്ന അഭിപ്രായത്തിൽ തുടൎന്ന് ചോദിക്കുന്നു___

2 ന നൂനം മുക്തസംഗാനാം താദൃശാനാം ദ്വിജൎഷഭ
ഗൃഹേഷ്വഭിനിവേശോഽയം പുംസാം ഭവിതുമൎഹതി.

| | | | |
|---|---|---|---|
| ദ്വിജൎഷഭ | ഹേ ദ്വിജശ്രേഷ്ഠ ! | അയം | ഈ വിധം |
| മുക്തസംഗാനാം | വിഷയാസക്തി കൈവിട്ട | അഭിനിവേശഃ | ആസക്തി |
| താദൃശാനാം | അത്തരത്തിലുള്ള | നൂനം | തീൎച്ചയായും |
| പുംസാം | പുരുഷൎക്ക് | ഭവിതും | ഉണ്ടാകുവാൻ |
| ഗൃഹേഷു | ഗൃഹവൃത്തികളിൽ | ന അൎഹതി | ഇടയാകയില്ല. |

കുടുംബാദ്യഭിലാഷംകൊണ്ടേ ഗൃഹാസക്തിയുണ്ടാകയുള്ളു; ആയതു് അവരിൽ സംഗതമായതല്ലല്ലോ എന്ന അഭിപ്രായത്തിൽ പറയുന്നു___

3 മഹതാം ഖലു വിപ്രൎഷേ ഉത്തമശ്ലോകപാദയോഃ
ഛായാനിൎവൃതചിത്താനാം ന കുടുംബേ സ്പൃഹാമതിഃ .

| | | | |
|---|---|---|---|
| വിപ്രൎഷേ | ഹേ ബ്രഹ്മൎഷേ ! | മഹതാം | മഹാത്മാക്കൾക്ക് |
| ഉത്തമശ്ലോക- പാദയോഃ | ഭഗവൽതൃപ്പാദങ്ങളുടെ | കുടുംബേ | കുടുംബത്തിൽ |
| ഛായാനിൎവൃ- തചിത്താനാം | കുളിൎത്തണലേററു സുഖിക്കുന്ന ചിത്തത്തോടു കൂടിയവരായ | സ്പൃഹാമതിഃ | ആഗ്രഹബുദ്ധി |
| | | ന ഖലു | ഉണ്ടാകുന്നതല്ലല്ലോ. |

ഗൃഹദാരാദ്യാസക്തനായിഭവിച്ച ആൾക്കു് മുക്തിയും ദൃഢമായ മുകുന്ദഭക്തിയും ഉണ്ടായെന്നുപറഞ്ഞതിൽ വലിയ സംശയമുണ്ടെന്നു പറയുന്നു.

4 സംശയോƒയം മഹാൻ ബ്രഹ്മൻ ദാരാഗാരസുതാദിഷു
സക്തസ്യ യത്സിദ്ധിരഭൂത് കൃഷ്ണേച മതിരച്യുതാ

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മൻ ! | അച്യുതാ | അസ്ഖലിതമായ |
| ദാരാഗാര-സുതാദിഷു | ഭാര്യ, ഗൃഹം, മക്കൾ എന്നുതുടങ്ങിയ ലൗകികങ്ങളിൽ | മതിഃ | ശുദ്ധാബുദ്ധിയും |
| | | അഭൂത് | ഉണ്ടായി എന്നതു് |
| | | യത് | യാതൊന്നോ, |
| സക്തസ്യ | ആസക്തനായിരുന്നവനു് | അയം | ഇതു് |
| | | മഹാൻ | വലിയ |
| സിദ്ധിഃ | മോക്ഷസിദ്ധിയും | സംശയഃ | സന്ദേഹജനകമായിരിക്കുന്നു. |
| കൃഷ്ണേ | ശ്രീഭഗവാനിൽ | | |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

5 ബാഢമുക്തം ഭഗവത ഉത്തമശ്ലോകസ്യ ശ്രീമച്ചരണാരവിന്ദമകരന്ദരസ ആവേശിതചേതസോ ഭാഗവതപരമഹംസദയിതകഥാം കിഞ്ചിദന്തരായവിഹതാം സ്വാം ശിവതമാം പദവീം ന പ്രായേണ ഹിനന്തി.

| | | |
|---|---|---|
| ബാഢം ഉക്തം | = | ശരിയാണു് പറഞ്ഞതു്, (എങ്കിലും) |
| ഉത്തമശ്ലോകസ്യ ഭഗവതഃ | = | ഉദാരകീർത്തിമാനായ ഭഗവാന്റെ |
| ശ്രീമച്ചരണാരവിന്ദമകരന്ദരസേ | = | തൃപ്പാദകമലത്തിലെഴുന്ന പൂന്തേനാവുന്ന രസത്തിൽ |
| ആവേശിതചേതസഃ | = | നിവേശിതചിത്തരായി ഭവിച്ചവർ |
| ഭാഗവതപരമഹംസദയിതകഥാം | = | ഭഗവദ്ഭക്തന്മാരാവുന്ന രാജഹംസങ്ങൾക്കു് (ആത്മാരാമന്മാൎക്കു്) ഇഷ്ടനായ ശ്രീവാസുദേവന്റെ കഥയാവുന്ന |
| ശിവതമാം | = | അതിവിശുദ്ധമായ |
| സ്വാം പദവീം | = | സ്വമാൎഗ്ഗത്തെ |
| കിഞ്ചിദന്തരായവിഹതാം അപി | = | വല്ല വിഘ്നത്താലും വിഹനിക്കപ്പെട്ടിരുന്നാൽക്കൂടി |
| പ്രായേണ ന ഹിനന്തി | = | അധികപക്ഷവും കൈവിടുന്നതല്ല. |

എന്തെങ്കിലും വിഘ്നംകൊണ്ടു് അവർ നിവൃത്തിമാൎഗ്ഗത്തിൽനിന്നു് പ്രവൃത്തിമാൎഗ്ഗത്തിലേക്കു് വന്നാൽക്കൂടിയും പൂൎവ്വാഭ്യാസബലത്താൽ വീണ്ടും നിവൃത്തിയിലേക്കുതന്നെ എത്തുന്നതാണെന്നു് സാരം.

പ്രിയവ്രതനും സംഭവിച്ചതു് ഇതുതന്നെയാണു്. അദ്ദേഹത്തിനു് നിവൃത്തിമാൎഗ്ഗത്തിൽ വിഘാതമായിഭവിച്ചതു് ബ്രഹ്മാവിന്റെ ആജ്ഞയായിരുന്നുവെന്നു് താഴെ പറയുന്നു

6 യർഹി വാവ ഹ രാജൻ സ രാജപുത്രഃ പ്രിയവ്രതഃ പരമഭാഗവതോ
നാരദസ്യ ചരണോപസേവയാഞ്ജസാ ഽവഗതപരമാർത്ഥസതത്ത്വാ
ബ്രഹ്മസത്രേണ ദീക്ഷിഷ്യമാണോ ഽവനിതലപരിപാലനായാമ്നാത-
പ്രവരഗുണൈകാന്തഭാജനതയാ സ്വപിത്രോപാമന്ത്രിതോ ഭഗവതി
വാസുദേവ ഏവാവ്യവധാനസമാധിയോഗേന സമാവേശിതസകല-
കാരകക്രിയാകലാപോ നൈവാഭ്യനന്ദദ്യദ്യപി തദപ്രത്യാമ്നാതവ്യം
തദധികരണ ആത്മനോഽന്യസ്മാദസതോഽപി പരാഭവമന്വീക്ഷമാണഃ

7 അഥ ഹ ഭഗവാനാദിദേവ ഏതസ്യ ഗുണവിസർഗസ്യ പരിബൃംഹ-
ണാനുധ്യാനവ്യവസിതസകലജഗദഭിപ്രായ ആത്മയോനിരഖില-
നിഗമനിജഗണപരിവേഷ്ടിതഃ സ്വഭവനാദവതതാര.

| | | |
|---|---|---|
| രാജൻ പരമഭാഗവതഃ | = | രാജാവേ! ഉത്തമഭഗവത്ഭക്തനായിരുന്ന |
| സഃ രാജപുത്രഃ പ്രിയവ്രതഃ | = | ആ രാജപുത്രനായ പ്രിയവ്രതൻ |
| നാരദസ്യ ചരണോപസേവയാ | = | ശ്രീനാരദൻെറ പാദശുശ്രൂഷയാൽ |
| അഞ്ജസാ അവഗത-<br>പരമാർത്ഥസതത്ത്വഃ | } | അനായാസേന ബോധിപ്പിക്കപ്പെട്ട ആത്മയാഥാ<br>ർത്ഥ്യത്തോടുകൂടിയവനായിഭവിച്ചു്, |
| ബ്രഹ്മസത്രേണ ദീക്ഷിഷ്യമാണഃ | = | ആത്മധ്യാനത്തോടെ യാവജ്ജീവം നിഷ്ഠപൂണ്ടിരി<br>ക്കുവാൻ ഉദ്യുതനായിരിക്കെ, |
| ആമ്നാതപ്രവരഗുണഗണൈ-<br>കാന്തഭാജനതയാ | } | രാജാക്കന്മാൎക്കുവേണ്ടതായി ശാസ്ത്രങ്ങളിൽ പറയ<br>പ്പെട്ടിരിക്കുന്ന വിശിഷ്ടഗുണഗണങ്ങൾക്കെല്ലാം ശ<br>രിക്കും പാത്രീഭവിച്ചിരുന്ന ആളാകയാൽ |
| അവനിതലപരിപാലനായ | = | ഭൂതലസംരക്ഷണത്തിനായി |
| സ്വപിത്രാ ഉപാമന്ത്രിതഃ | = | സ്വപിതാവായ മനുവിനാൽ നിയുക്തനായിട്ടു്, |
| യദ്യപി തത്പ്രത്യാമ്നാതവ്യം | = | ആ പിതൃവാക്യം നിരസിക്കരുതാത്തതാ<br>ണെന്നിരിക്കിലും, |
| ഭഗവതി വാസുദേവേ ഏവ | = | ഭഗവാൻ ശ്രീവാസുദേവനിൽ മുമ്പുതന്നെ |
| അവ്യവധാനസമാധിയോഗേന | = | നിരന്തരമായ സമാധിയോഗത്താൽ<br>(ചിത്തൈകാഗ്രതയാൽ) |
| സമാവേശിതസകലകാരക-<br>ക്രിയാകലാപഃ | } | സമൎപ്പിതമായിക്കഴിഞ്ഞിരുന്ന സമസ്തേന്ദ്രിയവ്യാ<br>പാരങ്ങളോടുകൂടിയവനായ അദ്ദേഹം |
| തദധികരണേ, അസതഃ<br>അപി അന്യസ്മാത് | } | ആ രാജ്യാധികാരസ്വീകാരത്തിൽ, ആയതു് മിഥ്യാ<br>ഭൂതമെന്നിരിക്കിലും, ആത്മവ്യതിരിക്തമായതിൽ<br>നിന്നു് |
| ആത്മനഃ പരാഭവം അന്വീക്ഷ-<br>മാണഃ നൈവ അഭ്യനന്ദത് | } | തനിക്കു നേരിടാവുന്ന ആത്മീയപരാജയത്തെ ചി<br>ന്തിച്ചു് ഒട്ടുംതന്നെ ഇഷ്ടപ്പെട്ടില്ല, |
| യർഹി വാവ ഹ, അഥോഹ | = | എപ്പോഴാണോ ഈ വിഷമസന്ധി വന്നതു്,<br>അന്നേരത്തു് |
| ഏതസ്യ ഗുണവിസർഗസ്യ | = | ഈ ത്രിഗുണാത്മകപ്രപഞ്ചസൃഷ്ടിയുടെ |

| | | |
|---|---|---|
| പരിബൃംഹണാനുധ്യാനവ്യവ-<br>സിതസകലജഗദഭിപ്രായഃ | } | വളൎച്ചയെക്കുറിച്ചുള്ള നിരന്തരവിചാരത്താൽ നിൎണ്ണ<br>യിച്ചുവെക്കപ്പെട്ടിരിക്കുന്ന സകലലോകാഭിപ്രായ<br>ത്തോടുകൂടിയിരിക്കുന്ന |
| ആദിദേവഃ ഭഗവാൻ<br>ആത്മയോനിഃ | } | ആദിദേവനും സൎവ്വജ്ഞാനനിധിയുമായ ബ്രഹ്മാവു് |
| അഖിലനിഗമനിജ-<br>ഗണപരിവേഷ്ടിതഃ | } | സമസ്തവേദമൂൎത്തികളാലും മരീച്യാദികളായ<br>തന്റെ അനുചരവൃന്ദങ്ങളാലും പരിവൃതനായി |
| സ്വഭവനാത് അവതതാര | = | സ്വാവാസമായ സത്യലോകത്തിൽനിന്നും<br>ഇറങ്ങിവന്നു. |

8 സ തത്ര തത്ര ഗഗനതല ഉഡുപതിരിവ വിമാനാവലിഭിരനുപഥ-
മമരപരിവൃഢൈരഭിപൂജ്യമാനഃ പഥി പഥി വരൂഥശഃ സിദ്ധ-
ഗന്ധർവസാധ്യചാരണമുനിഗണൈരുപഗീയമാനോ ഗന്ധമാദന-
ദ്രോണീമവഭാസയന്നുപസസർപ.

| | | |
|---|---|---|
| സഃ ഗഗനതലേ ഉഡുപതിഃ ഇവ | = | തന്തിരുവടി ആകാശത്തിൽ നക്ഷത്രനാഥനായ ച<br>ന്ദ്രനെപ്പോലെ പരിലസിച്ചുകൊണ്ടും, |
| അനുപഥം അമരപരിവൃഢൈഃ<br>അഭിപൂജ്യമാനഃ | } | വഴിനീളെ ഇന്ദ്രാദിദേവഗണോത്തമന്മാരാൽ സംപൂ<br>ജ്യമാനനായും, |
| തത്ര തത്ര പഥി പഥി | = | അതാതിടത്തു്, ഓരോ മാൎഗ്ഗത്തിൽവെച്ചു് |
| വരൂഥശഃ സിദ്ധഗന്ധൎവ്വ-<br>സാധ്യചാരണമുനിഗണൈഃ<br>ഉപഗീയമാനഃ | } | സംഘംസംഘമായിചേൎന്നുള്ള സിദ്ധന്മാർ, ഗന്ധ<br>ൎവ്വന്മാർ, സാധ്യന്മാർ, ചാരണന്മാർ, മുനിമാർ എ<br>ന്നിവരുടെ ഗണങ്ങളാൽ വാഴ്ത്തപ്പെട്ടുകൊണ്ടു് |
| ഗന്ധമാദനദ്രോണീം<br>അവഭാസയൻ ഉപസസർപ | } | ഗന്ധമാദനഗിരിയുടെ ഗുഹാന്തരത്തെ പ്രശോഭി<br>പ്പിച്ചുകൊണ്ടു് വന്നുചേൎന്നു. |

9 തത്ര ഹ വാ ഏനം ദേവൎഷിൎഹംസയാനേന പിതരം ഭഗവന്തം
ഹിരണ്യഗൎഭമുപലഭമാനഃ സഹസൈവോത്ഥായാൎഹണേന സഹ
പിതാപുത്രാഭ്യാമവഹിതാഞ്ജലിരുപതസ്ഥേ.

| | | |
|---|---|---|
| തത്ര ഹ വൈ | = | അപ്പോൾ അവിടത്തിൽത്തന്നെയുണ്ടായിരുന്ന |
| ദേവൎഷിഃ | = | ദേവൎഷിയായ നാരദൻ |
| ഏനം ഭഗവന്തം | = | ആഗതനായിരിക്കുന്ന ഈ ദേവനെ |
| പിതരം ഹിരണ്യഗൎഭം | = | സ്വപിതാവായ ബ്രഹ്മാവാണെന്നു് |
| ഹംസയാനേന ഉപലഭമാനഃ | = | ഹംസവാഹനംകൊണ്ടു് അറിഞ്ഞു് |
| പിതാപുത്രാഭ്യാം സഹ | = | അച്ഛനോടും മകനോടും കൂടെ (സ്വായംഭുവമനു<br>വോടും തൽപുത്രനായ പ്രിയവ്രതനോടും കൂടെ) |
| അവഹിതാഞ്ജലിഃ<br>സഹസാ ഏവ ഉത്ഥായ | } | കൈകൂപ്പിത്തൊഴുതുകൊണ്ടു് ഉടനടി എഴുന്നേററു് |
| അൎഹണേന ഉപതസ്ഥേ | = | പൂജോപചാരാദ്യനുഷ്ഠാനത്തോടെ സ്തുതിച്ചു. |

ഗന്ധമാദനദ്രോണിയിൽവെച്ചു് പ്രിയവ്രതനു് അധ്യാത്മതത്വം ഉപദേശിപ്പാൻ വേണ്ടി നാരദമഹർഷിയും, പുത്രനെ രാജ്യത്തിലേക്കു് കൂട്ടിക്കൊണ്ടുപോകുവാൻവേണ്ടി മനുവും വന്നിരുന്ന സമയത്താണു് ബ്രഹ്മാവും അവിടെ എഴുന്നള്ളിയതെന്നു് ധരിച്ചു കൊള്ളണം.

10 ഭഗവാനപി ഭാരത തദുപനീതാർഹണഃ സൂക്തവാക്യേനാതിതരാമുദിത-
ഗുണഗണാവതാരസുജയഃ പ്രിയവ്രതമാദിപുരുഷസ്തം സദയഹാസാവ-
ലോക ഇതി ഹോവാച

| | |
|---|---|
| ഭാരത ഭഗവാൻ ആദിപുരുഷഃ അപി | ഭരതവംശോത്തമനായ പരീക്ഷിത്തേ ! ജ്ഞാനൈശ്വര്യാദിസമ്പന്നനായ ബ്രഹ്മദേവനാകട്ടെ |
| തദുപനീതാർഹണഃ | = ആ നാരദമുനിയാൽ സമർപ്പിക്കപ്പെട്ട പൂജോപചാരത്തോടുകൂടിയവനായി— |
| സൂക്തവാക്യേന അതിതരാം ഉദിതഗുണഗണാവതാരസുജയഃ | യഥോചിതമായ വചനത്താൽ അത്യധികം വർണ്ണിക്കപ്പെട്ട ഗുണഗണങ്ങളോടും അവതാരങ്ങളോടും സർവ്വോത്കൃഷ്ടങ്ങളോടും കൂടിയവനുമായിഭവിച്ചു് |
| സദയഹാസാവലോകഃ ഇതി തം പ്രിയവ്രതം ഉവാച ഹ | കരുണാർദ്രമായ പുഞ്ചിരിയോടെ നോക്കിക്കൊണ്ടു് ഇങ്ങനെ ആ പ്രിയവ്രതനോടായി പറഞ്ഞു. |

ബ്രഹ്മാവു് പ്രവൃത്തിനിവൃത്തിമാർഗ്ഗങ്ങളുടെ രഹസ്യം താഴെ 9 ശ്ലോകംകൊണ്ടു് പ്രിയവ്രതനെ ധരിപ്പിക്കുന്നു. തന്റെ വാക്കു് എപ്പോഴും പ്രവൃത്തിമാർഗ്ഗപ്രവണമാകയാൽ പ്രിയവ്രതൻ അതിനെ പ്രതികൂലോപദേശമായിട്ടെടുത്തേക്കുമെന്നു് ആശങ്കിച്ചു് ഇതു തന്റെ വാക്കല്ലെന്നും സർവ്വേശ്വരനായ ശ്രീഹരിയുടെ അഭിമതം താൻ അറിയിക്കുകയാണെന്നും ആദ്യമേ പറഞ്ഞുവെക്കുന്നു.

ശ്രീഭഗവാനുവാച = ബ്രഹ്മദേവൻ അരുളിച്ചെയ്തു.

11 നിബോധ താതേദമൃതം ബ്രവീമി
മാഽസൂയിതും ദേവമർഹസ്യപ്രമേയം
വയം ഭവസ്തേ തത ഏഷ മഹർഷിർ-
വഹാമ സർവേ വിവശാ യസ്യ ദിഷ്ടം.

| | | | |
|---|---|---|---|
| താത | വത്സ പ്രിയവ്രത ! | തേ തതഃ | നിന്റെ പിതാവായ മനുവും |
| ഇദം നിബോധ | ഇതു ശ്രദ്ധിച്ചു കേൾക്കുക | ഏഷഃ മഹർഷിഃ | ഗുരുവായ ഈ നാരദ മഹർഷിയും |
| ഋതം ബ്രവീമി | ഞാൻ സത്യം പറയുന്നു. | സർവേ | ഇങ്ങനെ എല്ലാവരും |
| അപ്രമേയം | അനിർവചനീയനായ | വിവശാഃ | അസ്വതന്ത്രരായി |
| ദേവം | സർവ്വേശ്വരനെ | യസ്യ | യാതൊരു തന്തിരുവടിയുടെ |
| അസൂയിതും മാ അർഹസി | ദോഷാരോപത്തോടെ നിരീക്ഷിക്കുവാൻ അരുതാത്തതാണു് | ദിഷ്ടം | ആദേശത്തെ |
| വയം ഭവഃ | ഞാനും ശ്രീരുദ്രനും | വഹാമ | ശിരസാ വഹിക്കുന്നു. |

ഈ അസ്വതന്ത്രത നാലു ശ്ലോകംകൊണ്ടു് വ്യക്തമാക്കുന്നു.

12 ന തസ്യ കശ്ചിത്തപസാ വിദ്യയാ വാ
ന യോഗവീര്യേണ മനീഷയാ വാ
നൈവാൎത്ഥധൎമ്മൈഃ പരതഃ സ്വതോ വാ
കൃതം നിഹന്തും തനുഭൃദ്വിഭൂയാത്.

| | | | |
|---|---|---|---|
| കശ്ചിത് തനുഭൃത് | ഒരു ശരീരിയും | യോഗവീര്യേണ | യോഗബലംകൊണ്ടോ, |
| | | മനീഷയാ വാ | ബുദ്ധിമഹത്വംകൊണ്ടോ, |
| തസ്യ | തന്തിരുവടിയുടെ | ന | ആകയില്ല; |
| കൃതം | നിൎമ്മാണത്തെ | അൎത്ഥധൎമ്മൈഃ | സമ്പത്തുകൊണ്ടോ, സദാചാരംകൊണ്ടോ, |
| തപസാ | തപസ്സുകൊണ്ടോ, | | |
| വിദ്യയാ വാ | വിദ്യകൊണ്ടോ. | പരതഃ | അന്യസഹായം കൊണ്ടോ |
| നിഹന്തും | മറിച്ചൊരുതരത്തിലാക്കുവാൻ | സ്വതഃ വാ | സ്വപാടവംകൊണ്ടോ |
| ന വിഭൂയാത് | ശക്തനാകയില്ല; | ന ഏവ | ഒട്ടുമേ ആകയില്ല. |

13 ഭവായ നാശായ ച കൎമ്മ കൎത്തും
ശോകായ മോഹായ സദാ ഭയായ
സുഖായ ദുഃഖായ ച ദേഹയോഗ-
മവ്യക്തദിഷ്ടം ജനതാംഗ ധത്തേ.

| | | | |
|---|---|---|---|
| അംഗ | വത്സ! | സദാ | എതുനേരത്തും |
| ജനതാ | ഈ ജീവലോകം | ഭയായ | ഭയന്നിരിക്കുവാനും |
| ഭവായ | ജനിക്കുവാനും, | സുഖായ | സുഖിക്കുവാനും |
| നാശായ | മരിക്കുവാനും | ദുഃഖായ ച | ദുഃഖിക്കുവാനും വേണ്ടി |
| കൎമ്മ കൎത്തും | പ്രവൎത്തിക്കുവാനും, | അവ്യക്തദിഷ്ടം | ഈശ്വരദത്തമായ |
| ശോകായ | വ്യാകുലപ്പെടുവാനും, | ദേഹയോഗം | ശരീരബന്ധത്തെ |
| മോഹായ | മോഹിക്കുവാനും | ധത്തേ | ധരിക്കുന്നു. |

14 യദ്വാചി തന്ത്യാം ഗുണകൎമ്മദാമഭിഃ
സുദുസ്തരൈർവത്സ വയം സുയോജിതാഃ
സൎവ്വേ വഹാമോ ബലിമീശ്വരായ
പ്രോതാ നസീവ ദ്വിപദേ ചതുഷ്പദഃ.

| | | | |
|---|---|---|---|
| വത്സ | വത്സപ്രിയവ്രത! | തന്ത്യാം | കയററിൽ |
| സൎവ്വേ വയം | നാമേവരും | സുദുസ്തരൈഃ | കുതറിച്ചാടുവാൻ തരമില്ലാത്ത |
| യദ്വാചി | യാതൊരാളുടെ തിരുവായ്മൊഴിയാവുന്ന | ഗുണകൎമ്മ ദാമഭിഃ | ഗുണകൎമ്മങ്ങളാവുന്ന ചരടുകൾകൊണ്ടു് |

| | |
|---|---|
| സുയോജിതാഃ | ഇണക്കിക്കെട്ടിയിട്ടു്, |
| നസി പ്രോതാഃ | മൂക്കിൽ കയറിട്ട |
| ചതുഷ്പദഃ | നാല്ക്കാലികൾ |
| ദ്വിപദേ ഇവ | മനുഷ്യനെന്നപോലെ |
| ഈശ്വരായ | സർവ്വേശ്വരന്നായി |
| ബലിം | സ്വകർമ്മാർപ്പണമാവുന്ന ഭാരത്തെ |
| വഹാമഃ | ചുമന്നുകൊണ്ടിരിക്കുന്നു. |

15 ഈശാഽഭിസൃഷ്ടം ഹ്യവരുന്ധ്മഹേഽങ്ഗ
ദുഃഖം സുഖം വാ ഗുണകർമ്മസംഗാത്
ആസ്ഥായ തത്തദ്യദയുങ്ക്ത നാഥ-
ശ്ചക്ഷുഷ്മതാഽന്ധാ ഇവനീയമാനാഃ

| | |
|---|---|
| അങ്ഗ | വത്സ പ്രിയവ്രത ! |
| നാഥഃ | സർവ്വേശ്വരൻ |
| ഗുണകർമ്മ-സംഗാത് | ഗുണകർമ്മങ്ങളുടെ വാസനാപ്രസക്തി നിമിത്തം |
| യത് യത് | ഏതേതു് ശരീരത്തിലേക്കു് |
| അയുങ്ക്ത | ഏർപ്പെടുത്തിവെച്ചുവോ, |
| തത് തത് | അതാതു് ശരീരത്തെ |
| ആസ്ഥായ | സ്വീകരിച്ചു്, |
| ചക്ഷുഷ്മതാ | കണ്ണിനുകാഴ്ചയുള്ളവനാൽ |
| നീയമാനാഃ | നയിക്കപ്പെടുന്ന |
| അന്ധാഃ ഇവ | കണ്ണുപൊട്ടന്മാരെന്നപോലെ വർത്തിച്ചുകൊണ്ടു്, |
| ഈശാ | ഈശ്വരനാൽ |
| അഭിസൃഷ്ടം ഹി | പ്രദത്തമായതുമാത്രം |
| ദുഃഖം | ദുഃഖമായാലും |
| സുഖം വാ | സുഖമായാലും |
| അവരുന്ധ്മഹേ | നാം ഏറ്റെടുക്കുന്നു. |

'ദൈവാധീനം ജഗത് സർവ്വം' എന്ന തത്ത്വമാണു് ഈ നാലു് ശ്ലോകം കൊണ്ടു് കാണിച്ചതു്. ജീവലോകം ഉടലെടുക്കുന്നതും മരിക്കുന്നതും അതിനിടയിൽ ഓരോന്നു് പ്രവർത്തിക്കുന്നതും അതിന്റെ ഫലം അനുഭവിക്കുന്നതും മററും ഈശ്വരന്റെ വരുതിയിൽ നിന്നുകൊണ്ടാണു്. കാഴ്ചയുള്ളവൻ കാഴ്ചയില്ലാത്തവരെ കൈപിടിച്ചുകൊണ്ടുപോകും പോലെ സർവ്വേശ്വരൻ ജീവലോകത്തെ എങ്ങോട്ടെക്കൊ നയിച്ചുകൊണ്ടിരിക്കുന്നു.

ശരി, ആയിരിക്കാം. പക്ഷേ, ഈ ദേഹാദിബന്ധം അവിദ്വാന്മാക്കുള്ളതാണു്; ആത്മജ്ഞാനികൾക്കുള്ളതല്ല എന്നാണെങ്കിൽ അതിനു് പറയുന്നു—

16 മുക്തോഽപി താവദ്ബിഭൃയാത് സ്വദേഹ-
മാരബ്ധമശ്നന്നഭിമാനശൂന്യഃ.
യഥാഽനുഭൂതം പ്രതിയാതനിദ്രഃ
കിന്ത്വന്യദേഹായ ഗുണാൻ ന വൃങ്ക്തേ.

| | |
|---|---|
| മുക്തഃ അപി | മുക്തനായവൻപോലും |
| (യാവത് ആരബ്ധം) | എത്രകാലത്തോളം പ്രാരബ്ധകർമ്മം നിലനില്ക്കുന്നുവോ, |
| താവത് | അത്രയും കാലത്തോളം, |
| യഥാ | ഏതൊരുപ്രകാരം |
| പ്രതിയാതനിദ്രഃ | ഉറക്കംവിട്ടുണർന്നവൻ |

| | | | |
|---|---|---|---|
| അനുഭൂതം | ഉറക്കത്തിലുണ്ടായ സ്വപ്നാനുഭവത്തെ | സ്വദേഹം | തൻശരീരത്തെ |
| (അനുസ്മരതി) | അനുസ്മരിക്കുന്നുവോ, | ബിഭൃയാത് | ധരിച്ചുകൊണ്ടുതന്നെ ഇരിക്കും. |
| (തഥാ) | അപ്രകാരം | കിം തു | എന്നാൽ (അവൻ) |
| അഭിമാനശൂന്യഃ | കർത്തൃത്വഭോക്തൃത്വാദ്യഭിമാനമില്ലാതെ | അന്യദേഹായ | വീണ്ടും മറ്റൊരുശരീരം ആരംഭിക്കുന്നതിന്ന് |
| ആരബ്ധം | പ്രാരബ്ധകർമ്മഫലത്തെ | ഗുണാൻ | കർമ്മവാസനകളെ |
| അശ്നൻ | അനുഭവിച്ചുകൊണ്ട് | ന വൃങ്ക്തേ | ഏല്ക്കുന്നതല്ല. |

ഗൃഹത്തിൽ ഇരുന്ന് ഭോഗങ്ങളനുഭവിക്കുന്നവന്ന് അഭിമാനശൂന്യതയും മുക്തിയും ഉണ്ടാവുന്നതെങ്ങനെ ? അതുകൊണ്ട് ഗൃഹത്യാഗം ചെയ്ത് വനവാസം സ്വീകരിക്കുകയല്ലേ വേണ്ടത് ? എന്നാശങ്കിക്കുന്നുവെങ്കിൽ അതിനെ നിരാകരിക്കുന്നു.

17 ഭയം പ്രമത്തസ്യ വനേഷ്വപി സ്യാ-
ദ്യതഃ സ ആസ്തേ സഹഷട്സപത്നഃ
ജിതേന്ദ്രിയസ്യാത്മരതേർബുധസ്യ
ഗൃഹാശ്രമഃ കിം നു കരോത്യവദ്യം.

| | | | |
|---|---|---|---|
| പ്രമത്തസ്യ | ജിതേന്ദ്രിയത്വമില്ലാത്ത ലോലചിത്തന് | ആസ്തേ | അവിടെ ഇരിക്കുന്നു. |
| വനേഷു അപി | തപോവനങ്ങളിലായാലും | ജിതേന്ദ്രിയസ്യ | ഇന്ദ്രിയനിഗ്രഹംചെയ്തവനും |
| ഭയം | സംസൃതിഭയം | ആത്മരതേഃ | ആത്മാവിൽ ആനന്ദം കൊള്ളുന്നവനുമായ |
| സ്യാത് | സംഭവിക്കതന്നെചെയ്യും | ബുധസ്യ | വിവേകിക്ക് |
| യതഃ | കാരണമെന്തെന്നാൽ | ഗൃഹാശ്രമഃ | ഗൃഹസ്ഥാശ്രമവൃത്തി |
| സഃ | അവൻ | അവദ്യം | ദോഷത്തെ |
| സഹഷട്സപത്നഃ | മനസ്സും പഞ്ചേന്ദ്രിയങ്ങളും ആവുന്ന ആറു ശത്രുക്കളോടുകൂടിയവനായിട്ട് | കിം നു കരോതി | ചെയ്യുന്നതെങ്ങനെ ? |

ഗൃഹവാസത്തിലാണല്ലോ രാഗദ്വേഷാദികൾ സംഭവിക്കാനിടയുള്ളത്, വനവാസത്തിൽ അങ്ങിനെ വരില്ല എന്നാണ് അഭിപ്രായമെങ്കിൽ അതിനെയും നിരാകരിക്കുന്നു—

18 യഃ ഷട്സപത്നാൻ വിജിഗീഷമാണോ
ഗൃഹേഷു നിർവിശ്യ യതേത പൂർവം
അത്യേതി ദുർഗാശ്രിത ഊർജിതാരീൻ
ക്ഷീണേഷു കാമം വിചരേദ്വിപശ്ചിത്.

| | | | |
|---|---|---|---|
| യഃ | യാതൊരാൾ | പൂർവം | ആദ്യം |
| ഷട്സപത്നാൻ | ഷഡിന്ദ്രിയശത്രുക്കളെ | ഗൃഹേഷു | ഗൃഹസ്ഥവൃത്തിയിൽ |
| വിജിഗീഷമാണഃ | വിജയിക്കുവാൻ ആഗ്രഹിക്കുന്നുവോ, ആയാൾ | നിർവിശ്യ | പുക്കിരുന്ന് |

| | |
|---|---|
| യതേത | (സാവകാശത്തിൽ) യത്നംചെയ്യണം |
| ക്ഷീണേഷു | (ശത്രുക്കൾ) ദുർബലരായിക്കഴിഞ്ഞാൽ |
| വിപശ്ചിത് | വിവേകിയായിട്ടുള്ളവൻ |
| കാമം | ഗൃഹത്തിലോ, വനത്തിലോ ഇഷ്ടംപോലെ |
| വിചരേത് | വിചരിച്ചുകൊള്ളട്ടെ. |
| ദുർഗാശ്രിതഃ | കോട്ടയ്ക്കുള്ളിലിരിക്കുന്നവൻ |
| ഊർജിതാരീൻ | പ്രബലശത്രുക്കളെ |
| അത്യേതി | ജയിക്കുന്നു. |

മുക്തിയെ ആഗ്രഹിക്കുന്ന സാധകൻ ആദ്യം ഗൃഹത്തിലിരുന്നു് ഭോഗങ്ങൾ അനുഭവിച്ചുകൊണ്ടുതന്നെ ഇന്ദ്രിയങ്ങളെ ജയിക്കാൻ പരിശ്രമിക്കണം. ആത്മശത്രുക്കളായ ഇന്ദ്രിയങ്ങളോടു് സുരക്ഷിതമായി പൊരുതി അവയെ ജയിക്കുവാനുള്ള ഒരു കോട്ടയായിട്ടാണു് ഗൃഹസ്ഥവൃത്തിയെ കാണേണ്ടതു് എന്നാശയം.

ഈ ഗാർഹസ്ഥ്യക്കോട്ട സാധാരണന്മാരെ സംബന്ധിച്ചതാണു്; പ്രിയവ്രതനാകട്ടെ ഭഗവത്പാദകമലമാകുന്ന കോട്ടയെത്തന്നെ സ്വായത്തമാക്കിയിരിക്കേ, ഇന്ദ്രിയശത്രുജയം അദ്ദേഹത്തിനു് സുസാധമാണെന്നു് പ്രത്യേകം എടുത്തുപറയുന്നു—

19 ത്വം ത്വബ്ജനാഭാങ്ഘ്രിസരോജകോശ-
ദുർഗാശ്രിതോ നിർജ്ജിതഷട്സപത്നഃ
ഭുങ്ക്ഷ്വേഹ ഭോഗാൻ പുരുഷാതിദിഷ്ടാൻ
വിമുക്തസംഗഃ പ്രകൃതിം ഭജസ്വ.

| | |
|---|---|
| ത്വം തു | നീയാകട്ടെ |
| അബ്ജനാഭാ-ങ്ഘ്രിസരോജ-കോശ-ദുർഗാശ്രിതഃ | ശ്രീപദ്മനാഭന്റെ പാദപദ്മമുകുളമാകുന്ന കോട്ടയെ ആശ്രയിച്ചവനും |
| നിർജിത-ഷട്സപത്നഃ | നിശ്ശേഷം ജയിക്കപ്പെട്ട ഷഡിന്ദ്രിയശത്രുക്കളോടുകൂടിയവനുമാകുന്നു. |
| പുരുഷാ-തിദിഷ്ടാൻ | സർവ്വേശ്വരൻ കനിഞ്ഞരുളിയ |
| ഭോഗാൻ | ഭോഗങ്ങളെ |
| ഇഹ | ഈ ഗൃഹസ്ഥവൃത്തിയിൽവെച്ചു് |
| ഭുങ്ക്ഷ്വ | അനുഭവിക്കുക. |
| പശ്ചാത് | പിന്നീടു്, |
| വിമുക്തസംഗഃ | സർവ്വസംഗപരിത്യാഗിയായിട്ടു് |
| പ്രകൃതിം | സ്വസ്വരൂപത്തെ (ആത്മനിഷ്ഠയെ) |
| ഭജസ്വ | പ്രാപിച്ചാലും. |

പ്രവൃത്തിയും നിവൃത്തിയും ഈശ്വരോപദിഷ്ടങ്ങളായ മാർഗ്ഗങ്ങളാണു്. അതിനാൽ രണ്ടിനേയും നിഷേധിച്ചുകൂടാ. നിയന്ത്രിതചിത്തനായി ഈശ്വരശ്രദ്ധയോടെ ആദ്യം പ്രവൃത്തിമാർഗ്ഗത്തിൽ സഞ്ചരിക്കുന്നപക്ഷം അതു നിവൃത്തിയിലേക്കും തദ്വാരാ മുക്തിയിലേക്കും എത്തിക്കുന്നതാണു്. പ്രിയവ്രതൻ പിതൃനിയോഗം അനുസരിച്ചു് രാജ്യാധികാരം സ്വീകരിക്കുന്നതിൽ ആത്മപരാഭവം ആശങ്കിക്കേണ്ടതില്ല എന്നാണു് ബ്രഹ്മാവിന്റെ ഉപദേശത്തിലെ സാരം.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു —

20 ഇതി സമഭിഹിതോ മഹാഭാഗവതോ ഭഗവതസ്ത്രിഭുവനഗുരോരനു-
ശാസനമാത്മനോ ലഘുതയാഽവനതശിരോധരോ ബാഢമിതി സ-
ബഹുമാനമുവാഹ.

| | | |
|---|---|---|
| ഇതി സമഭിഹിതഃ മഹാഭാഗവതഃ | = | ഇപ്രകാരം നിർദേശിക്കപ്പെട്ട പരമഭാഗവതനായ പ്രിയവ്രതൻ |
| ത്രിഭുവനഗുരോഃ ഭഗവതഃ അനുശാസനം | } | ത്രിലോകാചാര്യനായ ബ്രഹ്മദേവൻെറ അനുശാസനത്തെ |
| ആത്മനഃ ലഘുതയാ | = | തന്തിരുവടിയെ അപേക്ഷിച്ചു് തനിക്കുള്ള നിസ്സാരതാബോധത്താൽ |
| അവനതശിരോധരഃ | = | ആനമ്രശിരസ്കനായിഭവിച്ചു്, |
| ബാഢം ഇതി സബഹുമാനം ഉവാഹ | } | "അപ്രകാരമാവാം" എന്നുപറഞ്ഞു് സാദരം ശിരസാവഹിച്ചു. |

21 ഭഗവാനപി മനുനാ യഥാവദുപകല്പിതാപചിതിഃ പ്രിയവ്രതനാരദ-
യോരവിഷമമഭിസമീക്ഷമാണയോരാത്മസമവസ്ഥാനമവാങ്മനസം
ക്ഷയമവ്യവഹൃതം പ്രവർത്തയന്നഗമത്.

| | | |
|---|---|---|
| ഭഗവാൻ അപി മനുനാ യഥാവത് ഉപകല്പിതാപചിതിഃ | } | ബ്രഹ്മാവും മനുവിനാൽ വിധിയാംവണ്ണം ആരാധിതനായിട്ടു് |
| പ്രിയവ്രതനാരദയോഃ അവിഷമം അഭിവീക്ഷമാണയോഃ സതോഃ | } | പ്രിയവ്രതനും നാരദനും വിഷമഭാവം കാണിക്കാതെ നോക്കിനില്ക്കവേ, |
| ആത്മസമവസ്ഥാനം അവാങ്മനസം ക്ഷയം | { | ആത്മാവിൻെറ സ്വരൂപാവസ്ഥിതിയുള്ളതും വാക്കിനും മനസ്സിനും വിഷയീഭവിക്കാത്തതുമായ തൻെറ ആവാസത്തിലേക്കു് |
| അവ്യവഹൃതം പ്രവർത്തയൻ അഗമത് | } | വ്യവഹാരാതീതമായ നിർഗ്ഗുണബ്രഹ്മതത്ത്വത്തെ ധ്യാനിച്ചുകൊണ്ടു് നിർഗമിച്ചു. |

22 മനുരപി പരേണൈവം പ്രതിസന്ധിതമനോരഥഃ സുരർഷിവരാനു-
മതേനാത്മജമഖിലധരാമണ്ഡലസ്ഥിതിഗുപ്തയ ആസ്ഥാപ്യ സ്വയ-
മതിവിഷമവിഷയവിഷജലാശയാശായാ ഉപരരാമ.

| | | |
|---|---|---|
| മനുഃ അപി ഏവം പരേണ പ്രതിസന്ധിതമനോരഥഃ | } | സ്വായംഭുവമനുവാകട്ടെ ഇപ്രകാരം ബ്രഹ്മദേവനാൽ സാധിപ്പിച്ചുകൊടുക്കപ്പെട്ട അഭിലാഷത്തോടുകൂടിയവനായി ഭവിച്ചു് |
| സുരർഷിവരാനുമതേന | = | ശ്രീനാരദൻെറ അനുവാദത്തോടുകൂടി |
| അഖിലധരാമണ്ഡലസ്ഥിതി-ഗുപ്തയേ | } | ഭൂമണ്ഡലത്തിൻെറ മുഴുവനും യോഗക്ഷേമസംരക്ഷണാർത്ഥം |
| ആത്മജം ആസ്ഥാപ്യ | = | സ്വപുത്രനായ പ്രിയവ്രതനെ നിയമിച്ചു് |
| അതിവിഷമവിഷയവിഷജലാ-ശയാശായാഃ സ്വയം ഉപരരാമ | } | ദുസ്തരമായ വിഷയവിഷജലാശയത്തിൻെറ ഭാഗത്തുനിന്നു് (ഗാർഹികഭോഗേച്ഛയിൽനിന്നു്) സ്വയം ഒഴിഞ്ഞുമാറി. |

ആത്മാരാമനായിരുന്ന പ്രിയവ്രതൻ ഗൃഹത്തിൽ രമിച്ചതെങ്ങനെ എന്നുള്ള ചോദ്യത്തിൻെറ ഉത്തരം ഈ വിധം ഉപസംഹരിക്കുന്നു—

23 ഇതി ഹ വാവ സ ജഗതീപതിരീശ്വരേച്ഛയാഽധിനിവേശിതകർമ്മാധികാരോഽഖിലജഗദ്ബന്ധധ്വംസനപരാനുഭാവസ്യ ഭഗവത ആദിപുരുഷസ്യാങ്ഘ്രിയുഗളാനവരതധ്യാനാനുഭാവേന പരിരന്ധിതകഷായാശയോഽവദാതോഽപി മാനവർദ്ധനോ മഹതാം മഹീതലമനുശശാസ.

| | | |
|---|---|---|
| ഇതി ഹ വാവ സഃ ജഗതീപതിഃ | = | ഇങ്ങനെതന്നെവരികകൊണ്ടു് ആ മഹാരാജാവു് |
| ഈശ്വരേച്ഛയാ അധിനിവേശിതകർമ്മാധികാരഃ | } | ഈശ്വരേച്ഛയാൽ വരുത്തിവെക്കപ്പെട്ട കർമ്മാധികാരത്തോടുകൂടിയവനായി, |
| അഖിലജഗദ്ബന്ധധ്വംസനപരാനുഭാവസ്യ ഭഗവതഃ ആദിപുരുഷസ്യ | { | സമസ്തലോകവാസികളുടെയും മായാബന്ധവിച്ഛേദം വരുത്തുന്ന അമിതവൈഭവത്തോടുകൂടിയ ഭഗവാൻ ആദിപുരുഷൻെറ |
| അങ്ഘ്രിയുഗളാനവരതധ്യാനാനുഭാവേന | } | തൃച്ചേവടികളെ നിരന്തരം ധ്യാനിച്ചിരുന്നതുകൊണ്ടുള്ള പ്രഭാവത്താൽ |
| പരിരന്ധിതകഷായാശയഃ അവദാതഃ അപി | } | വെന്തെരിഞ്ഞുപോയ മനോമാലിന്യത്തോടുകൂടിയവനും ശുദ്ധാന്തഃകരണനുമായിരുന്നിരിക്കിലും, |
| മഹതാം മാനവർദ്ധനഃ | = | ബ്രഹ്മാദിമഹാത്മാക്കൾക്കു് (അവരുടെ ആജ്ഞാപാലനം വഴിക്കു്) അഭിമാനം വളർത്തിക്കൊണ്ടു് |
| മഹീതലം അനുശശാസ | = | ഭൂമണ്ഡലത്തെ ആകെയും അടക്കിഭരിച്ചു. |

24 അഥ ച ദുഹിതരം പ്രജാപതേർവിശ്വകർമ്മണ ഉപയേമേ ബർഹിഷ്മതീം നാമ തസ്യാമു ഹ വാവ ആത്മജാനാത്മസമാനശീലഗുണകർമ്മരൂപവീര്യൗദാര്യാൻ ദശ ഭാവയാംബഭൂവ കന്യാം ച യവീയസീമൂർജസ്വതീം നാമ.

25 ആഗ്നീധ്രേധ്മജിഹ്വയജ്ഞബാഹുമഹാവീരഹിരണ്യരേതോഘൃതപൃഷ്ഠസവനമേധാതിഥിവീതിഹോത്രകവയഃ ഇതി സർവ ഏവാഗ്നിനാമാനഃ.

| | | |
|---|---|---|
| അഥ ച വിശ്വകർമ്മണഃ പ്രജാപതേഃ ദുഹിതരം ബർഹിഷ്മതീം നാമ ഉപയേമേ. ഉ ഹ വാവ | } | അനന്തരം അദ്ദേഹം വിശ്വകർമ്മാവെന്ന പ്രജാപതിയുടെ പുത്രിയായ ബർഹിഷ്മതിയെന്നവളെ വിവാഹംചെയ്തു. അദ്ഭുതം! ദൈവഹിതംതന്നെയല്ലോ |
| തസ്യാം ആത്മസമാനശീലഗുണകർമ്മരൂപവീര്യശൗര്യൗദാര്യോദാരാൻ ദശ ആത്മജാൻ | } | അവളിൽ തന്നെപ്പോലെയുള്ള സ്വഭാവം, ഗുണകർമ്മങ്ങൾ, സൗന്ദര്യം, വീരത, ശൂരത, ഉദാരത, എന്നിവയാൽ മഹത്വംചേർന്ന പത്തു പുത്രന്മാരേയും |
| യവീയസീം ഊർജസ്വതീം നാമ കന്യാം ച ഭാവയാംബഭൂവ | } | ഇവരുടെ അനുജത്തിയായിട്ടു് ഊർജസ്വതി എന്നു പേരുള്ള പുത്രിയേയും ഉളവാക്കി.

| | |
|---|---|
| ആഗ്നീധ്ര .......... കവയഃ ഇതി സര്വ്വേ ഏവ അഗ്നിനാമാനഃ | ആഗ്നീധ്രൻ, ഇധ്മജിഹ്വൻ, യജ്ഞബാഹു, മഹാവീരൻ, ഹിരണ്യരേതസ്സ്, ഘൃതപൃഷ്ഠൻ, സവനൻ, മേധാതിഥി, വീതിഹോത്രൻ, കവി എന്നീ പേരുള്ള പുത്രന്മാർ എല്ലാവരുംതന്നെ അഗ്നിയുടെ പര്യായശബ്ദമുള്ളവരാകുന്നു. |

26 ഏതേഷാം കവിർമഹാവീരഃ സവന ഇതി ത്രയ ആസന്നൂർദ്ധ്വരേതസസ്ത ആത്മവിദ്യായാമർഭാവാദാരഭ്യ കൃതപരിചയാഃ പാരമഹംസ്യമേവാശ്രമമഭജൻ.

| | | |
|---|---|---|
| ഏതേഷാം കവിഃ മഹാവീരഃ സവനഃ ഇതി ത്രയഃ | | ഇവരുടെ കൂട്ടത്തിൽ കവി, മഹാവീരൻ, സവനൻ എന്നീ മൂന്നുപേർ |
| ഊർദ്ധ്വരേതസഃ ആസൻ | = | ഊർദ്ധ്വരേതസ്സുകളും (നൈഷ്ഠികബ്രഹ്മചാരികളും) ആയിരുന്നു. |
| തേ അർഭാവാത് ആരഭ്യ | = | അവർ നന്നേ ചെറുപ്പംമുതല്ക്കു് |
| ആത്മവിദ്യായാം കൃതപരിചയാഃ | = | അദ്ധ്യാത്മവിദ്യയിൽ ഇടപഴകിക്കൊണ്ടു് |
| പാരമഹംസ്യം ആശ്രമം ഏവ അഭജൻ | | പരമഹംസാശ്രമത്തെത്തന്നെ സ്വീകരിച്ചു. |

27 തസ്മിന്നു ഹ വാ ഉപശമശീലാഃ പരമർഷയഃ സകലജീവനികായാവാസസ്യ ഭഗവതോ വാസുദേവസ്യ ഭീതാനാം ശരണഭൂതസ്യ ശ്രീമച്ചരണാരവിന്ദാവിരതസ്മരണാവിഗളിതപരമഭക്തിയോഗാനുഭാവേന പരിഭാവിതാന്തർഹൃദയാധിഗതേ ഭഗവതി സര്വേഷാം ഭൂതാനാമാത്മഭൂതേ പ്രത്യഗാത്മന്യേവാത്മനസ്താദാത്മ്യമവിശേഷേണ സമീയുഃ.

| | | |
|---|---|---|
| തസ്മിൻ ഉ ഹ വൈ | = | പാരമഹംസ്യമെന്ന ആ ഉത്തമസന്യാസാശ്രമത്തിൽത്തന്നെ വര്ത്തിച്ചു് |
| ഉപശമശീലാഃ പരമർഷയഃ | = | സ്വേന്ദ്രിയനിഗ്രഹപരായണരായ ഋഷീശ്വരന്മാരായി ഭവിച്ച ആ മൂന്നുപേർ |
| സകലജീവനികായാവാസസ്യ | = | സമസ്തജീവജാലങ്ങൾക്കും ആവാസഭൂതനായി |
| ഭീതാനാം ശരണഭൂതസ്യ | = | സംസൃതിഭയംകൊണ്ടിരിക്കുന്നവക്കു് ആശ്രയഭൂതനുമായിരിക്കുന്ന |
| ഭഗവതഃ വാസുദേവസ്യ | = | ഭഗവാൻ ശ്രീവാസുദേവൻെറ |
| ശ്രീമച്ചരണാരവിന്ദാവിരതസ്മരണാവിഗളിതപരമഭക്തിയോഗാനുഭാവേന | | തൃപ്പാദാരവിന്ദങ്ങളെ ഇടതടവില്ലാതെ ധ്യാനിക്കുകയാൽ വിട്ടുപിരിയാതെ നില്ക്കുന്ന ഭക്തിയോഗത്തിൻെറ മഹിമയാൽ |
| പരിഭാവിതാന്തർഹൃദയാധിഗതേ സര്വേഷാം ഭൂതാനാം ആത്മഭൂതേ പ്രത്യഗാത്മനി ഭഗവതി ഏവ | | അതിപാവനമാക്കപ്പെട്ട ഹൃദയാന്തർഭാഗത്തിൽ എഴുന്നരുളുന്നവനും സമസ്തചരാചരങ്ങളുടെ ആത്മാവും സര്വാന്തര്യാമിയുമായ ഭഗവാനിൽ ത്തന്നെ |

| | |
|---|---|
| **അവിശേഷേണ ആത്മനഃ താദാത്മ്യം സമീയുഃ** | ഉപാധിരാഹിത്യത്തോടെ ആത്മതാദാത്മ്യം പ്രാപിച്ചു. (മുക്തി പ്രാപിച്ചു.) |

28 അന്യസ്യാമപി ജായായാം ത്രയഃ പുത്രാ ആസന്നുത്തമസ്താമസോ
രൈവത ഇതി മന്വന്തരാധിപതയഃ

| | | |
|---|---|---|
| **അന്യസ്യാം ജായായാം അപി** | = | (പ്രിയവ്രതന്നു്) തന്റെ മറെറാരു ഭാര്യയിലും |
| **ഉത്തമഃ താമസഃ രൈവതഃ ഇതി** | = | ഉത്തമൻ, താമസൻ, രൈവതൻ എന്നിങ്ങനെ |
| **ത്രയഃ പുത്രാഃ ആസൻ** | = | മൂന്നു് പുത്രന്മാരുണ്ടായി |
| **(തേ) മന്വന്തരാധിപതയഃ** | = | അവർ ഓരോ മന്വന്തരത്തിന്റെ അധിപതികളുമായി. |

29 ഏവമുപശമായനേഷു സ്വതനയേഷ്വഥ ജഗതീപതിർജഗതീമർബുദാ-
ന്യേകാദശ പരിവത്സരാണാമവ്യാഹതാഖിലപുരുഷകാരസാരസംഭൃത-
ദോർദണ്ഡയുഗളാപീഡിതമൗർവീഗുണസ്തനിതവിരമിതധർമ്മപ്രതിപ-
ക്ഷോ ബർഹിഷ്മത്യാശ്ചാനുദിനമേധമാനപ്രമോദപ്രസരണയൗഷിണ്യ-
വ്രീഡാപ്രമുഷിതഹാസാവലോകരുചിരക്ഷ്വേല്യാദിഭിഃ പരാഭൂയമാന-
വിവേക ഇവാനവബുധ്യമാന ഇവ മഹാമനാ ബുഭുജേ.

| | | |
|---|---|---|
| **ഏവം സ്വതനയേഷു ഉപശമായനേഷു സത്സു** | } | മുമ്പുപറഞ്ഞവിധം, തന്റെ പുത്രന്മാർ (മൂന്നുപേർ) നിവൃത്തിമാർഗത്തെ അവലംബിച്ചുകൊണ്ടിരിക്കേ, |
| **അഥ മഹാമനാഃ ജഗതീപതിഃ** | = | അനന്തരം മഹാത്മാവും സമസ്തഭൂവലയാധിപതിയുമായ പ്രിയവ്രതൻ |
| **അവ്യാഹതാഖിലപുരുഷകാര-സാരസംഭൃതദോർദണ്ഡയുഗളാ-പീഡിതമൗർവീഗുണസ്തനിത-വിരമിതധർമ്മപ്രതിപക്ഷഃ** | } | തടവിയലാത്ത സകല മാനുഷികപ്രഭാവങ്ങളും ഉളവാക്കുന്ന ശക്തിതികഞ്ഞിരിക്കുന്ന ഇരുകൈത്തണ്ടകളാലും ആഞ്ഞുവലിക്കപ്പെട്ട ഞാണിന്റെ ടങ്കാരശബ്ദത്താൽത്തന്നെ (യുദ്ധംകൂടാതെ) ഒഴിച്ചുമാററിനിർത്തപ്പെട്ട ധർമ്മശത്രുക്കളോടുകൂടിയവനായും, |
| **അനുദിനം ബർഹിഷ്മത്യാഃ** | = | ദിനംതോറും ബർഹിഷ്മതിയുടെ (സ്വപത്നിയുടെ) |
| **ഏധമാനപ്രമോദപ്രസരണയൗ-ഷിണ്യവ്രീഡാപ്രമുഷിതഹാസാ-വലോകരുചിരക്ഷ്വേല്യാദിഭിഃ** | } | വർദ്ധമാനമായ സന്തോഷവും അഭ്യുത്ഥാനാദ്യുപചാരലീലയും, സ്ത്രീസഹജമായ ശൃംഗാരാനുഭാവപ്രകടനവും ലജ്ജാസങ്കുചിതങ്ങളായ മന്ദാക്ഷവീക്ഷണങ്ങളും, തമാശവാക്കുകളും മററും കൊണ്ടു് |
| **പരാഭൂയമാനവിവേകഃ ഇവ** | = | അപജയപ്പെട്ട വിവേകത്തോടുകൂടിയവനെന്നപോലെയും |
| **അനവബുധ്യമാനഃ ഇവ** | = | ആത്മാവബോധം ഇല്ലാത്തവനെന്നപോലെയും ഭേവിച്ചുകൊണ്ടു് |
| **പരിവത്സരാണാം ഏകാദശ അർബുദാനി ജഗതീം ബുഭുജേ** | } | പതിനൊന്നു് അർബുദം* സംവത്സരകാലം നാടുവാണു. |

* 10 കോടി = 1 അർബുദം

പ്രിയവ്രതന്റെ ധർമ്മപാലനം, ഭോഗാതിശയം എന്നിവയെ പറഞ്ഞശേഷം ഇനി അദ്ദേഹത്തിന്റെ മഹാപ്രഭാവത്തെ പറഞ്ഞുതുടങ്ങുന്നു.

30 യാവദവഭാസയതി സുരഗിരിമനുപരിക്രമൻ ഭഗവാനാദിത്യോ വസു-
ധാതലമർദ്ധേനൈവ പ്രതപത്യർദ്ധേനാവച്ഛാദയതി തദാഹി ഭഗവ-
ദുപാസനോപചിതാതിപുരുഷപ്രഭാവസ്തദനഭിനന്ദൻ സമജവേന
രഥേന ജ്യോതിർമ്മയേന രജനീമപി ദിനം കരിഷ്യാമീതി സപ്ത-
കൃത്വസ്തരണിമനുപര്യക്രാമദ് ദ്വിതീയ ഇവ പതംഗഃ.

| | | |
|---|---|---|
| സുരഗിരിം അനുപരിക്രമൻ | = | മേരുപർവ്വതത്തെ വലംവെച്ചുകൊണ്ടിരിക്കുന്ന |
| ഭഗവാൻ ആദിത്യഃ | = | ഭഗവാനായ ആദിത്യൻ |
| യാവത് വസുധാതലം അവഭാസയതി | } | ഭൂതലത്തെ ആകമാനം പ്രകാശിപ്പിക്കേണ്ടുന്നിടത്തു് |
| അർദ്ധേന ഏവ പ്രതപതി | = | പകുതിഭാഗം കൊണ്ടുമാത്രം പ്രകാശിപ്പിക്കുന്നു; |
| അർദ്ധേന അവച്ഛാദയതി | = | പകുതിഭാഗംകൊണ്ടു് ഇരുട്ടിനാൽ മൂടുന്നു. |
| തദാ ഹി തത് അനഭിനന്ദൻ | = | ആ സ്ഥിതിയിൽ അതിനെ അഭിനന്ദിക്കാതെ |
| ഭഗവദുപാസനോപചിതാതി- പുരുഷപ്രഭാവഃ (സഃ) | } | ഭഗവാന്റെ ഉപാസനമൂലം വളർന്നിരിക്കുന്ന മനുഷ്യാതീതപ്രഭാവത്തോടുകൂടിയിരുന്ന അദ്ദേഹം |
| രജനീം അപി ദിനം കരിഷ്യാമി ഇതി | } | രാത്രിയെക്കൂടെ പകലാക്കി മാററിയേക്കാം എന്ന ഉദ്ദേശത്തോടെ |
| സമജവേന ജ്യോതിർമ്മയേന രഥേന, | } | സൗരരഥത്തോടു് തുല്യവേഗമുള്ളതും പ്രകാശമയവുമായ രഥത്തിലേറി, |
| തരണിം അനു | = | സാക്ഷാൽ സൂര്യനെ അനുസരിച്ചു്, |
| ദ്വിതീയഃ പതംഗഃ ഇവ | = | രണ്ടാമതൊരു സൂര്യനെപ്പോലെ |
| സപ്തകൃത്വഃ പര്യക്രാമത് | = | ഏഴുവട്ടം (മേരുവിനെ) വലംവെച്ചു. |

31 യേ വാ ഉ ഹ തദ്രഥചരണനേമികൃതപരിഖാസ്തേ സപ്ത സിന്ധവ
ആസൻ, യത ഏവ കൃതാഃ സപ്ത ഭുവോ ദ്വീപാഃ.

32 ജംബൂപ്ലക്ഷശാല്മലികുശക്രൗഞ്ചശാകപുഷ്കരസംജ്ഞാഃ തേഷാം പരി-
മാണം പൂർവ്വസ്മാത് പൂർവ്വസ്മാദുത്തര ഉത്തരോ യഥാസംഖ്യം ദ്വിഗുണ-
മാനേന ബഹിഃ സമന്തത ഉപക്ലൃപ്താഃ.

| | | |
|---|---|---|
| ഉ ഹ യേ വൈ തദ്രഥ- ചരണനേമികൃതപരിഖാഃ തേ | } | ഹാ! അദ്ഭുതമേ! അദ്ദേഹത്തിന്റെ രഥചക്രധാരകൾ തട്ടിക്കുഴിഞ്ഞുണ്ടായ യാവചില കിടങ്ങുകളുണ്ടോ, അവ |
| സപ്ത സിന്ധവഃ ആസൻ | = | ഏഴുസമുദ്രങ്ങളായി ഭവിച്ചു. |
| യതഃ ഏവ ഭുവഃ സപ്ത ദ്വീപാഃ കൃതാഃ | } | യാതൊരു ഈ സമുദ്രങ്ങളാൽത്തന്നെയാണു് ഭൂമിക്കു് ഏഴു് ദ്വീപുകൾ ഉണ്ടാക്കപ്പെട്ടതു്. |
| ജംബൂപ്ലക്ഷശാല്മലീകുശക്രൗഞ്ച- ശാകപുഷ്കരസംജ്ഞാഃ | } | ജംബു, പ്ലക്ഷം, ശാല്മലി, കുശം, ക്രൗഞ്ചം, ശാകം, പുഷ്കരം എന്നിങ്ങനെ പേരുകളുള്ളവ. |

തേഷാം പരിമാണം (ശൃണു) = അവയുടെ അളവിനെപ്പററി കേട്ടുകൊള്ളുക.
പൂൎവ്വസ്മാത് പൂൎവ്വസ്മാത് = ആദ്യമാദ്യം ഉള്ളതിനെ അപേക്ഷിച്ച്
ഉത്തരഃ ഉത്തരഃ = പിന്നെപ്പിന്നെയുള്ളത്
യഥാസംഖ്യം ദ്വിഗുണമാനേന = യഥാക്രമം ഇരട്ടി ഇരട്ടിയായിട്ട്
ബഹിഃ സമന്തതഃ ഉപക്ലൃപ്താഃ = സമുദ്രത്തിൻെറ അപ്പുറത്ത് ചുററുമായി കല്പിക്കപ്പെട്ടിരിക്കുന്നു.

ഒരു സമുദ്രത്തെ വലയംചെയ്തുകൊണ്ട് ഒരു ദ്വീപും ആ ദ്വീപിനെ വലയംചെയ്തുകൊണ്ട് മററൊരു സമുദ്രവും ഇങ്ങനെയാണ് സപ്തദ്വീപങ്ങളുടേയും സപ്തസമുദ്രങ്ങളുടേയും അവസ്ഥിതി. ഇനി ഈ സമുദ്രങ്ങളുടെ സ്വഭാവത്തെപ്പററി പറയുന്നു.

33 ക്ഷാരോദേക്ഷുരസോദസുരോദഘൃതോദക്ഷീരോദദധിമണ്ഡോദശുദ്ധോ-
ദാഃ സപ്തജലധയഃ സപ്തദ്വീപപരിഖാ ഇവാഭ്യന്തരദ്വീപസമാനാ
ഏകൈകശ്യേന യഥാനുപൂൎവ്വം സപ്തസ്വപി ബഹിൎദ്വീപേഷു പൃഥക്
പരിത ഉപകല്പിതാഃ തേഷു ജംബ്വാദിഷു ബൎഹിഷ്മതീപതിരനുവ്രതാ-
നാത്മജാനാഗ്നീധ്രേധ്മജിഹ്വയജ്ഞബാഹുഹിരണ്യരേതോഘൃതപൃ-
ഷ്ഠമേധാതിഥിവീതിഹോത്രസംജ്ഞാൻ യഥാസംഖ്യേനൈകൈകസ്മി-
ന്നേകമേവാധിപതിം വിദധേ.

ക്ഷാരോദേക്ഷുരസോദസുരോദ-ഘൃതോദക്ഷീരോദദധിമണ്ഡോദ-ശുദ്ധോദാഃ സപ്തജലധയഃ = ഉപ്പുവെള്ളം, കരിമ്പിൻനീർ, മദ്യജലം, നെയ്യ്, പാൽ, തയിർ, ശുദ്ധജലം എന്നിവയായുള്ള ഏഴു സമുദ്രങ്ങൾ
സപ്തദ്വീപപരിഖാഃ ഇവ = ഏഴ് ദ്വീപുകളുടെയും കിടങ്ങുകൾ എന്നപോലെ
ആഭ്യന്തരദ്വീപസമാനാഃ = അവയുടെ ഉള്ളിലടങ്ങിയ ദ്വീപുകൾക്കൊത്ത വലിപ്പത്തോടുകൂടിയവയായി,
യഥാനുപൂൎവ്വം ഏകൈകശ്യേന = യഥാക്രമം ഓരോന്നോരോന്നായി
സപ്തസു ദ്വീപേഷു അപി ബഹിഃ = ഏഴ് ദ്വീപുകളിലും അവയുടെ പുറമെയായിട്ട്
പരിതഃ പൃഥക് ഉപകല്പിതാഃ = ചുററോടുചുററും വിട്ടുവിട്ടു കല്പിക്കപ്പെട്ടവയായിരിക്കുന്നു.
ബൎഹിഷ്മതീപതിഃ തേഷു ജംബ്വാദിഷു (ദ്വീപേഷു) = ബൎഹിഷ്മതീവരനായ പ്രിയവ്രതൻ ആ ജംബ്വാദി ദ്വീപുകളിൽ
അനുവ്രതാൻ ആത്മജാൻ = അനുസരണസ്വഭാവമുള്ള പുത്രന്മാരായ
ആഗ്നീധ്രേധ്മജിഹ്വയജ്ഞ-ബാഹുഹിരണ്യരേതോഘൃതപൃഷ്ഠ-മേധാതിഥിവീതിഹോത്ര-സംജ്ഞാൻ = ആഗ്നീധ്രൻ, ഇധ്മജിഹ്വൻ, യജ്ഞബാഹു, ഹിരണ്യരേതസ്സ്, ഘൃതപൃഷ്ഠൻ, മേധാതിഥി, വീതിഹോത്രൻ എന്നീ പേരുള്ളവരെ
യഥാസംഖ്യേന ഏകൈകസ്മിൻ ഏകം ഏവ അധിപതിം വിദധേ = ക്രമത്തിൽ ഓരോന്നിലും ഓരോരുത്തനെ മാത്രം അധിപതിയായി നിയമിച്ചു.

34 ദുഹിതരം ചോൎജ്ജസ്വതീം നാമോശനസേ പ്രായച്ഛദ്യസ്യാമാസീ-
ദ്ദേവയാനീ നാമ കാവ്യസുതാ.

| | |
|---|---|
| ദുഹിതരം ഊർജസ്വതീം നാമ ഉശനസേ പ്രായച്ഛത് ച | പുത്രിയായ ഊർജസ്വതി എന്നവളെ ശുക്രമഹർഷിക്കു് വിവാഹം ചെയ്തുകൊടുക്കുകയും ചെയ്തു. |
| യസ്യാം ദേവയാനീ നാമ കാവ്യസുതാ ആസീത് | യാതൊരു ഈ ഊർജസ്വതിയിൽ ദേവയാനി എന്നു് പേരായ ശുക്രപുത്രി സംജാതയായി. |

35 നൈവംവിധഃ പുരുഷകാര ഉരുക്രമസ്യ
പുംസാം തദങ്ഘ്രിരജസാ ജിതഷഡ്ഗുണാനാം
ചിത്രം വിദൂരവിഗതഃ സകൃദാദദീത
യന്നാമധേയമധുനാ സ ജഹാതി ബന്ധം.

| | | | |
|---|---|---|---|
| തദങ്ഘ്രിരജസാ | തന്തിരുവടിയുടെ തൃപ്പാദപാംസുവിനാൽ | വിദൂരവിഗതഃ | അകലെ മാറിനില്ക്കുന്ന ചണ്ഡാളൻപോലും |
| ജിതഷഡ്ഗുണാനാം | മനസ്സുൾപ്പെടെ ആറിന്ദ്രിയങ്ങളേയും ജയിച്ചവരായ | യന്നാമധേയം | യാതൊരു ശ്രീഹരിയുടെ തിരുനാമത്തെ |
| ഉരുക്രമസ്യ | ശ്രീഹരിയുടെ | സകൃത് | ഒരിക്കലെങ്കിലും |
| പുംസാം | ആളുകൾക്കു് | ആദദീത | ഉച്ചരിച്ചാൽ |
| ഏവംവിധഃ | ഈ വിധത്തിലുള്ള | സഃ അധുനാ | അവൻ തൽക്ഷണം |
| പുരുഷകാരഃ | വ്യക്തിപ്രഭാവം | ബന്ധം | സംസൃതിബന്ധത്തെ |
| ന ചിത്രം | അസംഭാവിതമല്ല. | ജഹാതി | ഉപേക്ഷിക്കുന്നതാണു്. |

പ്രിയവ്രതന്റെ വീരകൃത്യങ്ങളെ പറഞ്ഞവസാനിപ്പിച്ചു്, അദ്ദേഹത്തിന്റെ സംസാരനിവൃത്തിയെ ഇനി കാണിക്കുന്നു.

36 സ ഏവമപരിമിതബലപരാക്രമ ഏകദാ തു ദേവർഷിചരണാനുശയനാനുപതിതഗുണവിസർഗസംസർഗേണാനിർവൃതമിവാത്മാനം മന്യമാന ആത്മനിർവേദ ഇദമാഹ.

| | | |
|---|---|---|
| ഏവം അപരിമിതബലപരാക്രമഃ | = | ഇങ്ങനെ അമിതബലവിക്രമങ്ങളെഴുന്ന |
| സഃ ഏകദാ തു | = | അദ്ദേഹം ഒരിക്കൽ |
| ദേവർഷിചരണാനുശയനാനുപതിതഗുണവിസർഗസംസർഗേണ | | ശ്രീനാരദന്റെ പാദസേവാനുഷ്ഠാനത്തിനുശേഷം വന്നുകപ്പെട്ട രാജ്യസ്വീകാരാദി ഗുണസമ്പർക്കത്താൽ |
| ആത്മാനം അനിർവൃതം ഇവ | = | ആത്മാവിനെ ആനന്ദശൂന്യമെന്നപോലെ |
| മന്യമാനഃ | = | വിചാരിച്ചുകൊണ്ടു് |
| ആത്മനിർവേദഃ ഇദം ആഹ | = | ഉള്ളിൽ വെറുപ്പുതോന്നി ഇങ്ങനെ സ്വയം പറഞ്ഞു |

37 അഹോ അസാധ്വനുഷ്ഠിതം യദഭിനിവേശിതോ ഽഹമിന്ദ്രിയൈരവിദ്യാരചിതവിഷമവിഷയാന്ധകൂപേ തദലമലമമുഷ്യാ വനിതായാ വിനോദമൃഗം മാം ധിഗ്ധിഗിതി ഗർഹയാഞ്ചകാര.

| | | |
|---|---|---|
| അഹോ അസാധു അനുഷ്ഠിതം | = | "കഷ്ടമേ! കൊള്ളരുതായ്മ കാണിക്കപ്പെട്ടുവല്ലോ |
| യത്, അഹം ഇന്ദ്രിയൈഃ | = | എന്തെന്നാൽ, ഞാൻ ഇന്ദ്രിയങ്ങളാൽ |

| | | |
|---|---|---|
| അവിദ്യാരചിതവിഷമ-വിഷയാന്ധകൂപേ | } | മായാരചിതമായ ദുർഘടവിഷയങ്ങളാവുന്ന പൊട്ടക്കിണററിൽ |
| അഭിനിവേശിതഃ (അസ്മി) | = | വീഴ്ത്തപ്പെട്ടവനായിരിക്കുന്നു. |
| തത്, അലം അലം | = | ആകയാൽ, ഇതെല്ലാം മതി മതി |
| അമുഷ്യാഃ വനിതായാഃ | = | ഈ സ്ത്രീയുടെ (മായാമോഹിനിയുടെ) |
| വിനോദമൃഗം മാം | = | കളിക്കുരങ്ങായിത്തീർന്നിരിക്കുന്ന എന്നെ |
| ധിക് ധിക് ഇതി ഗർഹയാഞ്ചകാര | = | "ധിക്കരിക്കണം ധിക്കരിക്കണം" എന്നിങ്ങനെ തന്നെത്താൻ പഴിച്ചു. |

38 പരദേവതാപ്രസാദാദധിഗതാത്മപ്രത്യവമർശേനാനുപ്രവൃത്തേഭ്യഃ പുത്രേഭ്യഃ ഇമാം യഥാദായം വിഭജ്യ ഭുക്തഭോഗാം ച മഹിഷീം മൃതകമിവ സഹമഹാവിഭൂതിമപഹായ സ്വയം നിഹിതനിർവേദോ ഹൃദി ഗൃഹീതഹരിവിഹാരാനുഭാവോ ഭഗവതോ നാരദസ്യ പദവീം പുനരേവാനുസസാര.

| | | |
|---|---|---|
| പരദേവതാപ്രസാദാത് | = | തന്റെ ഉപാസനാമൂർത്തിയായ ശ്രീഹരിയുടെ പ്രസാദത്താൽ |
| അധിഗതാത്മപ്രത്യവമർശേന | = | സിദ്ധിച്ച ആത്മാവബോധത്താൽ |
| ഹൃദി സ്വയം നിഹിതനിർവേദഃ | = | മനസ്സിൽ തനിയെ ഉറച്ച വിഷയവൈരാഗ്യത്തോടുകൂടിയവനും |
| ഗൃഹീതഹരിവിഹാരാനുഭാവഃ | = | ഹരിലീലാനുധ്യാനത്താൽ കൈവന്ന വിഷയത്യാഗസാമർത്ഥ്യത്തോടുകൂടിയവനുമായിഭവിച്ച് |
| അനുപ്രവൃത്തേഭ്യഃ പുത്രേഭ്യഃ | = | അനുവർത്തനശീലരായ പുത്രന്മാർക്കായിക്കൊണ്ട് |
| ഇമാം യഥാദായം വിഭജ്യ | = | ഈ ഭൂമിയെ ദായക്രമാനുസാരം പങ്കിട്ടുകൊടുത്ത്, |
| ഭുക്തഭോഗാം മഹിഷീം ച | = | തന്നാൽ സുഖമനുഭവിക്കപ്പെട്ടുകഴിഞ്ഞ ഭാര്യയേയും |
| സഹമഹാവിഭൂതിം | = | അതോടൊപ്പം മഹത്തായ രാജൈശ്വര്യത്തേയും |
| മൃതകം ഇവ അപഹായ | = | ശവംപോലെ പരിത്യജിച്ച് |
| ഭഗവതഃ നാരദസ്യ പദവീം | = | സർവ്വജ്ഞാനനിധിയായ ശ്രീനാരദന്റെ മാർഗ്ഗത്തെ |
| പുനഃ ഏവ അനുസസാര | = | വീണ്ടും അനുസരിച്ചു (നിവൃത്തിമാർഗത്തെത്തന്നെ രണ്ടാമതും സ്വീകരിച്ചു). |

തസ്യ ഹ വാ ഏതേ ശ്ലോകാഃ :

ആ പ്രിയവ്രതന്റെ മഹിമാതിശയത്തെ കാണിക്കുന്ന പൂർവ്വസിദ്ധങ്ങളായ ശ്ലോകങ്ങളാണ് ഇവ.

39 പ്രിയവ്രതകൃതം കർമ്മ കോ നു കുര്യാദ്വിനേശ്വരം
യോ നേമിനിമ്നൈരകരോച്ഛായാം ഘ്നൻ സപ്തവാരിധീൻ.

| | | | |
|---|---|---|---|
| യഃ | യാതൊരാൾ | അകരോത് | ഉണ്ടാക്കിയോ, |
| ഛായാം ഘ്നൻ | ഇരുട്ടകററിക്കൊണ്ടു് | പ്രിയവ്രതകൃതം കർമ്മ | ആ പ്രിയവ്രതനാൽ ചെയ്യപ്പെട്ട പ്രവൃത്തിയെ |
| നേമിനിമ്നൈഃ | തന്റെ തേർചക്രധാരകൾവഴിക്കുണ്ടായ ആഴ്ന്ന സ്ഥലങ്ങളാൽ | ഈശ്വരം വിനാ | ഈശ്വരനല്ലാതെ |
| സപ്തവാരിധീൻ | ഏഴു കടലുകളെ | കഃ നു കുര്യാത് | മററാരാണു് ചെയ്യാൻ ശക്തനാവുന്നതു് ? |

40 ഭൂസംസ്ഥാനം കൃതം യേന സരിദ്ഗിരിവനാദിഭിഃ
സീമാ ച ഭൂതനിർവൃത്യൈ ദ്വീപേ ദ്വീപേ വിഭാഗശഃ

| | | | |
|---|---|---|---|
| യേന | യാതൊരു ഈ പ്രിയവ്രതനാൽ | സരിദ്ഗിരിവനാദിഭിഃ | പുഴകൾ, മലകൾ, കാട്ടുകൾ മുതലായവയാൽ |
| ഭൂസംസ്ഥാനം | ഭൂമിയിൽ വ്യത്യസ്ത വാസസ്ഥലം | ഭൂതനിർവൃത്യൈ | ഭൂതലവാസികളുടെ ജീവിതസൗകര്യത്തിനായി |
| | | വിഭാഗശഃ | വേറെ വേറെ |
| കൃതം | ഉണ്ടാക്കപ്പെട്ടു. | സീമാ ച | അതിർത്തിയും |
| ദ്വീപേ ദ്വീപേ | ഓരോ ദ്വീപിലും | (കൃതാ) | കല്പിക്കപ്പെട്ടു. |

41 ഭൗമം ദിവ്യം മാനുഷം ച മഹിത്വം കർമ്മയോഗജം
യശ്ചക്രേ നിരയൗപമ്യം പുരുഷാനുജനപ്രിയഃ

| | | | |
|---|---|---|---|
| പുരുഷാനുജനപ്രിയഃ | ഭഗവൽഭക്തന്മാരാവുന്ന ഇഷ്ടജനങ്ങളോടുകൂടിയ | മാനുഷം ച | മനുഷ്യലോകത്തിലുള്ളതുമായിട്ടു് ഉണ്ടാവുന്ന |
| യഃ | യാതൊരു ഈ പ്രിയവ്രതൻ | കർമ്മയോഗജം | കർമ്മയോഗസംജാതമായ |
| ഭൗമം | ഭൂമിയുടെ അധോലോകത്തിലുള്ളതും, | മഹിത്വം | സർവ്വഭോഗത്തേയും |
| ദിവ്യം | ഊർദ്ധ്വലോകത്തിലുള്ളതും, | നിരയൗപമ്യം | നരകതുല്യമായിട്ടു് |
| | | ചക്രേ | കരുതി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ പ്രിയവ്രതവിജയേ
പ്രഥമോऽദ്ധ്യായഃ

അഞ്ചാമത്തെ സ്കന്ധത്തിൽ ഒന്നാമദ്ധ്യായം കഴിഞ്ഞു.

# ദ്വിതീയോഽധ്യായഃ – അധ്യായം രണ്ടു്.

## ആഗ്നീധ്രചരിതം

ദ്വിതീയേ പ്രോക്തമാഗ്നീധ്രചരിത്രം സ്ത്രൈണസമ്മതം
പത്ന്യാം ഹി പൂർവ്വചിത്ത്യാം യോ നാഭിമുഖ്യാനജീജനത്

പ്രിയവ്രതപുത്രനായ ആഗ്നീധ്രന്റെ സ്ത്രീലമ്പടത്വപ്രവണമായ ചരിത്രവും അദ്ദേഹത്തിനു് പൂർവ്വചിത്തിയെന്ന ഭാര്യയിൽ നാഭിമുതലായുള്ളവർ ജനിച്ചതും ഈ അധ്യായത്തിൽ പറയുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1 ഏവം പിതരി സംപ്രവൃത്തേ തദനുശാസനേ വർത്തമാന ആഗ്നീധ്രോ ജംബൂദ്വീപൌകസഃ പ്രജാ ഔരസവദ്ധർമ്മാവേക്ഷമാണഃ പര്യഗോപയത്

| | | |
|---|---|---|
| ഏവം പിതരി സംപ്രവൃത്തേ | = | ഇപ്രകാരം തന്റെ പിതാവു് നിവൃത്തിമാർഗത്തിലേർപ്പെട്ടുകഴിഞ്ഞപ്പോഴം, |
| തദനുശാസനേ വർത്തമാനഃ | = | അദ്ദേഹത്തിന്റെ നിർദ്ദേശത്തിൽ വർത്തിച്ചിരുന്ന |
| ആഗ്നീധ്രഃ | = | ആഗ്നീധ്രൻ എന്ന രാജാവു് |
| ജംബൂദ്വീപൌകസഃ പ്രജാഃ | = | ജംബൂദ്വീപവാസികളായ പ്രജകളെ |
| ഔരസവത് | = | സ്വന്തം മക്കളെയെന്നപോലെ |
| ധർമ്മാവേക്ഷമാണഃ പര്യഗോപയത് | | ധർമ്മത്തിൽ ദൃഷ്ടിപതിപ്പിച്ചുകൊണ്ടു് പരിരക്ഷിച്ചു. |

2 സ ച കദാചിത് പിതൃലോകകാമഃ സുരവരവനിതാക്രീഡാചലദ്രോണ്യാം ഭഗവന്തം വിശ്വസൃജാം പതിമാഭൃതപരിചര്യോപകരണ ആത്മൈകാഗ്ര്യേണ തപസ്വ്യാരാധയാംബഭൂവ.

| | | |
|---|---|---|
| കദാചിത് സഃ ച | = | അങ്ങനെയിരിക്കെ ഒരിക്കൽ, അദ്ദേഹമാകട്ടെ |
| പിതൃലോകകാമഃ | = | (സന്തതിയുണ്ടായി, തദ്വാരാ) പിതൃക്കളുടെ പുണ്യലോകം പ്രാപിക്കുവാൻ അഭിലഷിച്ചുകൊണ്ടു് |
| സുരവരവനിതാ-ക്രീഡാചലദ്രോണ്യാം | } | ദേവസുന്ദരിമാരുടെ ക്രീഡാസ്ഥാനമായ മന്ദരപർവ്വതത്തിന്റെ താഴ്‌വരയിൽ |
| ഭഗവന്തം വിശ്വസൃജാം പതിം | = | ഭഗവാനായ ബ്രഹ്മദേവനെ |
| ആഭൃതപരിചര്യോപകരണഃ | = | ആരാധിക്കുവാനുള്ള സാധനസാമഗ്രികളെല്ലാം ഒരുക്കിവെച്ചുകൊണ്ടും |
| ആത്മൈകാഗ്ര്യേണ | = | ഏകാഗ്രചിത്തവൃത്തിയോടെ |
| തപസ്വീ ആരാധയാംബഭൂവ | = | തപസ്സുചെയ്തുകൊണ്ടും ആരാധിച്ചു. |

3 തദുപലഭ്യ ഭഗവാനാദിപുരുഷഃ സദസി ഗായന്തീം പൂർവ്വചിത്തിം നാമാപ്സരസമഭിയാപയാമാസ

| | | |
|---|---|---|
| **തത് ഉപലഭ്യ** | = | അതറിവായിട്ടു് |
| **ഭഗവാൻ ആദിപുരുഷഃ** | = | **ഭഗവാൻ ബ്രഹ്മദേവൻ** |
| **സദസി ഗായന്തീം** | = | തന്റെ ആസ്ഥാനസഭയിൽ ഗാനംചെയ്യുന്നവളായ |
| **പൂർവ്വചിത്തിം നാമ അപ്സരസം** | = | പൂർവ്വചിത്തിയെന്ന അപ്സരസ്ത്രീയെ |
| **അഭിയാപയാമാസ** | = | (ആഗ്നീധ്രന്റെ അടുക്കലേക്കു്) പറഞ്ഞയച്ചു. |

4 സാ ച തദാശ്രമോപവനമതിരമണീയം വിവിധനിബിഡവിടപിവിടപനികടസംശ്ലിഷ്ടപുരടലതാരൂഢസ്ഥലവിഹംഗമമിഥുനൈഃ പ്രോച്യമാനശ്രുതിഭിഃ പ്രതിബോധ്യമാനസലിലകുക്കുടകാരണ്ഡവകലഹംസാദിഭിർവിചിത്രമുപകൂജിതാമലജലാശയകമലാകരമുപബഭ്രാമ.

| | | |
|---|---|---|
| സാ ച, വിവിധനിബിഡവിടപിവിടപനികടസംശ്ലിഷ്ടപുരടലതാരൂഢസ്ഥലവിഹംഗമമിഥുനൈഃ | } | അവളാകട്ടെ, ഇടതിങ്ങിനില്ക്കുന്ന നാനാതരം വൃക്ഷങ്ങളുടെ ശാഖകൾക്കരികിൽ കെട്ടിപ്പിണഞ്ഞുകയറിയ സ്വർണ്ണലതകളിൽ കേറിയിരിക്കുന്ന സ്ഥലവാസികളായ ഇണപ്പറവകളാൽ |
| **പ്രോച്യമാനശ്രുതിഭിഃ** | = | ഉച്ചത്തിൽപ്പുറപ്പെടുവിക്കുന്ന സ്വരവിശേഷങ്ങളാൽ |
| **പ്രതിബോധ്യമാനസലിലകുക്കുടകാരണ്ഡവഹംസാദിഭിഃ** | } | ഉണർത്തപ്പെട്ടിരിക്കുന്ന നീർക്കോഴികൾ, കാരണ്ഡവങ്ങൾ, അരയന്നങ്ങൾ മുതലായ ജലപക്ഷികളാൽ |
| വിചിത്രം ഉപകൂജിതാമലജലാശയകമലാകരം | } | മനോഹരമാകുമാറു് കൂജനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന നിർമ്മലജലത്തോടുകൂടിയ തടാകങ്ങളിൽ താമരത്താരുകളുള്ളതും |
| **അതിരമണീയം തദാശ്രമോപവനം ഉപബഭ്രാമ** | } | അത്യന്തം രമണീയവുമായ അദ്ദേഹത്തിന്റെ ആശ്രമപരിസരത്തിൽ ചുററിനടന്നു. |

5 തസ്യാഃ സുലലിതഗമനപദവിന്യാസഗതിവിലാസായാശ്ചാനുപദം ഖണഖണായമാനരുചിരചരണാഭരണസ്വനമുപാകർണ്യ നരദേവകുമാരഃ സമാധിയോഗേനാമീലിതനയനനളിനമുകുളമീഷദ്വികചയ്യ വ്യചഷ്ട.

| | | |
|---|---|---|
| സുലലിതഗമനപദവിന്യാസഗതിവിലാസായാഃ തസ്യാഃ ച | } | കുണുങ്ങിനടക്കുമ്പോഴുള്ള അടിവെപ്പുകൾകൊണ്ടു് നടത്തത്തിൽ മനോഹാരിതയാർന്ന അവളുടെ |
| അനുപദം ഖണഖണായമാനരുചിരചരണാഭരണസ്വനം ഉപാകർണ്യ | } | ഓരോ പദന്യാസത്തിലും കിലുകിലുക്കം കൊള്ളുന്ന അഴകേറിയ കാൽചിലങ്കകളുടെ നാദം കേട്ടിട്ടു്, |
| നരദേവകുമാരഃ | = | രാജകുമാരനായ **ആഗ്നീധ്രൻ** |
| സമാധിയോഗേന | = | സമാധിനിഷ്ഠഹേതുവായി |

| | | |
|---|---|---|
| ആമീലിതനയനനളിനമുകുളയുഗളം | | തീരെ ചിമ്മിയിരുന്ന കണ്ണുകളാവുന്ന ഇരു ചെന്താമരമൊട്ടുകളെ |
| ഈഷത് വികചയ്യ വ്യചഷ്ട | = | കുറഞ്ഞൊന്നു തുറന്നുനോക്കി. |

6 താമേവാവിദൂരേ മധുകരീമിവ സുമനസ ഉപജിഘ്രന്തീം ദിവിജമനുജമനോനയനാഹ്ലാദദുഘൈർഗതിവിഹാരവ്രീഡാവിനയാവലോകസുസ്വരാക്ഷരാവയവൈർമനസി നൃണാം കുസുമായുധസ്യ വിദധതീം വിവരം നിജമുഖവിഗളിതാമൃതാസവസഹാസഭാഷണാമോദമദാന്ധമധുകരനികരോപരോധേന ദ്രുതപദവിന്യാസേന വല്ഗുസ്പന്ദനസ്തനകലശകബരഭാരരസനാം ദേവീം തദവലോകനേന വിവൃതാവസരസ്യ ഭഗവതോ മകരധ്വജസ്യ വശമുപനീതോ ജഡവദിതി ഹോവാച.

| | | |
|---|---|---|
| അവിദൂരേ | = | അകലത്തല്ലാത്ത ഒരിടത്തു് |
| സുമനസഃ ഉപജിഘ്രന്തീം | = | പുഷ്പങ്ങളെ മുകരുന്ന് |
| മധുകരീം ഇവ (സ്ഥിതാം) | = | ഭ്രമരിയെപ്പോലെ ഇരിക്കുന്നവളും, |
| ദിവിജമനുജമനോനയനാഹ്ലാദദുഘൈഃ | } | ദേവന്മാരുടേയും മനുഷ്യരുടേയും മനസ്സിനും കണ്ണിനും ആനന്ദത്തെ പ്രദാനംചെയ്യുന്ന |
| ഗതിവിഹാരവ്രീഡാവിനയാവലോകസുസ്വരാക്ഷരാവയവൈഃ | } | നടത്തവും കളിയും ലജ്ജാവിനയാനുചിതമായ നോട്ടവും സ്വരശുദ്ധിയുള്ള ശബ്ദവും ഭംഗിചേർന്ന അവയവങ്ങളും കൊണ്ടു് |
| നൃണാം മനസി കുസുമായുധസ്യ വിവരം വിദധതീം | } | ജനഹൃദയത്തിൽ കാമദേവന് കടന്നിരിക്കുവാൻ പഴുതുണ്ടാക്കുന്നവളും, |
| നിജമുഖവിഗളിതാമൃതാസവസഹാസഭാഷണാമോദമദാന്ധമധുകരനികരോപരോപരോധേന | } | തന്റെ മുഖത്തിൽനിന്നു പുറപ്പെട്ടതായ അമൃതരസവാഹിയും ആസവംപോലെ മാദകവുമായ ചിരിയിലും ഭാഷണത്തിലുമുള്ള നിശ്വാസഗന്ധത്താൽ വന്നണഞ്ഞ മത്തുമുഴുത്ത വണ്ടിൻനിരകളുടെ ശല്യം നിമിത്തം |
| ദ്രുതപദവിന്യാസേന | = | അതിവേഗത്തിലുള്ള അടിവെപ്പുകൊണ്ടു് |
| വല്ഗുസ്പന്ദനസ്തനകലശകബരഭാരരസനാം | } | കൊങ്കക്കുടങ്ങളിലും വാർമുടിയിലെ കെട്ടനാടയിലും ആകർഷകമായ കിഞ്ചിച്ചലനം ചേർന്നിരിക്കുന്നവളും ആയ |
| താം ദേവീം ഏവ | = | ആ ദേവനാരിയോടുതന്നെയായി |
| തദവലോകനേന | = | അവളുടെ ദർശനത്താൽ |
| വിവൃതാവസരസ്യ | = | അവസരം തുറന്നുകിട്ടിയ |
| ഭഗവതഃ മകരധ്വജസ്യ | = | മാഹാത്മ്യശാലിയായ മന്മഥന്റെ |
| വശം ഉപനീതഃ (സഃ) | = | പാട്ടിലകപ്പെട്ടുപോയ അദ്ദേഹം |
| ജഡവത് ഇതി ഉവാച ഹ, | = | ജളനെപ്പോലെ ഇങ്ങനെ പറഞ്ഞുതുടങ്ങി, |

അയ്യോ പാവം!

7 കാ ത്വം ചികീൎഷസി ച കിം മുനിവൎയ്യ ശൈലേ
മായാഽസി കാപി ഭഗവത്പരദേവതായാഃ
വിജ്യേ ബിഭൎഷി ധനുഷീ സുഹൃദാത്മനോഽൎത്ഥേ
കിംവാ മൃഗാൻ മൃഗയസേ വിപിനേ പ്രമത്താൻ.

| | | | |
|---|---|---|---|
| ത്വം കാ | ബാലേ! നീയാര്? | വിജ്യേ | ഞാണില്ലാത്ത |
| മുനിവൎയ്യ | ഹേ മുനിപുംഗവ! | ധനുഷീ | രണ്ടു വില്ലുകൾ |
| ശൈലേ | ഈ മലയിൽ | ബിഭൎഷി | നീ ധരിക്കുന്നുണ്ടല്ലോ. |
| ചികീൎഷസി ച കിം | ചെയ്യുവാൻ ഭാവിക്കുന്നതും എന്താണ്? | ആത്മനഃ | തന്റെ |
| | | അൎത്ഥേ | ഏതാവശ്യത്തിനാണ്? |
| ഭഗവത്പര-ദേവതായാഃ | എന്റെ ഉപാസനാമൂൎത്തിയായ ശ്രീഹരിയുടെ | കിംവാ | ഒരുപക്ഷേ, |
| | | വിപിനേ | കാട്ടിൽ |
| കാപി | ഏതോതരത്തിലുള്ള | പ്രമത്താൻ | പുളച്ചുനടക്കുന്ന |
| മായാ അസി | മായതന്നെയോ നീ? | മൃഗാൻ | മൃഗങ്ങളെ |
| സുഹൃത് | ചങ്ങാതീ! | മൃഗയസേ | വേട്ടയാടുകയാണോ? |

സംസാരക്കൊടുംകാട്ടിൽ പുളയ്ക്കുന്ന മൃഗതുല്യരായ എന്നെപ്പോലുള്ളവരെ വേട്ടയാടുകയാണോ? എന്നു് ചോദ്യത്തിന്റെ താൽപൎയ്യാൎത്ഥം.

ഇവിടെ രാജകുമാരൻ നടിക്കുന്ന ജഡത്വപ്രകടനം അവളെ വശീകരിക്കുന്നതിന്നാണ്. 'മുനിവൎയ്യ' എന്നും മററും അവളെ പുരുഷത്വേന സംബോധനചെയ്തു് തന്റെ ജളത്വം പ്രദൎശിപ്പിക്കുന്നു. അവളുടെ ഞാണില്ലാത്ത വില്ലുകൾ പുരികക്കൊടികളാണ്.

ഇനി കടാക്ഷങ്ങളെ ബാണങ്ങളാക്കി രൂപണംചെയ്തുകൊണ്ടു് പറയുന്നു.

8 ബാണാവിമൌ ഭഗവതഃ ശതപത്രപത്രൌ
ശാന്താവപുംഖരുചിരാവതിതിഗ്മദന്തൌ
കസ്മൈ യുയുങ്ക്ഷസി വനേ വിചരന്ന വിദ്മഃ
ക്ഷേമായ നോ ജഡധിയാം തവ വിക്രമോസ്തു

| | | | |
|---|---|---|---|
| ശതപത്രപത്രൌ | താമരപ്പൂവിതളുകളാവുന്ന തൂവലുകളുള്ളവയും | വിചരൻ | സഞ്ചരിച്ചുകൊണ്ടു് |
| | | കസ്മൈ | ആരുടെ നേൎക്കു് |
| ശാന്തൌ | വിഭ്രമാലസങ്ങളും | യുയുങ്ക്ഷസി | പ്രയോഗിക്കുവാൻ ഭാവിക്കുന്നു? |
| അപുംഖ-രുചിരൌ | പിടിക്കുവാൻ കണയില്ലാത്തവയെങ്കിലും മനോഹരങ്ങളും | ന വിദ്മഃ | നാം അറിയുന്നില്ല. |
| | | തവ വിക്രമഃ | അങ്ങയുടെ പരാക്രമം |
| അതിതിഗ്മ-ദന്തൌ | വളരെ മൂൎച്ചയുള്ള മുനയോടുകൂടിയവയുമായ | ജഡധിയാം | ജഡബുദ്ധികളായ |
| | | നഃ | ഞങ്ങളുടെ |
| ഭഗവതഃ | അവിടുത്തെ | | |
| ഇമൌ ബാണൌ | ഈ അമ്പുകൾ രണ്ടും | ക്ഷേമായ | ഭാവുകത്തിനായ്ക്കൊണ്ടു് |
| വനേ | വനത്തിൽ | അസ്തു | ഉതകുമാറാകട്ടെ. |

അവളുടെ ശരീരസൗരഭ്യത്താൽ ആകൃഷ്ടിക്കപ്പെട്ടു് അവളെ പിൻതുടൎന്നു് പറക്കുന്ന വണ്ടുകളെ കണ്ടു് പറയുന്നു—

9 ശിഷ്യാ ഇമേ ഭഗവതഃ പരിതഃ പഠന്തി
ഗായന്തി സാമ സരഹസ്യമജസ്രമീശം
യുഷ്മച്ഛിഖാവിലുളിതാഃ സുമനോഽഭിവൃഷ്ടീഃ
സർവേ ഭജന്ത്യൃഷിഗണാ ഇവ വേദശാഖാഃ.

| | |
|---|---|
| ഭഗവതഃ | അവിടുത്തെ |
| ഇമേ ശിഷ്യാഃ | ഈ ശിഷ്യന്മാർ |
| സരഹസ്യം | രഹസ്യത്തോടുകൂടെ |
| സാമ | സാമമന്ത്രത്തെ |
| ഈശം ത്വാം പരിതഃ | ഈശ്വരനായ അങ്ങയുടെ നാലുപുറത്തും നിരന്നുനിന്നു് |
| അജസ്രം | ഇടവിടാതെ |
| പഠന്തി | ചൊല്ലുകയും |
| ഗായന്തി | ഗാനംചെയ്യുകയും ചെയ്യുന്നു. |
| യുഷ്മച്ഛിഖാവിലുളിതാഃ | അങ്ങയുടെ തലമുടിയിൽനിന്നു് ഉതിൎന്നു വീണ |
| സുമനോഭിവൃഷ്ടീഃ | പുഷ്പവൎഷങ്ങളെ |
| ഋഷിഗണാഃ | ഋഷിഗണങ്ങൾ |
| വേദശാഖാഃ | വേദശാഖകളെ |
| ഇവ | എന്നപോലെ |
| സൎവേ | അവരെല്ലാരും |
| ഭജന്തി | സാദരം സ്വീകരിക്കുന്നു. |

നൂപുരധ്വനികേട്ടുപറയുകയാണു്—

10 വാചം പരം ചരണപഞ്ജരതിത്തിരീണാം
ബ്രഹ്മന്നരൂപമുഖരാം ശൃണവാമ തുഭ്യം
ലബ്ധ്വാ കദംബരുചിരങ്കവിടങ്കബിംബേ
യസ്യാമലാതപരിധിഃ ക്വ ച വല്കലം തേ

| | |
|---|---|
| ബ്രഹ്മൻ | ഹേ മഹാബ്രാഹ്മണ ! |
| തുഭ്യം | അങ്ങയുടെ |
| ചരണപഞ്ജരതിത്തിരീണാം | പാദങ്ങളിലുള്ള കൂട്ടുകളിൽ കിടക്കുന്ന തിത്തിരിപ്പുള്ളുകളുടെ |
| അരൂപമുഖരാം | അദൃഷ്ടരൂപമായി ധ്വനിച്ചുകൊണ്ടിരിക്കുന്ന |
| വാചം പരം | വാക്കു് മാത്രമേ |
| ശൃണവാമ | കേൾക്കുന്നുള്ളു. |
| അങ്കവിടങ്കബിംബേ | നിതംബത്തിന്റെ സുന്ദരമണ്ഡലത്തിൽ |
| കദംബരുചിഃ | കദംബകുസുമപ്രഭ |
| ലബ്ധ്വാ (ക്വ) | കിട്ടിയതെങ്ങനെ ? |
| യസ്യാം | യാതൊന്നിൽ |
| അലാതപരിധിഃ | അലാതചക്രവും (വട്ടം ചുഴററിയ തീക്കൊള്ളി) വൎത്തിക്കുന്നു. |
| തേ | അങ്ങയുടെ |
| വല്കലം | മരവുരി |
| ക്വ ച | എവിടെ ? |

ഈ ശ്ലോകത്തിലെ പൂർവ്വാർദ്ധം ആ ദേവസുന്ദരിയുടെ കാൽച്ചിലങ്കയേയും ഉത്തരാർദ്ധം അവൾ ധരിച്ചിട്ടുള്ള മഞ്ഞനിറപ്പട്ടിനേയും അതിന്മേലിട്ട അരഞ്ഞാണിനേയും ലക്ഷീകരിച്ചിരിക്കുന്നു. മഞ്ഞപ്പട്ടിനെ നിതംബപ്രദയാക്കി കല്പിച്ചതുകൊണ്ടാണ് മരവുരിയെവിടെ എന്ന ചോദ്യം. ഇനി അവളുടെ സ്തനങ്ങളെ ലക്ഷീകരിച്ച് പറയുന്നു—

11 കിം സംഭൃതം രുചിരയോർദ്വിജ ശൃംഗയോസ്തേ
മധ്യേ കൃശോ വഹസി യത്ര ദൃശിഃ ശ്രിതാ മേ
പങ്കോഽരുണഃ സുരഭിരാത്മവിഷാണ ഈദൃഗ്
യേനാശ്രമം സുഭഗ മേ സുരഭീകരോഷി.

| | |
|---|---|
| ദ്വിജ തേ | ബ്രാഹ്മണ! അങ്ങയുടെ |
| രുചിരയോഃ | മനോഹരങ്ങളായ |
| ശൃംഗയോഃ | കൊമ്പുകളിൽ |
| സംഭൃതം | നിറച്ചിട്ടുള്ളത് |
| കിം | എന്തൊന്നാണ്? |
| മധ്യേ | നടുവുകൊണ്ട് |
| കൃശഃ (ത്വം) | ചടച്ചിട്ടുള്ള അങ്ങുന്ന് |
| വഹസി | (അവയെ പണിപ്പെട്ട്) ചുമന്നിരിക്കുന്നുവല്ലോ |
| യത്ര | യാതൊരു ഈ കൊമ്പുകളിൽ |
| മേ ദൃശിഃ | എന്റെ കണ്ണ് |
| ശ്രിതാ | പതിഞ്ഞുനില്ക്കുന്നു. |
| ആത്മവിഷാണേ | തന്റെ കൊമ്പിന്മേൽ |
| അരുണഃ | ചെന്നിറമുള്ളതും |
| സുരഭിഃ | സുരഭിലവുമായ |
| ഈദൃക് | ഇത്തരത്തിലുള്ള |
| പങ്കഃ | ചേറ് എന്തൊന്നാണ്? |
| സുഭഗ | സുന്ദര! |
| യേന | യാതൊരു ഈ ചേറുകൊണ്ട് |
| മേ ആശ്രമം | എന്റെ ആശ്രമത്തെ |
| സുരഭീകരോഷി | അങ്ങ് മണപ്പിക്കുന്നുണ്ട് |

'കൊമ്പുകൾ' എന്നു പറഞ്ഞതു സ്തനങ്ങളെ ഉദ്ദേശിച്ചാണ്. അവ ഭാരിച്ചവയാണെന്നു വ്യക്തം. എന്തെന്നാൽ, കൃശമധ്യയായ അവൾ അവയെ പേറിനടക്കാൻ വല്ലാതെ ആയാസപ്പെട്ടുകാണുന്നു. കൊമ്പിന്മേലുള്ള 'അരുണസുരഭിപങ്കം' കുങ്കുമക്കുറിക്കൂട്ടുതന്നെ.

12 ലോകം പ്രദർശയ സുഹൃത്തമ താവകം മേ
യത്രത്യ ഇത്ഥമുരസാഽവയവാവപൂർവ്വൗ
അസ്മദ്വിധസ്യ മന ഉന്നയനൗ ബിഭർത്തി
ബഹ്വത്ഭുതം സരസരാസസുധാദി വക്ത്രേ.

| | |
|---|---|
| സുഹൃത്തമ | ഉററ ചങ്ങാതി! |
| താവകം | അങ്ങയുടെ സ്വന്തം |
| ലോകം | ലോകത്തെ |
| മേ | എനിക്ക് |
| പ്രദർശയ | കാട്ടിത്തരു. |
| യത്രത്യഃ | യാതൊരു ലോകത്തിലുള്ളവൻ |
| ഇത്ഥം | ഇപ്രകാരം |
| അപൂർവ്വൗ | അസാധാരണങ്ങളും |
| അസ്മദ്വിധസ്യ | എന്നെപ്പോലുള്ള കാമിജനത്തിന്റെ |

| | | | |
|---|---|---|---|
| മനഃ | മനസ്സിനെ | സരസരാസ-സുധാദി | മാധുര്യവും ശൃംഗാരവിലാസവുംചേൻ അമൃതും മററുമുള്ള |
| ഉന്നയനൌ | ഉലച്ചുമറിക്കുന്നവയുമായ | ബഹ്വദ്ഭുതം | അത്യത്ഭുതമായ ഒന്നിനെ (അധരമധുമന്ദഹാസാദി) |
| അവയവൌ | രണ്ടവയവങ്ങളെ (സ്തനങ്ങളെ) | വക്ത്രേ | മുഖത്തിലും |
| ഉരസാ | മാറിടംകൊണ്ടും, | ബിഭർത്തി | വഹിച്ചിരിക്കുന്നു. |

13 കാ വാഽഽത്മവൃത്തിരദനാദ്ധവിരംഗ വാതി
വിഷ്ണോഃ കലാസ്യനിമിഷോന്മകരൌ ച കർണൌ
ഉദ്വിഗ്നമീനയുഗളം ദ്വിജപങ്ക്തിശോചി-
രാസന്നഭൃംഗനികരം സര ഇന്മുഖം തേ

| | | | |
|---|---|---|---|
| അംഗ | തോഴരേ ! | അനിമിഷോ-ന്മകരൌ | മിഴിവുള്ള മകരകുണ്ഡലങ്ങളോടുകൂടിയവയാണ് |
| ആത്മവൃത്തിഃ | അങ്ങയുടെ ആഹാരം | ഉദ്വിഗ്നമീന-യുഗളം | ഇളകിമറിയുന്ന രണ്ടു കരിമത്സ്യങ്ങളുള്ളതും |
| കാ വാ | എന്തൊന്നാണ്? | ദ്വിജപങ്ക്തി-ശോചിഃ | 'ദ്വിജ'സമൂഹത്തിൻെറ ശോഭയോടുകൂടിയതും |
| അദനാത് | അങ്ങയുടെ ചവ്വണത്തിൽനിന്ന് | ആസന്നഭൃംഗ-നികരം | അരികത്തുപറക്കുന്ന വണ്ടിൻനിരകളുള്ളതുമായ |
| ഹവിഃ | ഹവിർഗന്ധം | തേ മുഖം | അങ്ങയുടെ മുഖം |
| വാതി | വീശിവരുന്നുണ്ട്. | സരഃ ഇത് | സരസ്സുപോലെ ഇരിക്കുന്നു. |
| വിഷ്ണോഃ | മഹാവിഷ്ണുവിൻെറ | | |
| കലാ അസി | കലയാണ് താങ്കൾ. | | |
| (യതഃ) തേ | എന്തെന്നാൽ അങ്ങയുടെ | | |
| കർണൌ ച | കാതുകൾ രണ്ടും | | |

" അങ്ങയുടെ ആഹാരമെന്ത് ? ചവ്വണത്തിൽനിന്ന് ഹവിർഗന്ധം വരുന്നു " എന്നുള്ളതു് അവളുടെ താംബൂലചവ്വണത്തെ ഉദ്ദേശിച്ചു പറഞ്ഞതാണ്. നേത്രങ്ങളെ കരിമത്സ്യങ്ങളായും, കുറുനിരകളെ വണ്ടുകളായും നിഗീര്യാധ്യവസായം ചെയ്തു. ദ്വിജ ശബ്ദത്തിന് ശ്ലേഷം. സരസ്സിൻെറ പക്ഷത്തിൽ പക്ഷികളെന്നും മുഖത്തിൻെറ പക്ഷത്തിൽ പല്ലുകൾ എന്നും അർത്ഥം. അങ്ങനെ മുഖത്തിനും സരസ്സിനും തമ്മിൽ ഔപമ്യം.

14 യോഽസൌ ത്വയാ കരസരോജഹതഃ പതംഗോ
ദിക്ഷു ഭ്രമൻ ഭ്രമത ഏജയതേഽക്ഷിണീ മേ
മുക്തം ന തേ സ്മരസി വക്രജടാവ്രൂധം
കഷ്ടോഽനിലോ ഹരതി ലംപട ഏഷ നീവീം

| | | | |
|---|---|---|---|
| ത്വയാ | താങ്കളാൽ | പതംഗഃ | പറവ (പന്തു്) |
| കരസരോ-ജഹതഃ | കരകമലംകൊണ്ട് അടിച്ചുകുററപ്പെട്ട | ദിക്ഷു | ദിക്കുകളിൽ |
| | | ഭ്രമൻ | കറങ്ങിക്കൊണ്ട് |
| യഃ അസൌ | യാതൊരു ഈ | ഭ്രമതഃ | അതോടൊപ്പം കറങ്ങുന്ന |

| | | | |
|---|---|---|---|
| മേ | എന്റെ | ന സ്മരസി | താങ്കൾ ഓർക്കുന്നില്ല. |
| അക്ഷിണീ | കൺകളെ | ധൃഷ്ടഃ | ധൂർത്തനും |
| ഏജയതേ | ചലിപ്പിക്കുന്നു. | ലംപടഃ | ആസക്തനുമായ |
| തേ | താങ്കളുടെ | ഏഷഃ അനിലഃ | ഈ വായു |
| വക്രജടാവരൂഥം | കുടിലജടാകലാപം (വാർമുടിക്കെട്ടു്) | നവീം | ഉടുപുടവക്കുത്തു് |
| മുക്തം | കെട്ടഴിഞ്ഞതിനെ | ഹരതി | വലിച്ചുമാററുന്നു. |

15 രൂപം തപോധന തപശ്ചരതാം തപോഘ്നം
ഹ്യേതത്തു കേന തപസാ ഭവതോപലബ്ധം
ചർത്തും തപോഽർഹസി മയാ സഹ മിത്ര മഹ്യം
കിം വാ പ്രസീദതി സ വൈ ഭവഭാവനോ മേ

| | | | |
|---|---|---|---|
| തപോധന | അല്ലയോ തപോധന ! | മയാ സഹ | എന്നോടൊപ്പം |
| തപഃ ചരതാം | തപസ്സുചെയ്യുന്നവരുടെ | തപഃ ചർത്തും | തപസ്സാചരിക്കുവാൻ |
| തപോഘ്നം | തപസ്സിനെ കെടുത്തുന്ന | അർഹസി | താങ്കൾ അർഹിക്കുന്നു. |
| ഏതത് രൂപം | ഈ സുന്ദരാകൃതി | | |
| ഹി കേന തു | വിശേഷിച്ചും ഏതൊരു | കിം വാ | സംശയമുണ്ടോ ? |
| തപസാ | തപസ്സുകൊണ്ടു് | സഃ വൈ | ആ മഹാനുഭാവനായ |
| ഭവതാ | അങ്ങയാൽ | | |
| ഉപലബ്ധം | നേടിയെടുക്കപ്പെട്ടു. | ഭവഭാവനഃ | പ്രപഞ്ചകർത്താവു് |
| മഹ്യം | എന്റെ | മേ | എന്റെ പേരിൽ |
| മിത്ര | പൊന്നു ചങ്ങാതി ! | പ്രസീദതി | തെളിഞ്ഞിരിക്കുന്നു. |

16 ന ത്വാം ത്യജാമി ദയിതം ദ്വിജദേവദത്തം
യസ്മിൻ മനോ ദൃഗപി നോ ന വിയാതി ലഗ്നം
മാം ചാരുശൃംഗ്യർഹസി നേതുമനുവ്രതം തേ
ചിത്തം യതഃ പ്രതിസരന്തു ശിവാഃ സചിവ്യഃ.

| | | | |
|---|---|---|---|
| ദ്വിജദേവദത്തം | ബ്രഹ്മാവിനാൽ പ്രദാനം ചെയ്യപ്പെട്ടിരിക്കുന്ന | ദൃക് അപി | മിഴിയും |
| | | ന വിയാതി | അവിടെനിന്നു് വിട്ടു പിരിയുന്നില്ല. |
| ദയിതം | പ്രിയംകരനായ | ചാരുശൃംഗി | ചന്തം വായ്ക്കുന്ന കൊമ്പുകൾക്കുടയവളേ! (ചാരുസ്തനി !) |
| ത്വാം | അങ്ങയെ | | |
| ന ത്യജാമി | ഞാൻ വിട്ടയയ്ക്കില്ല. | തേ ചിത്തം | ഭവതിയുടെ ചിത്തം |
| യസ്മിൻ | യാതൊരു അങ്ങയിൽ | യതഃ | എവിടെയാണോ, |
| ലഗ്നം | ഒട്ടിപ്പിടിച്ചുപോയ | (തത്ര) | അവിടേക്കു് |
| നഃ മനഃ | നമ്മുടെ കരളും | അനുവ്രതം | അനുസരണമുള്ള |

| | | | |
|---|---|---|---|
| മാം | എന്നെ | ശിവാഃ | അനുകൂലകളായിട്ട് |
| നേതും | കൊണ്ടുപോകാൻ | പ്രതിസരന്തു | (എന്നെ) അനുവർത്തിച്ചു കൊള്ളട്ടെ. |
| അർഹസി | ഭവതി അർഹിക്കുന്നു. | | |
| സചിവ്യഃ | തോഴിമാർ | | |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

17 ഇതി ലലനാനുനയാതിവിശാരദോ ഗ്രാമ്യവൈദഗ്ദ്ധ്യയാ പരിഭാഷയാ താം വിബുധവധൂം വിബുധമതിരധിസഭാജയാമാസ.

| | | |
|---|---|---|
| ഇതി വിബുധമതിഃ | = | ഈവിധം, ദേവന്മാർക്കൊത്ത ബുദ്ധിചാതുര്യമുള്ളവനും |
| ലലനാനുനയാതിവിശാരദഃ (സഃ) | = | സ്ത്രീകളെ പാട്ടിലാക്കാൻ നല്ല കഴിവുള്ളവനുമായ അദ്ദേഹം |
| ഗ്രാമ്യവൈദഗ്ദ്ധ്യയാ | = | സ്ത്രീവിഷയങ്ങളിൽ മികവുററതായ |
| പരിഭാഷയാ | = | വാഗ്വിലാസംകൊണ്ട് |
| താം വിബുധവധൂം | = | ആ ദേവവനിതയെ |
| അധിസഭാജയാമാസ | = | ഒരുപാട് ആദരിച്ചാരാധിച്ച് വശത്താക്കി. |

18 സാ ച തതസ്തസ്യ വീരയൂഥപതേർബുദ്ധിശീലരൂപവയഃശ്രിയൗദാര്യേണ പരിക്ഷിപ്തമനാസ്തേന സഹായുതായുതപരിവത്സരോപലക്ഷണം കാലം ജംബൂദ്വീപപതിനാ ഭൗമസ്വർഗ്ഗഭോഗാൻ ബുഭുജേ.

| | | |
|---|---|---|
| സാ ച തതഃ | = | അവളും അതിനുശേഷം |
| വീരയൂഥപതേഃ തസ്യ | = | വീരസംഘാതിപതിയായ അദ്ദേഹത്തിന്റെ |
| ബുദ്ധിശീലരൂപവയഃശ്രിയൗദാര്യേണ | } | ബുദ്ധി, സ്വഭാവം, സൗന്ദര്യം, യൗവനപ്രായം, ഉദാരത എന്നിവയാൽ |
| പരിക്ഷിപ്തമനാഃ | = | ആകൃഷ്ടചിത്തയായിട്ട് |
| ജംബൂദ്വീപാധിപതിനാ തേന സഹ | } | ജംബൂദ്വീപത്തിന്റെ ഏകനായകനായ അദ്ദേഹത്തിന്റെ കൂടെ |
| അയുതായുതപരിവത്സരോപലക്ഷണം കാലം | } | അനേകായിരം സംവത്സരങ്ങൾ ചെല്ലുവോളം കാലം |
| ഭൗമസ്വർഗ്ഗഭോഗാൻ ബുഭുജേ | = | മന്നിലും വിണ്ണിലുമുള്ള സുഖങ്ങളെ അനുഭവിച്ചു. |

19 തസ്യാമു ഹ വാ ആത്മജാൻ സ രാജവര ആഗ്നീധ്രോ നാഭികിംപുരുഷഹരിവർഷേളാവൃതരമ്യകഹിരണ്മയകുരുഭദ്രാശ്വകേതുമാലസംജ്ഞാന്നവ പുത്രാനജനയത്.

| | | |
|---|---|---|
| ഉ ഹ തസ്യാം വൈ | = | അദ്ഭുതം നോക്കുക ! ആയവളിൽ |
| സഃ രാജവരഃ ആഗ്നീധ്രഃ | = | ആ രാജശ്രേഷ്ഠനായ ആഗ്നീധ്രൻ |

ആത്മജാൻ = ആത്മജാതരായുള്ള
നാഭി...............സംജ്ഞാൻ = നാഭി, കിംപുരുഷൻ, ഹരിവഷൻ, ഇളാവൃതൻ, രമ്യകൻ, ഹിരണ്മയൻ, കുരു, ഭദ്രാശ്വൻ, കേതുമാലൻ എന്നീ നാമങ്ങളോടുകൂടിയ
നവ പുത്രാൻ അജനയത് = ഒമ്പതു മക്കളെ ജനിപ്പിച്ചു.

20 സാ സൂത്വാഥ സുതാന്നവാനുവത്സരം ഗൃഹ ഏവാപഹായ പൂവ്ചിത്തിർഭൂയ ഏവാജം ദേവമുപതസ്ഥേ.

പൂവ്ചിത്തിഃ സാ = പൂവ്ചിത്തി എന്ന ആ ദേവസ്ത്രീ
അനുവത്സരം = ഓരോ വഷവും ഓരോന്നുവീതം
നവ സുതാൻ സൂത്വാ = ഒമ്പതു പുത്രന്മാരെ പ്രസവിച്ചു്,
അഥ ഗൃഹേ ഏവ അപഹായ = പിന്നീടു് ഗൃഹത്തിൽത്തന്നെ അവരെ വിട്ടു്
ഭൂയഃ ഏവ അജം ദേവം = വീണ്ടും ബ്രഹ്മദേവനെത്തന്നെ
ഉപതസ്ഥേ = ഉപാശ്രയിച്ചു.

21 ആഗ്നീധ്രസുതാസ്തേ മാതുരനുഗ്രഹാദൗത്പത്തികേനൈവ സംഹനനബലോപേതാഃ പിത്രാ വിഭക്താ ആത്മതുല്യനാമാനി യഥാഭാഗം ജംബൂദ്വീപവഷാണി ബുഭുജുഃ

ആഗ്നീധ്രസുതാഃ തേ = ആഗ്നീധ്രന്റെ പുത്രന്മാരായ അവർ
മാതുഃ അനുഗ്രഹാത് = മാതാവിന്റെ അനുഗ്രഹംകൊണ്ടു്
ഔത്പത്തികേന = പിറവിയാലെത്തന്നെ
സംഹനനബലോപേതാഃ = ദേഹദാർഢ്യവും ബലവും ചേന്നിരിക്കുന്നവരും
പിത്രാ വിഭക്താഃ = പിതാവിനാൽ വേർതിരിച്ചുനിത്തപ്പെട്ടവരുമായി ഭവിച്ചു്
ആത്മതുല്യനാമാനി = തങ്ങളുടെ പേരുകൾക്കൊത്ത പേരുകളോടുകൂടിയ
ജംബൂദ്വീപവഷാണി = ജംബൂദ്വീപത്തിലെ ഓരോരോ വഷങ്ങളെ (ഭൂവിഭാഗങ്ങളെ)
യഥാഭാഗം ബുഭുജുഃ = ഭാഗക്രമം അനുസരിച്ചു് ഏറെറടുത്തനുഭവിച്ചു.

22 ആഗ്നീധ്രോ രാജാതൃപ്തഃ കാമാനാമപ്സരസമേവാനുദിനമധിമന്യമാനസ്തസ്യാഃ സലോകതാം ശ്രുതിഭിരവാരുന്ധ യത്ര പിതരോ മാദയന്തേ.

കാമാനാം അതൃപ്തഃ = കാമങ്ങളുടെ അനുഭവത്തിൽ തൃപ്തിവരാത്ത
ആഗ്നീധ്രഃ രാജാ = ആഗ്നീധ്രനെന്ന ആ രാജാവു്
അനുദിനം അപ്സരസം ഏവ = എപ്പോഴും അപ്സരസ്സിനെത്തന്നെ
അധിമന്യമാനഃ = ഏറെയേറെ ചിന്തിച്ചുകൊണ്ടിരുന്നു്
തസ്യാഃ സലോകതാം = അവളുടെ സാലോക്യത്തെ
ശ്രുതിഭിഃ അവാരുന്ധ = വേദോക്തകമ്മങ്ങളാൽ സംപ്രാപിച്ചു.
യത്ര പിതരഃ മാദയന്തേ = യാതൊരിടത്തിൽ പിതൃക്കൾ തൃപ്തരായിരിക്കുന്നു.

23 സംപരേതേ പിതരി നവ ഭ്രാതരോ മേരുദുഹിതൄർമേരുദേവീം പ്രതി-
രൂപാമുഗ്രദംഷ്ട്രീം ലതാം രമ്യാം ശ്യാമാം നാരീം ഭദ്രാം ദേവവീതിമിതി
സംജ്ഞാ നവോദവഹൻ.

| | | |
|---|---|---|
| പിതരി സംപരേതേ | = | അച്ഛൻ അന്തരിച്ചപ്പോൾ, |
| നവ ഭ്രാതരഃ | = | ആ ഒമ്പതു് സഹോദരന്മാർ |
| മരുദുഹിതൄഃ മേരുദേവീം............ ............ദേവവീതിം | } | മഹാമേരുവിൻെറ പുത്രിമാരായ മേരുദേവി, പ്രതിരൂപ, ഉഗ്രദംഷ്ട്രി, ലത, രമ്യ, ശ്യാമ, നാരി, ഭദ്ര, ദേവവീതി |
| ഇതി സംജ്ഞാഃ നവ | = | എന്നീ പേരുകളുള്ള ഒമ്പതു് കന്യകമാരെ |
| ഉദവഹൻ | = | (യഥാക്രമം) വിവാഹം ചെയ്തു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ ആഗ്നീധ്രവർണനം നാമ
ദ്വിതീയോऽധ്യായഃ ആദിതഃ സൂക്താനി 64

അഞ്ചാമത്തെ സ്കന്ധത്തിൽ രണ്ടാമധ്യായം കഴിഞ്ഞു.

# തൃതീയോऽധ്യായഃ — അധ്യായം മൂന്നു്.

## നാഭിചരിതം

"തൃതീയേ ചരിതം നാഭേഃ പരം മംഗലമീര്യതേ
യസ്യ യജ്ഞേ പ്രതീതഃ സൻ പുത്രോऽഭൂദ്ദൃഷഭോഹരിഃ"

ഈ മൂന്നാമത്തെ അധ്യായത്തിൽ പരമമംഗളമായ നാഭിയുടെ ചരിതമാണു് പറയുന്നതു്. അദ്ദേഹത്തിൻെറ യജ്ഞത്തിൽ പ്രത്യക്ഷനായി പുത്രവരം കൊടുത്ത ശ്രീഹരി തൽപുത്രത്വേന ഋഷഭദേവനായിട്ടു് അവതരിക്കുകയുണ്ടായി.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു —

1 നാഭിരപത്യകാമോऽപ്രജയാ മേരുദേവ്യാ ഭഗവന്തം യജ്ഞപുരുഷ-
മവഹിതാത്മാऽയജത.

| | | |
|---|---|---|
| നാഭിഃ അപത്യകാമഃ | = | നാഭി സന്താനാർത്ഥിയായിട്ടു് |
| അപ്രജയാ മേരുദേവ്യാ | = | സന്താനമുണ്ടാകാത്ത മേരുദേവിയോടുകൂടി |
| ഭഗവന്തം യജ്ഞപുരുഷം | = | ഭഗവാനായ യജ്ഞപുരുഷനെ |
| അവഹിതാത്മാ അയജത | = | ഏകാഗ്രചിത്തനായി യജിച്ചു. |

2 തസ്യ ഹ വാവ ശ്രദ്ധയാ വിശുദ്ധഭാവേന യജതഃ പ്രവർഗ്യേഷു
പ്രചരത്സു ദ്രവ്യദേശകാലമന്ത്രർത്വിഗ്ദക്ഷിണാവിധാനയോഗോ-
പപത്ത്യാ ദുരധിഗമോഽപി ഭഗവാൻ ഭാഗവതവാത്സല്യതയാ സുപ്ര-
തീക ആത്മാനമപരാജിതം നിജജനാഭിപ്രേതാർത്ഥവിധിത്സയാ ഗൃഹീ-
തഹൃദയോ ഹൃദയംഗമം മനോനയനാനന്ദനാവയവാഭിരാമമാവി-
ശ്ചകാര.

| | | |
|---|---|---|
| തസ്യ ഹ വാവ ശ്രദ്ധയാ വിശുദ്ധഭാവേന യജതഃ | } | അദ്ദേഹമാകട്ടെ ശ്രദ്ധയോടും പരിശുദ്ധമായ മനോഭാവത്തോടുംകൂടി യജിച്ചുകൊണ്ടിരിക്കവെ, |
| പ്രവർഗ്യേഷു പ്രചരത്സു | = | പ്രവർഗ്യങ്ങളെന്ന കർമ്മങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ |
| ദ്രവ്യദേശകാലമന്ത്രർത്വിഗ്ദക്ഷി-ണാവിധാനയോഗോപപത്ത്യാ | } | ദ്രവ്യം, ദേശം, കാലം, മന്ത്രം, ഋത്വിക്കുകൾ, ദക്ഷിണ, അനുഷ്ഠാനം എന്നീ ഏഴുപായങ്ങളുടെ തികവിനാൽകൂടി |
| ദുരധിഗമഃ അപി | = | ദുഷ്പ്രാപനാണെന്നിരിക്കിലും |
| ഭഗവാൻ | = | സർവ്വേശ്വരനായ ശ്രീഹരി |
| ഭാഗവതവാത്സല്യതയാ | = | ഭക്തകാരുണ്യംകൊണ്ടു് |
| നിജജനാഭിപ്രേതാർത്ഥവിധിത്സയാ | = | ഭക്തജനവാഞ്ഛിതം സാധിപ്പിച്ചുകൊടുപ്പാനുള്ള ആഗ്രഹത്താൽ |
| ഗൃഹീതഹൃദയഃ | = | വശീകൃതചിത്തനായിട്ടു്, |
| സുപ്രതീകഃ | = | ശോഭനാംഗങ്ങളോടുകൂടിയവനായിഭവിച്ചു്, |
| അപരാജിതം ഹൃദയംഗമം | = | സ്വാതന്ത്ര്യവും സുഖകരവും |
| മനോനയനാനന്ദനാ-വയവാഭിരാമം | } | മനോനേത്രങ്ങളെ ആനന്ദിപ്പിക്കുന്ന അംഗങ്ങളാൽ രമണീയവുമായ |
| ആത്മാനം ആവിശ്ചകാര | = | സ്വരൂപത്തെ പ്രത്യക്ഷമാക്കി. |

3 അഥ ഹ തമാവിഷ്കൃതഭുജയുഗളദ്വയം ഹിരണ്മയം പുരുഷവിശേഷം
കപിശകൗശേയാംബരധരമുരസി വിലസച്ഛ്രീവത്സലലാമം ദരവര-
വനരുഹവനമാലാച്ഛൂര്യമൃതമണിഗദാദിഭിരുപലക്ഷിതം സ്ഫുടകിര-
ണപ്രവരമുകുടകുണ്ഡലകടകകടിസൂത്രഹാരകേയൂരനൂപുരാദ്യംഗഭൂഷണ-
വിഭൂഷണമൃത്വിക്സദസ്യഗൃഹപതയോഽധനാ ഇവോത്തമധനമുപ-
ലഭ്യ സബഹുമാനമർഹണേനാവനതശീർഷാണ ഉപതസ്ഥുഃ.

| | | |
|---|---|---|
| അഥ ഹ ആവിഷ്കൃതഭുജയുഗളദ്വയം | = | അങ്ങനെ, പ്രത്യക്ഷമാക്കപ്പെട്ട ഇരുഭുജദ്വയത്തോടുകൂടിയവനായി— |
| കപിശകൗശേയാംബരധരം | = | മഞ്ഞപ്പട്ടാടയുടുത്തവനായി— |
| ഉരസി വിലസച്ഛ്രീവത്സലലാമം | = | മാറിൽതിളങ്ങുന്ന ശ്രീവത്സചിഹ്നത്തോടുകൂടിയവനായി— |

ദരവരവനരുഹവനമാലാച്ഛൂര്യ-
മൃതമണിഗദാദിഭിഃ ഉപലക്ഷിതം } = ശംഖം, ചെന്താമരപ്പൂഷ്പം, വനമാല, സുദർശനം, കൗസ്തുഭം, ഗദ ഇത്യാദികളാൽ സമന്വിതനായി—

സ്ഫുടകിരണപ്രവരമുകുടകുണ്ഡല-
കടകകടിസൂത്രഹാരകേയൂരനൂപു-
രാദ്യംഗഭൂഷണവിഭൂഷിതം } = മിന്നിത്തിളക്കംകൊള്ളുന്ന മണിക്കിരീടം, രത്നകുണ്ഡലങ്ങൾ, കങ്കണങ്ങൾ, ഉദരബന്ധം, മണിമാല, തോൾവള, കാൽത്തള മുതലായ അംഗഭൂഷണങ്ങളാൽ വിഭൂഷിതനായി

ഹിരണ്മയം = പ്രകാശമാനനായിരിക്കുന്ന
തം പുരുഷവിശേഷം = ആ പുരുഷോത്തമനെ
ഉപലഭ്യ = സാക്ഷാൽക്കരിച്ചിട്ട്
ഋത്വിക്സദസ്യഗൃഹപതയഃ = ഋത്വിക്കുകളും സദസ്യന്മാരും ഗൃഹപതികളും
ഉത്തമധനം (ഉപലഭ്യ) = നിധികണ്ടെത്തിയ
അധനാഃ ഇവ = നിർദ്ധനന്മാരെന്നപോലെ
സബഹുമാനം അർഹണേന = സാദരം അർഘ്യാദികളോടുകൂടി
അവനതശീർഷാണഃ ഉപതസ്ഥുഃ = ആനമ്രശിരസ്കരായി ഭജിച്ചു.

ഋത്വിജ ഊചുഃ = ഋത്വിക്കുകൾ (സ്തുതിച്ചു) ചൊല്ലി—

4 അർഹസി മുഹുരർഹത്തമാർഹണമസ്മാകമനുപഥാനാം നമോ നമ ഇത്യേതാവത് സദുപശിക്ഷിതം കോഽർഹതി പുമാൻ പ്രകൃതിഗുണ-വ്യതിരേകമതിർനീശ ഈശ്വരസ്യ പരസ്യ പ്രകൃതിപുരുഷയോരർ-വാക്തനാഭിർനാമരൂപാകൃതിഭീ രൂപനിരൂപണം.

5 സകലജനനികായവൃജിനനിരസനശിവതമപ്രവരഗുണഗണൈക-ദേശകഥനാദൃതേ.

അർഹത്തമ = സംപൂജ്യനായുള്ളോവേ !
അനുപഥാനാം അസ്മാകം = അനുചരന്മാരായ ഞങ്ങളുടെ
ആർഹണം മുഹുഃ അർഹസി = പൂജയെ നിരന്തരം സ്വയം സ്വീകരിക്കുവാൻ അവിടുന്നർഹിക്കുന്നു
നമോ നമഃ ഇതി = 'നമസ്കാരം, നമസ്കാരം' എന്നിങ്ങനെ
ഏതാവത് = പറയുവാൻ മാത്രമാണ്
സദുപശിക്ഷിതം = സജ്ജനോപദേശം ഞങ്ങൾക്കുള്ളത്
പ്രകൃതിഗുണവ്യതിരേകമതിഃ = പ്രകൃതിഗുണങ്ങളുടെ വികാരവിക്ഷോഭസ്വരൂപമായ പ്രപഞ്ചത്തിൽത്തന്നെ മനസ്സ് ഊന്നിനില്ക്കുന്ന
അനീശഃ കഃ പുമാൻ = (തന്മൂലം) അവശനുമായിരിക്കുന്ന ഏതൊരു മനുഷ്യനാണ്
പ്രകൃതിപുരുഷയോഃ = പ്രകൃതിയിൽനിന്നും പുരുഷനിൽനിന്നും
പരസ്യ ഈശ്വരസ്യ = അതീതനായി, സർവ്വതന്ത്രസ്വതന്ത്രനായി വിരാജിക്കുന്നഅവിടുത്തെ
രൂപനിരൂപണം = സ്വരൂപനിർണ്ണയത്തെ

അർവാക്തനാഭിഃ = പ്രകൃതിയിൽ ഉൾക്കൊണ്ടിരിക്കുന്ന

നാമരൂപാകൃതിഭിഃ = നാമം, രൂപം, ആകാരം എന്നിവകൊണ്ടു്

(കർത്തും) അർഹതി = ചെയ്യുവാൻ അർഹിക്കുന്നതു് ?

സകലജന...............കഥനാത്
ഋതേ (അധികം നാർഹതി) } സർവ്വജനസമൂഹത്തിന്റേയും പാപനിർമ്മാർജ്ജനക്ഷമമായ – അതിമംഗളകരമായ – ശ്രേഷ്ഠമായ ഗുണഗണങ്ങളിൽ ചിലതു പറയുക എന്നതല്ലാതെ അതിലപ്പുറം അർഹിക്കുന്നില്ല.

വാക്കിനും മനസ്സിനും വിഷയീഭവിക്കാത്തവനാണെന്നിരിക്കിലും അവിടുന്നു ഭക്തന്മാർക്കു് സുഖാരാധ്യൻതന്നെയാണെന്നു് പറയുന്നു.

6 പരിജനാനുരാഗവിരചിതശബലസംശബ്ദസലിലസിതകിസലയ–
തുളസികാദൂർവാങ്കുരൈരപി സംഭൃതയാ സപര്യയാ കില പരമ പരി–
തുഷ്യസി.

പരിജനാനുരാഗവിരചിത........
...............ദൂർവാങ്കുരൈഃ അപി } ഭൃത്യജനങ്ങളാൽ പ്രേമനിർഭരതയോടെ ചെയ്യപ്പെട്ട ഗദ്ഗദാക്ഷരസ്തുതികൾ, ജലം, ശുഭ്രപല്ലവം, തുളസി, കറുകനാമ്പു് എന്നിവകൊണ്ടുപോലും

സംഭൃതയാ സപര്യയാ = സംഭരിക്കപ്പെട്ട പൂജയാൽ

പരമ പരിതുഷ്യസി കില = ഹേ പരമ! അവിടുന്നു് തികച്ചും തൃപ്തനാണല്ലോ.

7 അഥാനയാऽപി ന ഭവത ഇജ്യയോരുഭാരഭരയാ സമുചിതമർത്ഥ–
മിഹോപലഭാമഹേ.

അഥ, ഉരുഭാരഭരയാ = മറെറാരുപ്രകാരം ചിന്തിക്കുന്നതായാൽ, അനേകം അംഗസാമഗ്രികൾകൊണ്ടു് ഒരുക്കിക്കൂട്ടിയ

അനയാ ഇജ്യയാ അപി = ഈ യജ്ഞംകൊണ്ടുപോലും

ഭവതഃ സമുചിതം അർത്ഥം = അവിടുത്തേക്കു് വേണ്ടുന്നതായ ഒരു പ്രയോജനം

ഇഹ ന ഉപലഭാമഹേ = ഇവിടെ ഞങ്ങൾ കാണുന്നില്ല.

8 ആത്മന ഏവാനുസവനമഞ്ജസാऽവ്യതികരേണ ബോഭൂയമാനാ–
ശേഷപുരുഷാർത്ഥസ്വരൂപസ്യ കിന്തു നാഥ ആശിഷ ആശാസാനാ–
നാമേതദഭിസംരാധനമാത്രം ഭവിതുമർഹതി.

ആത്മനഃ ഏവ അനുസവനം = സ്വതവെത്തന്നെ സർവ്വകാലത്തിങ്കലും

അഞ്ജസാ അവ്യതികരേണ = സാക്ഷാത്തായ സമന്വയംകൊണ്ടു്

ബോഭൂയമാനാശേഷ–
പുരുഷാർത്ഥസ്വരൂപസ്യ } വർദ്ധമാനമായി സംഭവിച്ചുകൊണ്ടിരിക്കുന്ന സമസ്തപുരുഷാർത്ഥങ്ങളാവുന്ന സ്വരൂപത്തോടുകൂടിയ പരമാനന്ദമൂർത്തിക്കു്

(ഇജ്യയാ കോƒർത്ഥഃ) കിംതു = യജ്ഞാദിയാൽ പ്രയോജനമെന്തു്? — എങ്കിലും,
നാഥ ആശിഷഃ ആശാസാനാനാം = സ്വാമിൻ! കാമിതങ്ങളെ ആഗ്രഹിക്കുന്നവരെ സംബന്ധിച്ചിടത്തോളം
ഏതത് അഭിസംരാധനമാത്രം = ഇതു് ആദരാനുചിതമായ ആരാധനമാത്രമായിട്ടു്
ഭവിതും അർഹതി = ഭവിക്കുവാൻ ഉചിതമായതത്രേ.

9 തദ്യഥാ ബാലിശാനാം സ്വയമാത്മനഃ ശ്രേയഃ പരമവിദുഷാം പരമ-
പരമപുരുഷ പ്രകർഷകരുണയാ സ്വമഹിമാനം ചാപവർഗാഖ്യ
മുപകല്പയിഷ്യൻ സ്വയം നാപചിത ഏവേതരവദിഹോപലക്ഷിതഃ.

പരമപരമപുരുഷ = പരമപുരുഷന്മാരിലും വെച്ചു് പരമപുരുഷനായുള്ള ഭഗവാൻ!
തത് യഥാ, ബാലിശാനാം = അതനുസരിച്ചു്, മൂഢാത്മാക്കളും
ആത്മനഃ ശ്രേയഃ = സ്വന്തം ശ്രേയസ്സിനെ
സ്വയം പരം അവിദുഷാം = തന്നെത്താൻ ഒട്ടുമേ അറിഞ്ഞുകൂടാത്തവരുമായ ഇയ്യുള്ളവരുടെനേരെ
പ്രകർഷകരുണയാ = വളൎന്ന കാരുണ്യത്താൽ അപവൎഗം (മുക്തി) എന്നു പേർപറയപ്പെടുന്ന
സ്വമഹിമാനം ച = സ്വകീയമഹിമയേയും ഞങ്ങളുടെ കാമിതത്തെയും
സ്വയം ഉപകല്പയിഷ്യൻ = താൻതന്നെ അറിഞ്ഞരുളുവാൻ ഒരുങ്ങിക്കൊണ്ടു്
നാപചിതഃ ഏവ = സമാരാധിതനാവാതെതന്നെ
ഇതരവത് = സാധാരണക്കാരനെന്ന നിലയ്ക്കു്
ഇഹ ഉപലക്ഷിതഃ = ഇവിടെ നിന്തിരുവടി ദൃഷ്ടിഗോചരനായി.

10 അഥായമേവ വരോ ഹ്യർഹത്തമ യർഹി ബർഹിഷി രാജർഷേർവരദർഷഭോ
ഭവാൻ നിജപുരുഷേക്ഷണവിഷയ ആസീത്.

അർഹത്തമ അഥ = സംപൂജ്യനായുള്ളോവേ! അതിനുപുറമെ,
വരദർഷഭഃ ഭവാൻ = വരദാതാക്കളിൽ ശ്രേഷ്ഠനായ അവിട്ടുന്നു്
രാജർഷേഃ ബർഹിഷി = രാജർഷിയായ നാഭിയുടെ യജ്ഞശാലയിൽ
നിജപുരുഷേക്ഷണവിഷയഃ = സ്വഭക്തന്മാരുടെ നേത്രങ്ങൾക്കു വിഷയീഭൂതനായ
യർഹി ആസീത് ഹി = ഭവിച്ചുകഴിഞ്ഞപ്പോൾത്തന്നെ,
അയം ഏവ വരഃ = ഇതുതന്നെ ഒരു വരപ്രസാദമായിരിക്കുന്നു.

ദർശനത്തിൻെറ ദുർല്ലഭതയെ കാണിക്കുന്നു—

11 അസംശനിശിതജ്ഞാനാനലവിധൂതാശേഷമലാനാം ഭവത്സ്വഭാവാ-
നാമാത്മാരാമാണാം മുനീനാമനവരതപരിഗുണിതഗുണഗണ പരമ-
മംഗളായനഗുണഗണകഥനോƒസി.

| | | |
|---|---|---|
| അസംഗനിശിതജ്ഞാനാനല-<br>വിധൂതാശേഷമലാനാം | } | വൈരാഗ്യത്താൽ തീക്ഷ്ണമായ ജ്ഞാനാഗ്നിയാൽ അകററപ്പെട്ട സകല മനോമാലിന്യത്തോടുകൂടിയവരും |
| ഭവത്സ്വഭാവാനാം | = | അവിടുത്തെ സ്വഭാവംപോലെയുള്ള സ്വഭാവത്തോടുകൂടിയവരും |
| ആത്മാരാമാണാം മുനീനാം | = | ആത്മസ്വരൂപത്തിൽ രമിക്കുന്നവരുമായ മുനിമാക്കു് |
| അനവരതപരിഗുണിതഗുണഗണ | = | (അവരാൽ) ഇടവിടാതെ ആവൎത്തിച്ചു് ഉച്ചരിക്കപ്പെടുന്ന ഗുണരാശികളോടുകൂടിയുള്ളോവേ! |
| പരമമംഗളായനഗുണഗണ-<br>കഥനഃ അസി | } | അതിമംഗളകരമായ ഗുണഗണങ്ങളുടെ കഥനത്തിനു് നിന്തിരുവടി അവലംബമാകുന്നു. |

ദൎശനംകൊണ്ടുതന്നെ കൃതാൎത്ഥരാണെങ്കിലും ഒരു വരം വരിച്ചുകൊള്ളട്ടെയെന്നു പറയുന്നു —

12 അഥ കഥഞ്ചിത് സ്ഖലനക്ഷുത്പതനജൃംഭണദുരവസ്ഥാനാദിഷു
വിവശാനാം നഃ സ്മരണായ ജ്വരമരണദശായാമപി സകലകശ്മല-
നിരസനാനി തവ ഗുണകൃതനാമധേയാനി വചനഗോചരാണി ഭവന്തു

| | | |
|---|---|---|
| അഥ, കഥഞ്ചിത് | = | എങ്കിലും വല്ലപ്രകാരത്തിലും |
| സ്ഖലനക്ഷുത്പതനജൃംഭണ-<br>ദുരവസ്ഥാനാദിഷു | } | കാലിടറുക, വിശപ്പുബാധിക്കുക, വീഴ്ചസംഭവിക്കുക, ക്ഷീണിച്ചു കോട്ടുവാ വരിക, അപകടസ്ഥിതിയിൽ അകപ്പെടുക മുതലായ ഘട്ടങ്ങളിലും |
| ജ്വരമരണദശായാം അപി | = | പനിപിടിക്കുക, മൃത്യുവന്നടുക്കുക എന്നീ അവസ്ഥയിങ്കലും |
| വിവശാനാം നഃ സ്മരണായ | = | പരവശന്മാരാവുന്ന ഞങ്ങളുടെ സ്മരണയ്ക്കായി |
| സകലകശ്മലനിരസനാനി | = | എല്ലാ പാപങ്ങളേയും ഇല്ലാതാക്കുന്ന |
| തവ ഗുണകൃതനാമധേയാനി | = | നിന്തിരുവടിയുടെ ഗുണങ്ങളെ അവിഷ്കരിക്കുന്ന തിരുനാമങ്ങൾ |
| വചനഗോചരാണി ഭവന്തു | = | വാക്കുകൾക്കു് വിഷയീഭവിക്കേണമേ! |

ഇനിയും ഒന്നുകൂടെയുണ്ടെന്നു് ഉദ്ബോധിപ്പിക്കുന്നു.

13 കിഞ്ചായം രാജൎഷിരപത്യകാമഃ പ്രജാം ഭവാദൃശീമാശാസാന ഈശ്വര-
മാശിഷാം സ്വൎഗാപവൎഗയോരപി ഭവന്തമുപധാവതി പ്രജായാ-
മൎത്ഥപ്രത്യയോ ധനദമിവാധനഃ ഫലീകരണം.

| | | |
|---|---|---|
| കിഞ്ച, അപത്യകാമഃ | = | മാത്രമല്ല, സന്താനാഭിലാഷിയായ |
| അയം രാജൎഷിഃ | = | ഈ നാഭിയെന്ന രാജൎഷി |
| പ്രജായാം അൎത്ഥപ്രത്യയഃ | = | സന്താനലാഭത്തിൽ പുരുഷാൎത്ഥബുദ്ധിയോടുകൂടിയവനായിട്ടു് |

| | | |
|---|---|---|
| ഭവാദൃശീം പ്രജാം | = | അവിടുത്തെപ്പോലെയുള്ള പുത്രനെ |
| ആശാസാനഃ | = | ആഗ്രഹിച്ചുകൊണ്ട്, |
| അധനഃ ഫലീകരണം | = | ദരിദ്രൻ അല്പം ഉമിക്കുവേണ്ടിക്കൊണ്ട് |
| ധനദം ഇവ | = | കുബേരനെ സേവിക്കുന്നതുപോലെ |
| ആശിഷാം | = | ഐഹികസുഖങ്ങളുടെയും |
| സ്വർഗാപവർഗയോഃ അപി | = | സ്വർഗത്തിന്റെയും മോക്ഷത്തിന്റെയും കൂടി |
| ഈശ്വരം ഭവന്തം | = | ദാതൃത്വശക്തിയുള്ള നിന്തിരുവടിയെ |
| ഉപധാവതി | = | ശരണം പ്രാപിക്കുന്നു. |

ഇതും അവിടുത്തെ മായാവൈഭവമാകയാൽ ആശ്ചര്യത്തിന്നവകാശമില്ലെന്ന് ഇനി പറയുന്നു—

14 കോ വാ ഇഹ തേ ഽപരാജിതോ ഽപരാജിതയാ മായയാ ഽനവസിതപദവ്യാ ഽനാവൃതമതിർവിഷയവിഷരയാനാവൃതപ്രകൃതിരനുപാസിതമഹച്ചരണഃ.

| | | |
|---|---|---|
| അനുപാസിതമഹച്ചരണഃ | = | മഹാത്മാക്കളുടെ പാദപദ്മങ്ങളെ ഉപാസിക്കാത്തവനാണെങ്കിൽ |
| ഇഹ തേ | = | ഈ സംസാരത്തിൽ നിന്തിരുവടിയുടെ |
| അപരാജിതയാ മായയാ | = | ആരാലും ജയിക്കപ്പെടാത്ത മായയാൽ |
| അപരാജിതഃ കഃ വൈ | = | പരാജയപ്പെടാത്തവനായിട്ട് ആരുണ്ട്? |
| അനവസിതപദവ്യാ (തയാ) | = | അലക്ഷ്യമാർഗത്തോടുകൂടിയ ആ മായയാൽ |
| അനാവൃതമതിഃ | = | ആവരണം ചെയ്യപ്പെടാത്ത ബുദ്ധിയോടുകൂടിയവനായും, |
| വിഷയവിഷരയാ-നാവൃതപ്രകൃതിഃ കഃ | } | വിഷയവിഷവേഗത്താൽ ബാധിക്കപ്പെടാത്ത പ്രകൃതിയോടുകൂടിയവനായും ഇരിക്കുന്നവനായിട്ട് ആരുണ്ട്? |

15 യദ്ധ ഹ വാവ തവ പുനരദഭ്രകർത്തരിഹ സമാഹൂതസ്തത്രാർത്ഥധിയാം മന്ദാനാം നസ്തദ്യദ്ദേവഹേളനം ദേവദേവാർഹസി സാമ്യേന സർവാൻ പ്രതിവോഢുമവിദുഷാം.

| | | |
|---|---|---|
| അദഭ്രകർത്തഃ ദേവദേവ | = | ബഹുകാര്യകർത്താവേ! ദേവാധിദേവ! |
| പുനഃ യത് ഉഹ വാവ | = | പിന്നെ, യാതൊരു അല്പകാര്യത്തിനുവേണ്ടി |
| ഇഹ സമാഹൂതഃ | = | ഇവിടെ നിന്തിരുവടി വിളിച്ചുവരുത്തപ്പെട്ടുവോ, |
| തത്ര അർത്ഥധിയാം | = | ആയതിൽ (സന്താനലാഭത്തിൽ) പുരുഷാർത്ഥബുദ്ധിയോടുകൂടിയവരും |
| അവിദുഷാം മന്ദാനാം നഃ | = | അജ്ഞരും മൂഢരുമായ ഞങ്ങളുടെ ഭാഗത്തുനിന്ന് |

| | | |
|---|---|---|
| യത് ദേവഹേളനം തത് | = | യാതൊരു ഈശ്വരാവജ്ഞയാണോ സംഭവിച്ചതു്, അതു് |
| സർവ്വാൻ പ്രതി തവ സാമ്യേന | = | എല്ലാവരെക്കുറിച്ചും നിന്തിരുവടിക്കുള്ള സമത്വ വീക്ഷണത്താൽ |
| പ്രതിസോഢും അർഹസി | = | പ്രത്യേകം പൊറുത്തരുളുവാൻ അർഹിക്കുന്നു. |

ശ്രീശുക ഉവാച – ശ്രീശുകബ്രഹ്മർഷി പറഞ്ഞു—

16 ഇതി നിഗദേനാഭിഷ്ടൂയമാനോ ഭഗവാനനിമിഷർഷഭോ വർഷധരാ–
ഭിവാദിതാഭിവന്ദിതചരണഃ സദയമിദമാഹ.

| | | |
|---|---|---|
| ഇതി നിഗദേന | = | ഇങ്ങനെ ഗദ്യാത്മകസ്തോത്രംകൊണ്ടു് |
| അഭിഷ്ടൂയമാനഃ | = | സ്തുതിക്കപ്പെട്ടവനും |
| വർഷധരാഭിവാദിതാ–ഭിവന്ദിതചരണഃ | } | ജംബൂദ്വീപാന്തർഗതമായ ഭാരതവർഷത്തിന്റെ ഭരണാധികാരിയായ നാഭിയാൽ അഭിവന്ദിതന്മാരായ ആ ഋത്വിക്കുകളാൽ അടിതൊഴുതുവന്ദിക്കപ്പെട്ടവനും |
| അനിമിഷർഷഭഃ ഭഗവാൻ | = | ദേവപരിവൃഢനുമായ ശ്രീഹരി |
| സദയം ഇദം ആഹ | = | സകരുണം ഇങ്ങനെ അരുളിച്ചെയ്തു. |

ശ്രീഭഗവാനുവാച = ഭഗവാൻ അരുളിച്ചെയ്തു.

17 അഹോ ബതാഹമൃഷയോ ഭവദ്ഭിരവിതഥഗീർഭിർവരമസുലഭമഭിയാ–
ചിതോ യദമുഷ്യാത്മജോ മയാ സദൃശോ ഭൂയാദിതി മമാഹമേവാഭി–
രൂപഃ കൈവല്യാദഥാപി ബ്രഹ്മവാദോ ന മൃഷാ ഭവിതുമർഹതി മമൈവ
ഹി മുഖം യദ് ദ്വിജദേവകുലം.

| | | |
|---|---|---|
| അഹോ ബത ഋഷയഃ | = | ആഹാ! ആശ്ചര്യം! മുനിമാരേ! |
| അവിതഥഗീർഭിഃ ഭവദ്ഭിഃ | = | സത്യവാദികളായ ഭവാന്മാരാൽ |
| മയാ സദൃശഃ ആത്മജഃ | = | എനിക്കു തുല്യനായ പുത്രൻ |
| അമുഷ്യ ഭൂയാത് ഇതി | = | ഇദ്ദേഹത്തിനുണ്ടാകണമെന്നു |
| അസുലഭം വരം | = | അത്യന്തം ദുർല്ലഭമായ വരത്തെ |
| അഹം അഭിയാചിതഃ | = | ഞാൻ അഭിയാചിതനായി (എന്നോടു് നേരിട്ടു് വശ്യപ്പെട്ടുവല്ലോ) |
| യത് കൈവല്യാത് | = | എന്നാൽ, അദ്വിതീയത്വം നിമിത്തം |
| മമ അഹം ഏവ അഭിരൂപഃ | = | എനിക്കു് ഞാൻ മാത്രമേ തുല്യനായിട്ടുള്ളു. |
| അഥാപി ബ്രഹ്മവാദഃ | = | എന്നിരിക്കിലും, ബ്രാഹ്മണരുടെ മൊഴി |
| മൃഷാ ഭവിതും ന അർഹതി | = | പാഴിലാകുവാൻ പാടുള്ളതല്ല |
| യത്, ദ്വിജദേവകുലം | = | എന്തെന്നാൽ, മഹാബ്രാഹ്മണസമൂഹം |
| മമ ഏവ മുഖം ഹി | = | എന്റെതന്നെ മുഖമാണല്ലോ. |

18 തത ആഗ്നീധ്രീയേംऽശകലയാऽവതരിഷ്യാമ്യാത്മതുല്യമനുപലഭമാനഃ

| | | |
|---|---|---|
| **തതഃ ആഗ്നീധ്രീയേ** | = | **അതുകൊണ്ട്, ആഗ്നീധ്രപുത്രനായ നാഭിയിൽ,** |
| **ആത്മതുല്യം അനുപലഭമാനഃ** | = | എനിക്കു തുല്യനായി മറ്റൊരുത്തനെ കണ്ടുകിട്ടാത്തവനായ ഞാൻ |
| **അംശകലയാ അവതരിഷ്യാമി** | = | **ആത്മാംശത്താൽ അവതരിക്കുന്നുണ്ട്** |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

19 ഇതി നിശാമയന്ത്യാ മേരുദേവ്യാഃ പതിമഭിധായാന്തർദധേ ഭഗവാൻ

| | | |
|---|---|---|
| **മേരുദേവ്യാഃ നിശാമയന്ത്യാഃ** | = | മേരുദേവി കേട്ടുനില്ക്കത്തന്നെ |
| **ഇതി പതിം അഭിധായ** | = | ഇങ്ങനെ ഭർത്താവോടുപറഞ്ഞു |
| **ഭഗവാൻ അന്തർദധേ** | = | ഭഗവാൻ അന്തർദ്ധാനംചെയ്തു. |

20 ബർഹിഷി തസ്മിന്നേവ വിഷ്ണുദത്ത ഭഗവാൻ പരമർഷിഭിഃ പ്രസാദിതോ
നാഭേഃ പ്രിയചികീർഷയാ തദവരോധായനേ മേരുദേവ്യാം ധർമ്മാൻ
ദർശയിതുകാമോ വാതരശനാനാം ശ്രമണാനാമൃഷീണാമൂർദ്ധ്വമന്ഥി-
നാം ശുക്ലയാ തനുവാവതതാര.

| | | |
|---|---|---|
| **വിഷ്ണുദത്ത** | = | **അല്ലയോ പരീക്ഷിത്തേ !** |
| **തസ്മിൻ ഏവ ബർഹിഷി** | = | അതേ യജ്ഞത്തിൽവെച്ചുതന്നെ |
| **പരമർഷിഭിഃ** | = | മഹത്തമന്മാരായ ഋഷിമാരാൽ |
| **പ്രസാദിതഃ ഭഗവാൻ** | = | പ്രസാദിപ്പിക്കപ്പെട്ട ഭഗവാൻ |
| **നാഭേഃ പ്രിയചികീർഷയാ** | = | നാഭിരാജാവിന്നു് പ്രിയം ചെയ്യുവാനുള്ള ഇച്ഛയാൽ, |
| **തദവരോധായനേ മേരുദേവ്യാം** | = | **അദ്ദേഹത്തിന്റെ അന്തഃപുരത്തിൽ മേരുദേവിയിൽ** |
| **വാതരശനാനാം** | = | **ദിഗംബരന്മാരും** |
| **ഊർദ്ധ്വമന്ഥിനാം** | = | ഊർദ്ധ്വരേതസ്സുകളും |
| **ശ്രമണാനാം ഋഷീണാം** | = | കഠിന തപസ്വികളുമായ ജ്ഞാനയോഗികളുടെ |
| **ധർമ്മാൻ ദർശയിതുകാമഃ** | = | ധർമ്മങ്ങളെ കാട്ടിക്കൊടുപ്പാനുള്ള ആഗ്രഹത്തോടുകൂടി |
| **ശുക്ലയാ തനുവാ** | = | വിശുദ്ധസത്വാത്മകമായ സ്വരൂപത്തോടെ |
| **അവതതാര** | = | അവതാരം ചെയ്തു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ

നാഭിചരിതേ തൃതീയോഽദ്ധ്യായഃ ആദിതഃ സൂക്താനി 84.

അഞ്ചാമത്തെ സ്കന്ധത്തിൽ മൂന്നാമദ്ധ്യായം കഴിഞ്ഞു.

# ചതുർത്ഥോഽധ്യായഃ — അദ്ധ്യായം നാല്.

## ഋഷഭദേവചരിതം.

"ചതുർത്ഥേ ശതപുത്രസ്യ രാജ്യം തസ്യോപവർണ്ണ്യതേ
യസ്യ രാജ്യേ ജനഃ സർവ്വഃ സന്തോഷാമൃതനിർവൃതഃ"

ഭഗവാന്റെ അംശാവതാരമായ ശ്രീഋഷഭദേവന്റെ പുണ്യചരിതമാണ് ഇതുമുതൽ മൂന്നദ്ധ്യായം കൊണ്ടു് പറയുന്നതു്. ഈ അദ്ധ്യായത്തിലാകട്ടെ അദ്ദേഹം നൂറു് പുത്രന്മാരോടുകൂടി രാജ്യം ഭരിച്ചിരുന്ന പ്രകാരം വർണ്ണിക്കപ്പെടുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

1 അഥ ഹ തമുത്പത്ത്യൈവാഭിവ്യജ്യമാനഭഗവല്ലക്ഷണം സാമ്യോപശമവൈരാഗ്യൈശ്വര്യമഹാവിഭൂതിഭിരനുദിനമേധമാനാനുഭാവം പ്രകൃതയഃ പ്രജാ ബ്രാഹ്മണാ ദേവതാശ്ചാവനിതലസമവനായാതിതരാം ജഗൃഹുഃ.

| | | |
|---|---|---|
| അഥ ഉത്പത്ത്യാ ഏവ ഹ | = | അനന്തരം, ജനനാൽത്തന്നെ |
| അഭിവ്യജ്യമാനഭഗവല്ലക്ഷണം | = | അഭിവ്യഞ്ജിക്കപ്പെട്ടുവരുന്ന സർവ്വേശ്വര ലക്ഷണങ്ങളോടുകൂടിയവനും |
| സാമ്യോപശമവൈരാഗ്യൈശ്വര്യമഹാവിഭൂതിഭിഃ | } | സമത, ശാന്തത, വിരക്തി, അണിമാദിസിദ്ധികൾ, സമസ്തസമ്പത്തുകൾ എന്നിവയോടെ |
| അനുദിനം ഏധമാനാനുഭാവം തം | = | നാൾതോറും വളർന്നുവരുന്ന മഹിമാതിശയത്തോടുകൂടിയവനുമായ ആ രാജകുമാരനെ |
| പ്രകൃതയഃ | = | മന്ത്രിമാർ സേനാദ്ധ്യക്ഷന്മാർ മുതലായവരും, |
| പ്രജാഃ ബ്രാഹ്മണാഃ ദേവതാഃ ച | = | പ്രജകളും, ബ്രാഹ്മണരും, ദേവന്മാരുമെല്ലാം |
| അവനിതലസമവനായ | = | ഭൂതലസംരക്ഷണാർത്ഥം |
| അതിതരാം ജഗൃഹുഃ | = | അത്യന്തം അഭിലഷിച്ചു. |

2 തസ്യ ഹ വാ ഇത്ഥം വർഷ്മണാ വരീയസാ ബൃഹച്ഛ്ലോകേന ചൗജസാ ബലേന ശ്രിയാ യശസാ വീര്യശൗര്യാഭ്യാം ച പിതാ ഋഷഭ ഇതീദം നാമ ചകാര.

| | | |
|---|---|---|
| ഇത്ഥം വരീയസാ | = | ഈ വിധം അതിശ്രേഷ്ഠമായതും |
| ബൃഹച്ഛ്ലോകേന വർഷ്മണാ | = | വലിയ കവിവർണ്ണനകൾക്കു വിഷയീഭവിച്ചതുമായ ശരീരംകൊണ്ടും |

| | | |
|---|---|---|
| ഓജസാ ബലേന ശ്രിയാ ച യശസാ വീര്യശൗര്യാഭ്യാം ച | } | ഓജസ്സ്, ബലം, ശ്രീ, യശസ്സ്, വീര്യം, ശൗര്യം എന്നിവകൊണ്ടും |
| പിതാ തസ്യ ഹ | = | പിതാവ് ആ കുമാരന്ന് |
| ഋഷഭഃ ഇതി ഇദം നാമ വൈ ചകാര | } | 'ഋഷഭൻ' എന്നിങ്ങനെ അന്വർത്ഥമായ നാമകരണംതന്നെ ചെയ്തു. |

3 തസ്യ ഹീന്ദ്രഃ സ്പർധമാനോ ഭഗവാൻ വർഷേ ന വവർഷ തദവധാര്യ
ഭഗവാനൃഷഭദേവോ യോഗേശ്വരഃ പ്രഹസ്യാത്മയോഗമായയാ സ്വ-
വർഷമജനാഭം നാമാഭ്യവർഷത്.

| | | |
|---|---|---|
| ഭഗവാൻ ഇന്ദ്രഃ ഹി | = | ഭഗവാൻ ദേവേന്ദ്രനാകട്ടെ |
| സ്പർധമാനഃ | = | മത്സരബുദ്ധിയാൽകൊണ്ട് |
| തസ്യ വർഷേ ന വവർഷ | = | അവിടുത്തെ നാട്ടിൽ മഴ പെയ്യിച്ചില്ല. |
| യോഗേശ്വരഃ ഭഗവാൻ | = | യോഗേശ്വരനും ഭഗവാനുമായ |
| ഋഷഭദേവഃ | = | ശ്രീഋഷഭദേവൻ |
| തത് അവധാര്യ പ്രഹസ്യ | = | അതറിഞ്ഞു്, നന്നായൊന്നു ചിരിച്ച് |
| ആത്മയോഗമായയാ | = | തന്റെ യോഗമായാവൈഭവത്താൽ |
| അജനാഭം നാമ | = | അജനാഭം എന്നുപേരായ |
| സ്വവർഷം അഭ്യവർഷത് | = | സ്വരാഷ്ട്രമണ്ഡലത്തിലാകെയും മഴ ചൊരിയിച്ചു. |

4 നാഭിസ്തു യഥാഭിലഷിതം സുപ്രജസ്ത്വമവരുധ്യാതിപ്രമോദഭര-
വിഹ്വലോ ഗദ്ഗദാക്ഷരയാ ഗിരാ സ്വൈരം ഗൃഹീതനരലോക-
സധർമ്മം ഭഗവന്തം പുരാണപുരുഷം മായാവിലസിതമതിർവത്സ-
താതേതി സാനുരാഗമുപലാളയൻ പരാം നിർവൃതിമുപഗതഃ.

| | | |
|---|---|---|
| നാഭിഃ തു യഥാഭിലഷിതം | = | നാഭിയാകട്ടെ ഇച്ഛാനുസാരം |
| സുപ്രജസ്ത്വം അവരുധ്യ | = | നല്ല പുത്രനുണ്ടായവൻ എന്ന നിലയെ കൈവരിച്ച് |
| അതിപ്രമോദഭരവിഹ്വലഃ | = | അതിയായ സന്തോഷഭാരത്താൽ വിവശനായിഭവിച്ചു. |
| മായാവിലസിതമതിഃ (സഃ) | = | മായാവിമോഹിതചിത്തനായിരുന്ന അദ്ദേഹം |
| സ്വൈരം ഗൃഹീതനരലോകസധർമ്മം | } | സ്വേച്ഛയാ സ്വീകരിക്കപ്പെട്ട മർത്ത്യലോകാനുകരണത്തോടുകൂടിയവനും |
| പുരാണപുരുഷം ഭഗവന്തം | = | സാക്ഷാൽ ആദിപുരുഷനുമായ ഋഷഭദേവനെ |
| വത്സ താത ഇതി | = | "ഉണ്ണീ! മകനെ!" എന്നെല്ലാം |
| സാനുരാഗം ഗദ്ഗദയാ ഗിരാ | = | വാത്സല്യപൂർവ്വം ഇടറുന്ന വാക്കാൽ വിളിച്ച് |
| ഉപലാളയൻ | = | അടുത്തിരുത്തി താലോലിച്ചുകൊണ്ട് |
| പരാം നിർവൃതിം ഉപഗതഃ | = | പരമാനന്ദംകൊണ്ടു. |

5 വിദിതാനുരാഗമാപൗരപ്രകൃതി ജനപദോ രാജാ നാഭിരാത്മജം സമയ-
സേതുരക്ഷായാമഭിഷിച്യ ബ്രാഹ്മണേഷൂപനിധായ സഹ മേരുദേവ്യാ
വിശാലായാം പ്രസന്നനിപുണേന തപസാ സമാധിയോഗേന നര-
നാരായണാഖ്യം ഭഗവന്തം വാസുദേവമുപാസീനഃ കാലേന തന്മഹി-
മാനമവാപ.

| | | |
|---|---|---|
| ജനപദഃ രാജാ നാഭിഃ | = | ജനാഭിപ്രായത്തെ പ്രമാണമായെടുക്കുന്ന രാജാവായ നാഭി (ജനാഃ പദം - പ്രമാണം യസ്യ സഃ) |
| ആപൗരപ്രകൃതി | = | പുരവാസികൾ, അമാത്യാദികൾ എന്നിവരുൾപ്പെടെ എല്ലാവരുടെയും |
| വിദിതാനുരാഗം ആത്മജം | = | അറിയപ്പെട്ട സ്നേഹത്തോടുകൂടിയ പുത്രനെ |
| സമയസേതുരക്ഷായാം | = | ധർമ്മമര്യാദാസംരക്ഷണവിഷയത്തിൽ |
| അഭിഷിച്യ | = | രാജ്യാഭിഷേകം ചെയ്തു്, |
| ബ്രാഹ്മണേഷു ഉപനിധായ | = | ബ്രാഹ്മണരുടെ അടുത്തിരുത്തിയശേഷം |
| മേരുദേവ്യാ സഹ | = | പത്നിയായ മേരുദേവിയോടുകൂടെ |
| വിശാലായാം | = | വിശാലയിൽ — ബദരികാശ്രമത്തിൽ |
| പ്രസന്നനിപുണേന | = | അന്യന്മാർക്കു് സംഭ്രാന്തി ജനിപ്പിക്കാത്തതും തീവ്രവുമായ |
| തപസാ സമാധിയോഗേന | = | തപസ്സാലും സമാധിയോഗത്താലും |
| നരനാരായണാഖ്യം | = | നരനെന്നും നാരായണനെന്നും ഉള്ള പേരോടുകൂടിയ |
| ഭഗവന്തം വാസുദേവം | = | ഭഗവാൻ ശ്രീവാസുദേവനെ |
| ഉപാസീനഃ കാലേന | = | ഉപാസിച്ചിരുന്നു്, കാലത്താൽ |
| തന്മഹിമാനം അവാപ | = | അവിടുത്തെ മഹിമയെ (ജീവന്മുക്തതാവസ്ഥയെ) പ്രാപിച്ചു. |

യസ്യ ഹ പാണ്ഡവേയ ശ്ലോകാവുദാഹരന്തി.

യാതൊരു ഈ നാഭിയെ സംബന്ധിച്ചു്, അല്ലയോ പരീക്ഷിത്തേ ! രണ്ടു് ശ്ലോകങ്ങൾ അഭിജ്ഞന്മാർ ചൊല്ലിവരുന്നുണ്ടു്.

6 കോ നു തത് കർമ്മ രാജർഷേർനാഭേരന്വാചരേത് പുമാൻ
അപത്യതാമഗാദ്യസ്യ ഹരിഃ ശുദ്ധേന കർമ്മണാ.

| | | | |
|---|---|---|---|
| രാജർഷേഃ | രാജാവും ഋഷിയുമായിരുന്ന | യസ്യ | യാതൊരുവന്റെ |
| നാഭേഃ | നാഭിയുടെ | ശുദ്ധേന | ഭക്തിവിശുദ്ധമായ |
| തത് കർമ്മ | അത്തരത്തിലുള്ള കർമ്മത്തെ | കർമ്മണാ | യജ്ഞകർമ്മത്താൽ |
| കഃ നു പുമാൻ | ഏതൊരാൾ | ഹരിഃ | ഭഗവാൻ ശ്രീഹരി |
| അന്വാചരേത് | അനുകരിച്ചു് പ്രവർത്തിക്കുവാൻ ശക്തനാകും ? | അപത്യതാം | പുത്രഭാവത്തെ |
| | | അഗാത് | പ്രാപിച്ചു. |

7 ബ്രഹ്മണ്യോഽന്യഃ കുതോ നാഭേർവിപ്രാ മംഗളപൂജിതാഃ
യസ്യ ബർഹിഷി യജ്ഞേശം ദർശയാമാസുരോജസാ.

| | |
|---|---|
| നാഭേഃ | നാഭിരാജാവെക്കാൾ |
| ബ്രഹ്മണ്യഃ | ബ്രാഹ്മണഭക്തിയുള്ളവനായിട്ട് |
| അന്യഃ | മറെറാരുത്തൻ |
| കുതഃ | എവിടെയുണ്ട് ? |
| യസ്യ | യാതൊരുവൻെറ |
| ബർഹിഷി | യജ്ഞത്തിൽവെച്ച് |
| മംഗളപൂജിതാഃ | വിശിഷ്ടദക്ഷിണാദികളാൽ ആരാധിതരായി ഭവിച്ചിരുന്ന |
| വിപ്രാഃ | ബ്രാഹ്മണർ |
| യജ്ഞേശം | യജ്ഞഫലദാതാവായ ശ്രീഹരിയെ |
| ഓജസാ | മന്ത്രവൈഭവത്താൽ |
| ദർശയാമാസുഃ | പ്രത്യക്ഷമായി കാട്ടി കൊടുത്തുപോൽ. |

8 അഥ ഹ ഭഗവാനൃഷഭദേവഃ സ്വവർഷം കർമ്മക്ഷേത്രമനുമന്യമാനഃ പ്രദർശിതഗുരുകുലവാസോ ലബ്ധവരൈർഗുരുഭിരനുജ്ഞാതോ ഗൃഹമേധിനാം ധർമ്മാനനുശിക്ഷമാണോ ജയന്ത്യാമിന്ദ്രദത്തായാമുഭയലക്ഷണം കർമ്മ സമാമ്നായാമ്നാതമഭിയുഞ്ജന്നാത്മജാനാമാത്മസമാനാനാം ശതം ജനയാമാസ.

| | | |
|---|---|---|
| അഥ ഹ | = | അതിൽപ്പിന്നെ, |
| ഭഗവാൻ ഋഷഭദേവഃ | = | ഭഗവാനായ ഋഷഭദേവൻ |
| സ്വവർഷം കർമ്മക്ഷേത്രം അനുമന്യമാനഃ | } | താൻ പരിപാലിക്കുന്ന അജനാഭവർഷമെന്ന ഭൂമണ്ഡലം കർമ്മഭൂമിയാണെന്നു് കരുതിക്കൊണ്ടു് |
| പ്രദർശിതഗുരുകുലവാസഃ | = | ലോകശിക്ഷണാർത്ഥം കാട്ടിക്കൊടുക്കപ്പെട്ട ഗുരുകുലവാസത്തോടുകൂടിയവനായിട്ട് |
| ലബ്ധവരൈഃ ഗുരുഭിഃ അനുജ്ഞാതഃ | = | ഗുരുദക്ഷിണ ലഭിച്ച ആചാര്യന്മാരാൽ ഗൃഹസ്ഥാശ്രമത്തിലേക്കു് അനുവദിക്കപ്പെട്ടവനായിഭവിച്ചു്, |
| ഗൃഹമേധിനാം ധർമ്മാൻ | = | ഗൃഹസ്ഥന്മാരുടെ ധർമ്മങ്ങളെ |
| അനുശിക്ഷമാണഃ | = | ലോകത്തിന്നു് ഉപദേശിക്കാനായി |
| സമാമ്നായാമ്നാതം | = | ശാസ്ത്രനിർദിഷ്ടമായതും |
| ഉഭയലക്ഷണം കർമ്മ | = | ശ്രൗതസ്മാർത്തോഭയലക്ഷണയുക്തവുമായ കർമ്മത്തെ |
| അഭിയുഞ്ജൻ | = | അനുഷ്ഠിച്ചുകൊണ്ടു് |
| ഇന്ദ്രദത്തായാം ജയന്ത്യാം | = | ഇന്ദ്രനാൽ കൊടുക്കപ്പെട്ട ജയന്തിയെന്ന ഭാര്യയിൽ |
| ആത്മസമാനാനാം ആത്മജാനാം ശതം | } | തനിക്കു തുല്യരായ നൂറു പുത്രന്മാരെ |
| ജനയാമാസ | = | ജനിപ്പിച്ചു. |

9 യേഷാം ഖലു മഹായോഗീ ഭരതോ ജ്യേഷ്ഠഃ ശ്രേഷ്ഠഗുണഃ ആസീദ്യേനേദം വർഷം ഭാരതമിതി വ്യപദിശന്തി.

| | | |
|---|---|---|
| യേഷാം ജ്യേഷ്ഠഃ ഭരതഃ ഖലു | = | ഇവരിൽ മൂത്തപുത്രനായ ഭരതനാകട്ടെ |
| മഹായോഗീ ശ്രേഷ്ഠഗുണഃ ആസീത് | } | മഹായോഗിയും ഉൽകൃഷ്ടഗുണസമ്പന്നനുമായിരുന്നു |
| യേന ഇദം വർഷം | = | യാതൊരാൾ നിമിത്തമായി ഈ ഭൂവിഭാഗത്തെ |
| ഭാരതം ഇതി വ്യപദിശന്തി | = | 'ഭാരതം' എന്നു പറഞ്ഞുവരുന്നു. |

ആദ്യം അജനാഭമെന്നു പേർപറഞ്ഞുവന്നിരുന്ന ഈ വർഷത്തിന് ഋഷഭദേവപുത്രനായ ഭരതന്റെ കാലംമുതല്ക്ക് "ഭാരതം" എന്ന പേരുണ്ടായി. ഇതു് അദ്ദേഹത്തിന്റെ ഉൽകൃഷ്ടഗുണങ്ങളെ അനുസ്മരിപ്പിക്കുന്നു. (വർഷം = ഭൂവിഭാഗം അഥവാ ദേശം)

10 തമനു കുശാവർത്ത ഇളാവർത്തോ ബ്രഹ്മാവർത്തോ മലയഃ കേതുർഭദ്രസേന
ഇന്ദ്രസ്പൃഗ്വിദർഭഃ കീകട ഇതി നവ നവതിപ്രധാനാഃ.

11 കവിർഹരിരന്തരിക്ഷഃ പ്രബുദ്ധഃ പിപ്പലായനഃ
ആവിർഹോത്രോഽഥ ദ്രുമിളശ്ചമസഃ കരഭാജനഃ.

12 ഇതി ഭാഗവതധർമ്മപ്രദർശനാ നവ മഹാഭാഗവതാസ്തേഷാം സുചരിതം
ഭഗവന്മഹിമോപബൃംഹിതം വസുദേവനാരദസംവാദമുപശമായന-
മുപരിഷ്ടാദ്വർണയിഷ്യാമഃ.

| | | |
|---|---|---|
| തം അനു കുശാവർത്തഃ.................. ......................ഇതി നവ നവതിപ്രധാനാഃ | } | അദ്ദേഹത്തിന്റെ അനുജാതരായിട്ടു് കുശാവർത്തൻ, ഇളാവർത്തൻ, ബ്രഹ്മാവർത്തൻ, മലയൻ, കേതു, ഭദ്രസേനൻ, ഇന്ദ്രസ്പൃക്ക്, വിദർഭൻ, കീകടൻ, എന്നീ ഒമ്പതുപേർ മററു തൊണ്ണൂറപേരിൽ പ്രമുഖന്മാരായിരുന്നു. |
| അഥ കവിഃ .................... ........................കരഭാജനഃ | } | പിന്നെ, കവി, ഹരി, അന്തരിക്ഷൻ, പ്രബുദ്ധൻ, പിപ്പലായൻ, ആവിർഹോത്രൻ, ദ്രുമിളൻ, ചമസൻ, കരഭാജനൻ— |
| ഇതി നവ മഹാഭാഗവതാഃ | = | എന്നീ ഒമ്പതുപേർ വലിയ ഭഗവദ്ഭക്തന്മാരും |
| ഭാഗവതധർമ്മപ്രദർശനാഃ | = | ഭാഗതധർമ്മങ്ങളെ ലോകത്തിന് കാട്ടിക്കൊടുക്കുന്നവരുമായിരുന്നു |
| ഭഗവന്മഹിമോപബൃംഹിതം | = | ഭഗവന്മാഹാത്മ്യത്താൽ മികച്ചതും |
| ഉപശമായനം | = | ശാന്തിമാർഗ്ഗത്തിലേക്ക് എത്തിക്കുന്നതുമായ |
| തേഷാം സുചരിതം | = | അവരുടെ ശുഭചരിതം |
| വസുദേവനാരദസംവാദം | = | വസുദേവരുടേയും നാരദമുനിയുടേയും അന്യോന്യസംഭാഷണരൂപമായി |
| ഉപരിഷ്ടാത് വർണ്ണയിഷ്യാമഃ | = | മേലിൽ (ഏകാദശസ്കന്ധത്തിൽ) വിസ്തരിച്ചുപറയും |

13 യവീയാംസ ഏകാശീതിർജായന്തേയാഃ പിതുരാദേശകാരിണോ മഹാ-
ശാലീനാ മഹാശ്രോത്രിയാ യജ്ഞശീലാഃ കർമ്മവിശുദ്ധാ ബ്രാഹ്മണാ
ബഭൂവുഃ.

| | | |
|---|---|---|
| യവീയാംസഃ ജായന്തേയാഃ | = | ഇളയവരായ ജയന്തീപുത്രന്മാർ |
| ഏകാശീതിഃ | = | എൺപത്തൊന്നുപേർ |
| പിതുഃ ആദേശകാരിണഃ | = | പിതാവിന്റെ ആജ്ഞകളെ അനുസരിക്കുന്നവരും |
| മഹാശാലീനാഃ | = | അതിവിനയസമ്പന്നരും |
| മഹാശ്രോത്രിയാഃ | = | വേദാധ്യയനനിരതന്മാരും |
| യജ്ഞശീലാഃ | = | യജ്ഞാനുഷ്ഠാനസ്വഭാവമുള്ളവരും |
| കൎമ്മവിശുദ്ധാഃ | = | കൎമ്മത്താൽ ചിത്തശുദ്ധിവന്നവരുമായ |
| ബ്രാഹ്മണാഃ ബഭൂവുഃ | = | ബ്രാഹ്മണരായി ഭവിച്ചു. |

14 ഭഗവാനൃഷഭസംജ്ഞ ആത്മതന്ത്രഃ സ്വയം നിത്യനിവൃത്താനൎത്ഥപരംപരഃ കേവലാനന്ദാനുഭവ ഈശ്വര ഏവ വിപരീതവത് കൎമ്മാണ്യാരഭമാണഃ കാലേനാനുഗതം ധൎമ്മമാചരണേനോപശിക്ഷയന്നതദ്വിദാം സമ ഉപശാന്തോ മൈത്രഃ കാരുണികോ ധൎമ്മാൎത്ഥയശഃപ്രജാനന്ദാമൃതാവരോധേന ഗൃഹേഷു ലോകം നിയമയത്.

15 യദ്യച്ഛീൎഷണ്യാചരിതം തത്തദനുവൎത്തതേ ലോകഃ.

| | | |
|---|---|---|
| ഋഷഭസംജ്ഞഃ ഭഗവാൻ | = | ഋഷഭനെന്ന പേരോടെ അവതരിച്ച ഭഗവാൻ |
| സ്വയം ആത്മതന്ത്രഃ | = | സ്വതവേ സ്വതന്ത്രനും |
| നിത്യനിവൃത്താനൎത്ഥപരംപരഃ | = | ശാശ്വതമായി നിവൎത്തിച്ചിരിക്കുന്ന അനൎത്ഥപരംപരകളോടുകൂടിയവനും |
| കേവലാനന്ദാനുഭവഃ | = | വിശുദ്ധാനന്ദാനുഭൂതിസ്വരൂപനും ആയ |
| ഈശ്വരഃ ഏവ | = | ഈശ്വരൻതന്നെയാണ് (എങ്കിലും) |
| വിപരീതവത് | = | അതല്ലാത്ത മററൊരുത്തനെപ്പോലെ |
| കൎമ്മാണി ആരഭമാണഃ | = | കൎമ്മങ്ങളെ തുടരെ നടത്തിക്കൊണ്ടും |
| കാലേന അനുഗതം ധൎമ്മം | = | കാലത്താൽ അഴിക്കപ്പെട്ട ധൎമ്മത്തെ |
| അതദ്വിദാം | = | അതറിഞ്ഞുകൂടാത്തവൎക്ക് |
| ആചരണേന ഉപശിക്ഷയൻ | = | തന്റെ അനുഷ്ഠാനത്താൽ കാട്ടിക്കൊടുത്തുകൊണ്ടും |
| സമഃ ഉപശാന്തഃ മൈത്രഃ | = | സമദൎശിയും പ്രശാന്താത്മാവും ഹിതൈഷിയും |
| കാരുണികഃ | = | കാരുണികനുമായി വൎത്തിച്ച് |
| ധൎമ്മാൎത്ഥയശഃപ്രജാനന്ദാമൃതാവരോധേന | } | ധൎമ്മം, അൎത്ഥം, യശസ്സ്, സന്തതി, വിഷയഭോഗങ്ങൾ, മോക്ഷം എന്നിവയുടെ സംപ്രാപ്തിക്കായി |
| ലോകം ഗൃഹേഷു നിയമയത് | = | ലോകത്തെ ഗൃഹസ്ഥവൃത്തികളിൽ നിയന്ത്രണം ചെയ്തു. |
| ശീൎഷണ്യാചരിതം യത് യത് | = | തലപ്പത്തുള്ളവൻ (നേതൃസ്ഥാനത്തിരിക്കുന്നവൻ) പ്രവൎത്തിക്കുന്നതെന്തോ, |
| ലോകഃ തത് തത് അനുവൎത്തതേ | = | ജനസമുദായം അതെല്ലാം അനുവൎത്തിക്കുന്നതാണ്. |

16 യദ്യപി സ്വവിദിതം സകലധൎമ്മം ബ്രാഹ്മം ഗുഹ്യം ബ്രാഹ്മണൈർദൎശിതമാൎഗ്ഗേണ സാമാദിഭിരുപായൈൎജ്ജനതാമനുശശാസ.

സകലധർമ്മം ബ്രാഹ്മം ഗുഹ്യം = സർവ്വധർമ്മങ്ങളും അടങ്ങിയ വേദരഹസ്യം
യദ്യപി സ്വവിദിതം (തഥാപി) = തന്നാൽ സ്വയം പരിജ്ഞാതമാണെന്നിരിക്കിലും
ബ്രാഹ്മണൈഃ ദർശിതമാർഗേണ = ബ്രാഹ്മണരാൽ കാട്ടിക്കൊടുക്കപ്പെട്ട മാർഗ്ഗത്തിലൂടെ
സാമാദിഭിഃ ഉപായൈഃ = സാമാദ്യുപായങ്ങളാൽ
ജനതാം അനുശശാസ = ജനനിവഹത്തെ കൊണ്ടുനടത്തി.

17 ദ്രവ്യദേശകാലവയഃശ്രദ്ധർത്വിഗ്വിവിധോദ്ദേശോപചിതൈഃ സർ-
വൈരപി ക്രതുഭിര്യഥോപദേശം ശതകൃത്വ ഇയാജ.

ദ്രവ്യദേശകാലവയഃശ്രദ്ധർത്വി-
ഗ്വിവിധോദ്ദേശോപചിതൈഃ } ദ്രവ്യം, ദേശം, കാലം, യുവാവസ്ഥ, ശ്രദ്ധ, ഋത്വിക്കുകൾ, നാനാദേവതോദ്ദേശങ്ങൾ എന്നിവ കൊണ്ടു് സംപുഷ്ടമായ
സർവൈഃ അപി ക്രതുഭിഃ = എല്ലാ തരത്തിലുള്ള യജ്ഞങ്ങൾകൊണ്ടും
യഥോപദേശം ശതകൃത്വഃ ഇയാജ = യഥാവിധി നൂറുപ്രാവശ്യം യജിച്ചു.

18 ഭഗവതർഷഭേണ പരിരക്ഷ്യമാണ ഏതസ്മിൻ വർഷേ ന കശ്ചന
പുരുഷോ വാഞ്ഛത്യവിദ്യമാനമിവാത്മനോഽന്യസ്മാത് കഥഞ്ചന
കിമപി കർഹിചിദവേക്ഷതേ ഭർത്തര്യനുസവനം വിജൃംഭിതസ്നേഹാതി-
ശയമന്തരേണ.

ഭഗവതാ ഋഷഭേണ = ഭഗവാനായ ഋഷഭദേവനാൽ
പരിരക്ഷ്യമാണെ = സംരക്ഷിക്കപ്പെടുന്ന
ഏതസ്മിൻ വർഷേ = ഈ ഭൂവിഭാഗത്തിൽ
കശ്ചന പുരുഷഃ = ഒരാളും തന്നെ
അനുസവനം ഭർത്തരി = പ്രതിക്ഷണം, പാലകനിൽ
വിജൃംഭിതസ്നേഹാ-
തിശയം അന്തരേണ { വർദ്ധിച്ചുവന്ന സ്നേഹാതിശയമല്ലാതെ
അവിദ്യമാനം ഇവ = മറെറാന്നുമേ ഇല്ലാത്തതായ മട്ടിൽ
ആത്മനഃ അന്യസ്മാത് = തനിക്കു് അന്യന്റെ അടുക്കൽനിന്നു്
കിമപി കഥഞ്ചന കർഹിചിത് = എന്തെങ്കിലും, എങ്ങനെയെങ്കിലും, എപ്പോഴെങ്കിലും
ന വാഞ്ഛതി ന അവേക്ഷതേ= ആഗ്രഹിച്ചിരുന്നില്ല; പ്രതീക്ഷിച്ചിരുന്നില്ല.

19 സ കദാചിദടമാനോ ഭഗവാനൃഷഭോ ബ്രഹ്മാവർത്തഗതോ ബ്രഹ്മർഷി-
പ്രവരസഭായാം പ്രജാനാം നിശാമയന്തീനാം ആത്മജാനവഹിതാ-
ത്മനഃ പ്രശ്രയപ്രണയഭരസുയന്ത്രിതാനപ്യുപശിക്ഷയന്നിതി ഹോവാച

സഃ ഭഗവാൻ ഋഷഭഃ = ആ ഭഗവാനായ ഋഷഭദേവൻ
കദാചിത് അടമാനഃ = ഒരിക്കൽ ദേശാടനംചെയ്തുകൊണ്ടു്
ബ്രഹ്മാവർത്തഗതഃ = ബ്രഹ്മാവർത്തത്തിലെത്തിച്ചേർന്നു.

| | | |
|---|---|---|
| ബ്രഹ്മർഷിപ്രവരസഭായാം | = | ബ്രഹ്മർഷിമുഖ്യന്മാരുടെ സദസ്സിൽവെച്ചു് |
| പ്രജാനാം നിശാമയന്തീനാം | = | പ്രജകളെല്ലാം കേട്ടുനില്ക്കവേ, |
| പ്രശ്രയപ്രണയഭരസുയന്ത്രിതാൻ | = | വിനയസ്നേഹങ്ങളുടെ നിർഭരതയാൽ നിയന്ത്രിതരും |
| അവഹിതാത്മനഃ അപി | = | മനസ്സടക്കമുള്ളവരാണെന്നിരിക്കിലുംകൂടി |
| ആത്മജാൻ ഉപശിക്ഷൻ ഇദം ഹ ആഹ | } | പുത്രന്മാരെ ഉപദേശിക്കാനായി ഇങ്ങനെപറഞ്ഞു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ ഋഷഭദേവാനുചരിതേ
ചതുർത്ഥോഽധ്യായഃ ആദിതഃ ശ്ലോകാനി 103

അഞ്ചാമത്തെ സ്കന്ധത്തിൽ നാലാമധ്യായം കഴിഞ്ഞു.

# പഞ്ചമോഽധ്യായഃ — അധ്യായം അഞ്ചു്.

## ഋഷഭദേവന്റെ ജ്ഞാനോപദേശം.

"പഞ്ചമേ മോക്ഷധർമ്മോപദേശൈഃ പുത്രാനുശാസനം
ഉക്തം പാരമഹംസ്യം ച തസ്യ ദ്വന്ദ്വതിതിക്ഷയാ".

ഋഷഭദേവൻ പുത്രന്മാക്കു് മോക്ഷധർമ്മോപദേശം ചെയ്തു്, സ്വയം പരമഹംസചര്യ സ്വീകരിച്ചതു് ഈ അധ്യായത്തിൽ പറയുന്നു.

താഴെ 27 ശ്ലോകങ്ങൾ ആ ഉപദേശവചനമാകുന്നു.

ഋഷഭ ഉവാച — ഋഷഭഭഗവാൻ അരുളിച്ചെയ്തു.

1 നായം ദേഹോ ദേഹഭാജാം നൃലോകേ
കഷ്ടാൻ കാമാനർഹതേ വിഡ്ഭുജാം യേ
തപോ ദിവ്യം പുത്രകാ യേന സത്ത്വം
ശുദ്ധ്യേദ്യസ്മാദ് ബ്രഹ്മസൗഖ്യം ത്വനന്തം.

| | | | |
|---|---|---|---|
| നൃലോകേ | മർത്ത്യലോകത്തിൽ | ന അർഹതേ | അർഹിക്കുന്നില്ല. (വിഷയാനുഭൂതിക്കുള്ളതല്ല.) |
| ദേഹഭാജാം | ശരീരമെടുത്തവരുടെ | വിഡ്ഭുജാം | അമേധ്യം തിന്നുജീവിക്കുന്ന ജന്തുക്കൾക്ക പോലും |
| അയം ദേഹഃ | ഈ ശരീരം | | |
| കഷ്ടാൻ | ദുഃഖപ്രദങ്ങളായ | | |
| കാമാൻ | വിഷയഭോഗങ്ങളെ | | |

| | |
|---|---|
| യേ (സന്തി) | ഈവക സുഖഭോഗങ്ങളും ഉള്ളതാണ്. |
| പുത്രകാഃ | പ്രിയപുത്രന്മാരേ ! |
| ദിവ്യം | ഉൽകൃഷ്ടമായ |
| തപഃ | തപസ്സിനെ |
| (അർഹതി) | അതർഹിക്കുന്നു. |
| യേന | യാതൊരു തപസ്സുകൊണ്ട് |
| സത്ത്വം | അന്തഃകരണം |
| ശുദ്ധ്യേത് | തെളിഞ്ഞുകൂടും ; |
| യസ്മാത്തു | യാതൊരീ തെളിമയാൽ |
| അനന്തം | അനശ്വരമായ |
| ബ്രഹ്മസൗഖ്യം | ബ്രഹ്മാനന്ദം ഉണ്ടാകും. |

മനുഷ്യദേഹം ജന്തുസാധാരണമായ തുച്ഛഭോഗത്തിനുള്ളതാകരുത്, അതു തപസ്സിലൂടെ–ത്യാഗത്തിലൂടെ ശാശ്വതബ്രഹ്മാനന്ദാനുഭൂതിക്ക് ഉതകണം എന്നു് സാരാർത്ഥം.

ഇനി മുക്തിയുടേയും ബന്ധത്തിന്റെയും കാരണം അടുത്ത ശ്ലോകത്തിന്റെ പൂർവ്വാർദ്ധംകൊണ്ട പറഞ്ഞശേഷം അതിന്റെ ഉത്തരാർദ്ധംകൊണ്ടും തുടർന്നുള്ള ഒരു ശ്ലോകംകൊണ്ടും മഹാത്മാക്കളുടെ ലക്ഷണം നിർവ്വചിക്കുന്നു.

2 മഹത്സേവാം ദ്വാരമാഹുർവിമുക്തേ-
സ്തമോദ്വാരം യോഷിതാം സംഗിസംഗം
മഹാന്തസ്തേ സമചിത്താഃ പ്രശാന്താ
വിമന്യവഃ സുഹൃദഃ സാധവോ യേ.

| | |
|---|---|
| മഹത്സേവാം | മഹാത്മാക്കളെ സേവിക്കുക എന്നതിനെ |
| വിമുക്തേഃ | മോക്ഷത്തിന്റെ |
| ദ്വാരം | കവാടമായിട്ട് |
| ആഹുഃ | പറയുന്നു. |
| യോഷിതാം | സ്ത്രീകളുടെ |
| സംഗിസംഗം | സമ്പർക്കമുള്ളവരോട്ട് (വിഷയികളോട്ട)കൂടിയുള്ള ഇടപഴക്കത്തെ |
| തമോദ്വാരം | നരകത്തിലേക്കുള്ള കവാടമായിട്ട് (പറയുന്നു). |
| യേ | യാതൊരുവർ |
| സമചിത്താഃ | സമഭാവനയുള്ളവരും |
| പ്രശാന്താഃ | മനസ്സടക്കമുള്ളവരും |
| വിമന്യവഃ | കോപമില്ലാത്തവരും |
| സുഹൃദഃ | സർവ്വസുഹൃത്തുക്കളും |
| സാധവഃ | സദാചാരമുള്ളവരും ആകുന്നുവോ, |
| തേ | അവർ |
| മഹാന്തഃ | മഹാത്മാക്കളാണ്. |

3 യേ വാ മയീശേ കൃതസൗഹൃദാർത്ഥാ
ജനേഷു ദേഹംഭരവാർത്തികേഷു
ഗൃഹേഷു ജായാത്മജരാതിമത്സു
ന പ്രീതിയുക്താ യാവദർത്ഥാശ്ച ലോകേ.

| | |
|---|---|
| മയി | ഞാനാവുന്ന |
| ഈശേ | സർവ്വേശ്വരനിൽ |
| കൃതസൗഹൃദാർത്ഥാഃ | ചെയ്യപ്പെട്ട പ്രേമഭക്തി തന്നെയാവുന്ന പുരുഷാർത്ഥത്തോടുകൂടിയവരായി |
| ദേഹംഭരവാർത്തികേഷു | ശരീരഭരണസംബന്ധമായ വിഷയങ്ങളെപ്പററിമാത്രം ചർച്ചചെയ്യുന്ന |

| | |
|---|---|
| ജനേഷു | ജനങ്ങളിലും |
| ജായാത്മജ-രാതിമത്സു | ഭാര്യാമക്കൾ, ബന്ധുമിത്രാദികൾ എന്നിവരടങ്ങിയ |
| ഗൃഹേഷു | ഗൃഹങ്ങളിലും |
| ന പ്രീതിയുക്താഃ | താത്പര്യമുള്ളവരാകാതെയും |
| ലോകേ | ലോകത്തിൽ |
| യാവദർത്ഥാഃ ച | ശരീരസന്ധാരണത്തിന് ആവശ്യമായേടത്തോളം സാധനങ്ങളെ സ്വീകരിക്കുകയും ചെയ്തുകൊണ്ടു് |
| യേ വാ (വർത്തന്തേ | യാവചിലർമാത്രം വർത്തിക്കുന്നുവോ |
| തേ മഹാന്തഃ) | അവർ മഹാത്മാക്കളാണു് |

മനുഷ്യദേഹം തുച്ഛഭോഗങ്ങൾക്കുള്ളതല്ല എന്നു് മുമ്പുപറഞ്ഞ സംഗതിയെ ഇനി ഉപപാദിക്കുന്നു.

4 നൂനം പ്രമത്തഃ കുരുതേ വികർമ്മ
യദിന്ദ്രിയപ്രീതയ ആപൃണോതി
ന സാധു മന്യേ യത ആത്മനോഽയ-
മസന്നപി ക്ലേശദ ആസ ദേഹഃ

| | |
|---|---|
| യത് | എപ്പോൾ |
| ഇന്ദ്രിയ-പ്രീതയേ | ഇന്ദ്രിയങ്ങളുടെ സന്തർപ്പണത്തിനുവേണ്ടി |
| ആപൃണോതി | ഉദ്യമിക്കുന്നുവോ, |
| (തദാ) | അന്നേരത്തു് |
| പ്രമത്തഃ (സൻ) | വിവേകഭ്രഷ്ടനായിട്ടു് |
| വികർമ്മ | (മനുഷ്യൻ) പാപകർമ്മം |
| നൂനം | നിശ്ചയമായും |
| കുരുതേ | ചെയ്യുന്നതാണു്. |
| യതഃ | യാതൊരു പൂർവ്വകൃതകർമ്മത്തിൽനിന്നാണോ, |
| അസൻ അപി | മിഥ്യയാണെന്നിരിക്കിലും |
| ആത്മനഃ | തനിക്കു് |
| ക്ലേശദഃ | ക്ലേശാവഹമായിത്തീർന്നിരിക്കുന്ന |
| അയം ദേഹഃ | ഈ ശരീരം |
| ആസ | സംഭവിച്ചിരിക്കുന്നതു്, |
| (തസ്യ | ആ കർമ്മത്തിന്റെതന്നെ |
| പുനഃ കരണം) | പുനരാവിഷ്കരണം |
| സാധു | നല്ലതായിട്ടു് |
| ന മന്യേ | ഞാൻ വിചാരിക്കുന്നില്ല. |

ദേഹാദികൾ നശ്വരങ്ങളാകയാൽ തന്നിമിത്തങ്ങളായ ക്ലേശങ്ങൾ എന്നുമാത്രമുണ്ടു് എന്നു തോന്നുന്നുവെങ്കിൽ അതിനു പറയുന്നു:-

5 പരാഭവസ്താവദബോധജാതോ
യാവന്ന ജിജ്ഞാസത ആത്മതത്ത്വം
യാവത് ക്രിയാസ്താവദിദം മനോ വൈ
കർമ്മാത്മകം യേന ശരീരബന്ധഃ.

| | |
|---|---|
| യാവത് | എത്ര കാലത്തോളം |
| ആത്മതത്ത്വം | ആത്മയാഥാർത്ഥ്യത്തെ |
| ന ജിജ്ഞാസതേ | അറിവാനുള്ള ഇച്ഛയുണ്ടാവുന്നില്ലയോ, |
| താവത് | അത്രകാലത്തോളം |

| | |
|---|---|
| അബോധജാതഃ | അജ്ഞാനത്തിൽ നിന്നുളവായ |
| പരാഭവഃ | ആത്മതിരസ്കാരം നിലനില്ക്കും |
| യാവത് | എത്രകാലത്തോളം |
| ക്രിയാഃ | കർമ്മത്തിന്റെ പ്രവൃത്തനങ്ങളും ഉണ്ടാകുന്നുവോ, |
| താവത് | അത്രകാലംവരെക്കും |
| ഇദം മനഃ | ഈ മനസ്സ് |
| കർമ്മാത്മകം വൈ | കർമ്മസ്വഭാവമായിത്തന്നെ ഇരിക്കുന്നതാണ് |
| യേന | യാതൊരു ഈ കർമ്മവാസനാത്മകമായ മനസ്സിനാൽ |
| ശരീരബന്ധഃ | വീണ്ടും ശരീരബന്ധം ഉണ്ടായിത്തീരും. |

6 ഏവം മനഃ കർമ്മ വശം പ്രയുങ്ക്തേ
അവിദ്യയാത്മന്യുപധീയമാനേ
പ്രീതിർന യാവന്മയി വാസുദേവേ
ന മുച്യതേ ദേഹയോഗേന താവത്

| | |
|---|---|
| അവിദ്യയാ | അജ്ഞാനത്താൽ |
| ആത്മനി | ആത്മസ്വരൂപം |
| ഉപധീയമാനേ | ആച്ഛാദനം ചെയ്യപ്പെടുമ്പോൾ, |
| ഏവം | ഇപ്രകാരം |
| കർമ്മ | പൂർവ്വകൃതമായ കർമ്മം |
| മനഃ | മനസ്സിനെ |
| വശം പ്രയുങ്ക്തേ | പിന്നെയും സ്വായത്തമാക്കിത്തീർക്കുന്നു. |
| യാവത് | എത്രത്തോളം കാലം |
| വാസുദേവേ | വാസുദേവനായ (വിശുദ്ധസത്വാത്മകമൂർത്തിയായ) |
| മയി | എന്നിൽ |
| പ്രീതിഃ ന | പ്രേമലക്ഷണഭക്തിയുണ്ടാകുന്നില്ലയോ, |
| താവത് | അത്രയും കാലംവരെ |
| ദേഹയോഗേന | ശരീരബന്ധത്താൽ |
| ന മുച്യതേ | മോചിക്കപ്പെടുന്നതല്ല. |

ഇതു മാത്രമല്ല, അനർത്ഥം വേറെയുമുണ്ടെന്നു് ചൂണ്ടിക്കാണിക്കുന്നു—

7 യദാ ന പശ്യത്യയഥാ ഗുണേഹാം
സ്വാർത്ഥേ പ്രമത്തഃ സഹസാ വിപശ്ചിത്
ഗതസ്മൃതിർവിന്ദതി തത്ര താപാ-
നാസാദ്യ മൈഥുന്യമഗാരമജ്ഞഃ

| | |
|---|---|
| സ്വാർത്ഥേ | തന്റെ യഥാർത്ഥമായ ജീവിതപ്രയോജനത്തിൽ |
| പ്രമത്തഃ | ശ്രദ്ധവെക്കാത്തുള്ള മനുഷ്യൻ |
| യദാ | എപ്പോൾ |
| വിപശ്ചിത് | ബോധവാനായിഭവിച്ചു് |
| ഗുണേഹാം | ഇന്ദ്രിയങ്ങളുടെ ചേഷ്ടയെ |
| അയഥാ | മിഥ്യയായിട്ടു് (ആത്മസംബന്ധിയല്ലാത്തതു്) |
| ന പശ്യതി | കാണാതിരിക്കുന്നുവോ, |
| തത്ര | അന്നേരത്തു് |
| സഹസാ | ഉടനടി |
| ഗതസ്മൃതിഃ | സ്വസ്വരൂപസ്മൃതി വിട്ടുപോയി |
| അജ്ഞഃ | മൂഢനായിത്തീർന്നു് |

| | | | |
|---|---|---|---|
| മൈഥുന്യം | വിഷയസുഖൈകതാനമായ | ആസാദ്യ | പ്രാപിച്ച് |
| അഗാരം | ഗൃഹത്തെ (ഗാർഹികജീവിതത്തെ) | താപാൻ | ക്ലേശങ്ങളെ |
| | | വിന്ദതി | അനുഭവിക്കുന്നു. |

അതെങ്ങനെ? ഗൃഹത്തിൽ ഭാര്യയോടുകൂടിയിരുന്നുസുഖിക്കുമ്പോൾ ക്ലേശങ്ങൾ നേരിടുമോ? — എന്നാശങ്കിക്കുന്നുവെങ്കിൽ അതു നിരാകരിക്കുന്നു.

8 പുംസഃ സ്ത്രിയാ മിഥുനീഭാവമേതം
തയോർമിഥോ ഹൃദയഗ്രന്ഥിമാഹുഃ
അതോ ഗൃഹക്ഷേത്രസുതാപ്തവിത്തൈർ-
ജനസ്യ മോഹോഽയമഹം മമേതി

| | | | |
|---|---|---|---|
| പുംസഃ | പുരുഷന്റെയും | ജനസ്യ | ജനങ്ങൾക്ക് |
| സ്ത്രിയാഃ | സ്ത്രീയുടേയും | ഗൃഹക്ഷേത്രസുതാപ്തവിത്തൈഃ | വീട്, കൃഷിനിലം, മക്കൾ, ബന്ധുമിത്രാദികൾ, സമ്പത്ത് എന്നിവയെ നിമിത്തീകരിച്ച് |
| ഏതം | ഈ പാരസ്പരികമായ | | |
| മിഥുനീഭാവം | കൂട്ടിണക്കത്തെ | | |
| തയോഃ | അവർക്കിരുവർക്കും | | |
| മിഥഃ | തമ്മിൽത്തമ്മിലുള്ള | അഹം മമ | 'ഞാൻ—എന്റെ' |
| ഹൃദയഗ്രന്ഥിം | ഹൃദയഗ്രന്ഥിയായിട്ട് | ഇതി | എന്നുള്ളതായ |
| ആഹുഃ | (മഹാന്മാർ) പറയുന്നു. | അയം മോഹഃ | ഈ വ്യാമോഹം വന്നുചേരുന്നു. |
| അതഃ | ഇതിൽനിന്ന് | | |

ഈ വ്യാമോഹക്ലേശം വിട്ടുപോകുന്നത് അപ്പോൾ മാത്രമാണെന്ന് പറയുന്നു—

9 യദാ മനോഹൃദയഗ്രന്ഥിരസ്യ
കർമ്മാനുബദ്ധോ ദൃഢ ആശ്ലഥേത
തദാ ജനഃ സംപരിവർത്തതേഽസ്മാ-
ന്മുക്തഃ പരം യാത്യതിഹായ ഹേതും.

| | | | |
|---|---|---|---|
| യദാ | ഏതു നേരത്ത് | അസ്മാത് | ഈ ആൺപെൺഇണക്കെട്ടിൽനിന്ന് |
| അസ്യ | ഇയ്യുള്ളവന്റെ | ജനഃ | മനുഷ്യൻ |
| കർമ്മാനുബദ്ധഃ | കർമ്മങ്ങളാൽ അനുബദ്ധമായതും | സംപരിവർത്തതേ | തികച്ചും നിവർത്തിക്കുന്നു |
| ദൃഢഃ | ഉറപ്പുള്ളതുമായ | ഹേതും | അഹംകാരമാവുന്ന ഉപാധിയെ |
| മനോ-ഹൃദയഗ്രന്ഥിഃ | മനോരൂപമായിരിക്കുന്ന ഹൃദയഗ്രന്ഥി | അതിഹായ | വിട്ടുകളഞ്ഞ് |
| ആശ്ലഥേത | ശിഥിലമാകുന്നുവോ | മുക്തഃ | മുക്തനായിഭവിച്ച് |
| തദാ | അന്നേരത്ത് | പരം | പരമപദത്തെ |
| | | യാതി | പ്രാപിക്കുകയുംചെയ്യുന്നു |

അഹംകാരനിരാസനത്തിന്നുതകുന്ന 25 സാധനങ്ങളെ ഇനി 4 ശ്ലോകംകൊണ്ടു കാണിക്കുന്നു. (നാലിന്നും ഒന്നിച്ചു് അന്വയം)

10 ഹംസേ ഗുരൗ മയി ഭക്ത്യാഽനുവൃത്ത്യാ
വിതൃഷ്ണയാ ദ്വന്ദ്വതിതിക്ഷയാ ച
സർവത്ര ജന്തോർവ്യസനാവഗത്യാ
ജിജ്ഞാസയാ തപസേഹാനിവൃത്ത്യാ.

| | |
|---|---|
| ഹംസേ | വിവേകവാനായ |
| മയി | ഞാൻ തന്നെയാവുന്ന |
| ഗുരൗ | ശ്രീഗുരുവിലുള്ള |
| ഭക്ത്യാ | ഭക്തികൊണ്ടും, |
| അനുവൃത്ത്യാ | ഇടവിടാതുള്ള സേവനം കൊണ്ടും, |
| വിതൃഷ്ണയാ | അനാസക്തികൊണ്ടും, |
| ദ്വന്ദ്വതിതിക്ഷയാ ച | സുഖദുഃഖാദിദ്വന്ദ്വങ്ങളുടെ സഹനംകൊണ്ടും, |
| ജന്തോഃ | ജന്മം എടുത്തവനു് |
| സർവത്ര | എതിടത്തായാലും (ഇഹത്തിലായാലും, പരത്തിലായാലും) |
| വ്യസനാവഗത്യാ | ക്ലേശമാണെന്നുള്ള അവബോധംകൊണ്ടും, |
| ജിജ്ഞാസയാ | ജ്ഞാനേച്ഛകൊണ്ടും, |
| തപസാ | തപസ്സുകൊണ്ടും, |
| ഈഹാനിവൃത്ത്യാ | കാമ്യകർമ്മപരിത്യാഗം കൊണ്ടും, — |

11 മത്കർമ്മഭിർമത്കഥയാ ച നിത്യം
മദ്ദേവസംഗാദ്ഗുണകീർത്തനാന്മേ
നിർവൈരസാമ്യോപശമേന പുത്രാ
ജിഹാസയാ ദേഹഗേഹാത്മബുദ്ധേഃ

| | |
|---|---|
| പുത്രാഃ | ഹേ പുത്രന്മാരേ ! |
| മത്കർമ്മഭിഃ | എന്നിൽ (ഈശ്വരനിൽ) അർപ്പിക്കപ്പെട്ട കർമ്മങ്ങൾകൊണ്ടും, |
| നിത്യം | നിരന്തരമായി |
| മത്കഥയാ | എന്റെ കഥകളെ ശ്രവിക്കുന്നതുകൊണ്ടും, |
| മദ്ദേവസംഗാത് | ഞാനാവുന്ന ദേവനോടു കൂടിയ പരമഭക്തജനങ്ങളോടുള്ള സമ്പർക്കം കൊണ്ടും, |
| മേ ഗുണകീർത്തനാത് | എന്റെ ഗുണങ്ങളെ കീർത്തിക്കുന്നതുകൊണ്ടും, |
| നിർവൈരസാമ്യോപശമേന | വിദ്വേഷമില്ലായ്മ, സമത്വബുദ്ധി, ഉപശമ എന്നിവകൊണ്ടും, |
| ദേഹഗേഹാത്മബുദ്ധേഃ | ദേഹത്തിലും ഗേഹത്തിലും മററും 'ഞാൻ എന്റെ' എന്ന വിചാരത്തിന്റെ |
| ജിഹാസയാ ച | പരിത്യാഗേച്ഛ കൊണ്ടും, — |

12 അദ്ധ്യാത്മയോഗേന വിവിക്തസേവയാ
പ്രാണേന്ദ്രിയാത്മാഭിജയേന സദ്ധ്രുക്
സച്ഛ്രദ്ധയാ ബ്രഹ്മചര്യേണ ശശ്വ-
ദസംപ്രമാദേന യമേന വാചാം.

| | |
|---|---|
| അധ്യാത്മ-യോഗേന | അധ്യാത്മശാസ്ത്രങ്ങളുടെ പരിശീലനം കൊണ്ടും, |
| വിവിക്ത-സേവയാ | ഏകാന്തതയിൽ വസിക്കുന്നതുകൊണ്ടും, |
| സധ്ര്യക് | വേണ്ടും പ്രകാരം |
| പ്രാണേന്ദ്രിയാ-ത്മാഭിജയേന | പ്രാണേന്ദ്രിയാന്തഃകരണങ്ങളുടെ വിജയം കൊണ്ടും, |
| സച്ഛ്രദ്ധയാ | സത്കാര്യശ്രദ്ധ കൊണ്ടും, |
| ബ്രഹ്മചര്യേണ | ബ്രഹ്മചര്യംകൊണ്ടും, |
| ശശ്വത് | എല്ലായ്പോഴും |
| അസംപ്ര-മാദേന | കർത്തവ്യങ്ങളിൽ വീഴ്ച വരുത്താതെയിരിക്കുന്നതുകൊണ്ടും, |
| വാചാം | വാക്കുകളുടെ |
| യമേന | നിയന്ത്രണംകൊണ്ടും— |

13 സർവ്വത്ര മദ്ഭാവവിചക്ഷണേന
ജ്ഞാനേന വിജ്ഞാനവിരാജിതേന
യോഗേന ധൃത്യുദ്യമസത്ത്വയുക്തോ
ലിംഗം വ്യപോഹേത് കുശലോ ഹമാഖ്യം.

| | |
|---|---|
| സർവ്വത്ര | എല്ലാടവും |
| മദ്ഭാവവി-ചക്ഷണേന | എന്റെ ഭാവത്തെ (ഈശ്വരസത്തയെ) നിരീക്ഷിക്കുന്നതിൽ സമർത്ഥമായതും |
| വിജ്ഞാന-വിരാജിതേന | സ്വാനുഭവംവരെയെത്തി കറതീർന്നിരിക്കുന്നതുമായ |
| ജ്ഞാനേന | ജ്ഞാനംകൊണ്ടും |
| യോഗേന | സമാധികൊണ്ടും |
| ധൃത്യുദ്യമ-സത്ത്വയുക്തഃ | ധൈര്യം, പ്രയത്നം, വിവേകം എന്നിവയോടു സഹിതനായിരിക്കുന്ന |
| കുശലഃ | നിപുണപുരുഷൻ |
| അഹമാഖ്യം | 'അഹം'—(അഹന്ത; അഹംകാരം) എന്നു പേരായ |
| ലിംഗം | ഉപാധിയെ (സംസാരകാരണത്തെ) |
| വ്യപോഹേത് | പററെ അകററുന്നതാണ് |

പിന്നെ, സാധനകളുടെ ആവശ്യമില്ല, അവയിൽനിന്നു് വിരമിക്കാമെന്നു് ഉപദേശിക്കുന്നു.

14 കർമ്മാശയം ഹൃദയഗ്രന്ഥിബന്ധ-
മവിദ്യയാസാദിതമപ്രമത്തഃ
അനേന യോഗേന യഥോപദേശം
സമ്യഗ്വ്യപോഹ്യോപരമേത യോഗാത്

| | |
|---|---|
| അവിദ്യയാ | അജ്ഞാനത്താൽ |
| ആസാദിതം | പ്രാപ്തവും |
| കർമ്മാശയം | കർമ്മവാസനകളുടെ ഇരിപ്പിടവുമായ |
| ഹൃദയഗ്രന്ഥി-ബന്ധം | ഹൃദയഗ്രന്ഥിയാവുന്ന ബന്ധത്തെ (അഹംകാരാദിയെ |
| അപ്രമത്തഃ | അബദ്ധം പിണയാത്തവനായിട്ടു് |

| | |
|---|---|
| യഥോപദേശം | ഉപദേശാനുസാരം |
| അനേന | ഇപ്പറഞ്ഞ |
| യോഗേന | സാധനയാൽ |
| സമ്യക് | നല്ലപോലെ |
| വ്യപോഹ്യ | നീക്കിക്കളഞ്ഞശേഷം |
| യോഗാത് | ആ സാധനയിൽനിന്നും |
| ഉപരമേത | വിരമിച്ചുകൊള്ളണം |

സാധനകളുടെ ഫലം സിദ്ധിച്ചുകഴിഞ്ഞാൽപ്പിന്നെ മരിക്കുവോളം ആ സാധനകളെ തുടരേണ്ടതില്ല; അവയിൽനിന്നു് വിരമിച്ചുകൊള്ളണം എന്നു ഭാവാർത്ഥം.

15 പുത്രാംശ്ച ശിഷ്യാംശ്ച നൃപോ ഗുരുർവാ
മല്ലോകകാമോ മദനുഗ്രഹാർത്ഥഃ
ഇത്ഥം വിമന്യുരനുശിഷ്യാദതജ്ഞാ-
ന്ന യോജയേത് കർമ്മസു കർമ്മമൂഢാൻ
കം യോജയന്മനുജോഽർത്ഥം ലഭേത
നിപാതയന്നഷ്ടദൃശം ഹി ഗർത്തേ.

| | |
|---|---|
| മല്ലോകകാമഃ | എൻെറ ലോകത്തെ ആഗ്രഹിക്കുന്നവനോ, |
| മദനുഗ്രഹാർത്ഥഃ വാ | എൻെറ അനുഗ്രഹം പരമപുരുഷാർത്ഥമായി കരുതുന്നവനോ ആയ |
| (പിതാ) | ഒരു പിതാവു് |
| പുത്രാൻ ച | പുത്രന്മാരേയും, |
| ഗുരുഃ | ഗുരുനാഥൻ |
| ശിഷ്യാൻ ച | ശിഷ്യന്മാരേയും, |
| നൃപഃ | രാജാവു് |
| (പ്രജാഃ ച) | പ്രജകളേയും |
| വിമന്യുഃ (സൻ) | കോപം കൈവെടിഞ്ഞിരുന്നു് |
| ഇത്ഥം | ഇപ്രകാരം |
| അനുശിഷ്യാത് | അനുനയപൂർവ്വം ഉപദേശിച്ചുകൊള്ളണം |
| അതജ്ഞാൻ | തത്ത്വം ഗ്രഹിക്കാത്തവരും |
| കർമ്മമൂഢാൻ | ശ്രേയോബുദ്ധ്യാ കർമ്മങ്ങളിൽപെട്ടുഴലുന്നവരുമായ ജനങ്ങളെ |
| കർമ്മസു | കർമ്മങ്ങളിൽ (വീണ്ടും) |
| ന യോജയേത് | യോജിപ്പിച്ചുകൂടാ. |
| യോജയൻ | അങ്ങനെ യോജിപ്പിക്കുന്നവൻ — |
| നഷ്ടദൃശം | കുരുടനെ |
| ഗർത്തേ | പടുകുഴിയിൽ |
| നിപാതയൻ | ചാടിച്ചുവീഴ്ത്തുന്ന |
| മനുജഃ | ആ മനുഷ്യൻ |
| കം അർത്ഥം | എന്തു നേട്ടം |
| ലഭതേ ഹി | നേടുന്നുണ്ടു് ? |

അജ്ഞതകൊണ്ടു് കർമ്മമാർഗ്ഗത്തിൽ ചരിക്കുന്നവരെ അതിൽത്തന്നെ പ്രേരിപ്പിക്കുന്നതു് അന്ധന്മാരെ കുഴിയിൽ ചാടിക്കുന്നതുപോലെയാണെന്നു സാരം.

ഇതുതന്നെ ഇനി മൂന്നുശ്ലോകത്താൽ ഉപപാദിക്കുന്നു.

16 ലോകഃ സ്വയം ശ്രേയസി നഷ്ടദൃഷ്ടി-
രർത്ഥാൻ സമീഹേത നികാമകാമഃ.
അന്യോന്യവൈരഃ സുഖലേശഹേതോ-
രനന്തദുഃഖം ച ന വേദ മൂഢഃ

| | |
|---|---|
| യഃ | യാതൊരു |
| മൂഢഃ ലോകഃ | അജ്ഞലോകം |
| നികാമകാമഃ | മേല്ക്കുമേലെ വിഷയാശയാൻകൊണ്ടു്, |
| ശ്രേയസി | യഥാർത്ഥശ്രേയസ്സിൽ |
| സ്വയം | സ്വാഭാവികമായി |
| നഷ്ടദൃഷ്ടിഃ | കാഴ്ചയില്ലാതെ |
| സുഖലേശ-ഹേതോഃ | അല്പസുഖങ്ങളെ നിമിത്തമാക്കി |
| അന്യോന്യ-വൈരഃ | തമ്മിൽത്തമ്മിൽ വിരോധം വെച്ചുകൊണ്ടു് |
| അർത്ഥാൻ | ഭോഗ്യവസ്തുക്കളെ |
| സമീഹതേ | ആഗ്രഹിക്കുന്നു; |
| അനന്തദുഃഖം | അററമില്ലാത്ത സംസാരക്ലേശത്തെക്കുറിച്ചു് |
| ന വേദ ച | അറിയാതെയും ഇരിക്കുന്നു. |

17 കസ്തം സ്വയം തദഭിജ്ഞോ വിപശ്ചി-
ദവിദ്യായാമന്തരേ വർത്തമാനം
ദൃഷ്ട്വാ പുനസ്തം സഘൃണഃ കുബുദ്ധിം
പ്രയോജയേദുത്പഥഗം യഥാന്ധം.

| | |
|---|---|
| സ്വയം | തന്നെത്താൻ |
| തദഭിജ്ഞഃ | അതു് (ഭോഗങ്ങൾ അനന്തദുഃഖഹേതുക്കളാണെന്നതു്) അറിഞ്ഞിരിക്കുന്ന- |
| വിപശ്ചിത് | വിവേകിയായും |
| സഘൃണഃ | ദയാലുവായും ഉള്ള |
| കഃ | ഏതൊരുവനാണു് |
| അവിദ്യായാം | അറിവില്ലായ്മയുടെ |
| അന്തരേ | അകത്തു് |
| വർത്തമാനം | വർത്തിക്കുന്ന |
| തം കുബുദ്ധിം | ആ ബുദ്ധികെട്ടവനെ, |
| ഉത്പഥഗം | വഴിതെററിനടക്കുന്ന |
| അന്ധം യഥാ | കുരുടനെ എന്നപോലെ |
| ദൃഷ്ട്വാ | കണ്ടിട്ടു്, |
| പുനഃ തം | വീണ്ടും അവനെ |
| പ്രയോജയേത് | അതിലേക്കു് പ്രേരിപ്പിക്കുക? |

18 ഗുരുർന സ സ്യാത് സ്വജനോ ന സ സ്യാത്
പിതാ ന സ സ്യാജ്ജനനീ ന സാ സ്യാത്
ദൈവം ന തത് സ്യാന്ന പതിശ്ച സ സ്യാ-
ന്ന മോചയേദ്യഃ സമുപേതമൃത്യും.

| | |
|---|---|
| യഃ | യാതൊരാൾ |
| സമുപേത-മൃത്യും | സാംസാരികവിപത്തിൽ അകപ്പെട്ടിരിക്കുന്നവനെ |
| ന മോചയേത് | മോചിപ്പിക്കുന്നില്ലയോ, |
| സഃ | അവൻ |
| ഗുരുഃ ന സ്യാത് | ആചാര്യനാകുന്നതല്ല; |
| സഃ | അവൻ |
| സ്വജനഃ | ബന്ധുവും |
| ന സ്യാത് | ആകുന്നതല്ല; |
| സഃ | അവൻ |
| പിതാ ന സ്യാത് | അച്ഛനാകുന്നതല്ല; |
| സാ | അവൾ |
| ജനനീ | അമ്മയും |
| ന സ്യാത് | ആകുന്നതല്ല |
| തത് | അതു് |

| | | | |
|---|---|---|---|
| ദൈവം | ദൈവം | സഃ പതിഃ ച | അവൻ ഭർത്താവും |
| ന സ്യാത് | ആകുന്നതല്ല. | ന സ്യാത് | ആകുന്നതല്ല. |

ഇപ്രകാരം മോക്ഷധർമ്മങ്ങളെ ഉപദേശിച്ചശേഷം, പുത്രന്മാൎക്കു് അന്യോന്യസ്പദ്ധ യുണ്ടാകാതിരിക്കുവാൻവേണ്ടി അവരുടെ ജന്മമഹത്വവും ഭ്രാതൃശുശ്രൂഷാധർമ്മവും ഇനി രണ്ടു് ശ്ലോകത്താൽ ഉപദേശിക്കുന്നു—

19 ഇദം ശരീരം മമ ദുർവിഭാവ്യം
സത്വം ഹി മേ ഹൃദയം യത്ര ധർമ്മഃ
പൃഷ്ഠേ കൃതോ മേ യദധർമ്മ ആരാ-
ദതോ ഹി മാമൃഷഭം പ്രാഹുരാര്യാഃ

| | | | |
|---|---|---|---|
| മമ | എന്റെ | യത് | എന്തെന്നാൽ |
| ഇദം ശരീരം | ഈ (മാനുഷ) ശരീരം | മേ അധർമ്മഃ | എന്നാൽ അധർമ്മം |
| ദുർവിഭാവ്യം | ആക്കുമേ ചിന്തിച്ചറിവാൻ സാധ്യമല്ലാത്തതാകുന്നു | ആരാത് | അങ്ങകലെ |
| | | പൃഷ്ഠേ കൃതഃ | പുറംതള്ളപ്പെട്ടിരിക്കുന്നു |
| | | അതഃ ഹി | ഇതേ കാരണംകൊണ്ടു് |
| മേ ഹൃദയം | എന്റെ മനസ്സ് | ആര്യാഃ മാം | മഹാന്മാർ എന്നെ |
| സത്വം ഹി | സത്വഗുണമയം മാത്രമാണു്. | ഋഷഭം | 'ഋഷഭൻ' എന്നു് (ശ്രേഷ്ഠൻ എന്നൎത്ഥത്തിൽ) |
| യത്ര | യാതൊന്നിൽ | | |
| ധർമ്മഃ | ധർമ്മം മാത്രമേയുള്ളു. | പ്രാഹുഃ | പറഞ്ഞുവരുന്നു. |

20 തസ്മാദ്ഭവന്തോ ഹൃദയേന ജാതാഃ
സർവേ മഹീയാംസമമും സനാഭം
അക്ലിഷ്ടബുദ്ധ്യാ ഭരതം ഭജധ്വം
ശുശ്രൂഷണം തദ്ഭരണം പ്രജാനാം.

| | | | |
|---|---|---|---|
| തസ്മാത് | ആകയാൽ, | അമും ഭരതം | ഈ ഭരതനെ |
| ഹൃദയേന | എന്റെ മനസ്സുകൊണ്ടു് | അക്ലിഷ്ടബുദ്ധ്യാ | വിമത്സരബുദ്ധിയോടെ |
| ജാതാഃ | പിറവിയെടുത്ത | ഭജധ്വം | അനുസരിച്ചുകൊള്ളണം. |
| ഭവന്തഃ | നിങ്ങൾ | തത് | അതു് (ജ്യേഷ്ഠാനുസരണം) |
| സർവേ | എല്ലാവരും | ശുശ്രൂഷണം | പിതൃശുശ്രൂഷയും |
| മഹീയാംസം | മഹിമകൂടിയവനും | പ്രജാനാം | പ്രജകളുടെ |
| സനാഭം | ജ്യേഷ്ഠസോദരനുമായ | ഭരണം | പരിപാലനവും ആകുന്നതാണു് |

ബ്രാഹ്മണാനുവൎത്തനവും കൎത്തവ്യമാണെന്നു് ഉപദേശിക്കുവാൻ വേണ്ടി ഇനി അഞ്ചു ശ്ലോകങ്ങളാൽ ബ്രാഹ്മണരുടെ സൎവ്വശ്രേഷ്ഠതയെ പ്രതിപാദിക്കുന്നു.

21 ഭൂതേഷു വീരുദ്ഭ്യ ഉത്തമാ യേ
സരീസൃപാസ്തേഷു സബോധനിഷ്ഠാഃ
തതോ മനുഷ്യാഃ പ്രമഥാസ്തതോഽപി
ഗന്ധർവസിദ്ധാ വിബുധാനുഗാ യേ.

| | |
|---|---|
| ഭൂതേഷു | സചേതനാചേതനസൃഷ്ടികളിൽ |
| (വീരുധഃ) | ഭൂരുഹങ്ങളായ വൃക്ഷലതാദിസ്ഥാവരജീവികൾ |
| ഉത്തമാഃ | അധികം ഉത്തമങ്ങളാകുന്നു. |
| വീരുദ്ഭ്യഃ | ഈ ഭൂരുഹങ്ങളെ അപേക്ഷിച്ച് |
| യേ സരീസൃപാഃ | ജംഗമപ്രാണികളായ ഇഴജീവികൾ (ഉത്തമങ്ങളാകുന്നു.) |
| തേഷു | ആ ജംഗമങ്ങളിൽവെച്ച് |
| സബോധനിഷ്ഠാഃ | സബോധാവസ്ഥയുള്ളവയായ പക്ഷിമൃഗാദികൾ (ഉത്തമങ്ങളാണ്). |
| തതഃ | ആ സബോധജീവികളിൽവെച്ച് |
| മനുഷ്യാഃ | മനുഷ്യരും, |
| തതഃ അപി | അവരെക്കാൾ |
| പ്രമഥാഃ | ഭൂതപ്രേതാദികളും, |
| (തതഃ) | അവരെക്കാൾ |
| ഗന്ധർവസിദ്ധാഃ | ഗന്ധർവന്മാർ, സിദ്ധന്മാർ, |
| വിബുധാനുഗാഃ | ദേവാനുചരന്മാരായ കിന്നരാദികൾ ഇങ്ങനെ |
| യേ | യാവചിലരുണ്ടോ, |
| (തേ യഥാക്രമം ഉത്തമാഃ) | അവരും യഥാക്രമം കൂടുതൽക്കൂടുതൽ ഉത്തമന്മാരാണ്. |

22 ദേവാസുരേഭ്യോ മഘവത്പ്രധാനാ
ദക്ഷാദയോ ബ്രഹ്മസുതാസ്തു തേഷാം
ഭവഃ പരഃ സോഽഥ വിരിഞ്ചവീര്യഃ
സ മത്പരോഽഹം ദ്വിജദേവദേവഃ

| | |
|---|---|
| (തേഭ്യഃ | ആ കിന്നരാദികളെക്കാൾ |
| അസുരാഃ) | അസുരന്മാർ ഉത്തമന്മാരാണ്, |
| അസുരേഭ്യഃ | അസുരന്മാരെക്കാൾ |
| മഘവത്-പ്രധാനാഃ ദേവാഃ | ഇന്ദ്രപ്രമുഖന്മാരായ ദേവന്മാർ — (ദേവന്മാരും, അവരിൽ ഇന്ദ്രനും പ്രാധാന്യം വഹിക്കുന്നു). |
| (തതഃ) | ആ ഇന്ദ്രനെക്കാൾ |
| ബ്രഹ്മസുതാഃ | ബ്രഹ്മപുത്രന്മാരായ |
| ദക്ഷാദയഃ | ദക്ഷാദികൾ ശ്രേഷ്ഠന്മാരാകുന്നു. |
| തേഷാം തു | അവരിൽവെച്ച് |
| ഭവഃ പരഃ | ശ്രീരുദ്രൻ ശ്രേഷ്ഠനാണ്. |
| സഃ അഥ | ആ ശ്രീരുദ്രനോ, പിന്നെ |
| വിരിഞ്ചവീര്യഃ | ബ്രഹ്മാവാകുന്ന കാരണശക്തിയോടുകൂടിയ ആളാകുന്നു. തന്മൂലം (രുദ്രനെക്കാൾ ബ്രഹ്മാവ് ശ്രേഷ്ഠൻ) |
| സഃ | ആ ബ്രഹ്മാവ് |
| മത്പരഃ | ഞാൻ (ശ്രീഹരി) പ്രധാനനായുള്ള ആളാണ്. |
| അഹം ദ്വിജ-ദേവദേവഃ | ഞാൻ മഹാബ്രാഹ്മണരെ ദേവതേന ആരാധിക്കുന്നവനുമാകുന്നു. |

23 ന ബ്രാഹ്മണൈസ്തുലയേ ഭൂതമന്യത്
പശ്യാമി വിപ്രാഃ കിമതഃ പരം തു
യസ്മിൻ നൃഭിഃ പ്രഹുതം ശ്രദ്ധയാഽഹ-
മശ്നാമി കാമം ന തഥാഗ്നിഹോത്രേ.

| | | | |
|---|---|---|---|
| വിപ്രാഃ | ഹേ ബ്രാഹ്മണരേ! | നൃഭിഃ | മനുഷ്യരാൽ |
| ബ്രാഹ്മണൈഃ | ബ്രാഹ്മണരോട് | ശ്രദ്ധയാ | ശ്രദ്ധയോടെ |
| അന്യത് ഭൂതം | മറെറാന്നിനെയും | പ്രഹുതം | അർപ്പിക്കപ്പെട്ടതിനെ |
| ന തുലയേ | ഞാൻ താരതമ്യപ്പെടുത്തുന്നില്ല. | അഹം കാമം | ഞാൻ യഥേഷ്ടം |
| | | അശ്നാമി | അനുഭവിക്കുന്നു; |
| തു അതഃ | എന്നിരിക്കെ, ഇവരിലും | അഗ്നിഹോത്രേ | അഗ്നിഹോത്രത്തിൽ |
| പരം | അധികമായിട്ട് | (പ്രഹുതം) | ആഹുതിചെയ്യപ്പെട്ട ഹവിസ്സിനെ |
| കിം പശ്യാമി | എന്തു കാണ്മവാനാണ്? | | |
| യസ്മിൻ | യാതൊരു ബ്രാഹ്മണനിൽ | തഥാ ന | അവ്വിധം അനുഭവിക്കുന്നില്ല. |

24 ധൃതാ തനൂരുശതീ മേ പുരാണീ
യേനേഹ സത്ത്വം പരമം പവിത്രം
ശമോ ദമഃ സത്യമനുഗ്രഹശ്ച
തപസ്തിതിക്ഷാഽനുഭവശ്ച യത്ര.

| | | | |
|---|---|---|---|
| മേ | എന്റെ | ദമഃ | ഇന്ദ്രിയനിയന്ത്രണം, |
| ഉശതീ | ശ്രേഷ്ഠവും | സത്യം | യഥാർത്ഥഭാഷണം, |
| പുരാണീ | ചിരന്തനവുമായ | അനുഗ്രഹഃ | അനുഗ്രഹശക്തി, |
| തനൂഃ | വേദമാവുന്ന സ്വരൂപം | തപഃ | തപസ്സ്, |
| ഇഹ യേന | ലോകത്തിൽ ആരാൽ | തിതിക്ഷാ | സഹനശീലം, |
| ധൃതാ | ധരിക്കപ്പെട്ടിരിക്കുന്നുവോ, | അനുഭവഃ ച | അനുഭവജ്ഞാനം എന്നീ എട്ട് ഗുണങ്ങളും സ്ഥിതിചെയ്യുന്നുവോ, |
| യത്ര ച | ഏതൊരുവനിൽത്തന്നെ | | |
| പരമം | അത്യധികം | (അതഃ പരം | ഈ ബ്രാഹ്മണനെക്കാൾ അധികരിച്ച മറെറാരാളെ |
| പവിത്രം | പരിശുദ്ധമായ | | |
| സത്ത്വം | സത്ത്വഗുണം, | | |
| ശമഃ | മനഃശാന്തി, | കിം പശ്യാമി) | ഞാൻ കാണുമോ? |

അവരുടെ നിസ്പൃഹത്വം കാണിക്കുന്നു.

25 മത്തോഽപ്യനന്താത് പരതഃ പരസ്മാത്
സ്വർഗാപവർഗാധിപതേർന കിഞ്ചിത്
യേഷാം കിമു സ്യാദിതരേണ തേഷാ-
മകിഞ്ചനാനാം മയി ഭക്തിഭാജാം

| | | | |
|---|---|---|---|
| അനന്താത് | അപരിച്ഛിന്നനായും | കിഞ്ചിത് ന | യാതൊന്നും വേണ്ടതില്ല്യയോ, |
| പരതഃ | ഉത്കൃഷ്ടമായുള്ള എല്ലാററിനെക്കാളും | അകിഞ്ചനാനാം | അങ്ങനെ ഒന്നുമേ ആവശ്യമില്ലാത്തവരും |
| പരസ്മാത് | ഉത്കൃഷ്ടനായിരിക്കുന്നവനായും | മയി | എന്നിൽ |
| സ്വർഗാപവർഗാധിപതേഃ | സ്വർഗവും മോക്ഷവും ഉടമയിൽ വെച്ചിരിക്കുന്നവനായും വർത്തിക്കുന്ന | ഭക്തിഭാജാം | ഭക്തിയർപ്പിച്ചിരിക്കുന്നവരുമായ |
| | | തേഷാം | അവർക്ക് (ബ്രാഹ്മണർക്ക്) |
| മത്തഃ അപി | എന്നിൽനിന്നുകൂടി | ഇതരേണ | മററുള്ള രാജ്യാദിയാൽ |
| യേഷാം | യാതൊരുവർക്ക് | കിമു സ്യാത് | എന്തുണ്ടാകണം ? |

ഇങ്ങനെ ബ്രാഹ്മണരെ ആദരിക്കണമെന്നുപദേശിച്ചശേഷം സർവ്വചരാചരങ്ങളേയും ആദരിക്കണമെന്നുപദേശിക്കുന്നു.

26 സർവ്വാണി മദധിഷ്ണ്യതയാ ഭവദ്ഭി-
ശ്ചരാണി ഭൂതാനി സുതാ ധ്രുവാണി
സംഭാവിതവ്യാനി പദേ പദേ വോ
വിവിക്തദൃഗ്ഭിസ്തദുഹാർഹണം മേ.

| | | | |
|---|---|---|---|
| സുതാഃ | അല്ലയോ പുത്രന്മാരേ! | ഭവദ്ഭിഃ | നിങ്ങളാൽ |
| ചരാണി | ജംഗമങ്ങളും | പദേ പദേ | പ്രതിക്ഷണം |
| ധ്രുവാണി | സ്ഥാവരങ്ങളും ആയ | സംഭാവിതവ്യാനി | ആദരണീയങ്ങളാകുന്നു. |
| സർവ്വാണി | സകല | വഃ | നിങ്ങളുടെ |
| ഭൂതാനി | ജീവജാലങ്ങളും | തത് ഉഹ | ആ സമാദരം |
| മദധിഷ്ണ്യതയാ | എൻെറ അധിഷ്ഠാനമെന്ന നിലയ്ക്ക് | മേ | എനിക്കുള്ള |
| വിവിക്തദൃഗ്ഭിഃ | വിശുദ്ധദർശനത്തോടുകൂടിയ | അർഹണം | സമാദരമാകുന്നതാണ്. |

എല്ലാ കർമ്മങ്ങളെയും ഈശ്വരനിൽ അർപ്പിക്കുവാൻ ഉപദേശിച്ചുപസംഹരിക്കുന്നു —

27 മനോവചോദൃക്കരണേഹിതസ്യ
സാക്ഷാത്കൃതം മേ പരിബർഹണം ഹി
വിനാ പുമാൻ യേന മഹാവിമോഹാത്
കൃതാന്തപാശാന്ന വിമോക്തുമീശേത്.

| | | | |
|---|---|---|---|
| മനോവചോദൃക്കരണേഹിതസ്യ | മനസ്സ്, വാക്ക്, ദൃഷ്ടി മുതലായ എല്ലാ കരണങ്ങളുടെയും വ്യാപാരത്തിനുള്ള | മേ | എൻെറ |
| | | പരിബർഹണം ഹി | ആരാധനം മാത്രമാണ്. |
| സാക്ഷാത്കൃതം | പ്രത്യക്ഷഫലം | യേന വിനാ | യാതൊന്നില്ലാതെ |

| | | | |
|---|---|---|---|
| പുമാൻ | മനുഷ്യൻ | കൃതാന്തപാശാത് | മൃത്യുപാശത്തിൽനിന്നു് |
| മഹാവിമോഹാത് | മഹത്തായ അജ്ഞാനത്തിന്റെ പരിണതഫലമായ | വിമോക്തും | വിമോചിക്കുവാൻ |
| | | ന ഈശേത് | ശക്തനാകയില്ല. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

28 ഏവമനുശാസ്യാത്മജാൻ സ്വയമനുശിഷ്ടാനപി ലോകാനുശാസനാർത്ഥം മഹാനുഭാവഃ പരമസുഹൃദ് ഭഗവാനൃഷഭാപദേശ ഉപശമശീലാനാമുപരതകർമ്മണാം മഹാമുനീനാം ഭക്തിജ്ഞാനവൈരാഗ്യലക്ഷണം പാരമഹംസ്യധർമ്മമുപശിക്ഷമാണഃ സ്വതനയശതജ്യേഷ്ഠം പരമഭാഗവതം ഭഗവജ്ജനപരായണം ഭരതം ധരണിപാലനായാഭിഷിച്യ സ്വയം ഭവന ഏവോർവരിതശരീരമാത്രപരിഗ്രഹ ഉന്മത്ത ഇവ ഗഗനപരിധാനഃ പ്രകീർണകേശ ആത്മന്യാരോപിതാഹവനീയോ ബ്രഹ്മാവർത്താത് പ്രവവ്രാജ.

സ്വയം അനുശിഷ്ടാൻ അപി = തന്നെത്താൻ അറിവുനേടിയിരിക്കുന്നവരാണെങ്കിലും

ലോകാനുശാസനാർത്ഥം = ലോകത്തെ അനുശാസിക്കുന്നതിനുവേണ്ടി

ഏവം ആത്മജാൻ അനുശാസ്യ = ഇപ്രകാരം പുത്രന്മാരെ അനുശാസിച്ചിട്ടു്,

മഹാനുഭാവഃ പരമസുഹൃത് = മഹാനുഭാവനും ഉത്തമസുഹൃത്തും

ഋഷഭാപദേശഃ ഭഗവാൻ = ഋഷഭനാമാവുമായ ഭഗവാൻ

ഉപശമശീലാനാം = പ്രശാന്തസ്വഭാവമുള്ളവരും

ഉപരതകർമ്മണാം = കർമ്മങ്ങളിൽനിന്നു് വിരമിച്ചവരുമായ

മഹാമുനീനാം = മഹാത്മാക്കളായ മുനിമാരുടെ

ഭക്തിജ്ഞാനവൈരാഗ്യലക്ഷണം = ഭക്തി, ആത്മജ്ഞാനം, വിഷയവിരക്തി എന്നീ ലക്ഷണങ്ങളോടുകൂടിയ

പാരമഹംസ്യധർമ്മം = പരമഹംസചര്യയെ (ജീവന്മുക്താവസ്ഥയെ)

ഉപശിക്ഷമാണഃ = (ലോകക്കു്) ഉപദേശിച്ചുകൊടുക്കുവാൻ ഉദ്ദേശിക്കുന്നവനായിഭവിച്ചുകൊണ്ടു്,

സ്വതനയശതജ്യേഷ്ഠം = തന്റെ നൂറുപുത്രന്മാരിൽ മൂത്തവനും

ഭഗവജ്ജനപരായണം = ഭഗവത്ഭക്തന്മാരിൽ ആസക്തചിത്തനും

പരമഭാഗവതം ഭരതം = മഹാഭാഗവതനുമായ ഭരതനെ

ധരണിതലപരിപാലനായ = ഭൂതലസംരക്ഷണാർത്ഥം

അഭിഷിച്യ = പട്ടാഭിഷേകം കഴിച്ചിരുത്തി,

സ്വയം ഭവനേ ഏവ = താൻ ഗൃഹത്തിൽവെച്ചുതന്നെ

ഉർവരിതശരീരമാത്രപരിഗ്രഹഃ = സർവ്വവുമുപേക്ഷിച്ചശേഷം അവശേഷിച്ച ശരീരം മാത്രം സ്വീകരിച്ചുകൊണ്ടും

ഉന്മത്തഃ ഇവ ഗഗനപരിധാനഃ = ഭ്രാന്തനെപ്പോലെ ദിഗംബരനായി—

പ്രകീർണ്ണകേശഃ = തലമുടി വിതറിയിട്ടുകൊണ്ടും

ആത്മനി ആരോപിതാഹവനീയഃ = തന്നിൽത്തന്നെ അപ്പിക്കപ്പെട്ട ആഹവനീയാഗ്നിയോടുകൂടിയവനായിട്ട്

ബ്രഹ്മാവർത്താത് പ്രവവ്രാജ = ബ്രഹ്മാവർത്തത്തിൽനിന്ന് സന്യസിച്ചിറങ്ങി.

29 ജഡാന്ധമൂകബധിരപിശാചോന്മാദകവദവധൂതവേഷോഽഭിഭാഷ്യമാ-
ണോഽപി ജനാനാം ഗൃഹീതമൗനവ്രതസ്തൂഷ്ണീം ബഭൂവ.

ജഡാന്ധമൂകബധിരപിശാചോന്മാദകവത് = ഒരു പട്ടഭോഷനെന്നോ, കണ്ണുപൊട്ടനെന്നോ, ഊമയെന്നോ, ചെകിടനെന്നോ, പിശാചെന്നോ, ഭ്രാന്തനെന്നോ തോന്നുമാറ്

ജനാനാം (മദ്ധ്യേ) = ജനങ്ങൾക്കിടയിൽ

അവധൂതവേഷഃ = അവധൂതനെപ്പോലെ ആഭാസവേഷംധരിച്ച്

അഭിഭാഷ്യമാണഃ അപി = വല്ലവരാലും അങ്ങോട്ടുവല്ലതും ചോദിക്കപ്പെട്ടാൽകൂടി

ഗൃഹീതമൗനവ്രതഃ = മൗനവ്രതം അവലംബിച്ചുകൊണ്ട്

തൂഷ്ണീം ബഭൂവ = ഒന്നും ഉരിയാടിയിരുന്നില്ല.

30 തത്ര തത്ര പുരഗ്രാമാകരഖേടവാടഖർവടശിബിരവ്രജഘോഷസാർത്ഥ-
ഗിരിവനാശ്രമാദിഷ്വനുപഥമവനിചരാപസദൈഃ പരിഭൂയമാനോ
മക്ഷികാഭിരിവ വനഗജസ്തർജ്ജനതാഡനാവമേഹനഷ്ഠീവനഗ്രാവശ-
കൃദ്രജഃപ്രക്ഷേപപൂതിവാതദുരുക്തൈസ്തദവിഗണയന്നേവാസത്സം-
സ്ഥാന ഏതസ്മിൻ ദേഹോപലക്ഷണേ സദപദേശ ഉഭയാനുഭവ-
സ്വരൂപേണ സ്വമഹിമാവസ്ഥാനേനാസമാരോപിതാഹംമമാഭിമാ-
നത്വാദവിഖണ്ഡിതമനാഃ പൃഥിവീമേകചരഃ പരിബഭ്രാമ.

തത്ര തത്ര പുരഗ്രാമാകരഖേടവാടഖർവടശിബിരവ്രജഘോഷസാർത്ഥഗിരിവനാശ്രമാദിഷു = അവിടെയവിടെ പട്ടണങ്ങൾ, നാട്ടിൻപുറങ്ങൾ, ഖനിസ്ഥലങ്ങൾ, കൃഷിക്കാരുടെ ഗ്രാമങ്ങൾ, പൂവാടികൾ, മലയോരപ്രദേശങ്ങൾ, പടക്കുടീരങ്ങൾ, ഗോശാലകൾ, ഇടയത്തെരുവുകൾ, വഴിയമ്പലങ്ങൾ, മലകൾ, കാടുകൾ, ആശ്രമങ്ങൾ മുതലായ ഇടങ്ങളിൽ

അനുപഥം അവനിചരാപസദൈഃ = വഴിനീളെ നടക്കുന്ന ദുഷ്ടജനങ്ങളാൽ

തർജ്ജനതാഡനാവമേഹനഷ്ഠീവനഗ്രാവശകൃദ്രജഃപ്രക്ഷേപപൂതിവാതദുരുക്തൈഃ = ഭീഷണിപ്പെടുത്തുക, തല്ലുക, മൂത്രമൊഴിക്കുക, തുപ്പുക, കല്ലും മലവും പൂഴിയും എറിയുക, അധോവായു വിടുക, അസഭ്യം പറയുക എന്നിവയാൽ

പരിഭൂയമാനഃ = ശല്യമേല്പിക്കപ്പെട്ടുകൊണ്ട്

മക്ഷികാഭിഃ വനഗജഃ ഇവ = ഈച്ചകളാൽ ശല്യപ്പെടുത്തുന്ന കാട്ടാനപോലെ

തത് അവിഗണയൻ ഏവ = അതൊന്നുമേ വകവെക്കാതെതന്നെ

| | |
|---|---|
| അസത്സംസ്ഥാനേ | = വാസ്തവത്തിൽ അസത്തായ (മിഥ്യയായ) സംസ്ഥിതിയുള്ളതും |
| സദപദേശേ | = സത്തെന്നു് വ്യവഹാരംമാത്രമുള്ളതും |
| ദേഹോപലക്ഷണേ ഏതസ്മിൻ | = ദേഹരൂപത്തിൽ ഇരിക്കുന്നതുമായ ഈ ഭൗതികത്തിൽ |
| ഉഭയാനുഭവസ്വരൂപേണ | = അവ രണ്ടിൻെറയും (സത്തിൻെറയും അസത്തിൻെറയും) അനുസന്ധാനമാവുന്ന സ്വരൂപത്തോടുകൂടിയ |
| സ്വമഹിമാവസ്ഥാനേന | = ആത്മാനന്ദത്തിലെ അവസ്ഥിതിയാൽ |
| അസമാരോപിതാഹംമമാഭിമാനത്വാത് | } ഞാനെന്നും എൻേറതെന്നുമുള്ള മിഥ്യാബോധം കരുതാതിരുന്നതുകൊണ്ടു് |
| അഖണ്ഡിതമനാഃ | = മനസ്സലയാത്തവനായി |
| പൃഥിവീം ഏകചരഃ പരിബഭ്രാമ | = ഭൂമിയിലെങ്ങും ഒററയ്ക്കു് ചുററിനടന്നു. |

33 അതിസുകുമാരകരചരണോരഃസ്ഥലവിപുലബാഹ്വംസഗളവദനാദ്യവയവവിന്യാസഃ പ്രകൃതിസുന്ദരസ്വഭാവഹാസസുമുഖോ നവനളിനദളായമാനശിശിരതാരാരുണായതനയനരുചിരഃ സദൃശസുഭഗകപോലകർണ്ണകണ്ഠനാസോ വിഗൂഢസ്മിതവദനമഹോത്സവേന പുരവനിതാനാം മനസി കുസുമശരാസനമുപദധാനഃ പരാഗവലംബമാനകുടിലജടിലകപിശകേശഭൂരിഭാരോ ഽവധൂതമലിനനിജശരീരേണ ഗ്രഹഗൃഹീത ഇവാദൃശ്യത.

| | |
|---|---|
| അതിസുകുമാരകരചരണോരഃസ്ഥലവിപുലബാഹ്വംസഗളവദനാദ്യവയവവിന്യാസഃ | } അതികോമളങ്ങളായ കൈകാലുകളും, മാറിടം, നീണ്ടുരുണ്ടകൈത്തണ്ടകളും, ചുമൽ, കഴുത്തു്, മുഖം എന്നീ അവയവങ്ങളുടെ ഘടനയോടുകൂടിയവനായി- |
| പ്രകൃതിസുന്ദരസ്വഭാവഹാസസുമുഖഃ | } പ്രകൃത്യാ സുന്ദരവും സ്വഭാവസിദ്ധവുമായ മന്ദഹാസത്താൽ ശോഭനമായ മുഖത്തോടുകൂടിയവനായി- |
| നവനളിനദളായമാനശിശിരതാരാരുണായതനയനരുചിരഃ | } നവപങ്കജദളംപോലെയുള്ളവയും കുളിർത്തകൃഷ്ണമണികളോടുകൂടിയവയുമായ അരുണായതനേത്രങ്ങളാൽ കമനീയനായി- |
| സദൃശസുഭഗകപോലകർണ്ണകണ്ഠനാസഃ | } ഏറ്റക്കുറവുകളില്ലാതെ വടിവും ചേലുമൊത്ത കവിൾത്തടം, കർണ്ണം, കണ്ഠം, നാസിക എന്നിവയോടുകൂടിയവനായി- |
| വിഗൂഢസ്മിതവദനമഹോത്സവേന | } ഒളിപ്പുഞ്ചിരിയാർന്ന മുഖകമലത്തിൻെറ വിലാസധോരണിയാൽ |
| പുരവനിതാനാം മനസി കുസുമശരാസനം ഉപദധാനഃ | } പൗരനാരികളുടെ ഹൃദയത്തിൽ മന്മഥനു് ഇരിപ്പിടമിട്ടുകൊടുക്കുന്നവനായിട്ടു് പരിലസിച്ചിരുന്നവനായിരുന്നുവെങ്കിലും, ഭഗവാൻ |
| പരാഗവലംബമാന കുടിലജടിലകപിശകേശഭൂരിഭാരഃ | } മൺപൊടി ദേഹത്തു് അഴിഞ്ഞു ചിതറിത്തൂങ്ങിക്കിടക്കുന്ന ചുരുണ്ടു ജടപിടിച്ച ചെമ്പൻതലമുടിക്കെട്ടേന്തിക്കൊണ്ടു് |

അവധൂതമലിനനിജശരീരേണ = തീരെ ശ്രദ്ധിക്കാതിരിക്കയാൽ ചളിപുരണ്ടുവൃത്തി കെട്ട തന്റെ ശരീരത്തോടുകൂടി,

ഗ്രഹഗൃഹീതഃ ഇവ = ഏതോ ദുർഭൂതത്താൽ പിടിപെട്ടവൻ കണക്കെ

അദൃശ്യത = കാണപ്പെട്ടു.

32 യർഹി വാവ സ ഭഗവാൻ ലോകമിമം യോഗസ്യാദ്ധാ പ്രതീപമിവാ-
ചക്ഷാണസ്തത്പ്രതിക്രിയാകർമ്മ ബീഭത്സിതമിതി വ്രതമാജഗരമാ-
സ്ഥിതഃ ശയാന ഏവാശ്നാതി പിബതി ഖാദത്യവമേഹതി ഹദതി
സ്മ ചേഷ്ടമാന ഉച്ചരിത ആദിഗ്ദ്ധോദ്ദേശഃ.

യർഹി വാവ സഃ ഭഗവാൻ = എപ്പോറം ആ സർവ്വജ്ഞാനനിലയമായ ഋഷഭദേവൻ

ഇമം ലോകം യോഗസ്യ അദ്ധാ പ്രതീപം ഇവ ആചക്ഷാണഃ } ഈ ലോകത്തെ ആത്മാനുസന്ധാനലക്ഷണമായ യോഗത്തിന്നു് തീരെ എതിരായിട്ടുള്ള മാതിരിക്ക കണ്ടുകൊണ്ടു്,

തത്പ്രതിക്രിയാകർമ്മ = അതിനുവേണ്ട പ്രതിക്രിയാവിധാനം

ബീഭത്സിതം ഇതി = നിന്ദിതവുമാണെന്നു് കരുതി

ആജഗരം വ്രതം ആസ്ഥിതഃ = 'അജഗരവൃത്തി'യെന്ന വ്രതം സ്വീകരിച്ചു് *

ശയാനഃ ഏവ = ഒരിടത്തുകിടന്നുകൊണ്ടുതന്നെ

അശ്നാതി പിബതി ഖാദതി അവമേഹതി ഹദതി സ്മ } ഭക്ഷിക്കുകയും, കുടിക്കുകയും, വല്ലതുമൊക്കെ കടിച്ചുതിന്നുകയും, മൂത്രമൊഴിക്കുകയും, മലം വിസർജ്ജിക്കുകയും ചെയ്തുതുടങ്ങിയോ, അപ്പോറം

ഉച്ചരിതേ ചേഷ്ടമാനഃ = താൻ വിസർജ്ജിച്ച മലത്തിൽ കിടന്നുരുണ്ടു്

ആദിഗ്ദ്ധോദ്ദേശഃ (അഭവത്) = സർവ്വാംഗങ്ങളിലും മലം പററിപ്പിടിച്ചവനായി ഭവിച്ചു.

* അജഗരം = പെരുമ്പാമ്പു് — അതിനെപ്പോലെ ഒരു സ്ഥലത്തു് അങ്ങിനെതന്നെ കിടന്നു യദൃച്ഛയാ ലബ്ധമായ ഭക്ഷണപാനീയാദികളാൽ ജീവിക്കുക എന്നതാണു് ആജഗരവ്രതം.

ദേശാടനംചെയ്യുമ്പോറം തന്റെ അസാധാരണത്വം നിമിത്തം അജ്ഞലോകത്തിന്റെ ശല്യം ഉണ്ടാവുന്നു. അതു് ആത്മാനുസന്ധാനത്തിന്നു് യോജിക്കുന്നില്ല. അത്തരക്കാരെ യോഗവൈഭവത്താൽ തടഞ്ഞു അതിന്നു് പ്രതിവിധികാണുന്നതു് നിന്ദിതവുമാണു്. അതുകൊണ്ടു് ഭഗവാൻ ഋഷഭൻ അജഗരവൃത്തി സ്വീകരിച്ചു് ഒരു ദിക്കിൽ മിണ്ടാതെ കിടന്നു — എന്നു് ആശയം.

എന്നാൽ ഈ ജീവിതചര്യ അധികം ബീഭത്സിതമല്ലയോ എന്നു് ആശങ്കിക്കാതിരിപ്പാൻ തുടന്നു പറയുന്നു.

33 തസ്യ ഹ യഃ പുരീഷസുരഭിസൗഗന്ധ്യവായുസ്തം ദേശം ദശയോജനം
സമന്താത് സുരഭിം ചകാര.

| | | |
|---|---|---|
| തസ്യ ഹ | = | ആശ്ചര്യം! അവിടുത്തെ |
| പുരീഷസുരഭിസൗഗന്ധ്യവായുഃ | = | മലത്തിന്റെ ഗന്ധത്താൽ നറുമണംചേൎന്ന കാററ് |
| യഃ (സഃ), ദശയോജനം തം ദേശം | = | യാതൊന്നോ അതു് പത്തുയോജനയോളം ആ ദിക്കിനെ |
| സമന്താത് സുരഭിം ചകാര | = | എമ്പാടും പരിമളം കൊള്ളിച്ചു. |

34 ഏവം ഗോമൃഗകാകചര്യയാ വ്രജംസ്തിഷ്ഠന്നാസീനഃ ശയാനഃ കാകമൃഗഗോചരിതഃ പിബതി ഖാദത്യവമേഹതി സ്മ.

| | | |
|---|---|---|
| ഏവം ഗോമൃഗകാകചര്യയാ | = | ഈ വിധം ഗോചര്യ, മൃഗചര്യ, കാകചര്യ എന്നിവയോടെ |
| വ്രജൻ തിഷ്ഠൻ ആസീനഃ ശയാനഃ | = | ചുററിനടന്നും, നിന്നും, ഇരുന്നും, കിടന്നുമായിട്ടു് |
| കാകമൃഗഗോചരിതഃ | = | കാക്ക, മാൻ, പശു എന്നിവയെപ്പോലെ പ്രവൃത്തിച്ചുകൊണ്ടു് |
| പിബതി ഖാദതി അവമേഹതി സ്മ | } | കുടിക്കയും, ഭക്ഷിക്കയും, തോന്നിയേടിക്കിൽ മലമൂത്രാദികാം വിസൎജ്ജിക്കയും ചെയ്തിരുന്നു. |

35 ഇതി നാനായോഗചര്യാചരണോ ഭഗവാൻ കൈവല്യപതിരൃഷഭോ ऽവിരതപരമമഹാനന്ദാനുഭവ ആത്മനി സർവേഷാം ഭൂതാനാമാത്മഭൂതേ ഭഗവതി വാസുദേവ ആത്മനോऽവ്യവധാനാനന്തരോദരഭാവേന സിദ്ധസമസ്താൎത്ഥപരിപൂൎണ്ണോ യോഗൈശ്വര്യാണി വൈഹായസമനോജവാന്തർധാനപരകായപ്രവേശദൂരഗ്രഹണാദീനി യദൃച്ഛയോപഗതാനി നാഞ്ജസാ നൃപ ഹൃദയേനാഭ്യനന്ദത്.

| | | |
|---|---|---|
| നൃപ ഇതി | = | അല്ലയോ രാജാവേ! ഇപ്രകാരം |
| നാനായോഗചര്യാചരണഃ | = | അനേകം യോഗചര്യകളെ അനുഷ്ഠിച്ചിരുന്ന |
| കൈവല്യപതിഃ ഭഗവാൻ ഋഷഭഃ | = | മുക്തിനാഥനായ ഭഗവാൻ ഋഷഭദേവൻ |
| അവിരതപരമമഹാനന്ദാനുഭവഃ | = | ഇടതടവില്ലാത്ത അധികാധികം മഹത്തായ ശാശ്വതാനന്ദത്തിന്റെ അനുഭവമാത്രസ്വരൂപനായി, |
| സർവേഷാം ഭൂതാനാം ആത്മഭൂതേ | = | സമസ്തഭൂതങ്ങളുടേയും ആത്മാവായി |
| ആത്മനി വാസുദേവേ | = | സർവാന്തര്യാമിയായ ശ്രീവാസുദേവനിൽ |
| ആത്മനഃ അവ്യവധാനാനന്തരോദരഭാവേന | } | തനിക്കു് അഭേദം വന്നതിനാലുണ്ടായ ദേഹോപാധിയുടെ അഭാവത്താൽ |
| സിദ്ധസമസ്താൎത്ഥപരിപൂൎണ്ണഃ | = | സ്വാഭാവികതയാ സിദ്ധിച്ചിരിക്കുന്ന സൎവ്വാൎത്ഥങ്ങളാൽ പരിപൂൎണ്ണൻ (ആയിരിക്കകൊണ്ടു്) |
| വൈഹായസമനോജവാന്തർധാനപരകായപ്രവേശദൂരഗ്രഹണാദീനി | } | ആകാശഗമനം, മനോവേഗത്തിനൊത്ത ശരീരവേഗം, തിരസ്കരണിവിദ്യ, പരകായപ്രവേശം, ദൂരദൎശനം എന്നുതുടങ്ങി |
| യദൃച്ഛയാ ഉപഗതാനി | = | അപ്രതീക്ഷിതമായി തന്റെ അടുത്തണഞ്ഞ |

| | | |
|---|---|---|
| യോഗൈശ്വര്യാണി | = | യോഗൈശ്വര്യസിദ്ധികളെ |
| അഞ്ജസാ ഹൃദയേന | = | ഒട്ടുമേ മനസ്സുകൊണ്ടു് |
| ന അഭ്യനന്ദത് | = | അഭിനന്ദിച്ചില്ല. |

കൈവല്യപതിയായ ഋഷഭഭഗവാൻ അനേകം യോഗചര്യകളം അനുഷ്ഠിച്ചിരുന്നതു് സ്വപ്രയോജനത്തിനല്ല. അവിടന്നു് സന്തതാനന്ദാനുഭവസ്വരൂപനാണല്ലോ. ലോകയാത്രയിൽനിന്നു് നിവൃത്തിക്കുവാൻ ആഗ്രഹിക്കുന്ന യോഗിമാർ ഏതുവിധം വർത്തിക്കണമെന്നു് കാട്ടിക്കൊടുക്കുവാൻ വേണ്ടിയാണു് ഈ വക കഠിനചര്യകളെല്ലാം അചരിച്ചിരുന്നതു്.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ

ഋഷഭദേവാനുചരിതേ പഞ്ചമോऽധ്യായഃ ആദിതഃ സൂക്തനി 138.

അഞ്ചാമത്തെ സ്കന്ധത്തിൽ അഞ്ചാമദ്ധ്യായം കഴിഞ്ഞു.

# ഷഷ്ഠോऽധ്യായഃ — അധ്യായം ആറ്.

## ഋഷഭദേവന്റെ ശരീരത്യാഗം.

"ഷഷ്ഠേ ലീനാഭിമാനസ്യ ദേഹത്യാഗക്രമാഭിധാ
പ്രദഹന്തം ദവാഗ്നിം യഃ പശ്യന്നപി ന പശ്യതി"

അഹന്താഭിമാനം വിട്ടു് ജീവന്മുക്തനായിത്തീന്ന ഋഷഭദേവൻ പ്രജ്വലിക്കുന്ന വനാഗ്നിയിൽ കൂസലില്ലാതെ ചാടി ശരീരം ത്യജിച്ച കഥയാണു് ഈ അധ്യായംകൊണ്ടു് പറയുന്നതു്.

അവിടന്നു് യോഗൈശ്വര്യങ്ങളെപ്പോലും അഭിനന്ദിച്ചില്ലെന്നു് ശ്രീശുകൻ പറഞ്ഞതുകേട്ടപ്പോൾ അതിൽ ഒരാശങ്ക ജനിച്ചു് പരീക്ഷിത്ത്രാജാവു് ചോദിക്കുന്നു—

രാജോവാച = രാജാവു് പറഞ്ഞു—

1 ന നൂനം ഭഗവ ആത്മാരാമാണാം യോഗസമീരിതജ്ഞാനാവഭർജ്ജിത-
കർമ്മബീജാനാമൈശ്വര്യാണി പുനഃ ക്ലേശദാനി ഭവിതുമർഹന്തി യദൃ-
ച്ഛയോപഗതാനി

| | |
|---|---|
| ഭഗവഃ യോഗസമീരിതജ്ഞാനാ-<br>വഭർജിതകർമ്മബീജാനാം | ഭഗവാൻ ! യോഗമഹിമയാൽ ഉദ്ദീപിതമായ ജ്ഞാനാഗ്നിയിൽ വെന്തെരിഞ്ഞുപോയ കർമ്മബീജങ്ങളോടുകൂടിയ |

| | | |
|---|---|---|
| ആത്മാരാമാണാം | = | ആത്മാരാമന്മാക്ക് |
| യദൃച്ഛയാ ഉപഗതാനി | = | യാദൃച്ഛികമായി വന്നുചേരുന്ന |
| ഐശ്വര്യാണി | = | അണിമാദ്യഷ്ടൈശ്വര്യങ്ങൾ |
| പുനഃ ക്ലേശദാനി ഭവിതും | = | വീണ്ടും സാംസാരികക്ലേശപ്രദങ്ങളാകുവാൻ |
| ന അർഹന്തി നൂനം | = | ഒരിക്കലും ഇടയാകയില്ലല്ലോ. |

രാജാവിന്റെ ആശങ്കയെ അംഗീകരിച്ചുകൊണ്ട് ശ്രീശുകൻ മറുപടി പറയുന്നു—

ഋഷിരുവാച — ഋഷി പറഞ്ഞു—

2 സത്യമുക്തം കിന്തിഹ വാ ഏകേ ന മനസോഽദ്ധാ വിശ്രംഭമനവസ്ഥാനസ്യ ശഠകിരാത ഇവ സംഗച്ഛന്തേ. തഥാ ചോക്തം —

| | | |
|---|---|---|
| സത്യം ഉക്തം | = | ശരിയാണ് പറഞ്ഞത്. |
| കിന്തു ഇഹ ഏകേ വൈ | = | എന്നാൽ, ഈ നിലയിലും ചിലർ |
| അനവസ്ഥാനസ്യ മനസഃ | = | അവ്യവസ്ഥാസ്വഭാവമുള്ള മനസ്സിന്റെ വിഷയത്തിൽ |
| ശഠകിരാതേ ഇവ | = | ചതിയനായ വേടനിൽ എന്നപോലെ |
| അദ്ധാ വിശ്രംഭം ന സംഗച്ഛന്തേ | = | ശരിക്കും വിശ്വാസം കൊള്ളുന്നില്ല. |
| തഥാ ഉക്തം ച | = | അപ്രകാരമാണ് (പൂർവ്വികന്മാരാൽ ചൊല്ലപ്പെട്ടിരിക്കുന്നതും |

3 ന കുര്യാത് കർഹിചിത് സഖ്യം മനസി ഹ്യനവസ്ഥിതേ
യദ്വിശ്രംഭാച്ചിരാച്ചീർണ്ണം ചസ്കന്ദ തപ ഐശ്വരം

| | | | |
|---|---|---|---|
| അനവസ്ഥിതേ | പ്രകൃത്യാ ചഞ്ചലമായ | യദ്വിശ്രംഭാത് | യാതൊരു മനസ്സിനെ വിശ്വസിക്കുകയാൽ |
| മനസി | മനസ്സിൽ | | |
| കർഹിചിത് | ഒരു നാളും | ചിരാത് | ബഹുകാലംകൊണ്ട് |
| | | ചീർണ്ണം | സമ്പാദിതമായിരുന്ന |
| സഖ്യം | സൗഹാർദ്ദബന്ധം | ഐശ്വരം | പരമേശ്വരന്റെ |
| ന കുര്യാത് | ചെയ്യരുത്. | തപഃ | തപഃശക്തിപോലും |
| ഹി | എന്തെന്നാൽ, | ചസ്കന്ദ | വഴുതിപ്പോയിരിക്കുന്നു. |

വിഷ്ണുവിന്റെ മായാമോഹിനീവേഷം കണ്ടിട്ട് ശിവന്റെ മനസ്സലഞ്ഞുപോയ കഥയാണ് ഇവിടെ സൂചിപ്പിച്ചത്. പ്രകൃത്യാ ചഞ്ചലമായ മനസ്സ് എപ്പോഴാണ് വിഷയാഭിമുഖമായിത്തീരുക എന്നതു് ആക്കും നിശ്ചയമില്ല. അതിനാൽ എത്ര വലിയ നിലയിലെത്തിയ യോഗീശ്വരനായാലും മനോനിയന്ത്രണത്തിൽ അയവുവരുത്തിക്കൂടാ. അതുകൊണ്ടുതന്നെയാണ് ഋഷഭദേവൻ യോഗൈശ്വര്യങ്ങളിൽ പരാങ്മുഖനായി വർത്തിച്ചതും.

4 നിത്യം ദദാതി കാമസ്യ ഛിദ്രം തമനു യേഽരയഃ
യോഗിനഃ കൃതമൈത്രസ്യ പത്യുർജ്ജായേവ പുംശ്ചലീ.

| | | | |
|---|---|---|---|
| നിത്യം | പതിവായി | യോഗിനഃ | ഒരു യോഗിയുടെ |
| കൃതമൈത്രസ്യ | (ഭാര്യയിൽ) വിശ്വാസമർപ്പിച്ചിരിക്കുന്ന | (മനഃ) | മനസ്സ് |
| | | കാമസ്യ | കാമത്തിനും |
| പത്യുഃ | ഒരു ഭർത്താവിന്റെ | തം അനു | അതിനെ തുടർന്നുകൊണ്ട് |
| പുംശ്ചലീ | വ്യഭിചാരിണിയായ | യേ | യാവചിലർ |
| ജായാ | ഭാര്യ | അരയഃ | ശത്രുക്കൾ വന്നണയുന്നുവോ, |
| (ജാരാണാം) | ജാരപുരുഷന്മാർക്ക് | | |
| ഇവ | എന്നതുപോലെ | (തേഷാം ച) | അവർക്കും |
| (കൃതമൈത്രസ്യ) | (മനസ്സിൽ) വിശ്വാസമർപ്പിച്ചിരിക്കുന്ന | ഛിദ്രം | പഴുത് (അവസരം) |
| | | ദദാതി | ഉണ്ടാക്കിക്കൊടുക്കുന്നു. |

എപ്രകാരം വിശ്വസിച്ചിരിക്കുന്ന ഒരുത്തന്റെ കുലടയായ ഭാര്യ ജാരന്മാർക്ക് ഒറവുകൊടുത്ത് അവരെക്കൊണ്ട് ഭർത്താവിനെ തുലക്കുന്നുവോ, അതുപോലെ മനോവിഷയകമായി വിശ്വാസംകൊണ്ടിരിക്കുന്ന യോഗിയുടെ മനസ്സ് കാമാദികളെക്കൊണ്ട് ആ യോഗിയെ പരിഭ്രഷ്ടനാക്കുന്നു എന്നർത്ഥം.

ആ ശത്രുക്കളെപ്പററി പറഞ്ഞ് ഈ പ്രകൃതം ഉപസംഹരിക്കുന്നു—

5 കാമോ മന്യുർമദോ ലോഭഃ ശോകമോഹഭയാദയഃ
കർമ്മബന്ധശ്ച യന്മൂലഃ സ്വീകുര്യാത് കോ നു തദ്ബുധഃ.

| | | | |
|---|---|---|---|
| കാമഃ മന്യുഃ | കാമവും കോപവും | തത് | ആ മനസ്സിനെ |
| മദഃ ലോഭഃ | തിമിർപ്പും പേരാശയും | ബുധഃ | വിവേകിയായ |
| ശോകമോഹഭയാദയഃ | ശോകം, മോഹം, ഭയം മുതലായവയും | കഃ നു | ഏതൊരാൾ |
| കർമ്മബന്ധഃ ച | കർമ്മബന്ധവും | സ്വീകുര്യാത് | തന്റെ നിയന്ത്രണത്തിലായെന്ന് കരുതി വിശ്വസിച്ചിരിക്കും? |
| യന്മൂലഃ | യാതൊന്നുനിമിത്തമായിട്ട് ഉണ്ടാവുന്നുവോ, | | |

ഇനി കഥയിലേക്ക് പ്രവേശിക്കുന്നു—

6 അഥൈവമഖിലലോകപാലലലാമോഽപി വിലക്ഷണൈർജ്ജഡവദ-
വധൂതവേഷഭാഷാചരിതൈരവിലക്ഷിതഭഗവത്പ്രഭാവോ യോഗി-
നാം സാംപരായവിധിമനുശിക്ഷയൻ സ്വകളേബരം ജിഹാസുരാത്മന്യാ-
ത്മാനമസംവ്യവഹിതമനർത്ഥാന്തരഭാവേനാന്വീക്ഷമാണ ഉപരതാനു-
വൃത്തിരുപരരാമ.

| | | |
|---|---|---|
| അഥ ഏവം | = | അനന്തരം, ഇപ്രകാരം |
| അഖിലലോകപാലലലാമഃ അപി | = | സകലലോകപാലന്മാൎക്കും അലങ്കാരഭൂതനെന്നിരിക്കിലും, |
| ജഡവത് | = | ഒരു മൂഢനെപ്പോലെ |
| വിലക്ഷണൈഃ | = | അസാധാരണങ്ങളായി, നാനാതരത്തിലുള്ള |
| അവധൂതവേഷ-ഭാഷാചരിതൈഃ | } | അവധൂതന്റെ മട്ടിൽ പ്രാകൃതമായ വേഷവും ഭാഷയും സമ്പ്രദായവും കൊണ്ടു് |
| അവിലക്ഷിതഭഗവത്പ്രഭാവഃ | = | തന്റെ ഈശ്വരപ്രഭാവം പുറമെ പ്രദൎശിപ്പിക്കാതെയിരുന്നു്, |
| യോഗിനാം സാമ്പരായവിധിം | | യോഗിമാരുടെ ദേഹപരിത്യാഗരീതിയെ |
| അനുശിക്ഷൻ | = | സ്വപ്രവൃത്തിയാൽ ഉപദേശിച്ചുകൊണ്ടു് |
| സ്വകളേബരം ജിഹാസുഃ | = | തൻശരീരത്തെ പരിത്യജിക്കുവാനിച്ഛിച്ചു് |
| ആത്മനി ആത്മാനം | = | ജീവാത്മാവിൽ പരമാത്മാവിനെ |
| അനൎത്ഥാന്തരഭാവേന | = | മറ്റൊന്നല്ലാത്ത നിലയിൽ (ആധാരാധേയത്വമില്ലെന്ന നിലയിൽ) |
| അസംവ്യവഹിതം | = | മറനീങ്ങി ഒന്നായിരിക്കുന്ന ഏകതത്വമായിട്ടു് (ആരാധ്യൻ — ആരാധകൻ എന്ന ഭേദമില്ലാതെ) |
| അന്വീക്ഷമാണഃ | = | തുടൎച്ചയായിത്തന്നെ ദൎശിച്ചുകൊണ്ടു് |
| ഉപരതാനുവൃത്തിഃ | = | പ്രാരബ്ധകൎമ്മവാസനാനുവൎത്തനത്തിൽനിന്നും നിഃശേഷം വിട്ടകന്നു് |
| ഉപരരാമ | = | ആത്യന്തികമായ ഉപരതിയിലെത്തി. |

7 തസ്യ ഹ വാ ഏവം മുക്തലിംഗസ്യ ഭഗവത ഋഷഭസ്യ യോഗമായാ-
വാസനയാ ദേഹ ഇമാം ജഗതീമഭിമാനാഭാസേന സങ്ക്രമമാണഃ
കോങ്കവേങ്കകുടകാൻ ദക്ഷിണകൎണ്ണാടകാൻ ദേശാൻ യദൃച്ഛയോപഗതഃ
കുടകാചലോപവന ആസ്യകൃതാശ്മകബള ഉന്മാദ ഇവ മുക്തമൂൎദ്ധ-
ജോऽസംവീത ഏവ വിചചാര.

| | | |
|---|---|---|
| ഏവം മുക്തലിംഗസ്യ ഹ വൈ | = | ഇപ്രകാരം കാരണശരീരബന്ധം പോലും വിട്ടകന്ന |
| തസ്യ ഭഗവതഃ ഋഷഭസ്യ ദേഹഃ | = | ആ ഭഗവാനായ ഋഷഭദേവന്റെ ശരീരം |
| യോഗമായാവാസനയാ | = | യോഗമായയുടെ അംശമായ സംസ്കാരത്തിനാലുള്ള |
| അഭിമാനാഭാസേന | = | അഭിമാനാഭാസത്താൽ |
| ഇമാം ജഗതീം സങ്ക്രമമാണഃ | = | ഈ ലോകമാകെയും വിട്ടുവിട്ടു ചുറ്റിനടന്നുകൊണ്ടും |
| കോങ്കവേങ്കകുടകാൻ | = | കൊങ്കണം, വെങ്കടം, കുടകു് എന്നിങ്ങനെയുള്ള |
| ദക്ഷിണകൎണ്ണാടകാൻ ദേശാൻ | = | തെക്കൻകൎണ്ണാടകപ്രദേശങ്ങളിലേക്കു് |
| യദൃച്ഛയാ ഉപഗതഃ | = | യാദൃച്ഛികമായി വന്നുചേൎന്നു് |
| കുടകാചലോപവനേ | = | കുടകാദ്രിയുടെ പാൎശ്വത്തിലുള്ള വനത്തിൽ |
| ആസ്യകൃതാശ്മകബളഃ | = | വായിൽ നിറയെ കല്ലിൻകഷണങ്ങൾ അമൎത്തിവെച്ചു് |

| | | |
|---|---|---|
| ഉന്മാദഃ ഇവ മുക്തമൂൎദ്ധജഃ | = | പേപ്പിശാചുപോലെ തലമുടി വിടൎത്തിയിട്ടു് |
| അസംവീതഃ ഏവ വിചചാര | = | കേവലം നഗ്നനായിട്ടു് സഞ്ചരിച്ചു. |

ജീവന്മുക്തന്മാർ ദേഹയാത്ര ഉടരുന്നതു് തങ്ങളെ ബന്ധിക്കുവാൻ കെല്പില്ലാത്ത അവിദ്യാസംസ്കാരസംബന്ധമായ അഭിമാനാഭാസംകൊണ്ടാണു്. ഋഷഭദേവനാകട്ടെ സ്വയം ഭഗവാനാകയാൽ യോഗമായാസംസ്കാരസംബന്ധമായ അഭിമാനാഭാസം കൊണ്ടായിരുന്നു എന്നതാണിവിടെ വിശേഷം. തിരിച്ചുവിട്ട പമ്പരം കുറച്ചുനേരത്തോളം തനിയെ തിരിഞ്ഞുകൊണ്ടിരിക്കുമല്ലോ. അതുപോലെ അഭിമാനാഭാസത്തിങ്കലും ദേഹയാത്ര ഏതോ സംസ്കാരശക്തിയാൽ നടന്നുകൊണ്ടിരിക്കും. ഈ സംസ്കാരമത്രേ അഭിമാനാഭാസമെന്നതു്.

8 അഥ സമീരവേഗവിധൂതവേണുവികൎഷണജാതോഗ്രദാവാനലസ്തദ്വനമാലേലിഹാനഃ സഹ തേന ദദാഹ.

| | | |
|---|---|---|
| അഥ സമീരവേഗവിധൂതവേണു-വികൎഷണജാതോഗ്രദാവാനലഃ | } | അതിൽപ്പിന്നെ ഒരിക്കൽ, കാററുവീശലിന്റെ ശക്തിയാൽ ഇളക്കപ്പെട്ട ഓടകൾ തമ്മിലുരഞ്ഞുണ്ടായ ഘോരമായ കാട്ടുതീയ്യു് |
| തത് വനം തേന സഹ | = | ആ വനത്തെ ആ മഹാത്മാവിന്റെ ഉടലോടുകൂടി |
| ആലേലിഹാനഃ ദദാഹ | = | ജ്വാലകളാൽ ചുഴന്നുപിടിച്ചു് ദഹിപ്പിച്ചു. |

9 യസ്യ കിലാനുചരിതമാശ്രമാതീതമുപാകൎണ്യ കോങ്കവേങ്കകുടകാനാം രാജാൎഹന്നാമോപശിക്ഷ്യ കലാവധൎമ്മ ഉത്കൃഷ്യമാണേ ഭവിതവ്യേന വിമോഹിതഃ സ്വധൎമ്മപഥമകുതോഭയമപഹായ കുപഥപാഷണ്ഡമസമഞ്ജസം നിജമനീഷയാ മന്ദഃ പ്രവൎത്തയിഷ്യതേ.

| | | |
|---|---|---|
| യസ്യ കില | = | യാതൊരു ഋഷഭഭഗവാന്റെ |
| ആശ്രമാതീതം അനുചരിതം ഉപാകൎണ്യ | } | സകലവൎണ്ണാശ്രമാചാരങ്ങളിൽനിന്നും അതീതമായി നിലകൊണ്ടിരുന്ന ജീവിതകഥയെ ജനങ്ങൾ പറഞ്ഞുകേട്ടിട്ടു് |
| കോങ്കവേങ്കകുടകാനാം | = | കൊങ്കണം, വെങ്കടം, കുടക് എന്നീ ദക്ഷിണകൎണ്ണാടകദേശങ്ങളുടെ |
| രാജാ മന്ദഃ അൎഹന്നാമാ | = | രാജാവും മന്ദപ്രജ്ഞനുമായ അൎഹനെന്നവൻ |
| ഉപശിക്ഷ്യ | = | അവിടത്തെ ജീവിതചൎയ്യയെ പഠിച്ചു്, |
| കലൗ അധൎമ്മേ ഉത്കൃഷ്യമാണേ | = | കലികാലത്തു് അധൎമ്മം പെരുകിവരുമ്പോൾ |
| ഭവിതവ്യേന വിമോഹിതഃ | = | പൂൎവ്വകൃതപാപഫലത്താൽ മോഹിതനായിട്ടു് |
| അകുതോഭയം | = | ഒരുവിധത്തിലും ഭയത്തിന്നവകാശമില്ലാത്ത |
| സ്വധൎമ്മം അപഹായ | = | തന്റെ ധൎമ്മം കൈവിട്ടു് |
| അസമഞ്ജസം | = | ഒന്നിനും കൊള്ളരുതാത്ത |
| കുപഥപാഷണ്ഡം | = | ദുൎമ്മാൎഗ്ഗപാഷണ്ഡമതത്തെ (വേദവിരുദ്ധമായ നാസ്തികമതത്തെ) |

നിജമനീഷയാ = തന്റെ അഭിപ്രായത്തിന്നനുസരിച്ച്
പ്രവൎത്തയിഷ്യതേ = പ്രചരിപ്പിക്കുവാൻ തുടങ്ങും

10 യേന ഹ വാവ കലൗ മനുജാപസദാ ദേവമായാമോഹിതാഃ സ്വവിധിനിയോഗശൗചചാരിത്രവിഹീനാ ദേവഹേളനാന്യപവ്രതാനി നിജനിജേച്ഛയാ ഗൃഹ്ണാനാ അസ്നാനാചമനശൗചകേശോല്ലുഞ്ചനാദീനി കലിനാऽധൎമ്മബഹുളേനോപഹതധിയോ ബ്രഹ്മബ്രാഹ്മണയജ്ഞപുരുഷലോകവിദൂഷകാഃ പ്രായേണ ഭവിഷ്യന്തി.

യേന ഹ വാവ കലൗ = ഇതുകാരണം, കഷ്ടമേ! കലിയിൽ
മനുജാപസദാഃ = മനുഷ്യാധമന്മാരായുള്ളവർ
ദേവമായാമോഹിതാഃ = ഈശ്വരമായയാൽ മോഹിതരായിച്ചമഞ്ഞു്
സ്വവിധിനിയോഗശൗചചാരിത്രവിഹീനാഃ = തങ്ങൾക്ക ശാസ്ത്രവിധിയാൽ അനുശാസിക്കപ്പെട്ടിരിക്കുന്ന ശുദ്ധിയും സദാചാരങ്ങളുമില്ലാതെ,
അസ്നാനാചമനശൗചകേശോല്ലുഞ്ചനാദീനി = കുളിക്കാതിരിക്കുക, ആചമനം ചെയ്യാതിരിക്കുക, ശുദ്ധിയാചരിക്കാതിരിക്കുക, തലമുടി മുറിക്കുക എന്നിങ്ങനെ
ദേവഹേളനാനി അപവ്രതാനി = ഈശ്വരനിന്ദാപരങ്ങളായ കെട്ടവഴക്കങ്ങളെ
നിജനിജേച്ഛയാ ഗൃഹ്ണാനാഃ = അവരവരുടെ ഇഷ്ടപ്രകാരം സ്വീകരിച്ചുകൊണ്ടു്,
അധൎമ്മബഹുളേന കലിനാ = അധൎമ്മാധിക്യം ചേൎന്നുള്ള കലിയാൽ
ഉപഹതധിയഃ = ബുദ്ധി കെട്ടത്തപ്പെട്ടവരായിത്തീൎന്നു്
ബ്രഹ്മബ്രാഹ്മണയജ്ഞപുരുഷലോകവിദൂഷകാഃ = വേദം, ബ്രാഹ്മണൻ, യജ്ഞം, ഈശ്വരൻ, ലോകം എന്നിവയെ നിന്ദിച്ചുകൊണ്ടുള്ളവരായിട്ടു്
പ്രായേണ ഭവിഷ്യന്തി = മിക്കവാറും ഭവിച്ചേക്കും

11 തേ ച ഹ്യർവാക്തനയാ നിജലോകയാത്രയാऽന്ധപരമ്പരയാऽശ്വസ്താസ്തമസ്യന്ധേ സ്വയമേവ പ്രപതിഷ്യന്തി.

തേ ച ഹി = ആയവരെല്ലാം തന്നിമിത്തം
അർവാക്തനയാ = വേദപ്രാമാണ്യമില്ലാതെ പുതുതായുണ്ടായ
അന്ധപരമ്പരയാ = മൂഢസങ്കല്പത്തിന്റെ ഗതാനുഗതികത്വം ഉൾക്കൊള്ളുന്ന
നിജലോകയാത്രയാ ആശ്വസ്താഃ = സ്വേച്ഛാചാരാധിഷ്ഠിതമായ ലോകജീവിതത്താൽ വിശ്വസ്തരായിട്ടു്
അന്ധേ തമസി = നരകയാതനയാവുന്ന കൂരിരുട്ടിൽ
സ്വയം ഏവ പ്രപതിഷ്യന്തി = തന്നെത്താൻ ചെന്നുവീഴുകയും ചെയ്യും

അപ്പോൾ, ഈ ഋഷഭാവതാരം ലോകത്തിൽ അനൎത്ഥമല്ലേ ഉണ്ടാക്കിയതു്? അതു് എന്തിനുള്ളതായിരുന്നു? എന്നിപ്രകാരം ആശങ്കിക്കേണ്ടതില്ലെന്നു് പറയുന്നു.

12 അയമവതാരോ രജസോപപ്ലുതകൈവല്യോപശിക്ഷണാർത്ഥഃ തസ്യാ-
നുഗുണാൻ ശ്ലോകാൻ ഗായന്തി.

| | | |
|---|---|---|
| അയം അവതാരഃ | = | ഈ ഋഷഭാവതാരം |
| രജസാ ഉപപ്ലുതകൈവല്യോപ-ശിക്ഷണാർത്ഥഃ | } | രജോഗുണത്താൽ അഭിവ്യാപ്തരായിരിക്കുന്ന ജനങ്ങൾക്ക് മോക്ഷമാർഗ്ഗത്തെ ഉപദേശിക്കുക എന്ന പ്രയോജനത്തോടുകൂടിയതാകുന്നു. |
| തസ്യ അനുഗുണാൻ | = | അതിന്നു് അനുരൂപങ്ങളായ |
| ശ്ലോകാൻ ഗായന്തി | = | ശ്ലോകങ്ങളെ മഹാന്മാർ ഗാനം ചെയ്തുവരുന്നു. |

13 അഹോ ഭുവഃ സപ്തസമുദ്രവത്യാ
ദ്വീപേഷു വർഷേഷ്വധിപുണ്യമേതത്
ഗായന്തി യത്രത്യജനാ മുരാരേഃ
കർമ്മാണി ഭദ്രാണ്യവതാരവന്തി.

| | | | |
|---|---|---|---|
| സപ്തസമുദ്ര-വത്യാഃ ഭുവഃ | } ഏഴുകടലുകളോടുകൂടിയ ഭൂമിയിലെ | യത്രത്യജനാഃ | (എന്തെന്നാൽ) യാതൊരു ഈ ഭാരതത്തിലെ നിവാസികൾ |
| ദ്വീപേഷു | എല്ലാ ദ്വീപുകളിലും | മുരാരേഃ | ശ്രീഹരിയുടെ |
| വർഷേഷു | എല്ലാ വർഷങ്ങളിലും വെച്ചു് | അവതാര-വന്തി | } ഋഷഭദേവാദ്യവതാരങ്ങളോടുകൂടിയ |
| ഏതത് | (ഇതു്) ഈ ഭാരതവർഷം | ഭദ്രാണി | പാവനങ്ങളായ |
| അധിപുണ്യം | അധികം പുണ്യമുള്ളതാകുന്നു. | കർമ്മാണി | ലീലാചരിതങ്ങളെ |
| അഹോ | ഭാഗ്യംതന്നെ. | ഗായന്തി | പ്രകീർത്തിക്കുന്നുണ്ടല്ലോ. |

14 അഹോ നു വംശോ യശസാവദാതഃ
പ്രൈയവ്രതോ യത്ര പുമാൻ പുരാണഃ
കൃതാവതാരഃ പുരുഷഃ സ ആദ്യ
ശ്ചചാര ധർമ്മം യദകർമ്മഹേതും.

| | | | |
|---|---|---|---|
| അഹോ | അഹോ ആശ്ചര്യം ! | പുരാണഃ പുമാൻ | ആദിപുരുഷനായ ശ്രീഹരി |
| പ്രൈയവ്രതഃ | പ്രിയവ്രതനെ സംബന്ധിച്ച | കൃതാവതാരഃ | അവതാരമെടുത്തു. |
| വംശഃ നു | വംശമാകട്ടെ | ആദ്യഃ പുരുഷഃ | കാരണാത്മാവായ |
| യശസാ | കീർത്തിയാൽ | സഃ | തന്തിരുവടി |
| അവദാതഃ | ശുഭ്രമായതാണ് | അകർമ്മഹേതും | മോക്ഷകാരണമായ |
| യത് | എന്തെന്നാൽ, | ധർമ്മം | പാരമഹംസ്യധർമ്മത്തെ |
| യത്ര | യാതൊരു ഈ വംശത്തിൽ | ചചാര | ആചരിച്ചു. |

15 കോന്വസ്യ കാഷ്ഠാമപരോഽനുഗച്ഛേ-
ന്മനോരഥേനാപ്യഭവസ്യ യോഗീ
യോ യോഗമായാഃ സ്പൃഹയത്യുദസ്താ
ഹ്യസത്തയാ യേന കൃതപ്രയത്നാഃ.

| | | | |
|---|---|---|---|
| അപരഃ കഃ | വേറെ ഏതൊരു | അസത്തയാ | അസത്തെന്ന നിലയിൽ |
| യോഗീ നു | യോഗിയാണ് | ഉദസ്താഃ | നിരസിക്കപ്പെട്ടവയും |
| അഭവസ്യ | സംസൃതിബന്ധമില്ലാത്ത | കൃതപ്രയത്നാഃ | ഇതരയോഗികളാൽ തൽപ്രാപ്തിക്കായി പ്രയത്നം ചെയ്യപ്പെടുന്നവയുമായ |
| അസ്യ | ഈ ഋഷഭദേവന്റെ | | |
| കാഷ്ഠാം | നിലയെ | | |
| മനോരഥേന അപി | മനഃസങ്കല്പംകൊണ്ടുകൂടിയും | യോഗമായാഃ | യോഗമായാസിദ്ധികളെ |
| അനുഗച്ഛേത് | അനുഗമിക്കാൻ ശക്തനാകുക ? | യഃ | യാതൊരുവൻ (അന്യൻ) |
| യേന | യാതൊരു ഋഷഭദേവനാൽ | സ്പൃഹയതി ഹി | കൊതിക്കുന്നുവല്ലോ. |

16 ഇതി ഹ സ്മ സകലവേദലോകദേവബ്രാഹ്മണഗവാം പരമഗുരോർ-
ഭഗവത ഋഷഭാഖ്യസ്യ വിശുദ്ധാചരിതമീരിതം പുംസാം സമസ്ത-
ദുശ്ചരിതാഭിഹരണം പരമമഹാമംഗളായനമിദമനുശ്രദ്ധയോഽപചി-
തയാഽനുശൃണോത്യാശ്രാവയതി വാഽവഹിതോ ഭഗവതി തസ്മിൻ
വാസുദേവ ഏകാന്തതോ ഭക്തിരനയോരപി സമനുവർത്തതേ.

| | | |
|---|---|---|
| ഇതി ഹ സ്മ | = | എന്നിപ്രകാരം |
| സകലവേദലോകദേവ-ബ്രാഹ്മണഗവാം | } | എല്ലാ വേദങ്ങൾക്കും, ലോകങ്ങൾക്കും, ദേവന്മാർക്കും, ബ്രാഹ്മണർക്കും, പശുക്കൾക്കും |
| പരമഗുരോഃ ഭഗവതഃ | = | പരമഗുരുവും ഭഗവാനുമായ |
| ഋഷഭാഖ്യസ്യ | = | ഋഷഭദേവന്റെ |
| വിശുദ്ധാചരിതം ഈരിതം | = | പാവനമായ ചരിതം പറയപ്പെട്ടു. |
| പുംസാം സമസ്തദുശ്ചരിതാഭിഹരണം | | മനുഷ്യരുടെ സർവ്വ ദുരിതത്തെയും നശിപ്പിക്കുന്ന, |
| പരമമഹാമംഗളായനം ഇദം | = | ഏററവും വലിയ മംഗളങ്ങൾക്കിരിപ്പിടവുമായ ഇതിനെ |
| ഉപചിതയാ അനുശ്രദ്ധയാ | = | വദ്ധിച്ച നിരന്തരശ്രദ്ധയോടെ |
| അവഹിതഃ | = | ഏകാഗ്രഭാവനയോടുകൂടിയിരുന്നു് |
| അനുശൃണോതി ആശ്രാവയതി വാ | = | പതിവായി കേൾക്കുകയോ കേൾപ്പിക്കുകയോ ചെയ്യുന്നാൽ |
| ഭഗവതി വാസുദേവേ തസ്മിൻ | = | സർവ്വജ്ഞാനപൂർണ്ണനും ശുദ്ധസത്വാത്മകനുമായ തന്തിരുവടിയിൽ |

| | | |
|---|---|---|
| ഏകാന്തതഃ ഭക്തിഃ | — | ഏകാന്തഭക്തിയോഗം |
| അനയോഃ അപി സമനുവർത്തതേ | — | ഇവക്കിരുവക്കും (കേറംപ്പവനും കേറംപ്പിക്കന്നവനും) ഇടരെത്തുടരെ വളൻവരുന്നതാണ്. |

ഈ ഭക്തിയോഗംതന്നെയാണ് പരമപുരുഷാർത്ഥമെന്ന് എടുത്തുപറയുന്നു.

17 യസ്യാമേവ കവയ ആത്മാനമവിരതം വിവിധവൃജിനസംസാരപരി-
താപോപതപ്യമാനമനുസവനം സ്നാപയന്തസ്തയൈവ പരയാ നിർ-
വൃത്ത്യാ ഹ്യപവർഗമാത്യന്തികം പരമപുരുഷാർത്ഥമപി സ്വയമാ-
സാദിതം നോ ഏവാദ്രിയന്തേ ഭഗവദീയത്വേനൈവ പരിസമാപ്ത-
സർവാർത്ഥാഃ.

| | | |
|---|---|---|
| കവയഃ വിവിധവൃജിനസംസാര-പരിതാപോപതപ്യമാനം ആത്മാനം | } | വിവേകശാലികൾ, പല പല പാപകർമ്മങ്ങൾക്കിടമായ സംസാരത്തിലെഴുന്ന ക്ലേശങ്ങളാൽ തപിക്കപ്പെടുന്ന ആത്മാവിനെ |
| യസ്യാം ഏവ | = | യാതൊരു ഭക്തിരസത്തിൽ മാത്രമായി |
| അവിരതം അനുസവനം | = | ഇടവിടാതെ സവനംതോറും |
| സ്നാപയന്തഃ | = | നീരാട്ടുകഴിപ്പിച്ചുകൊണ്ട്, |
| തയാ ഏവ പരയാ നിർവൃത്ത്യാ | = | ആ വഴിക്കുതന്നെയുണ്ടായ നിരതിശയാനന്ദത്താൽ |
| സ്വയം ആസാദിതം | = | തന്നെത്താൻ വന്നുചേൎന്ന |
| അപവർഗം ആത്യന്തികം ഹി പരമപുരുഷാർത്ഥം അപി | } | മുക്തിയാവുന്ന അനശ്വരപരമപുരുഷാർത്ഥത്തെപ്പോലും |
| ഭഗവദീയത്വേന ഏവ | = | തങ്ങൾ ഭഗവാന്റെ സ്വന്തമായെന്ന ഏകകാരണംകൊണ്ടുതന്നെ |
| പരിസമാപ്തസർവാർത്ഥാഃ | = | പരിപൂർണ്ണതയാ സാധിച്ചുകഴിഞ്ഞ സമസ്തപുരുഷാർത്ഥങ്ങളോടുകൂടിയവരായിക്കഴിഞ്ഞതിനാൽ |
| നോ ആദ്രിയന്തേ ഏവ | = | ആദരിക്കുകയേ ചെയ്യാറില്ല. |

ഭഗവദ്ദർശനം അതിസുലഭവും മുക്തിയാകട്ടെ അത്യന്തദുർല്ലഭവുമാകയാൽ ഭക്തിയെപ്പററി ഇപ്പറഞ്ഞതു് അതിസ്തുതിയാകയില്ലേ എന്നാശങ്കിക്കുന്നുവെങ്കിൽ, പറയുന്നു.

18 രാജൻ പതിർഗ്ഗുരുരലം ഭവതാം യദൂനാം
ദൈവം പ്രിയഃ കുലപതിഃ ക്വ ച കിങ്കരോ വാ
അസ്ത്വേവമംഗ ഭഗവാൻ ഭജതാം മുകുന്ദോ
മുക്തിം ദദാതി കൎഹിചിത് സ്മ ന ഭക്തിയോഗം

| | | | |
|---|---|---|---|
| രാജൻ | ഹേ പരീക്ഷിത്തേ! | പതിഃ | പാലകനായും |
| ഭഗവാൻ | ഭഗവാൻ ശ്രീകൃഷ്ണൻ | ഗുരുഃ | ഉപദേശകനായും |
| ഭവതാം | നിങ്ങളുടേയും | ദൈവം | ആരാധനാമൂർത്തിയായും |
| യദൂനാം | യാദവന്മാരുടേയും | പ്രിയഃ | ഇഷ്ടതോഴനായും |

| | | | |
|---|---|---|---|
| കുലപതിഃ | വംശനിയന്താവും | ഭജതാം | തന്നെ ഭജിക്കുന്നവൎക്കു് |
| ക്വചച | ചിലപ്പോൾ | മുക്തിം | മുക്തിയെ |
| കിങ്കരഃ വാ | ഭൃത്യൻതന്നെയായും വൎത്തിച്ചു | ദദാതി | കൊടുക്കുന്നു; |
| അലം അസ്തു | എന്നതിരിക്കട്ടെ. | കൎഹിചിത് സ്മ | ഒരിക്കലും തന്നെ |
| അംഗ | എന്നാൽ ഹേ രാജൻ! | ഭക്തിയോഗം | ഭക്തിയോഗത്തെ |
| മുകുന്ദഃ (സഃ) | മുക്തിപ്രദനായ അവിടുന്നു് | ന | കൊടുക്കുകയില്ല. |

ഋഷി ഋഷഭചരിതം അവസാനിപ്പിച്ചു് നമോവാകം പറയുന്നു.

19 നിത്യാനുഭൂതനിജലാഭനിവൃത്തതൃഷ്ണഃ
ശ്രേയസ്യതദ്രചനയാ ചിരസുപ്തബുദ്ധേഃ
ലോകസ്യ യഃ കരുണയാഽഭയമാത്മലോക-
മാഖ്യാന്നമോ ഭഗവതേ ഋഷഭായ തസ്മൈ.

| | | | |
|---|---|---|---|
| നിത്യാനുഭൂത-നിജലാഭ-നിവൃത്തതൃഷ്ണഃ | സൎവ്വദാ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആത്മാനന്ദലാഭത്താൽ നിവൃത്തസമസ്തകാമനായ | ലോകസ്യ | ലോകത്തിന്നു് |
| | | കരുണയാ | ഉൾക്കനിവാൽ |
| | | അഭയം | സംസാരഭീതിയകന്ന |
| യഃ | യാതൊരാൾ | ആത്മലോകം | ആത്മദൎശനത്തെ |
| അതദ്രചനയാ | ആത്മവ്യതിരിക്തമായ ദേഹാദിപരിചിന്തയാൽ | ആഖ്യാത് | വ്യാഖ്യാനിച്ചുകൊടുത്തുവോ, |
| | | തസ്മൈ | ആ നിലക്കുള്ള |
| ശ്രേയസി | ആത്മശ്രേയോവിഷയത്തിൽ | ഭഗവതേ | നിഖിലജ്ഞാനപരിപൂൎണ്ണനായ |
| ചിരസുപ്ത-ബുദ്ധേഃ | സുദീൎഘം നിദ്രയിലാണ്ടബുദ്ധിയോടുകൂടിയിരിക്കുന്ന | ഋഷഭായ | ഋഷഭദേവമൂൎത്തിക്കു് |
| | | നമഃ | നമോവാകം. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ ഋഷഭദേവാനുചരിതേ

ഷഷ്ഠോഽധ്യായഃ ആദിതഃ സൂക്താനി 157

അഞ്ചാമത്തെ സ്കന്ധത്തിൽ ആറാമധ്യായം കഴിഞ്ഞു.

# സപ്തമോऽധ്യായഃ — അദ്ധ്യായം ഏഴ്.

## ഭരതോപാഖ്യാനം.

"സപ്തമേ ഭരതോ രാജ്യേ ചിരം യജ്ഞൈർഹരിം യജൻ
ആരബ്ധകർമ്മനിർവാണോ ഹരിക്ഷേത്രേऽഭജദ്ധരിം.

കഴിഞ്ഞ മൂന്നദ്ധ്യായങ്ങളാൽ ഋഷഭാവതാരചരിതം പറഞ്ഞവസാനിപ്പിച്ചശേഷം ഇനി എട്ടദ്ധ്യായങ്ങൾകൊണ്ട് തൽപുത്രനായ ഭരതന്റെ അദ്ഭുതചരിതത്തെ ശുകമഹർഷി പരീക്ഷിത്തിന്നുപദേശിക്കുന്നു.

ഈ ഏഴാമത്തെ അദ്ധ്യായത്തിൽ, ഭരതൻ ദീർഘകാലം യാഗാദ്യനുഷ്ഠാനങ്ങൾ വഴിക്ക് ശ്രീഹരിയെ സേവിച്ചുകൊണ്ടുതന്നെ ഇരുന്നു് രാജ്യം വാണതും, പിന്നെ പ്രാരബ്ധകർമ്മങ്ങളിൽനിന്നും നിവൃത്തനായി ഹരിക്ഷേത്രം പുക്ക് ഹരിഭജനത്തിൽ മുഴുകിയതും പറയുന്നു—

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1 ഭരതസ്തു മഹാഭാഗവതോ യദാ ഭഗവതാऽവനിതലപരിപാലനായ
സഞ്ചിന്തിതസ്തദനുശാസനപരഃ പഞ്ചജനീം വിശ്വരൂപദുഹിതര-
മുപയേമേ.

| | | |
|---|---|---|
| മഹാഭാഗവതഃ ഭരതഃ തു | = | ഭഗവദ്ഭക്താഗ്രഗണ്യനായ ഭരതനാകട്ടെ |
| യദാ ഭഗവതാ | = | എപ്പോൾ ഋഷഭഭഗവാനാൽ |
| അവനിതലപരിപാലനായ | = | ഭൂതലസംരക്ഷണത്തിനായി |
| സഞ്ചിന്തിതഃ (തദാ) | = | സങ്കല്പിക്കപ്പെട്ടുവോ, അപ്പോൾ മുതൽ |
| തദനുശാസനപരഃ | = | അവിടുത്തെ ആജ്ഞ നിറവേററിക്കൊണ്ടിരുന്നു് |
| വിശ്വരൂപദുഹിതരം | = | വിശ്വരൂപന്റെ പുത്രിയായ |
| പഞ്ചജനീം ഉപയേമേ | = | പഞ്ചജനിയെന്നവളെ വേട്ടു. |

2 തസ്യാമു ഹ വാ ആത്മജാൻ കാർത്സ്ന്യേനാനുരൂപാനാത്മനഃ പഞ്ച
ജനയാമാസ ഭൂതാദിരിവ ഭൂതസൂക്ഷ്മാണി.

3 സുമതിം രാഷ്ട്രഭൃതം സുദർശനമാവരണം ധൂമ്രകേതുമിതി, അജനാഭം
നാമൈതദ്വർഷം ഭാരതമിതി യത ആരഭ്യ വ്യപദിശന്തി.

| | | |
|---|---|---|
| തസ്യാം ഉ ഹ വൈ | = | ആ പഞ്ചജനിയിൽത്തന്നെയായി, |
| ഭൂതാദിഃ ഭൂതസൂക്ഷ്മാണി ഇവ | = | അഹങ്കാരതത്ത്വം ഭൂതസൂക്ഷ്മങ്ങളെ എന്നപോലെ |

| | | |
|---|---|---|
| കാർത്സ്ന്യേന ആത്മനഃ അനുരൂപാൻ | } | തികച്ചും തനിക്കനുരൂപന്മാരായ |
| സുമതിം രാഷ്ട്രഭൃതം സുദർശനം ആവരണം ധൂമ്രകേതും ഇതി | } | സുമതി, രാഷ്ട്രഭൃത്ത്, സുദർശനൻ, ആവരണൻ, ധൂമ്രകേതു എന്നിങ്ങനെ |
| പഞ്ച ആത്മജാൻ ജനയാമാസ | = | അഞ്ച് പുത്രന്മാരെ ജനിപ്പിച്ചു. |
| യതഃ ആരഭ്യ | = | യാതൊരുവന്റെ കാലംമുതല്ക്ക് |
| അജനാഭം നാമ ഏതത് വർഷം | = | അജനാഭമെന്നു പേരായ ഈ ഭൂഖണ്ഡത്തെ |
| ഭാരതം ഇതി വ്യപദിശന്തി | = | 'ഭാരതം' എന്ന് വിളിച്ചുവരുന്നു. |

4 സ ബഹുവിന്മഹീപതിഃ പിതൃപൈതാമഹവദുരുവത്സലതയാ സ്വേ
സ്വേ കർമ്മണി വർത്തമാനാഃ പ്രജാഃ സ്വധർമ്മമനുവർത്തമാനഃ പര്യ-
പാലയത്.

| | | |
|---|---|---|
| പിതൃപൈതാമഹവത് | = | തന്റെ അച്ഛനെപ്പോലെയും മുത്തച്ഛനെപ്പോലെയും |
| ബഹുവിത് സഃ മഹീപതിഃ | = | ബഹുകാര്യജ്ഞനായിരുന്ന ആ രാജാവ് |
| സ്വധർമ്മം അനുവർത്തമാനഃ | = | സ്വധർമ്മത്തെ അനുവർത്തിച്ചുകൊണ്ട് |
| സ്വേ സ്വേ കർമ്മണി | = | താന്താങ്ങളുടെ കർമ്മവൃത്തിൽ |
| വർത്തമാനാഃ പ്രജാഃ | = | നിലയുറച്ചുനിന്നിരുന്ന പ്രജകളെ |
| ഉരുവത്സലതയാ | = | അതിയായ വാത്സല്യത്തോടുകൂടി |
| പര്യപാലയത് | = | പരിപാലിച്ചുവന്നു. |

5 ഈജേ ച ഭഗവന്തം യജ്ഞക്രതുരൂപം ക്രതുഭിരുച്ചാവചൈഃ ശ്രദ്ധ-
യാ ഽഹൃതാഗ്നിഹോത്രദർശപൂർണ്ണമാസചാതുർമ്മാസ്യപശുസോമാനാം
പ്രകൃതിവികൃതിഭിരനുസവനം ചാതുർഹോത്രവിധിനാ.

| | | |
|---|---|---|
| യജ്ഞക്രതുരൂപം ഭഗവന്തം | = | യജ്ഞം, ക്രതു * എന്നിങ്ങനെ രണ്ട് പ്രകാരത്തിലുള്ള യാഗങ്ങളുടെയും സ്വരൂപമായ ശ്രീഹരിയെ |
| ആഹൃതാഗ്നിഹോത്രദർശപൂർണ്ണമാസചാതുർമ്മാസ്യപശുസോമാനാം | ) | സ്വാധികാരമനുസരിച്ച് തന്നാലംഗീകരിക്കപ്പെട്ടതായ അഗ്നിഹോത്രം, ദർശപൂർണ്ണമാസം, ചാതുർമ്മാസ്യം, പശു, സോമം എന്നിവയുടെ |
| പ്രകൃതിവികൃതിഭിഃ | = | പ്രകൃതിവിഭാഗത്തിലും വികൃതിവിഭാഗത്തിലുമായി † |
| ഉച്ചാവചൈഃ ക്രതുഭിഃ | = | വലുതും ചെറുതുമായിട്ട് അനേകരൂപത്തിലുള്ള യാജ്ഞികകർമ്മങ്ങളാൽ |
| ശ്രദ്ധയാ അനുസവനം | = | ശ്രദ്ധയോടെ ഓരോ സവനത്തിലും |
| ചാതുർഹോത്രവിധിനാ ഈജേ ച | = | ചാതുർഹോത്രമുറപ്രകാരം യജിക്കയും ചെയ്തു. |

* യൂപമില്ലാത്ത യാഗങ്ങൾ യജ്ഞങ്ങളും, യൂപമുള്ളവ ക്രതുക്കളുമാകുന്നു. † അഗ്നിഹോത്രാദികൾ രണ്ടുവിധം — എല്ലാ അംഗങ്ങളും തികഞ്ഞവ പ്രകൃതികൾ; അങ്ങനെയല്ലാത്തവ വികൃതികൾ.

6 സംപ്രചരത്സു നാനായാഗേഷു വിരചിതാംഗക്രിയേഷ്വപൂർവ്വം യത്തത് ക്രിയാഫലം ധർമ്മാഖ്യം പരേ ബ്രഹ്മണി യജ്ഞപുരുഷേ സർവ്വദേവതാലിംഗാനാം മന്ത്രാണാമർത്ഥനിയാമകതയാ സാക്ഷാത്കർത്തരി പരദേവതായാം ഭഗവതി വാസുദേവ ഏവ ഭാവയമാന ആത്മനൈപുണ്യമൃദിതകഷായോ ഹവിഃഷ്വധ്വര്യുഭിർഗൃഹ്യമാണേഷു സ യജമാനോ യജ്ഞഭാജോ ദേവാംസ്താൻ പുരുഷാവയവേഷ്വഭ്യധ്യായത്.

| | | |
|---|---|---|
| വിരചിതാംഗക്രിയേഷു | = | വിരചിക്കപ്പെട്ട അംഗക്രിയകളോടുകൂടിയ |
| നാനായാഗേഷു സംപ്രചരത്സു | = | വിവിധയാഗങ്ങൾ നടന്നുകൊണ്ടിരിക്കെ, |
| അപൂർവ്വം യത്, തത് ധർമ്മാഖ്യം ക്രിയാഫലം | } | 'അപൂർവ്വം' എന്നുള്ള അദൃഷ്ടപുണ്യസ്വരൂപമായ ക്രിയാഫലത്തെ |
| പരേ ബ്രഹ്മണി യജ്ഞപുരുഷേ | = | പരബ്രഹ്മസ്വരൂപനും യജ്ഞമൂർത്തിയും |
| സർവ്വദേവതാലിംഗാനാം മന്ത്രാണാം അർത്ഥനിയാമകതയാ | } | സർവ്വദേവന്മാരെയും അഭിവ്യഞ്ജിപ്പിക്കുന്ന മന്ത്രങ്ങളുടെ പൊരുളായിട്ടുള്ള ഇന്ദ്രാദിദേവഗണത്തിന്റെ നിയന്തൃത്വം ഉള്ളവനാകയാൽ |
| പരദേവതായാം | = | പരമോപാസ്യനായ ദേവനും |
| സാക്ഷാത് കർത്തരി | = | (സർവ്വാന്തര്യാമിതയാ സർവ്വത്ര പ്രവർത്തകത്വമുള്ളതുകൊണ്ട്) യഥാർത്ഥകർത്താവും ആയിരിക്കുന്ന |
| ഭഗവതി വാസുദേവേ ഏവ | = | ഭഗവാൻ ശ്രീവാസുദേവനിൽത്തന്നെ |
| ഭാവയമാനഃ | = | അർപ്പിച്ചുകൊണ്ട്, |
| ആത്മനൈപുണ്യമൃദിതകഷായഃ | = | ഈ ആധ്യാത്മികമായ കൗശലത്താൽ പ്രക്ഷീണമായ രാഗദ്വേഷാദിമാലിന്യത്തോടുകൂടിയവനായി ഭവിച്ച |
| യജമാനഃ സഃ | = | യാജ്ഞികനായ ആ ഭരതരാജർഷി |
| അധ്വര്യുഭിഃ ഹവിഃഷു ഗൃഹ്യമാണേഷു | } | അധ്വര്യുക്കളാൽ ആഹുതിദ്രവ്യങ്ങൾ കൈയിലെടുക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾ |
| യജ്ഞഭാജഃ താൻ ദേവാൻ | = | യജ്ഞാർപ്പിതമായ ദ്രവ്യങ്ങളെ സ്വീകരിക്കുന്ന സൂര്യാദിമന്ത്രദേവതകളെ |
| പുരുഷാവയവേഷു | = | പരമപുരുഷനായ ഭഗവാന്റെ നേത്രാദ്യവയവങ്ങളിൽത്തന്നെ |
| അഭ്യധ്യായത് | = | അഭിധ്യാനം ചെയ്തു. |

കർമ്മഫലത്വേനയുള്ള അപൂർവ്വം കർമ്മനിഷ്ഠമാണെന്നും ദേവതാനിഷ്ഠമാണെന്നും മീമാംസകന്മാർക്ക് രണ്ടഭിപ്രായമുണ്ട്. രണ്ടുപക്ഷത്തിങ്കലും ഭഗവാൻതന്നെയാണ് അപൂർവ്വത്തിന്റെ പരമാശ്രയഭൂതൻ. എന്തെന്നാൽ, അവിടുന്നാണ് പരദേവതയും സാക്ഷാൽ കർമ്മകർത്താവും. ഇന്ദ്രാദിദേവതകൾ അവിടുത്തെ അംഗങ്ങളും യജമാനൻ പ്രയോജ്യകർത്താവും ആകുന്നു. ഈ വിവേകത്തോടെ ഭരതൻ കർമ്മഫലം സർവ്വാത്മനാ ഈശ്വരനിൽ അർപ്പണം ചെയ്തു എന്ന് സാരം.

7 ഏവം കർമ്മവിശുദ്ധ്യാ വിശുദ്ധസത്ത്വസ്യാന്തർഹൃദയാകാശശരീരേ ബ്രഹ്മണി ഭഗവതി വാസുദേവേ മഹാപുരുഷരൂപോപലക്ഷണേ ശ്രീവത്സകൗസ്തുഭവനമാലാരിദരഗദാദിഭിരുപലക്ഷിതേ നിജപുരുഷ-ഹൃല്ലിഖിതേനാത്മനി പുരുഷരൂപേണ വിരോചമാന ഉച്ചൈസ്തരാം ഭക്തിരനുദിനമേധമാനരയാഽജായത.

| | | |
|---|---|---|
| ഏവം കർമ്മവിശുദ്ധ്യാ | = | ഇപ്രകാരമായ കർമ്മപരിശുദ്ധിയാൽ |
| വിശുദ്ധസത്ത്വസ്യ | = | നിർമ്മലാന്തഃകരണനായി ഭവിച്ചവൻെറ |
| അന്തർഹൃദയാകാശശരീരേ | = | അന്തർഹൃദയമാവുന്ന ആകാശം അഭിവ്യക്തിസ്ഥാനമായിരിക്കുന്നവനും |
| മഹാപുരുഷരൂപോപലക്ഷണേ | = | മഹാപുരുഷരൂപത്തിൻെറ ആകാരംകൊണ്ടിരിക്കുന്നവനും |
| ശ്രീവത്സകൗസ്തുഭവനമാലാരിദര-ഗദാദിഭിഃ ഉപലക്ഷിതേ | } | ശ്രീവത്സം, കൗസ്തുഭം, വനമാല, ചക്രം, ശംഖം, ഗദ മുതലായവയോടുകൂടി പരിലസിക്കുന്നവനും |
| നിജപുരുഷഹൃല്ലിഖിതേന | = | നാരദാദി സ്വഭക്തജനങ്ങളുടെ ഹൃദയത്തിൽ ചിത്രംവരച്ചപോലെ നിശ്ചലമായി നിലകൊള്ളുന്ന |
| പുരുഷരൂപേണ | = | പുരുഷസ്വരൂപത്തോടെ |
| ആത്മനി വിരോചമാനേ | = | സ്വമാനസത്തിൽ പ്രകാശിക്കുന്നവനും |
| ബ്രഹ്മണി ഭഗവതി വാസുദേവേ | = | സർവ്വവ്യാപിയും സർവ്വൈശ്വര്യാദിഗുണോപേതനുമായ ശ്രീവാസുദേവനിൽ |
| അനുദിനം ഏധമാനരയാ | = | നാൾക്കുനാളിൽ വളർന്നേറുന്ന വേഗത്തോടുകൂടിയ |
| ഭക്തിഃ ഉച്ചൈസ്തരാം അജായത | = | ഭക്തി മേൽക്കുമേൽ സംജാതമായി. |

8 ഏവം വർഷായുതസഹസ്രപര്യന്താവസിതകർമ്മനിർവ്വാണാവസരോഽ-ധിഭുജ്യമാനം സ്വതനയേഭ്യോ രിക്ഥം പിതൃപൈതാമഹം യഥാദായം വിഭജ്യ സ്വയം സകലസമ്പന്നികേതാത് സ്വനികേതാത് പുലഹാ-ശ്രമം പ്രവവ്രാജ.

| | | |
|---|---|---|
| ഏവം വർഷായുതസഹസ്രപര്യ-ന്താവസിതകർമ്മനിർവ്വാണാവസരഃ | } | ഇങ്ങനെ പതിനായിരം സംവത്സരസഹസ്രങ്ങളാം എത്തിയ അളവിൽ കർമ്മസമാപ്തിയുടെ സന്ദർഭം വന്നുചേർന്നിരിക്കുന്നതായി നിശ്ചയിച്ചുകഴിഞ്ഞ അദ്ദേഹം |
| അധിഭുജ്യമാനം | = | തന്നാൽ അധികാരപൂർവ്വം അനുഭവിക്കപ്പെട്ടുവരുന്ന |
| പിതൃപൈതാമഹം രിക്ഥം | = | കുലക്രമാഗതമായ സമ്പത്തിനെ |
| സ്വയം സ്വതനയേഭ്യഃ | = | താൻതന്നെ തൻെറ പുത്രന്മാർക്കായി |
| യഥാദായം വിഭജ്യ | = | ദായക്രമാനുസാരം വകതിരിച്ചുകൊടുത്തു് |
| സകലസമ്പന്നികേതാത് | = | സകലസമ്പത്തുകൾക്കും ഇരിപ്പിടമായ |
| സ്വനികേതാത് | = | തൻെറ അരമനവിട്ടിറങ്ങി |
| പുലഹാശ്രമം പ്രവവ്രാജ | = | ഹരിക്ഷേത്രത്തിലേക്കു് സന്ന്യസിച്ചുപോയി. |

9 യത്ര ഹ വാവ ഭഗവാൻ ഹരിരദ്യാപി തത്രത്യാനാം നിജജനാനാം
വാത്സല്യേന സന്നിധാപ്യത ഇച്ഛാരൂപേണ.

10 യത്രാശ്രമപദാന്യുഭയതോനാഭിഭിർദൃഷച്ചക്രൈശ്ചക്രനദീ നാമ
സരിത്പ്രവരാ സർവതഃ പവിത്രീകരോതി.

| | | |
|---|---|---|
| യത്ര ഹ വാവ ഭഗവാൻ ഹരിഃ | = | യാതൊരുദിക്കിൽ ഭഗവാൻ ശ്രീഹരി |
| തത്രത്യാനാം നിജജനാനാം | = | അവിടത്തിലുള്ള സ്വഭക്തന്മാരുടെ |
| വാത്സല്യേന അദ്യാപി | = | വാത്സല്യം നിമിത്തം ഇന്നും |
| ഇച്ഛാരൂപേണ സന്നിധാപ്യതേ | = | ഇച്ഛാനുസാരിയായ രൂപത്തോടെ സന്നിധാനം ചെയ്യുന്നു; |
| യത്ര ചക്രനദീനാമ സരിത്പ്രവരാ | = | യാതൊരുദിക്കിൽ ചക്രനദി (ഗണ്ഡകി) എന്നു പേരായ ശ്രേഷ്ഠനദി |
| ഉഭയതോനാഭിഭിഃ | = | ഇരുവശത്തും (മീതെയും താഴെയും) നാഭിയുള്ളവയും |
| ദൃഷച്ചക്രൈഃ | = | ഉള്ളിൽ ചക്രമുള്ളവയുമായ സാളഗ്രാമശിലകളാൽ |
| ആശ്രമപദാനി സർവതഃ | = | ആശ്രമസ്ഥലങ്ങളെ എല്ലാടവും |
| പവിത്രീകരോതി | = | പരിപാവനമാക്കുന്നു |

11 തസ്മിൻ ഹ വാവ സ കില ഏകലഃ പുലഹാശ്രമോപവനേ വിവിധ-
കുസുമകിസലയതുളസികാംബുഭിഃ കന്ദമൂലഫലോപഹാരൈശ്ച സമീ-
ഹമാനോ ഭഗവത ആരാധനം വിവിക്ത ഉപരതവിഷയാഭിലാഷ
ഉപഭൃതോപശമ പരാം നിർവൃതിമവാപ.

| | | |
|---|---|---|
| ഹ വാവ തസ്മിൻ പുലഹാശ്രമോപവനേ, സഃ ഏകലഃ കില | } | അഹോ അദ്ഭുതം! ആ പുലഹാശ്രമത്തിന്റെ (ഹരിക്ഷേത്രത്തിന്റെ) പരിസരത്തിലുള്ള ഉദ്യാനത്തിൽ; അദ്ദേഹം ഏകനായിട്ടുതന്നെയിരുന്നു് |
| വിവിധകുസുമകിസലയ-തുളസികാംബുഭിഃ | } | പലവിധം പുഷ്പങ്ങൾ, തളിരുകൾ, തുളസിയിലകൾ ശുദ്ധജലം എന്നിവകൊണ്ടും |
| കന്ദമൂലഫലോപഹാരൈഃ ച | = | കിഴങ്ങുകൾ, കായ്കനികൾ മുതലായ നൈവേദ്യങ്ങൾകൊണ്ടും |
| ഭഗവതഃ ആരാധനം സമീഹമാനഃ | = | ഭഗവാന്റെ സമാരാധം നിർവ്വഹിച്ചുകൊണ്ടു് |
| ഉപരതവിഷയാഭിലാഷഃ | = | വിഷയാഭിലാഷത്തിൽനിന്നു നിവൃത്തനും |
| വിവിക്തഃ ഉപഭൃതോപശമഃ | = | വിശുദ്ധനും പ്രവൃദ്ധമായ മനഃശാന്തിയോടുകൂടിയവനുമായിഭവിച്ചു് |
| പരാം നിർവൃതിം അവാപ | = | പരമാനന്ദത്തെ പ്രാപിച്ചു. |

12 തയേത്ഥമവിരതപുരുഷപരിചര്യയാ ഭഗവതി പ്രവർദ്ധമാനാനുരാഗ-
ഭരദ്രുതഹൃദയശൈഥില്യഃ പ്രഹർഷവേഗേനാത്മന്യുദ്ഭിദ്യമാനരോമ-
പുളകകുളക ഔത്കണ്ഠ്യപ്രവൃത്തപ്രണയബാഷ്പനിരുദ്ധാവലോകനയന
ഏവം നിജരമണാരുണചരണാരവിന്ദാനുധ്യാനപരിചിതഭക്തിയോ-
ഗേന പരിപ്ലുതപരമാഹ്ലാദഗംഭീരഹൃദയഹ്രദാവഗാഢധിഷണസ്താ-
മപി ക്രിയമാണാം ഭഗവത്സപര്യാം ന സസ്മാര.

| | | |
|---|---|---|
| ഇത്ഥം തയാ അവിരത-<br>പുരുഷപരിചര്യയാ | } | ഈ വിധം തുടർച്ചയായുള്ള ആ ഭഗവത്സമാരാധന<br>വിധിയാൽ |
| ഭഗവതി പ്രവർദ്ധമാനാനുരാഗ-<br>ഭരദ്രുതഹൃദയശൈഥില്യഃ | } | ഭഗവാനിൽ വളൎന്നുവരുന്ന പ്രേമാതിശയത്താൽ<br>ദ്രവീഭവിച്ച ഹൃദയത്തിൽ ശിഥിലതയാൎന്നവനും |
| പ്രഹർഷവേഗേന ആത്മനി | = | ആനന്ദവായ്പിനാൽ തന്നുടലിൽ |
| ഉദ്ഭിദ്യമാനരോമപുളകകുളകഃ | = | പൊട്ടിപ്പുറപ്പെടുന്ന രോമാഞ്ചനിരയോടുകൂടിയ<br>വനും |
| ഔത്കണ്ഠ്യപ്രവൃത്തപ്രണയ-<br>ബാഷ്പനിരുദ്ധാവലോകനയനഃ | } | ഭഗവദൗത്സുക്യത്താൽ പ്രവൎത്തിച്ച പ്രേമാശ്രുക്കളാൽ<br>കാഴ്ച നിരോധിക്കപ്പെട്ട നേത്രങ്ങളോടുകൂടിയവനും |
| ഏവം നിജരമണാരുണചരണാ-<br>രവിന്ദാനുധ്യാനപരിചിത-<br>ഭക്തിയോഗേന | } | ഇപ്രകാരം തനിക്ക് പ്രിയംകരനായ ഭഗവാന്റെ<br>അരുണപാദകമലങ്ങളുടെ നിരന്തരധ്യാനംകൊണ്ട്<br>പുഷ്ടിയാൎജ്ജിച്ച ഭക്തിയോഗത്താൽ |
| പരിപ്ലുതപരമാഹ്ലാദഗംഭീര-<br>ഹൃദയഹ്രദാവഗാഢധിഷണഃ | } | സൎവ്വതോവ്യാപ്തമായ പരമാനന്ദം തുളുമ്പുന്ന അഗാ<br>ധഹൃദയക്കയത്തിലിറങ്ങിയാറാടുന്ന ബുദ്ധിയോടു<br>കൂടിയവനുമായ അദ്ദേഹം |
| ക്രിയമാണാം ഭഗവത്-<br>സപര്യാം അപി ന സസ്മാര | } | തന്നാൽ ചെയ്യപ്പെടുന്ന ആ ഭഗവത് സമാരാധന<br>യെപ്പോലും സ്മരിക്കാതെയായി. |

13 ഇത്ഥം ധൃതഭഗവദ്വ്രത ഐണേയാജിനവാസസാऽനുസവനാഭിഷേ-
കാർദ്രകപിശകുടിലജടാകലാപേന ച വിരോചമാനഃ സൂര്യർചാ
ഭഗവന്തം ഹിരണ്മയം പുരുഷമുജ്ജിഹാനേ സൂര്യമണ്ഡലേऽഭ്യുപതിഷ്ഠ-
ന്നേതദു ഹോവാച.

| | | |
|---|---|---|
| ഇത്ഥം ധൃതഭഗവദ്വ്രതഃ | = | ഇങ്ങനെ ഭഗവത്പ്രീതികരങ്ങളായ വ്രതങ്ങളെ<br>ധരിച്ചവനായി— |
| ഐണേയാജിനവാസസാ | = | മാന്തോൽവസ്ത്രത്താലും |
| അനുസവനാഭിഷേകാർദ്ര-<br>കപിശകുടിലജടാകലാപേന ച | } | സവനംതോറുമുള്ള കുളികൊണ്ട് ഈറനായി ചെ<br>മ്പിച്ചുചുരുണ്ട ജടമുടിയാലും |
| വിരോചമാനഃ | = | പരിശോഭിക്കുന്ന അദ്ദേഹം |
| സൂര്യമണ്ഡലേ ഉജ്ജിഹാനേ | = | സൂര്യബിംബം ഉദിച്ചുയൎന്നുവരുമ്പോൾ |
| ഹിരണ്മയം ഭഗവന്തം പുരുഷം | = | (അതിൽ) പ്രകാശാത്മാവായിരിക്കുന്ന ഭഗവാൻ<br>സൂര്യനാരായണസ്വാമിയെ |
| അഭ്യുപതിഷ്ഠൻ | = | നേരെ നോക്കിനിന്നുകൊണ്ട് |

സൂര്യർച്ചാ എതത് ഉഹ ഉവാച = സൂര്യദേവതാപരമായ ഋക്കിനാൽ ഇങ്ങനെ ഉച്ചരിച്ചപ്പോൾ.

14 പരോരജഃ സവിതുർജാതവേദോ
ദേവസ്യ ഭർഗോ മനസേദം ജജാന
സുരേതസാദഃ പുനരാവിശ്യ ചഷ്ടേ
ഹംസം ഗൃധ്രാണം നൃഷദ്രിംഗിരാമിമഃ.

| | |
|---|---|
| സവിതുഃ ദേവസ്യ | സവിതാവായ ദേവന്റെ (ശ്രീ സൂര്യനാരായണസ്വാമിയുടെ |
| പരോരജഃ | രജോഗുണത്തിൽനിന്നു് പരമായി (ശുദ്ധസത്വാത്മകമായി) |
| ജാതവേദഃ | കർമ്മഫലപ്രദമായിരിക്കുന്ന |
| (യത്) | യാതൊന്നു് |
| മനസാ | മനഃസങ്കല്പത്താൽ |
| ഇദം | ഈ വിശ്വത്തെ |
| ജജാന | സൃഷ്ടിക്കുകയും, |
| പുനഃ | വീണ്ടും |
| അദഃ | ഇതിനെ (സൃഷ്ടമായ വിശ്വത്തെ) |
| ആവിശ്യ | അന്തര്യാമിയായി പ്രവേശിച്ചു് |
| ഗൃധ്രാണം | വിഷയാഭിലാഷിയായ |
| ഹംസം | ജീവനെ |
| സുരേതസാ | ചിച്ഛക്തികൊണ്ടു് |
| ചഷ്ടേ | കടാക്ഷിച്ചുരക്ഷിക്കുകയും ചെയ്യുന്നുവോ, |
| നൃഷദ്രിംഗിരാം | ബുദ്ധിവൃത്തികളിൽ പ്രചോദനത്തെ (വിവേകോന്മേഷത്തെ) പ്രദാനം ചെയ്യുന്ന * |
| (തത്) ഭർഗഃ | ആ സ്വരൂപതേജസ്സിനെ |
| ഇമഃ | ശരണംഗമിക്കുന്നു. |

* നൃഷത് = ബുദ്ധിഃ — തസ്യാം രിംഗിം (ഗതിം) രാതി (ദദാതി) ഇതി = 'നൃഷദ്രിംഗിരാം' (രം) എന്നു് വ്യുത്പത്തി. പദാന്തദീർഘത്വം വൈദികം.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ ഭരതചരിതേ

ഭഗവത്പരിചര്യായാം സപ്തമോऽധ്യായഃ ആദിതഃ സൂക്താനി 171.

അഞ്ചാമത്തെ സ്കന്ധത്തിൽ ഏഴാമദ്ധ്യായം കഴിഞ്ഞു.

# അഷ്ടമോऽധ്യായഃ — അധ്യായം എട്ട്.

## ഭരതൻ മാനായി പിറന്നതു്.

"അഷ്ടമേ ഭജതോ വിഷ്ണും തസ്യ കർമ്മാന്തരായതഃ
ഏണരക്ഷാപ്രസക്തസ്യ ജാതമേണത്വമീര്യതേ.

ഭരതൻ ഭഗവാനെ ഭജിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഒരു മാൻകുട്ടിയെ രക്ഷിക്കേണ്ടതായിവന്നതും, കർമ്മവശാൽ അതിനെ സ്നേഹിച്ചതും, തന്മൂലം ഒരു മാനായിട്ടു് ജന്മമെടുത്തതും ഈ എട്ടാമദ്ധ്യായത്തിൽ പറയുന്നു.

സക്തി കാരുണ്യംമൂലം ഉള്ളതായാലും അതു് സാധകൻെറ പതനത്തിന്നു് ഹേതുവാകുമെന്നു് ഭരതൻെറ ഈ ചരിത്രം ഉദാഹരിക്കുന്നു.

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു

1 ഏകദാ തു മഹാനദ്യാം കൃതാഭിഷേകനൈയമികാവശ്യകോ ബ്രഹ്മാ-
ക്ഷരമഭിഗൃണാനോ മുഹൂർത്തത്രയമുദകാന്ത ഉപവിവേശ.

| | | |
|---|---|---|
| ഏകദാ തു മഹാനദ്യാം | = | ഒരിക്കൽ മഹാനദിയായ ഗണ്ഡകിയിൽ |
| കൃതാഭിഷേകനൈയമികാവശ്യകഃ | = | കുളിയും നിത്യാനുഷ്ഠാനങ്ങളും ആവശ്യകകർമ്മങ്ങളും നിർവ്വഹിച്ചുകഴിഞ്ഞ ഭരതൻ |
| ബ്രഹ്മാക്ഷരം അഭിഗൃണാനഃ | = | ഓംകാരമന്ത്രം ഉരുവിട്ടുകൊണ്ടു് |
| മുഹൂർത്തത്രയം | = | മൂന്നു മുഹൂർത്തത്തോളം സമയം |
| ഉദകാന്തേ ഉപവിവേശ | = | നദീതീരത്തിൽ ഇരുന്നു. |

2 തത്ര തദാ രാജൻ ഹരിണീ പിപാസയാ ജലാശയാസ്യാഭ്യാശമേ-
കൈവോപജഗാമ

| | | |
|---|---|---|
| രാജൻ തദാ തത്ര ഹരിണീ | = | രാജാവേ! അപ്പോൾ അവിടെ ഒരു മാൻപേട |
| പിപാസയാ ഏകാ ഏവ | = | ദാഹത്താൽ ഒററയ്ക്കു് |
| ജലാശയസ്യ അഭ്യാശം | = | നദിയുടെ അടുക്കലേക്കു് |
| ഉപജഗാമ | = | എത്തിച്ചേർന്നു. |

3 തയാ പേപീയമാന ഉദകേ താവദേവാവിദൂരേണ നദതോ മൃഗപതേ-
രുന്നാദോ ലോകഭയങ്കര ഉദപതത്.

| | | |
|---|---|---|
| തയാ ഉദകേ പേപീയമാനേ | = | അവളാൽ വെള്ളം അത്യാർത്തിയോടെ കുടിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾ |

താവത് ഏവ അവിദൂരേണ = അതേസമയത്തു് അകലത്തുനിന്നല്ലാതെ
നദതഃ മൃഗപതേഃ = ശബ്ദിക്കുന്ന സിംഹത്തിന്റെ
ലോകഭയങ്കരഃ ഉന്നാദഃ = ലോകഭീഷണമായ ഉഗ്രഗർജ്ജനം
ഉദപതത് = അടന്നുവീണു.

4 തമുപശ്രുത്യ സാ മൃഗവധൂഃ പ്രകൃതിവിക്ലവാ ചകിതനിരീക്ഷണാ സുതരാമപി ഹരിഭയാഭിനിവേശവ്യഗ്രഹൃദയാ പാരിപ്ലവദൃഷ്ടിരഗതതൃഷാ ഭയാത് സഹസൈവോച്ചക്രാമ.

തം ഉപശ്രുത്യ = ആ ഗർജ്ജനം കേട്ടിട്ടു്,
പ്രകൃതിവിക്ലവാ = പ്രകൃത്യാതന്നെ വ്യാകുലയും
ചകിതനിരീക്ഷണാ = പരിഭ്രാന്തനേത്രയുമായ
സാ മൃഗവധൂഃ = ആ മാൻപേട
സുതരാം അപി ഹരിഭയാഭിനിവേശവ്യഗ്രഹൃദയാ } വിശേഷിച്ചും സിംഹഭയാവേശത്താൽ അമ്പരന്ന ഉൾത്തടത്തോടെയും
പാരിപ്ലവദൃഷ്ടിഃ = പതറിയിളകുന്ന കണ്ണുകളോടെയും
ഭയാത് അഗതതൃഷാ = പേടിയാൽ വെള്ളംകുടിച്ചു ദാഹം തീക്കാതെ
സഹസാ ഏവ ഉച്ചക്രാമ = പെട്ടെന്നുതന്നെ അക്കരെയ്ക്കു കുതിച്ചുചാടി.

5 തസ്യാ ഉത്പതന്ത്യാ അന്തർവത്ന്യാ ഉരുഭയാവഗളിതോ യോനിനിർഗതോ ഗർഭഃ സ്രോതസി നിപപാത.

ഉത്പതന്ത്യാഃ = ആഞ്ഞു കുതിച്ചുചാടുന്ന
അന്തർവത്ന്യാഃ തസ്യാഃ ഗർഭഃ = ഗർഭിണിയായ ആ മാൻപേടയുടെ ഗർഭം
ഉരുഭയാവഗളിതഃ = പെരുത്ത ഭയപ്പാടുമൂലം സ്ഥാനത്തിൽനിന്നു് വ്യതിചലിച്ചു്
യോനിനിർഗതഃ = യോനിയിലൂടെ പുറത്തുചാടി
സ്രോതസി നിപപാത = ആറൊഴുക്കിൽ വീണുപോയി.

6 തത്പ്രസവോത്സർപ്പണഭയഖേദാതുരാ സ്വഗണേന വിയുജ്യമാനാ കസ്യാംചിദ്ദര്യാം കൃഷ്ണസാരസതീ നിപപാതാഥ ച മമാര.

തത്പ്രസവോത്സർപ്പണഭയഖേദാതുരാ } ആ ഗർഭപാതവും, എടുത്തുചാട്ടവും, പേടിയുംകൊണ്ടുള്ള കഷ്ടതയാൽ വിവശയും
സ്വഗണേന വിയുജ്യമാനാ  തന്റെ സംഘത്തിൽ വേർപിരിയപ്പെട്ടവളും ആയിത്തീന്ന്
കൃഷ്ണസാരസതീ = ആ കൃഷ്ണമാൻപേട
കസ്യാം ചിത് ദര്യാം = ഏതോ ഒരു വങ്കിൽ
നിപപാത അഥ മമാര ച = ചെന്നുവീഴുകയും ഉടൻ മരിക്കുകയുംചെയ്തു.

7 തം ത്വേണകുണകം കൃപണം സ്രോതസാऽനൂഹ്യമാനമഭിവീക്ഷ്യാ-
പവിദ്ധം ബന്ധുരിവാനുകമ്പയാ രാജർഷിർഭരത ആദായ മൃതമാതര-
മിത്യാശ്രമപദമനയത്.

| | | |
|---|---|---|
| അപവിദ്ധം കൃപണം | = | അമ്മയാൽ പുറംതള്ളപ്പെട്ടു് കഷ്ടത്തിലായ |
| തം ഏണകുണകം തു | = | ആ ഇളമാൻകുഞ്ഞിനെയാകട്ടെ |
| സ്രോതസാ അനൂഹ്യമാനം | = | ആററൊഴുക്കിനാൽ ഒഴുക്കപ്പെട്ടുകൊണ്ടുപോകുന്നതു് |
| അഭിവീക്ഷ്യ രാജർഷിഃ ഭരതഃ | = | കണ്ടു്, രാജർഷിയായ ഭരതൻ |
| മൃതമാതരം ഇതി അനുകമ്പയാ | = | തള്ള ചത്തുപോയതാണെന്ന കനിവിനാൽ |
| ബന്ധുഃ ഇവ ആദായ | = | ഉടമസ്ഥനെപ്പോലെ നദിയിൽനിന്നെടുത്തു് |
| ആശ്രമപദം അനയത് | = | തൻെറ ആശ്രമത്തിലേക്കു് കൊണ്ടുപോന്നു. |

8 തസ്യ ഹ വാ ഏണകുണക ഉച്ചൈരേതസ്മിൻ കൃതനിജാഭിമാനസ്യാ-
ഹരഹസ്തത്പോഷണപാലനലാളനപ്രീണനാനുധ്യാനേനാത്മനിയ-
മാഃ സഹയമാഃ പുരുഷപരിചര്യാദയ ഏകൈകശഃ കതിപയേനാ-
ഹർഗണേന വിയുജ്യമാനാഃ കില സർവ്വ ഏവോദവസൻ.

| | | |
|---|---|---|
| ഏതസ്മിൻ ഏണകുണകേ | = | ആ മാൻകുട്ടിയിൽ |
| ഉച്ചൈഃ കൃതനിജാഭിമാനസ്യ | = | അത്യധികം മമതാഭിമാനം ചെലുത്തിയ |
| തസ്യ ഹ വൈ അഹരഹഃ | = | ആ രാജർഷിക്കു്, കഷ്ടമേ ! നാൾതോറും |
| തത്പോഷണപാലനലാളന-<br>പ്രീണനാനുധ്യാനേന | } | അതിനെ പോററുക, കാക്കുക, താലോലിക്കുക, സ<br>ന്തോഷിപ്പിക്കുക എന്നിവയുടെ നിരന്തരചിന്തയാൽ |
| സഹയമാഃ ആത്മനിയമാഃ | = | യമങ്ങളോടുകൂടവെ സ്നാനാദിനിയമങ്ങളും |
| പുരുഷപരിചര്യാദയഃ | = | ഭഗവത്സേവാദികളും |
| കതിപയേന അഹർഗണേന | = | ഏതാനും ദിവസങ്ങൾകൊണ്ടു് |
| ഏകൈകശഃ | = | ഓരോന്നോരോന്നായിട്ടു് |
| സർവേ ഏവ ഉദവസൻ കില | = | എല്ലാം തന്നെയും വിട്ടുപോയത്രേ. |

ഈ ആസക്തിയെത്തന്നെ താഴെ വിസ്തരിക്കുന്നു—

9 അഹോ ബതായം ഹരിണകുണകഃ കൃപണ ഈശ്വരരഥചരണപരി-
ഭ്രമണരയേണ സ്വഗണസുഹൃദ്ബന്ധുഭ്യഃ പരിവർജ്ജിതഃ ശരണം ച
മോപസാദിതോ മാമേവ മാതാപിതരൗ ഭ്രാതൃജ്ഞാതീൻ യൗഥികാം-
ശ്ചൈവോപേയായ നാന്യം കഞ്ചന വേദ മയ്യതിവിസ്രബ്ധശ്ചാത
ഏവ മയാ മത്പരായണസ്യ പോഷണപാലനനാളനമനസൂയുനാനു-
ഷ്ഠേയം ശരണ്യോപേക്ഷാദോഷവിദുഷാ.

| | | |
|---|---|---|
| അഹോ ബത അയം ഹരിണകുണകഃ | } | അയ്യോ പാവമേ ! ഈ മാൻകിടാവു് |
| ഈശ്വരരഥചരണപരിഭ്രമരയേണ | } | കാലചക്രത്തിരിച്ചിലിന്റെ വേഗംകൊണ്ടു് |
| സ്വഗണസുഹൃദ്ബന്ധുഭ്യഃ പരിവൎജ്ജിതഃ | } | തന്റെ കൂട്ടത്തിൽനിന്നും ഉററവരിൽനിന്നും പിരിഞ്ഞു്, |
| മാം ശരണം ഉപസാദിതഃ | = | എന്നെ ആശ്രയിച്ചിരിക്കുന്നു. |
| മാതാപിതരൌ ഭ്രാതൃജ്ഞാതീൻ യൌഥികാൻ ച മാം ഏവ ഉപേയായ | } | അമ്മയും അച്ഛനും ഉടപ്പിറന്നവരും ബന്ധുക്കളും കൂട്ടക്കാരുമെല്ലാമായിട്ടു് എന്നെ മാത്രം കരുതി അടുത്തുകൂടിയിരിക്കുന്നു. |
| മയി അതിവിസ്രബ്ധഃ | = | എന്നിൽ അതിവിശ്വാസമൎപ്പിച്ചു് |
| അന്യം കഞ്ചന ന വേദ ച | = | മറെറാരാളെ അറിയാതെയും ഇരിക്കുന്നു. |
| അതഃ ഏവ | = | അതുകൊണ്ടുതന്നെ |
| ശരണ്യോപേക്ഷാദോഷവിദുഷാ | = | ശരണാഗതനെ തള്ളിക്കളഞ്ഞാലുള്ള ദോഷം അറിവുള്ള |
| മയാ അനസൂയുനാ (സതാ) | = | എന്നാൽ സ്വാൎത്ഥചിന്തയില്ലാതെ ഇരുന്നുകൊണ്ടു് |
| മത്പരായണസ്യ | = | എന്നെ സൎവ്വാത്മനാ ആശ്രയിച്ചിരിക്കുന്ന ഇതിനെ സംബന്ധിച്ചു് |
| പോഷണപാലനപ്രീണനലാളനം അനുഷ്ഠേയം | } | തീററിപ്പോററികാത്തുനോക്കിയിണക്കി ലാളിക്കുക എന്നതു് കൎത്തവ്യമായിരിക്കുന്നു. |

10 നൂനം ഹ്യാൎയ്യാഃ സാധവ ഉപശമശീലാഃ കൃപണസുഹൃദ ഏവംവിധാൎത്ഥേ സ്വാൎത്ഥാനപി ഗുരുതരാനുപേക്ഷന്തേ.

| | | |
|---|---|---|
| നൂനം ഹി ഉപശമശീലാഃ | = | തീൎച്ചയായും, പ്രശാന്തസ്വഭാവികളായി |
| കൃപണസുഹൃദഃ | = | ദീനരിൽ സ്നേഹമുള്ളവരായിരിക്കുന്ന |
| ആൎയ്യാഃ സാധവഃ | = | ആൎയ്യസജ്ജനങ്ങൾ |
| ഏവംവിധാൎത്ഥേ | = | ഇമ്മാതിരി വിഷയത്തിൽ |
| ഗുരുതരാൻ സ്വാൎത്ഥാൻ അപി | = | അതിഗൌരവമുള്ള തൻകാൎയ്യങ്ങളെക്കൂടി |
| ഉപേക്ഷന്തേ | = | വിട്ടുതള്ളാറുണ്ടു്. |

11 ഇതി കൃതാനുഷംഗ ആസനശയനാടനസ്ഥാനാശനാദിഷു സഹ മൃഗജഹുനാ സ്നേഹാനുബദ്ധഹൃദയ ആസീത്.

| | | |
|---|---|---|
| ഇതി കൃതാനുഷംഗഃ | = | ഇപ്രകാരം ആസക്തിവെക്കപ്പെട്ടവനായി ഭവിച്ച ആ രാജൎഷി |
| ആസനശയനാടനസ്ഥാനാശനാദിഷു | } | ഇരിക്കുമ്പോഴും, കിടക്കുമ്പോഴും, നടക്കുമ്പോഴും, നിൽക്കുമ്പോഴും, ഉണ്ണുമ്പോഴും, മറെറല്ലായ്പോഴും |
| മൃഗജഹുനാ സഹ | = | മാൻകുട്ടിയോടുകൂടിയുള്ള |
| സ്നേഹാനുബന്ധഹൃദയഃ ആസീത് | = | സ്നേഹാനുബന്ധം ഉള്ളിൽ തഴച്ചവനായിത്തീൎന്നു. |

12 കുശകുസുമസമിത്പലാശഫലമൂലോദകാന്യാഹരിഷ്യമാണോ വൃക-
സാലാവൃകാദിഭ്യോ ഭയമാശംസമാനോ യദാ സഹ ഹരിണകുണകേന
വനം സമാവിശതി.

| | | |
|---|---|---|
| കുശകുസുമസമിത്പലാശ-ഫലമൂലോദകാനി | } | കുശപ്പുല്ലു്, പുഷ്പം, ചമതക്കോൽ, ഫലമൂലങ്ങൾ, വെള്ളം എന്നിവ |
| ആഹരിഷ്യമാണഃ യദാ | = | കൊണ്ടുവരുവാൻ ഉദ്യമിക്കുമ്പോൾ |
| വൃകസാലാവൃകാദിഭ്യഃ | = | ചെന്നായ, നായ മുതലായ ജന്തുക്കളിൽനിന്നു് |
| ഭയം ആശംസമാനഃ | = | ഭയാശങ്കപൂണ്ടുകൊണ്ടു് |
| ഹരിണകുണകേന സഹ | = | മാൻകുട്ടിയോടുകൂടെത്തന്നെ |
| വനം സമാവിശതി | = | കാട്ടിലേക്കുപോകുമായിരുന്നു. |

13 പഥിഷു ച മുഗ്ദ്ധഭാവേന തത്ര തത്ര വിഷക്തമതിപ്രണയഭരഹൃദയഃ
കാർപണ്യാത് സ്കന്ധേനോദ്വഹതി ഏവമുത്സംഗ ഉരസി ചാധാ-
യോപലാലയൻ മുദം പരമാമവാപ.

| | | |
|---|---|---|
| പഥിഷു ച മുഗ്ദ്ധഭാവേന | = | വഴിക്കുവെച്ചും ചെറുപ്പത്തിന്റെ കളിസ്വഭാവംകൊണ്ടു് |
| തത്ര തത്ര വിഷക്തം | = | അവിടെയവിടെ തങ്ങിനില്ക്കുന്ന അതിനെ |
| അതിപ്രണയഭരഹൃദയഃ | = | അതിസ്നേഹഭാരംകൊള്ളുന്ന ഹൃദയത്തോടുകൂടിയവനായിട്ടു് |
| കാർപണ്യാത് | = | കൃപാപാരവശ്യത്താൽ |
| സ്കന്ധേന ഉദ്വഹതി | = | തോളിലെടുത്തുവെക്കും; |
| ഏവം ഉത്സംഗേ ഉരസി ച | = | അതുപോലെ മടിയിലും മാറത്തും |
| ആധായ ലാളയൻ | = | എടുത്തുവെച്ചുലാളിച്ചുകൊണ്ടു് |
| പരമാം മുദം അവാപ | = | പരമപ്രീതിയാൎന്നു. |

14 ക്രിയായാം നിർവർത്ത്യമാനായാമന്തരാളേഽപ്യുത്ഥായോത്ഥായ യദൈ-
നമഭിചക്ഷീത തർഹി വാവ സ വർഷപതിഃ പ്രകൃതിസ്ഥേന മനസാ
തസ്മാ ആശിഷ ആശാസ്തേ സ്വസ്തി സ്താദ്വത്സ തേ സർവ്വത ഇതി.

| | | |
|---|---|---|
| ക്രിയായാം നിർവർത്ത്യമാനായാം | = | പൂജാദികൎമ്മങ്ങൾ നിർവ്വഹിക്കപ്പെടുന്ന അവസരത്തിൽ |
| അന്തരാളേ അപി ഉത്ഥായ ഉത്ഥായ | = | ഇടയ്ക്കു് എഴുന്നേറ്റെഴുന്നേറ്റു് |
| യദാ ഏനം അഭിചക്ഷീത തർഹി വാവ | } | ഈ മാൻകുട്ടിയെ കാണുന്നനേരത്തെല്ലാം |
| വർഷപതിഃ സഃ | = | ഭാരതവർഷാധിപതിയായിരുന്ന അദ്ദേഹം |
| പ്രകൃതിസ്ഥേന മനസാ | = | സ്വസ്ഥത കൈവന്ന മനസ്സുകൊണ്ടു് |
| തസ്മൈ ആശിഷഃ ആശാസ്തേ | = | അതിന്നു് അനുഗ്രഹം ആശംസിക്കും— |

| | | |
|---|---|---|
| സ്വസ്തി സ്താത് വത്സ തേ സർവ്വതഃ ഇതി | } | "നന്മ വരട്ടെ മകനേ ! നിനക്കെപ്പോഴും" എന്നു് |

15 അന്യദാ ഭൃശമുദ്വിഗ്നമനാ നഷ്ടദ്രവിണ ഇവ കൃപണഃ സകരുണമതി-
തർഷേണ ഹരിണകുണകവിരഹവിഹ്വലഹൃദയസന്താപസ്തമേവാനു-
ശോചൻ കില കശ്മലം മഹദഭിരംഭിത ഇതി ഹോവാച.

| | | |
|---|---|---|
| അന്യദാ ഭൃശം ഉദ്വിഗ്നമനാഃ | = | അല്ലാതെ, കാണാത്ത നേരത്തു് അതീവ വ്യാകുല ചിത്തനായി— |
| നഷ്ടദ്രവിണഃ ഇവ കൃപണഃ | = | കൈമുതൽ നഷ്ടപ്പെട്ടവനെപ്പോലെ ദീനനായി— |
| അതിതർഷേണ | = | അധികരിച്ച ഉൽകണ്ഠയാൽ |
| ഹരിണകുണകവിരഹ-വിഹ്വലഹൃദയസന്താപഃ | { | മാൻകുട്ടിയുടെ വിയോഗംമൂലം വിവശമായ ഹൃദയത്തിൽ സന്താപമേന്തിക്കൊണ്ടു് |
| തം ഏവ അനുശോചൻ | = | അതിനെത്തന്നെ വിചാരിച്ചു് ദുഃഖിച്ചിരുന്നു് , |
| സകരുണം മഹത് കശ്മലം | = | ദയനീയമാകുമാറു് അതിവ്യാമോഹത്തെ |
| അഭിരംഭിതഃ കില . | = | പ്രാപിച്ചു്, വല്ലാതെയായി |
| ഇതി ഉവാച ഹ | = | ഇങ്ങിനെ ചൊല്ലുമായിരുന്നു. |

16 അപി ബത സ വൈ കൃപണ ഏണബാലകോ മൃതഹരിണീസു-
തോഽഹോ മമാനാര്യസ്യ ശഠകിരാതമതേരകൃതസുകൃതസ്യ കൃതവി-
സ്രംഭ ആത്മപ്രത്യയേന തദവിഗണയൻ സുജന ഇവാഗമിഷ്യതി.

| | | |
|---|---|---|
| അഹോ ബത മൃതഹരിണീസുതഃ | = | അയ്യോ കഷ്ടം ! ചത്തുപോയ പേടമാനിൻെറ കിടാവായ |
| സഃ വൈ കൃപണഃ ഏണബാലകഃ | = | ആ വെറും പാവമായ മാൻകുട്ടി |
| ശഠകിരാതമതേഃ | = | വഞ്ചനാവിരുതനായ വേടൻെറ ദുർബുദ്ധിയുള്ളവനും |
| അകൃതസുകൃതസ്യ | = | പുണ്യം ചെയ്യാത്തവനും |
| അനാര്യസ്യ മമ തത് | = | നീചനുമായ എൻെറ ആ ദുഷ്യത്തെ |
| ആത്മപ്രത്യയേന അവിഗണയൻ | = | തൻെറ ശുദ്ധസ്വഭാവത്താൽ പരിഗണിക്കാതെ |
| കൃതവിസ്രംഭഃ | = | വിശ്വാസം അർപ്പിച്ചുകൊണ്ടു് |
| സുജനഃ ഇവ അപി ആഗമിഷ്യതി | = | നല്ലവനെപ്പോലെ വന്നുചേരുമോ ? |

17 അപി ക്ഷേമേണാസ്മിന്നാശ്രമോപവനേ ശഷ്പാണി ചരന്തം ദേവ
ഗുപ്തം ദ്രക്ഷ്യാമി

| | | |
|---|---|---|
| അസ്മിൻ ആശ്രമോപവനേ | = | ഈ ആശ്രമപരിസരത്തിലെ തോട്ടത്തിൽ |
| ശഷ്പാണി ചരന്തം | = | ഇളം പുല്ലുമേഞ്ഞുകൊണ്ടും |

| | | |
|---|---|---|
| **ദേവഗുപ്തം** | = | ദൈവത്താൽ കാത്തുരക്ഷിക്കപ്പെട്ടുകൊണ്ടും ഇരിക്കുന്ന അതിനെ |
| **ക്ഷേമേണ അപി ദ്രക്ഷ്യാമി** | = | ക്ഷേമത്തോടെ കാണാൻ തരപ്പെടുമോ ? |

18 അപ ച ന വൃകഃ സാലാവൃകോഽന്യതമോ വാ നൈകചരഃ ഏകചരോ വാ ഭക്ഷയതി

| | | |
|---|---|---|
| **വൃകഃ സാലാവൃകഃ വാ** | = | ചെന്നായോ, നായയോ, |
| **നൈകചരഃ ഏകചരഃ** | = | കൂട്ടമായിട്ടും ഒററയായിട്ടും നടക്കുന്ന |
| **അന്യതമഃ വാ** | = | മറേറതെങ്കിലുമോ |
| **അപി ച ന ഭക്ഷയതി** | = | പിടിച്ചുതിന്നുകയില്ലേ ? |

19 നിമ്ലോചതി ഹ ഭഗവാൻ സകലജഗത്‌ക്ഷേമോദയസ്ത്രയ്യാത്മാ അദ്യാപി മമ ന മൃഗവധൂന്യാസ ആഗച്ഛതി.

| | | |
|---|---|---|
| **സകലജഗത്‌ക്ഷേമോദയഃ** | = | സമസ്തലോകത്തിൻേറയും ക്ഷേമത്തിനുവേണ്ടി ഉദയം ചെയ്യുന്ന |
| **ത്രയ്യാത്മാ ഭഗവാൻ** | = | വേദമൂർത്തിയായ സൂര്യദേവൻ |
| **നിമ്ലോചതി ഹ** | = | അസ്തമിക്കുന്നുവല്ലോ. |
| **മമമൃഗ വധൂന്യാസഃ** | = | എൻെറ വശം ആ മാൻപേട സൂക്ഷിക്കുവാൻ തന്ന സമ്പത്തു് (മാൻകുട്ടി) |
| **അദ്യാപി ന ആഗച്ഛതി** | = | ഇപ്പോഴും വന്നു കാണുന്നില്ല. |

20 അപിസ്വിദകൃതസുകൃതമാഗത്യ മാം സുഖയിഷ്യതി ഹരിണരാജകുമാരോ വിവിധരുചിരദർശനീയനിജമൃഗദാരകവിനോദൈരസന്തോഷം സ്വാനാമപനുദൻ.

| | | |
|---|---|---|
| **ഹരിണരാജകുമാരഃ** | = | ഇളമാൻരാജകുമാരൻ |
| **വിവിധരുചിരദർശനീയനിജമൃഗദാരകവിനോദൈഃ** | } | മനോഹരങ്ങളും ദർശനീയങ്ങളുമായി പലവിധത്തിൽ മാൻകിടാങ്ങളാക്ക ചേൎന്ന തൻെറ ലീലകളെക്കൊണ്ടു് |
| **സ്വാനാം അസന്തോഷം അപനുദൻ** | | തനിക്കു ചേൎന്നവരുടെ അസുഖം നീക്കിക്കൊണ്ടു് |
| **അകൃതസുകൃതം മാം ആഗത്യ** | = | ഭാഗ്യംകെട്ടിരിക്കുന്ന എന്നെ സമീപിച്ചു് |
| **അപിസ്വിത് സുഖയിഷ്യതി** | = | സുഖിപ്പിക്കുമോ, എന്തോ ? |

21 ക്ഷ്വേലികായാം മാം മൃഷാസമാധിനാഽഽമീലിതദൃശം പ്രേമസംരംഭേണ ചകിതചകിത ആഗത്യ പൃഷദപരുഷവിഷാണാഗ്രേണ ലുഠതി

| | | |
|---|---|---|
| **ക്ഷ്വേലികായാം മൃഷാസമാധിനാ** | = | കളിയിൽ കപടസമാധികൊണ്ടു് |
| **ആമീലിതദൃശം മാം ആഗത്യ** | = | അല്പം കണ്ണടച്ചിരിക്കുന്ന എന്നെ സമീപിച്ചു് |

പ്രേമസംരംഭേണ = പ്രണയകോപത്താൽ
വൃഷദപരുഷവിഷാണാഗ്രേണ = നീർത്തുള്ളിപോലെ പരുപ്പുള്ള കൊമ്പിന്റെ തുമ്പു കൊണ്ടു്
ചകിതചകിതഃ ലുഠതി = പേടിച്ചുപേടിച്ചു മുട്ടിയുരക്കുന്നു.

22 ആസാദിതഹവിഷി ബർഹിഷി ദൂഷിതേ മയോപാലബ്ധോ ഭീതഭീതഃ സപദ്യുപരതരാസ ഋഷികുമാരവദവഹിതകരണകലാപ ആസ്തേ.

ആസാദിതഹവിഷി ബർഹിഷി ദൂഷിതേ (സതി) = ഹവിസ്സർപ്പിച്ചതായ ദർഭപ്പുല്ലു്, കടിച്ചുവലിച്ചു് ദൂഷിപ്പിക്കപ്പെട്ടപ്പോഴും
മയാ ഉപാലബ്ധഃ ഭീതഭീതഃ = എന്നാൽ ശകാരിക്കപ്പെട്ടു് പേടിച്ചരണ്ടു്
സപദി ഉപരതരാസഃ = പെട്ടെന്നു് കളിനിർത്തിക്കൊണ്ടു്
അവഹിതകരണകലാപഃ = സർവ്വാവയവങ്ങളേയും നിയന്ത്രിച്ചു്
ഋഷികുമാരവത് ആസ്തേ = മുനിബാലനെപ്പോലെ ഒതുങ്ങിനില്ക്കുന്നു.

ഇങ്ങനെ പലതും പറഞ്ഞുകരഞ്ഞതിൽപ്പിന്നെ, പുറത്തുചെന്നു നോക്കി, മാൻകുട്ടിയുടെ കുളമ്പടി പതിഞ്ഞസ്ഥലം കണ്ടു വ്യാകുലഹൃദയനായിട്ടു് വീണ്ടും പറയുന്നു.

23 കിംവാ അരേ ആചരിതം തപസ്തപസ്വിന്യാഽനയാ യദിയമവനിഃ സവിനയകൃഷ്ണസാരതനയതനുതരസുഭഗശിവതമാഖരഖുരപദപംക്തിഭിർദ്രവിണവിരഹാതുരസ്യ കൃപണസ്യ മമ ദ്രവിണപദവീം സൂചയന്ത്യാത്മാനം ച സർവതഃ കൃതകൗതുകം ദ്വിജാനാം സ്വർഗാപവർഗകാമാനാം ദേവയജനം കരോതി.

അരേ തപസ്വിന്യാ അനയാ = അമ്പോ! ഭാഗ്യവതിയായ ഇവളാൽ (ഭൂമിയാൽ)
കിം വാ തപഃ ആചരിതം = എന്തു തപസ്സു് അനുഷ്ഠിക്കപ്പെട്ടുവോ?
യത് ഇയം അവനിഃ = എന്തെന്നാൽ, ഈ ഭൂമി
സവിനയകൃഷ്ണസാരതനയതനുതരസുഭഗശിവതമാഖരഖുരപദപംക്തിഭിഃ = ഇണക്കമുള്ള കൃഷ്ണമാൻകുഞ്ഞിന്റെ നന്നേനേരുത്തചന്തമുള്ള–ശുഭലക്ഷണമുള്ള – മൃദുലമായ കുളമ്പടികളുടെനിരകളാൽ
ദ്രവിണവിരഹാതുരസ്യ = സൂക്ഷിപ്പുമുതൽ കൈവിട്ടുപോകയാൽ വെമ്പലാർന്നിരിക്കുന്ന
കൃപണസ്യ മമ = ദയനീയനായ എനിക്കു്
ദ്രവിണപദവീം സൂചയന്തീ = ആ മുതൽ (മാൻകുഞ്ഞു്) പോയ മാർഗ്ഗത്തെ കാട്ടിത്തന്നുകൊണ്ടു്,
ആത്മാനം കൃതകൗതുകം = തൻസ്വരൂപത്തെ അലംകൃതമാക്കിയും
സ്വർഗാപവർഗകാമാനാം = സ്വർഗത്തെയും മുക്തിയേയും ആഗ്രഹിക്കുന്ന
ദ്വിജാനാം = ബ്രാഹ്മണാദികൾക്കു്
ദേവയജനം ച കരോതി = യജ്ഞശാലയാക്കിയും ചെയ്യുന്നു.

കൃഷ്ണമാനിന്റെ കുളമ്പുകൾ പതിഞ്ഞ സ്ഥലമാണ് യജ്ഞാദിദേവകാര്യങ്ങൾക്ക് ഉചിതമായതെന്ന് സ്മൃതിയുണ്ട്. അതിനെയാണിവിടെ സൂചിപ്പിച്ചത്.

അപ്പോൾ ഉദിച്ച ചന്ദ്രബിംബത്തിൽ മൃഗലാഞ്ഛനം കണ്ട് തന്റെ മാൻകുട്ടിയാണതെന്ന് സങ്കല്പിച്ച് വീണ്ടും പറയുന്നു.

24 അപിസ്വിദസൌ ഭഗവാനുഡുപതിരേനം മൃഗപതിഭയാന്മൃതമാതരം മൃഗബാലകം സ്വാശ്രമപരിഭ്രഷ്ടമനുകമ്പയാ കൃപണജനവത്സലഃ പരിപാതി.

| | | |
|---|---|---|
| സ്വാശ്രമപരിഭ്രഷ്ടം | = | എന്റെ ആശ്രമത്തിൽ വിട്ടുപോയതും |
| മൃതമാതരം ഏനം മൃഗബാലകം | = | തള്ളയില്ലാത്തതുമായ ഈ മാൻകുട്ടിയെ |
| കൃപണജനവത്സലഃ | = | ദീനജനങ്ങളിൽ വാത്സല്യമുള്ള |
| അസൌ ഭഗവാൻ ഉഡുപതിഃ | = | ഈ ഭഗവാനായ നക്ഷത്രനാഥൻ |
| അനുകമ്പയാ മൃഗപതിഭയാത് | = | കാരുണ്യത്താൽ സിംഹഭീതിയിൽനിന്ന് |
| അപിസ്വിത് പരിപാതി | = | സംരക്ഷിക്കുകയാണോ ? |

ചന്ദ്രരശ്മികളുടെ സ്പർശനസൗഖ്യമനുഭവിച്ച് പറയുന്നു—

25 കിം വാത്മജവിശ്ലേഷജ്വരദവദഹനശിഖാഭിരുപതപ്യമാനഹൃദയസ്ഥലനളിനീകം മാമുപസൃതമൃഗീതനയം ശിശിരശാന്താനുരാഗഗുണിതനിജവദനസലിലാമൃതമയഗഭസ്തിഭിഃ സ്വധയതീതി ച.

| | | |
|---|---|---|
| ആത്മജവിശ്ലേഷജ്വരദവ-ദഹനശിഖാഭിഃ | } | പുത്ര (മാൻകുട്ടി) നെ പിരിഞ്ഞുള്ള സന്താപമാവുന്ന കാട്ടുതീയിന്റെ ജ്വാലകളാൽ |
| ഉപതപ്യമാനഹൃദയസ്ഥല-നളിനീകം | } | വാട്ടമേല്പിക്കപ്പെടുന്ന സ്ഥലകമലത്തോടൊത്ത ഹൃദയത്തോടുകൂടിയവനായി |
| ഉപസൃതമൃഗീതനയം മാം | = | മാനിന്റെ കുഞ്ഞിനെ തേടിയലയുന്ന എന്നെ |
| ശിശിരശാന്താനുരാഗഗുണിത-നിജവദനസലിലാമൃതമയ-ഗഭസ്തിഭിഃ | } | ശീതളവും ശാന്തവും എന്നിലെ പ്രണയത്താൽ വർദ്ധിതവുമായ വായിലെ വെള്ളംതന്നെയാവുന്ന അമൃതമയകിരണങ്ങൾകൊണ്ട് |
| കിം വാ സ്വധയതി | = | ആശ്വസിപ്പിക്കയാണോ ? |
| ഇതി ച | = | എന്നും മററും ഓരോന്ന് പറഞ്ഞുകൊണ്ടിരുന്നു. |

26 ഏവമഘടമാനമനോരഥാകുലഹൃദയോ മൃഗദാരകാഭാസേന സ്വാരബ്ധ-
കർമ്മണാ യോഗാരംഭണതോ വിഭ്രംശിതഃ സ യോഗതാപസോ ഭഗവ-
ദാരാധനലക്ഷണാച്ച കഥമിതരഥാ ജാത്യന്തര ഏണകുണക ആസംഗ
സാക്ഷാന്നിഃശ്രേയസപ്രതിപക്ഷതയാ പ്രാക്പരിത്യക്തദുസ്ത്യജഹൃദ-
യാഭിജാതസ്യ തസ്യൈവമന്തരായവിഹിതയോഗാരംഭണസ്യ രാജ-
ർഷേർഭരതസ്യ താവന്മൃഗാർഭകപോഷണപാലനപ്രീണനലാളനാനു-
ഷംഗേണാവിഗണയത ആത്മാനമഹിരിവാഖുബിലം ദുരതിക്രമഃ
കാലഃ കരാളരഭസ ആപദ്യത.

| | | |
|---|---|---|
| ഏവം അഘടമാന-മനോരഥാകുലഹൃദയഃ | } | ഇങ്ങനെ അസംബന്ധങ്ങളായ മനോവിചാരങ്ങളാൽ വ്യാകുലചിത്തനായിത്തീൎന്ന |
| സഃ യോഗതാപസഃ | = | ആ യോഗതാപസൻ (ഭരതൻ) |
| മൃഗദാരകാഭാസേന | = | മാൻകുട്ടിയുടെ ആകൃതിയിൽ പ്രതിഭാസിക്കുന്ന |
| സ്വാരബ്ധകൎമ്മണാ | = | തന്റെ പ്രാരബ്ധകൎമ്മത്താൽ |
| യോഗാരംഭണതഃ | = | യോഗമാൎഗ്ഗപ്രവൎത്തനത്തിൽനിന്നും |
| ഭഗവദാരാധനലക്ഷണാത് ച | = | ഭഗവൽസമാരാധനരൂപമായ കൎമ്മത്തിൽനിന്നും |
| വിഭ്രംശിതഃ | = | പരിഭ്രഷ്ടനാക്കപ്പെട്ടു. |
| ഇതരഥാ കഥം | = | അതല്ലെങ്കിൽ (പ്രാരബ്ധകൎമ്മശക്തിയല്ലെങ്കിൽ) |
| സാക്ഷാത് നിഃശ്രേയസ-പ്രതിപക്ഷതയാ | } | ശരിക്കും മോക്ഷലബ്ധിക്ക് വിലങ്ങുതടിയാണെന്ന കാരണത്താൽ |
| പ്രാക്പരിത്യക്തദുസ്ത്യജഹൃദയാ-ഭിജാതസ്യ | } | ഉപേക്ഷിക്കുവാൻ പ്രയാസമുള്ള സ്വന്തം ഔരസപുത്രന്മാരെക്കൂടി ആദ്യമേ ഉപേക്ഷിച്ച ആളായ |
| തസ്യ | = | അദ്ദേഹത്തിനു് |
| ജാത്യന്തരേ ഏണകുണകേ | = | മറ്റൊരു വൎഗ്ഗത്തിൽപെട്ട ഏതോ മാൻകുട്ടിയിൽ |
| ആസംഗഃ കഥം | = | ആസക്തി വന്നതെങ്ങനെ? |
| ഏവം അന്തരായവിഹതയോഗാ-രംഭണസ്യ | } | ഇപ്രകാരം വിഘ്നത്താൽ വിഹനിക്കപ്പെട്ട യോഗാനുസന്ധാനത്തോടുകൂടിയവനായി ഭവിച്ച |
| രാജൎഷേഃ ഭരതസ്യ | = | രാജൎഷി ഭരതൻ |
| താവത് മൃഗാൎഭകപോഷണ-പാലനപ്രീണനലാളനാനു-ഷംഗേണ | } | കാലമത്രയും മാൻകുട്ടിയെ പോററുക, രക്ഷിക്കുക, ഇണക്കുക, താലോലിക്കുക എന്നിവയിലുള്ള മാനസികസംഗത്താൽ |
| ആത്മാനം അവിഗണയതഃ | = | ആത്മാവിനെ വിസ്മരിച്ചുകൊണ്ടിരിക്കെ, |
| കരാളരഭസഃ | = | ഉഗ്രവേഗത്തോടുകൂടിയതും |
| ദുരതിക്രമഃ കാലഃ | = | അതിലംഘിച്ചുകൂടാത്തതുമായ കാലം (മൃത്യുസമയം) |
| ആഖുംബിലം അഹിഃ ഇവ ആപദ്യത | } | എലിമാളത്തിൽ പാമ്പെന്നപോലെ വന്നണഞ്ഞു |

27 തദാനീമപി പാൎശ്വവൎത്തിനമാത്മജമിവാനുശോചന്തമഭിവീക്ഷമാ-
ണോ മൃഗ ഏവാഭിനിവേശമനാ വിസൃജ്യ ലോകമിമം സഹ മൃഗേണ
കളേബരം മൃതമനു നമൃതജന്മാനുസ്മൃതിരിതരവന്മൃഗശരീരമവാപ.

| | | |
|---|---|---|
| തദാനീം അപി | = | അപ്പോഴുംകൂടി—ആ മൃത്യുസമയത്തിലുംകൂടി, |
| അനുശോചന്തം പാൎശ്വവൎത്തിനം ആത്മജം ഇവ അഭിവീക്ഷമാണഃ | } | ദുഃഖിച്ചുകൊണ്ടു് അരികത്തിരിക്കുന്ന മകനെപ്പോലെ നോക്കിക്കൊണ്ടു് |
| മൃഗേ ഏവ അഭിനിവേശിതമനാഃ | = | മൃഗത്തിൽത്തന്നെ ആസക്തചിത്തനായിഭവിച്ചു് |
| മൃഗേണ സഹ ഇമം ലോകം വിസൃജ്യ | | ആ മാനിനോടുകൂടെ ഈ ശരീരത്തേയും വിട്ടു്, |
| മൃതം കളേബരം അനു | = | നശിച്ചതായ ശരീരത്തെ തുടൎന്നു് |
| നമൃതജന്മാനുസ്മൃതിഃ | = | നശിക്കാതെ അവശേഷിച്ചുനിന്ന പൂൎവ്വജന്മാനുസ്മരണത്തോടുകൂടിയവനായി |

ഇതരവത് = വെറുമൊരു പ്രാകൃതനെപ്പോലെ
മൃഗശരീരം അവാപ = മൃഗശരീരത്തെ പ്രാപിച്ചു.

അന്ത്യകാലത്തിലും താൻ ആത്മതുല്യം സ്നേഹിച്ചിരുന്ന മാൻകുട്ടിയെത്തന്നെ വിചാരിക്കുകയാൽ ഭരതൻ അടുത്ത ജന്മത്തിൽ ഒരു മാനായിട്ടുപിറന്നുവെന്നുസാരം. പക്ഷേ ഈശ്വരാനുഗ്രഹത്താൽ അദ്ദേഹത്തിനു് ഈ ജന്മത്തിൽ പൂർവ്വജന്മവിസ്മൃതിയുണ്ടായില്ല.

28 തത്രാപി ഹ വാ ആത്മനോ മൃഗത്വകാരണം ഭഗവദാരാധനസമീ–
ഹാനുഭാവേനാനുസ്മൃത്യ ഭൃശമനുതപ്യമാന ആഹ.

തത്ര അപി ഹ വൈ = ആ മൃഗജന്മത്തിലും, ഹാ അദ്ഭുതം!
ഭഗവദാരാധനസമീഹാനുഭാവേന = ഭഗവാന്റെ ആരാധനം മുമ്പു് ചെയ്തിരുന്നതിന്റെ മാഹാത്മ്യത്താൽ
ആത്മനഃ മൃഗത്വകാരണം = തനിക്കു് മൃഗജന്മം ഉണ്ടാകുവാനുള്ള കാരണത്തെ
അനുസ്മൃത്യ = അനുസ്മരിച്ചു്,
ഭൃശം അനുതപ്യമാനഃ ആഹ = ഏറ്റവും പശ്ചാത്തപിച്ചു് അകമേ പറഞ്ഞു.

29 അഹോ കഷ്ടം ഭ്രഷ്ടോഽഹമാത്മവതാമനുപഥാദ്യദ്വിമുക്തസമസ്ത–
സംഗസ്യ വിവിക്തപുണ്യാരണ്യശരണസ്യാത്മവത ആത്മനി സർവ്വേ–
ഷാമാത്മനാം ഭഗവതി വാസുദേവേ തദനുശ്രവണമനനസങ്കീർത്തനാ–
രാധനാനുസ്മരണാഭിയോഗേനാശൂന്യസകലയാമേന കാലേന സമാ–
വേശിതം സമാഹിതം കാർത്സ്ന്യേന മനസ്തത്തു പുനർമമാബു–
രാന്മൃഗസുതമനു പരിസുസ്രാവ.

അഹോ കഷ്ടം ആത്മവതാം അനുപഥാത് അഹം ഭ്രഷ്ടഃ } "അയ്യോ കഷ്ടം! ധീരന്മാരുടെ മാർഗ്ഗത്തിൽനിന്നു് ഞാൻ പിഴച്ചുപോയല്ലോ
യത്, വിമുക്തസമസ്തസംഗസ്യ = എന്തെന്നാൽ എല്ലാ ആസക്തിയും ഉപേക്ഷിച്ചു്
വിവിക്തപുണ്യാരണ്യശരണസ്യ = വിജനമായ തപോവനത്തെ ശരണംപ്രാപിച്ചിരുന്ന
ആത്മവതഃ മമ മനഃ = ധീരനായ എന്റെ മനസ്സ്
സർവ്വേഷാം ആത്മനാം ആത്മനി = എല്ലാ ജീവജാലങ്ങളുടേയും ആത്മായ
ഭഗവതി വാസുദേവേ = ഭഗവാൻ ശ്രീവാസുദേവനിൽ
തദനുശ്രവണമനനസങ്കീർത്തനാരാധനാനുസ്മരണാഭിയോഗേന } അവിടുത്തെ ലീലാചരിതങ്ങൾ കേൾക്കുക, ധ്യാനിക്കുക, കീർത്തനംചെയ്യുക, ആരാധിക്കുക, അനുസ്മരിക്കുക എന്നിവയിലുള്ള അഭിനിവേശത്താൽ
അശൂന്യസകലയാമേന കാലേന = എല്ലായാമവും സഫലമാക്കിയിരുന്ന കാലംകൊണ്ടു്
കാർത്സ്ന്യേന സമാവേശിതം = പൂർണ്ണമായും അവശേഷിപ്പിക്കപ്പെട്ടതായിരുന്നു;
സമാഹിതം ച = അതു നിശ്ചലവും ആയിരുന്നു.
അബുധസ്യ മമ തത് തു = അജ്ഞനായ എന്റെ ആ മനസ്സാകട്ടെ
പുനഃ മൃഗസുതം അനു = വീണ്ടും മാൻകുട്ടിയുടെ പിന്നാലെ
ആരാത് പരിസുസ്രാവ = ബഹുദൂരം നീങ്ങിപ്പോയി"

30 ഇത്യേവം നിഗൂഢനിർവ്വേദോ വിസൃജ്യ മൃഗീം മാതരം പുനർഭഗവത്-
ക്ഷേത്രമുപശമശീലമുനിഗണദയിതം സാലഗ്രാമം പുലസ്ത്യപുലഹാ-
ശ്രമം കാലഞ്ജരാത് പ്രത്യാജഗാമ.

| | | |
|---|---|---|
| ഇതി ഏവം നിഗൂഢനിർവ്വേദഃ | = | ഇപ്രകാരം ഉള്ളിലൊതുക്കിവെച്ച നിർവ്വേദത്തോടുകൂടിയവനായി, |
| മാതരം മൃഗം വിസൃജ്യ | = | തന്റെ മാതാവായ പെൺമാനിനെ വേർപിരിഞ്ഞു് |
| ഭഗവത്ക്ഷേത്രം | = | ഭഗവൽസാന്നിദ്ധ്യമുള്ളതും |
| ഉപശമശീലമുനിഗണദയിതം | = | ശാന്തസ്വഭാവികളായ മുനിഗണങ്ങൾക്കു് ഇഷ്ടമായതും |
| സാലഗ്രാമം | = | സാലവൃക്ഷങ്ങൾ സമൃദ്ധിയായിട്ടുള്ളതുമായ |
| പുലസ്ത്യപുലഹാശ്രമം | = | പുലസ്ത്യപുലഹാദി ഋഷികളുടെ ആശ്രമത്തിലേക്കു് |
| കാലഞ്ജരാത് | = | താൻ പിറന്നുണ്ടായ കാലഞ്ജരപർവ്വതത്തിൽനിന്നു് |
| പുനഃ പ്രത്യാജഗാമ | = | വീണ്ടും തിരിച്ചുവന്നു. |

31 തസ്മിന്നപി കാലം പ്രതീക്ഷമാണഃ സംഗാച്ച ഭൃശമുദ്വിഗ്ന ആത്മ-
സഹചരഃ ശുഷ്കപർണ്ണതൃണവീരുധാ വർത്തമാനോ മൃഗത്വനിമിത്താ-
വസാനമേവ ഗണയൻ മൃഗശരീരം തീർത്ഥോദകക്ലിന്നമുത്സസർജ്ജ.

| | | |
|---|---|---|
| തസ്മിൻ അപി | = | അവിടത്തിലും |
| കാലം പ്രതീക്ഷമാണഃ | = | അന്ത്യകാലത്തെ പ്രതീക്ഷിച്ചുകൊണ്ടും |
| സംഗാത് ഭൃശം ഉദ്വിഗ്നഃ | = | അന്യസമ്പർക്കത്തെ അധികം ഭയന്നുകൊണ്ടും |
| ആത്മസഹചരഃ | = | തനിക്കു താൻതന്നെ തുണയായിനടന്നുകൊണ്ടും |
| ശുഷ്കപർണ്ണതൃണവീരുധാ | = | ഉണക്കിലകളും പുല്ലുകളും വള്ളികളും കൊണ്ടു് |
| വർത്തമാനഃ | = | ജീവിതം നിർവ്വഹിച്ചുകൊണ്ടും |
| മൃഗത്വനിമിത്താവസാനം ഏവ | = | മൃഗജന്മം ലഭിക്കാനിടയാക്കിയ കർമ്മത്തിന്റെ പര്യവസാനം മാത്രം |
| ഗണയൻ ച | = | ഉററുനോക്കിക്കൊണ്ടും വർത്തിച്ചു |
| മൃഗശരീരം | = | മൃഗശരീരത്തെ |
| തീർത്ഥോദകക്ലിന്നം ഉത്സസർജ്ജ | = | തീർത്ഥജലത്തിൽ മുഴുകിച്ചശേഷം വിട്ടുകളഞ്ഞു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ ഭരതചരിതേഽഷ്ടമോഽധ്യായഃ

ആദിതഃ സൂക്താനി 202.

അഞ്ചാമത്തെ സ്കന്ധത്തിൽ എട്ടാമദ്ധ്യായം കഴിഞ്ഞു.

# നവമോഽധ്യായഃ — അദ്ധ്യായം ഒമ്പതു്.

## ജഡഭരതാനുചരിതം.

“നവമേ ജഡവിപ്രത്വേ തസ്യ രാഗാദ്യഭാവതഃ
ഭദ്രകാളീപശുത്വേഽപി നിർവ്വികാരത്വമീര്യതേ”.

മൃഗജന്മംവിട്ട ഭരതൻ പിന്നെ, ജഡപ്രകൃതിയായ ഒരു ബ്രാഹ്മണപുത്രനായി ജനിച്ചുവെന്നും, ഭദ്രകാളിക്കു ബലിയർപ്പിക്കാൻ കൊണ്ടുപോയപ്പോഴുംകൂടി നിർവ്വികാരനായി നിന്നുവെന്നുമുള്ള കഥ ഈ അദ്ധ്യായത്തിൽ പറയുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1 അഥ കസ്യചിദ്ദ്വിജവരസ്യാംഗിരഃപ്രവരസ്യ ശമദമതപഃസ്വാദ്ധ്യാ-
യാധ്യയനത്യാഗസന്തോഷതിതിക്ഷാപ്രശ്രയവിദ്യാനസൂയാത്മജ്ഞാ-
നാനന്ദയുക്തസ്യാത്മസദൃശശ്രുതശീലാചാരരൂപൗദാര്യഗുണാ നവ
സോദര്യാ അംഗജാ ബഭൂവുർമിഥുനം ച യവീയസ്യാം ഭാര്യായാം.

| | | |
|---|---|---|
| അഥ ആംഗിരപ്രവരസ്യ | = | അനന്തരം, ആംഗിരസഗോത്രത്തിലുണ്ടായവരിൽ ശ്രേഷ്ഠനും |
| ശമദമതപഃസ്വാദ്ധ്യായാധ്യയന-ത്യാഗസന്തോഷതിതിക്ഷാപ്രശ്ര-യവിദ്യാനസൂയാത്മജ്ഞാനാനന്ദ-യുക്തസ്യ | } | ശമം, ദമം, തപസ്സ്, സ്വാദ്ധ്യായം, അധ്യയനം, ദാനം, സംതൃപ്തി, സഹനശീലം, വിനയം, കർമ്മപരിചയം, അസൂയാരാഹിത്യം, അധ്യാത്മബോധം, ധാർമ്മികാനന്ദം എന്നിവയോടുകൂടിയവനുമായ |
| കസ്യചിത് ദ്വിജവരസ്യ- | | ഒരു ബ്രാഹ്മണോത്തമന്നു് |
| ആത്മസദൃശശ്രുതശീലാ-ചാരരൂപൗദാര്യഗുണാഃ | } | തന്നെപ്പോലെ പഠിപ്പും സ്വഭാവവും ആചരണങ്ങളും ശരീരയോഗ്യതയും ഔദാര്യവും മററുഗുണങ്ങളും ഉള്ളവരായി |
| സോദര്യാഃ നവ അംഗജാഃ | = | ഒരു മാതാവിൽനിന്നു് പിറന്ന ഒമ്പതു് പുത്രന്മാരും |
| യവീയസ്യാം ഭാര്യായാം | = | ഇളയ ഭാര്യയിൽ |
| മിഥുനം ച ബഭൂവുഃ | = | ഒരു പുരുഷനും ഒരു സ്ത്രീയും ഉണ്ടായി. |

2 യസ്തു തത്ര പുമാംസ്തം പരമഭാഗവതം രാജർഷിപ്രവരം ഭരതമുത്സൃഷ്ട-
മൃഗശരീരം ചരമശരീരേണ വിപ്രത്വം ഗതമാഹുഃ.

| | | |
|---|---|---|
| തത്ര യഃ പുമാൻ | = | അതിൽ യാതൊരുവൻ പുരുഷനായി ജനിച്ചുവോ, |
| തം തു | = | അവനെയാകട്ടെ |
| പരമഭാഗവതം | = | ഭക്താഗ്രഗണ്യനും |

| | | |
|---|---|---|
| രാജർഷിപ്രവരം ഭരതം | = | രാജർഷിപ്രമുഖനമായ ഭരതൻ |
| ഉത്സൃഷ്ടമൃഗശരീരം | = | മൃഗദേഹത്തെ ഉപേക്ഷിച്ച് |
| ചരമശരീരേണ | = | അന്തിമദേഹധാരണംകൊണ്ട് |
| വിപ്രത്വം ഗതം ആഹുഃ | = | ബ്രഹ്മണത്വം പ്രാപിച്ചവനാണെന്ന് പറയുന്നു. |

ഭരതൻ മൃഗപോതാനുകമ്പകാരണം ഉണ്ടായ ആസക്തിയാൽ യോഗഭ്രഷ്ടനായെന്നത് ശരിതന്നെ. എങ്കിലും, "ശുചീനാം ശ്രീമതാം ഗേഹേ യോഗഭ്രഷ്ടോഽഭിജായതേ" എന്ന സ്മൃതിയനുസരിച്ച് ആത്മാനുസന്ധാനത്തിനുതകുന്ന ആഢ്യബ്രാഹ്മണകുടുംബത്തിൽ വന്നുപിറന്നു എന്നതാണ് ഇവിടെ വിവക്ഷിതം.

3 തത്രാപി സ്വജനസംഗാച്ച ഭൃശമുദ്വിജമാനോ ഭഗവതഃ കർമ്മബന്ധ-
വിധ്വംസനശ്രവണസ്മരണഗുണവിവരണചരണാരവിന്ദയുഗളം മന-
സാവിദധദാത്മനഃ പ്രതിഘാതമാശങ്കമാനോ ഭഗവദനുഗ്രഹേണാനു-
സ്മൃതസ്വപൂർവ്വജന്മാവലിരാത്മാനമുന്മത്തജഡാന്ധബധിരസ്വരൂപേണ
ദർശയാമാസ ലോകസ്യ.

| | | |
|---|---|---|
| അത്ര അപി ഭഗവദനുഗ്രഹേണ | = | ആ ജന്മത്തിലും ഭഗവാന്റെ അനുഗ്രഹത്താൽ |
| അനുസ്മൃതസ്വപൂർവ്വജന്മാവലിഃ | = | പൂർവ്വജന്മപരമ്പരയെക്കുറിച്ചുള്ള ഓർമ്മയുള്ളവനും |
| സ്വജനസംഗാത് ച | = | സ്വജനങ്ങളുടെകൂടി കൂട്ടുകെട്ടിൽനിന്ന് |
| ഭൃശം ഉദ്വിജമാനഃ | = | അത്യന്തം ഉദ്വേഗമുള്ളവനും |
| ഭഗവതഃ കർമ്മബന്ധവിധ്വംസനശ്രവണസ്മരണഗുണവിവരണചരണാരവിന്ദയുഗളം | } | കർമ്മബന്ധത്തെ വിധ്വംസിക്കുന്ന ശ്രവണസ്മരണ ഗുണകഥനാദികളോടുകൂടിയ ഭഗവാന്റെ ചെന്താരടിയിണയെ |
| മനസാ വിദധത് | = | ഹൃദയത്താൽ ധ്യാനിക്കുന്നവനും |
| ആത്മനഃ പ്രതിഘാതം ആശങ്കമാനഃ | } | തനിക്ക് ഇനിയും ആത്മാനുസന്ധാനത്തിൽ എന്തെങ്കിലും വിഘ്നം വന്നേക്കുമോ എന്ന് ശങ്കിക്കുന്നവനുമായിട്ട് |
| ഉന്മത്തജഡാന്ധബധിരസ്വരൂപേണ | } | ഭ്രാന്തനോ, മൂഢനോ, കുരുടനോ, ചെകിടനോ എന്നു മററും തോന്നിക്കുമാറ് |
| ആത്മാനം ലോകസ്യ ദർശയാമാസ | = | തന്നെ ലോകസമക്ഷം വെളിപ്പെടുത്തി. |

4 തസ്യാപി ഹ വാ ആത്മജസ്യ വിപ്രഃ പുത്രസ്നേഹാനുബദ്ധമനാ ആ
സമാവർത്തനാത് സംസ്കാരാൻ യഥോപദേശം വിദധാന ഉപനീതസ്യ
ച പുനഃ ശൗചാചമനാദീൻ കർമ്മനിയമാനനഭിപ്രേതാനപി സമ-
ശിക്ഷയത് അനുശിഷ്ടേന ഹി ഭാവ്യം പിതുഃ പുത്രേണേതി.

| | | |
|---|---|---|
| വിപ്രഃ പുത്രസ്നേഹാനുബദ്ധമനാഃ | = | ബ്രാഹ്മണൻ പുത്രസ്നേഹത്താൽ അനുബദ്ധഹൃദയനായിട്ട് |
| ഹ വൈ തസ്യ ആത്മജസ്യ അപി | = | കഷ്ടമേ! ആ പുത്രനും (ജഡഭരതനും) |
| ആ സമാവർത്തനാത് | = | സമാവർത്തനം വരേക്കുമുള്ള |

| | | |
|---|---|---|
| സംസ്കാരാൻ | = | സംസ്കാരങ്ങളെ (ശ്രൗതസ്മാർത്തകർമ്മങ്ങളെ) |
| യഥോപദേശം വിദധാനഃ | = | ശാസ്ത്രോക്തമാംവിധം ചെയ്യുവാനൊരുങ്ങിക്കൊണ്ടു് |
| ഉപനീതസ്യ | = | ഉപനയനം കഴിക്കപ്പെട്ട അവനു് |
| പുനഃ ച ശൗചാചമനാദീൻ | = | പിന്നെ വേണ്ടുന്ന ശൗചം, ആചമനം, മുതലായ |
| കർമ്മനിയമാൻ | = | കർമ്മങ്ങളുടെ മുറകളെ, |
| അനഭിപ്രേതാൻ അപി | = | അവന്നിഷ്ടമല്ലാത്തവയാണെങ്കിലുംകൂടി |
| സമശിക്ഷയത് | = | മനസ്സിരുത്തി പരിശീലിപ്പിച്ചു. |
| ഹി പുത്രേണ പിതുഃ അനുശിഷ്ടേന ഭാവ്യം | } | എന്തെന്നാൽ, പുത്രനാൽ അച്ഛന്റെ അടുക്കൽ നിന്നു് അനുശാസിക്കപ്പെട്ടവനായി ഭവിക്കേണ്ടതുണ്ടല്ലോ. |

ബ്രഹ്മചര്യാശ്രമം അവസാനിപ്പിക്കുന്ന കർമ്മമാണു് സമാവർത്തനം. ഈ പുത്രൻ ജഡനാകകൊണ്ടു് ഗൃഹസ്ഥാശ്രമസ്വീകാരത്തിനു് അർഹനല്ലെന്നു് കണ്ടിട്ടു് പിതാവു് സമാവർത്തനപര്യന്തമുള്ള ക്രിയകൾക്കു് മാത്രമേ ഉദ്യമിക്കുകയുണ്ടായുള്ളു എന്നു് ആശയം.

5 സ ചാപി തദുഹ പിതൃസന്നിധാവേവാസധ്രീചീനമിവ സ്മ കരോതി ഛന്ദാംസ്യധ്യാപയിഷ്യൻ സഹ വ്യാഹൃതിഭിഃ സപ്രണവശിരസ്ത്രിപദീം സാവിത്രീം ഗ്രൈഷ്മവാസന്തികാൻ മാസാനധീയാനമപ്യസമവേതരൂപം ഗ്രാഹയാമാസ.

| | | |
|---|---|---|
| സഃ ച അപി, തത് ഉഹ | = | അദ്ദേഹവും അതെല്ലാം (ആചമനാദി) |
| പിതൃസന്നിധൗ ഏവ | = | പിതാവിന്റെ സന്നിധിയിൽ വെച്ചുതന്നെ |
| അസധ്രീചീനം ഇവ | = | അബദ്ധമയമായിട്ടു് ഏതോ വിധത്തിൽ |
| കരോതി സ്മ | = | നടത്തിവന്നു. |
| ഛന്ദാംസി അധ്യാപയിഷ്യൻ | = | വേദങ്ങളെ അധ്യയനം ചെയ്യിക്കാൻ പുറപ്പെട്ട പിതാവു് |
| വ്യാഹൃതിഭിഃ സഹ | = | വ്യാഹൃതികളോടുകൂടി |
| സപ്രണവശിരസ്ത്രിപദീം | = | പ്രണവശിരഃസഹിതമായി മൂന്നു് പാദങ്ങൾ മാത്രമുള്ള |
| സാവിത്രീം | = | സവിതൃഗായത്രീമന്ത്രത്തെ |
| ഗ്രൈഷ്മവാസന്തികാൻ മാസാൻ | = | ഗ്രീഷ്മം, വസന്തം എന്നീ ഋതുക്കളിലെ ചൈത്രാദി നാലു് മാസങ്ങൾ മുഴുവനും |
| അധീയാനം അപി | = | പഠിച്ചുകൊണ്ടിരുന്നിട്ടുകൂടിയും അവനെ |
| അസമവേതരൂപം | = | സമ്പൂർണരൂപത്തിലല്ലാതെമാത്രമേ |
| ഗ്രാഹയാമാസ | = | ഗ്രഹിപ്പിക്കുവാൻ കഴിഞ്ഞുള്ളു. |

ഉപാകർമ്മം, വേദാധ്യയനവ്രതംകൊള്ളൽ എന്നിവക്കുശേഷം വേദംചൊല്ലി പഠിപ്പിക്കാൻ പുറപ്പെട്ട പിതാവിനു് ആദ്യം, സ്വരങ്ങളില്ലാത്ത സപ്തവ്യാഹൃതികളോടും ഓം

കാരത്തോടുംകൂടിയ ഗായത്രിപോലും ഈ ജഡപുത്രനെ വേണ്ടവിധത്തിൽ ചൊല്ലിക്കാൻ നാലുമാസം പരിശ്രമിച്ചിട്ടും സാധിച്ചില്ലെന്നു ചുരുക്കം. പിന്നെ മററുള്ളവയെപ്പററി ചോദിപ്പാനുണ്ടോ ?

6 ഏവം സ്വതനുജ ആത്മന്യനുരാഗാവേശിതചിത്തഃ ശൗചാധ്യയന-വ്രതനിയമഗുർവനലശുശ്രൂഷണാദ്യൗപകുർവാണകകർമ്മാണ്യനഭിയുക്താ-ന്യപി സമനുശിഷ്ടേന ഭാവ്യമിത്യസദാഗ്രഹഃ പുത്രമനുശാസ്യ സ്വയം താവദനധിഗതമനോരഥഃ കാലേനാപ്രമത്തേന സ്വയം ഗൃഹ ഏവ പ്രമത്ത ഉപസംഹൃതഃ.

| | | |
|---|---|---|
| ഏവം ആത്മനി സ്വതനുജേ | = | ഈവിധം ആത്മസ്വരൂപനായ തന്റെ പുത്രനിൽ |
| അനുരാഗാവേശിതചിത്തഃ | = | സ്നേഹവാത്സല്യംകൊള്ളുന്ന ചിത്തത്തോടുകൂടിയിരുന്ന ആ ബ്രാഹ്മണൻ |
| ശൗചാധ്യയനവ്രതനിയമ-ഗുർവനലശുശ്രൂഷണാദ്യൗപ-കുർവാണകകർമ്മാണി | } | ശുദ്ധാശുദ്ധങ്ങളും, വേദാധ്യയനം, വ്രതങ്ങളും, നിഷ്ഠകളും, ഗുരുശുശ്രൂഷ, അഗ്നിസമാരാധനം മുതലായി ബ്രഹ്മചാരിക്കുവേണ്ട കർമ്മങ്ങളെ |
| അനഭിയുക്താനി അപി | = | അവനു് പററുന്നവയല്ലെന്നിരിക്കിലുംകൂടി |
| സമനുശിഷ്ടേന ഭാവ്യം ഇതി | = | താൻ പഠിപ്പിക്കേണ്ടതുണ്ടെന്ന |
| അസദാഗ്രഹഃ | = | തെററായ ധാരണവെച്ചുകൊണ്ടു്, |
| പുത്രം അനുശാസ്യ താവത് | = | പുത്രനെ പഠിപ്പിച്ചുനോക്കിയിട്ടും |
| സ്വയം അനധിഗതമനോരഥഃ | = | തന്നെത്താൻ ആഗ്രഹം സഫലീകരിക്കപ്പെടാതെ |
| ഗൃഹേ ഏവ പ്രമത്തഃ | = | ഗൃഹസ്ഥവൃത്തിയിൽത്തന്നെ ഏർപ്പെട്ടു ജന്മം പാഴാക്കിക്കൊണ്ടു് |
| അപ്രമത്തേന കാലേന | = | ഒരിക്കലും വീഴ്ചവരാത്ത കാലാതിക്രമണാൽ |
| ഉപസംഹൃതഃ | = | ജീവിതത്തിൽനിന്നു് വിരമിച്ചു. |

7 അഥ യവീയസീ ദ്വിജസതീ സ്വഗർഭജാതം മിഥുനം സപത്ന്യാ ഉപന്യസ്യ സ്വയമനുസംസ്ഥയാ പതിലോകമഗാത്.

| | | |
|---|---|---|
| അഥ യവീയസീ ദ്വിജസതീ | = | അനന്തരം ഇളയവളായ ബ്രാഹ്മണപത്നി |
| സ്വഗർഭജാതം മിഥുനം | = | തന്റെ ഗർഭത്തിൽപിറന്ന ആൺകുഞ്ഞിനേയും പെൺകുഞ്ഞിനേയും |
| സപത്ന്യൈ ഉപന്യസ്യ | = | സപത്നിവശം ഏല്പിച്ചുകൊടുത്തു്, |
| സ്വയം അനുസംസ്ഥയാ | = | താൻ അനുമരണവിധിയനുസരിച്ചുകൊണ്ടു് |
| പതിലോകം അഗാത് | = | ഭർത്തൃലോകം പ്രാപിച്ചു. |

8 പിതര്യുപരതേ ഭ്രാതര ഏനമതത്പ്രഭാവവിദസ്ത്രയ്യാം വിദ്യായാമേവ പര്യവസിതമതയോ ന പരവിദ്യായാം ജഡമതിരിതി ഭ്രാതുരനു-ശാസനനിർബന്ധാന്ന്യവൃത്സന്ത.

| | | |
|---|---|---|
| പിതരി ഉപരതേ | = | അച്ഛൻ അന്തരിച്ചപ്പോൾ, |
| അതത്പ്രഭാവവിദഃ | = | അദ്ദേഹത്തിൻെറ (ഭരതൻെറ) പ്രഭാവം അറിഞ്ഞുകൂടാത്തവരും |
| ത്രയ്യാം വിദ്യായാം ഏവ | = | വൈദികവിദ്യയിൽ മാത്രമായി |
| പര്യവസിതമതയഃ | = | പര്യവസാനിക്കപ്പെട്ട ബുദ്ധിയോടുകൂടിയവരും |
| പരവിദ്യായാം ന | = | പരവിദ്യയായ ആത്മജ്ഞാനത്തിൽ അങ്ങനെയല്ലാത്തവരും ആയ |
| ഭ്രാതരഃ | = | ജ്യേഷ്ഠസഹോദരന്മാർ |
| ഏനം ജഡമതിഃ ഇതി | = | ഇദ്ദേഹത്തെ മന്ദബുദ്ധിയാണെന്നു കരുതി, |
| ഭ്രാതുഃ അനുശാസനനിർബന്ധാത് | = | ഇളയസഹോദരൻെറ അനുശാസനത്തിലുള്ള നിർബന്ധത്തിൽനിന്നു് |
| ന്യവൃത്സന്ത | = | നിവൃത്തിക്കുവാൻ തീർച്ചയാക്കി. |

9 സ ച പ്രാകൃതൈർദ്വിപദപശുഭിരുന്മത്തജഡബധിരേത്യഭിഭാഷ്യ-
മാണോ യദാ തദനുരൂപാണി പ്രഭാഷതേ കർമ്മാണി ച സ കാര്യമാണഃ
പരേച്ഛയാ കരോതി വിഷ്ടിതോ വേതനതോ വാ യാച്ഞയാ യദൃച്ഛയാ
വോപസാദിതമല്പം ബഹു മൃഷ്ടം കദന്നം വാഭ്യവഹരതി പരം
നേന്ദ്രിയപ്രീതിനിമിത്തം, നിത്യനിവൃത്തനിമിത്തസ്വസിദ്ധവിശു-
ദ്ധാനുഭവാനന്ദസ്വാത്മലാഭാധിഗമഃ സുഖദുഃഖയോർദ്വന്ദ്വനിമിത്ത-
യോരസംഭാവിതദേഹാഭിമാനഃ.

| | | |
|---|---|---|
| സഃ ച യദാ | = | അദ്ദേഹമാകട്ടെ, എന്നേരത്തു്, |
| ദ്വിപദപശുഭിഃ | = | ഇരുകാലിമൃഗങ്ങളായ |
| പ്രാകൃതൈഃ | = | സംസ്കാരശൂന്യന്മാരാൽ |
| ഉന്മത്തജഡബധിരേതി | = | "ഭ്രാന്താ, ഭോഷാ, മട്ടേ!" എന്നിങ്ങനെയെല്ലാം |
| അഭിഭാഷ്യമാണഃ (തദാ) | = | വിളിക്കപ്പെടുന്നുവോ, അന്നേരം |
| തദനുരൂപാണി പ്രഭാഷതേ | = | അതനുസരിച്ചു് ഓരോന്നു പറഞ്ഞിരുന്നു; |
| സഃ കർമ്മാണി ച | = | അദ്ദേഹം പ്രവൃത്തികളേയും |
| പരേച്ഛയാ കാര്യമാണഃ | = | അന്യരുടെ ഇഷ്ടാനുസാരം അവരാൽ ചെയ്യിക്കപ്പെ |
| കരോതി | = | ചെയ്തുകൊണ്ടിരുന്നു. [ട്ടു് |
| വിഷ്ടിതഃ വേതനതഃ വാ | = | കൂലിയില്ലാവേലയാലോ, കൂലിവേലയാലോ, |
| യാച്ഞയാ യദൃച്ഛയാ വാ | = | യാചനയാലോ, യദൃച്ഛായോഗത്താലോ, |
| ഉപസാദിതം | = | കൈയിൽ കിട്ടിയതു് |
| അല്പം ബഹു | = | കുറഞ്ഞതായാലും, നിറഞ്ഞതായാലും, |
| മൃഷ്ടം കദന്നം വാ | = | രുചിച്ചതായാലും, അറച്ചതായാലും |
| അഭ്യവഹരതി | = | ആഹരിച്ചിരുന്നു; |
| പരം ഇന്ദ്രിയപ്രീതിനിമിത്തം ന | = | എന്നാൽ അതു് രസനേന്ദ്രിയത്തെ സംതൃപ്തമാക്കുവാൻ വേണ്ടിയുള്ളതായിരുന്നില്ല. (എന്തെന്നാൽ,) |

| | | |
|---|---|---|
| നിത്യനിവൃത്തനിമിത്തസ്വസിദ്ധ-വിശുദ്ധാനുഭവാനന്ദസ്വാത്മ-ലാഭാധിഗമഃ | } | ഏതുകാലത്തും കാരണാപേക്ഷയില്ലാതെ സ്വയം സിദ്ധമായിരിക്കുന്ന കേവലാനുഭൂതിയാവുന്ന ആനന്ദം തന്റെ സ്വരൂപമാണെന്ന ബോധം, അതായതു്, "സച്ചിദാനന്ദരൂപോഽഹം" എന്ന ബോധം സിദ്ധിച്ചിരിക്കുന്ന അദ്ദേഹം |
| ദ്വന്ദ്വനിമിത്തയോഃ | = | മാനാവമാനാദി ദ്വന്ദ്വങ്ങളെ നിമിത്തീകരിച്ചിരിക്കുന്ന |
| സുഖദുഃഖയോഃ | = | സുഖത്തിലും ദുഃഖത്തിലും |
| അസംഭാവിതദേഹാഭിമാനഃ | = | ദേഹാഭിമാനം കരുതാത്തവനായിരുന്നു. |

10 ശീതോഷ്ണവാതവർഷേഷു വൃഷ ഇവാനാവൃതാംഗഃ പീനഃ സംഹനനാംഗഃ സ്ഥണ്ഡിലസംവേശനാനുന്മർദനാമജ്ജനരജസാ മഹാമണിരിവാനഭിവ്യക്തബ്രഹ്മവർചസഃ കുപടാവൃതകടിരുപവീതേനോരുമഷിണാ ദ്വിജാതിരിതി ബ്രഹ്മബന്ധുരിതി സംജ്ഞയാതജ്ജ്ഞജനാവമതോ വിചചാര.

| | | |
|---|---|---|
| ശീതോഷ്ണവാതവർഷേഷു | = | തണുപ്പിലും, ചൂടിലും, കാററത്തും, മഴയത്തും |
| വൃഷഃ ഇവ അനാവൃതാംഗഃ | = | കാളയെപ്പോലെ ശരീരാച്ഛാദനമില്ലാതെ |
| പീനഃ സംഹനനാംഗഃ | = | തടിച്ചുരുണ്ടു് ദൃഢഗാത്രനും |
| സ്ഥണ്ഡിലസംവേശനാനു-ന്മർദനാമജ്ജനരജസാ | } | വെറുംനിലത്തുള്ള കിടപ്പും മേത്തേപ്പും കുളിയും ഇല്ലാതിരിക്കലും കാരണം ഉണ്ടായ പൊടിയാൽ |
| മഹാമണിഃ ഇവ | = | (തേച്ചുതുടക്കാത്ത) മഹാരത്നംപോലെ |
| അനഭിവ്യക്തബ്രഹ്മവർചസഃ | = | സ്പഷ്ടീഭവിക്കാത്ത ബ്രഹ്മതേജസ്സോടുകൂടിയവനും |
| കുപടാവൃതകടിഃ (സഃ) | = | വൃത്തികെട്ട വസ്ത്രംകൊണ്ടു് അര മറച്ചിരിക്കുന്നവനും ആയ ആ മഹാത്മാവു് |
| ഉരുമഷിണാ ഉപവീതേന | = | പെരുത്തു ചളിയുള്ള പൂണൂലിനാൽ |
| ദ്വിജാതിഃ ഇതി | = | നാമമാത്രദ്വിജനാണെന്നും |
| ബ്രഹ്മബന്ധുഃ ഇതി സംജ്ഞയാ | = | ബ്രാഹ്മണകുലത്തിൽ പിറന്ന ഒരു പിറയാണെന്നും മററുമുള്ള പേരുകൊണ്ടു് |
| അതജ്ജ്ഞജനാവമതഃ | = | അദ്ദേഹത്തെ ശരിക്കു അറിയാത്ത ജനങ്ങളാൽ അവമാനിതനായിട്ടു് |
| വിചചാര | = | സഞ്ചരിച്ചു. |

11 യദാ തു പരത ആഹാരം കർമവേതനത ഈഹമാനഃ സ്വഭ്രാതൃഭിരപി കേദാരകർമണി നിരൂപിതസ്തദപി കരോതി കിന്തു ന സമം വിഷമം ന്യൂനമധികമിതി വേദ കണപിണ്യാകഫലീകരണകുൽമാഷസ്ഥാലീപുരീഷാദീന്യപ്യമൃതവദഭ്യവഹരതി.

| | | |
|---|---|---|
| യദാ തു കർമ്മവേതനതഃ | = | എപ്പോഴും, പണിചെയ്തതിന്റെ പ്രതിഫലമായിട്ടു് |
| പരതഃ ആഹാരം ഈഹമാനഃ | = | അന്യന്റെ അടുക്കൽനിന്നു് ഭക്ഷണം കഴിക്കാമെന്നു് ഇച്ഛിച്ചിരുന്നുവോ, |
| (തദാ) സ്വഭ്രാതൃഭിഃ അപി | = | അപ്പോഴും തന്റെ സഹോദരന്മാരാൽപ്പോലും |
| കേദാരകർമ്മണി | = | പാടത്തുപണിയിൽ |
| നിരൂപിതഃ (സഃ) | = | ഏല്പ്പെടുത്തപ്പെട്ടവനായിരുന്ന അദ്ദേഹം |
| തത് അപി കരോതി | = | അതും ചെയ്തിരുന്നു. |
| കിന്തു സമവിഷമന്യൂനം അധികം ഇതി ന വേദ | } | എന്നാൽ, (കിളയെടുത്തു് വളം ചേർക്കുമ്പോഴും മററും കൃഷിഭൂമി) നിരന്നതോ, ഉയർന്നതോ, താണതോ, പശിമകുറഞ്ഞതോ, കൂടിയതോ എന്നൊന്നും അറിഞ്ഞുകൂടായിരുന്നു |
| കണപിണ്യാകഫലീകരണ-കുല്മാഷസ്ഥാലീപുരീഷാദീൻ | } | നുറുങ്ങരിയോ, പിണ്ണാക്കോ, തൊണ്ടുതൊലികളോ, പുഴുക്കേടുബാധിച്ച ഉഴുന്നോ, പാത്രത്തിന്റെ അടിയിൽപിടിച്ചുകരിഞ്ഞതോ, ഇങ്ങനെയുള്ളതെന്തായാലും തന്നതെല്ലാം |
| അമൃതവത് അഭ്യവഹരതി | = | അമൃത്പോലെ തിന്നുതീർക്കുകയും ചെയ്തിരുന്നു. |

12 അഥ കദാചിത് കശ്ചിദ്വൃഷലപതിർഭദ്രകാള്യൈ പുരുഷപശുമാല-
ഭതാപത്യകാമഃ.

| | | |
|---|---|---|
| അഥ കദാചിത് | = | അങ്ങനെയിരിക്കെ, ഒരിക്കൽ |
| കശ്ചിത് വൃഷലപതിഃ | = | കള്ളത്തലവനായ ഒരു ശൂദ്രസാമന്തപ്രഭു |
| അപത്യകാമഃ | = | തനിക്കു് സന്തതിയുണ്ടാകാനാഗ്രഹിച്ചുകൊണ്ടു് |
| ഭദ്രകാള്യൈ | = | ശ്രീഭദ്രകാളിക്കു് |
| പുരുഷപശും ആലഭത | = | നരബലികൊടുക്കുവാൻ കോപ്പുകൂട്ടി. |

13 തസ്യ ഹ ദൈവമുക്തസ്യ പശോഃ പദവീം തദനുചരാഃ പരിധാവന്തോ
നിശി നിശീഥസമയേ തമസാഽവൃതായാമനധിഗതപശവ ആകസ്മി-
കേന വിധിനാ കേദാരാൻ വീരാസനേന മൃഗവരാഹാദിഭ്യഃ സംരക്ഷ-
മാണമംഗിരഃപ്രവരസുതമപശ്യൻ.

| | | |
|---|---|---|
| ഹ, ദൈവമുക്തസ്യ | = | അദ്ഭുതം! ഈശ്വരേച്ഛയാൽ വിമുക്തനായിത്തീൎന്ന |
| തസ്യ പശോഃ പദവീം | = | അവന്റെ ബലിമൃഗമായിരുന്നവൻ പോയവഴി |
| പരിധാവന്തഃ | = | അന്വേഷിച്ചു് നാലുപാടും പാഞ്ഞുനടന്നിരുന്ന |
| തദനുചരാഃ | = | അവന്റെ കിങ്കരന്മാർ |
| തമസാ ആവൃതായാം | = | കൂരിരുട്ടിനാൽ മൂടപ്പെട്ടിരുന്ന |
| നിശി നിശീഥസമയേ | = | രാത്രിയിലെ പാതിരാനേരത്തു് |
| അനധിഗതപശവഃ | = | പശുവിനെ (ബലിപുരുഷനെ) കണ്ടുപിടിക്കുവാൻ കഴിയാതെ വിഷമിച്ചുകൊണ്ടു് |

| | | |
|---|---|---|
| ആകസ്മികേന വിധിനാ | = | യാദൃച്ഛികമായ പ്രകാരത്തിൽ, |
| കേദാരാൻ | = | നെൽവയലുകളെ |
| വീരാസനേന | = | വീരാസനത്തിൽ തലയുയർത്തിയിരുന്നുകൊണ്ട് |
| മൃഗവരാഹാദിഭ്യഃ | = | മാൻ, പന്നി മുതലായ ജന്തുക്കളിൽനിന്ന് |
| സംരക്ഷമാണം | = | സംരക്ഷിച്ചുവരുന്ന |
| ആംഗിരഃപ്രവരസുതം | = | ആംഗിരസഗോത്രജനായ ബ്രാഹ്മണപുത്രനെ |
| അപശ്യൻ | = | കണ്ടെത്തി. |

14 അഥ ത ഏനമനവദ്യലക്ഷണമവമൃശ്യ ഭർത്തൃകർമ്മനിഷ്പത്തിം മന്യമാനാ ബദ്ധ്വാ രശനയാ ചണ്ഡികാഗൃഹമുപനിന്യുർമുദാ വികസിതവദനാഃ.

| | | |
|---|---|---|
| അഥ തേ ഏനം | = | ഉടൻതന്നെ അവർ ഇവനെ |
| അനവദ്യലക്ഷണം അവമൃശ്യ | = | നല്ല ലക്ഷണമൊത്തവനാണെന്നുകണ്ട്, |
| ഭർത്തൃകർമ്മനിഷ്പത്തിം മന്യമാനാഃ | = | സ്വാമികാര്യം സിദ്ധമായെന്നുകരുതി |
| മുദാ വികസിതവദനാഃ | = | സന്തുഷ്ടിയാൽ പ്രസന്നമായ മുഖത്തോടുകൂടിയവരായിട്ട് |
| രശനയാ ബദ്ധ്വാ | = | കയറുകൊണ്ട് കെട്ടിവരിഞ്ഞ് |
| ചണ്ഡികാഗൃഹം ഉപനിന്യുഃ | = | കാളീക്ഷേത്രത്തിലേക്ക് കൊണ്ടുപോയി |

15 അഥ പണയസ്തം സ്വവിധിനാഭിഷിച്യാഹതേന വാസസാച്ഛാദ്യ ഭൂഷണാലേപസ്രക്തിലകാദിഭിരുപസ്കൃതം ഭുക്തവന്തം ധൂപദീപമാല്യലാജകിസലയാങ്കുരഫലോപഹാരോപേതയാ വൈശസസംസ്ഥയാ മഹതാ ഗീതസ്തുതിമൃദംഗപണവഘോഷേണ ച പുരുഷപശും ഭദ്രകാള്യാഃ പുരത ഉപവേശയാമാസുഃ.

| | | |
|---|---|---|
| അഥ പണയഃ | = | അനന്തരം ചോരന്മാർ |
| തം സ്വവിധിനാ | = | അദ്ദേഹത്തെ തങ്ങളുടെ ആചാരപ്രകാരം |
| അഭിഷിച്യ | = | കുളിപ്പിച്ച്, |
| അഹതേന വാസസാ ആച്ഛാദ്യ | = | കോടിവസ്ത്രംകൊണ്ടുടുപ്പിച്ച്, |
| ഭൂഷണാലേപസ്രക്തിലകാദിഭിഃ ഉപസ്കൃതം | } | ആഭരണങ്ങൾ, കുറിക്കൂട്ടുകൾ, മാല, തിലകം, മുതലായവയാൽ അലംകൃതനാക്കി |
| ഭുക്തവന്തം | = | ഭക്ഷണം കഴിച്ചിരിക്കുന്ന |
| പുരുഷപശും | = | ആ ബലിക്കുള്ള മനുഷ്യനെ |
| ധൂപദീപമാല്യലാജകിസലയാങ്കുരഫലോപഹാരോപേതയാ | } | ധൂപം, ദീപം, മാല, മലർ, തളിർ, ധാന്യമുളകൾ, പഴം എന്നീ ഉപഹാരസാമഗ്രികളോടുകൂടിയ |
| വൈശസസംസ്ഥയാ | = | ഹിംസാകർമ്മവിധാനത്തോടും |
| മഹതാ ഗീതസ്തുതിമൃദംഗപണവഘോഷേണ | } | ഗംഭീരമായ പാട്ട്, തോറ്റം, മദ്ദളം, തിമില എന്നിവയുടെ ശബ്ദകോലാഹലത്തോടുംകൂടെ |

ഭദ്രകാള്യാഃ പുരതഃ = ഭദ്രകാളിയുടെ (കാളീവിഗ്രഹത്തിന്റെ) മുമ്പിൽ
ഉപവേശയാമാസുഃ = പിടിച്ചിരുത്തി.

16 അഥ വൃഷലരാജപണിഃ പുരുഷപശോരസൃഗാസവേന ദേവീം ഭദ്രകാളീം യക്ഷ്യമാണസ്തദഭിമന്ത്രിതമസിമതികരാളനിശിതമുപാദദേ.

അഥ വൃഷലരാജപണിഃ = അനന്തരം ശൂദ്രനായകന്റെ പൗരോഹിത്യം വഹിക്കുന്ന ചോരൻ
പുരുഷപശോഃ = നരപശുവിന്റെ
അസൃഗാസവേന = രക്താസവംകൊണ്ടു്
ദേവീം ഭദ്രകാളീം യക്ഷ്യമാണഃ = ശ്രീമഹാഭദ്രകാളിയെ ആരാധിക്കുവാനൊരുങ്ങി
തദഭിമന്ത്രിതം = ആ ഭദ്രകാളീമന്ത്രംകൊണ്ടു് അഭിമന്ത്രിതവും
അതികരാളനിശിതം = അതിഭയങ്കരമൂച്ചയുള്ളതുമായ
അസിം ഉപാദദേ = വാൾ കൈയിലെടുത്തു.

17 ഇതി, തേഷാം വൃഷലാനാം രജസ്തമഃപ്രകൃതീനാം ധനമദരജഉത്സിക്തമനസാം ഭഗവത്കലാവീരകുലം കദർത്ഥീകൃത്യോത്പഥേന സ്വൈരം വിഹരതാം ഹിംസാവിഹാരാണാം കർമ്മാതിദാരുണം യദ്ബ്രഹ്മഭൂതസ്യ സാക്ഷാദ്ബ്രഹ്മർഷിസുതസ്യ നിർവൈരസ്യ സർവ്വഭൂതസുഹൃദഃ സൂനായാമപ്യനനുമതമാലംഭനം തദുപലഭ്യ ബ്രഹ്മതേജസാ ഽതിദുർവിഷഹേണ ദന്ദഹ്യമാനേന വപുഷാ സഹസോച്ചചാട ദേവീ ഭദ്രകാളീ.

ഇതി രജസ്തമഃപ്രകൃതീനാം = ഈവിധം രജസ്തമോഗുണങ്ങളുടെ സ്വഭാവം ചേർന്നവരും
ധനമദരജഉത്സിക്തമനസാം = ധനമദമാവുന്ന രജോബാധയാൽ ധർമ്മമര്യാദവിട്ടിരിക്കുന്ന മനസ്സോടുകൂടിയവരും
ഭഗവത്കലാവീരകുലം = ഈശ്വരകലയുള്ള മഹാബ്രാഹ്മണരുടെ വംശത്തെ
കദർത്ഥീകൃത്യ = നിസ്സാരമാക്കിത്തള്ളി,
സ്വൈരം ഉത്പഥേന = തന്നിഷ്ടംപോലെ ദുർമാർഗ്ഗത്തിലൂടെ
വിഹരതാം = പുളച്ചുനടക്കുന്നവരും
ഹിംസാവിഹാരാണാം = ഹിംസകൊണ്ടു് കളിക്കുന്നവരുമായ
തേഷാം വൃഷലാനാം = ആ അധാർമ്മികചോരന്മാരുടെ
അതിദാരുണം കർമ്മ = അതിഭീകരമായ കർമ്മത്തെ,—
സാക്ഷാത് ബ്രഹ്മഭൂതസ്യ = പ്രത്യക്ഷമായ ബ്രഹ്മസ്വരൂപംതന്നെയായി ഭവിച്ചിരിക്കുന്നവനും
ബ്രഹ്മർഷിസുതസ്യ = ബ്രഹ്മർഷിഗോത്രസംജാതനും
നിർവൈരസ്യ = ആരിലും വിദ്വേഷമില്ലാത്തവനും

| | | |
|---|---|---|
| സർവ്വഭൂതസുഹൃദഃ | = | സകലചരാചരസുഹൃത്തുമായിരിക്കുന്ന ആ മഹാനുഭാവൻെറ നേക്ക് |
| സൂനായാം അപി | = | ആപത്കാലത്തിൽക്കൂടിയും |
| യത് അനനുമതം തത് | = | യാതൊന്നു് അനുവദിക്കപ്പെട്ടതല്ലയോ, അത്തരത്തിലുള്ള ദാരുണകർമ്മത്തെ |
| ഉപലഭ്യ | = | കൺമുന്നിൽകണ്ടു് |
| സാ ദേവീ ഭദ്രകാളീ ഏവ | = | ആ ശ്രീമഹാഭദ്രകാളിതന്നെ |
| അതിദുർവിഷഹേണ | = | തീരെ സഹിച്ചുകൂടാത്ത |
| ബ്രഹ്മതേജസാ | = | ബ്രഹ്മതേജസ്സിനാൽ |
| ദന്ദഹ്യമാനേന വപുഷാ | = | ചുട്ടെരിഞ്ഞുപൊളുടഞ്ഞിയ ശരീരത്തോടെ |
| സഹസാ ഉച്ചചാട | = | പെട്ടെന്നു് ബിംബരൂപിളന്ന്പുറത്തുചാടി |

18 ഭൃശമമർഷരോഷാവേശരഭസവിലസിതഭ്രുകുടിവിടപകുടിലദംഷ്ട്രാരു-
ണേക്ഷണാടോപാതിഭയാനകവദനാ ഹന്തുകാമേവേദം മഹാട്ടഹാസ-
മതിസംരംഭേണ വിമുഞ്ചന്തീ തത ഉത്പത്യ പാപീയസാം ദുഷ്ടാനാം
തേനൈവാസിനാ വിവൃക്ണശീർഷ്ണാം ഗളാത് സ്രവന്തമസൃഗാസവ-
മത്യുഷ്ണം സഹ ഗണേന നിപീയാതിപാനമദവിഹ്വലോച്ചൈസ്ത-
രാം സ്വപാർഷദൈഃ സഹ ജഗൗ നനർത്ത ച വിജഹാര ച ശിരഃ-
കന്ദുകലീലയാ.

| | | |
|---|---|---|
| ഭൃശം അമർഷരോഷാവേശരഭസ-വിലസിതഭ്രുകുടിവിടപകുടില-ദംഷ്ട്രാരുണേക്ഷണാടോപാതി-ഭയാനകവദനാ | } | ഏററവും ഉണ്ടായ അമർഷത്തിൻെറയും രോഷത്തിൻെറയും ആവേശവേഗത്താൽ ഉയർത്തിപ്പിടിച്ച പുരികക്കൊടിയുടെയും വളഞ്ഞ ദംഷ്ട്രകളുടെയും ചുവന്ന കണ്ണുകളുടെയും വിഭ്രാന്തിയാൽ ഭീഷണമായ മുഖത്തോടുകൂടിയവളും |
| ഇദം ഹന്തുകാമാ ഇവ | = | ഈ ലോകത്തെ സംഹരിക്കുവാൻ ഒരുങ്ങിയപോലെ |
| അതിരഭസാ | = | വർദ്ധിച്ചിരിക്കുന്ന ക്രോധത്താൽ |
| മഹാട്ടഹാസം വിമുഞ്ചന്തീ | = | ഘോരാട്ടഹാസം പുറപ്പെടുവിക്കുന്നവളുമായിട്ടു്, |
| തതഃ ഉത്പത്യ | = | ആ പീഠത്തിൽനിന്നെടുത്തുചാടി |
| തേന അസിനാ ഏവ | = | ആ വാളുകൊണ്ടുതന്നെ |
| വിവൃക്ണശീർഷ്ണാം | = | തലകൊയ്തെടുക്കപ്പെട്ട |
| പാപീയസാം ദുഷ്ടാനാം | = | മഹാപാപികളായ ദുഷ്ടന്മാരുടെ |
| ഗളാത് സ്രവന്തം | = | കണ്ഠത്തിൽനിന്നൊഴുകുന്ന |
| അത്യുഷ്ണം അസൃഗാസവം | = | ചുടുചുടുന്നനെയുള്ള ചോരയാകുന്ന മാദകരസത്തെ |
| ഗണേന സഹ നിപീയ | = | പരിവാരങ്ങളോടുകൂടി കുടിച്ചു് |
| അതിപാനമദവിഹ്വലാ | = | അതിപാനംകൊണ്ടുള്ള മദത്തിനാൽ വിവശയായി |
| സ്വപാർഷദൈഃ സഹ | = | തൻെറ പരിവാരങ്ങളായ കൂളികളോടൊന്നിച്ചു് |
| ജഗൗ നനർത്ത ച | = | പാടുകയും ആടുകയും ചെയ്തു; |

| | | |
|---|---|---|
| ശിരഃകന്ദുകലീലയാ | = | അവരുടെ തലകളാവുന്ന പന്തുകളെ അമ്മാനമാടിക്കൊണ്ടു് |
| വിജഹാര ച | = | തുള്ളിക്കളിക്കുകയും ചെയ്തു. |

ദേവിയുടെ ആരാധകന്മാൎക്കു് ഇങ്ങനെ വിപരീതഫലമുണ്ടായതെങ്ങനെയാണെന്നു് ആശങ്കിക്കുന്നുവെങ്കിൽ പറയുന്നു—

19 ഏവമേവ ഖലു മഹദഭിചാരാതിക്രമഃ കാർത്സ്ന്യേനാത്മനേ ഫലതി.

| | | |
|---|---|---|
| മഹദഭിചാരാതിക്രമഃ | = | മഹാത്മാക്കളുടെനേക്ക് പ്രവൎത്തിച്ച അഭിചാരമാവുന്ന അപരാധം |
| ഏവം ഏവ ഖലു | = | ഇങ്ങനെത്തന്നെയാണല്ലോ |
| കാർത്സ്ന്യേന ആത്മനേ ഫലതി | = | മുഴുവനും തന്നിലേക്കു് തിരിഞ്ഞടിക്കുന്നതു്. |

മരണത്തിലുംകൂടി മനസ്സ് പതറാതിരുന്നതും ഘാതകന്മാരോടു് വെറുപ്പുതോന്നാതിരുന്നതും അസാധാരണമല്ലെന്നു് ഋഷി ചൂണ്ടിക്കാണിക്കുന്നു—

20 ന വാ ഏതദ്വിഷ്ണുദത്ത മഹദദ്ഭുതം യദസംഭ്രമഃ സ്വശിരശ്ഛേദന ആപതിതേഽപി വിമുക്തദേഹാദ്യാത്മഭാവസുദൃഢഹൃദയഗ്രന്ഥീനാം സൎവ്വസത്ത്വസുഹൃദാത്മനാം നിർവൈരാണാം സാക്ഷാദ്ഭഗവതാനിമിഷാരിവരായുധേനാപ്രമത്തേന തൈസ്തൈർഭാവൈഃ പരിരക്ഷ്യമാണാനാം തത്പാദമൂലമകുതശ്ചിദ്ഭയമുപസൃതാനാം ഭാഗവതപരമഹംസാനാം

| | | |
|---|---|---|
| വിഷ്ണുദത്ത | = | രാജൻ പരീക്ഷിത്തേ! |
| വിമുക്തദേഹാദ്യാത്മഭാവസുദൃഢഹൃദയഗ്രന്ഥീനാം | } | ദേഹാദികളിൽ ആത്മഭാവമാവുന്ന ഹൃദയഗ്രന്ഥിയെ വിടുത്തിക്കളഞ്ഞവരും |
| സർവ്വസത്ത്വസുഹൃദാത്മനാം | = | സകലജീവജാലങ്ങൾക്കും ഹിതൈഷികളായിരിക്കുന്നവരും |
| നിർവൈരാണാം | = | മത്സരമകന്നിട്ടുള്ളവരും |
| സാക്ഷാത് ഭഗവതാ | = | സാക്ഷാൽ ഭഗവാനാൽ |
| അപ്രമത്തേന | = | പ്രമാദമെന്നിയെ ജാഗരൂകമായി പ്രവൎത്തിക്കുന്ന |
| അനിമിഷാരിവരായുധേന | = | കാലമാവുന്ന ചക്രായുധത്താൽ |
| തൈഃ തൈഃ ഭാവൈഃ | = | അതാതു ഭാവങ്ങളെക്കൊണ്ടു് (ഭദ്രകാള്യാദി രൂപഭേദങ്ങളെക്കൊണ്ടു്) |
| പരിരക്ഷ്യമാണാനാം | = | പരിരക്ഷിക്കപ്പെടുന്നവരും |
| അകുതശ്ചിദ്ഭയം | = | എങ്ങുനിന്നും യാതൊരു ഭയത്തിന്നും അവകാശമില്ലാത്ത |

| | | |
|---|---|---|
| തത്പാദമൂലം | = | തന്തിരുവടിയുടെ പാദാന്തികത്തെ |
| ഉപസൃതാനാം | = | സമാശ്രയിച്ചിരിക്കുന്നവരുമായ |
| ഭാഗവതപരമഹംസാനാം | = | പരമഭക്തരായ യോഗീന്ദ്രന്മാക്ക് |
| സ്വശിരശ്ഛേദനേ ആപതിതേ അപി | } | സ്വന്തം തലയറുക്കുന്ന സന്ദർഭം വന്നുകപ്പെട്ടെന്നാൽക്കൂടിയും |
| അസംഭ്രമഃ (ഇതി) യത് | = | അമ്പരക്കാതെ നിർവികാരമായിരിക്കുക എന്നതു് യാതൊന്നോ |
| ഏതത് മഹത് അദ്ഭുതം ന വൈ | = | ഇതു് അത്ര വലിയ അദ്ഭുതസംഭവമൊന്നുമല്ല. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ ജഡഭരതചരിതം നാമ നവമോऽധ്യായഃ ആദിതഃ സൂക്താനി 222.

അഞ്ചാമത്തെ സ്കന്ധത്തിൽ ഒമ്പതാമധ്യായം കഴിഞ്ഞു.

## ദശമോऽധ്യായഃ — അധ്യായം പത്തു്.

### ജഡഭരതനും രഹൂഗണനെന്ന രാജാവും.

"ദശമേ ക്ഷിപതാ രാജ്ഞാ ശിബികാം സ്വാം വഹൻ മുനിഃ
സ്വഭർത്സനാൻവാദേന വിജ്ഞായാശു പ്രസാദിതഃ"

രഹൂഗണനെന്ന രാജാവു് തൻെറ പല്ലക്കുചുമക്കുവാൻ നിർബന്ധിച്ചു പിടിച്ചുചേർത്ത ജഡഭരതനെ അധിക്ഷേപിച്ചതും, അദ്ദേഹത്തിൻെറ വാക്കുകേട്ടപ്പോൾ ഏതോ മഹാത്മാവാണെന്നു് ബോധിച്ചു് ക്ഷമാപണം ചെയ്തതും ഈ അധ്യായത്തിൽ പറയുന്നു.

സിന്ധുസൗവീരദേശങ്ങളുടെ അധിപതിയായ രഹൂഗണൻ തത്വജ്ഞാനോപദേശം ഗ്രഹിക്കുവാൻ കപിലമുനിയുടെ ആശ്രമത്തിലേക്കു പോകുമ്പോളുണ്ടായ സംഭവമാണു് പറഞ്ഞുതുടങ്ങുന്നതു്.

ശ്രീശുക ഉവാച—ശ്രീശുകൻ പറഞ്ഞു.

1 അഥ സിന്ധുസൗവീരപതേ രഹൂഗണസ്യ വ്രജത ഇക്ഷുമത്യാസ്തടേ
തത്കുലപതിനാ ശിബികാവാഹപുരുഷാന്വേഷണസമയേ ദൈവേ-
നോപസാദിതഃ സ ദ്വിജവര ഉപലബ്ധ ഏഷ പീവാ യുവാ സംഹ-
നനാംഗോ ഗോഖരവദ്ധുരം വോഢുമലമിതി പൂർവവിഷ്ടിഗൃഹീതൈഃ
സഹ ഗൃഹീതഃ പ്രസഭമതദർഹ ഉവാഹ ശിബികാം സ മഹാനുഭാവഃ

അഥ സിന്ധുസൗവീരപതേഃ = അങ്ങനെയൊരിക്കൽ, സിന്ധുസൗവീരദേശങ്ങളുടെ രാജാവായ

രഹൂഗണസ്യ വ്രജതഃ = രഹൂഗണൻ യാത്രചെയ്തുകൊണ്ടിരിക്കെ,

ഇക്ഷുമത്യാഃ തടേ = ഇക്ഷുമതീനദിയുടെ തീരത്തിൽവെച്ചു്

ശിബികാവാഹപുരുഷാന്വേഷണസമയേ = അദ്ദേഹത്തിന്റെ പല്ലക്കെടുക്കാനുള്ള ഒരാളെ അന്വേഷിക്കുന്ന സമയത്തിൽ

തത്കുലപതിനാ = പല്ലക്കുതാങ്ങികളുടെ നേതാവിനാൽ

സഃ ദ്വിജവരഃ = ആ ബ്രാഹ്മണോത്തമൻ (ജഡഭരതൻ)

ദൈവേന ഉപസാദിതഃ = ദൈവഗത്യാ കണ്ടെത്തപ്പെട്ടു.

ഉപലബ്ധഃ ഏഷഃ = "എത്തപ്പെട്ടിരിക്കുന്ന ഇവൻ

പീവാ സംഹനനാംഗഃ യുവാ = തടിച്ചു ദൃഢഗാത്രനായുള്ള യുവാവാണു്,

ഗോഖരവത് = കാളയെപ്പോലെയും കഴുതയെപ്പോലെയും

ധുരം വോഢും അലം = ഭാരം വഹിക്കാൻ ധാരാളം മതി"

ഇതി പ്രസഭം ഗൃഹീതഃ = എന്നു കരുതി ബലപൂർവ്വകമായി പിടിക്കപ്പെട്ടു

സഃ മഹാനുഭാവഃ = ആ മഹാനുഭാവൻ

അതദർഹഃ അപി = അതിന്നർഹനല്ലെന്നിരിക്കിലും

പൂർവ്വവിഷ്ടിഗൃഹീതൈഃ സഹ = മുമ്പു് ഈ കൂലിയില്ലാവേലക്കു് പിടിച്ചുചേർക്കപ്പെട്ട മററു് അടിമകളോടുകൂടെ

ശിബികാം ഉവാഹ = പല്ലക്കു് ചുമന്നു.

2 യദാ ഹി ദ്വിജവരസ്യേഷുമാത്രാവലോകാനുഗതേഃ ന സമാഹിതാ പുരുഷഗതിസ്തദാ വിഷമഗതാം സ്വശിബികാം രഹൂഗണ ഉപധാര്യ പുരുഷാനധിവഹത ആഹ ഹേ വോഢാരഃ സാധ്വതിക്രമത കിമിതി വിഷമമുഹ്യതേ യാനമിതി.

ഇഷുമാത്രാവലോകാനുഗതേഃ = ഒരു ശരപ്പാടകലത്തോളം മാത്രം നോക്കി (പ്രാണിഹിംസയൊഴിവാക്കാൻ) മെല്ലെ പിൻതുങ്ങിനടന്നിരുന്ന

ദ്വിജവരസ്യ = ആ ബ്രാഹ്മണശ്രേഷ്ഠന്റെ നടത്തംമൂലം

പുരുഷഗതിഃ = മററുള്ള ആളുകളുടെ നടത്തം

യദാ ന സമാഹിതാ തദാ ഹി = പൊരുത്തപ്പെടാതെ വന്നപ്പോൾ,

രഹൂഗണഃ സ്വശിബികാം വിഷമഗതാം ഉപധാര്യ = രഹൂഗണൻ തന്റെ പല്ലക്കു് ശരിക്കു് പോകുന്നില്ലെന്നു് മനസ്സിലാക്കീട്ടു്

അധിവഹതഃ പുരുഷാൻ ആഹ = തണ്ടേററിനടക്കുന്ന ആൾക്കാരോടു് പറഞ്ഞു

ഹേ വോഢാരഃ = "എടൊ ഏററുകാരേ !

സാധു അതിക്രമത = ചൊവ്വെ നടപ്പിൻ

കിമിതി യാനം വിഷമം ഉഹ്യതേ ഇതി = എന്താണു് പല്ലക്കു് പന്തികേടായി എടുത്തുകൊണ്ടു പോകുന്നതു്?" എന്നു്

3 അഥ ത ഈശ്വരവചഃ സോപാലംഭമുപാകർണ്യ ഉപായതുരീയാച്ഛ-
ങ്കിതമനസഃ തം വിജ്ഞാപയാംബഭൂവുഃ.

| | | |
|---|---|---|
| അഥ തേ ഈശ്വരവചഃ | = | അനന്തരം അവർ പ്രഭുവിന്റെ വാക്കിനെ |
| സോപാലംഭം ഉപാകർണ്യ | = | തങ്ങളെ ആക്ഷേപിക്കുന്നവിധത്തിലുള്ളതായി കേട്ടിട്ടു് |
| ഉപായതുരീയാത് | = | ചതുർത്ഥോപായത്തിൽനിന്നു് (ദണ്ഡോപായത്തിൽ നിന്നു്) |
| ആശങ്കിതമനസഃ | = | ആശങ്കയാർന്ന മനസ്സോടുകൂടിയവരായിട്ടു് |
| തം വിജ്ഞാപയാംബഭൂവുഃ | = | അദ്ദേഹത്തെ അറിയിച്ചു. |

4 ന വയം നരദേവ പ്രമത്താ ഭവന്നിയമാനുപഥാഃ സാധ്വേവ വഹാമഃ
അയമധുനൈവ നിയുക്തോഽപി ന ദ്രുതം വ്രജതി നാനേന സഹ
വോഢുമുഹ വയം പാരയാമ ഇതി.

| | | |
|---|---|---|
| നരദേവ വയം ന പ്രമത്താഃ | = | "മഹാരാജാവേ! അടിയങ്ങൾ തെറ്റുകാരല്ല. |
| ഭവന്നിയമാനുപഥാഃ | = | അവിടുത്തെ കല്പന അനുസരിക്കുന്നവരായിട്ടു് |
| സാധു ഏവ വഹാമഃ | = | വേണ്ടവിധത്തിൽത്തന്നെ എടുത്തുകൊണ്ടുപോകുന്നു. |
| അയം അധുനാ ഏവ | = | ഇവൻ ഇപ്പോൾ മാത്രം |
| നിയുക്തഃ അപി | = | ജോലിക്കു് ചേർക്കപ്പെട്ടവനായിട്ടുകൂടിയും |
| ദ്രുതം ന വ്രജതി | = | വേഗത്തിൽ നടക്കുന്നില്ല. |
| ഉഹ അനേന സഹ വോഢും | = | അയ്യോ! ഇവനോടുകൂടെ എടുത്തുനടക്കുവാൻ |
| വയം ന പാരയാമഃ ഇതി | = | ഞങ്ങൾക്കു് ആവുകയില്ല" എന്നിങ്ങനെ |

5 സാംസർഗികോ ദോഷ ഏവ നൂനമേകസ്യാപി സർവേഷാം സാംസർ-
ഗികാണാം ഭവിതുമർഹതീതി നിശ്ചിത്യ നിശമ്യ കൃപണവചോ രാജാ
രഹൂഗണ ഉപാസിതവൃദ്ധോഽപി നിസർഗേണ ബലാത്കൃത ഈഷ-
ദുത്ഥിതമന്യുരവിസ്പഷ്ടബ്രഹ്മതേജസം ജാതവേദസമിവ രജസാവൃത-
മതിരാഹ.

| | | |
|---|---|---|
| കൃപണവചഃ നിശമ്യ | = | ദയനീയരായ അവരുടെ വാക്കുകേട്ടിട്ടു്, |
| സാംസർഗികഃ ദോഷഃ | = | "ഒരു സംഘത്തെ സംബന്ധിച്ചുള്ള തകരാറു് |
| ഏകസ്യ ഏവ അപി | = | സംഘത്തിലുള്ള ഒരുവന്റേതായി മാത്രം വരാമെങ്കിലും |
| സാംസർഗികാണാം സർവേഷാം | = | സംഘത്തിലുള്ള എല്ലാവർക്കും |
| ഭവിതും അർഹതി നൂനം | = | ബാധകമായി ഭവിക്കുവാൻ ഇടയായേക്കുമല്ലോ" |
| ഇതി നിശ്ചിത്യ | = | എന്നിങ്ങനെ കരുതിയിട്ടു് |
| രാജാ രഹൂഗണഃ | = | രാജാവായ രഹൂഗണൻ |

ഉപാസിതവൃദ്ധഃ അപി = ജ്ഞാനവൃദ്ധന്മാരെ സേവിച്ചു് അറിവുനേടിയ ആളാണെന്നിരിക്കിലും
നിസർഗേണ ബലാത്കൃതഃ = പ്രകൃതിസ്വഭാവത്താൽ അടിമപ്പെടുത്തപ്പെട്ടു്
രജസാ ആവൃതമതിഃ = രജോഗുണത്താൽ ആവൃതമായ മനോഭാവത്തോടു കൂടിയവനായി (ഭവിക്കയാൽ)
ഈഷദുത്ഥിതമന്യുഃ = കുറഞ്ഞൊരു കോപാവേശംകൊണ്ടവനായിട്ടു്
അവിസ്പഷ്ടബ്രഹ്മതേജസം = പുറമെ തെളിയാത്ത ബ്രഹ്മതേജസ്സോടുകൂടിയവനായി
(ഭസ്മനാ ആച്ഛന്നം) = ചാരംകൊണ്ടുമൂടിയ
ജാതവേദസം ഇവ (സ്ഥിതം) = തീക്കട്ടപോലെ സ്ഥിതനായിരിക്കുന്ന
(തം) ആഹ = അദ്ദേഹത്തോടു് പറഞ്ഞു.

6 അഹോ കഷ്ടം ഭ്രാതർവ്യക്തമുരുപരിശ്രാന്തോ ദീർഘമധ്വാനമേക ഏവ
ഊഹിവാൻ സുചിരം നാതിപീവാ ന സംഹനനാംഗോ ജരസാ
ചോപദ്രുതോ ഭവാൻ സഖേ നോ ഏവാപര ഏതേ സംഘട്ടിന ഇതി
ബഹു വിപ്രലബ്ധോऽപ്യവിദ്യയാ രചിതദ്രവ്യഗുണകർമ്മാശയസ്വചര-
മകളേബരേऽവസ്തുനി സംസ്ഥാനവിശേഷേऽഹം മമേത്യനധ്യാരോ-
പിതമിഥ്യാപ്രത്യയോ ബ്രഹ്മഭൂതസ്തൂഷ്ണീം ശിബികാം പൂർവ്വവദുവാഹ.

അഹോ കഷ്ടം ഭ്രാതഃ = "അയ്യോ! കഷ്ടമേ! സഹോദര!
വ്യക്തം ഉരുപരിശ്രാന്തഃ = അങ്ങു് നിശ്ചയമായും വളരെത്തളർന്നിരിക്കുന്നു,
ദീർഘം അധ്വാനം സുചിരം = നീണ്ടവഴിയാകെയും കുറെനേരമായി
ഏകഃ ഏവ ഊഹിവാൻ = ഒററയ്ക്കുതന്നെ ചുമന്നെത്തിച്ചു;
ഭവാൻ അതിപീവാ ന = താങ്കൾ അധികം തടിമിടുക്കുള്ളവനല്ല;
സംഹനനാംഗഃ ന = ദേഹത്തിനു് കെല്പുള്ളവനല്ല;
ജരസാ ഉപദ്രുതഃ ച = വാർദ്ധക്യബാധിതനുമാണു്.
സഖേ സംഘട്ടിനഃ = ചങ്ങാതി! താങ്കളുടെ കൂട്ടുകാരായ
ഏതേ അപരേ നോ ഏവ = ഈ മററുള്ളവരൊന്നും അങ്ങനെയല്ല അല്ലേ?"
ഇതി ബഹു വിപ്രലബ്ധഃ അപി = ഈവിധം പലമട്ടിൽ പരിഹാസപൂർവ്വം ആക്ഷേപിക്കപ്പെട്ടവനായെങ്കിലും
അവിദ്യയാ രചിത-ദ്രവ്യഗുണകർമ്മാശയ-സ്വചരമകളേബരേ = അവിദ്യയാൽ ഏർപ്പെടുത്തപ്പെട്ട ഭൂതേന്ദ്രിയങ്ങളും പുണ്യപാപങ്ങളും അന്തഃകരണങ്ങളും ചേർന്നിട്ടുള്ള തന്റെ ഈ അന്തിമശരീരത്തിൽ—
അവസ്തുനി സംസ്ഥാനവിശേഷേ = മിഥ്യയായുള്ള ആകൃതിവിശേഷത്തിൽ
അഹം മമ ഇതി = 'ഞാനാണു്', എന്റെയാണു്' എന്നുള്ള
അനധ്യാരോപിതമിഥ്യാപ്രത്യയഃ = മിഥ്യാപ്രതീതിയില്ലാതെയായി
ബ്രഹ്മഭൂതഃ = ബ്രഹ്മഭാവം പ്രാപിച്ചിരിക്കുന്ന അദ്ദേഹം
തൂഷ്ണീം പൂർവ്വവത് = ഒന്നും പറയാതെ മുന്നേപ്പോലെ
ശിബികാം ഉവാഹ = പല്ലക്കു് ചുമന്നു.

7 അഥ പുനഃ സ്വശിബികായാം വിഷമഗതായാം പ്രകുപിത ഉവാച രഹൂഗണഃ കിമിദമരേ ത്വം ജീവന്മൃതോ മാം കദർത്ഥീകൃത്യ ഭർത്തൃ-ശാസനമതിചരസി പ്രമത്തസ്യ ച തേ കരോമി ചികിത്സാം ദണ്ഡ-പാണിരിവ ജനതായാഃ യഥാ പ്രകൃതിം സ്വാം ഭജിഷ്യസ ഇതി.

| | | |
|---|---|---|
| **അഥ പുനഃ** | = | അതിൽപ്പിന്നെ വീണ്ടും |
| **സ്വശിബികായാം-വിഷമഗതായാം** | } | തൻെറ പല്ലക്ക് വേണ്ടവിധത്തിലല്ലാതെ പോയി ക്കൊണ്ടിരിക്കെ, |
| **പ്രകുപിതഃ രഹൂഗണഃ ഉവാച** | = | കോപംകയറിയ രഹൂഗണൻ പറഞ്ഞു— |
| **അരേ കിം ഇദം** | = | "എടോ എന്താണിതു് ? |
| **ജീവന്മൃതഃ ത്വം** | = | ജീവനിരിക്കെ ചത്തവനാണോ നീ ? |
| **മാം കദർത്ഥീകൃത്യ** | = | എന്നെ വകവെക്കാതെ, |
| **ഭർത്തൃശാസനം അതിചരസി** | = | യജമാനൻെറ കല്പനയെ നീ മറികടക്കുന്നുവോ ? |
| **പ്രമത്തസ്യ ച തേ** | = | മദം മുഴുത്തിട്ടുള്ള നിനക്ക്, |
| **ജനതായാഃ ദണ്ഡപാണിഃ ഇവ** | = | ജനതയ്ക്കു് യമധർമ്മനെന്നപോലെ |
| **യഥാ സ്വാം പ്രകൃതിം ഭജിഷ്യസേ** | = | സ്വാഭാവികതയിലേക്ക നീ എത്തിച്ചേരുംവിധം |
| **ചികിത്സാം കരോമി ഇതി** | = | ചികിത്സ ഞാൻ ചെയ്തേക്കാം" എന്നു് |

8 ഏവം ബഹ്വബദ്ധമപി ഭാഷമാണം നരദേവാഭിമാനം രജസാ തമസാനുവിദ്ധേന മദേന തിരസ്കൃതാശേഷഭഗവത്പ്രിയനികേതം പണ്ഡിതമാനിനം സ ഭഗവാൻ ബ്രാഹ്മണോ ബ്രഹ്മഭൂതഃ സർവ്വഭൂത-സുഹൃദാത്മാ യോഗേശ്വരചര്യായാം നാതിവ്യുത്പന്നമതിം സ്മയമാന ഇവ വിഗതസ്മയ ഇദമാഹ.

| | | |
|---|---|---|
| **ഏവം ബഹു അബദ്ധം അപി** | = | ഇങ്ങനെ കുറെ പന്തികേടുകാംകൂടി |
| **ഭാഷമാണം** | = | പറഞ്ഞുകൊണ്ടിരിക്കുന്നവനും |
| **നരദേവാഭിമാനം** | = | രാജാവെന്നു നടിക്കുന്നവനും |
| **രജസാ തമസാ** | = | രജസ്തമോഗുണങ്ങളാൽ |
| **അനുവിദ്ധേന മദേന** | = | പെരുകിക്കൂടിയ ഗർവ്വംകൊണ്ടു് |
| **തിരസ്കൃതാശേഷഭഗവത്-പ്രിയനികേതനം** | } | ഭഗവാൻെറ പ്രിയനികേതനങ്ങളായ സകല ഭക്ത ജനങ്ങളേയും തിരസ്കരിച്ചിരിക്കുന്നവനും |
| **പണ്ഡിതമാനിനം** | = | അറിവുള്ളവനെന്നു് അഭിമാനംകൊള്ളുന്നവനും |
| **യോഗേശ്വരചര്യായാം** | = | സിദ്ധപരമഹംസന്മാരുടെ ഇത്തരം സമ്പ്രദായത്തെ അധികരിച്ചു് |
| **നാതിവ്യുത്പന്നമതിം** | = | അധികം അറിവില്ലാത്തവനുമായ രഹൂഗണനോടു് |
| **ബ്രഹ്മഭൂതഃ** | = | ബ്രഹ്മഭാവം പ്രാപിച്ചിരിക്കുന്നവനും |
| **സർവ്വഭൂതസുഹൃദാത്മാ** | = | സർവ്വഭൂതങ്ങളുടേയും സുഹൃത്തും ആത്മാവുമായി വർത്തിക്കുന്നവനും |

| | | |
|---|---|---|
| വിഗതസ്മയഃ | = | ഗർവ്വം വിട്ടൊഴിഞ്ഞിരിക്കുന്നവനുമായ |
| സ ഭഗവാൻ ബ്രാഹ്മണഃ | = | ആ ജ്ഞാനനിധിയായ മഹാബ്രാഹ്മണൻ |
| സ്മയമാനഃ ഇവ ഇദം ആഹ | = | ചിരിച്ചുകൊണ്ടെന്നപോലെ ഇങ്ങനെ പറഞ്ഞു. |

ബ്രാഹ്മണ ഉവാച = ബ്രാഹ്മണൻ (ജഡഭരതൻ) പറഞ്ഞു —

9 ത്വയോദിതം വ്യക്തമവിപ്രലബ്ധം
ഭർത്തുഃ സ മേ സ്യാദ്യദി വീര ഭാരഃ
ഗന്തുര്യദി സ്യാദധിഗമ്യമധ്വാ
പീവേതി രാശൗ ന വിദാം പ്രവാദഃ

| | | | |
|---|---|---|---|
| ത്വയാ | അങ്ങയാൽ | ഗന്തുഃ | ഗന്താവിനു് |
| ഉദിതം | പറയപ്പെട്ടതു് | അധിഗമ്യം | ഒരു പ്രാപ്യസ്ഥാനമോ, |
| വ്യക്തം | തികച്ചും ശരിയാണു്; | അധ്വാ (വാ) | മാർഗ്ഗമോ |
| അവിപ്രലബ്ധം | പരിഹാസമായതല്ല. | യദി സ്യാത് | ഉണ്ടെന്നു വരികിൽ, (അതും എനിക്കു പ്രസക്തമാണെങ്കിൽ അങ്ങയുടെ വാക്കു് പരിഹാസമാകുമായിരുന്നു) |
| വീര | അല്ലയോ വീരാത്മൻ! | | |
| ഭാരഃ യദി സ്യാത് | ഭാരം എന്ന ഒന്നുണ്ടെങ്കിൽ, | | |
| സഃ | ആയതു് | | |
| ഭർത്തുഃ | ഭരിക്കുന്നവനു് (എടുത്തു നടക്കുന്ന ശരീരത്തിനു്) | പീവാ ഇതി | 'തടിയനെ'ന്നുള്ളതും മറ്റും ഭൂതസംഘാതമായ ശരീരത്തെ അധികരിച്ചിട്ടുള്ള |
| (യദി സ്യാത്) | ഉള്ളതാണെങ്കിൽ, | | |
| മേ | എന്നെ സംബന്ധിച്ചിടത്തോളം | പ്രവാദഃ | പറയലാണു്; |
| (യദി സ്യാത്) | അതു പ്രസക്തമാണെങ്കിൽ (അങ്ങയുടെ വാക്കു്) പരിഹാസമാകുമായിരുന്നു | വിദാം | വിദ്വാന്മാരായവർക്കു് |
| | | (ചേതനം പ്രതി) | ചേതനനായ ആത്മാവിനെക്കുറിച്ചു് |
| | | ന | അങ്ങനെ തോന്നുകയില്ല |

"താൻ പല്ലക്കെടുത്തു വളരെ ക്ഷീണിച്ചിരിക്കുന്നു, പോരെങ്കിൽ കുറെ വഴിയും നടന്നു, ആളാണെങ്കിൽ തടിയനുമല്ല" എന്നിങ്ങനെ പരിഹാസമായി വിപരീതാർത്ഥത്തിലാണു് പറഞ്ഞതു്. അവിടെ വിപരീതാർത്ഥം വേണ്ട; പറഞ്ഞതുതന്നെ സാധുവാണെന്നു ഭാവം. എന്തെന്നാൽ അവ പ്രകൃതികാര്യങ്ങളാകയാൽ ആത്മസ്വരൂപനായ തന്നെ ബാധിക്കയില്ല പക്ഷെ തടിയനെന്നു സൂചിപ്പിച്ചു പറഞ്ഞതിൽ പിശകുണ്ടു്. തടിയും മെലിവും മറ്റും ആത്മാവിനുണ്ടോ?

ഈ പറഞ്ഞതിനെ വിവരിക്കുന്നു —

10 സ്ഥൗല്യം കാർശ്യം വ്യാധയ ആധയശ്ച
ക്ഷുത്തൃഡ്ഭയം കലിരിച്ഛാ ജരാ ച
നിദ്രാ രതിർമന്യുരഹംമദഃ ശുചോ
ദേഹേന ജാതസ്യ ഹി മേ ന സന്തി.

| | | | |
|---|---|---|---|
| സ്ഥൗല്യം | തടിയും, | അഹംമദഃ | ഞാനെന്നുള്ളതിമപ്പ്, |
| കാർശ്യം | ചടപ്പും, | ശുചഃ | ശോകമോഹങ്ങളും എന്നിവയും മററും |
| വ്യാധയഃ | വ്യാധികളും, | ദേഹേന | ദേഹത്തോടെ (ദേഹാഭിമാനത്തോടെ) |
| ആധയഃ ച | ആധികളും— | ജാതസ്യ ഹി | ജനിച്ചവന്നു മാത്രമാണു; |
| ക്ഷുത് തൃട് | വിശപ്പ്, ദാഹം | മേ | ദേഹാഭിമാനമില്ലാത്ത എനിക്കു |
| ഭയം കലിഃ | ഭയം, കലഹം | ന സന്തി | അവയൊന്നുമേ ഇല്ല. |
| ഇച്ഛാ ജരാ ച | ആഗ്രഹം, വാർദ്ധക്യലക്ഷണം എന്നിവകളും— | | |
| നിദ്രാ രതിഃ | ഉറക്കം, സുഖാസക്തി, | | |
| മന്യുഃ | കോപം, | | |

"ജീവന്മുക്തനാണ് നീ" എന്നിങ്ങനെ അധിക്ഷേപിച്ചതിന്നും, സ്വാമികല്പന വകവെച്ചില്ലെന്നു പറഞ്ഞതിന്നും മറുപടിപറയുന്നു.

11 ജീവന്മുക്തത്വം നിയമേന രാജ-
ന്നാദ്യന്തവദ്യദ്വികൃതസ്യ ദൃഷ്ടം
സ്വസ്വാമ്യഭാവോ ധ്രുവ ഈഡ്യ യത്ര
തർഹ്യുച്യതേഽസൗ വിധികൃത്യയോഗഃ.

| | | | |
|---|---|---|---|
| രാജൻ | ഹേ രാജാവേ! | ഈഡ്യ | ഹേ കീർത്തനീയ ! |
| ജീവന്മുക്തത്വം | ജീവന്മുക്താവസ്ഥ | യത്ര | യാതൊരഭിപ്രായത്തിൽ |
| വികൃതസ്യ | വികാരമുള്ള (പരിണാമസ്വഭാവമുള്ള) ഏതൊരു വസ്തുവിന്നും | സ്വസ്വാമ്യഭാവഃ | സ്വാമിഭൃത്യഭാവം |
| നിയമേന | എപ്പോഴും വ്യത്യാസമില്ലാതെ | ധ്രുവഃ തർഹി | വ്യവസ്ഥിതമായിരിക്കുമെങ്കിൽ |
| ദൃഷ്ടം | കാണപ്പെട്ടേക്കും. | അസൗ വിധി-കൃത്യയോഗഃ | ഈ നിയോഗം, കൃത്യനിർവ്വഹണം എന്നിവയുടെ ബന്ധവും |
| യത് | യാതൊരു ഈ വികൃതം | (ധ്രുവഃ) | വ്യവസ്ഥിതമായിട്ടു |
| ആദ്യന്തവത് | പ്രതിക്ഷണം തുടക്കവും ഒടുക്കവും ചേർന്നുകൊണ്ടുള്ളതാകുന്നു. | ഉച്യതേ | ചൊന്നിരിക്കും. |

'ഉച്യതേ' — വച് എന്നതിന്റെ കർമ്മണിരൂപമല്ല 'ഉച സമവായേ' എന്ന ക്രിയാധാതുവാണ്. ഇവിടെ). .

(സ്വാമിഭൃത്യഭാവം വ്യവസ്ഥിതമല്ല. അങ്ങയ്ക്കു രാജ്യഭ്രംശവും എനിക്കു രാജ്യലബ്ധിയും വന്നാൽ ഇതു മറിച്ചാകുമല്ലോ — എന്നാശയം

പക്ഷേ, ഞാൻ രാജാവായിരിക്കുന്നേടത്തോളം കാലം എന്റെ നിയോഗം താൻ അനുസരിക്കേണ്ടതല്ലയോ എന്നാണെങ്കിൽ — പറയുന്നു.

12　വിശേഷബുദ്ധേർവിവരം മനാക് ച
പശ്യാമി യന്ന വ്യവഹാരതോഽന്യത്
ക ഈശ്വരസ്തത്ര കിമീശിതവ്യം
തഥാപി രാജൻ കരവാമ കിം തേ.

| | |
|---|---|
| വിശേഷബുദ്ധേഃ | സ്വാമിയെന്നും ഭൃത്യനെന്നുമുള്ള ഭേദഭാവനയ്ക്കു് |
| വിവരം | പഴുതായിട്ടു് |
| വ്യവഹാരതഃ | ലോകവ്യവഹാരത്തിലും കവിഞ്ഞു് |
| അന്യത് യത് | മററു യാതൊന്നും |
| മനാക് ച | അല്പമായിട്ടെങ്കിലും |
| ന പശ്യാമി | ഞാൻ കാണുന്നില്ല. |
| തത്ര | അതിൽ |

| | |
|---|---|
| ഈശ്വരഃ കഃ | ശാസകൻ ആരാണു് ? |
| ഈശിതവ്യം | ശാസിക്കപ്പെടേണ്ടുന്ന വസ്തു |
| കിം | എന്താന്നാണു് ? |
| തഥാപി | അങ്ങനെയാണെങ്കിലും, |
| രാജൻ തേ | രാജാവേ ! അങ്ങേയ്ക്കു വേണ്ടി |
| കിം കരവാമ | എന്തുചെയ്യണം ? |

നിനക്കുവേണ്ട 'ചികിത്സ' — നിന്റെ കുറുമ്പിന്നുള്ള ശിക്ഷ ഞാൻ ചെയ്യുന്നുണ്ടെന്നു് പറഞ്ഞതിന്നുള്ള മറുപടിയാണു് ഇനി —

13　ഉന്മത്തമത്തജഡവത് സ്വസംസ്ഥാം
ഗതസ്യ മേ വീര ചികിത്സിതേന
അർത്ഥഃ കിയാൻ ഭവതാ ശിക്ഷിതേന
സ്തബ്ധപ്രമത്തസ്യ ച പിഷ്ടപേഷഃ.

| | |
|---|---|
| ഉന്മത്തമത്തജഡവത് | ഉന്മാദംപിടിച്ചവനെപ്പോലെയോ, മദ്യലഹരിയുള്ളവനെപ്പോലെയോ, ബുദ്ധിശൂന്യനെപ്പോലെയോ ഭാവിച്ചു് |
| സ്വസംസ്ഥാം | സ്വസ്വരൂപമായ ബ്രഹ്മഭാവത്തെ |
| ഗതസ്യ മേ | പ്രാപിച്ചിരിക്കുന്ന എനിക്കു് |
| ഭവതാ | അങ്ങയാൽ ചെയ്യപ്പെടുന്ന |

| | |
|---|---|
| ചികിത്സിതേന | ദണ്ഡോപായരൂപമായ ചികിത്സയാലോ |
| ശിക്ഷിതേന | ഉപദേശത്താലോ |
| അർത്ഥഃ | പ്രയോജനം |
| കിയാൻ | എത്രമാത്രമുണ്ടു്? |
| വീര | ഹേ വീരരാജാവേ! |
| സ്തബ്ധപ്രമത്തസ്യ ച | അഹംകാരിയായി മതിമറന്നവനാണെന്നുവന്നാലും എനിക്കു് |
| പിഷ്ടപേഷഃ | (ഉപദേശാദികൾ) പിഷ്ടപേഷണമാകയേ ഉള്ളു. |

അരച്ചതിനെത്തന്നെ വീണ്ടും അരയ്ക്കലാണു് പിഷ്ടപേഷണം. "ബ്രഹ്മഭാവത്തിലുള്ള എനിക്കു് തല്ലും ബുദ്ധ്യുപദേശവും വെറുതെയാണു്. (ജീവന്മുക്തനു് അത്ഥാനത്ഥങ്ങളൊന്നും ബാധകമല്ലല്ലോ) അഥവാ ഞാൻ അഹംകാരിയാണെന്നു കരുതുന്ന പക്ഷത്തിലും ശിക്ഷണാദികൾ 'പിഷ്ടപേഷണന്യായേന' പാഴ്‌വേലയായിട്ടേ ഇരിക്കൂ" എന്നാണു് ആശയം.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

14 ഏതാവദനുവാദപരിഭാഷയാ പ്രത്യുദീര്യ മുനിവര ഉപശമശീല
ഉപരതാനാത്മ്യനിമിത്ത ഉപഭോഗേന കർമ്മാരബ്ധം വ്യപനയൻ
രാജയാനം തഥോവാഹ.

അനുവാദപരിഭാഷയാ = രാജാവിൻെറ വാക്കിനെ അനുവദിച്ചുകൊണ്ടുള്ള ഭാഷണത്താൽ
ഏതാവത് പ്രത്യുദീര്യ = ഇത്രമാത്രം പ്രതിവചിച്ച്,
ഉപശമശീലഃ = പ്രശാന്തസ്വഭാവനും
ഉപരതാനാത്മ്യനിമിത്തഃ = ആത്മാവല്ലാത്ത ദേഹാദികളിൽ ആത്മത്വാഭിമാനം കൊള്ളുവാൻ ഹേതുവായ അവിദ്യ ശമിച്ചിട്ടുള്ളവനും ആയ
മുനിവരഃ = മുനിശ്രേഷ്ഠൻ (ജഡഭരതൻ)
ആരബ്ധം കർമ്മ = പ്രാരബ്ധഫലമായ കർമ്മത്തെ
ഉപഭോഗേന വ്യപനയൻ = അനുഭവംകൊണ്ട് അവസാനിപ്പിക്കുവാനായിട്ട്
രാജയാനം അപി = രാജാവിൻെറ പല്ലക്കിനെത്തന്നേയും
തഥാ ഉവാഹ = മുൻപടിക്ക് വഹിച്ചു.

15 സ ചാപി പാണ്ഡവേയ സിന്ധുസൗവീരപതിസ്തത്ത്വജിജ്ഞാസായാം
സമ്യക്ശ്രദ്ധയാഽധികൃതാധികാരസ്തദ്ധൃദയഗ്രന്ഥിമോചനം ദ്വിജവച
ആശ്രുത്യ ബഹുയോഗഗ്രന്ഥസമ്മതം ത്വരയാഽവരുഹ്യ ശിരസാ
പാദമൂലമുപസൃതഃ ക്ഷമാപയൻ വിഗതനൃപദേവസ്മയ ഉവാച.

പാണ്ഡവേയ = ഹേ പാണ്ഡവവംശജനായ രാജാവേ!
സമ്യക്ശ്രദ്ധയാ = ശരിയായുള്ള ശ്രദ്ധയാൽ
തത്ത്വജിജ്ഞാസായാം = തത്ത്വാർത്ഥാവബോധവിഷയത്തിൽ
അധികൃതാധികാരഃ = അധികാരം നേടിക്കഴിഞ്ഞിരുന്ന
സഃ സിന്ധുസൗവീരപതിഃ ച അപി = ആ രഹൂഗണനാകട്ടെ
ഹൃദയഗ്രന്ഥിമോചനം = ഹൃദയഗ്രന്ഥിയെ മോചിപ്പിക്കുവാൻ സമർത്ഥവും
ബഹുയോഗഗ്രന്ഥസമ്മതം = അനേകം യോഗശാസ്ത്രസംഹിതകൾക്ക് സ്വീകാര്യമായതുമായ
ദ്വിജവചഃ ആശ്രുത്യ = ബ്രാഹ്മണവചനം കേട്ടിട്ട്,
വിഗതനൃപദേവസ്മയഃ = രാജാധിരാജാനാണെന്ന അഹങ്കാരം നീങ്ങിപ്പോയവനായിഭവിച്ച്,
ത്വരയാ അവരുഹ്യ = ബദ്ധപ്പെട്ട് പല്ലക്കിൽനിന്നിറങ്ങി,
തത്പാദമൂലം = അദ്ദേഹത്തിൻെറ പാദമൂലത്തെ
ശിരസാ ഉപസൃതഃ = ശിരസ്സുകൊണ്ടു തൊട്ടുവണങ്ങി
ക്ഷമാപയൻ ഉവാച = ക്ഷമായാചനംചെയ്തുകൊണ്ടു പറഞ്ഞു.

16 കസ്ത്വം നിഗൂഢശ്ചരസി ദ്വിജാനാം
ബിഭർഷി സൂത്രം കതമോഽവധൂതഃ
കസ്യാസി കുത്രത്യ ഇഹാപി കസ്മാത്
ക്ഷേമായ നശ്ചേദസി നോത ശുക്ലഃ.

| | | | |
|---|---|---|---|
| കഃ ത്വം | ഭവാൻ ആരാണ്? | കുത്രത്യഃ | എവിടെയുള്ള ആളാണ്? |
| നിഗൂഢഃ | പ്രച്ഛന്നനായിട്ട് | കസ്മാത് | എന്തു കാരണത്താൽ |
| ചരസി | സഞ്ചരിക്കുന്നുവല്ലോ. | ഇഹ അപി | ഇങ്ങുവന്നിരിക്കുന്നു ? |
| ദ്വിജാനാം | ബ്രാഹ്മണർക്കിടയിലെ | നഃ | ഞങ്ങളുടെ |
| കതമഃ | ഏത് | ക്ഷേമായ | നന്മയ്ക്കുവേണ്ടി |
| അവധൂതഃ | അവധൂതനാണ് ? | (പ്രാപ്തഃ) ചേത് | ആഗതനായതാണെങ്കിൽ |
| സൂത്രം | പൂണുനൂൽ | ഉത | ഒരുപക്ഷേ |
| ബിഭർഷി | ധരിച്ചിരിക്കുന്നു | ശുക്ലഃ ന അസി | കപിലഭഗവാൻതന്നെയല്ലെന്നുവരുമോ ? |
| കസ്യ അസി | ആരുടെ മകനാണ് ? | | |

എന്തിന് ഇതെല്ലാമറിയണം ? അങ്ങയ്ക്കുവേണ്ടി ഞാൻ പല്ലക്കെടുക്കുകയല്ലേ വേണ്ടതുള്ളൂ എന്നാണെങ്കിൽ, പറയുന്നു —

17 നാഹം വിശങ്കേ സുരരാജവജ്രാ-
ന്ന ത്ര്യക്ഷശൂലാന്ന യമസ്യ ദണ്ഡാത്
നാഗ്ന്യർക്കസോമാനിലവിത്തപാസ്ത്രാ-
ച്ഛങ്കേ ഭൃശം ബ്രഹ്മകുലാവമാനാത്.

| | | | |
|---|---|---|---|
| അഹം | ഞാൻ | അഗ്ന്യർക്കസോ- മാനിലവിത്ത- പാസ്ത്രാത് ന | അഗ്നി, ആദിത്യൻ, ചന്ദ്രൻ, വായു, കുബേരൻ എന്നിവരുടെ ആയുധത്തിൽനിന്നുമില്ല |
| സുരരാജ- വജ്രാത് | ദേവരാജാവിന്റെ വജ്രായുധത്തിൽനിന്ന് | ബ്രഹ്മകുലാ- വമാനാത് | എന്നാൽ, ബ്രാഹ്മണസമൂഹത്തെ അവമാനിക്കുന്നതിൽനിന്ന് |
| ന വിശങ്കേ | ഭയംകൊള്ളുന്നതല്ല. | ഭൃശം ശങ്കേ | ഏറ്റവും ഭയാശങ്കകൊള്ളുന്നു. |
| ത്ര്യക്ഷശൂലാത് | ശിവന്റെ ശൂലത്തിൽ [നിന്നും | | |
| ന | ഇല്ല; | | |
| യമസ്യ | അന്തകന്റെ | | |
| ദണ്ഡാത് ന | ദണ്ഡായുധത്തിൽനിന്നുമില്ല. | | |

18 തദ്ബ്രൂഹ്യസംഗോ ജഡവന്നിഗൂഢ-
വിജ്ഞാനവീര്യോ വിചരസ്യപാരഃ
വചാംസി യോഗഗ്രഥിതാനി സാധോ
ന നഃ ക്ഷമന്തേ മനസാഽപി ഭേത്തും.

| | |
|---|---|
| അസംഗഃ | നിഃസംഗനും |
| അപാരഃ (ത്വം) | അനന്തമഹിമാവുമായ അങ്ങുന്നു് |
| നിഗൂഢവിജ്ഞാനവീര്യഃ | മറച്ചുവെക്കപ്പെട്ട വിജ്ഞാനപ്രഭാവത്തോടു കൂടിയവനായി |
| ജഡവത് | ഒരു ഭോഷനെപ്പോലെ |
| വിചരസി | അലഞ്ഞു നടക്കുകയാണു്. |
| തത് | ആകയാൽ |
| (കഃ ഇതി) | ആരെന്നുള്ളതു് |
| ബ്രൂഹി | വ്യക്തമായി പറയു. |
| സാധോ | മഹാത്മാവേ! |
| യോഗഗ്രഥിതാനി | യോഗശാസ്ത്രതത്ത്വങ്ങൾക്കു ഉതകുംവിധത്തിലുള്ള |
| തേ വചാംസി | അങ്ങയുടെ വചനങ്ങൾ |
| മനസാ അപി | മനസ്സിനാൽപോലും |
| ഭേത്തും | നിരാകരിക്കുവാൻ |
| നഃ | ഞങ്ങൾക്കു് |
| ന ക്ഷമം | ആകുന്നകാര്യമല്ല. |

താനും സ്വയം ഒരു ജ്ഞാനാർത്ഥിയാണെന്നു് രഹൂഗണൻ വെളിപ്പെടുത്തുന്നു—

19 അഹം ച യോഗേശ്വരമാത്മതത്ത്വ-
വിദാം മുനീനാം പരമം ഗുരും വൈ।
പ്രഷ്ടും പ്രവൃത്തഃ കിമിഹാരണം തത്
സാക്ഷാദ്ധരിം ജ്ഞാനകലാവതീർണം.

| | |
|---|---|
| അഹം ച | ഞാനാകട്ടെ, |
| യോഗേശ്വരം | യോഗേശ്വരനും |
| ആത്മതത്ത്വവിദാം | ആത്മതത്ത്വത്തെ അറിയുന്നവരായ |
| മുനീനാം | ഋഷിമാരുടെ |
| പരമം ഗുരും | പരമാചാര്യനും |
| ജ്ഞാനകലാവതീർണം | ജ്ഞാനശക്തിയോടെ അവതരിച്ചിരിക്കുന്നവനുമായ |
| സാക്ഷാത് | സാക്ഷാൽ |
| ഹരിം വൈ | കപിലവാസുദേവനോടു തന്നെ |
| ഇഹ | ഈ സംസാരത്തിൽ |
| അരണം | ശരണമായുള്ളതു് |
| (യത്) തത് | യാതൊന്നാണോ അതു് |
| കിം (ഇതി) | എന്താണെന്നു് |
| പ്രഷ്ടും | ചോദിച്ചറിവാൻ |
| പ്രവൃത്തഃ | ഒരുങ്ങിപ്പുറപ്പെട്ടവനാണു് |

20 സ വൈ ഭവാൻ ലോകനിരീക്ഷണാർത്ഥ-
മവ്യക്തലിംഗോ വിചരത്യപിസ്വിത്
യോഗേശ്വരാണാം ഗതിമന്ധബുദ്ധിഃ
കഥം വിചക്ഷീത ഗൃഹാനുബന്ധഃ

| | |
|---|---|
| അപിസ്വിത് ഭവാൻ സഃ വൈ | അവിടുന്നു് ആ കപില ഭഗവാൻതന്നെയായിരിക്കുമോ? |
| ലോകനിരീക്ഷണാർത്ഥം | ലോകാവസ്ഥകളെ നിരീക്ഷിക്കുന്നതിനുവേണ്ടി |
| അവ്യക്തലിംഗഃ | അവ്യക്തരൂപനായിട്ടു് |
| വിചരതി | സഞ്ചരിക്കുകയാവാം |
| ഗൃഹാനുബന്ധഃ | ഗൃഹാസക്തനും (തന്മൂലം) |

| | | | |
|---|---|---|---|
| അന്ധബുദ്ധിഃ | ബുദ്ധിക്കു തെളിവില്ലാത്തവനുമായ ഒരുവൻ | ഗതിം | സ്ഥിതിഭേദത്തെ |
| യോഗേശ്വരാണാം | യോഗേശ്വരന്മാരുടെ | കഥം | എങ്ങനെയാണു് |
| | | വിചക്ഷീത | കണ്ടറിയുന്നതു്? |

ഈ വിധം വസ്തുതകളെപ്പററി ആരാഞ്ഞശേഷം, അദ്ദേഹം രാജാവിനോടുപറഞ്ഞ സംഗതികളിൽ തനിക്കുള്ള ആശങ്കകൾ എടുത്തുകാണിക്കുന്നു. തനിക്കു ശ്രമമില്ലെന്നു പറഞ്ഞതു് ശരിയാണോ എന്നാണു് ആദ്യത്തെ പൂർവ്വപക്ഷം.

21 ദൃഷ്ടഃ ശ്രമഃ കർമ്മത ആത്മനോ വൈ
ഭർത്തുർഗന്തുർഭവതശ്ചാനുമന്യേ
യഥാऽസതോദാനയനാദ്യഭാവാത്
സമൂല ഇഷ്ടോ വ്യവഹാരമാർഗഃ

| | | | |
|---|---|---|---|
| ആത്മനഃ | എനിക്കു് | ഇഷ്ടഃ | സ്വീകരിക്കപ്പെട്ടതാണു് |
| കർമ്മതഃ | പ്രവൃത്തികൊണ്ടു് | അസതഃ | ഇല്ലാത്ത (ഘടാദി) പദാർത്ഥത്താൽ |
| ശ്രമഃ | ക്ഷീണം | ഉദാനയനാദ്യഭാവാത് | വെള്ളംകൊണ്ടുവരിക മുതലായ കാര്യങ്ങൾ നടത്താൻ സാധിക്കാതെ വരുന്നതുകൊണ്ടു് |
| ദൃഷ്ടഃ വൈ | കാണപ്പെട്ടിട്ടുണ്ടു് | യഥാ | എപ്രകാരം ഘടാദികൾ സത്യമെന്നു വരുന്നുവോ, അപ്രകാരം പ്രപഞ്ചവും സത്യമാണു്. |
| ഭർത്തുഃ | (അതുപോലെ) ചുമടെടുത്തു് | | |
| ഗന്തുഃ | നടക്കുന്ന | | |
| ഭവതഃ ച | അങ്ങേയ്ക്കും (അതുണ്ടാകുമെന്നു്) | | |
| അനുമന്യേ | ഞാൻ അനുമിക്കുന്നു. | | |
| വ്യവഹാരമാർഗഃ | ഈ ലോകവ്യവഹാരം (പ്രപഞ്ചമെന്നതു്) | | |
| സമൂലഃ | പ്രമാണമുള്ളതായിട്ടുതന്നെ | | |

ഞാനും ആത്മാവുതന്നെ. എങ്കിലും യുദ്ധാദി കർമ്മങ്ങളിൽ എനിക്കു് ശ്രമം തോന്നാറുണ്ടു്. അതിനാൽ പ്രവർത്തിക്കുന്നവൻ ക്ഷീണിക്കുമെന്നുവരുന്നു. അപ്പോൾ ഭാരോദ്വഹനഗമനാദി പ്രവൃത്തിയാൽ അങ്ങേക്കും ക്ഷീണമുണ്ടാവണം. ഈ അനുമാനത്തിൽ തെററില്ല. 'ഭാരവും ശ്രമവുമെല്ലാം ലോകവ്യവഹാരമാണു്, അതിനാൽ മിഥ്യയാണു്'' എന്നു പറഞ്ഞുകൂടാ. ലോകവ്യവഹാരം അഥവാ പ്രപഞ്ചം സത്യമാണെന്നതിനു് പ്രമാണമുണ്ടു്. ദ്രവ്യക്രിയകൾ ഉള്ളതാകകൊണ്ടു് അവയ്ക്കു് ആസ്പദമായ പ്രപഞ്ചം മിഥ്യയാകയില്ല. 'കുടമില്ലാതെ വെള്ളംകൊണ്ടുവരിക സാദ്ധ്യമല്ല' എന്ന യുക്തിതന്നെയാണു് ഇവിടേയും പ്രമാണം. ഇങ്ങനെ തർക്കശാസ്ത്രസിദ്ധാന്തപ്രകാരം രാജാവു വാദിക്കുകയാണു്.

സ്ഥൂലത, കൃശത മുതലായ ഉപാധിധർമ്മങ്ങൾ ശരീരത്തിനല്ലാതെ ആത്മാവിനില്ലെന്നുപറഞ്ഞതും സംഗതമായില്ലെന്നു് ഇനി പറയുന്നു—

22 സ്ഥാല്യഗ്നിതാപാത് പയസോऽഭിതാപ–
സ്തത്താപതസ്തണ്ഡുലഗർഭരന്ധിഃ

ദേഹേന്ദ്രിയാസ്വാശയസന്നികൎഷാ-
ത്തത്സംസൃതിഃ പുരുഷസ്യാനുരോധാത്.

| | |
|---|---|
| സ്ഥാല്യഗ്നി-താപാത് | അടുപ്പത്തുവെച്ച പാത്രത്തിന്ന് തീയിന്റെ ചൂടേല്ക്കയാൽ |
| പയസഃ | അതിലുള്ള പാലിന്ന് |
| അഭിതാപഃ | ചൂടുണ്ടാവുന്നു. |
| തത്താപതഃ | ആ പാലിന്റെ ചൂടു കൊണ്ടു് |
| തണ്ഡുല-ഗൎഭരന്ധിഃ | അതിലിട്ട അരിയുടെ ഉള്ളുകൂടിയും വേവുന്നു. |
| ദേഹേന്ദ്രിയാ-സ്വാശയ-സന്നികൎഷാത് | (ഇതു് മിഥ്യയല്ലാത്തതു പോലെ)ദേഹം, ഇന്ദ്രിയങ്ങൾ, അസുക്കൾ(പ്രാണവൃത്തികൾ), മനസ്സ് ഇവയുടെ സാന്നിദ്ധ്യത്താൽ |
| തത്സംസൃതിഃ | തന്നിമിത്തമായ സംസാരം |
| അനുരോധാത് | ഈ ഉപാധിധൎമ്മങ്ങളുടെ പരമ്പരാനുവൃത്തിഹേതുവായി |
| പുരുഷസ്യ | ആത്മാവിന്നുണ്ടാകാം |

വെപ്പുപാത്രത്തിൽ തട്ടുന്ന ചൂടു് ക്രമത്തിൽ അതിലുള്ള അരിക്കുതട്ടി അതിനെ പചിക്കുന്നപോലെ ശരീരോപാധിധൎമ്മങ്ങൾ പ്രാണേന്ദ്രിയാന്തഃകരണങ്ങൾ വഴിക്കു് ആത്മാവിനെയും പരോക്ഷമായി ബാധിക്കുമെന്നു് കരുതിക്കൂടെയോ ? — എന്നു് ആശങ്കാക്ഷേപം.

സ്വസ്വാമിഭാവം നിത്യസത്യമല്ലെന്നും സ്വത്വോപദേശം നിഷ്ഫലമാണെന്നും പറഞ്ഞതിനെ ഇനി ആക്ഷേപിക്കുന്നു.

23 ശാസ്താഽഭിഗോപ്താ നൃപതിഃ പ്രജാനാം
യഃ കിങ്കരോ വൈ ന പിനഷ്ടി പിഷ്ടം
സ്വധൎമ്മമാരാധനമച്യുതസ്യ
യദീഹമാനോ വിജഹാത്യഘൌഘം.

| | |
|---|---|
| (യദാ) യഃ | എപ്പോൾ, ഏതൊരാൾ |
| നൃപതിഃ | രാജാവായിരിക്കുന്നുവോ, |
| (തദാ സഃ) | അപ്പോൾ, അവൻ |
| പ്രജാനാം | പ്രജകളുടെ |
| ശാസ്താ | ശാസകനും |
| അഭിഗോപ്താ ച | സംരക്ഷകനുമാകുന്നു. |
| അച്യുതസ്യ | ശ്രീഹരിയുടെ |
| കിങ്കരഃ | ആജ്ഞാകാരിയായുള്ളവൻ |
| പിഷ്ടം | അരച്ചതിനെ |
| ന പിനഷ്ടി | അരക്കുന്നില്ല. (അരച്ചതു് വീണ്ടും അരക്കുന്നപോലെ നിഷ്ഫലകൎമ്മത്തിൽ പ്രവൎത്തിക്കുന്നില്ല.) |
| യത് | എന്തെന്നാൽ, |
| സ്വധൎമ്മം | സ്വധൎമ്മാനുഷ്ഠാനമാവുന്ന |
| ആരാധനം | ഈശ്വരാരാധനത്തെ |
| ഈഹമാനഃ | നിറവേററുന്ന അവൻ |
| അഘൌഘം | പാപസഞ്ചയത്തെ |
| വിജഹാതി | അകററിക്കളയുന്നു. |

സ്വാമിഭൃത്യഭാവം നിത്യമല്ലെന്നതു് ശരിതന്നെ. എങ്കിലും സ്വാമി (രാജാവു്) യായിരിക്കുന്നിടത്തോളംകാലം പ്രജകളെ ശാസിക്കുകയും രക്ഷിക്കുകയും ചെയ്യേണ്ടതുണ്ടു്. അതു് അവൻെറ ധർമ്മമാണു്. ഈ ധർമ്മത്തെ ഈശ്വരാർപ്പണബുദ്ധ്യാ നടത്തുമ്പോൾ അതിൻെറ ഫലത്തെപ്പററി ചിന്തിക്കാനില്ല. സ്തബ്ധപ്രമത്താദികളെ ഉപദേശിക്കുന്നതു് പിഷ്ടപേഷണംപോലെ പാഴ്വേലയായിത്തീരുമോ എന്നൊന്നും നോക്കേണ്ടതില്ലെന്നർത്ഥം. എന്തെന്നാൽ, കൃത്യനിർവ്വഹണം സ്വദുരിതനിരാസത്തിനു് പ്രയോജകീഭവിക്കുന്നതിനാൽ അവിടെ ചാരിതാർത്ഥതയുണ്ടല്ലോ.

അങ്ങയുടെ വാക്കിലുള്ള ഇത്തരം പൊരുത്തക്കേടുകൾക്കു് വിശദീകരണം വേണ്ടിയിരിക്കുന്നു എന്ന ഭാവത്തിൽ തുടരുന്നു—

24 തന്മേ ഭവാൻ നരദേവാഭിമാനമദേന തുച്ഛീകൃതസത്തമസ്യ
കൃഷീഷ്ട മൈത്രീദൃശമാർത്തബന്ധോ യഥാ തരേ സദവധ്യാനമംഹഃ

| | | | |
|---|---|---|---|
| ആർത്തബന്ധോ | ഹേ ദീനബന്ധോ! | മേ | എനിക്കായിക്കൊണ്ടു് |
| തത് | ആകയാൽ, | മൈത്രീദൃശം | സസ്നേഹവീക്ഷണത്തെ, |
| ഭവാൻ | അവിടുന്നു് | യഥാ | എപ്രകാരമായാൽ |
| നരദേവാഭി- മാനമദേന | രാജാവാണെന്ന അഭിമാനത്താലുളവായ മദത്തോടുകൂടിയവനും | സദവധ്യാനം | സജ്ജനനിന്ദാരൂപായ |
| | | അംഹഃ | പാപത്തെ |
| | | തരേ | ഞാൻ തരണംചെയ്യുമോ, |
| തുച്ഛീകൃത- സത്തമസ്യ | മഹാത്മാക്കളെ അനാദരിച്ചിരിക്കുന്നവനുമായ | (തഥാ) | അപ്രകാരം, |
| | | കൃഷീഷ്ട | ചെയ്തരുളിയാലും. |

“താങ്കളുടെ അനാദരം എന്നിൽ ഒരു വികാരവും ഉണ്ടാക്കീട്ടില്ല അതുകൊണ്ടു് തത്കൃതപാപത്തിനു് പ്രസക്തിയുമില്ല”. എന്നിങ്ങനെ കരുതരുതെന്നു പറയുന്നു.

25 ന വിക്രിയാ വിശ്വസുഹൃത്സഖസ്യ സാമ്യേന വീതാഭിമതേസ്തവാപി
മഹദ്വിമാനാത് സ്വകൃതാദ്ധി മാദൃങ്നംക്ഷ്യത്യദൂരാദപി ശൂലപാണിഃ

| | | | |
|---|---|---|---|
| വിശ്വസുഹൃത്- സഖസ്യ | ലോകത്തിൻെറ സുഹൃത്തും സഖാവുമായി— | സ്വകൃതാത് | തന്നാൽ കൃതമായ |
| സാമ്യേന | സാർവ്വത്രികമായ സമതയാൽ | മഹദ്വിമാനാത് | മഹാപുരുഷനിന്ദയാൽ |
| വീതാഭിമതേഃ | ശാരീരികമായ അഭിമാനം വിട്ടിരിക്കുന്ന | മാദൃക് | എന്നെപ്പോലുള്ളവൻ |
| | | ശൂലപാണിഃ അപി | സാക്ഷാൽ ശ്രീരുദ്രൻ തന്നെയായിരുന്നാലും |
| തവ | അവിടുത്തേക്കു് | അദൂരാത് | കാലതാമസമെന്നിയെ |
| ന വിക്രിയാ അപി | വികാരമില്ലെന്നിരിക്കിലുംകൂടി | നംക്ഷ്യതി ഹി | നശിച്ചേക്കുമല്ലോ. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ ജഡഭരതചരിതേ

ദശമോऽദ്ധ്യായഃ ആദിതഃ ശ്ലോകാനി 247.

അഞ്ചാമത്തെ സ്കന്ധത്തിൽ പത്താമദ്ധ്യായം കഴിഞ്ഞു.

# ഏകാദശോഽധ്യായഃ — അധ്യായം പതിനൊന്ന്.

## ജഡഭരതന്റെ തത്ത്വജ്ഞാനോപദേശം.

"ഏകാദശേ തു സംപൃഷ്ടോ രഹൂഗണമഹീഭൃതാ
ഉപാദിശത് പരം ജ്ഞാനം സ യോഗീതി നിഗദ്യതേ"

ജഡഭരതനെന്നറിയപ്പെടുന്ന ബ്രാഹ്മണയോഗി രഹൂഗണന്റെ ചോദ്യങ്ങളെ ത്തുടൎന്ന് അദ്ദേഹത്തിന്നായി പരമജ്ഞാനതത്ത്വം ഉപദേശിച്ചത് ഈ അധ്യായത്തിൽ പറയുന്നു—

ബ്രാഹ്മണ ഉവാച = ബ്രാഹ്മണൻ പറഞ്ഞു—

1 അകോവിദഃ കോവിദവാദവാദാൻ
വദസ്യതോ നാതിവിദാം വരിഷ്ഠഃ
ന സൂരയോ ഹി വ്യവഹാരമേനം
തത്ത്വാവമർശേന സഹാമനന്തി

| | | | |
|---|---|---|---|
| അകോവിദഃ | അവിദ്വാനായ അങ്ങ് | ഹി | എന്തെന്നാൽ, |
| കോവിദ-വാദവാദാൻ | വിദ്വാന്മാരുടെ വാദമുഖങ്ങളൊക്കെയൊത്ത വാദങ്ങളെ | സൂരയഃ | ജ്ഞാനികൾ |
| വദസി | പറയുന്നു. | ഏനം | ഈ |
| അതഃ | അതുകൊണ്ട് | വ്യവഹാരം | ലോകവ്യവഹാരത്തെ |
| അതിവിദാം | അതിവിദ്വാന്മാരുടെ ഇടയിൽ | തത്ത്വാവ-മർശേന സഹ | യാഥാൎത്ഥ്യവിചാരത്തോടുകൂടെ |
| വരിഷ്ഠഃ ന | മഹാവിദ്വാനാകയില്ല. | ന ആമനന്തി | പറഞ്ഞുവരാറില്ല. |

സ്വാമിഭൃത്യാദിഭേദരൂപേണ പ്രതിഭാസിക്കുന്ന ലോകവ്യവഹാരം സത്യമാണെന്ന് അനുഭവജ്ഞാനസമ്പന്നന്മാർ പറയാറില്ല. ലോകം അവിചാരസുന്ദരമായതാണ്; വിചാരമാത്രത്തിൽ മിഥ്യയത്രേ എന്നു താത്പൎയ്യം.

വൈദികമായ കൎമ്മവ്യവഹാരവും സത്യമല്ലെന്ന് തുടൎന്നുപറയുന്നു.

2 തഥൈവ രാജന്നുരുഗാർഹമേധ-
വിതാനവിദ്യോരുവിജൃംഭിതേഷു
ന വേദവാദേഷു ഹി തത്ത്വവാദഃ
പ്രായേണ ശുദ്ധോ നു ചകാസ്തി സാധുഃ.

| | | | |
|---|---|---|---|
| രാജൻ | ഹേ രാജാവേ! | ശുദ്ധഃ | ഹിംസാദിദോഷരഹിതവും |
| തഥാ ഏവ | അപ്രകാരംതന്നെ | സാധുഃ | രാഗാദിശൂന്യവുമായ |
| ഉരുഗാർഹമേധ-വിതാന-വിദ്യോരു-വിജൃംഭിതേഷു | ബഹുവിധം ഗാർഹസ്ഥ്യയജ്ഞങ്ങളുടെ വിവരണത്തെ വിഷയമാക്കിയ അറിവുകളിൽ ഏറിയ കൂറും വ്യാപരിക്കുന്ന | തത്ത്വവാദഃ | പാരമാർത്ഥികപ്രതിപാദനം |
| | | പ്രായേണ | മിക്കവാറും |
| വേദവാദേഷു | വേദപ്രതിപാദനങ്ങളിൽ | ന ഹി | തീർച്ചയായിട്ടുതന്നെയും |
| | | ന ചകാസ്തി | തെളിഞ്ഞുകാണുകയില്ല |

കർമ്മവിധായകങ്ങളായ വേദവാക്യങ്ങളും ഇരിക്കട്ടെ; നൈഷ്കർമ്മ്യത്തെ ഉപദേശിക്കുന്ന വേദാന്തവാക്യങ്ങളും ശ്രവിച്ചവനും കർമ്മത്തിൽ പ്രവൃത്തനായി കാണുന്നു. അതുകൊണ്ടു് ലോകവ്യവഹാരം അസത്യമെന്നു് കരുതാമോ? — ഈ ആശങ്കയെ നിരാകരിക്കുന്നു.

3 ന തസ്യ തത്ത്വഗ്രഹണായ സാക്ഷാ-
ദ്വരീയസീരപി വാചഃ സമാസൻ
സ്വപ്നേ നിരുക്ത്യാ ഗൃഹമേധിസൗഖ്യം
ന യസ്യ ഹേയാനുമിതം സ്വയം സ്യാത്.

| | | | |
|---|---|---|---|
| യസ്യ | യാതൊരുവന്നു് | ന സ്യാത് | ഭവിക്കുന്നില്ലയോ, |
| ഗൃഹമേധി-സൗഖ്യം | ഗൃഹസ്ഥാശ്രമികൾ അനുഭവിക്കുന്ന വിഷയസുഖം | തസ്യ | അവന്നു് |
| | | വരീയസീഃ | മഹത്തരങ്ങളായ |
| സ്വപ്നേ | സ്വപ്നത്തിങ്കലെ | വാചഃ അപി | വചനങ്ങളും (വേദാന്തവാക്യങ്ങളും) കൂടിയും |
| നിരുക്ത്യാ | ദൃഷ്ടാന്തപ്രകാരം | സാക്ഷാത് | ശരിയായ |
| സ്വയം | തന്നെത്താൻ | തത്ത്വ-ഗ്രഹണായ | തത്ത്വം ഗ്രഹിക്കുന്നതിന്നായിക്കൊണ്ടു് |
| ഹേയാനുമിതം | ത്യാജ്യത്വേന അനുമിതമായി | ന സമാസൻ | പര്യാപ്തമായിട്ടില്ല. |

തത്ത്വചിന്തയില്ലാതെ വേദാന്തവാക്യശ്രവണംകൊണ്ടു് പരമാർത്ഥാവബോധം ഉണ്ടാകുന്നതല്ലെന്നു് സാരം.

ഇപ്രകാരം പ്രാപഞ്ചികവ്യവഹാരങ്ങളുടെ സത്യതയെ നിരാകരിച്ചശേഷം സംസാരത്തിന്റെ സത്യാവസ്ഥയെ നിരാകരിക്കുവാനായി, അതിന്റെ മനോനിമിത്തകത്വം ഈ അദ്ധ്യായത്തിന്റെ പരിസമാപ്തിവരെ ഉപപാദിക്കുന്നു.

4 യാവന്മനോ രജസാ പൂരുഷസ്യ
സത്ത്വേന വാ തമസാ വാനുരുദ്ധം
ചേതോഭിരാകൂതിഭിരാതനോതി
നിരങ്കുശം കുശലം ചേതരം വാ

| | |
|---|---|
| മനഃ | പ്രപഞ്ചോപാധിയായ മനസ്സ് |
| യാവത് | ഏതുകാലംവരെ |
| രജസാ | രജോഗുണത്താലോ, |
| സത്വേന വാ | സത്വഗുണത്താലോ, |
| തമസാ വാ | തമോഗുണത്താലോ |
| അനുരുദ്ധം | വശീകൃതമായിട്ടിരിക്കുന്നുവോ, |
| താവത് | അത്രയും കാലംവരെ |
| നിരങ്കുശം | അതു് നിരങ്കുശമായി |
| (സത്) | നിലനിന്നു്, |
| പുരുഷസ്യ | പുരുഷനു് |
| കുശലം | ധർമ്മത്തെയോ, |
| ഇതരം വാ | അധർമ്മത്തെയോ |
| ആകൃതിഭിഃ | കർമ്മേന്ദ്രിയങ്ങളാലും |
| ചേതോഭിഃ ച | ജ്ഞാനേന്ദ്രിയങ്ങളാലും |
| ആതനോതി | ഉണ്ടാക്കിത്തീർക്കുന്നു. |

ധർമ്മാധർമ്മവാസനായുക്തമായ ആ മനസ്സുതന്നെയാണു് അനേകം ദേഹവൈചിത്ര്യങ്ങൾക്കു് ഹേതുവാകുന്നതെന്നു ഇനി ചൂണ്ടിക്കാണിക്കുന്നു.

5 സ വാസനാത്മാ വിഷയോപരക്തോ
ഗുണപ്രവാഹോ വികൃതഃ ഷോഡശാത്മാ
ബിഭ്രത് പൃഥങ്നാമഭി രൂപഭേദ-
മന്തർബഹിഷ്ട്വം ച പുരൈസ്തനോതി.

| | |
|---|---|
| വാസനാത്മാ | വാസനായുക്തമായ ആത്മോപാധിയായും |
| വിഷയോപരക്തഃ | വിഷയങ്ങളാൽ വശീകരിക്കപ്പെട്ടതായും |
| ഗുണപ്രവാഹഃ | ഗുണങ്ങളാൽ അങ്ങിങ്ങു ചലിക്കപ്പെടുന്നതായും |
| വികൃതഃ | (ആകയാൽ) കാമാദിവികാരങ്ങളോടുകൂടിയതായും |
| ഷോഡശാത്മാ | ഭൂതേന്ദ്രിയരൂപങ്ങളായ 16 പ്രകൃതിവികാരങ്ങളിൽ പ്രാമുഖ്യമുള്ളതായും ഇരിക്കുന്ന |
| സഃ | ആ മനസ്സു് |
| പൃഥങ്നാമഭിഃ | വ്യത്യസ്തങ്ങളായ പല പേരുകളോടുകൂടി |
| രൂപഭേദം | ആകൃതിഭേദത്തെ |
| ബിഭ്രത് | ധരിച്ചുകൊണ്ടു് |
| തൈഃ പുരൈഃ | ആ നാമരൂപങ്ങളോടുകൂടിയ ശരീരപുരങ്ങളാൽ |
| അന്തർബഹിഷ്ട്വം | ഉത്കൃഷ്ടം, അപകൃഷ്ടം എന്നുള്ള ഭേദഭാവത്തെ |
| തനോതി | ഉളവാക്കുന്നു |

അതനുസരിച്ചുള്ള ഫലത്തെ ഉളവാക്കുന്നതും മനസ്സുതന്നെയാണെന്നു താഴെ പറയുന്നു

6 ദുഃഖം സുഖം വ്യതിരിക്തം ച തീവ്രം
കാലോപപന്നം ഫലമാവ്യനക്തി
ആലിംഗ്യ മായാരചിതാന്തരാത്മാ
സ്വദേഹിനം സംസൃതിചക്രകൂടഃ

| | |
|---|---|
| മായാരചിതാന്തരാത്മാ | മായാകല്പിതമായ ജീവോപാധിയായിരിക്കുന്നതും |
| സംസൃതിചക്രകൂടഃ | സംസാരചക്രത്തിൽ വട്ടം ചുററിക്കുന്നതുമായ |

| | | | |
|---|---|---|---|
| (സഃ ഏവ) | ആ മനസ്സുതന്നെ | സുഖം | സുഖത്തേയും |
| സ്വദേഹിനം | ആത്മചൈതന്യത്തെ | വ്യതിരിക്തം ച | മററു മോഹാദിയേയും |
| ആലിംഗ്യ | ആശ്ലേഷിച്ചു് (ആശ്രയിച്ചു്) | ഫലം | സംസൃതിയുടെ ഫലമായിട്ടു് |
| കാലോപപന്നം | കാലത്താൽ വന്നണഞ്ഞ | | |
| തീവ്രം | ദുർവാരമായ | ആവ്യനക്തി | എന്നും അഭിവ്യഞ്ജിപ്പിക്കുന്നു |
| ദുഃഖം | ദുഃഖത്തേയും | | |

ഇങ്ങനെ മനസ്സിനെ ആശ്രയിച്ചിരിക്കുന്ന സംസാരം ജീവാത്മാവിനെ ബാധിക്കുമെന്നു് ഇനി പറയുന്നു.

7 താവാനയം വ്യവഹാരഃ സദാऽऽവിഃ
ക്ഷേത്രജ്ഞസാക്ഷ്യോ ഭവതി സ്ഥൂലസൂക്ഷ്മഃ
തസ്മാന്മനോ ലിംഗമദോ വദന്തി
ഗുണാഗുണത്വസ്യ പരാവരസ്യ

| | | | |
|---|---|---|---|
| താവാൻ | അത്രയും കാലത്തോളം (മനസ്സു് വിഷയാഭിമുഖമായിരിക്കുംകാലത്തോളം) | ക്ഷേത്രജ്ഞസാക്ഷ്യഃ | ക്ഷേത്രജ്ഞനു് (ആത്മാവിന്നു്) ദൃശ്യമായി |
| | | ഭവതി | ഭവിക്കുന്നു. |
| | | തസ്മാത് | അതുകൊണ്ടു് |
| സ്ഥൂലസൂക്ഷ്മഃ | ജാഗ്രത്തിൽ സ്ഥൂലരൂപമായും സ്വപ്നത്തിൽ സൂക്ഷ്മരൂപമായും ഉള്ള | അദഃ മനഃ | ഈ മനസ്സിനെ |
| | | ഗുണാഗുണത്വസ്യ | ഗുണാഭിമാനിത (ബന്ധം), ഗുണരാഹിത്യം (മോക്ഷം) എന്നീ |
| അയം | ഈ | | |
| വ്യവഹാരഃ | പ്രാപഞ്ചികവ്യവഹാരം | പരാവരസ്യ | ഉത്കൃഷ്ടാപകൃഷ്ടതയ്ക്കു |
| ആവിഃ | പ്രകടമായിട്ടു് | ലിംഗം | കാരണമായതെന്നു് |
| സദാ | ഏതുനേരത്തും | വദന്തി | പറഞ്ഞുവരുന്നു. |

ബന്ധകാരണമായ മനസ്സുതന്നെ മോക്ഷകാരണവുമാണെന്നു് ഈ ശ്ലോകത്തിന്റെ ഉത്തരാർദ്ധംകൊണ്ടു് സൂചിതമായി. മനസ്സിന്റെ അവസ്ഥാഭേദമാണു് ഇതിന്നു ഹേതുവാകുന്നതെന്നു് തുടർന്നു പറയുന്നു.

8 ഗുണാനുരക്തം വ്യസനായ ജന്തോഃ
ക്ഷേമായ നൈർഗുണ്യമഥോ മനഃ സ്യാത്
യഥാ പ്രദീപോ ഘൃതവർത്തിമശ്നൻ
ശിഖാഃ സധൂമാ ഭജതി ഹ്യന്യദാ സ്വം
പദം തഥാ ഗുണകർമ്മാനുബദ്ധം
വൃത്തീർമനഃ ശ്രയതേऽന്യത്ര തത്ത്വം

| | |
|---|---|
| ഗുണാനുരക്തം | വിഷയങ്ങളിൽ ആസക്തമായ |
| മനഃ | മനസ്സ് |
| ജന്തോഃ | ജന്തുവിന്നു് (അജ്ഞനായ മനുഷ്യന്നു്) |
| വ്യസനായ | സംസാരക്ലേശത്തിന്നും |
| അഥോ | എന്നാൽ |
| നൈർഗുണ്യം | വിഷയബന്ധമില്ലാത്തതു് |
| ക്ഷേമായ | ശാശ്വതാനന്ദത്തിന്നും |
| സ്യാത് | ഹേതുവായേക്കും |
| പ്രദീപഃ | വിളക്കു് |
| ഘൃതവർത്തിം | നെയ്ത്തിരിയെ |
| അശ്നൻ | അവലംബിച്ചുകൊണ്ടിരിക്കുമ്പോൾ |
| സധൂമാഃ | പുകയോടുകൂടിയ |

| | |
|---|---|
| ശിഖാഃ | ജ്വാലകളെ |
| ഭജതി | പ്രാപിക്കുന്നു; |
| അന്യദാ | അല്ലാതാകുമ്പോൾ |
| സ്വം പദം ഹി | തന്റെ ശുദ്ധരൂപത്തെത്തന്നെ (മഹാഭൂതാത്മകതയെ) |
| (ഭജതി) | പ്രാപിക്കുന്നു. |
| യഥാ | ഇതു് എപ്രകാരമോ, |
| തഥാ മനഃ | അപ്രകാരം മനസ്സ് |
| ഗുണകർമ്മാനുബദ്ധം | ഗുണകർമ്മങ്ങളിൽ അനുബദ്ധമായിരിക്കുമ്പോൾ |
| വൃത്തീഃ | നാനാവൃത്തികളെ |
| ശ്രയതേ | പ്രാപിക്കുന്നു; |
| അന്യത്ര | അല്ലാതിരിക്കുമ്പോൾ |
| തത്ത്വം | ആത്മസ്വരൂപത്തെയും |
| (ശ്രയതേ) | പ്രാപിക്കുന്നു. |

മനസ്സിന്റെ ആ നാനാവൃത്തികൾ ഏവ? താഴെ പറയുന്നു.

9 ഏകാദശാസൻ മനസോ ഹി വൃത്തയ
ആകൂതയഃ പഞ്ച ധിയോഽഭിമാനഃ
മാത്രാണി കർമ്മാണി പുരം ച താസാം
വദന്തി ഹൈകാദശ വീര ഭൂമീഃ

| | |
|---|---|
| മനസഃ | മനസ്സിന്റെ |
| വൃത്തയഃ ഹി | വൃത്തികളാകട്ടെ |
| ഏകാദശ | പതിനൊന്നുവിധം |
| ആസൻ | ആയിരിക്കുന്നു— |
| ധിയഃ പഞ്ച | ജ്ഞാനരൂപങ്ങളഞ്ചു്; |
| ആകൂതയഃ | ക്രിയാരൂപങ്ങൾ |
| (പഞ്ച) | അഞ്ചു്; |
| അഭിമാനഃ | അഭിമാനരൂപം ഒന്നു്. |
| വീര | അല്ലയോ വീര! |

| | |
|---|---|
| മാത്രാണി | ശബ്ദാദികളായ അഞ്ചു തന്മാത്രകളും, |
| കർമ്മാണി | ഗമനാദികളായ അഞ്ചു വ്യാപാരങ്ങളും |
| പുരം ച | ശരീരവും |
| ഏകാദശ | ഇങ്ങനെ പതിനൊന്നു് |
| താസാം | ആ മനോവൃത്തികളുടെ |
| ഭൂമീഃ ഹ | വിഷയങ്ങളുമാകുന്നു. |

ഈ വിഷയങ്ങളെ കൂടുതൽ വിസ്തരിക്കുന്നു.

10 ഗന്ധാകൃതിസ്പർശരസശ്രവാംസി
വിസർഗരത്യർത്ത്യഭിജല്പശില്പാഃ
ഏകാദശം സ്വീകരണം മമേതി
ശയ്യാമഹം ദ്വാദശമേക ആഹുഃ.

| | |
|---|---|
| ഗന്ധാകൃതി-സ്പർശരസ-ശ്രവാംസി | ഗന്ധം, രൂപം, സ്പർശം, രസം, ശബ്ദം എന്നിവ (ബുദ്ധിവൃത്തികളുടേയും) |
| വിസർഗ-രത്യുത്ത്യഭി-ജല്പശില്പാഃ | വിസർജ്ജനം, സംഭോഗം, ഗമനം, സംഭാഷണം, പ്രവൃത്തി എന്നിവ (കർമ്മാകാരവൃത്തികളുടേയും) വിഷയങ്ങളാകുന്നു. |
| മമ ഇതി സ്വീകരണം | എന്റേതെന്നുള്ള തോന്നൽ (അഭിമാനവൃത്തിയുടെ വിഷയം) |

| | |
|---|---|
| ഏകാദശം | പതിനൊന്നാമത്തേതു മാകുന്നു. |
| ഏകേ | ചിലർ |
| ശയ്യാം | 'ശയ്യ' എന്നറിയപ്പെടുന്ന ജീവന്റെ ശയനസ്ഥാനത്തെ |
| അഹം | അഹങ്കാരമെന്ന |
| ദ്വാദശം | പന്ത്രണ്ടാമത്തെ വിഷയമായിട്ടും |
| ആഹുഃ | പറയുന്നുണ്ടു്. |

ദേഹത്തിൽ 'എന്റേതെ'ന്ന ബുദ്ധിതന്നെ വിവേകികളെ സംബന്ധിച്ചുള്ളതാണു്. അതിമൂഢന്മാൎക്കു് 'ഞാൻ' എന്ന ബുദ്ധിയാണുണ്ടാവുക. അപ്പോൾ മമതയും അഹന്തയും അഭിമാനത്തിനു് ഭിന്നരീത്യാ വിഷയീഭവിക്കുന്നു. ഈ പക്ഷത്തിൽ വൃത്തികൾ പതിനൊന്നാണെങ്കിലും, വിഷയങ്ങൾ പന്ത്രണ്ടായേക്കും.

ഇനി വൃത്തികളുടെ അനന്തതയെപ്പററി പ്രസ്താവിക്കുന്നു.

11 ദ്രവ്യസ്വഭാവാശയകർമ്മകാലൈ-
രേകാദശാമീ മനസോ വികാരാഃ
സഹസ്രശഃ ശതശഃ കോടിശശ്ച
ക്ഷേത്രജ്ഞതോ ന മിഥോ ന സ്വതഃ സ്യുഃ

| | |
|---|---|
| മനസഃ | മനസ്സിന്റെ |
| വികാരാഃ | ഭാവഭേദങ്ങളായ |
| അമീ ഏകാദശ | ഈ പതിനൊന്നു് വൃത്തികൾതന്നെയും |
| ദ്രവ്യസ്വഭാവാ-ശയകർമ്മ-കാലൈഃ | വിഷയങ്ങൾ, പരിണാമഹേതുവായ സ്വഭാവം, സംസ്കാരം, അദൃഷ്ടം ഗുണക്ഷോഭകൃത്തായ കാലം എന്നിവയെ നിമിത്തീകരിച്ചു് |
| ശതശഃ | (ആദ്യം) നൂറുകളായും, |

| | |
|---|---|
| സഹസ്രശഃ | (പിന്നെ) ആയിരങ്ങളായും, |
| കോടിശഃ ച | (ഒടുവിൽ) കോടികളായും |
| സ്യുഃ | സംഭവിച്ചേക്കും. |
| (തേ) | അവ |
| ക്ഷേത്രജ്ഞതഃ | ആത്മശക്തിയിൽ നിന്നാണു് സംഭവിക്കുന്നതു്, |
| മിഥഃ ന | അന്യോന്യം ചേർന്നിട്ടല്ല; |
| സ്വതഃ ന | തന്നെത്താനുമല്ല. |

ആത്മശക്തി അനന്തമായതുകൊണ്ടു് വൃത്തികൾക്കും ആനന്ത്യം സംഭവിക്കുന്നുവെന്നു് സാരം.

'ഗുണകർമ്മാനുവിദ്ധമായ മനസ്സു് വൃത്തികളെ പ്രാപിക്കുന്നു' എന്നു് പറഞ്ഞതിനെ മൂന്നു് ശ്ലോകംകൊണ്ടു് പ്രപഞ്ചനം ചെയ്തു. ഇനി 'അങ്ങനെയല്ലാതാകുമ്പോൾ മനസ്സു് തത്ത്വത്തെ (ആത്മസ്വരൂപത്തെ) പ്രാപിക്കുന്നു' എന്നു് പറഞ്ഞതിനെ ഉപപാദിക്കുന്നു.

12 ക്ഷേത്രജ്ഞ ഏതാ മനസോ വിഭൂതീർ-
ജീവസ്യ മായാരചിതസ്യ നിത്യാഃ
ആവിർഹിതാഃ ക്വാപി തിരോഹിതാശ്ച
ശുദ്ധോ വിചഷ്ടേ ഹ്യവിശുദ്ധകർത്തുഃ

| | | | |
|---|---|---|---|
| ശുദ്ധഃ | പരിശുദ്ധനായ | ഏതാഃ | ഇത്തരം |
| ക്ഷേത്രജ്ഞഃ | ക്ഷേത്രജ്ഞൻ (ആത്മാവ്) | വിഭൂതീഃ | വിഭൂതികളെ |
| | | ക്വാപി | ഒരു സന്ദർഭത്തിൽ (ജാഗ്രത്തിലും സ്വപ്നത്തിലും) |
| മായാ-രചിതസ്യ | മായയാൽ (അവിദ്യയാൽ) വിരചിതവും | ആവിർഹിതാഃ | ആവിർഭൂതങ്ങളായും |
| അവിശുദ്ധ-കർത്തുഃ | അവിശുദ്ധമായ സംസൃതിയെ ഉളവാക്കുന്നതു മായ | (ക്വാപി) | മറെറാരു സന്ദർഭത്തിൽ (സുഷുപ്തിയിൽ) |
| ജീവസ്യ | ജീവോപാധിയായ | തിരോഹിതാഃ ച | തിരോധാനം ചെയ്യപ്പെട്ടവയായും |
| മനസഃ | മനസ്സിന്റെ | | |
| നിത്യാഃ | ധാരാവാഹിയായി സദാനിലകൊള്ളുന്ന | വിചഷ്ടേ ഹി | കണ്ടുകൊണ്ടിരിക്കുന്നു. |

ഇങ്ങനെ മൂന്നവസ്ഥകളിലും സാക്ഷിയായി നില്ക്കുന്ന ക്ഷേത്രജ്ഞനാണ് ആത്മാവെന്ന തത്ത്വമായി നിലകൊള്ളുന്നതു്.

"ക്ഷേത്രജ്ഞൻ" ദ്വിവിധം — ത്വം പദാർത്ഥമായ ജീവനും തത് പദാർത്ഥമായ ഈശ്വരനും — ആദ്യത്തേതു് ആദ്യം നിരൂപണം ചെയ്യപ്പെട്ടു. ഇനി രണ്ടാമത്തേതു് നിരൂപിക്കപ്പെടുന്നു—

13 ക്ഷേത്രജ്ഞ ആത്മാ പുരുഷഃ പുരാണഃ
സാക്ഷാത് സ്വയംജ്യോതിരജഃ പരേശഃ
നാരായണോ ഭഗവാൻ വാസുദേവഃ
സ്വമായയാത്മന്യവധീയമാനഃ

| | | | |
|---|---|---|---|
| ക്ഷേത്രജ്ഞഃ | തത്പദാർത്ഥഭൂതനായ ക്ഷേത്രജ്ഞൻ (ഈശ്വരൻ) | നാരായണഃ | സർവ്വജീവസമൂഹം ആവാസമായുള്ളവനും |
| ആത്മാ | സർവ്വവ്യാപിയും | ഭഗവാൻ | ഐശ്വര്യാദി ഷഡ്ഗുണസമ്പന്നനും |
| പുരുഷഃ | സർവ്വാന്തഃകരണസ്ഥനും | | |
| പുരാണഃ | സർവ്വകാരണഭൂതനും | വാസുദേവഃ | സർവ്വഭൂതാശ്രയനും |
| സാക്ഷാത് | അപരോക്ഷസ്വരൂപനും | | |
| സ്വയംജ്യോതിഃ | സ്വയംപ്രകാശനും | സ്വമായയാ | തന്റെ അധീനത്തിലുള്ള യോഗമായയാൽ |
| അജഃ | ജനനമരണാദികളില്ലാത്തവനും | ആത്മനി | ജീവനിൽ |
| പരേശഃ | ബ്രഹ്മാദികൾക്കുപോലും നിയന്താവായുള്ളവനും | അവധീയമാനഃ | നിയന്തൃത്വേന വർത്തിക്കുന്നവനും ആകുന്നു. |

ഇതുതന്നെ സോദാഹരണം ഇനിയും വ്യക്തമാക്കുന്നു—

14 യഥാऽനിലഃ സ്ഥാവരജംഗമാനാ-
മാത്മസ്വരൂപേണ നിവിഷ്ട ഈശേത്
ഏവം പരോ ഭഗവാൻ വാസുദേവഃ
ക്ഷേത്രജ്ഞ ആത്മേദമനുപ്രവിഷ്ടഃ

| | | | |
|---|---|---|---|
| യഥാ | ഏതുപ്രകാരം | ഭഗവാൻ | ഐശ്വര്യാദി ഗുണസമ്പന്നനും |
| അനിലഃ | വായു | വാസുദേവഃ | സർവ്വഭൂതാശ്രയനും |
| സ്ഥാവര- ജംഗമാനാം | അചരങ്ങളും ചരങ്ങളുമായ ജീവികളുടെയെല്ലാം | ക്ഷേത്രജ്ഞഃ | സർവ്വസാക്ഷിത്വേന ക്ഷേത്രജ്ഞനുമായ |
| ആത്മ- സ്വരൂപേണ | പ്രാണശക്തിയുടെ സ്വരൂപത്തോടെ | പരഃ ആത്മാ | പരമാത്മാവു് |
| നിവിഷ്ടഃ | ഉൾപുക്കിരുന്നു് | ഇദം | ഈ വിശ്വത്തെ |
| ഈശേത് | (അവയെ) നിയന്ത്രിക്കുന്നുവോ, | അനുപ്രവിഷ്ടഃ | അനുപ്രവേശിച്ചു് നിയന്ത്രിക്കുന്നു |
| ഏവം | അതുപ്രകാരം | | |

ഇപ്രകാരം ആത്മാവിന്റെ ശുദ്ധത്വവും സംസാരത്തിന്റെ മിഥ്യാത്വവും പറഞ്ഞുറപ്പിച്ചു. ഇനി സംസാരനിവൃത്തിക്കുള്ള മാർഗ്ഗം ഉപദേശിക്കുന്നു.

15 ന യാവദേതാം തനുഭൃന്നരേന്ദ്ര
വിധൂയ മായാം വയുനോദയേന
വിമുക്തസംഗോ ജിതഷട്സപത്നോ
വേദാത്മതത്ത്വം ഭ്രമതീഹ താവത്

| | | | |
|---|---|---|---|
| നരേന്ദ്ര | രാജാവേ ! | ഏതാം മായാം | ഈ അവിദ്യയെ |
| തനുഭൃത് | ദേഹി | വിധൂയ | നീക്കിക്കളഞ്ഞു് |
| വയുനോദയേന | ജ്ഞാനോദയത്താൽ | യാവത് | എത്രകാലത്തോളം |
| വിമുക്തസംഗഃ | വിഷയാസക്തി വിട്ടിരിക്കുന്നവനും | ആത്മതത്ത്വം | ആത്മസ്വരൂപത്തെ |
| | | ന വേദ | സാക്ഷാൽക്കരിക്കാതെയിരിക്കുന്നുവോ, |
| ജിതഷട്- സപത്നഃ | മനസ്സുൾപ്പെടെ ആറു് ഇന്ദ്രിയങ്ങളാവുന്ന ശത്രുക്കളെ കീഴൊതുക്കിയിരിക്കുന്നവനുമായിഭവിച്ചു് | താവത് | അത്രയുംകാലത്തോളം |
| | | ഇഹ | ഈ സംസാരചക്രത്തിൽ |
| | | ഭ്രമതി | ചുററിത്തിരിയുന്നതാണു് |

വിഷയാസക്തമായ മനസ്സാണു് സാംസാരികതയെന്ന അനൎത്ഥത്തിന്റെ നാരായവേരെന്നു് ധരിക്കാതിരിക്കുന്നേടത്തോളം കാലം വൈരാഗ്യം ഉണ്ടാവുന്നതല്ല. അതുകൊണ്ടു് ദേഹി സംസാരചക്രത്തിൽ കിടന്നുതിരിയുകയാണെന്നു് തുടൻപറയുന്നു.

16 ന യാവദേതന്മന ആത്മലിംഗം
സംസാരതാപാവപനം ജനസ്യ
യച്ഛോകമോഹാമയരാഗലോഭ-
വൈരാനുബന്ധം മമതാം വിധത്തേ.

| | | | |
|---|---|---|---|
| ശോകമോഹാ-മയരാഗ-ലോഭവൈരാ-നുബന്ധം | ശോകം, മോഹം, രോഗം, രാഗം, ലോഭം, വൈരം എന്നിവയുടെ ഈട്ടനില്പും | ഏതത് മനഃ | ഈ മനസ്സിനെ |
| മമതാം | 'എന്റേതെ'ന്നതോന്നലും | ജനസ്യ | ദേഹിയുടെ |
| യത് | യാതൊന്നാണോ | സംസാരതാ-പാവപനം | സംസാരദുഃഖത്തിന്റെ വിളനിലമായിട്ട് |
| വിധത്തേ | ഉണ്ടാക്കിത്തീൎക്കുന്നതു്, | യാവത് | എത്രകാലത്തോളം |
| ആത്മലിംഗം | ആ ജീവോപാധിയായ | [ന വേദ | അറിയുന്നില്ലയോ, |
| | | താവത് | അത്രയും കാലത്തോളം |
| | | ഇഹ | ഈ സംസാരചക്രത്തിൽ |
| | | ഭ്രമതി] | കിടന്നുതിരിയുന്നു. |

17 ഭ്രാതൃവ്യമേനം തദദഭ്രവീര്യ-
മുപേക്ഷയാഽധ്യേധിതമപ്രമത്തഃ
ഗുരോർഹരേശ്ചരണോപാസനാസ്ത്രോ
ജഹി വ്യളീകം സ്വയമാത്മമോഷം.

| | | | |
|---|---|---|---|
| തത് | ആകയാൽ, | ഏനം ഭ്രാതൃവ്യം | ഈ ശത്രുവിനെ |
| അദഭ്രവീര്യം | അനല്പബലശാലിയും | ഗുരോഃ | ആചാര്യരൂപനായ |
| ഉപേക്ഷയാ | അജാഗ്രതമൂലം | ഹരേഃ | ശ്രീഹരിയുടെ |
| അധ്യേധിതം | അധികം വളൎന്നവനും | ചരണോ-പാസനാസ്ത്രഃ | തൃപ്പാദശുശ്രൂഷണമാവുന്ന അസ്ത്രം ധരിച്ച് |
| സ്വയം | സ്വതവേ | അപ്രമത്തഃ | ജാഗരൂകനായിരുന്നു് |
| വ്യളീകം | ഇല്ലാത്തവനെന്നിരിക്കിലും | ജഹി | നിഗ്രഹിച്ചാലും |
| ആത്മമോഷം | ആത്മാവിനെ കവരുന്നവനുമായ | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ രഹൂഗണസംവാദേ
ഏകാദശോഽധ്യായഃ ആദിതഃ സൂക്താനി 264.

അഞ്ചാമത്തെ സ്കന്ധത്തിൽ പതിനൊന്നാമധ്യായം കഴിഞ്ഞു.

# ദ്വാദശോऽധ്യായഃ — അദ്ധ്യായം പന്ത്രണ്ട്.

## രഹൂഗണന്റെ സന്ദേഹനിവൃത്തി.

"ദ്വാദശേ പുനരാപൃഷ്ടഃ സന്ദേഹേന മഹീഭൃതാ
സ യോഗീ സവ്സന്ദേഹാനപാനുദദിതീര്യതേ"

രഹൂഗണൻ വീണ്ടും ചോദിച്ച സന്ദേഹങ്ങളെയെല്ലാം ആ മഹായോഗി ദൂരീകരിച്ചതു് ഈ അദ്ധ്യായത്തിൽ പറയുന്നു.

രഹൂഗണ ഉവാച = രഹൂഗണൻ പറഞ്ഞു—

1 നമോ നമഃ കാരണവിഗ്രഹായ
സ്വരൂപതുച്ഛീകൃതവിഗ്രഹായ
നമോऽവധൂത ദ്വിജബന്ധുലിംഗ-
നിഗൂഢനിത്യാനുഭവായ തുഭ്യം.

| | | | |
|---|---|---|---|
| കാരണ-വിഗ്രഹായ | നിഖിലകാരണഭൂതനായ ഈശ്വരന്റെ ലോകാനുഗ്രഹപ്രദമായ ശരീരമാന്നിരിക്കുന്ന | (തുഭ്യം) | അവിടുത്തേക്കു് |
| | | നമഃ | നമസ്കാരം. |
| തുഭ്യം | അവിടുത്തേക്കു് | അവധൂത | ഹേ യോഗേശ്വര! |
| നമഃ | നമസ്കാരം. | ദ്വിജബന്ധു-ലിംഗനിഗൂഢ-നിത്യാനുഭവായ | ഹീനബ്രാഹ്മണവേഷം കൊണ്ടു് മറയ്ക്കപ്പെട്ട സന്തതാനന്ദാനുഭൂതിയോടുകൂടിയിരിക്കുന്ന |
| സ്വരൂപ-തുച്ഛീകൃത-വിഗ്രഹായ | തന്റെ വാസ്തവികരൂപമായ പരമാനന്ദത്തിന്റെ പ്രകാശത്താൽ തുച്ഛീകരിക്കപ്പെട്ട ദേഹചിന്തയോടുകൂടിയിരിക്കുന്ന | (തുഭ്യം) | അവിടുത്തേക്കു് |
| | | നമഃ | നമസ്കാരം. |

ചിലതു് എടുത്തുചോദിക്കുവാനായി പറഞ്ഞവയെ അഭിനന്ദിക്കുന്നു—

2 ജ്വരാമയാർത്തസ്യ യഥാഽഗദം സ-
ന്നിദാഘദഗ്ധസ്യ യഥാ ഹിമാംഭഃ
കുദേഹമാനാഹിവിദഷ്ടദൃഷ്ടേർ-
ബ്രഹ്മൻ വചസ്തേऽമൃതമൗഷധം ച

| | |
|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മസ്വരൂപ! |
| ജ്വരാമയാർത്തസ്യ | ജ്വരരോഗത്താൽ പീഡിതനായവന്ന് |
| സത് അഗദം | സ്വാദുള്ള മരുന്ന് |
| യഥാ | എന്നതുപോലെയും, |
| നിദാഘദഗ്ധസ്യ | വേനൽച്ചൂടിനാൽ തപിച്ചിരിക്കുന്നവന്ന് |
| ഹിമാംഭഃ | ശീതളപാനീയം |
| യഥാ | എന്നതുപോലെയും |
| കുദേഹമാനാഹിവിദഷ്ട-ദൃഷ്ടേഃ | കുത്സിതദേഹാഭിമാനമാവുന്ന സർപ്പത്താൽ ദംശിക്കപ്പെട്ട വിവേകദൃഷ്ടിയോടുകൂടിയ |
| മേ | എനിക്ക് |
| തേ വചഃ | ഭവാന്റെ വചനം |
| അമൃതം | അമൃതോപമമായ |
| ഔഷധം ച | ഔഷധമായിരിക്കുന്നു. |

3 തസ്മാദ്ഭവന്തം മമ സംശയാർത്ഥം
പ്രക്ഷ്യാമി പശ്ചാദധുനാ സുബോധം.
അധ്യാത്മയോഗഗ്രഥിതം തവോക്ത-
മാഖ്യാഹി കൗതൂഹലചേതസോ മേ.

| | |
|---|---|
| തസ്മാത് | അതുഹേതുവായിട്ട് |
| മമ | എനിക്ക് |
| സംശയാർത്ഥം | സംശയമുള്ള വിഷയം |
| പശ്ചാത് | പിന്നീട് |
| ഭവന്തം | അങ്ങയോട് |
| പ്രക്ഷ്യാമി | ഞാൻ ചോദിച്ചുകൊള്ളാം |
| അധുനാ | ഇപ്പോൾ, |
| അധ്യാത്മ-യോഗഗ്രഥിതം | അധ്യാത്മബോധത്താൽ ദുർബോധമായ |
| തവ | അങ്ങയുടെ |
| ഉക്തം | വചനത്തെ |
| കൗതൂഹല-ചേതസഃ | ശരിക്കറിയുവാൻ കൗതുകംകൊള്ളുന്ന ഹൃദയത്തോടുകൂടിയിരിക്കുന്ന |
| മേ | എനിക്ക് |
| സുബോധം | നല്ലപോലെ ബോധിക്കുംപ്രകാരം |
| ആഖ്യാഹി | വിവരിച്ചുതന്നാലും |

4 യദാഹ യോഗേശ്വര ദൃശ്യമാനം
ക്രിയാഫലം സദ്വ്യവഹാരമൂലം
ന ഹ്യഞ്ജസാ തത്ത്വവിമർശനായ
ഭവാനമുഷ്മിൻ ഭ്രമതേ മനോ മേ

| | |
|---|---|
| യോഗേശ്വര | ഹേ യോഗിവര്യ! |
| ദൃശ്യമാനം | കാണപ്പെടുന്നതും |
| സദ്വ്യവ-ഹാരമൂലം | സത്തായിട്ടുള്ള (അബാധിതമായിട്ടുള്ള) വ്യവഹാരത്തിന്ന് കാരണമായിരിക്കുന്നതുമായ |
| ക്രിയാഫലം | ക്രിയയും അതിന്റെ ഫലവും |
| അഞ്ജസാ | ശരിക്കു |
| തത്ത്വ-വിമർശനായ | തത്ത്വവിചാരത്തിനായിക്കൊണ്ടുദ്യമിക്കുമ്പോൾ |
| ന ഹി | നിലകൊള്ളുന്നതല്ല |
| ഇതി (യത്) | എന്നിങ്ങിനെയൊന്ന് |
| ഭവാൻ | അവിടുന്ന് |
| ആഹ | പറഞ്ഞുവല്ലോ— |
| അമുഷ്മിൻ | ഈ വിഷയത്തിൽ |
| മേ മനഃ | എന്റെ മനസ്സ് |
| ഭ്രമതേ | വിഷമിക്കുന്നു. |

“ത്വയോദിതം വ്യക്തമവിപ്രലബ്ധം” ഇത്യാദിവചനങ്ങളാൽ ഭാരോദ്വഹനവും ശ്രമവും ഇല്ലെന്നു പറഞ്ഞു. അതിന്റെ അർത്ഥം ക്രിയയും തൽഫലവും വ്യവഹാരം മാത്രമാണെന്നും തത്വവിചാരത്തിൽ ഇല്ലാത്തതാകുമെന്നും ആണല്ലോ. എങ്ങനെ ഇല്ലാത്തതാകും? പ്രത്യക്ഷാനുഭവവും അബാധിതത്വവും രണ്ടിനുമുണ്ട്. ഇവിടെയാണ് സന്ദേഹം ഇന്നിയും തീരാതെ നില്ക്കുന്നതെന്നു സാരം.

കർമ്മഫലങ്ങൾക്ക് അബാധിതത്വം (ഉത്തരകാലാനുവൃത്തി) ഉണ്ടെന്നുള്ളതിനെ നിരസിക്കുവാൻവേണ്ടി ഈ അബാധിതത്വംതന്നെ അസിദ്ധമാണെന്ന് ഉപപാദിച്ചുകൊണ്ട് ബ്രാഹ്മണൻ (ജഡഭരതൻ) സമാധാനം പറയുന്നു.

ബ്രാഹ്മണ ഉവാച = ബ്രാഹ്മണൻ പറഞ്ഞു—

5 അയം ജനോ നാമ ചലൻ പൃഥിവ്യാം
യഃ പാർത്ഥിവഃ പാർത്ഥിവ കസ്യ ഹേതോഃ
തസ്യാപി ചാങ്ഘ്ര്യോരധി ഗുല്ഫജംഘാ-
ജാനൂരുമധ്യോരശിരോധരാംസാഃ

| | | | |
|---|---|---|---|
| പാർത്ഥിവ | ഹേ രാജാവേ! | അയം ജനഃ | ഇയ്യുള്ളവൻ. |
| കസ്യ ഹേതോഃ | ഏതോ ദുരൂഹമായ ഹേതുവാൽ | തസ്യ അപി ച | അതിനുംകൂടി (ആ ഭാരികാരമായ മനുഷ്യാകൃതി പിണ്ഡത്തിനുംകൂടി) |
| പൃഥിവ്യാം | ഭൂമിയിൽ | | |
| ചലൻ | ചലിച്ചുകൊണ്ടിരിക്കുന്ന | അംഘ്ര്യോഃ അധി | പാദങ്ങൾക്കുമീതെ |
| പാർത്ഥിവഃ | ഭൂമിയുടെതന്നെ വികാരമായ | ഗുൽഫജംഘാ- ജാനൂരുമധ്യോ- രശിരോ- ധരാംസാഃ | നെരിയാണി, കണങ്കാൽ, മുട്ട്, തുട, അര, മാറിടം, കഴുത്ത്, തോൾ എന്നീ വിഭാഗങ്ങൾ ഉണ്ട്. |
| യഃ | യാതൊരുപിണ്ഡമുണ്ടോ, | | |
| (സഃ) നാമ | അതത്രേ | | |

ശരീരംതന്നെ സിദ്ധമല്ലെന്ന് സ്ഥാപിക്കുകയാണ് ഇവിടെ ചെയ്തതു്. അപ്പോൾ അതുകൊണ്ടുള്ള ഭാരോദ്വഹനവും തൽഫലമായ ശ്രമവും ബാധിതംതന്നെയാകുമല്ലോ.

ഭൂമിയുടെ വികൃതാംശങ്ങൾ സ്വയം ചലിക്കുന്നവയായാലും ജഡങ്ങൾതന്നെയാണ്, അവയെ ഭാരവും ശ്രമവും ബാധിക്കുന്നില്ല ശരീരമെന്നു വ്യവഹരിക്കപ്പെടുന്ന വസ്തുവാകട്ടെ ചലനമുള്ള വെറുമൊരു മൺകട്ടയത്രേ. അതിനും ബാധിതത്വം വരുന്നു. ശരീരത്തെ പാദാദ്യവയവങ്ങളായി വിശ്ലേഷിക്കുമ്പോൾ അവയവിയായ ശരീരം ബാക്കിനില്ക്കുമോ? അതുകൊണ്ടാണ് ഇവയൊന്നുമേ സത്യമല്ലെന്നു പറഞ്ഞതു്.

അപ്രകാരം നോക്കുമ്പോൾ ഈ പല്ലക്കും അതിലിരിക്കുന്ന അങ്ങയും സത്യമല്ല വ്യവഹാരം മാത്രമാണ്. ഈ സംഗതി ഇനി എടുത്തുകാണിക്കുന്നു.

6 അംസേഽധി ദാർവ്വീ ശിബികാ ച യസ്യാം
സൗവീരരാജേത്യപദേശ ആസ്തേ
യസ്മിൻ ഭവാൻ രൂഢനിജാഭിമാനോ
രാജാസ്മി സിന്ധുഷ്വിതി ദുർമ്മദാന്ധഃ

| | |
|---|---|
| അംസേ | തോളിൽ |
| അധിദാർവ്വീ | മരത്തടികൊണ്ടു് നിർമ്മിതമായ |
| ശിബികാ ച | പല്ലക്കും, |
| യസ്യാം | യാതൊന്നിൽ |
| സൗവീരരാജഃ | 'സൗവീരരാജൻ' |
| ഇതി | എന്നിങ്ങനെ |
| അപദേശഃ | വ്യവഹാരം മാത്രമുള്ള മൺകട്ടയും |
| ആസ്തേ | ഇരിക്കുന്നു. |
| യസ്മിൻ | യാതൊരു ഈ മൺകട്ടയിന്മേൽ |
| രൂഢ-നിജാഭിമാനഃ | വേരൂന്നിയ അഹന്താഭിമാനത്തോടുകൂടിയ |
| ഭവാൻ | അങ്ങുന്നു് |
| സിന്ധുഷു | "സിന്ധുദേശങ്ങളിലെ |
| രാജാ അസ്മി | രാജാവാണു് ഞാൻ" |
| ഇതി | എന്നിങ്ങനെയുള്ള |
| ദുർമ്മദാന്ധഃ | ദുരഹങ്കാരത്താൽ കാഴ്ചയില്ലാതെയുമിരിക്കുന്നു. |

7 ശോച്യാനിമാംസ്ത്വമധികഷ്ടദീനാൻ
വിഷ്ട്യാ നിഗൃഹ്ണന്നിരനുഗ്രഹോऽസി
ജനസ്യ ഗോപ്താസ്മി വികത്ഥമാനോ
ന ശോഭസേ വൃദ്ധസഭാസു ധൃഷ്ടഃ.

| | |
|---|---|
| ശോച്യാൻ | ദയനീയന്മാരും |
| അധികഷ്ട-ദീനാൻ | അധികം ക്ലേശകരമായ പ്രവൃത്തികൊണ്ടുതളൎന്നവരുമായ |
| ഇമാൻ | ഇവരെ (പല്ലക്കുതാങ്ങുന്നവരെ) |
| വിഷ്ട്യാ | പ്രതിഫലമില്ലാത്ത പണിക്കായി |
| നിഗൃഹ്ണൻ | ബലാൽ പിടിച്ചുചേൎത്തിയിരിക്കുന്ന |
| ത്വം | അങ്ങുന്നു് |
| നിരനുഗ്രഹഃ അസി | അനുകമ്പയില്ലാത്തവനാകുന്നു. |
| ജനസ്യ | ജനസഞ്ചയത്തിന്റെ |
| ഗോപ്താ | സംരക്ഷകൻ |
| അസ്മി (ഇതി) | ഞാനാണെന്നു് |
| വികത്ഥമാനഃ | സ്വയം പുകഴ്ത്തുന്ന |
| ധൃഷ്ടഃ | ദുരഹങ്കാരിയായ അങ്ങു് |
| വൃദ്ധസഭാസു | വലിയവരുടെ സംഘത്തിൽ |
| ന ശോഭസേ | ശോഭിക്കുന്നില്ല. |

അവയവ ബാധിതമാണെന്നതിന്നു് പറഞ്ഞ ന്യായംകൊണ്ടുതന്നെ അവയവങ്ങളും ബാധിതങ്ങളാകുന്നു. അതിനാൽ പൂൎവ്വപൂൎവ്വാവയവങ്ങൾക്കു് ഉത്തരോത്തരാവയവഭാരം ആശങ്കിക്കേണ്ടതില്ലെന്നു് ഇനി ചൂണ്ടിക്കാണിക്കുന്നു—

8 യഥാ ക്ഷിതാവേവ ചരാചരസ്യ
വിദാമ നിഷ്ഠാം പ്രഭവം ച നിത്യം
തന്നാമതോऽന്യദ് വ്യവഹാരമൂലം
നിരൂപ്യതാം സത്ക്രിയയാനുമേയം.

| | |
|---|---|
| ചരാചരസ്യ | ചലിക്കുന്നവയും ചലിക്കാത്തവയുമായ വസ്തുജാതത്തിന്റെ |
| പ്രഭവം | ഉത്പത്തിയേയും |
| നിഷ്ഠാം ച | വിലയത്തേയും |

| | | | |
|---|---|---|---|
| നിത്യം | നിയമേന | വ്യവഹാരമൂലം | വ്യവഹാരകാരണമായിട്ട് |
| ക്ഷിതൌ ഏവ | ഭൂമിയിൽത്തന്നെ | അന്യത് | മറ്റൊന്ന് |
| യദാ | എപ്പോൾ | സത്ക്രിയയാ | അർത്ഥത്താലോ ക്രിയയാലോ |
| വിദാമ | കണ്ടറിയുന്നുവോ, | അനുമേയം | അനുമിക്കപ്പെടാവുന്ന സദ്വസ്തുവായിട്ടുണ്ടോ എന്ന് |
| (തദാ) | അപ്പോൾ, | നിരൂപ്യതാം | ചിന്തിച്ചുനോക്കിയാലും |
| തന്നാമതഃ | അവയുടെ പേരുകളല്ലാതെ | | |

ഭൂമിയിൽനിന്നുണ്ടായി, ഭൂമിയിൽത്തന്നെ വിലയം പ്രാപിക്കുന്ന ചരാചരപദാർത്ഥങ്ങൾക്ക് നാമം കൊണ്ടുള്ള ഭേദമല്ലാതെ പൃഥക്സത്തയില്ല — എല്ലാം ഭൂമിമയം തന്നെ. എന്നാൽ ഭൂമി സത്യമാണെന്ന് കരുതാമോ ? അല്ലെന്ന് താഴെ പറയുന്നു—

9 ഏവം നിരുക്തം ക്ഷിതിശബ്ദവൃത്ത
മസന്നിധാനാത് പരമാണവോ യേ
അവിദ്യയാ മനസാ കല്പിതാസ്തേ
യേഷാം സമൂഹേന കൃതോ വിശേഷഃ.

| | | | |
|---|---|---|---|
| ക്ഷിതിശബ്ദവൃത്തം | ക്ഷിതി (ഭൂമി) എന്ന ശബ്ദത്തിന്റെയും പൊരുൾ (ആ ശബ്ദത്താൽ വാച്യമായ വസ്തു) | യേ | യാതൊരു |
| | | പരമാണവഃ | പരമാണുക്കളുണ്ടല്ലോ, |
| | | തേ (അപി) | അവകളും |
| | | അവിദ്യയാ | മായ ഹേതുവായിട്ട് |
| അസന്നിധാനാത് | അസത്തുക്കളായ (സൂക്ഷ്മങ്ങളായ) പരമാണുക്കളിൽ വിലയിക്കുന്നു എന്ന കാരണത്താൽ | മനസാ | മനസ്സിനാൽ |
| | | കല്പിതാഃ | കല്പിതങ്ങളാണ്. |
| | | വിശേഷഃ | സ്ഥൂലമായ പൃഥിവീരൂപം |
| ഏവം | ഇപ്രകാരം മിഥ്യാത്വേന | യേഷാം | ഇവയുടെ |
| നിരുക്തം | നിരൂപണം ചെയ്യപ്പെട്ടിരിക്കുന്നു. | സമൂഹേന | സമൂഹത്താൽ |
| | | കൃതഃ | കല്പിക്കപ്പെട്ടതാകുന്നു. |

ഭൂവികാരങ്ങളായ ശരീരാദികൾക്കെന്നപോലെ ഭൂമിക്കും സത്യത്വമില്ല. അത് പരമാണുക്കളിൽ വിലയിക്കുന്നു. എന്നാൽ പരമാണുക്കൾ സത്യമാകരുതോ ? ഭൂമിയുടെ രൂപവിശേഷത്തിന്ന് കാരണമായ ഈ അണുസഞ്ചയം മായാകല്പിതമാകയാൽ അതിനും സത്യാവസ്ഥിതിയില്ല. ഈ ന്യായം അനുസരിച്ച് എല്ലാ പ്രകൃതികാര്യവും മനഃകല്പിതമാകയാൽ മിഥ്യയായിവരുമെന്ന് ഇനി പറയുന്നു —

10 ഏവം കൃശം സ്ഥൂലമണുർബൃഹദ്യ-
ദസച്ച സജ്ജീവമജീവമന്യത്

ദ്രവ്യസ്വഭാവാശയകാലകർമ്മ-
നാമ്നാഽജയാഽവേഹി കൃതം ദ്വിതീയം

| | |
|---|---|
| ഏവം | ഇപ്രകാരം, |
| കൃശം സ്ഥൂലം | ഹ്രസ്വവും ദീർഘവും |
| അണുഃ | ചെറിയതും |
| ബൃഹത് | വലിയതും |
| അസത് | കാരണവും |
| സത് | കാര്യവും |
| ജീവം | ചേതനവും |
| അജീവം ച | ജഡവും |
| അന്യത് യത് | വേറെയുള്ളതുമായ |
| ദ്വിതീയം | ദ്വൈതപ്രപഞ്ചം |
| ദ്രവ്യസ്വഭാവാ-ശയകാല-കർമ്മനാമ്നാ | ദ്രവ്യം, സ്വഭാവം, ആശയം, കാലം, കർമ്മം എന്നീ പേരുകളാൽ അറിയപ്പെടുന്ന |
| അജയാ | മായയാൽ |
| കൃതം | കല്പിതമായതെന്ന് |
| അവേഹി | അറിഞ്ഞുകൊണ്ടാലും- |

എന്നാൽ പിന്നെ സത്യമായതെന്ത് ? പറയുന്നു—

11 ജ്ഞാനം വിശുദ്ധം പരമാർത്ഥമേക-
മനന്തരം ത്വബഹിർബ്രഹ്മ സത്യം
പ്രത്യക്പ്രശാന്തം ഭഗവച്ഛബ്ദസംജ്ഞം
യദ്വാസുദേവം കവയോ വദന്തി.

| | |
|---|---|
| വിശുദ്ധം | പരിശുദ്ധവും |
| ഏകം | ഏകരൂപവും |
| അനന്തരം തു അബഹിഃ | അന്തർഭാഗമോ ബഹിർഭാഗമോ ഇല്ലാത്തതും |
| ബ്രഹ്മ | വ്യാപകവും |
| പ്രത്യക് | അന്തർമുഖവും |
| പ്രശാന്തം | നിർവികാരവുമായ |
| ജ്ഞാനം | ജ്ഞാനമാത്രമാണ് |
| പരമാർത്ഥം | പാരമാർത്ഥികമായ |
| സത്യം | സത്യമായി നിലകൊള്ളുന്നത്- |
| ഭഗവ-ച്ഛബ്ദസംജ്ഞം | ഐശ്വര്യാദി ഷഡ്ഗുണങ്ങളുടെ തികവിനാൽ 'ഭഗവാൻ' എന്ന വാക്കുകൊണ്ട് പറയപ്പെടുന്ന |
| യത് | യാതൊരു ജ്ഞാനസ്വരൂപത്തെ |
| കവയഃ | വിവേകികൾ |
| വാസുദേവം | വാസുദേവനെന്നും |
| വദന്തി | പറയുന്നു— |

ഈ ജ്ഞാനമാകട്ടെ വൃത്തിജ്ഞാനം (ഇന്ദ്രിയഗ്രാഹ്യമായ അറിവ്) അല്ലെന്ന് കാണിക്കുവാനാണ് വിശുദ്ധം എന്നു തുടങ്ങിയ ആറ് വിശേഷണങ്ങൾ പറഞ്ഞത്. വൃത്തിജ്ഞാനം അജ്ഞാനവികാരമാകയാൽ ശുദ്ധമല്ല. അത് ബഹുരൂപമാണ്. അതിന് ബാഹ്യാഭ്യന്തരങ്ങൾ ഉണ്ട്. അത് പരിച്ഛിന്നമാണ്, ബഹിർമുഖമാണ്, സവികാരമാണ്— "സത്യ" വെറും വ്യാവഹാരികമല്ലെന്ന് കാണിപ്പാൻവേണ്ടിയാണ് 'പരമാർത്ഥം' എന്ന പദംകൊണ്ട് സത്യത്തെ വിശേഷിപ്പിച്ചതും.

ഈ സത്യജ്ഞാനം മഹാപുരുഷന്മാരെ സേവിക്കാതെ പ്രാപ്യമല്ലെന്ന് പറയുന്നു-

12 രഹൂഗണൈതത്തപസാ ന യാതി
ന ചേജ്യയാ നിർവ്വപണാദ് ഗൃഹാദ് വാ
ന ഛന്ദസാ നൈവ ജലാഗ്നിസൂര്യൈർ-
വിനാ മഹത്പാദരജോഭിഷേകം.

| | | | |
|---|---|---|---|
| രഹൂഗണ | ഹേ രഹൂഗണ! | നിർവ്വപണാത് | അന്നാദിദാനം കൊണ്ടോ, |
| ഏതത് | ഇതു് (സത്യജ്ഞാനം) | ഗൃഹാത് | ഗൃഹസ്ഥവൃത്തിയാലുള്ള ഉപകാരങ്ങൾകൊണ്ടോ, |
| മഹത്പാദ-രജോഭിഷേകം വിനാ | മഹാപുരുഷന്മാരുടെ പാദപാംസുക്കളാൽ അഭിഷേകം ചെയ്യാതെ | ഛന്ദസാ വാ | വേദാഭ്യസനംകൊണ്ടോ |
| തപസാ | തപസ്സുകൊണ്ടു് | ന | പ്രാപിക്കുകയില്ല. |
| ന യാതി | പ്രാപിക്കുകയില്ല; | ജലാഗ്നി-സൂര്യൈഃ | ജലം, അഗ്നി, ആദിത്യൻ മുതലായ ദേവതകളെ ഉപാസിച്ചതു കൊണ്ടും |
| ഇജ്യയാ ച | വേദോക്തകർമ്മം കൊണ്ടും | | |
| ന | ഇല്ല; | ന ഏവ | പ്രാപിക്കുന്നതല്ല. |

മഹാപുരുഷന്മാരുടെ പാദസേവയാൽ അതെങ്ങനെയുണ്ടാകുമെന്നു് വിശദമാക്കുന്നു—

13 യത്രോത്തമശ്ലോകഗുണാനുവാദഃ
പ്രസ്തൂയതേ ഗ്രാമ്യകഥാവിഘാതഃ
നിഷേവ്യമാണോഽനുദിനം മുമുക്ഷോർ-
മതിം സതീം യച്ഛതി വാസുദേവേ.

| | | | |
|---|---|---|---|
| യത്ര | യാതൊരു മഹാപുരുഷന്മാരുടെ സന്നിധിയിങ്കൽ | നിഷേവ്യമാണഃ | സശ്രദ്ധം സേവിക്കപ്പെട്ടതായിഭവിച്ചു് |
| ഗ്രാമ്യകഥാ-വിഘാതഃ | സാംസാരികകഥകൾക്കു് വിഘ്നമുണ്ടാക്കുന്ന | മുമുക്ഷോഃ | മോക്ഷാർത്ഥിക്കു് |
| ഉത്തമശ്ലോക-ഗുണാനുവാദഃ | ഭഗവാന്റെ ഗുണാനുകഥനം | വാസുദേവ | ശ്രീവാസുദേവനിൽ |
| പ്രസ്തൂയതേ | നടന്നുകൊണ്ടേ ഇരിക്കും | സതീം | വിശുദ്ധമായ |
| അനുദിനം | (അതു്) ദിനംതോറും | മതിം | ചിത്തവൃത്തിയെ (ഭക്തിയെ) |
| | | യച്ഛതി | പ്രദാനംചെയ്യുന്നു. |

സാംസാരികവിഷയാസക്തി യോഗഭ്രംശം വരുത്തുമെന്നു് ഉദ്ബോധിപ്പിക്കുവാൻ തന്റെ പൂർവ്വജന്മചരിത്രം ഉദാഹരിക്കുന്നു — 'അങ്ങു് ആരാണു് ?' എന്ന രഹൂഗണന്റെ ചോദ്യത്തിനുള്ള ഉത്തരവുമായി—

14 അഹം പുരാ ഭരതോ നാമ രാജാ
വിമുക്തദൃഷ്ടശ്രുതസംഗബന്ധഃ
ആരാധനം ഭഗവത ഈഹമാനോ
മൃഗോഽഭവം മൃഗസംഗാദ്ധതാർത്ഥഃ.

| | | | |
|---|---|---|---|
| അഹം പുരാ | ഞാൻ പണ്ട് | ആരാധനം | ആരാധനത്തെ |
| ഭരതഃ നാമ | ഭരതനെന്നുപേരായ | ഈഹമാനഃ | ചെയ്തുകൊണ്ടിരിക്കെ, |
| രാജാ | രാജാവായിരുന്നു. | മൃഗസംഗാത് | ഒരു മാൻകുട്ടിയിലുണ്ടായ താൽപര്യത്താൽ |
| വിമുക്ത- ദൃഷ്ടശ്രുത- സംഗബന്ധഃ | ഐഹികവും പാരത്രികവുമായ ആസക്തിയോടുള്ള ബന്ധത്തിൽ നിന്നു് മോചനം സാധിച്ചവനായിട്ട് | ഹതാർത്ഥഃ | സ്വന്തം ജീവിതപ്രയോജനം നഷ്ടപ്പെട്ടവനായിഭവിച്ചു് |
| | | മൃഗഃ | മാനായിട്ടു് |
| ഭഗവതഃ | ഭഗവാൻെറ | അഭവം | പിറവിയെടുത്തു. |

യോഗഭ്രഷ്ടനപ്പോലും ഭഗവദാരാധനം സമുദ്ധരിക്കുമെന്നു് തന്നെ ദൃഷ്ടാന്തപ്പെടുത്തി ഇനി പറയുന്നു—

15 സാ മാം സ്മൃതിർമൃഗദേഹേഽപി വീര
കൃഷ്ണാർച്ചനപ്രഭവാ നോ ജഹാതി
അഥോ അഹം ജനസംഗാദസംഗോ
വിശങ്കമാനോഽവിവൃതശ്ചരാമി.

| | | | |
|---|---|---|---|
| വീര | ഹേ വീരാത്മൻ! | അഥോ | അതിനാൽ |
| മൃഗദേഹേ അപി | മൃഗത്തിൻെറ ശരീരം ലഭിച്ച സന്ദർഭത്തിലുംകൂടി | അഹം | ഞാൻ |
| | | ജനസംഗാത് | ജനസമ്പർക്കത്തിൽ നിന്നു് |
| കൃഷ്ണാർച്ചന- പ്രഭവാ | ഭഗവാനെ ആരാധിച്ചതിൻെറ ഫലമായുണ്ടായ | വിശങ്കമാനഃ | ആശങ്കപൂണ്ടുകൊണ്ട് |
| സാ സ്മൃതിഃ | ആ പൂർവ്വജന്മസ്മരണ | അസംഗഃ | ഒന്നിലും ആസക്തിയില്ലാതെ |
| മാം | എന്നെ | അവിവൃതഃ | നിഗൂഢനായിട്ടു് |
| നോ ജഹാതി | വിട്ടുപോയിട്ടില്ല. | ചരാമി | നടക്കുന്നു. |

16 തസ്മാന്നരോഽസംഗസുസംഗജാത-
ജ്ഞാനാസിനേഹൈവ വിവൃക്ണമോഹഃ
ഹരിം തദീഹാകഥനസ്മൃതിഭ്യാം
ലബ്ധസ്മൃതിര്യാത്യതിപാരമധ്വനഃ

| | | | |
|---|---|---|---|
| തസ്മാത് | അതുകൊണ്ടു് | അതിപാരം | മറുകരയായ |
| നരഃ | മനുഷ്യൻ | ഹരിം | ശ്രീഹരിയെ |
| അസംഗ-സുസംഗജാത-ജ്ഞാനാസിനാ | അനാസക്തന്മാരായ മഹാത്മാക്കളുടെ സമ്പക്കം നിമിത്തമുണ്ടായ ജ്ഞാനഖഡ്ഗത്താൽ | തദീഹാകഥന-സ്മൃതിഭ്യാം | അവിടുത്തെ ലീലകളുടെ കഥനത്താലും സ്മരണത്താലും |
| ഇഹ ഏവ | ഇവിടെ വെച്ചുതന്നെ | ലബ്ധസ്മൃതിഃ | സ്വായത്തമായ സ്വരൂപസ്മരണയോടുകൂടിയവനായിഭവിച്ചു് |
| വിവൃക്ണ-മോഹഃ | വിച്ഛേദിക്കപ്പെട്ട മോഹത്തോടുകൂടിയവനായിട്ടു് | | |
| അധ്വനഃ | സംസാരമാഗ്ഗത്തിൻെറ | യാതി | പ്രാപിക്കുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ ബ്രാഹ്മണരഹൂഗണസംവാദേ

ദ്വാദശോऽദ്ധ്യായഃ ആദിതഃ ശ്ലോകാനി 280.

അഞ്ചാമത്തെ സ്കന്ധത്തിൽ പന്ത്രണ്ടാമദ്ധ്യായം കഴിഞ്ഞു.

# ത്രയോദശോऽധ്യായഃ — അധ്യായം പതിമൂന്നു്.

## ഭവാടവീവണ്ണനം

"ത്രയോദശേऽവിരക്തായ വൃഥാ തത്ത്വനിരൂപണം
ഇതി വൈരാഗ്യദാർഢ്യായ ഭവാടവ്യുപവർണ്യതേ"

വിരക്തിയില്ലാത്തവൻെറ അടുക്കൽ തത്ത്വജ്ഞാനോപദേശം വെറുതേയാണെന്നുകരുതി, രാജാവിൻെറ മനസ്സിൽ വിരക്തിയുറപ്പിക്കുന്നതിന്നായി ഈ സംസാരത്തെ ഒരു ഘോരവനമാഗ്ഗമായിട്ടു നിരൂപണംചെയ്തു് ഈ അധ്യായത്തിൽ വണ്ണിക്കുന്നു.

ബ്രാഹ്മണ ഉവാച = ബ്രാഹ്മണൻ പറഞ്ഞു—

1 ദുരത്യയേऽധ്വന്യജയാ നിവേശിതോ
രജസ്തമഃസത്ത്വവിഭക്തകമ്മദൃക്
സ ഏഷ സാർത്ഥോऽർത്ഥപരഃ പരിഭ്രമൻ
ഭവാടവീം യാതി ന ശമ്മ വിന്ദതി.

| | | | |
|---|---|---|---|
| ദുരത്യയേ | കടന്നുപോകാൻ പ്രയാസമുള്ള | അജയാ | മായയാൽ |
| | | നിവേശിതഃ | പ്രവേശിപ്പിക്കപ്പെട്ടിരി[ക്കുന്ന |
| അധ്വനി | പ്രവൃത്തിമാഗ്ഗത്തിൽ | സഃ ഏഷഃ | ഇക്കാണായ |

| | | | |
|---|---|---|---|
| സാർത്ഥഃ | ജീവസമൂഹം | പരിഭ്രമൻ | പലദിക്കിലും ചുററിക്കൊണ്ടു് |
| രജസ്തമഃസത്ത്വവിഭക്തകർമ്മദൃക് | രജസ്സ്, തമസ്സ്, സത്ത്വം എന്നീ ഗുണങ്ങളാൽ വിഭജിക്കപ്പെട്ട കർമ്മങ്ങളിൽ നോട്ടംവെച്ചു്, | ഭവാടവീം | സംസാരമെന്ന വനത്തെ |
| | | യാതി | പ്രാപിക്കുന്നു; |
| അർത്ഥപരഃ | ലൗകികാർത്ഥങ്ങളിൽ തത്പരത്വമാന്നു്, | ശർമ്മ | പരമാർത്ഥ സുഖത്തെ |
| | | ന വിന്ദതി | പ്രാപിക്കുന്നതുമില്ല. |

(സാർത്ഥഃ = വണിക്സംഘം) ധനാർജ്ജനവ്യഗ്രതയാൽ ഉഴലുന്ന വണിക്സംഘം പെരുംകാട്ടിൽചെന്നകപ്പെട്ടു് നട്ടംതിരിയുന്നമാതിരി, മായാവലയത്തിൽപെട്ടു് ഗ്രാമ്യസുഖാഭിലാഷിയായിത്തീന്ന ജീവനിവഹം സംസാരവനത്തിൽ അകപ്പെട്ടു് വലയുന്നുവെന്നു് സാരം.

ഇനി 20_ാമത്തെ ശ്ലോകംവരെ ഈ സംസാരവനത്തിൻെറ (ഭവാടവി) വർണ്ണനയാണു്.

2 യസ്യാമിമേ ഷൺനരദേവ ദസ്യവഃ
സാർത്ഥം വിലുംപന്തി കുനായകം ബലാത്
ഗോമായവോ യത്ര ഹരന്തി സാർത്ഥികം
പ്രമത്തമാവിശ്യ യഥോരണം വൃകാഃ.

| | | | |
|---|---|---|---|
| നരദേവ | രാജാവെ ! | യത്ര | യാതൊരിടത്തു് |
| യസ്യാം | യാതൊരു സംസാരവനത്തിൽ | ആവിശ്യ | എത്തിച്ചേന്നു് |
| ഇമേ ഷട് | ഈ ആറു് | പ്രമത്തം | അജാഗ്രതയോടെ ഇരിക്കുന്ന |
| ദസ്യവഃ | കാട്ടുകള്ളന്മാർ | സാർത്ഥികം | സംഘക്കാരനെ, |
| കുനായകം | ദുഷിച്ച നേതൃത്വമുള്ള | വൃകാഃ | ചെന്നായ്ക്കൾ |
| സാർത്ഥം | വണിക്സംഘത്തെ | ഉരണം | ആടിനെ |
| ബലാത് | ബലാൽകാരേണ | യഥാ | എന്നപോലെ |
| വിലുംപന്തി | കൊള്ളയടിക്കുന്നു. | | |
| ഗോമായവഃ | കുറുക്കന്മാർ | ഹരന്തി | അങ്ങുമിങ്ങും അലട്ടുന്നു. |

ഈ വനവൃത്താന്തകഥനം വാച്യാർത്ഥത്തിൽ ഒതുങ്ങിനില്ക്കുന്നതല്ല. പ്രകൃതോപയുക്തമായ ലക്ഷ്യാർത്ഥം വേറെയുണ്ടു്. അതു് അടുത്ത അദ്ധ്യായത്തിൽ ഋഷിതന്നെ വിവരിക്കുകയും ചെയ്യുന്നുണ്ടു്. എങ്കിലും സുഖാവബോധത്തെ മുൻനിത്തി ഓരോ ശ്ലോകത്തിൻെറയും അടിയിൽ വിവക്ഷിതാർത്ഥംകൂടി പ്രത്യേകം ചേക്കുന്നു.

"സംസാരവനത്തിലെത്തിയ ജീവരാശിയാവുന്ന വണിക്സംഘം ഷഡിന്ദ്രിയങ്ങളാവുന്ന ദസ്യുക്കളുടെ ആക്രമണത്തിനു് വിധേയമായിത്തീരുന്നു. സംഘത്തെ നയിക്കുന്ന കുബുദ്ധിയെന്ന നേതാവു് ഇവിടെ പരാജയപ്പെടുകയാണു്. പുത്രദാരാദികളാവുന്ന കുറുക്കന്മാർ ഈ സംഘത്തിലുള്ളവരെ അലട്ടുന്നു."

3 പ്രഭൂതവീരുത്തൃണഗുല്മഗഹ്വരേ
കഠോരദംശൈർമ്മശകൈരുപദ്രുതഃ
ക്വചിത്തു ഗന്ധർവ്വപുരം പ്രപശ്യതി
ക്വചിത് ക്വചിച്ചാശുരയോല്മുകഗ്രഹം

| | | | |
|---|---|---|---|
| പ്രഭൂതവീരുത്തൃണഗുല്മഗഹ്വരേ | ധാരാളം വള്ളികളും പുല്ലുകളും പൊന്തച്ചെടികളുംകൊണ്ടു് ദുഷ്പ്രവേശമായ സ്ഥലത്തു് | ക്വചിത് തു | ഇടയ്ക്കു് |
| | | ഗന്ധർവ്വപുരം | ഗന്ധർവ്വനഗരത്തെ |
| | | പ്രപശ്യതി | ഉണ്മയിൽ കാണുന്നു. |
| കഠോരദംശൈഃ | കുത്തുള്ള കാട്ടീച്ചകളാലും | ക്വചിത് ക്വചിത് | ഇടയ്ക്കിടയ്ക്കിടക്കു് |
| മശകൈഃ | കൊതുക്കളാലും | ആശുരയോല്മുകഗ്രഹം ച | പാഞ്ഞുപോകുന്ന കൊള്ളിപ്പിശാചിനെയും |
| ഉപദ്രുതഃ | ദ്രോഹിക്കപ്പെട്ടു്, | (പ്രപശ്യതി) | നോക്കിമിഴിക്കുന്നു. |

"കാമ്യകർമ്മങ്ങളാവുന്ന വള്ളിമൂടിലാരങ്ങളാൽ നിറഞ്ഞ ഗൃഹസ്ഥാശ്രമഗഹ്വരയിലിരുന്നു് ദുർജ്ജനങ്ങളാവുന്ന ഈച്ചകളുടെ ശല്യം അനുഭവിക്കുന്നു. ഗന്ധർവ്വനഗരം പോലെ മിഥ്യാവിഭ്രാന്തിയായ ദേഹാദിയെ പരമാർത്ഥതേന നിരീക്ഷിക്കുന്നു. പാഞ്ഞുപോകുന്ന കൊള്ളിപ്പിശാചിനെപ്പോലെ വന്നും പോയും ഇരിക്കുന്ന പൊന്നും പണവും തനിക്കു് അടങ്ങുമെന്നു് കരുതുന്നു."

4 നിവാസതോയദ്രവിണാത്മബുദ്ധി-
സ്തതസ്തതോ ധാവതി ഭോ അടവ്യാം
ക്വചിച്ച വാത്യോത്ഥിതപാംസുധൂമ്രാ
ദിശോ ന ജാനാതി രജസ്വലാക്ഷഃ.

| | | | |
|---|---|---|---|
| നിവാസതോയദ്രവിണാത്മബുദ്ധിഃ | പാർപ്പിടം, വെള്ളം, ധനം മുതലായവയിൽ തന്റേതെന്ന ബുദ്ധിയോടുകൂടിയവനായിട്ടു് | ക്വചിത് ച | ചിലപ്പോൾ |
| | | രജസ്വലാക്ഷഃ | പൊടിനിറഞ്ഞ കണ്ണുകളോടുകൂടിയവനായിട്ടു് |
| അടവ്യാം | വനത്തിൽ | വാത്യോത്ഥിതപാംസുധൂമ്രാഃ | ചുഴലിക്കാററിനാൽ ഉയന്ന ധൂളികളാൽ ധൂസരങ്ങളായ |
| തതസ്തതഃ | അവിടവിടെ | | |
| ധാവതി | പരക്കംപായുന്നു. | ദിശഃ | ദിക്കുകളെ |
| ഭോഃ | ഹേ രാജൻ | ന ജാനാതി | അറിയാതെയാവുന്നു. |

"ചുഴലിക്കാററുപോലെ കാഴ്ചകെടുത്തുന്ന സ്ത്രീയിലുള്ള രാഗാധിക്യത്താൽ കർമ്മസാക്ഷികളായ ദേവതകളെപ്പോലും പരിഗണിക്കുന്നില്ല"

5 അദൃശ്യഝില്ലീസ്വനകർണ്ണശൂല
ഉലൂകവാഗ്ഭിർവ്യഥിതാന്തരാത്മാ
അപുണ്യവൃക്ഷാൻ ശ്രയതേ ക്ഷുധാർദ്ദിതോ
മരീചിതോയാന്യഭിധാവതി ക്വചിത്

| | |
|---|---|
| അദൃശ്യഝില്ലീസ്വനകർണശൂലഃ | കാണപ്പെടാവുന്നവയല്ലാത്ത ചീവീടുകളുടെ ചിലയ്ക്കലാൽ കണ്ണുകളിൽ പീഡയാർന്നുകൊണ്ടും |
| ഉലൂകവാഗ്ഭിഃ | കൂമന്റെ മൂളലുകളാൽ |
| വ്യഥിതാന്തരാത്മാ | ഉള്ളത്തിൽ വേദനയെന്തികൊണ്ടും |
| ക്ഷുധാർത്തഃ | വിശന്നുവലഞ്ഞുകൊണ്ടും |

| | |
|---|---|
| അപുണ്യവൃക്ഷാൻ | വിഷമയങ്ങളായ പാഴ്മരങ്ങളെ |
| ശ്രയതേ | ആശ്രയിക്കുന്നു. |
| കദാചിത് | ചിലപ്പോൾ |
| മരീചിതോയാനി | ജലവിഭ്രാന്തി ജനിപ്പിക്കുന്ന മൃഗതൃഷ്ണകണ്ടിട്ട് |
| അഭിധാവതി | അതിന്റെ നേക്ക് കുതിക്കുന്നു. |

"ഒളിഞ്ഞും തെളിഞ്ഞും ദുഷിക്കുന്ന ദുർജ്ജനങ്ങളാവുന്ന ചീവീടുകളുടേയും കൂമന്മാരുടേയും ശബ്ദങ്ങളാൽ കാതും കരളും വേദനിക്കുന്നു. അധർമ്മിഷ്ഠന്മാരാവുന്ന അപുണ്യവൃക്ഷങ്ങളെ ആശ്രയിക്കുന്നു. വിഷയങ്ങളാവുന്ന മരുമരീചികയെ തേടിയുഴറുന്നു."

6 കദാചിദച്ഛിതോയാഃ സരിതോഽഭിയാതി
പരസ്പരം ചാലഷതേ നിരന്ധഃ
ആസാദ്യ ദാവം ക്വചിദഗ്നിതപ്തോ
നിർവിദ്യതേ ക്വ ച യക്ഷൈർഹൃതാസുഃ

| | |
|---|---|
| കദാചിത് | ചിലപ്പോൾ |
| വിതോയാഃ | വെള്ളമില്ലാത്ത |
| സരിതഃ | നദികളിലേക്ക് |
| അഭിയാതി | ചാടിവീഴുന്നു. |
| നിരന്ധഃ | അന്നമില്ലാതെയായിട്ട് |
| പരസ്പരം | അതന്യോന്യം |
| ആലഷതേ ച | അഭിലഷിക്കുന്നു. |

| | |
|---|---|
| ക്വചിത് | ചിലപ്പോൾ |
| ദാവം | കാട്ടുതീയ്യിനെ |
| ആസാദ്യ | കണ്ടെത്തി, |
| അഗ്നിതപ്തഃ | അഗ്നിയാൽ തപ്തനായും, |
| ക്വ ച | മററു ചിലപ്പോൾ |
| യക്ഷൈഃ | യക്ഷന്മാരാൽ |
| ഹൃതാസുഃ | അപഹൃതപ്രാണനായും ഭവിക്കുന്നു. |

"വെള്ളമില്ലാതെ വരണ്ടുകിടക്കുന്ന ആററിൽച്ചെന്നുചാടിയാൽ ദാഹം ശമിച്ചതുമില്ല, ദേഹം വേദനിക്കയുംചെയ്തു എന്നതാണ് ഫലം. അതുപോലെ ഐഹികത്തെ മാത്രമല്ല, പാരത്രികത്തേയും കെടുത്തുന്ന ഒരുതരം പാഷണ്ഡമതക്കാരെ സമീപിക്കുന്നു. ഭക്ഷണാർത്ഥം ചാച്ചുവേഴ്ചക്കാരുമായി അന്യോന്യം ബന്ധപ്പെടുന്നു. ഗൃഹവൃത്തിയാവുന്ന കാട്ടുതീജ്വാലയേററ് തപിക്കുന്നു. ജീവനെപ്പോലെ കരുതിവെച്ച ധനം യക്ഷരക്ഷസ്സുകളെപ്പോലെ നിർദയരായ രാജാക്കന്മാർ കൈയടക്കുന്നു."

7 ശൂരൈർഹൃതസ്വഃ ക്വ ച നിർവിണ്ണചേതാഃ
ശോചൻ വിമുഹ്യന്നുപയാതി കശ്മലം
ക്വചിച്ച ഗന്ധർവപുരം പ്രവിഷ്ടഃ
പ്രമോദതേ നിർവൃതവന്മുഹൂർത്തം.

| | |
|---|---|
| ശൂരൈഃ | പരാക്രമികളായ മററുള്ളവരാൽ |
| ക്വ ച | ചിലപ്പോൾ |

| | |
|---|---|
| ഹൃതസ്വഃ | അപഹൃതധനനായിട്ട് |
| നിർവിണ്ണചേതാഃ | സന്തപ്തചിത്തനായി ഭവിക്കുന്നു. |

| | | | |
|---|---|---|---|
| ശോചൻ | ശോചിച്ചുകൊണ്ടും | ഗന്ധർവ്വപുരം | ഗന്ധർവ്വനഗരത്തെ |
| വിമുഹ്യൻ | മോഹിച്ചുകൊണ്ടും | പ്രവിഷ്ടഃ | പ്രവേശിച്ചിട്ടു് |
| കശ്മലം | മൂർച്ഛയെ | മുഹൂർത്തം | അല്പനേരം |
| ഉപയാതി | പ്രാപിക്കുന്നു. | നിർവൃതവത് | സംതൃപ്തനെന്നപോലെ |
| ക്വചിത് ച | മറ്റു ചിലപ്പോൾ | പ്രമോദതേ | സന്തോഷിക്കുന്നു. |

"പ്രബലന്മാരാൽ ദൂഷണം ചെയ്യപ്പെട്ടു് ദുഃഖിക്കുന്നു. ഗന്ധർവ്വപുരം പോലെ മനഃകല്പിതമായ കുടുംബത്തിലിരുന്നു് സുഖിക്കുന്നപോലെ അഭിനയിക്കുന്നു."

8 ചലൻ ക്വചിത് കണ്ടകശർക്കരാംഘ്രിർ-
നഗാരുരുക്ഷുർവിമനാ ഇവാസ്തേ.
പദേ പദേഽഭ്യന്തരവഹ്നിനാഽർദിതഃ
കൗടുംബികഃ ക്രുധ്യതി വൈ ജനായ

| | | | |
|---|---|---|---|
| ക്വചിത് | ചിലപ്പോൾ | ആസ്തേ | സ്ഥിതിചെയ്യുന്നു. |
| നഗാരുരുക്ഷുഃ | മലകയറാൻ പുറപ്പെട്ടിട്ടു് | പദേ പദേ | അടിയ്ക്കടി |
| ചലൻ | നടന്നുകൊണ്ടിരിക്കേ | അഭ്യന്തര- വഹ്നിനാ | ജാഠരാഗ്നിയാൽ (വിശപ്പിനാലും ദുരയാലും) |
| കണ്ടക- ശർക്കരാംഘ്രിഃ | മുള്ളും ചരൽക്കല്ലും കാലിൽ കുത്തിത്തറച്ചു് | അർദിതഃ | പീഡിതനാവുന്ന |
| | | കൗടുംബികഃ | കുടുംബത്തലവൻ |
| വിമനാഃ ഇവ | മനസ്സുകെട്ടവനെന്നപോലെ | ജനായ | സ്വന്തം ആളുകളുടെനേക്കു് |
| | | ക്രുധ്യതി വൈ | വെറുതെ കയക്കുന്നു. |

"മലപോലെ പെരുത്ത ഗൃഹകാര്യം നടത്താനുദ്യമിച്ചു് വിഘ്നബാധയാൽ ഒന്നും സാധിക്കാതെ വ്യസനിച്ചിരിക്കുന്നു. തന്റെയും കുടുംബത്തിന്റെയും വിശപ്പൊതുക്കാൻ വേണ്ടി ജനങ്ങളോടു് തട്ടിക്കയറുന്നു."

9 ക്വചിന്നിഗീർണോഽജഗരാഹിനാ ജനോ
നാവൈതി കിഞ്ചിദ്വിപിനേഽപവിദ്ധഃ
ദഷ്ടഃ സ്മ ശേതേ ക്വ ച ദന്ദശൂകൈ-
രന്ധോഽന്ധകൂപേ പതിതസ്തമിസ്രേ.

| | | | |
|---|---|---|---|
| വിപിനേ | വനത്തിൽ | കിഞ്ചിത് | യാതൊന്നും |
| ക്വചിത് | ചിലപ്പോൾ | ന അവൈതി | അറിയാതെയാവുന്നു. |
| ജനഃ | ജനം | ക്വ ച | ചിലപ്പോൾ |
| അജഗരാഹിനാ | പെരുമ്പാമ്പിനാൽ | ദന്ദശൂകൈഃ | വിഷജന്തുക്കളാൽ |
| നിഗീർണഃ | വിഴുങ്ങപ്പെട്ടു് | ദഷ്ടഃ | ദംശിക്കപ്പെട്ടു്, |
| അപവിദ്ധഃ | തള്ളിക്കളഞ്ഞ | തമസ്രേ | ഇരുട്ടത്തു് |
| (ശവഃ ഇവ) | ശവം പോലെ | | |

| | | | |
|---|---|---|---|
| അന്ധഃ | കണ്ണുകാണാതെ | പതിതഃ | വീണ്ട് |
| അന്ധകൂപേ | പാഴ്ക്കിണററിൽ | ശേതേ സ്മ | കിടക്കുന്നു. |

"പലപ്പോഴും നിദ്രയാവുന്ന പെരുമ്പാമ്പിനാൽ ഗ്രസിക്കപ്പെട്ടു് ഒന്നുമറിയാതെ കിടക്കുന്നു. ദുർജ്ജനങ്ങളാവുന്ന വിഷജന്തുക്കളുടെ കടിയേററ് വിവേകം നശിച്ച് മോഹാന്ധകൂപത്തിൽ വീണുകിടക്കുന്നു."

10 ക്വചിത്ക്ഷുദ്രരസാൻ വിചിന്വം-
സ്തന്മക്ഷികാഭിർവ്യഥിതോ വിമാനഃ
തത്രാതികൃച്ഛ്രാത് പ്രതിലബ്ധമാനോ
ബലാദ്വിലുംപന്ത്യഥ തം തതോƒന്യേ.

| | | | |
|---|---|---|---|
| ക്വചിത് | ചിലനേരത്തു് | അതികൃച്ഛ്രാത് | അധികം കഷ്ടപ്പെട്ടു് |
| ക്ഷുദ്രരസാൻ | തേൻതുള്ളികളെ | പ്രതിലബ്ധമാനഃ അഥ | മാനം വീണ്ടുകിട്ടിയവനായെന്നാലും |
| വിചിന്വൻ | തേടിക്കൊണ്ടു്, | തം | അതിനെ |
| തന്മക്ഷികാഭിഃ | അതിലുള്ള ഈച്ചകളാൽ | തതഃ | അവനിൽനിന്നു് |
| വ്യഥിതഃ | പീഡിതനായി | അന്യേ | മററുള്ളവർ |
| വിമാനഃ | മാനക്കേടോടെ ഇരിക്കുന്നു. | ബലാത് വിലുംപന്തി | തട്ടിയെടുത്തുകളയുന്നു. |
| തത്ര | അതിൽ | | |

"പരസ്ത്രീകളാവുന്ന തേൻതുള്ളികളെ ആഗ്രഹിച്ചടുക്കുമ്പോൾ അവരുടെ ഉടമസ്ഥന്മാരാവുന്ന തേനീച്ചകളുടെ കടിയേററ് മാനംകെട്ടു് പിന്മാറുന്നു. ചിലപ്പോൾ കഷ്ടപ്പെട്ടു് കൈയിൽ കിട്ടിയാലും, തന്നെക്കാൾ ബലമുള്ളവർ തട്ടിക്കൊണ്ടുപോകുന്നു."

11 ക്വചിച്ച ശീതാതപവാതവർഷ-
പ്രതിക്രിയാം കർത്തുമനീശ ആസ്തേ
ക്വചിന്മിഥോ വിപണന്യച്ച കിഞ്ചി-
ദ്വിദ്വേഷമൃച്ഛത്യുത വിത്തശാഠ്യാത്.

| | | | |
|---|---|---|---|
| ക്വചിത് ച | ചിലപ്പോൾ | യത് കിഞ്ചിത് | എന്തെങ്കിലും ചിലതു് |
| ശീതാതപവാതവർഷപ്രതിക്രിയാം | തണുപ്പു്, ചൂടു്, കാററു്, മഴ എന്നിവക്കുള്ള പ്രതിവിധി | വിപണൻ | കൈമാററം ചെയ്തു്, |
| കർത്തും | ചെയ്യുവാൻ | വിത്തശാഠ്യാത് | ധനസംബന്ധമായിവന്ന ചതിയും പിശുക്കവും കാരണം |
| അനീശഃ | അശക്തനായിട്ടു് | | |
| ആസ്തേ | സ്ഥിതിചെയ്യുന്നു. | വിദ്വേഷം | പകയിലേക്ക് |
| ക്വചിത് ച | ചിലപ്പോൾ | ഋച്ഛതി ഉത | എത്തിച്ചേരുകയും ചെയ്യുന്നു. |
| മിഥഃ | തമ്മിൽത്തമ്മിൽ | | |

ഇതുമുതൽ അഞ്ചു് ശ്ലോകങ്ങളിൽ പ്രകൃതാപ്രകൃതാൎത്ഥങ്ങൾക്കു് തമ്മിൽ അന്തരമില്ല. വനത്തെ മുൻനിൎത്തി സംസാരസ്വഭാവത്തെ വൎണ്ണിക്കുകമാത്രം ചെയ്യുന്നു—

12 കദാചിത് കദാചിത് ക്ഷീണധനസ്തു തസ്മിൻ
ശയ്യാസനസ്ഥാനവിഹാരഹീനഃ
യാചൻ പരാദപ്രതിലബ്ധകാമഃ
പാരക്യദൃഷ്ടിൎല്ലഭതേഽവമാനം.

| | |
|---|---|
| കദാചിത് കദാചിത് | ഇടയ്ക്കിടെ |
| തസ്മിൻ | ആ കൈമാററത്തിൽ |
| ക്ഷീണധനഃ | ധനക്ഷയം നേരിട്ടു് |
| ശയ്യാസനസ്ഥാനവിഹാരഹീനഃ | കിടപ്പിന്നും, ഇരിപ്പിന്നും, പാപ്പിനും, യാത്രയ്ക്കും വേണ്ടുന്ന ഉപകരണങ്ങളില്ലാത്തവനായി ഭവിച്ചു് |

| | |
|---|---|
| യാചൻ ഉ | യാചിച്ചിട്ടുകൂടിയും |
| പരാത് | അന്യനിൽനിന്നു് |
| അപ്രതിലബ്ധകാമഃ | തനിക്കു് ആവശ്യമുള്ളതു് ലഭിക്കാതെ, |
| പാരക്യദൃഷ്ടിഃ | പരദ്രവ്യത്തിൽ കൊതി മുഴുത്ത കണ്ണുള്ളവനായിത്തീൎന്നു് |
| അവമാനം | മാനക്കേടിനെ |
| ലഭതേ | അനുഭവിക്കുന്നു. |

13 അന്യോന്യവിത്തവ്യതിഷംഗവൃദ്ധ-
വൈരാനുബന്ധോ വിവഹൻ മിഥശ്ച
അധ്വന്യമുഷ്മിന്നുരുകൃച്ഛ്രവിത്ത-
ബാധോപസൎഗ്ഗൈൎവ്വിഹരൻ വിപന്നഃ.

| | |
|---|---|
| അന്യോന്യവിത്തവ്യതിഷംഗവൃദ്ധവൈരാനുബന്ധഃ | തമ്മിൽത്തമ്മിലെ ധനമിടപാടുകൊണ്ടു് വളൎന്നുവന്ന വൈരാഗ്യം വെച്ചുപുലൎത്തുന്ന കൂട്ടമാണെങ്കിലും |
| മിഥഃ | പരസ്പരം |
| വിവഹൻ ച | വിവാഹബന്ധത്തിലേൎപ്പെട്ടുകൊണ്ടും മററും |

| | |
|---|---|
| അമുഷ്മിൻ അധ്വനി | ഈ സംസാരവനമാൎഗ്ഗത്തിൽ |
| വിഹരൻ | സഞ്ചരിച്ചുകൊണ്ടു് |
| ഉരുകൃച്ഛ്രവിത്തബാധോപസൎഗ്ഗൈഃ | ബഹുവിധം കഷ്ടങ്ങളാലും, ദ്രവ്യനാശത്താലും അന്യോന്യവിദ്വേഷത്താലും |
| വിപന്നഃ (ഭവതി) | മൃതപ്രായനായി ഭവിക്കുന്നു. |

14 താംസ്താൻ വിപന്നാൻ സ ഹി തത്ര തത്ര
വിഹായ ജാതം പരിഗൃഹ്യ സാൎത്ഥഃ
ആവൎത്തതേഽദ്യാപി ന കശ്ചിദത്ര
വീരാധ്വനഃ പാരമുപൈതി യോഗം.

| | | | |
|---|---|---|---|
| തത്ര തത്ര ഹി | അവിടവിടെവെച്ച് | ന ആവർത്തതേ | (പുറപ്പെട്ട ദിക്കിലേക്ക്) തിരിച്ചെത്തുന്നില്ല. |
| വിപന്നാൻ | ചത്തുപോയ | വീര | അല്ലയോ വീര! |
| താൻ താൻ | ഓരോരുത്തരെയും | അത്ര | ഈ സംഘത്തിൽ |
| വിഹായ | കൈവിട്ട്, | കശ്ചിത് | ഒരുത്തനെങ്കിലും |
| ജാതം | ഉണ്ടാകുന്നവനെയും | അധ്വനഃ | വഴിയുടെ |
| പരിഗൃഹ്യ | കൂട്ടിക്കൊണ്ട് (സഞ്ചരിക്കുന്ന) | പാരം | അററത്തേക്കുള്ള |
| സഃ സാർത്ഥഃ | ആ സംഘം | യോഗം | ഉപായത്തെയും |
| അദ്യാപി | ഇപ്പോഴും | ന അപൈതി | പ്രാപിക്കുന്നില്ല. |

15 മനസ്വിനോ നിർജ്ജിതദിഗ്ഗജേന്ദ്രാ
മമേതി സർവ്വേ ഭുവി ബദ്ധവൈരാഃ
മൃധേ ശയീരന്ന തു തദ്വ്രജന്തി
യന്ന്യസ്തദണ്ഡോ ഗതവൈരോഽഭിയാതി

| | | | |
|---|---|---|---|
| നിർജ്ജിത-ദിഗ്ഗജേന്ദ്രാഃ | ദിഗ്ഗജങ്ങളെക്കൂടി ജയിച്ചിട്ടുള്ള | മൃധേ | യുദ്ധത്തിൽ |
| മനസ്വിനഃ | കരുത്തന്മാരായ | ശയീരൻ | വീണുകിടന്നേക്കാം |
| സർവ്വേ | എല്ലാവരും | ഗതവൈരഃ | വൈരം വിട്ടൊഴിഞ്ഞുള്ള |
| ഭുവി | ഭൂമിയെ നിമിത്തമാക്കി | ന്യസ്തദണ്ഡഃ | സന്ന്യാസി |
| മമ ഇതി | എന്റേതെന്ന അഭിമാനത്താൽ | യത് | യാതൊരു സ്ഥാനത്തേക്ക് |
| ബദ്ധവൈരാഃ | അന്യോന്യം വൈരമാന്നുകൊണ്ട് | അഭിയാതി | നേരെ ഗമിക്കുന്നുവോ, |
| | | തത് തു | ആയതിലേക്ക് (ആ വിഷ്ണുലോകത്തിലേക്ക്) |
| | | ന വ്രജന്തി | അവർഎത്തിച്ചേരുന്നില്ല |

വീണ്ടും ഭവാടവിയെത്തന്നെ വർണ്ണിക്കുന്നു.

16 പ്രസജ്ജതി ക്വാപി ലതാഭുജാശ്രയ-
സ്തദാശ്രയാവ്യക്തപദദ്വിജസ്പൃഹഃ
ക്വചിത് കദാചിദ്ധരിചക്രതസ്ത്രസൻ
സഖ്യം വിധത്തേ ബകകങ്കഗൃധ്രൈഃ

| | | | |
|---|---|---|---|
| ക്വാപി | ഇടയ്ക്ക് | പ്രസജ്ജതി | ആസക്തനായിത്തീരുന്നു |
| ലതാഭുജാശ്രയഃ | വള്ളികളുടെ ചില്ലകളെ അവലംബിച്ചും | ക്വചിത് | ഇടയ്ക്ക് |
| | | കദാചിത് | ചിലേടത്ത് |
| തദാശ്രയാ-വ്യക്തപദ-ദ്വിജസ്പൃഹഃ | അവകളിൽ കേറിക്കൂടി അസ്പഷ്ടാക്ഷരം ചിലിക്കുന്ന പറവകളിൽ ആശയാന്നും | ഹരിചക്രതഃ | സിംഹസമൂഹത്തിൽ നിന്നും |
| | | ത്രസൻ | ഭയംപൂണ്ടുകൊണ്ട് |

| | | | |
|---|---|---|---|
| ബകകങ്കഗൃദ്ധ്രൈഃ | കൊററി, കങ്കം, കഴു എന്നീ പക്ഷികളോടുകൂടി | സഖ്യം | ചങ്ങാതിത്തം |
| | | വിധത്തേ | ഉണ്ടാക്കിവെക്കുന്നു. |

"സ്ത്രീകളുടെ കോമളഭുജങ്ങളാവുന്ന ലതാശാഖകളെ അവലംബിക്കുന്നു. ആ ഭുജശാഖകളിൽ കേറിയിരിക്കുന്ന കൊച്ചുപൈതങ്ങളാവുന്ന പറവകളുടെ കളനിനാദത്തിൽ മയങ്ങുന്നു. ഈശ്വരന്റെ കാലചക്രമാവുന്ന സിംഹവ്യൂഹത്തെ ഭയന്നു് പാഷണ്ഡന്മാരാവുന്ന ബകകങ്കാദിപക്ഷികളെ കൂട്ടുപിടിക്കുന്നു."

17 തൈർവഞ്ചിതോ ഹംസകുലം സമാവിശ-
ന്നരോചയൻ ശീലമുപൈതി വാനരാൻ
തജ്ജാതിരാസേന സുനിർവൃതേന്ദ്രിയഃ
പരസ്പരോദ്വീക്ഷണവിസ്മൃതാവധിഃ

| | | | |
|---|---|---|---|
| തൈഃ | അവരാൽ | ഉപൈതി | സമീപിക്കുന്നു. |
| വഞ്ചിതഃ | വഞ്ചിതനായിട്ടു് | തജ്ജാതിരാസേന | ആ വാനരക്കൂട്ടത്തിലെ രതിക്രീഡകൊണ്ടു് |
| ഹംസകുലം | ഹംസങ്ങളുടെ സംഘത്തിലേക്കു് | സുനിർവൃതേന്ദ്രിയഃ | ഇന്ദ്രിയസംതൃപ്തിനേടിക്കൊണ്ടും |
| സമാവിശൻ | വന്നുചേൎന്നു്, | | |
| ശീലം | (ആ സംഘത്തിലെ) കീഴ്‌വഴക്കം | പരസ്പരോദ്വീക്ഷണവിസ്മൃതാവധി: | അന്യോന്യവീക്ഷണത്താൽ ജീവിതകാലാവധിയെ മറന്നുകൊണ്ടും കഴിയുന്നു. |
| അരോചയൻ | മനസ്സിന്നിണങ്ങാതെ | | |
| വാനരാൻ | കുരങ്ങന്മാരെ | | |

"നിരീശ്വരന്മാരായ പാഷണ്ഡക്കൊററികളാൽ, വഞ്ചിക്കപ്പെട്ടു് (ആ പാഷണ്ഡസഖ്യംകൊണ്ടു് ഫലമില്ലെന്നു് കണ്ടിട്ടു്) വീണ്ടും ബ്രാഹ്മണസമൂഹമാവുന്ന അരയന്നക്കൂട്ടത്തിലേക്കു് വന്നുചേരുന്നു. അപ്പോഴും വേദവിധിയനുസരിച്ചുള്ള പ്രായശ്ചിത്തങ്ങളും പുനരുപനയനാദികളും മനസ്സിനു് ചേരാതെ വാനരന്മാൎക്കു് തുല്യം തോന്നിയ മാതിരി നടക്കുന്ന സദാചാരഭ്രഷ്ടന്മാരുടെ കൂട്ടത്തിൽച്ചേൎന്നു് ആഹാരവിഹാരാദികളാൽ കാലം കഴിക്കുന്നു. അന്ത്യകാലത്തെ വിസ്മരിക്കുന്നു."

18 ദ്രുമേഷു രംസ്യൻ സുതദാരവത്സലോ
വ്യവായദീനോ വിവശഃ സ്വബന്ധനേ.
ക്വചിത് പ്രമാദാദ്ഗിരികന്ദരേ പതൻ
വല്ലീം ഗൃഹീത്വാ ഗജഭീത ആസ്ഥിതഃ.

| | | | |
|---|---|---|---|
| ദ്രുമേഷു | മരങ്ങൾക്കുകീഴെ | വ്യവായദീനഃ | സ്ത്രീസംഗത്താൽ കൃപണനായി— |
| രംസ്യൻ | രമിച്ചുകൊണ്ടും | | |
| സുതദാരവത്സലഃ | പുത്രന്മാരിലും പത്നിയിലും സ്നേഹത്തോടുകൂടിയവനായി— | സ്വബന്ധനേ | തന്റെ ബന്ധനമുക്തിയിൽ |
| | | വിവശഃ | അശക്തനായി— |

| | | | |
|---|---|---|---|
| ക്വചിത് | ചിലനേരത്തു് | ഗജഭീതഃ | അവിടെ ആനയെ കണ്ടു പേടിച്ച് |
| പ്രമാദാത് | അശ്രദ്ധകൊണ്ടു് | വല്ലീം ഗൃഹീത്വാ | വള്ളിയിൽ പിടിച്ചു തൂങ്ങി |
| ഗിരികന്ദരേ | മലയിടുക്കിൽ | | |
| പതൻ | പതിച്ച്, | ആസ്ഥിതഃ | നില്ക്കുന്നു. |

"ഗൃഹങ്ങളാവുന്ന മരച്ചുവട്ടിൽ, ഭാര്യാമക്കളെ സ്നേഹിച്ച്, സംഭോഗാർത്ഥനായി, സംസൃതിബന്ധം വേർപെടുത്താനാവാതെ, രോഗാദ്യനർത്ഥങ്ങളാവുന്ന മലയിടുക്കിൽ പെട്ടു്, മൃത്യുവാകുന്ന ആനയെ കണ്ടുപേടിച്ച് പ്രാരബ്ധകർമ്മങ്ങളാവുന്ന വള്ളിപ്പടർപ്പുകളിൽ തൂങ്ങിയാടുന്നു.

19 അതഃ കഥഞ്ചിത് സ വിമുക്ത ആപദഃ
പുനശ്ച സാർത്ഥം പ്രവിശത്യരിന്ദമ
അധ്വന്യമുഷ്മിന്നജയാ നിവേശിതോ
ഭ്രമൻ ജനോऽദ്യാപി ന വേദ കശ്ചന.

| | | | |
|---|---|---|---|
| അരിന്ദമ | ശത്രുസൂദന ! | അമുഷ്മിൻ അധ്വനി | ഈ സംസാരാരണ്യമാർഗ്ഗത്തിൽ |
| സഃ | അവൻ | | |
| കഥഞ്ചിത് | ഏതെങ്കിലുംവിധം | അജയാ | മായയാൽ |
| അതഃ ആപദഃ | ഈ ആപത്തിൽനിന്നു് | നിവേശിതഃ | കൊണ്ടുവിടപ്പെട്ടു് |
| വിമുക്തഃ | വിമുക്തനായെന്നുവരികിലുംതന്നെ | ഭ്രമൻ | വട്ടംതിരിയുന്ന |
| | | കശ്ചന ജനഃ | ഏതൊരാളും |
| പുനശ്ച | വീണ്ടും | തസ്യ (പാരം) | അതിന്റെ അററത്തെ (ആത്മയാഥാർത്ഥ്യത്തെ) |
| സാർത്ഥം | ഇതേ യാത്രികസംഘത്തിലേക്കു് | അദ്യാപി | ഇന്നും |
| പ്രവിശതി | വന്നുചേരുന്നു. | ന വേദ | അറിയുന്നില്ല. |

20 രഹൂഗണ ത്വമപി ഹ്യധ്വനോऽസ്യ
സന്ന്യസ്തദണ്ഡഃ കൃതഭൂതമൈത്രഃ
അസജ്ജിതാത്മാ ഹരിസേവയാ ശിതം
ജ്ഞാനാസിമാദായ തരാതി പാരം.

| | | | |
|---|---|---|---|
| രഹൂഗണ | ഹേ രഹൂഗണരാജാവേ ! | കൃതഭൂതമൈത്രഃ | സർവ്വജീവജാലങ്ങളിലും മൈത്രീഭാവം സ്വീകരിച്ചവനും |
| ത്വം അപി | അങ്ങയും (ഇങ്ങനെയുള്ള ആളാണു്.) | അസജ്ജിതാത്മാ | അനാസക്തമനസ്സനുമായിട്ടു് |
| ഹി | ആകയാൽ, | | |
| സന്ന്യസ്തദണ്ഡഃ | ദണ്ഡനീതിയെ കൈവിട്ടവനും | ഹരിസേവയാ | ശ്രീഹരിയുടെ ഭജനത്താൽ |

| | | | |
|---|---|---|---|
| ശ്രിതം | മൂർച്ചകൂടിവന്ന | അസ്യ അധ്വനഃ | ഈ സംസാരവനമാർഗ്ഗത്തിന്റെ |
| ജ്ഞാനാസിം | ജ്ഞാനഖഡ്ഗത്തെ | പാരം | അപ്പുറത്തേക്ക് |
| ആദായ | എടുത്ത് | അതിതര | കടന്നുചെല്ലുക. |

രാജോവാച = രഹൂഗണരാജാവു പറഞ്ഞു—

21 അഹോ നൃജന്മാഖിലജന്മശോഭനം
കിം ജന്മഭിസ്ത്വപരൈരപ്യമുഷ്മിൻ
ന യദ്ധൃഷീകേശയശഃകൃതാത്മനാം
മഹാത്മനാം വഃ പ്രചുരഃ സമാഗമഃ.

| | | | |
|---|---|---|---|
| അഹോ | ആശ്ചര്യം ! | യത് (തത്ര) | എന്തെന്നാൽ, അവിടെ |
| നൃജന്മ | മനുഷ്യജന്മം | ഹൃഷീകേശയശഃകൃതാത്മനാം | ശ്രീഹരിയുടെ കീർത്തിഗാഥാശ്രവണാദിയാൽ സംസ്കൃതചിത്തന്മാരും |
| അഖിലജന്മശോഭനം | മറ്റെല്ലാ ജന്മങ്ങളെക്കാളും ശ്രേയസ്കരമാകുന്നു | മഹാത്മനാം | മഹാത്മാക്കളുമായ |
| അമുഷ്മിൻ തു | പരലോകത്തിൽക്കൂടിയും | വഃ | ഭവാന്മാരുടെ |
| അപരൈഃ | ദേവാദികളായ മററു | സമാഗമഃ | സമ്പർക്കം |
| ജന്മഭിഃ അപി | ജന്മങ്ങൾകൊണ്ടുപോലും | ന പ്രചുരഃ | സുലഭമല്ല. |
| കിം | എന്തുകാര്യം ? | | |

22 ന ഹ്യദ്ഭുതം ത്വച്ചരണാബ്ജരേണുഭിർ-
ഹതാംഹസോ ഭക്തിരധോക്ഷജേഽമലാ
മൗഹൂർത്തികാദ്യസ്യ സമാഗമാച്ച മേ
ദുസ്തർക്കമൂലോഽപഹതോഽവിവേകഃ

| | | | |
|---|---|---|---|
| ത്വച്ചരണാബ്ജരേണുഭിഃ | അവിടുത്തെ തൃപ്പാദപദ്മപരാഗങ്ങളാൽ | യസ്യ | യാതൊരു ഭവാന്റെ |
| ഹതാംഹസഃ | പാപം നശിച്ചിരിക്കുന്നവനു് | മൗഹൂർത്തികാത് | സ്വല്പസമയത്തോളം ഉണ്ടായ |
| അധോക്ഷജേ | ശ്രീഹരിയിൽ | സമാഗമാത് ച | സാമീപ്യസമ്പർക്കത്താൽപ്പോലും |
| അമലാ ഭക്തിഃ | വിശുദ്ധമായ ഭക്തി | ദുസ്തർക്കമൂലഃ | ദുഷിച്ച യുക്തിവാദത്തിൽ വേരൂന്നിനിന്നിരുന്ന |
| (ഭവതി | ഉണ്ടാവുന്നു | | |
| ഇതി യത്) | എന്നുള്ളത് | മേ അവിവേകഃ | എന്റെ വിവേകശൂന്യത |
| അദ്ഭുതം നഹി | ആശ്ചര്യമേ അല്ല. | അപഹതഃ | അകററപ്പെട്ടു |

ബ്രഹ്മജ്ഞന്മാർ ഏതുരൂപത്തിൽ സഞ്ചരിക്കുമെന്നു് അറിഞ്ഞുകൂടായ്കയാൽ സർവ്വരേയും രാജാവു് നമസ്കരിക്കുന്നു.

23 നമോ മഹദ്ഭ്യോഽസ്തു നമഃ ശിശുഭ്യോ
നമോ യുവഭ്യോ നമ ആവടുഭ്യഃ
യേ ബ്രാഹ്മണാ ഗാമവധൂതലിംഗാ-
ശ്ചരന്തി തേഭ്യഃ ശിവമസ്തു രാജ്ഞാം.

| | | | |
|---|---|---|---|
| മഹദ്ഭ്യഃ | മഹാന്മാർക്കെവർക്കും | നമഃ | നമസ്കാരം. |
| നമഃ അസ്തു | നമസ്കാരം ഭവിക്കട്ടെ. | യേ | യാവചിലർ |
| ശിശുഭ്യഃ | കുട്ടികൾക്കെല്ലാം | ബ്രാഹ്മണാഃ | ബ്രഹ്മജ്ഞന്മാർ |
| നമഃ | നമസ്കാരം | അവധൂതലിംഗാഃ | അവധൂതവേഷധാരികളായി |
| യുവഭ്യഃ | യുവാക്കന്മാർക്കെല്ലാം | ഗാം | ഭൂമിയിലെങ്ങും |
| നമഃ | നമസ്കാരം | ചരന്തി | സഞ്ചരിക്കുന്നുവോ, |
| ആവടുഭ്യഃ | ക്രീഡാരതന്മാരാകയാൽ | തേഭ്യഃ | അവർക്കെല്ലാം |
| | ആരുടേയും ശ്രദ്ധയിൽ | നമഃ | നമസ്കാരം |
| | അകപ്പെടാത്തുള്ളവരടക്കം | രാജ്ഞാം | രാജാക്കന്മാർക്ക് |
| | സകല കുമാരന്മാർക്കും | ശിവം അസ്തു | മംഗളമുണ്ടാകട്ടെ. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

24 ഇത്യേവമുത്തരാമാതഃ സ വൈ ബ്രഹ്മർഷിസുതഃ സിന്ധുപതയ ആത്മ-
തത്ത്വം വിഗണയതഃ പരാനുഭാവഃ പരമകാരുണികതയോപദിശ്യ
രഹൂഗണേന സകരുണമഭിവന്ദിതചരണ ആപൂർണ്ണാർണ്ണവ ഇവ നിഭൃത-
കരണോർമ്മ്യാശയോ ധരണിമിമാം വിചചാര.

| | | |
|---|---|---|
| ഉത്തരാമാതഃ | = | ഹേ പരീക്ഷിത്തേ ! |
| പരാനുഭാവഃ സഃ ബ്രഹ്മർഷിസുതഃ | = | മഹാപ്രഭാവനായ ആ ബ്രഹ്മർഷിപുത്രൻ |
| വിഗണയതഃ | = | ആദ്യം തന്നെ അവഗണിച്ചവനായ |
| സിന്ധുപതയേ വൈ | = | സിന്ധുരാജാവിന്നുതന്നെ |
| ഇതി ഏവം ആത്മതത്ത്വം | = | ഇപ്രകാരമുള്ള ആത്മതത്ത്വത്തെ |
| പരമകാരുണികതയാ ഉപദിശ്യ | = | കാരുണ്യാതിശയത്താൽ ഉപദേശിച്ച്, |
| രഹൂഗണേന സകരുണം | = | ആ രഹൂഗണനാൽ ദയനീയമാംവിധം |
| അഭിവന്ദിതചരണഃ | = | അഭിവന്ദിക്കപ്പെട്ട പാദങ്ങളോടുകൂടിയവനായി— |
| ആപൂർണ്ണാർണ്ണവഃ ഇവ | = | നിറഞ്ഞിരിക്കുന്ന സമുദ്രംപോലെ |
| നിഭൃതകരണോർമ്മ്യാശയഃ | = | അന്തഃകരണവൃത്തികളുടെ അലച്ചാർത്തൊതുങ്ങിയ ശുദ്ധഹൃദയത്തോടുകൂടിയവനായിട്ട് |
| ഇമാം ധരണിം വിചചാര | = | ഈ ഭൂതലം മുഴുവനും സഞ്ചരിച്ചു. |

25 സൗവീരപതിരപി സുജനസമവഗതപരമാത്മസതത്ത്വ ആത്മന്യ-
വിദ്യാധ്യാരോപിതാം ദേഹാത്മമതിം വിസസർജ്ജ.
ഏവം ഹി നൃപ ഭഗവദാശ്രിതാശ്രിതാനുഭാവഃ.

| | | |
|---|---|---|
| സൗവീരപതിഃ അപി | = | രഹൂഗണനെന്ന രാജാവും |
| സുജനസമവഗത-<br>പരമാത്മസതത്വഃ | } | ആ സജ്ജനപ്രവരനിൽനിന്നു് ഗ്രഹിച്ച പരമാത്മ<br>തത്വത്തോടുകൂടിയവനായി ഭവിച്ചു്, |
| ആത്മനി അവിദ്യാധ്യാ-<br>രോപിതാം ദേഹാത്മമതിം | } | തന്നിൽ അജ്ഞാനത്താൽ അധ്യാരോപിതമായ ദേ<br>ഹാത്മബുദ്ധിയെ |
| വിസസർജ | = | കൈവെടിഞ്ഞു— |
| ഏവം ഹി നൃപ | = | ഇങ്ങനെയാണു് രാജാവേ! |
| ഭഗവദാശ്രിതാശ്രിതാനുഭാവഃ | = | ഭഗവാന്റെ ആശ്രിതന്മാരെ ആശ്രയിച്ചവരുടേയും<br>കൂടി മഹിമ കാണപ്പെടുന്നതു്. |

രാജോവാച = ശ്രീപരീക്ഷിത്തുരാജാവു് പറഞ്ഞു—

26 യോ ഹ വാ ഇഹ ബഹുവിദാ മഹാഭാഗവത ത്വയാഽഭിഹിതഃ പരോ-
ക്ഷേണ വചസാ ജീവലോകഭവാധ്വാ സ ഹ്യാര്യമനീഷയാ കല്പിത-
വിഷയോ നാഞ്ജസാഽവ്യുത്പന്നലോകസമധിഗമഃ; അഥ തദേ-
വൈതദ്ദുരവഗമം സമവേതാനുകല്പേന നിർദിശ്യതാമിതി.

| | | |
|---|---|---|
| മഹാഭാഗവത ഇഹ | = | ഭക്താഗ്രഗണ്യനായ ബ്രഹ്മർഷേ! ഇവിടെ |
| ബഹുവിദാ ത്വയാ | = | ബഹുജ്ഞനായ അങ്ങയാൽ |
| പരോക്ഷേണ വചസാ | = | വസ്തുതയെ മറച്ചുകൊണ്ടുള്ള വചനത്താൽ |
| അഭിഹിതഃ യഃ | = | ചൊല്ലപ്പെട്ട യാതൊരു |
| ജീവലോകഭവാധ്വാ ഹ വൈ | = | ജീവലോകത്തിന്റെ സംസാരവനമാർഗ്ഗമുണ്ടോ, |
| സഃ ആര്യമനീഷയാ<br>കല്പിതവിഷയഃ ഹി | } | അതു് നല്ല വ്യുത്പത്തിയുള്ളവരുടെ ബുദ്ധികൊണ്ടു്<br>കല്പിതമായ വിഷയത്തോടുകൂടിയതാകുന്നു; |
| അവ്യുത്പന്നലോക-<br>സമധിഗമഃ ന | } | വ്യുത്പത്തിയില്ലാത്ത സാധാരണ ജനത്തിന്നു്<br>പിടികിട്ടാവുന്ന ഒന്നല്ല; |
| അഥ തത് ദുരവഗമം<br>ഏതത് ഏവ | } | അതുകൊണ്ടു് ആവിധം ദുർജ്ഞേയമായ ഈ പ്രസ്താ<br>വത്തെ ഇനിയും |
| സമവേതാനുകല്പേന | = | സമുചിതമായ അർത്ഥം തെളിയിക്കും പ്രകാരത്തോടെ |
| നിർദിശ്യതാം | = | നിർദ്ദേശിക്കപ്പെട്ടതന്നാലും. |

**ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ ഭവാടവീവർണ്ണനംനാമ**

**ത്രയോദശോഽധ്യായഃ ആദിതഃ സൂക്താനി 306.**

**അഞ്ചാമത്തെ സ്കന്ധത്തിൽ പതിമൂന്നാമധ്യായം കഴിഞ്ഞു.**

# ചതുർദ്ദശോഽധ്യായഃ — അദ്ധ്യായം പതിനാല്.

## ഭവാടവി എന്നതിന്റെ വ്യാഖ്യാനം.

"ചതുർദ്ദശേ ഭവാരണ്യരൂപകവ്യാകൃതിഃ കൃതാ
പ്രസ്തുതേ തസ്യ ഗോമായുമശകാദ്യർത്ഥകല്പനം"

പൂർവ്വാദ്ധ്യായത്തിൽ ഭവാടവിയെ രൂപകരീത്യാ വർണ്ണിച്ചതിനു് പ്രസ്തുതമായ അർത്ഥം ഇന്നതെന്നു് വ്യക്തമാക്കുകയാണു് ഈ അദ്ധ്യായത്തിൽ ചെയ്യുന്നതു്. ആദ്യം "ദുരത്യയേഽധ്വന്യജയാ നിവേശിതഃ" എന്ന ശ്ലോകത്തിലെ പ്രസ്തുതം വിശദമാക്കുന്നു—

സഹോവാച = രാജാവു് അപേക്ഷിച്ചതനുസരിച്ചു് ആ ശുകബ്രഹ്മർഷി ഇങ്ങനെ പറഞ്ഞു.

1 യ ഏഷ ദേഹാത്മമാനിനാം സത്ത്വാദിഗുണവിശേഷവികല്പിതകുശ-
ലാകുശലസമവഹാരവിനിർമ്മിതവിവിധദേഹാവലിഭിർവ്വിയോഗസം-
യോഗാദ്യനാദിസംസാരാനുഭവസ്യ ദ്വാരഭൂതേന ഷഡിന്ദ്രിയവർഗ്ഗേണ
തസ്മിൻ ദുർഗ്ഗാദ്ധ്വവദസുഗമേഽധ്വന്യാപതിത ഈശ്വരസ്യ ഭഗവതോ
വിഷ്ണോർവ്വശവർത്തിന്യാ മായയാ ജീവലോകോഽയം യഥാ വണിക്-
സാർത്ഥോഽർത്ഥപരഃ സ്വദേഹനിഷ്പാദിതകർമ്മാനുഭവഃ ശ്മശാനവദശിവ-
തമായാം സംസാരാടവ്യാം ഗതോ നാദ്യാപി വിഫലബഹുപ്രതിയോ-
ഗേഹസ്തത്താപോപശമനീം ഹരിഗുരുചരണാരവിന്ദമധുകരാനുപദ-
വീമവരുന്ധേ; യസ്യാമു ഹ വാ ഏതേ ഷഡിന്ദ്രിയനാമാനഃ കർമ്മണാ
ദസ്യവ ഏവ തേ.

| | | |
|---|---|---|
| ദേഹാത്മമാനിനാം | = | ശരീരമാണു് താനെന്നു കരുതിവരുന്ന അജ്ഞന്മാൎക്കു് |
| സത്ത്വാദിഗുണവിശേഷവികല്പി-തകുശലാകുശലസമവഹാരവി-നിർമ്മിതവിവിധദേഹാവലിഭിഃ | } | സത്ത്വരജസ്തമോഗുണവിശേഷങ്ങളാൽ തരംതിരിക്കപ്പെട്ട പുണ്യപാപസമ്മിശ്രകർമ്മങ്ങളാൽ വിരചിതമായ നാനാദേഹസമൂഹങ്ങളോടു് |
| വിയോഗസംയോഗാദ്യനാദി-സംസാരാനുഭവസ്യ | } | വിയോജിക്കുകയും സംയോജിക്കുകയും മററുമായ അനാദിസംസാരത്തിന്റെ അനുഭവത്തിന്നു് |
| ദ്വാരഭൂതേന | = | മാൎഗ്ഗമായി ഭവിച്ചിട്ടുള്ള |
| ഷഡിന്ദ്രിയവർഗ്ഗേണ | = | ആറുവക ഇന്ദ്രിയങ്ങൾനിമിത്തം |
| ഈശ്വരസ്യ ഭഗവതഃ വിഷ്ണോഃ | = | സകലനിയന്താവായ വിഷ്ണുഭഗവാന്റെ |
| വശവർത്തിന്യാ മായയാ | = | അധീനത്തിലുള്ള മായാശക്തിയാൽ |
| ദുർഗ്ഗാദ്ധ്വവത് അസുഗമേ | = | ദുർഗ്ഗമമായ മാർഗ്ഗംപോലെ സുഖസഞ്ചാരോചിതമല്ലാത്ത |
| തസ്മിൻ അദ്ധ്വനി ആപതിതഃ | = | ആ സംസാരപഥത്തിൽ വന്നു വീണിരിക്കുന്ന |

യഃ ഏഷഃ അയം ജീവലോകഃ = യാതൊരു ഇക്കാണുന്ന ജീവരാശി,

അർത്ഥപരഃ വണിക്സാർത്ഥഃ യഥാ = ധനക്കൊതിയുള്ള വ്യാപാരിസംഘംപോലെ,

സ്വദേഹനിഷ്പാദിതകർമ്മാനുഭവഃ = സ്വന്തം ശരീരത്താൽ സമ്പാദിതമായ കർമ്മങ്ങളുടെ ഫലം അനുഭവിച്ചും,

ശ്മശാനവത് അശിവതമായാം = ചുടുകാടുപോലെ അത്യശുദ്ധമായ

സംസാരാടവ്യാം ഗതഃ = സംസാരക്കൊടുംകാട്ടിൽ വന്നുചേർന്ന്

വിഫലബഹുപ്രതിയോഗേഹഃ = നിഷ്ഫലങ്ങളും വിഘ്നഭൂയിഷ്ഠങ്ങളുമായ കർമ്മങ്ങളിലേർപ്പെട്ടും

തത്താപോപശമനീം = ആ താപത്തിന് ശമനംവരുത്തുന്ന

ഹരിഗുരുചരണാരവിന്ദ-
മധുകരാനുപദവീം } ശ്രീഹരിയാവുന്ന പരമഗുരുവിൻെറ തൃപ്പാദാരവിന്ദത്തിലെഴുന്ന വണ്ടുകളുടെ — ഭാഗവതപരമഹംസന്മാരുടെ മാർഗത്തെ

അദ്യാപി ന അവരുന്ധേ = ഇപ്പോഴും സമാശ്രയിക്കുന്നില്ല.

യസ്യാം ഉഹ വൈ = യാതൊരു സംസാരക്കൊടുംകാട്ടിൽ,

ഏതേ ഷഡിന്ദ്രിയനാമാനഃ = ഈ 'ഷഡിന്ദ്രിയങ്ങൾ' എന്ന പേരോടുകൂടിയുള്ളവ

കർമ്മണാ തേ ദസ്യവഃ ഏവ = പ്രവൃത്തികൊണ്ടുനോക്കിയാൽ ആ കള്ളന്മാർതന്നെയാകുന്നു.

ഇന്ദ്രിയങ്ങളുടെ ആ കള്ളസ്വഭാവംതന്നെ താഴെ ഉപപാദിക്കുന്നു.

2 തദ്യഥാ പുരുഷസ്യ ധനം യത്കിഞ്ചിദ്ധർമ്മൗപയികം ബഹുകൃച്ഛ്രാ-
ധിഗതം സാക്ഷാത്പരമപുരുഷാരാധനലക്ഷണോ യോഽസൗ
ധർമ്മസ്തം തു സാംപരായ ഉദാഹരന്തി തദ്ധർമ്മ്യം ധനം ദർശനസ്പർശന-
ശ്രവണാസ്വാദനാവഘ്രാണസങ്കല്പവ്യവസായഗൃഹഗ്രാമ്യോപഭോഗേന
കുനാഥസ്യാജിതാത്മനോ യഥാ സാർത്ഥസ്യ തഥാ ഽ ജിതാത്മനോ
വിലുംപന്തി.

തത് യഥാ = അതെങ്ങനെയാണെന്നാൽ,

ബഹുകൃച്ഛ്രാധിഗതം = അനേകം കഷ്ടപ്പാടുകൾകൊണ്ട് നേടിയെടുത്ത

പുരുഷസ്യ ധനം = മനുഷ്യൻെറ സമ്പത്ത്

യത്കിഞ്ചിത് = എത്രതന്നെയുള്ളതായാലും

ധർമ്മൗപയികം = ധർമ്മത്തിനു പ്രയോജനീഭവിക്കേണ്ടതാണ്.

യഃ അസൗ ധർമ്മഃ = യാതൊരു ഈ ധർമ്മമെന്നത്

സാക്ഷാത്പരമപുരുഷാ-
രാധനലക്ഷണഃ } സാക്ഷാൽ സർവ്വേശ്വരനെ ആരാധിക്കുക എന്നതുമാകുന്നു.

തം തു സാംപരായേ
ഉദാഹരന്തി } ആയതിനെ പരലോകത്തിലേക്കുള്ളതാണെന്ന് അറിഞ്ഞവന്മാർ പറഞ്ഞുവരുന്നുണ്ട്

തത് ധർമ്മ്യം അജിതാത്മനഃ ധനം = അവ്വിധം ധർമ്മോപകരണമായ അജ്ഞൻെറ സമ്പത്തിനെ

ദർശനസ്പർശനശ്രവണാസ്വാദനാ-
വഘ്രാണസങ്കല്പവ്യവസായ-
ഗൃഹഗ്രാമ്യോപഭോഗേന } = കാണുക, തൊടുക, കേൾക്കുക, രുചിനോക്കുക, മണക്കുക, സങ്കല്പിക്കുയും നിശ്ചയിക്കുയും ചെയ്യുക എന്നീ വ്യാപാരങ്ങൾ മുഖേന ഗാർഹികങ്ങളായ കുത്സിതസുഖങ്ങളുടെ ഉപഭോഗംവഴിക്ക്,

കുനാഥസ്യ അജിതാത്മനഃ = നല്ല നേതാവില്ലാത്തതും സ്വനിയന്ത്രിതമല്ലാത്തതുമായ

സാർത്ഥസ്യ (ധനം) = വർത്തകസംഘത്തിന്റെ സമ്പത്തിനെ

യഥാ (ചോരാഃ) വിലുമ്പന്തി = ഏതുപ്രകാരം കള്ളന്മാർ കവർന്നെടുക്കുന്നുവോ,

തഥാ (ഇന്ദ്രിയാണി) = അപ്രകാരം ഇന്ദ്രിയങ്ങളും ചെയ്യുന്നു.

അതുകൊണ്ട് ഷഡിന്ദ്രിയങ്ങളെ കാട്ടുകള്ളന്മാരായി രൂപണം ചെയ്തതു് സംഗതം തന്നെയാണെന്നു് താൽപര്യം.

ഇനി "ഗോമായവോ യത്ര—" എന്നുള്ള പ്രസ്താവത്തെ വ്യാഖ്യാനിക്കുന്നു.

3 അഥ ച യത്ര കൗടുംബികാ ദാരാപത്യാദയോ നാമ്നാ കർമ്മണാ വൃക-
സൃഗാലാ ഏവാനിച്ഛതോഽപി കദര്യസ്യ കുടുംബിന ഉരണകവത്
സംരക്ഷ്യമാണം മിഷതോഽപി ഹരന്തി.

അഥ ച യത്ര = അതിനുപുറമെ, യാതൊരു സംസാരാടവിയിൽ

കൗടുംബികാഃ = കുടുംബത്തോടുബന്ധപ്പെട്ടവരും

നാമ്നാ ദാരാപത്യാദയഃ = പേരുകൊണ്ട് ഭാര്യയെന്നും മക്കളെന്നും മററും പറയപ്പെടുന്നവരാണെങ്കിലും

കർമ്മണാ വൃകസൃഗാലാഃ ഏവ = പ്രവൃത്തികൊണ്ട് ചെന്നായ്ക്കളും കുറുനരികളും തന്നെയായ അവർ

അനിച്ഛതഃ അപി = കൊടുക്കാനിച്ഛിക്കുന്നില്ലെന്നുവന്നാലുംകൂടി

കദര്യസ്യ കുടുംബിനഃ = പിശുക്കനായ കുടുംബിയുടെ

ഉരണകവത്സംരക്ഷ്യമാണം = ആട്ടിൻകുട്ടിയെപ്പോലെ സംരക്ഷിക്കപ്പെട്ടുവരുന്ന ധനത്തെ

മിഷതഃ അപി ഹരന്തി = അവൻ നോക്കിനില്ക്കുന്നുവെങ്കിലും കൈയടക്കിക്കൊണ്ടുപോകുന്നു.

ഇനി "പ്രഭൃതവീരുത്തൃണഗുല്മഗഹ്വരേ" — എന്നതിനെ വ്യാഖ്യാനിച്ചുപറയുന്നു—

4 യഥാ ഹ്യനുവത്സരം കൃഷ്യമാണമപ്യദഗ്ധബീജം ക്ഷേത്രം പുനരേ-
വാഽവപനകാലേ ഗുല്മതൃണവീരുദ്ഭിർഗഹ്വരമിവ ഭവതി ഏവ-
മേവ ഗൃഹാശ്രമഃ കർമ്മക്ഷേത്രം യസ്മിൻ ന ഹി കർമ്മാണ്യുത്സീദന്തി
യദയം കാമകരണ്ഡ ഏഷ ആവസഥഃ.

യഥാ ഹി അനുവത്സരം = എപ്രകാരമാണോ, കൊല്ലംതോറും

കൃഷ്യമാണം അപി = ഉഴുതുമറിക്കപ്പെട്ടിരുന്നാലും

അദഗ്ധബീജം ക്ഷേത്രം = കളവിത്തുകൾ നശിക്കാതെതന്നെ കിടക്കുന്ന കൃഷിനിലം

പുനഃ ഏവ ആവപനകാലേ = വീണ്ടും വിതയ്ക്കുള്ളകാലംവരുമ്പോൾ

ഗുല്മതൃണവീരുദ്ഭിഃ = പൊന്തച്ചെടികളും പുല്ലുകളും വള്ളിമുടിലാരങ്ങളും കൊണ്ട്

ഗഹ്വരം ഇവ ഭവതി = കാടുകെട്ടികിടക്കുംപോലെയാകുന്നത്,

ഏവം ഏവ = അപ്രകാരം തന്നെയാണ്

ഗൃഹാശ്രമഃ കർമ്മക്ഷേത്രം = ഗൃഹസ്ഥാശ്രമം (കുടുംബജീവിതം) എന്ന കർമ്മക്ഷേത്രവും

യസ്മിൻ = യാതൊരു ഈ ഗൃഹസ്ഥാശ്രമത്തിൽവെച്ച്

കർമ്മാണി ന ഉത്സീദന്തി ഹി = കർമ്മങ്ങൾ തികച്ചും വേരററുപോകയില്ല.

യത് ഏഷഃ അയം ആവസഥഃ = എന്തെന്നാൽ, ഈ ആശ്രമം

കാമകരണ്ഡഃ = കാമങ്ങളുടെ സൂക്ഷിപ്പുചെപ്പാകുന്നു.

കർപ്പൂരച്ചെപ്പിൽ കർപ്പൂരമൊഴിഞ്ഞാലും അതിന്റെ വാസന വിട്ടുപോകുന്നില്ല. അതുപോലെ കാമ്യകർമ്മങ്ങളുടെ പേടകമായ ഗൃഹസ്ഥവൃത്തി കർമ്മനിർമ്മുക്തമാകുന്ന അളവിലും കർമ്മവാസനയിൽനിന്ന് നിർമ്മുക്തമാകുന്നില്ല. അതു കണ്ടത്തിലെ കളവിത്തുപോലെ യഥാസമയം തന്നെത്താൻ നാമ്പെടുക്കുകതന്നെ ചെയ്യുമെന്ന് സാരം.

“കഠോരദംശൈർമശകൈരുപദ്രുതഃ” എന്നുപറഞ്ഞതിനെ വ്യക്തമാക്കുന്നു—

5 തത്ര ഗതഃ ദംശമശകസമാപസദൈർമനുജൈഃ ശലഭശകുന്തതസ്കര-മൂഷകാദിഭിരുപരുധ്യമാനബാഹിഃപ്രാണഃ ക്വചിത് പരിവർത്തമാ-നോഽസ്മിന്നധ്വന്യവിദ്യാകാമകർമ്മഭിരുപരക്തമനസാഽനുപപന്നാ-ർത്ഥം നരലോകം ഗന്ധർവ്വനഗരമുപപന്നമിതി മിഥ്യാദൃഷ്ടിരനുപശ്യതി.

തത്ര ഗതഃ = ആ ഗൃഹസ്ഥാശ്രമത്തിൽ പുക്കവൻ

ദംശമശകസമാപസദൈഃ = ഈച്ച കൊതു എന്നിവയെപ്പോലെ താണനിലവാരത്തിങ്കലുള്ളവരെങ്കിലും വിദ്രോഹികളായ

മനുജൈഃ = മനുഷ്യരാലും

ശലഭശകുന്തതസ്കരമൂഷകാദിഭിഃ = പാററകൾ, പക്ഷികൾ, കള്ളന്മാർ, എലികൾ മുതലായവയാലും

ഉപരുധ്യമാനബഹിഃപ്രാണഃ = ബാധയേല്പിക്കപ്പെടുന്ന ബഹിശ്ചരപ്രാണനോടു (ധനസമ്പത്തിനോടു) കൂടിയവനായിട്ട്

അസ്മിൻ അധ്വനി = ഈ സംസാരമാർഗ്ഗത്തിൽ

പരിവർത്തമാനഃ = വട്ടംകറങ്ങുന്നവനായിട്ട്

അവിദ്യാകർമ്മഭിഃ ഉപരക്തമനസാ = അജ്ഞാനം, കാമം, കർമ്മം എന്നിവയോട് പററിച്ചേർന്നിരിക്കുന്ന മനസ്സുകൊണ്ട്

ഗന്ധർവ്വനഗരം = ഗന്ധർവ്വനഗരംപോലെ

ക്വചിത് അനുപപന്നാർത്ഥം = ഒരിക്കലും സംഭാവ്യതയ്ക്ക് അവകാശമില്ലാത്ത

നരലോകം ഉപപന്നം ഇതി = മർത്ത്യലോകത്തെ സത്യമെന്ന്

മിഥ്യാദൃഷ്ടിഃ അനുപശ്യതി = മിഥ്യാബോധത്തോടെ കണ്ടുകൊണ്ടേ ഇരിക്കുന്നു.

“പ്രപശ്യതി” എന്ന ക്രിയാപദത്തിൽ ‘പ്ര’ശബ്ദംകൊണ്ടു് പ്രത്യേകം സൂചിപ്പിച്ചതായ അൎത്ഥം ഇന്നതെന്നു് ഇനി വ്യക്തമാക്കുന്നു.

6 തത്ര ച ക്വചിദാതപോദകനിഭാൻ വിഷയാനുപധാവതി പാനഭോജനവ്യവായാദിവ്യസനലോലുപഃ.

| | | |
|---|---|---|
| തത്ര ച ക്വചിത് | = | അവിടേയും (ഗന്ധൎവ്വനഗരംപോലെ അയഥാൎത്ഥമായ മൎത്ത്യലോകത്തിലും) ചിലപ്പോൾ |
| പാനഭോജനവ്യവായാദിവ്യസനലോലുപഃ | } | കുടി, ഊണു്, സംഭോഗം മുതലായവയിൽ അത്യാസക്തനായിട്ടു് |
| ആതപോദകനിഭാൻ | = | മരീചികാജലംപോലെ ഉണ്മയില്ലാത്ത |
| വിഷയാൻ ഉപധാവതി | = | വിഷയങ്ങളെ പിന്തുടൎന്നു പായുന്നു. |

“ക്വചിത്ക്വചിച്ചാശുരയോല്മുകഗ്രഹം” എന്ന ഭാഗം വ്യാഖ്യാനിക്കുന്നു.

7 ക്വചിച്ചാശേഷദോഷനിഷദനം പുരീഷവിശേഷം തദ്വൎണ്ണഗുണനിൎമ്മിതമതിഃ സുവൎണ്ണമുപാദിത്സത്യഗ്നികാമകാതര ഇവോല്മുകപിശാചം

| | | |
|---|---|---|
| അഗ്നികാമകാതരഃ | = | തീയിനെ ആഗ്രഹിക്കുന്ന ശീതാതുരൻ |
| ഉല്മുകപിശാചം | = | കൊള്ളിപ്പിശാചിനെ പിടിക്കുവാൻ വെമ്പുന്നപോലെ |
| അശേഷദോഷനിഷദനം | = | സകലവിധദോഷങ്ങളുടേയും ആവാസകേന്ദ്രമായതും |
| പുരീഷവിശേഷം സുവൎണ്ണം | = | അഗ്നിയുടെ മലമെന്നുപറയാവുന്നതുമായ സ്വൎണ്ണത്തെ |
| തദ്വൎണ്ണഗുണനിൎമ്മിതമതിഃ | = | ആ മലത്തിന്റേതുപോലെ മഞ്ഞനിറമായ അതിന്റെ രജോഗുണത്താൽ ആകൃഷ്ടബുദ്ധിയായിട്ടു് |
| ക്വചിത് ഉപാദിത്സതി | = | ഇടയ്ക്കു് സ്വായത്തമാക്കാനുദ്യമിക്കുന്നു. |

“നിവാസതോയദ്രവിണാത്മബുദ്ധിഃ—” എന്ന പ്രസ്താവത്തെ വ്യാഖ്യാനിക്കുന്നു—

8 അഥ കദാചിന്നിവാസപാനീയദ്രവിണാദ്യനേകാത്മോപജീവനാഭിനിവേശ ഏതസ്യാം സംസാരാടവ്യാമിതസ്തതഃ പരിധാവതി.

| | | |
|---|---|---|
| അഥ കദാചിത് | = | പിന്നെ, ചിലപ്പോൾ |
| നിവാസപാനീയദ്രവിണാദ്യനേകാത്മോപജീവനാഭിനിവേശഃ | } | പാൎപ്പിടം, ജലം, സ്വത്തുവകകൾ എന്നുതൊട്ടുള്ള അനേകം തനിക്കാവശ്യമായ സാധനങ്ങളിൽ താൽപൎയ്യംവെച്ചുകൊണ്ടു് |
| ഏതസ്യാം സംസാരാടവ്യാം | = | ഈ സംസാരമാവുന്ന കാട്ടിൽ |
| ഇതഃ തതഃ പരിധാവതി | = | അങ്ങുമിങ്ങും പരക്കംപായുന്നു. |

“വാതോത്ഥിതപാംസുധൂമ്രാ ദിശോ ന ജാനാതി” എന്നു് പറഞ്ഞതിന്റെ ആന്തരാൎത്ഥം വ്യക്തമാക്കുന്നു—

9 കദാചിച്ച വാത്യൂപമയാ പ്രമദയാ ഽരോഹമാരോപിതസ്തത്കാല-
രജസാ രജനീഭൂത ഇവാസാധുമര്യാദോ രജസ്വലാക്ഷോ ഽപി ദിഗ്-
ദേവതാ അതിരജസ്വലമതിർന വിജാനാതി.

| | | |
|---|---|---|
| കദാചിത് ച | = | പിന്നെയും ചിലപ്പോൾ |
| വാത്യൂപമയാ പ്രമദയാ | = | ചുഴലിക്കാററുപോലെ കാഴ്ചകെട്ടുന്ന സ്ത്രീയാൽ |
| ആരോഹം ആരോപിതഃ | = | മടിത്തടത്തിലെടുത്തുചേർക്കപ്പെട്ടവനായിട്ട് |
| തത്കാലരജസാ | = | അന്നേരത്തു് അവളിലുണ്ടായ അനുരാഗത്താൽ |
| രജനീഭൂതഃ ഇവ | = | തമോമയനെന്നപോലെയായും |
| അസാധുമര്യാദഃ | = | സദാചാരസീമകളില്ലാത്തവനായും |
| അതിരജസ്വലമതിഃ | = | അത്യധികമായ രജോഗുണത്താൽ ആച്ഛന്നമായ ബുദ്ധിയോടുകൂടിയവനായും |
| രജസ്വലാക്ഷഃ | = | രജസ്സ് ബാധിച്ച കണ്ണുകളോടുകൂടിയവനായും ഭവിച്ച് |
| ദിഗ്ദേവതാഃ അപി | = | കർമ്മസാക്ഷികളായ ദിഗ്ദേവതമാരെക്കൂടിയും |
| ന വിജാനാതി | = | അറിയുന്നില്ല. |

"മരീചിതോയാന്യഭിധാവതി" — എന്നതിനെ വ്യാഖ്യാനിക്കുന്നു—

10 കദാചിത് സകൃദവഗതവിഷയവൈതഥ്യഃ സ്വയം പരാഭിധ്യാനേന
വിഭ്രംശിതസ്മൃതിസ്തയൈവ മരീചിതോയപ്രായാംസ്താനേവാഭിധാവതി

| | | |
|---|---|---|
| കദാചിത് സ്വയം സകൃദവഗതവിഷയവൈതഥ്യഃ | } | ചിലപ്പോൾ, താൻതന്നെ ഒരുവേള വിഷയങ്ങളുടെ അയഥാർത്ഥസ്വഭാവം അറിഞ്ഞവനായിട്ടുകൂടിയും |
| സ്വയം പരാഭിധ്യാനേന | = | സ്വാഭാവികമായ ദേഹാദ്യഭിമാനത്താൽ |
| വിഭ്രംശിതസ്മൃതിഃ | = | ആത്മസ്വരൂപത്തിൻെറ ധാരണ വിട്ടുപോയിട്ട്, |
| തയാ ഏവ | = | ആ വിട്ടുപോയ ധാരണയാൽ |
| മരീചിതോയപ്രായാൻ | = | മൃഗതൃഷ്ണികാജലംപോലെ മായികവിഭ്രാന്തിയെഴുന്ന |
| താൻ ഏവ അഭിധാവതി | = | ആ വിഷയങ്ങളുടെ നേക്കുതന്നെ നോക്കിക്കുതിക്കുന്നു |

"അദൃശ്യഝില്ലീസ്വനം"— എന്നതിനെ ഇനി വ്യാഖ്യാനിക്കുന്നു—

11 കദാചിദുലൂകഝില്ലീസ്വനവദതിപരുഷരഭസാടോപം പ്രത്യക്ഷം പ-
രോക്ഷം വാ രിപുരാജകുലനിർഭത്സിതേനാതിവ്യഥിതകർണ്ണമൂലഹൃദയഃ

| | | |
|---|---|---|
| കദാചിത് ഉലൂകഝില്ലീസ്വനവത് | = | ചിലപ്പോൾ കൂമൻെറയും മണ്ണട്ടയുടെയും ശബ്ദം പോലെ |
| അതിപരുഷരഭസാടോപം | = | പരുക്കൻമട്ടിൽ, ശക്തിയോടെ, അമ്പരപ്പിക്കും വിധം |

| | | |
|---|---|---|
| പ്രത്യക്ഷം പരോക്ഷം വാ | = | നേരെ നിന്നിട്ടോ മറഞ്ഞുനിന്നിട്ടോ ഉള്ള |
| രിപുരാജകുലനിർഭത്സിതേന | = | ശത്രുക്കളുടേയും രാജകുലത്തിൻേറയും അധിക്ഷേപവചനത്താൽ |
| അതിവ്യഥിതകർണ്ണമൂലഹൃദയഃ | = | കാതും കരളും നൊന്തുനീറുന്നവനായും ഭവിക്കുന്നു. |

ഇനി "അപുണ്യവൃക്ഷാൻ ശ്രയതേ" എന്നുപറഞ്ഞതു് വിശദീകരിക്കുന്നു.

12 സ യദാ ദുഗ്ദ്ധപൂർവ്വസുകൃതസ്തദാ കാരസ്കരകാകതുണ്ഡാദ്യപുണ്യദ്രുമലതാവിഷോദപാനവദുഭയാർത്ഥശൂന്യദ്രവിണാൻ ജീവന്മൃതാൻ സ്വയം ജീവന്മ്രിയമാണ ഉപധാവതി.

| | | |
|---|---|---|
| യദാ സഃ ദുഗ്ദ്ധപൂർവ്വസുകൃതഃ തദാ | = | എന്നേരത്തു് അവൻ കറന്നെടുത്തു് അനുഭവിച്ചുതീർക്കപ്പെട്ട മുജ്ജന്മസുകൃതത്തോടുകൂടിയവനായിരുന്നുവോ, അന്നേരത്തു് |
| കാരസ്കരകാകതുണ്ഡാദ്യപുണ്യദ്രുമലതാവിഷോദപാനവത് | } | കാഞ്ഞിരം, കാകതുണ്ഡം മുതലായ കൊട്ടമരങ്ങളും ചെടികളും വള്ളികളും വിഷവെള്ളക്കിണറുകളും എന്നതുപോലെ |
| ഉഭയാർത്ഥശൂന്യദ്രവിണാൻ | = | ലൗകികമായോ പാരത്രികമായോ യാതൊരു പ്രയോജനവുമില്ലാത്ത സമ്പത്തോടുകൂടിയിരിക്കുന്ന |
| ജീവന്മൃതാൻ | = | ജീവച്ഛവങ്ങളെ |
| സ്വയം ജീവന്മ്രിയമാണഃ | = | താനും ജീവച്ഛവമായിരുന്നുകൊണ്ടു് |
| ഉപധാവതി | = | പിന്തുടരുന്നു (ആശ്രയിക്കുന്നു) |

"ക്വചിദല്പതോയാഃ സരിതഃ"—എന്ന ഭാഗം വ്യാഖ്യാനിക്കുന്നു—

13 ഏകദാസത്പ്രസംഗാന്നികൃതമതിർവ്യുദകസ്രോതഃസ്ഖലനവദുഭയതോപി ദുഃഖദം പാഖണ്ഡമഭിയാതി.

| | | |
|---|---|---|
| ഏകദാ അസത്പ്രസംഗാത് | = | ചിലപ്പോൾ ദുർജ്ജനസമ്പർക്കംകൊണ്ടു് |
| നികൃതമതിഃ | = | വഞ്ചിതബുദ്ധിയായിട്ടു് |
| വ്യുദകസ്രോതഃസ്ഖലനവത് | = | വെള്ളംവറ്റിയ ആററിൽ ചാടിവീണു് (വെള്ളം കിട്ടാതെയും ദേഹത്തിൽ മുറിവേററും) വിഷമിക്കുന്നതുപോലെ |
| ഉഭയതഃ അപി ദുഃഖദം | = | രണ്ടിടത്തും (ഇഹത്തിലും പരത്തിലും) ദുഃഖപ്രദമായ |
| പാഖണ്ഡം അഭിയാതി | = | നാസ്തികധർമ്മത്തെ അവലംബിക്കുന്നു. |

ഇനി "പരസ്പരം ചാലഷതേ നിരന്ധഃ" എന്നു പറഞ്ഞതിൻെറ സാരാർത്ഥം വ്യക്തമാക്കുന്നു.

14 യദാ തു പരബാധയാ/ന്ധ ആത്മനേ നോപനമതി തദാ ഹി പിതൃപുത്രബർഹിഷ്മതഃ പിതൃപുത്രാൻ വാ സ ഖലു ഭക്ഷയതി.

യദാ തു പരബാധയാ അന്ധഃ ആത്മനേ ന ഉപനമതി തദാഹി } എപ്പോഴെങ്കിലും പരപീഡനംകൊണ്ട് അന്നം തനിക്ക് കിട്ടാതെയാകുമ്പോൾ

പിതൃപുത്രബഹിഷ്കൃതഃ = അച്ഛൻേറയും മക്കളുടേയും പുല്ലോടിയെങ്കിലും കൈവശംവെച്ചുപോരുന്നവരേയോ,

പിതൃപുത്രാൻ വാ = അച്ഛനേയും മക്കളേയും തന്നേയോ,

സഃ ഭക്ഷയതി ഖലു = അവൻ ഭക്ഷണാർത്ഥം കൈയേററം ചെയ്യുന്നുവല്ലോ.

"ആസാദ്യ ദാവം"—എന്നതിന്ന് വ്യാഖ്യാനം നല്കുന്നു.

15 കദാചിദാസാദ്യ ഗൃഹം ദാവവത് പ്രിയാർത്ഥവിധുരമസുഖോദർക്കം ശോകാഗ്നിനാ ദഹ്യമാനോ ഭൃശം നിർവേദമുപഗച്ഛതി.

കദാചിത് ദാവവത് = ഇടയ്ക്ക്, കാട്ടുതീപോലെ സന്താപകരവും

പ്രിയാർത്ഥവിധുരം = ഇഷ്ടവസ്തുക്കളില്ലാത്തതും

അസുഖോദർക്കം = മീതക്കമീതെ അസുഖജനകവുമായ

ഗൃഹം ആസാദ്യ = ഗൃഹസ്ഥവൃത്തിയെ പ്രാപിച്ച്

ശോകാഗ്നിനാ ദഹ്യമാനഃ = ശോകാഗ്നിയാൽ എരിയപ്പെട്ടുകൊണ്ട്

ഭൃശം നിർവേദം ഉപഗച്ഛതി = ഏററവും മനഃക്ലേശത്തെ പ്രാപിക്കുന്നു.

"യക്ഷൈർഹൃതാസുഃ" എന്നതും "ശൂരൈർഹൃതസ്വഃ" എന്നതും വ്യാഖ്യാനിക്കുന്നു–

16 കദാചിത്കാലവിഷമിതരാജകുലരക്ഷസാ ഽപഹൃതപ്രിയതമധനാസുഃ പ്രമൃതക ഇവ വിഗതജീവലക്ഷണ ആസ്തേ

കദാചിത് കാലവിഷമിതരാജകുലരക്ഷസാ } ചിലപ്പോൾ, കാലത്താൽ പ്രതികൂലപരിതഃസ്ഥിതിയിലായ രാജകുലമാവുന്ന രക്ഷസ്സിനാൽ

അപഹൃതപ്രിയതമധനാസുഃ = അപഹരിക്കപ്പെട്ട അതിപ്രിയംകരമായ ധനത്തോടും പ്രാണനോടും കൂടിയവനായിട്ട്

പ്രമൃതകഃ ഇവ = ചത്തവനെപ്പോലെ

വിഗതജീവലക്ഷണഃ = ഹർഷതോഷാദിജീവലക്ഷണങ്ങളില്ലാത്തവനായി

ആസ്തേ = സ്ഥിതിചെയ്യുന്നു.

'കദാചിച്ച ഗന്ധർവ്വപുരം പ്രവിഷ്ടഃ' എന്നതു് വ്യാഖ്യാനിക്കുന്നു—

17 കദാചിന്മനോരഥോപഗതപിതൃപിതാമഹാദ്യസത് സദിതി സ്വപ്നനിർവൃതിലക്ഷണമനുഭവതി.

കദാചിത് = ചിലനേരത്ത്,

മനോരഥോപഗതപിതൃപിതാമഹാദി അസത് } മനോരഥംകൊണ്ടുമാത്രം സംപ്രാപ്തമായ പിതൃപിതാമഹാദിപൂർവ്വപരമ്പരയാവുന്ന ഉള്ളതല്ലാത്തതിനെ

സത് ഇതി സ്വപ്നനിർവൃതിലക്ഷണം അനുഭവതി } ഉള്ളതെന്നതോന്നലുണ്ടാകകൊണ്ട് സ്വപ്നോപമസൗഖ്യം അനുഭവിക്കുന്നു.

'ചലൻ ക്വചിത്' ഇത്യാദി പ്രസ്താവത്തെ വ്യാഖ്യാനിക്കുന്നു—

18 ക്വചിത് ഗൃഹാശ്രമകർമ്മചോദനാതിഭരഗിരിമാരുരുക്ഷമാണോ ലോ-
കവ്യസനകർശിതമനാഃ കണ്ടകശർക്കരാക്ഷേത്രം പ്രവിശന്നിവ സീദതി.

| | | |
|---|---|---|
| ക്വചിത് | = | ചിലനേരത്തു്, |
| ഗൃഹാശ്രമകർമ്മചോദനാ-തിഭരഗിരിം | } | ഗൃഹസ്ഥാശ്രമത്തിലേക്കുവേണ്ടി ശാസ്ത്രത്താലും ലോകാചാരത്താലും പ്രേരിതങ്ങളായ കർമ്മഭാരങ്ങളാവുന്ന മാമലയെ |
| ആരുരുക്ഷമാണഃ | = | കയറിയെത്തുന്നതിന്നുദ്യമിച്ചുകൊണ്ടു് |
| ലോകവ്യസനകർശിതമനാഃ | = | ലോകത്തിലെ ബഹുവിധപീഡകളാൽ അകം നൊന്തു് |
| കണ്ടകശർക്കരാക്ഷേത്രം | = | മുള്ളും ചരലും നിറഞ്ഞ പ്രദേശത്തെ |
| പ്രവിശൻ ഇവ സീദതി | = | പ്രവേശിച്ചവനെന്നപോലെ തളർന്നുപോകുന്നു. |

'പദേ പദേഽഭ്യന്തരവഹ്നിനാ'— എന്ന പ്രസ്താവം ഇനി വ്യാഖ്യാനിക്കുന്നു—

19 ക്വചിച്ച ദുഃസഹേന കായാഭ്യന്തരവഹ്നിനാ ഗൃഹീതസാരഃ സ്വകുടും-
ബായ ക്രുധ്യതി.

| | | |
|---|---|---|
| ക്വചിത് ച | = | മററുചിലപ്പോൾ |
| ദുഃസഹേന | = | സഹിച്ചുകൂടാത്ത |
| കായാഭ്യന്തരവഹ്നിനാ | = | ശരീരാന്തർഗതവഹ്നിയാൽ (ജാഠരാഗ്നിയാൽ) |
| ഗൃഹീതസാരഃ | = | വലഞ്ഞവശനായിട്ടു് |
| സ്വകുടുംബായ ക്രുധ്യതി | = | ഭാര്യാമക്കളോടും മററും കയർക്കുന്നു. |

"ക്വചിന്നിഗീർണ്ണോഽജഗരാഹിനാ" എന്നു് തുടങ്ങുന്ന പ്രസ്താവത്തെ വ്യാഖ്യാനിക്കുന്നു.

20 സ ഏവ പുനർന്നിദ്രാജഗരഗൃഹീതോഽന്ധേ തമസി മഗ്നഃ ശൂന്യാരണ്യ
ഇവ ശേതേ നാന്യത് കിഞ്ചന വേദ ശവ ഇവാപവിദ്ധഃ.

| | | |
|---|---|---|
| സഃ ഏവ പുനഃ | = | അവൻതന്നെ പിന്നെയും |
| നിദ്രാജഗരഗൃഹീതഃ | = | നിദ്രയാവുന്ന പെരുമ്പാമ്പിനാൽ ഗ്രസ്തനായിട്ടു് |
| അന്ധേ തമസി മഗ്നഃ | = | ഗാഢാന്ധകാരത്തിൽ മുഴുകി, |
| ശൂന്യാരണ്യേ അപവിദ്ധഃ | = | വിജനമായ വനത്തിൽ വലിച്ചെറിഞ്ഞ |
| ശവഃ ഇവ ശേതേ | = | ശവമെന്നപോലെ കിടക്കുന്നു; |
| അന്യത് കിഞ്ചന ന വേദ | = | മററു് യാതൊന്നും അവൻ അറിയാതെയാകുന്നു. |

"ദഷ്ടഃ സ്മ ശേതേ—" എന്നതു് വ്യാഖ്യാനിക്കുന്നു—

21 കദാചിദ്ഭഗ്നമാനദംഷ്ട്രോ ദുർജനദന്ദശൂകൈരലബ്ധനിദ്രാക്ഷണോ വ്യ-
ഥിതഹൃദയേനാനുക്ഷീയമാണവിജ്ഞാനോഽന്ധകൂപേഽന്ധവത്പതതി

| | | |
|---|---|---|
| കദാചിത് | = | ചിലനേരത്തു്, |
| ദുർജനദന്ദശൂകൈഃ | = | ദുർജനങ്ങളാവുന്ന വിഷജന്തുക്കളാൽ |
| ഭഗ്നമാനദംഷ്ട്രഃ | = | അഭിമാനമാവുന്ന തേററപ്പല്ലിനു് ഭംഗമേല്പിക്കപ്പെട്ടു് |
| അലബ്ധനിദ്രാക്ഷണഃ | = | ഉറക്കത്തിന്നുള്ള അവസരംപോലും ലഭിച്ചിടാതെ |
| വ്യഥിതഹൃദയേന | = | വ്യഥയാർന്ന ഹൃദയത്താൽ |
| അനുക്ഷീയമാണവിജ്ഞാനഃ | = | അനുക്രമം കുറഞ്ഞുകൊണ്ടുവരുന്ന വിവേകത്തോടു കൂടിയവനായിഭവിച്ചു് |
| അന്ധകൂപേ അന്ധവത് പതതി | = | പൊട്ടക്കിണററിൽ പൊട്ടക്കണ്ണനെപ്പോലെ വീഴുന്നു. |

“ക്വചിത്ക്ഷുദ്രരസാൻ വിചിന്വൻ” എന്നതു് വ്യാഖ്യാനിക്കുന്നു—

22 ക്വചിത്കാമമധുലവാൻ വിചിന്വൻ യദാ പരദാരപരദ്രവ്യാ-
ണ്യവരുന്ധാനോ രാജ്ഞാ സ്വാമിഭിർവ്വാ നിഹതഃ പതത്യപാരേ-
നിരയേ.

| | | |
|---|---|---|
| ക്വചിത് യദാ | = | ചിലനേരത്തു്, എപ്പോഴാണോ, |
| കാമമധുലവാൻ വിചിന്വൻ | = | കാമമധുബിന്ദുക്കളെ ആരാഞ്ഞുകൊണ്ടു്, |
| പരദാരപരദ്രവ്യാണി | = | പരസ്ത്രീകളെയും പരധനത്തെയും |
| അവരുന്ധാനഃ (ഭവതി തദാ) | = | സ്വായത്തമാക്കുന്നവനായിഭവിക്കുന്നതു്, അപ്പോൾ |
| രാജ്ഞാ സ്വാമിഭിഃ വാ നിഹതഃ | = | രാജാവിനാലോ ഉടമസ്ഥന്മാരാലോ ഹനിക്കപ്പെട്ടു് |
| അപാരേ നിരയേ പതതി | = | അപാരമായ നരകത്തിൽചെന്നുവീഴുന്നു. |

ഇവിടെ പ്രാസംഗികമായി പ്രവൃത്തിപരമായ കർമ്മത്തിൻെറ സംസാരഹേതുത്വം വിശദമാക്കുന്നു—

23 അഥ ച തസ്മാദുഭയഥാഽപി ഹി കർമ്മാസ്മിന്നാത്മനഃ സംസാരാവപന-
മുദാഹരന്തി.

| | | |
|---|---|---|
| തസ്മാത് അസ്മിൻ | = | ഏവംവിധമാകയാൽ, ഈ പ്രവൃത്തിമാർഗ്ഗത്തിൽ |
| കർമ്മ ഉഭയഥാ അപി ഹി | = | കർമ്മത്തെ ഇഹത്തിലും പരത്തിലും |
| ആത്മനഃ സംസാരാവപനം | = | ആത്മാവിൻെറ സംസാരക്ലേശങ്ങളുടെ വിളനിലമായിട്ടു് |
| അഥ ച ഉദാഹരന്തി | = | എളുപ്പത്തിൽത്തന്നെ പറയാവുന്നതാണു്. |

“തത്രാതികൃച്ഛ്രം പ്രതിലബ്ധമാനഃ” എന്നു് പറഞ്ഞതിൻെറ വ്യാഖ്യാനം ഇനി നൽകുന്നു—

24 മുക്തസ്തതോ യദി ബന്ധാദ്ദേവദത്ത ഉപാച്ഛിനത്തി തസ്മാദപി വിഷ്ണു-
മിത്ര ഇത്യനവസ്ഥിതിഃ.

യദി ബന്ധാത് മുക്തഃ തതഃ = ഒരുപക്ഷേ, ബന്ധനത്തിൽനിന്നു് മുക്തനായി വന്നാലും, അവനിൽനിന്നു് ആ പരസ്വത്തെ

ദേവദത്തഃ ഉപാച്ഛിനത്തി = ദേവദത്തനെന്നോ മറ്റോ പേരുള്ള വേറെയൊരുത്തൻ അപഹരിക്കുന്നു;

തസ്മാത് അപി വിഷ്ണുമിത്രഃ = അവൻെറ കൈയിൽനിന്നും വിഷ്ണുമിത്രനെന്നോ മറ്റോ പേരുള്ള മറ്റൊരുത്തനും—

ഇതി അനവസ്ഥിതിഃ = ഇങ്ങനെ വ്യവസ്ഥയില്ലാതെ കൈമാറ്റം തുടന്നു കൊണ്ടുപോകുന്നു.

"കചചിച്ച ശീതാതപ........ആസ്തേ" എന്നു് പറഞ്ഞതിനെ ഇനി വ്യാഖ്യാനിക്കുന്നു—

25 ക്വചിച്ച ശീതവാതാദ്യനേകാധിദൈവികഭൗതികാത്മീയാനാം ദശാ-
നാം പ്രതിനിവാരണേƒകല്പോ ദുരന്തചിന്തയാ വിഷണ്ണ ആസ്തേ.

ക്വചിത് ച = മററു ചിലപ്പോൾ

ശീതവാതാദ്യനേകാധി-
ദൈവികഭൗതികാത്മീയാനാം } കുളിരും കാററും മററുമായിട്ടുള്ള അനേകം ആധിദൈവികങ്ങളും ആധിഭൗതികങ്ങളും ആധ്യാത്മികങ്ങളുമായ

ദശാനാം പ്രതിനിവാരണേ അകല്പഃ = അവസ്ഥാവിശേഷങ്ങളുടെ പ്രതിവിധാനത്തിൽ അപ്രാപ്തനായിട്ടു്

ദുരന്തചിന്തയാ വിഷണ്ണഃ ആസ്തേ = അററംകാണാത്ത ചിന്തയാൽ വിഷാദിച്ചുകൊണ്ടിരിക്കുന്നു.

'ക്വചിന്മിഥോ വിപണൻ—' എന്ന പ്രസ്താവത്തെ വ്യാഖ്യാനിക്കുന്നു—

26 ക്വചിന്മിഥോ വ്യവഹരൻ യത്കിഞ്ചിദ്ധനമന്യേഭ്യോ വാ കാ-
കിണികാമാത്രമപ്യപഹരൻ യത് കിഞ്ചിദ്വാ വിദ്വേഷമേതി
വിത്തശാഠ്യാത്.

ക്വചിത് മിഥഃ = ചിലപ്പോൾ അന്യോന്യം

യത്കിഞ്ചിത് ധനം = എന്തെങ്കിലും ധനത്തെക്കുറിച്ചു്

വ്യവഹരൻ = വ്യവഹാരം നടത്തിക്കൊണ്ടു്

വിത്തശാഠ്യാത് അന്യേഭ്യഃ = ധനവഞ്ചനയാൽ അന്യരുടെ പക്കൽനിന്നു്

കാകണികാമാത്രം അപി വാ = കാല്പണത്തിൻെറ കാശെങ്കിലുമോ,

യത് കിഞ്ചിത് വാ = അഥവാ അതിലുംകുറഞ്ഞതെന്തെങ്കിലുമോ

അപഹരൻ വിദ്വേഷം ഏതി = തട്ടിപ്പറിച്ചിട്ടു പകയുണ്ടാക്കിവെക്കുന്നു.

“അധ്വന്യമുഷ്മിന്നുരുകൃച്ഛ്രവിത്തബാധോപസർഗൈഃ” എന്നുപറഞ്ഞിട്ടുള്ളതിലെ ബാധോപസർഗങ്ങളെ വിസ്തരിക്കുന്നു.

27 അധ്വന്യമുഷ്മിന്നിമ ഉപസർഗാസ്തഥാ സുഖദുഃഖരാഗദ്വേഷഭയാഭി- മാനപ്രമാദോന്മാദശോകമോഹലോഭമാത്സര്യേർഷ്യാവമാനക്ഷുത്പി- പാസാധിവ്യാധിജന്മജരാമരണാദയഃ.

| | | |
|---|---|---|
| അമുഷ്മിൻ അധ്വനി ഇമേ | = | ഈ പ്രവൃത്തിമാർഗ്ഗത്തിൽ ഇത്തരം അർത്ഥബാധകളും |
| തഥാ ഉപസർഗാഃ | = | അതേവിധം താഴെ പറയുന്ന ആപത്തുകളും ഉണ്ട്— |
| സുഖദുഃഖ................മരണാദയഃ | = | സുഖം, ദുഃഖം, രാഗം, ദ്വേഷം, ഭയം, അഭിമാനം, പ്രമാദം, ഉന്മാദം, ശോകം, മോഹം, ലോഭം, മാത്സര്യം, ഈർഷ്യ, അവമാനം, വിശപ്പ്, ദാഹം, ആധി, വ്യാധി, ജന്മം, ജര, മരണം, ഇങ്ങനെയെല്ലാമാണവ. |

“പ്രസജ്ജതി ക്വാപി” എന്നു് തുടങ്ങി സിംഹാവലോകനന്യായേന വീണ്ടും പറഞ്ഞ ഭാഗത്തിലെ പരോക്ഷാർത്ഥം വ്യക്തമാക്കുന്നു—

28 ക്വാപി ദേവമായയാ സ്ത്രിയാ ഭുജലതോപഗൂഢഃ പ്രസ്കന്നവിവേക- വിജ്ഞാനോ യദ്വിഹാരഗൃഹാരംഭാകുലഹൃദയസ്തദാശ്രയാവസക്തദു- ഹിതൃകളത്രഭാഷിതാവലോകവിചേഷ്ടിതാപഹൃതഹൃദയ ആത്മാനമ- ജിതാത്മാഽപാരേഽന്ധേ തമസി പ്രഹിണോതി.

| | | |
|---|---|---|
| ക്വാപി ദേവമായയാ സ്ത്രിയാ | = | ചിലപ്പോൾ, ഭഗവാന്റെ മായയാവുന്ന സ്ത്രീയിനാൽ |
| ഭുജലതോപഗൂഢഃ | = | കോമളകരവല്ലികൾകൊണ്ടു് ആലിംഗിതനായി — |
| പ്രസ്കന്നവിവേകവിജ്ഞാനഃ | = | കൈവിട്ടുപോയ വിവേകവിജ്ഞാനത്തോടുകൂടിയവനായി— |
| യദ്വിഹാരഗൃഹാരംഭാകുലഹൃദയഃ | } | അവൾക്കുള്ള ക്രീഡാഗൃഹം നിർമ്മിക്കുന്നതിൽ വ്യാകുലചിത്തനായും |
| തദാശ്രയാവസക്തസുതദുഹിതൃകളത്രഭാഷിതാവലോകചേഷ്ടിതാപഹൃതഹൃദയഃ | } | അവളുടെ ഗൃഹത്തിൽ തങ്ങുന്ന പുത്രന്മാരുടെയും, പുത്രിമാരുടെയും ഭാര്യയായ അവളുടെതന്നെയും വാക്കും നോക്കും ചേഷ്ടകളുംകൊണ്ടു് ആകൃഷ്ടചിത്തനായിഭവിച്ചു് |
| അജിതാത്മാ | = | മനോജയം സാധിക്കാത്ത അജ്ഞൻ |
| അപാരേ അന്ധേ തമസി | = | അപാരമായ കൂരിരുട്ടിലേക്കു് |
| ആത്മാനം പ്രഹിണോതി | = | ആത്മാവിനെ തള്ളിവിടുന്നു. |

"ക്വചിത് കദാചിദ്ധരിചക്രതഃ ത്രസൻ സഖ്യം വിധത്തേ ബകകങ്കഗൃധ്രൈഃ"
എന്നതിന്റെ ആന്തരാർത്ഥം ഇനി വ്യക്തമാക്കുന്നു.

29 കദാചിദീശ്വരസ്യ ഭഗവതോ വിഷ്ണോശ്ചക്രാത് പരമാണ്വാദിദ്വിപരാർധാപവർഗകാലോപലക്ഷണാത് പരിവർത്തിതേന വയസാ രംഹസാ ഹരത ആബ്രഹ്മതൃണസ്തംബാദീനാം ഭൂതാനാമനിമിഷതോ മിഷതാം വിത്രസ്തഹൃദയസ്തമേവേശ്വരം കാലചക്രനിജായുധം സാക്ഷാത് ഭഗവന്തം യജ്ഞപുരുഷമനാദൃത്യ പാഖണ്ഡദേവതാഃ കങ്കഗൃധ്രബകവടപ്രായാ ആര്യസമയപരിഹൃതാഃ സാംകേത്യേനാഭിധത്തേ

| | | |
|---|---|---|
| പരമാണ്വാദിദ്വിപരാർധാപവർഗകാലോപലക്ഷണാത് | } | പരമാണുമുതൽ ദ്വിപരാർദ്ധംവരേക്കുമുള്ള കാലത്തിന്റെ സ്വരൂപമായിട്ടുള്ളതും |
| ആബ്രഹ്മതൃണസ്തംബാനാം | = | ബ്രഹ്മാവുമുതൽ പുല്ക്കൊടിവരെക്കുമുള്ള |
| ഭൂതാനാം മിഷതാം | = | സകല ജീവരാശികളേയും അവ അവശതയോടെ മിഴിച്ചിരിക്കെത്തന്നെ, |
| രംഹസാ പരിവർത്തിതേന വയസാ | } | ശീഘ്രമായ പരിഭ്രമണഗതിയാലുണ്ടാവുന്ന ബാല്യയൗവനാദ്യവസ്ഥാഭേദത്തിലൂടെ |
| അനിമിഷതഃ ഹരതഃ | = | ജാഗ്രത്തായിരുന്നു സംഹരിക്കുന്നതുമായ |
| ഈശ്വരസ്യ ഭഗവതഃ | = | സർവ്വനിയന്താവായി സർവ്വൈശ്വര്യപൂർണ്ണനായിരി [ക്കുന്ന |
| വിഷ്ണോഃ ചക്രാത് | = | ശ്രീഹരിയുടെ ചക്രത്തിൽനിന്നു് |
| കദാചിത് വിത്രസ്തഹൃദഃ | = | ചിലപ്പോൾ, ഭയസംഭ്രാന്തിയാന്ന ഹൃദയത്തോടുകൂടിയവനായിഭവിച്ചു്, |
| കാലചക്രനിജായുധം | = | കാലചക്രമാവുന്ന അനശ്വരശസ്ത്രത്തോടുകൂടിയവ [നും |
| സാക്ഷാത് ഭഗവന്തം | = | സാക്ഷാൽ ഭഗവാനും |
| യജ്ഞപുരുഷം ഈശ്വരം | = | യജ്ഞമൂർത്തിയും സകലനിയന്താവുമായ |
| തം ഏവ അനാദൃത്യ | = | തന്തിരുവടിയെ തികച്ചും അവഗണിച്ചു് |
| ആര്യസമയപരിഹൃതാഃ | = | ആര്യജനാചാരസമ്പ്രദായത്തിൽനിന്നു് അകററിനിർത്തപ്പെട്ടവയും |
| കങ്കഗൃധ്രബകവടപ്രായാ | = | കങ്കം, കഴു, കൊററി, പരുന്തു് എന്നീ കാട്ടുപറവകളുടെ മാതിരിക്കുള്ളവയുമായ |
| പാഖണ്ഡദേവതാഃ | = | വേദവിരുദ്ധധർമ്മാവലംബികളുടെ ദുർമ്മൂർത്തികളെ |
| സാംകേത്യേന അഭിധത്തേ | = | മൂലപ്രമാണമില്ലാത്ത അന്ധവിശ്വാസത്തിലൂടെ ചെന്നു ഭജിക്കുന്നു. |

"തൈർവഞ്ചിതഃ"—എന്ന ഭാഗം വ്യാഖ്യാനിക്കുന്നു

30 യദാ പാഖണ്ഡിഭിരാത്മവഞ്ചിതൈസ്തൈരുരു വഞ്ചിതോ ബ്രഹ്മകുലം സമാവസംസ്തേഷാം ശീലമുപനയനാദി ശ്രൗതസ്മാർത്തകർമ്മാനുഷ്ഠാനേന ഭഗവതോ യജ്ഞപുരുഷസ്യാരാധനമേവ തദരോചയൻ ശൂദ്രകുലം ഭജതേ നിഗമാചാരേऽശുദ്ധിതോ യസ്യ മിഥുനീഭാവഃ കുടുംബഭരണം യഥാ വാനരജാതേഃ

യദാ ആത്മവഞ്ചിതൈ: = എപ്പോൾ, സ്വയം വഞ്ചിതരായിത്തീർന്നിരിക്കുന്ന
തൈ: പാഖണ്ഡിഭി: = ആ പാഷണ്ഡധർമ്മക്കാരാൽ
ഉരു വഞ്ചിത: (ഭവതി തദാ) = അത്യധികം വഞ്ചിതനാകുന്നുവോ, അപ്പോൾ
ബ്രഹ്മകുലം സമാവിശൻ = ബ്രാഹ്മണകുലത്തെ സമാശ്രയിക്കുന്നവനായി ഭവിക്കുന്നു.
തേഷാം ഉപനയനാദി ശീലം = അവരുടെ ഉപനയനം മുതലായ ആചാരം
ശ്രൗതസ്മാർത്തകർമ്മാനുഷ്ഠാനേന = ശ്രുതിസ്മൃതിവിഹിതങ്ങളായ കർമ്മങ്ങളുടെ അനുഷ്ഠാനത്തിലൂടെ
യജ്ഞപുരുഷസ്യ ഭഗവത: = യജ്ഞമൂർത്തിയായ ഭഗവാൻ ശ്രീഹരിയുടെ
ആരാധനം ഏവ = ആരാധനം തന്നെയാണ്
തത് അരോചയൻ = അതിഷ്ടപ്പെടാതെ
ശൂദ്രകുലം ഭജതേ = ശൂദ്രകുലത്തെ സമാശ്രയിക്കുന്നു.
യസ്യ നിഗമാചാരേ അശുദ്ധിത: = യാതൊരു ഈ കുലത്തിന്ന് ശ്രുതിസ്മൃതിവിഹിതമായ കർമ്മാനുഷ്ഠാനവിഷയത്തിൽ സംസ്കാരശൂന്യതയാൽ അധികാരമില്ലാത്തതുകൊണ്ട്
വാനരജാതേ: യഥാ = മർക്കടക്കൂട്ടത്തിന്റെ മട്ടിൽ
മിഥുനീഭാവ: കുടുംബഭരണം = സംഭോഗവും കുടുംബസംവിധാനവും മാത്രമാണുള്ളത്.

ഇനി 'തജ്ജാതിരാസേന'—എന്നുപറഞ്ഞതിനെ വ്യാഖ്യാനിക്കുന്നു.

31 തത്രാപി നിരവരോധഃ സ്വൈരേണ വിഹരന്നതികൃപണബുദ്ധിര-
ന്യോന്യമുഖനിരീക്ഷണാദിനാ ഗ്രാമ്യകർമ്മണൈവ വിസ്മൃതകാലാവധിഃ

തത്ര അപി നിരവരോധ: = അവിടേയുംകൂടി, അതിർവരമ്പുകളില്ലാതെ,
സ്വൈരേണ വിഹരൻ = തന്നിഷ്ടത്തോടെ പുളച്ചുനടന്നുകൊണ്ട്,
അതികൃപണബുദ്ധി: = ഏററവും ലഘുചിത്തനായി,
അന്യോന്യമുഖനിരീക്ഷണാദിനാ = തമ്മിത്തമ്മിൽ മുഖംനോക്കി ഇളിച്ചുകൊണ്ടിരിക്കുകയും മററുമായ
ഗ്രാമ്യകർമ്മണാ ഏവ = ചേട്ടപ്രവൃത്തിയാൽ മാത്രം
വിസ്മൃതകാലാവധി: = ജീവിതകാലാവസാനം മറന്നുകൊണ്ടുകഴിയുന്നു.

'ദ്രുമേഷു രംസ്യൻ'—ഇത്യാദിയെ വ്യാഖ്യാനിക്കുന്നു.

32 ക്വചിദ്ദ്രുമവദൈഹികാർത്ഥേഷു ഗൃഹേഷു രംസ്യൻ യഥാ വാനരഃ
സുതദാരവത്സലോ വ്യവായക്ഷണഃ.

ക്വചിത് ദ്രുമവത് = ചിലപ്പോൾ, വൃക്ഷങ്ങളിലെന്നപോലെ
ഐഹികാർത്ഥേഷു ഗൃഹേഷു = ഇഹലോകഭോഗപ്രയോജനം മാത്രമായ ഗൃഹങ്ങളിൽ
വാനര: യഥാ രംസ്യൻ = കുരങ്ങനെപ്പോലെ (മൃഗീയമായി) രമിച്ചുകൊണ്ട് –
സുതദാരവത്സല: = മക്കളോടും ഭാര്യയോടും സ്നേഹഭാവംകലർന്നുകൊണ്ടും

വ്യവായക്ഷണഃ = മൈഥുനമഹോത്സവം ആഘോഷിച്ചുകൊണ്ട് ജീവിക്കുന്നു.

"ക്വചിത് പ്രമാദാത്"—എന്നതിനെ വ്യാഖ്യാനിക്കുന്നു.

33 ഏവമധ്വന്യവരുന്ധാനോ മൃത്യുഗജഭയാത്തമസി ഗിരികന്ദരപ്രായേ.

ഏവം അധ്വനി = ഈ വിധം സംസാരമാർഗ്ഗത്തിലെ
അവരുന്ധാനഃ = സുഖദുഃഖാദികളിൽ കുടുങ്ങിയവൻ
മൃത്യുഗജഭയാത് = മൃത്യുവാകുന്ന ആനയെ കണ്ടിട്ടുള്ള പേടികൊണ്ട്
ഗിരികന്ദരപ്രായേ = പർവ്വതഗർത്തങ്ങൾക്ക് തുല്യമായ
തമസി (പതതി) = രോഗാദ്യന്ധകാരത്തിൽ വീഴുന്നു.

"വാതവർഷാദി ബാധയേല്ക്കുക" എന്നതിനെ മുമ്പ് വ്യാഖ്യാനിച്ചുകഴിഞ്ഞതാണ് ഒരു വസ്തുതകൂടി അതിൽ കൂട്ടിച്ചേർക്കുന്നു.

34 ക്വചിച്ഛീതവാതാദ്യനേകാധിദൈവികഭൗതികാത്മീയാനാം ദുഃഖാനാം
പ്രതിനിവാരണേഽകല്പോ ദുരന്തവിഷയവിഷണ്ണ ആസ്തേ.

ക്വചിത് ശീതവാതാദ്യനേക-ആധിദൈവികഭൗതികാത്മീയാനാം } ചിലനേരം, തണുപ്പും കാറ്റും മറ്റുമായുണ്ടാവുന്ന ദൈവികവും ഭൗതികവും ആത്മീയവുമായ
ദുഃഖാനാം പ്രതിനിവാരണേ = ദുഃഖങ്ങളുടെ പ്രതിനിവാരണത്തിൽ
അകല്പഃ = അശക്തനായിട്ട്,
ദുരന്തവിഷയവിഷണ്ണഃ ആസ്തേ = (രോഗാദ്യനർത്ഥത്തിൽ അകപ്പെട്ടുകൊണ്ട്) ദുരന്ത വിഷയചിന്താവ്യാകുലനായിട്ട് ജീവിതം കഴിക്കുന്നു

സിംഹാവലോകന്യായേന ആദ്യം പറഞ്ഞതിനെ യഥാസ്ഥാനം ഒന്നുകൂടിയെടുത്ത് വിവരിച്ച് പ്രകൃതത്തിലേക്ക് കടക്കുവാൻവേണ്ടി മുമ്പ് പ്രസ്താവിച്ചതിനെത്തന്നെ സൗഗമ്യാർത്ഥം ഒന്നുകൂടി ആവർത്തിക്കുന്നു.

35 ക്വചിന്മിഥോ വ്യവഹരൻ യത് കിഞ്ചിദ്ധനമുപയാതി വിത്തശാഠ്യേന

ക്വചിത് വിത്തശാഠ്യേന = ചിലപ്പോൾ ധനലോലുപതകൊണ്ട്
മിഥഃ വ്യവഹരൻ = അന്യോന്യം വ്യവഹരിച്ച്
യത് കിഞ്ചിത് ധനം = അല്പസ്വല്പമായ വല്ലതും ദ്രവ്യം
ഉപയാതി = കൈയിലെത്തിച്ചെന്നുവരും

'ക്വചിത് ക്വചിത് ക്ഷീണധനഃ' എന്നുപറഞ്ഞതിനെ ഇനി വ്യാഖ്യാനിക്കുന്നു

36 ക്വചിത് ക്ഷീണധനഃ ശയ്യാസനാശനാദ്യുപഭോഗവിഹീനോ
യാവദപ്രതിലബ്ധമനോരഥോപഗതാദാനേഽവസിതമതിസ്തതസ്തതോഽവ-
മാനാദീനി ജനാദഭിലഭതേ.

| | | |
|---|---|---|
| കദാചിത് ക്ഷീണധനഃ | = | ചിലപ്പോൾ ധനക്കുറവുനേരിട്ടവനായി |
| ശയ്യാസനാശനാദ്യുപഭോഗ-വിഹീനഃ | } | കിടപ്പിടം, ഇരിപ്പിടം, ഭക്ഷണം മുതലായ ഉപഭോഗവസ്തുക്കളില്ലാതെ |
| യാവത് അപ്രതിലബ്ധമനോ-രഥോപഗതാദാനേ | } | ഏതുനേരത്തും, കൈയിൽകിട്ടാത്ത മനോരഥത്തെ എത്തിപ്പിടിച്ചടക്കുന്നതിൽ |
| അവസിതമതിഃ | = | നിശ്ചിതബുദ്ധിയായി പുറപ്പെട്ട് |
| തതഃ തതഃ ജനാത് | = | അതാതിടത്തിൽനിന്നും ആളുകളിൽനിന്ന് |
| അവമാനാദീനി അഭിലഭതേ | = | അവമാനാദികളെ അനുഭവിക്കുന്നു. |

"അന്യോന്യവിത്തവ്യതിഷംഗേ"ത്യാദിവചനത്തെ വ്യാഖ്യാനിക്കുന്നു—

37 ഏവം വിത്തവ്യതിഷംഗവിവൃദ്ധവൈരാനുബന്ധോഽപി പൂർവ്വവാസ-
നയാ മിഥ ഉദ്വഹത്യഥാപവഹതി.

| | | |
|---|---|---|
| ഏവം വിത്തവ്യതിഷംഗവിവൃദ്ധ-വൈരാനുബന്ധഃ അപി | } | ഇപ്രകാരം ധനമിടപാടുകൾ നടത്തി തന്മൂലം വളർന്നുവന്ന വിദ്വേഷമുൾക്കൊള്ളുന്നവനെങ്കിലും, |
| പൂർവ്വവാസനയാ | = | പൂർവ്വസംസ്കാരവശാൽ |
| മിഥഃ ഉദ്വഹതി | = | അന്യോന്യം വിവാഹാദികളിലേർപ്പെടുന്നു; |
| അഥ അപവഹതി | = | പിന്നെ, ഒഴിഞ്ഞുമാറുന്നു. |

'ഏതസ്മിന്നധ്വനി' ഇത്യാദിവചനത്തെ വ്യാഖ്യാനിക്കുന്നു.

38 ഏതസ്മിൻ സംസാരാധ്വനി നാനാക്ലേശോപസർഗ്ഗബാധിത ആപ-
ന്നവിപന്നോ യത്ര യസ്തമു ഹ വാവേതരസ്തത്ര വിസൃജ്യ ജാതം ജാത-
മുപാദായ ശോചൻ മുഹ്യൻ ബിഭ്യൻ വിവദൻ ക്രന്ദൻ സംഹൃഷ്യൻ
ഗായന്നഹ്യമാനഃ സാധുവർജ്ജിതോ നൈവാവർത്തതേഽദ്യാപി യത
ആരബ്ധ ഏഷ നരലോകസാർത്ഥോ യമധ്വനഃ പാരമുപദിശന്തി

| | | |
|---|---|---|
| ഏതസ്മിൻ സംസാരാധ്വനി | = | ഈ സംസാരമാർഗ്ഗത്തിൽ |
| നാനാക്ലേശോപസർഗ്ഗബാധിതഃ | = | പലവിധം ക്ലേശബാധകളാൽ ബാധിതനായി |
| യഃ യത്ര | = | യാതൊരാൾ, എവിടെവെച്ച് |
| ആപന്നവിപന്നഃ | = | കൊടുംവിപത്തിൽപെടുകയോ മരിച്ചുപോകുകയോ ചെയ്യുന്നുവോ, |
| ഉഹ വാവ തം തത്ര | = | ഹാ കഷ്ടമേ! അവനെ അവിടെത്തന്നെ |
| വിസൃജ്യ ഇതരഃ | = | വിട്ടിട്ട്, മററവൻ |
| ജാതം ജാതം ഉപാദായ | = | അപ്പോളപ്പോൾ ഉണ്ടായവനെ കൂടെക്കൂട്ടി |
| ശോചൻ മുഹ്യൻ ബിഭ്യൻ | = | ദുഃഖിച്ചും, മോഹിച്ചും, ഭയന്നും, |
| വിവദൻ ക്രന്ദൻ | = | വാദിച്ചും, മുറവിളികൂട്ടിയും, |
| സംഹൃഷ്യൻ ഗായൻ | = | ആഹ്ലാദിച്ചും, പാട്ടുപാടിയും, |
| നഹ്യമാനഃ (ഭവതി) | = | വധിക്കപ്പെട്ടുകൊണ്ടും ഭവിക്കുന്നു. |

ഏഷഃ നരലോകസാർത്ഥഃ = ഈ മനുഷ്യസമൂഹമാവുന്ന വണിക്സംഘം
യതഃ ആരബ്ധഃ = യാതൊരിടത്തിൽനിന്ന് യാത്രതുടങ്ങിയോ,
യം അധ്വനഃ പാരം ഉപദിശന്തി = യാതൊന്നിനെ സംസാരമാർഗ്ഗത്തിന്റെ അങ്ങേഅററമായിട്ട് അഭിജ്ഞന്മാർ പ്രതിപാദിക്കുന്നുവോ, (ആ വിഷ്ണുപദത്തിലേക്ക്)
സാധുവർജിതഃ = ഭക്തനല്ലാത്ത ഒരുവൻ
അദ്യാപി ന ആവർത്തതേ ഏവ = ഇന്നും തിരിച്ചെത്താതെ തന്നെ ഇരിക്കുന്നു.

അതെന്തുകൊണ്ടെന്ന് ഇനി പറയുന്നു—

39 യദിദം യോഗാനുശാസനം ന വാ ഏതദവരുന്ധതേ യന്ന്യസ്തദണ്ഡാ മുനയ ഉപശമശീലാ ഉപരതാത്മാനഃ സമവഗച്ഛന്തി.

യത് ഇദം = എന്തെന്നാൽ, ഇതാണ് കാരണം—
ന്യസ്തദണ്ഡാഃ = പ്രാണിപീഡനം ഉപേക്ഷിച്ചവരും (സന്യാസവൃത്തി സ്വീകരിച്ചവരും)
ഉപശമശീലാഃ = പരമശാന്തസ്വഭാവമുള്ളവരും
ഉപരതാത്മാനഃ മുനയഃ = ജിതേന്ദ്രിയന്മാരുമായ മനനശീലന്മാർ
യത് സമവഗച്ഛന്തി = യാതൊന്നിനെ വഴിപോലെയറിഞ്ഞാദരിക്കുന്നുവോ,
ഏതത് യോഗാനുശാസനം = അങ്ങനെയുള്ള ഈ ഭക്തിജ്ഞാനയോഗതത്ത്വത്തെ
ന വൈ അവരുന്ധതേ = സമാശ്രയിക്കുന്നതേയില്ല.

"മനസ്വിനോ നിർജിതദിഗ്ഗജേന്ദ്രാഃ" ഇത്യാദിയെ ഇനി വ്യാഖ്യാനിക്കുന്നു—

40 യദപി ദിഗിഭജയിനോ യജ്വിനോ യേ വൈ രാജർഷയഃ കിന്തു പരം മൃധേ ശയീരന്നസ്യാമേവ മമേയമിതി കൃതവൈരാനുബന്ധായാം വിസൃജ്യ സ്വയമുപസംഹൃതാഃ.

യേ രാജർഷയഃ വൈ = യാവചിലരാജർഷിമാരുണ്ടോ അവർ
ദിഗിഭജയിനഃ = ദിഗ്ഗജങ്ങളെ വെന്നവരും
യജ്വിനഃ യദപി = യജ്ഞങ്ങൾ ചെയ്തവരും ആയിരുന്നിട്ടുകൂടി
(ന അവരുന്ധതേ) = ഈ തത്ത്വത്തെ സമാശ്രയിക്കുന്നില്ല.
കിന്തു പരം = മാത്രമോ, പിന്നെയും
ഇയം മമ ഇതി = "ഈ ഭൂമി എന്റെ"യാണെന്ന ആസക്തിയാൽ
കൃതവൈരാനുബന്ധായാം = അന്യരോട് വിരോധം ഉണ്ടാക്കിവെക്കുന്ന
അസ്യാം ഏവ = ഈ ഭൂമിയിൽത്തന്നെ
വിസൃജ്യ സ്വയം ഉപസംഹൃതാഃ = അതിനെ വിട്ട്, സ്വയം ജീവിതത്തിൽനിന്ന് വിരമിച്ചവരായി
മൃധേ ശയീരൻ = പോർക്കളത്തിൽ വീണുകിടക്കുന്നു.

"വല്ലീം ഗൃഹീത്വാ" എന്നു് പറഞ്ഞതിനെ വ്യാഖ്യാനിക്കുന്നു—

41 കർമ്മവല്ലീമവലംബ്യ തത ആപദഃ കഥംചിന്നരകാദ്വിമുക്തഃ പുനര-
പ്യേവം സംസാരാധ്വനി വർത്തമാനോ നരലോകസാർത്ഥമുപയാതി
ഏവമുപരിഗതോ ഽപി.

| | | |
|---|---|---|
| കർമ്മവല്ലീം അവലംബ്യ | = | പ്രാരബ്ധകർമ്മമാകുന്ന വള്ളി പിടിച്ചുതൂങ്ങി, |
| തതഃ ആപദഃ നരകാത് | = | തന്മൂലം വരുന്ന ആപത്താവുന്ന നരകത്തിൽനിന്നു് |
| കഥംചിത് മുക്തഃ | = | ഏതോതരത്തിൽ വിമുക്തനായെന്നുവരികിലും |
| പുനഃ അപി ഏവം | = | പിന്നേയും ഇപ്രകാരം |
| സംസാരാധ്വനി വർത്തമാനഃ | = | സംസാരമാർഗ്ഗത്തിൽ ഏർപ്പെട്ടു് |
| നരലോകസാർത്ഥം ഉപയാതി | = | മർത്ത്യലോകവണിക്സംഘത്തിലേക്കു വന്നുചേരുന്നു |
| ഏവം ഉപരിഗതഃ അപി | = | ഈ വിധം സ്വർഗാദ്യുപരിലോകത്തിലെത്തിയവനും (വന്നുചേരുന്നു) |

ഇപ്രകാരം ഭരതന്റെ നിഗൂഢോക്തികളെ വ്യാഖ്യാനിച്ചുകൊടുത്തശേഷം, തച്ചരിതസംഗ്രഹശ്ലോകങ്ങളെ ചൊല്ലുന്നു.

| | | |
|---|---|---|
| തദേവ്യദമുപഗായന്തി. | = | ആ ഭരതന്റെ ഈദൃശചരിതം ഇങ്ങനെ ശ്ലാഘിക്കുമാറുണ്ടു്. |

42 ആർഷഭസ്യേഹ രാജർഷേർമ്മനസാപി മഹാത്മനഃ
നാനുവർത്മാർഹതി നൃപോ മക്ഷികേവ ഗരുത്മതഃ

| | | | |
|---|---|---|---|
| ആർഷഭസ്യ | ഋഷഭദേവപുത്രനും | മക്ഷികാ ഇവ | ഈച്ചയെന്നപോലെ |
| മഹാത്മനഃ | മഹാത്മാവുമായ | മനസാ അപി | മനസ്സാൽപ്പോലും |
| രാജർഷേഃ | ഭരതരാജർഷിയുടെ | അനു (ഗന്തും) | അനുഗമിക്കുവാൻ |
| വർത്മ | അസാധാരണമാർഗ്ഗത്തെ, | (അന്യഃ) നൃപഃ | മറെറാരു രാജാവു് |
| ഗരുത്മതഃ | ഗരുഡന്റെ മാർഗ്ഗത്തെ | ന അർഹതി | അർഹിക്കുന്നില്ല. |

അതിനുള്ള കാരണം പറയുന്നു—

43 യോ ദുസ്ത്യജാൻ ദാരസുതാൻ സുഹൃദ്രാജ്യം ഹൃദിസ്പൃശഃ
ജഹൗ യുവൈവ മലവദുത്തമശ്ലോകലാലസഃ.

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | ദുസ്ത്യജാൻ | ത്യജിക്കുവാൻ പ്രയാസമുള്ളവയുമായ |
| യുവാ ഏവ | യൗവനദശയിലിരിക്കുമ്പോൾതന്നെ | ദാരസുതാൻ | ഭാര്യാമക്കളേയും |
| ഉത്തമശ്ലോകലാലസഃ | ഉദാരകീർത്തിയാളുന്ന ശ്രീഹരിയിൽ പ്രേമഭക്തിയാർന്നു്, | സുഹൃദ്രാജ്യം | സുഹൃത്തുക്കൾ രാജ്യം മുതലായവയേയും |
| | | മലവത് | മലംപോലെ |
| ഹൃദിസ്പൃശഃ | ഹൃദയം കവരുന്നവയും | ജഹൗ | ഉപേക്ഷിച്ചു. |

ഭരതന്റെ വിഷയപരിത്യാഗത്തിൽ അദ്ഭുതം കൊള്ളാനില്ലെന്നു കാണിക്കുന്നു.

44 യോ ദുസ്ത്യജാൻ ക്ഷിതിസുതസ്വജനാർത്ഥദാരാൻ
പ്രാർത്ഥ്യാം ശ്രിയം സുരവരൈഃ സദയാവലോകാം
നൈച്ഛന്നൃപസ്തദുചിതം മഹതാം മധുദ്വിട്-
സേവാനുരക്തമനസാമഭവോഽപി ഫല്ഗുഃ

| | | | |
|---|---|---|---|
| യഃ നൃപഃ | യാതൊരു മഹാരാജാവ് | ശ്രിയം | ലക്ഷ്മീഭഗവതിയേയും |
| ദുസ്ത്യജാൻ | ഒഴിച്ചുവിടാൻ പ്രയാസമേറിയ | ന ഐച്ഛത് | അഭിലഷിച്ചില്ല. |
| ക്ഷിതിസുത-സ്വജനാർത്ഥ-ദാരാൻ | ഭൂമി, പുത്രന്മാർ, സ്വജനങ്ങൾ, സമ്പത്ത്, ഭാര്യ എന്നിവരേയും | തത് | ആയതു് |
| സുരവരൈഃ | ദേവമുഖ്യന്മാരാൽ | ഉചിതം | ഉചിതമത്രേ |
| പ്രാർത്ഥ്യാം | അഭിലഷിക്കപ്പെടുന്നവളും | മധുദ്വിട്-സേവാനുരക്ത-മനസാം | ശ്രീഹരിയുടെ തൃപ്പാദസേവനത്തിൽ ആസക്തചിത്തന്മാരായ |
| സദയാ-വലോകാം | തന്റെ കൃപാദൃഷ്ടിക്ക് പാത്രീഭവിച്ചവളുമായ | മഹതാം | മഹാത്മാക്കൾക്ക് |
| | | അഭവഃ അപി | നിത്യമുക്തിപോലും |
| | | ഫല്ഗുഃ | നിസ്സാരമാണല്ലോ. |

ഭരതന്റെ ഭഗവൽസേവാനുരക്തിയെ വ്യക്തമാക്കുന്നു—

45 യജ്ഞായ ധർമ്മപതയേ വിധിനൈപുണായ
യോഗായ സാംഖ്യശിരസേ പ്രകൃതീശ്വരായ
നാരായണായ ഹരയേ നമ ഇത്യുദാരം
ഹാസ്യൻ മൃഗത്വമപി യഃ സമുദാജഹാര

| | | | |
|---|---|---|---|
| യജ്ഞായ | "യജ്ഞസ്വരൂപനായി- | ഹരയേ | ശ്രീഹരിക്കായ്ക്കൊണ്ട് |
| ധർമ്മപതയേ | യജ്ഞാദി ധാർമ്മികകർമ്മങ്ങളുടെ ഫലദാതാവായി- | നമഃ ഇതി | നമസ്കാരം" എന്നിങ്ങനെ |
| വിധി-നൈപുണായ | അവയുടെ അനുഷ്ഠാനപദ്ധതിയിലും നിപുണതചേർന്നിട്ടുള്ളവനായി- | മൃഗത്വം അപി | മൃഗശരീരത്തെപ്പോലും |
| സാംഖ്യശിരസേ | ജ്ഞാനമാവുന്ന പ്രധാനഫലത്തോടുകൂടിയ | ഹാസ്യൻ | ഉപേക്ഷിക്കാൻ പോകുമ്പോൾ |
| യോഗായ | അഷ്ടാംഗയോഗമായി- | യഃ | യാതൊരാൾ |
| പ്രകൃതീശ്വരായ | മായയുടെ നിയന്താവായി- | ഉദാരം | ഉറക്കെ |
| നാരായണായ | ജീവരാശികൾക്ക് ആശ്രയഭൂതനമായിരിക്കുന്ന | സമുദാജഹാര | തുറന്നുച്ചരിക്കയുണ്ടായോ, |
| | | (തസ്യ തത് ഉചിതം) | അദ്ദേഹത്തിന് അതു് ഉചിതംതന്നെയാണ്. |

ഈ ഭരതചരിതത്തിന്റെ ഫലശ്രുതി പറഞ്ഞ് പ്രകൃതം ഉപസംഹരിക്കുന്നു.

46 യ ഇദം ഭാഗവതസഭാജിതാവദാതഗുണകർമ്മണോ രാജർഷേർഭരത-
സ്യാനുചരിതം സ്വസ്ത്യയനമായുഷ്യം ധന്യം യശസ്യം സ്വർഗ്യാപ-
വർഗ്യം വാനുശൃണോത്യാഖ്യാസ്യത്യഭിനന്ദതി ച സർവാ ഏവാശിഷ
ആത്മന ആശാസ്തേ ന കാഞ്ചന പരത ഇതി.

| | | |
|---|---|---|
| ഭാഗവതസഭാജിതാ-വദാതഗുണകർമ്മണഃ | } | ഭക്തജനങ്ങളാൽ സമാരാധിതമായ വിശുദ്ധഗുണകർമ്മങ്ങളോടുകൂടിയ |
| രാജർഷേഃ ഭരതസ്യ | = | രാജർഷിയായ ഭരതന്റെ |
| സ്വസ്ത്യയനം ആയുഷ്യം ധന്യം | = | ക്ഷേമകരവും, ആയുഷ്കരവും, ധനസംവൃദ്ധിപ്രദവും |
| യശസ്യം സ്വർഗ്യാപവർഗ്യം | = | യശസ്കരവും, സ്വർഗത്തിനും, മുക്തിക്കും പ്രയോജകീഭവിക്കുന്നതുമായ |
| ഇദം അനുചരിതം | = | ഈ പാവന ചരിത്രത്തെ |
| യഃ അനുശൃണോതി വാ | = | യാതൊരാൾ തുടർച്ചയായി ശ്രവിക്കുകയോ, |
| ആഖ്യാസ്യതി അഭിനന്ദതി ച | = | പറകയോ, അഭിനന്ദിക്കുകയോ ചെയ്യുന്നുവോ |
| (സഃ) സർവാഃ ഏവ ആശിഷഃ | = | അയാൾ എല്ലാ അഭീഷ്ടങ്ങളെയും |
| ആത്മനഃ ആശാസ്തേ | = | ആത്മാവിൽനിന്നു് സ്വയം പ്രാപിക്കുന്നു. |
| പരതഃ കാഞ്ചന ന ഇതി | = | മറ്റൊരാളിൽനിന്നു് യാതൊന്നിനെയും അപേക്ഷിക്കുന്നതല്ല — എന്നത്രേ ഫലശ്രുതി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ ഭരതോപാഖ്യാനേ
പരോക്ഷ്യവിവരണം നാമ ചതുർദശോऽധ്യായഃ
ആദിതഃ ശ്ലോകാനി 352.

അഞ്ചാമത്തെ സ്കന്ധത്തിൽ പതിനാലാമദ്ധ്യായം കഴിഞ്ഞു.

# പഞ്ചദശോഽധ്യായഃ — അദ്ധ്യായം പതിനഞ്ച്.

## ഭരതവംശാനുചരിതം.

"ഏവമഷ്ടഭിരധ്യായൈർഭരതസ്യോക്തമീഹിതം
തതഃ പഞ്ചദശേ തസ്യ കീർത്ത്യന്തേ വംശജാ നൃപാഃ"

എട്ട് അദ്ധ്യായങ്ങൾകൊണ്ട് ഭരതൻെറ ചരിതം ഈവിധം വിസ്തരിച്ചു. ഇനി ഈ പതിനഞ്ചാമദ്ധ്യായത്തിൽ അദ്ദേഹത്തിൻെറ വംശത്തിലുണ്ടായ രാജാക്കന്മാരെ കുറിച്ച് പറയുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1 ഭരതസ്യാത്മജഃ സുമതിർനാമാഭിഹിതോ യമു ഹ വാവ കേചിത്
പാഖണ്ഡിന ഋഷഭപദവീമനുവർത്തമാനം ചാനാര്യാ അവേദസമാ-
മ്നാതാം ദേവതാം സ്വമനീഷയാ പാപീയസ്യാ കലൗ കല്പയിഷ്യന്തി.

| | | |
|---|---|---|
| ഭരതസ്യ ആത്മജഃ | = | ഭരതരാജർഷിയുടെ പുത്രൻ |
| സുമതിഃ നാമ അഭിഹിതഃ | = | സുമതി എന്ന പേരിൽ അറിയപ്പെടുന്നു. |
| ഉഹ വാവ | = | അദ്ഭുതമെന്നേ പറയേണ്ടതുള്ളു— |
| ഋഷഭപദവീം | = | ഋഷഭദേവൻെറ മാർഗ്ഗത്തെ (ജീവന്മുക്തചര്യയെ) |
| അനുവർത്തമാനം യം | = | അനുവർത്തിച്ചുകൊണ്ടിരുന്ന അദ്ദേഹത്തെ |
| കേചിത് അനാര്യാഃ പാഖണ്ഡിനഃ | = | ചില അശിഷ്ടന്മാരായ നാസ്തികന്മാർ |
| പാപീയസ്യാ സ്വമനീഷയാ | = | പാപദൂഷിതമായ സ്വബുദ്ധിയാൽ |
| അവേദസമാമ്നാതാം ദേവതാം | = | വേദോക്തമല്ലാത്ത ഒരു ദൈവമായിട്ടുതന്നെ |
| കലൗ കല്പയിഷ്യന്തി ച | = | കലികാലത്ത് സംകല്പിച്ചേക്കും |

വേദവിരോധികളായ നാസ്തികവിധർമ്മികൾ ഈ സുമതിയുടെ ഉൽകൃഷ്ടമായ ആചാരംകണ്ടു തെറ്റിദ്ധരിച്ച് സാക്ഷാൽ ബുദ്ധൻെറ അവതാരമാണെന്നു കരുതി ആദരിച്ചാരാധിക്കുവാൻ കലികാലത്തിൽ ഇടവന്നേക്കുമെന്ന് താല്പര്യം.

2 തസ്മാദ്വൃദ്ധസേനായാം ദേവതാജിന്നാമ പുത്രോഽഭവത്

| | | |
|---|---|---|
| തസ്മാത് വൃദ്ധസേനായാം | = | അദ്ദേഹത്തിൽനിന്ന് വൃദ്ധസേനയിൽ |
| ദേവതാജിത് നാമ | = | ദേവതാജിത്തെന്നുപേരായ |
| പുത്രഃ അഭവത് | = | പുത്രൻ ഉണ്ടായി |

3 അഥാസുര്യാം തത്തനയോ ദേവദ്യുമ്നസ്തതോ ധേനുമത്യാം സുതഃ
പരമേഷ്ഠീ തസ്യ സുവർചലായാം പ്രതീഹ ഉപജാതഃ

അഥ ആസുര്യാം = അനന്തരം ആസുരിയെന്നവളിൽ
തത്തനയഃ ദേവദ്യുമ്നഃ = ആ ദേവതാജിത്തിന്റെ പുത്രനായിട്ട് ദേവദ്യുമ്നനും,
തതഃ ധേനുമത്യാം = അദ്ദേഹത്തിൽനിന്ന് ധേനുമതിയിൽ ജനിച്ച
സുതഃ പരമേഷ്ഠീ = പുത്രനായിട്ട് പരമേഷ്ഠിയും
തസ്യ സുവർച്ചലായാം = അദ്ദേഹത്തിനു സുവച്ച്ലയിൽ
പ്രതീഹഃ ഉപജാതഃ = പ്രതീഹനെന്ന പുത്രനും ഉണ്ടായി

4 യ ആത്മവിദ്യാമാഖ്യായ സ്വയം സംശുദ്ധോ മഹാപുരുഷമനുസസ്മാര

യഃ ആത്മവിദ്യാം ആഖ്യായ = ഈ പ്രതീഹൻ ആത്മവിദ്യ വ്യാഖ്യാനിച്ചുകൊടുത്ത്
സ്വയം സംശുദ്ധഃ = സ്വയം സംശുദ്ധനായി
മഹാപുരുഷം അനുസസ്മാര = സർവ്വേശ്വരനെ സാക്ഷാൽകരിച്ചു.

5 പ്രതീഹാത് സുവർച്ചലായാം പ്രതിഹർത്രാദയസ്ത്രയ ആസന്നിജ്യാ-
കോവിദാഃ സൂനവഃ; പ്രതിഹർത്തുഃ സ്തുത്യാമജഭൂമാനാവജനിഷാതാം.

പ്രതീഹാത് സുവർച്ചലായാം = പ്രതീഹനിൽനിന്ന് സുവച്ച്ലയിൽ
പ്രതിഹർത്രാദയഃ = പ്രതിഹർത്താ മുതലായ (പ്രതിഹർത്താ, പ്രസ്താതാ, ഉദ്ഗാതാ)
ത്രയഃ ഇജ്യാകോവിദഃ = മൂന്നു യജ്ഞനിപുണന്മാരായ
സൂനവഃ ആസൻ = പുത്രന്മാരുണ്ടായി
പ്രതിഹർത്തുഃ സ്തുത്യാം = പ്രതിഹർത്താവിന് സ്തുതിയെന്നവളിൽ
അജഭൂമാനൗ അജനിഷാതാം = അജൻ, ഭൂമാവ് എന്നിരുവർ ജനിച്ചു.

6 ഭൂമ്ന ഋഷികുല്യായാമുദ്ഗീഥസ്തതഃ പ്രസ്താവോ ദേവകുല്യായാം
പ്രസ്താവാന്നിയുത്സായാം ഹൃദയജ ആസീദ്വിഭുർവിഭോ രത്യാം ച
പൃഥുഷേണസ്തസ്മാന്നക്ത ആകൂത്യാം ജജ്ഞേ. നക്താദ് ദ്രുതിപുത്രോ
ഗയോ രാജർഷിപ്രവര ഉദാരശ്രവാ അജായത. സാക്ഷാദ്ഭഗവതോ
വിഷ്ണോർജഗദ്രിരക്ഷിഷയാ ഗൃഹീതസത്ത്വസ്യ കലാത്മവത്ത്വാ-
ദിലക്ഷണേന മഹാപുരുഷതാം പ്രാപ്തഃ.

ഭൂമ്നഃ ഋഷികുല്യായാം = ഭൂമാവിന് ഋഷികുല്യയെന്ന പത്നിയിൽ
ഉദ്ഗീഥഃ, തതഃ = ഉദ്ഗീതനും, അദ്ദേഹത്തിന്
ദേവകുല്യായാം പ്രസ്താവഃ = ദേവകുല്യയിൽ പ്രസ്താവനും,
പ്രസ്താവാത് നിയുത്സായാം = പ്രസ്താവനിൽനിന്ന് നിയുത്സയിൽ
ഹൃദയജഃ വിഭുഃ ആസീത് = പുത്രനായിട്ട് വിഭുവും ജനിച്ചു.
വിഭോഃ രത്യാം പൃഥുഷേണഃ ച = വിഭുവിന് രതിയിൽ പൃഥുഷേണനും,
തസ്മാത് ആകൂത്യാം = അദ്ദേഹത്തിൽനിന്ന് ആകൂതിയിൽ
നക്തഃ ജജ്ഞേ = നക്തനും ജനിച്ചു.

നക്താത് ദ്രുതിപുത്രഃ = നക്തനിൽനിന്ന് ദ്രുതിയുടെ പുത്രനായിട്ട്
ഗയഃ ഉരുശ്രവാഃ = ഗയനെന്ന് വിഖ്യാതനായ
രാജർഷിപ്രവരഃ അജായത = രാജർഷിപ്രമുഖൻ ജാതനായി
(സഃ) ജഗദ്രിരക്ഷിഷയാ = അദ്ദേഹം ലോകരക്ഷയ്ക്കുവേണ്ടി
ഗൃഹീതസത്ത്വസ്യ = വിശുദ്ധസത്ത്വാത്മകരൂപമെടുത്ത
സാക്ഷാത് ഭഗവതഃ വിഷ്ണോഃ = സാക്ഷാൽ വിഷ്ണുഭഗവാൻെറ
കലാ (ആസീത്) = കലയായിരുന്നു.
ആത്മവിത്ത്വാദിലക്ഷണേന = മഹാമനസ്കത മുതലായ പ്രത്യേക യോഗ്യതകൊണ്ട്
മഹാപുരുഷതാം പ്രാപ്തഃ = മഹാപുരുഷൻ എന്ന നിലയെ പ്രാപിച്ചവനുമായിരുന്നു.

ആ മഹാപുരുഷതയെ ഇനി വിസ്തരിക്കുന്നു.

7 സ വൈ സ്വധർമ്മേണ പ്രജാപാലനപോഷണപ്രീണനോപലാളനാ-
നുശാസനലക്ഷണേനേജ്യാദിനാ ച ഭഗവതി മഹാപുരുഷേ പരാവരേ
ബ്രഹ്മണി സർവാത്മനാഽർപ്പിതപരമാർത്ഥലക്ഷണേന ബ്രഹ്മവിച്ചര-
ണാനുസേവയാഽപാദിതഭഗവദ്ഭക്തിയോഗേന ചാഭീക്ഷ്ണശഃ പരി-
ഭാവിതാതിശുദ്ധമതിരുപരതാനാത്മ്യ ആത്മനി സ്വയമുപലഭ്യമാന-
ബ്രഹ്മാത്മാനുഭവോഽപി നിരഭിമാന ഏവാവനിമജ്ജുഗുപത്.

സഃ വൈ = അദ്ദേഹമാകട്ടെ,
പരാവരേ ബ്രഹ്മണി = സർവ്വാത്മകനും സർവ്വവ്യാപകനും
മഹാപുരുഷേ ഭഗവതി = പുരുഷോത്തമനുമായ ശ്രീഭഗവാനിൽ
സർവാത്മനാ അർപ്പിത-പരമാർത്ഥലക്ഷണേന } സകലവിധേനയും സമർപ്പിതമായി പരമാർത്ഥമായിരിക്കുന്ന
പ്രജാപാലനപോഷണപ്രീണനോ-പലാളനാനുശാസനലക്ഷണേന } പ്രജാപാലനം, പോഷണം, പ്രീണനം, ലാളനം, അനുശാസനം എന്നീ സ്വരൂപത്തിലുള്ളതും
ഇജ്യാദിനാ സ്വധർമ്മേണ ച = യജ്ഞാദിരൂപത്തിലുള്ളതുമായ സ്വധർമ്മത്താലും
ബ്രഹ്മവിച്ചരണാനുസേവയാ = ബ്രഹ്മജ്ഞന്മാരുടെ പാദശുശ്രൂഷകൊണ്ട്
ആപാദിതഭഗവത്ഭക്തി-യോഗേന ച } സമ്പാദിതമായ സകലേശ്വരഭക്തിയോഗത്താലും
അഭീക്ഷ്ണശഃ = പിന്നെയും പിന്നെയും
പരിഭാവിതാതിശുദ്ധമതിഃ = സംസ്കരിക്കപ്പെട്ട വിശുദ്ധചിത്തത്തോടുകൂടിയവനും
ഉപരതാനാത്മ്യ = ദേഹേന്ദ്രിയാദികളുടെ അധ്യാസമില്ലാതായിത്തീർന്ന
ആത്മനി സ്വയം ഉപലഭ്യ-മാനബ്രഹ്മാത്മാനുഭാവഃ അപി } മനസ്സിൽ തന്നെത്താൻ പ്രകാശിക്കുന്ന ബ്രഹ്മാത്മാനുഭവത്തോടുകൂടിയവനെന്നിരിക്കിലും
നിരഭിമാനഃ ഏവ = നിരഹങ്കാരനായിട്ടുതന്നെ
അവനിം അജ്ജുഗുപത് = ഭൂമിയെ പരിപാലിച്ചു.

8 തസ്യേമാം ഗാഥാം പാണ്ഡവേയ പുരാവിദ ഉപഗായന്തി.

ഹേ പരീക്ഷിത്തേ! പുരാവൃത്തജ്ഞാനികളായ കവികൾ അദ്ദേഹത്തെ സംബന്ധിച്ചിട്ടുള്ള ഈ പദ്യവരികൾ പാടിവരുന്നു.

9 ഗയം നൃപഃ കഃ പ്രതിയാതി കർമ്മഭി-
ര്യജ്വാഽഭിമാനീ ബഹുവിദ്ധർമ്മഗോപ്താ
സമാഗതശ്രീഃ സദസസ്പതിഃ സതാം
സത്‌സേവകോഽന്യോ ഭഗവത്‌കലാമൃതേ

| | | | |
|---|---|---|---|
| ഭഗവത് കലാം | ശ്രീഹരിയുടെ അംശാവതാരമായ | സമാഗതശ്രീഃ | പ്രാപ്തൈശ്വര്യനായും |
| ഗയം ഋതേ | ഗയനെ ഒഴിച്ച് | സതാം | സജ്ജനങ്ങളുടെ |
| അന്യഃ കഃ | വേറെ ഏതൊരു | സദസസ്പതിഃ | സഭാനാഥനായും |
| നൃപഃ | രാജാവാണ് | സത്‌സേവകഃ | സജ്ജനസേവകനായും ഉള്ള ? |
| യജ്വാ | യാജകനായും | (കഃ ഗയം) | ആരാണ് ഗയനെ |
| അഭിമാനീ | അഭിമാനവാനായും | കർമ്മഭിഃ | കർമ്മങ്ങൾകൊണ്ട് |
| ബഹുവിത് | ബഹുജ്ഞനായും | പ്രതിയാതി | എതിരിടുന്നതു ? |
| ധർമ്മഗോപ്താ | ധർമ്മസംരക്ഷകനായും | | |

10 യമഭ്യഷിഞ്ചൻ പരയാ മുദാ സതീഃ
സത്യാശിഷോ ദക്ഷകന്യാഃ സരിദ്ഭിഃ
യസ്യ പ്രജാനാം ദുദുഹേ ധരാഽശിഷോ
നിരാശിഷോ ഗുണവത്സസ്നുതോധാഃ

| | | | |
|---|---|---|---|
| സത്യാശിഷഃ | സഫലമായ കാമനയോടുകൂടിയ | യസ്യ | യാതൊരുവന്റെ |
| സതീഃ | സാധ്വികളായ | പ്രജാനാം | പ്രജകൾക്ക് |
| ദക്ഷകന്യാഃ | ശ്രദ്ധാദിദക്ഷപുത്രിമാർ | ധരാ | ഭൂമിദേവി |
| സരിദ്ഭിഃ | പുണ്യനദീജലങ്ങളാൽ | ഗുണവത്സസ്നുതോധാഃ | ഗുണങ്ങളാവുന്ന വത്സനെ നിമിത്തീകരിച്ച് ചുരന്നതായ അകിടോടുകൂടിയവളായിഭവിച്ച് |
| പരയാ മുദാ | വർദ്ധിച്ച സന്തോഷത്തോടെ | | |
| യം | യാതൊരുവനെ | | |
| അഭ്യഷിഞ്ചൻ | അഭിഷേകംചെയ്തിരുന്നു; | ആശിഷഃ | സമസ്തകാമങ്ങളേയും |
| നിരാശിഷഃ | കാമനാരഹിതനായ | ദുദുഹേ | കറന്നേകിയിരുന്നു;— |

11 ഛന്ദാംസ്യകാമസ്യ ച യസ്യ കാമാൻ
ദുദൂഹുരാജഹ്രുരഥോ ബലിം നൃപാഃ
പ്രത്യഞ്ചിതാ യുധി ധർമ്മേണ വിപ്രാ
യദാശിഷാം ഷഷ്ഠമംശം പരേത്യ.

| | |
|---|---|
| ഛന്ദാംസി ച | വേദങ്ങളും വേദോക്ത കർമ്മങ്ങളും |
| അകാമസ്യ | കാമനാരഹിതനെന്നിരിക്കിലുംകൂടി |
| യസ്യ | യാതൊരുവന്നു് |
| കാമാൻ | സകലകാമിതങ്ങളേയും |
| ദുദുഹുഃ | നല്കിയിരുന്നു; |
| അഥോ യുധി | മാത്രമല്ല, യുദ്ധത്തിൽ |
| പ്രത്യഞ്ചിതാഃ | (ശരങ്ങളെക്കൊണ്ടു്) പ്രതിപൂജിതരായിരുന്ന |
| നൃപാഃ | രാജാക്കന്മാർ |
| ബലിം | അധീശരാജഭോഗത്തെ |
| ആജഹ്രുഃ | കൊണ്ടുവന്നു് സമർപ്പിച്ചിരുന്നു; |
| ധർമ്മേണ | മുറയ്ക്കൊത്ത പരിപാലനംകൊണ്ടു് |
| (പ്രത്യഞ്ചിതാഃ) | പ്രതിപൂജിതരായിരുന്ന |
| വിപ്രാഃ | ബ്രാഹ്മണർ |
| യദാ | എപ്പോൾ |
| പരേത്യ | അന്തരിച്ചു് ലോകാന്തരം ഗമിക്കുന്നുവോ |
| (തദാ) | അപ്പോൾ |
| ആശിഷാം | ധർമ്മഫലങ്ങളുടെ |
| ഷഷ്ഠം അംശം | ആറിലൊരുഭാഗത്തേയും |
| (ആജഹ്രുഃ) | സമർപ്പിച്ചിരുന്നു;— |

12 യസ്യാധ്വരേ ഭഗവാനധ്വരാത്മാ
മഘോനി മാദ്യത്യുരുസോമപീഥേ
ശ്രദ്ധാവിശുദ്ധാചലഭക്തിയോഗ-
സമർപ്പിതേജ്യാഫലമാജഹാര.

| | |
|---|---|
| യസ്യ | യാതൊരുവന്റെ |
| ഉരുസോമ-പീഥേ | ധാരാളം സോമപാനം ഉള്ളതായിരുന്ന |
| അധ്വരേ | യജ്ഞത്തിൽ |
| മഘോനി | ദേവേന്ദ്രൻ |
| മാദ്യതി (സതി) | സോമപാനംകൊണ്ടു് മത്തനായിരിക്കവേ, |
| അധ്വരാത്മാ | യജ്ഞസ്വരൂപനായ |
| ഭഗവാൻ | വിഷ്ണുഭഗവാൻ (പ്രത്യക്ഷീഭവിച്ചു്) |
| ശ്രദ്ധാവിശുദ്ധാ-ചലഭക്തിയോ-ഗസമർപ്പിതേ-ജ്യാഫലം | ശ്രദ്ധകൊണ്ടു പരിശുദ്ധവും സുദൃഢവുമായ ഭക്തിയോടുകൂടി സമർപ്പിക്കപ്പെട്ട യജ്ഞഫലത്തെ |
| ആജഹാര | സ്വീകരിച്ചിരുന്നു;— |

13 യത്പ്രീണനാദ്ബർഹിഷി ദേവതിര്യങ്-
മനുഷ്യവീരുത്തൃണമാവിരിഞ്ചാത്
പ്രീയേത സദ്യഃ സ ഹ വിശ്വജീവഃ
പ്രീതഃ സ്വയം പ്രീതിമഗാദ്ഗയസ്യ

| | |
|---|---|
| യത്പ്രീണനാത് | യാതൊരാളുടെ സംതൃപ്തിമൂലം |
| ദേവതിര്യങ്-മനുഷ്യവീരു-ത്തൃണം | ദേവകളും, തിര്യക്കുകളും മനുഷ്യരും, ലതകളും പുല്ലോടികളും മററുമായി |
| ആവിരിഞ്ചാത് | ബ്രഹ്മാവുവരെയുള്ള സകല ജീവരാശിയും |
| സദ്യഃ | ഉടനടി |
| പ്രീയേത | സംതൃപ്തമായേക്കുമോ, |
| സഃ വിശ്വജീവഃ | ആ സർവ്വാന്തര്യാമി |

| | | | |
|---|---|---|---|
| സ്വയം | സ്വതവേ | ഗയസ്യ ഹ | ഗയന്റെ നേക്ക് പ്രകടമായി, |
| പ്രീതഃ | പ്രീതൻതന്നെയെങ്കിലും | പ്രീതിം | പ്രീതിയെ |
| ബഹിഷി | യജ്ഞത്തിൽ | അഗാത് | ആവിഷ്കരിക്കയുണ്ടായി. |

10 മുതൽ 13വരെയുള്ള ശ്ലോകങ്ങളിൽ "തം ഗയം കഃ പ്രതിയാതി= ആ ഗയനെ ആരെതിരിടുന്നു ? — ആ ഗയനോടു ആരു് കിടനില്ക്കുന്നു ?" എന്നുംകൂടി സംയോജിപ്പിച്ച് ആശയപൂർത്തിവരുത്താവുന്നതാണ്.

14 ഗയാദ്ഗയന്ത്യാം ചിത്രരഥഃ സുഗതിരവരോധന ഇതി ത്രയഃ പുത്രാ
ബഭ്രുവുശ്ചിത്രരഥാദൂർണായാം സമ്രാഡജനിഷ്ട.

| | | |
|---|---|---|
| ഗയാത് ഗയന്ത്യാം | = | ഗയനിൽനിന്നു് തൽപത്നിയായ ഗയന്തിയിൽ |
| ചിത്രരഥഃ സുഗതിഃ അവരോധനഃ ഇതി | } | ചിത്രരഥൻ, സുഗതി, അവരോധനൻ എന്നീ പേരുകളുള്ള |
| ത്രയഃ പുത്രാഃ ബഭ്രുവുഃ | = | മൂന്നു പുത്രന്മാർ ഉണ്ടായി. |
| ചിത്രരഥാത് ഊർണായാം | = | ചിത്രരഥനിൽനിന്നു് ഊർണ്ണയിൽ |
| സമ്രാട് അജനിഷ്ട | = | സമ്രാട്ടെന്നവൻ ജനിച്ചു. |

15 തത ഉത്കലായാം മരീചിർമരീചേർബിന്ദുമത്യാം ബിന്ദുമാനുദ-
പദ്യത. തസ്മാത് സരഘായാം മധുർനാമാഭവന്മധോഃ സുമനസി
വീരവ്രതസ്തതോ ഭോജായാം മന്ഥുപ്രമന്ഥൂ ജജ്ഞാതേ. മന്ഥോഃ
സത്യായാം ഭൗവനസ്തതോ ദൂഷണായാം ത്വഷ്ടാ ജനിഷ്ട. ത്വഷ്ടുർ-
വിരോചനായാം വിരജോ; വിരജസ്യ ശതജിത്പ്രവരം പുത്രശതം
കന്യാ ച വിഷൂച്യാം കില ജാതം.

| | | |
|---|---|---|
| തതഃ ഉത്കലായാം | = | അദ്ദേഹത്തിൽനിന്നു് ഉത്കലയിൽ |
| മരീചിഃ (അജനിഷ്ട) | = | മരീചിയുണ്ടായി. |
| മരീചേഃ ബിന്ദുമത്യാം | = | മരീചിയിൽനിന്നു് ബിന്ദുമതിയിൽ |
| ബിന്ദുമാൻ ഉദപദ്യത | = | ബിന്ദുമാൻ പിറന്നുണ്ടായി. |
| തസ്മാത് സരഘായാം | = | അദ്ദേഹത്തിൽനിന്നു് സരഘയിൽ |
| മധുഃ നാമ അഭവത് | = | മധുവെന്നു പേരായവൻ ഉദ്ഭവിച്ചു. |
| മധോഃ സുമനസി വീരവ്രതഃ | = | മധുവിന്നു് സുമനസ്സെന്നവളിൽ വീരവ്രതൻ ജനിച്ചു |
| തതഃ ഭോജായാം | = | അദ്ദേഹത്തിൽനിന്നു് ഭോജയിൽ |
| മന്ഥുപ്രമന്ഥൂ ജജ്ഞാതേ | = | മന്ഥു, പ്രമന്ഥു എന്നിരുവർ ജനിച്ചു. |
| മന്ഥോഃ സത്യായാം ഭൗവനഃ | = | മന്ഥുവിൽനിന്നു സത്യയിൽ ഭൗവനൻ ഉണ്ടായി. |
| തതഃ ദൂഷണായാം | = | അദ്ദേഹത്തിൽനിന്നു ദൂഷണയിൽ |
| ത്വഷ്ടാ അജനിഷ്ട | = | ത്വഷ്ടാവു് ജനിച്ചു. |
| ത്വഷ്ടുഃ വിരോചനായാം വിരജഃ | = | ത്വഷ്ടാവിന്നു് വിരോചനയിൽ വിരജനുണ്ടായി. |

| | | |
|---|---|---|
| വിരജസ്യ വിഷൂച്യാം | = | വിരജന്നു് വിഷൂചിയിൽ |
| ശതജിത്പ്രവരം പുത്രശതം | = | ശതജിത്ത് മുതലായ നൂറു പുത്രന്മാർ |
| ജാതം കില, കന്യാ ച | = | ഉണ്ടായിപ്പോൽ, പിന്നെ ഒരു കന്യകയും |
| തത്രായം ശ്ലോകഃ | = | ആ വിരജനെ അധികരിച്ചു് പ്രസിദ്ധിയുള്ള ഒരു ശ്ലോകമാണിതു്. |

16 പ്രൈയംവ്രതം വംശമിമം വിരജശ്ചരമോദ്ഭവഃ
അകരോദത്യലം കീർത്ത്യാ വിഷ്ണുഃ സുരഗണം യഥാ.

| | | | |
|---|---|---|---|
| ചരമോദ്ഭവഃ | ഒടുവിലുണ്ടായ | സുരഗണം | ദേവസമൂഹത്തെ |
| വിരജഃ | വിരജനെന്ന രാജാവു് | യഥാ | എന്നതുപോലെ |
| പ്രൈയവ്രതം | പ്രിയവ്രതനെ സംബന്ധിച്ച | കീർത്ത്യാ | കീർത്തികൊണ്ടു് |
| ഇമം വംശം | ഈ വംശത്തെ | അതി അലം അകരോത് | അത്യധികം അലങ്കരിച്ചിരുന്നു. |
| വിഷ്ണുഃ | വിഷ്ണുഭഗവാൻ | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ പഞ്ചദശോഽധ്യായഃ

ആദിതഃ സൂക്താനി 368

അഞ്ചാമത്തെ സ്കന്ധത്തിൽ പതിനഞ്ചാമധ്യായം കഴിഞ്ഞു.

## ഷോഡശോഽധ്യായഃ — അധ്യായം പതിനാറു്.

### ഭൂഗോളവർണനം.

" ഷോഡശേഽധസ്തഥാ ചോർധ്വം പരിതഃ സന്നിവേശതഃ
മേരോഃ സ്ഥിതിർമഹീ കഞ്ജകർണികാ ചോപവർണ്യതേ "

ഇതിനുമുമ്പു് പ്രിയവ്രതചരിതം വർണ്ണിക്കുന്ന സന്ദർഭത്തിൽ ഭൂമിയിലെ ദ്വീപുകളും സമുദ്രങ്ങളും എന്നിവയുടെ അളവും സ്വരൂപവും ചുരുക്കത്തിൽ പറഞ്ഞിട്ടുണ്ടു്. ഇനി അദ്ധ്യായംകൊണ്ടു അവയെ വിവരിക്കുന്നു. ഈ പതിനാറാമത്തെ അധ്യായത്തിൽ അധോഭാഗത്തും ഊർധ്വഭാഗത്തും ചുററിടത്തും സന്നിവേശംകൊണ്ടുള്ള മേരുപർവ്വതത്തിന്റെ കിടപ്പും ഭൂമിയുടെ അവസ്ഥിതിയും വിസ്തരിക്കുന്നു.

രാജോവാച — രാജാവു് പറഞ്ഞു.—

1 ഉക്തസ്ത്വയാ ഭൂമണ്ഡലായാമവിശേഷോ യാവദാദിത്യസ്തപതി യത്ര ചാസൗ ജ്യോതിഷാം ഗണൈശ്ചന്ദ്രമാ വാ സഹ ദൃശ്യതേ.

| | | |
|---|---|---|
| യാവത് ആദിത്യഃ തപതി | = | എതുവരെ സൂര്യൻ പ്രകാശിക്കുന്നുവോ, |
| യത്ര അസൗ ചന്ദ്രമാഃ വാ | = | എന്തൊരിടത്തു് ഈ ചന്ദ്രൻ |
| ജ്യോതിഷാം ഗണൈഃ സഹ | = | ജ്യോതിർഗണങ്ങളോടുകൂടെ |
| ദൃശ്യതേ ച | = | കാണപ്പെടുകയും ചെയ്യുന്നുവോ അത്രവരെക്കും |
| ഭൂമണ്ഡലായാമവിശേഷഃ | = | ഭൂമണ്ഡലത്തിന്റെ പരപ്പിലുള്ള കിടപ്പു് |
| ത്വയാ ഉക്തഃ | = | അങ്ങയാൽ പറയപ്പെട്ടതാണല്ലോ |

2 തത്രാപി പ്രിയവ്രതരഥചരണപരിഖാതൈഃ സപ്തഭിഃ സപ്ത സിന്ധവഃ ഉപക്ലൃപ്താഃ യത ഏതസ്യാഃ സപ്തദ്വീപവിശേഷവികല്പസ്ത്വയാ ഭഗവൻ ഖലു സൂചിതഃ ഏതദേവാഖിലമഹം മാനതോ ലക്ഷണതശ്ച സർവം വിജിജ്ഞാസാമി.

| | | |
|---|---|---|
| തത്രാപി സപ്തഭിഃ പ്രിയവ്രത-രഥചരണപരിഖാതൈഃ | } | അതിലും പ്രിയവ്രതന്റെ തേർച്ചക്രം ഉരുണ്ടതുകൊണ്ടു കുഴിഞ്ഞുണ്ടായ ഏഴു കിടങ്ങുകളാൽ |
| സപ്ത സിന്ധവഃ ഉപക്ലൃപ്താഃ | = | ഏഴുകടലുകൾ രൂപംകൊണ്ടുവെന്നും, |
| യതഃ ഏതസ്യാഃ | = | ഏതുകാരണം ഈ ഭൂമിക്കു് |
| സപ്തദ്വീപവിശേഷവികല്പഃ | = | ഏഴു വ്യത്യസ്തദ്വീപുകളുടേതായ തരംതിരിവുണ്ടായെന്നും |
| ത്വയാ സൂചിതഃ ഖലു | = | ഭവാനാൽ സൂചിപ്പിക്കപ്പെട്ടതത്രെ. |
| ഭഗവൻ അഹം | = | ഹേ സർവ്വജ്ഞനായുള്ളോവേ! ഞാൻ |
| മാനതഃ ലക്ഷണതഃ ച | = | ഓരോന്നിന്റെയും ദീർഘവിസ്താരം പ്രത്യേകത എന്നിവയോടെ |
| ഏതത് അഖിലം ഏവ | = | ഇതെല്ലാംതന്നെയും |
| സർവം വിജിജ്ഞാസാമി | = | പൂർണ്ണരൂപേണ അറിവാൻ ആഗ്രഹിക്കുന്നു. |

ഈ അറിവിന്റെ പ്രയോജനമെന്തെന്നു പറയുന്നു—

3 ഭഗവതോ ഗുണമയേ സ്ഥൂലരൂപ ആവേശിതം മനോ ഹ്യഗുണേƒപി സൂക്ഷ്മതമ ആത്മജ്യോതിഷി പരേ ബ്രഹ്മണി ഭഗവതി വാസുദേവാഖ്യേ ക്ഷമമാവേശിതും തദു ഹൈതദ്ഗുരോ അർഹസ്യനുവർണയിതുമിതി.

| | | |
|---|---|---|
| ഭഗവതഃ ഗുണമയേ സ്ഥൂലരൂപേ | = | ഭഗവാന്റെ ഗുണാത്മകമായ വിരാഡ്രൂപത്തിൽ |
| ആവേശിതം മനഃ | = | ആവേശിപ്പിക്കപ്പെട്ട മനസ്സു് |
| അഗുണേ സൂക്ഷ്മതമേ | = | ഗുണരഹിതവും അതിസൂക്ഷ്മവും |
| ആത്മജ്യോതിഷി | = | ആത്മതേജോമയവും |
| വാസുദേവാഖ്യേ | = | വാസുദേവശബ്ദംകൊണ്ടറിയപ്പെടുന്നതും |
| പരേ ബ്രഹ്മണി ഭഗവതി | = | പരബ്രഹ്മസ്വരൂപവുമായ ഈശ്വരനിൽ |
| ആവേശിതും ക്ഷമം ഹി | = | ആവേശിപ്പിക്കുവാൻ സമർത്ഥമാകുമല്ലോ. |
| തദു ഹ ഗുരോ ഏതത് | = | അതുകൊണ്ടുതന്നെ ശ്രീഗുരോ! ഇതിനെ |
| അനുവർണയിതും അർഹസി ഇതി | = | യഥാക്രമം വിവരിച്ചുരചെയ്യുവാൻ അവിടുന്നു് അർഹിക്കുന്നു—എന്നിങ്ങനെ |

ഋഷിരുവാച—ശ്രീശുകാചാര്യർ പറഞ്ഞു.

4 ന വൈ മഹാരാജ ഭഗവതോ മായാഗുണവിഭൂതേഃ കാഷ്ഠാം മനസാ വചസാ വാഽധിഗന്തുമലം വിബുധായുഷാഽപി പുരുഷസ്തസ്മാത് പ്രാധാന്യേനൈവ ഭൂഗോളകവിശേഷം നാമരൂപമാനലക്ഷണതോ വ്യാഖ്യാസ്യാമഃ

| | | |
|---|---|---|
| മഹാരാജ | = | അല്ലയോ മഹാനായ രാജാവേ! |
| ഭഗവതഃ മായാഗുണവിഭൂതേഃ | = | സർവ്വേശ്വരന്റെ മായാഗുണങ്ങൾക്കുള്ള മഹിമയുടെ |
| കാഷ്ഠാം | = | പരമാവധിയെ |
| മനസാ വചസാ വാ അധിഗന്തും | = | മനസ്സുകൊണ്ടോ വാക്കുകൊണ്ടോ അധിഗമിപ്പാൻ |
| വിബുധായുഷാ അപി | = | ദേവന്മാരുടെ ആയുസ്സുണ്ടായാൽപ്പോലും |
| പുരുഷഃ ന അലം വൈ | = | മനുഷ്യൻ ശക്തനാകയില്ലെന്നുറപ്പാണ് |
| തസ്മാത് പ്രാധാന്യേന ഏവ | = | അതുകൊണ്ട്, പ്രാധാന്യേന മാത്രം |
| ഭൂഗോളകവിശേഷം | = | ഭൂഗോളത്തിന്റെ വിശേഷത്തെ |
| നാമരൂപമാനലക്ഷണതഃ | = | പേരും വടിവും അളവും അടയാളവും കാട്ടിക്കൊ |
| വ്യാഖ്യാസ്യാമഃ | = | വിവരിച്ചുതരാം [ണ്ട് |

5 യോ വാഽയം ദ്വീപഃ കുവലയകമലകോശാഭ്യന്തരകോശോ നിയുത-യോജനവിശാലഃ സമവർത്തുലോ യഥാ പുഷ്കരപത്രം.

| | | |
|---|---|---|
| കുവലയകമലകോശാ-ഭ്യന്തരകോശഃ | } | ഭൂമണ്ഡലമാവുന്ന താമരമൊട്ടിന്റെ അകത്തുള്ള ദളവലയമായ |
| യഃ അയം ദ്വീപഃ വാ | = | യാതൊരു ഈ ജംബൂദ്വീപാകട്ടെ |
| നിയുതയോജനവിശാലഃ | = | ലക്ഷം യോജനവിസ്താരത്തിലുള്ളതും |
| പുഷ്കരപത്രം യഥാ | = | താമരയുടെ ഇലപോലെ |
| സമവർത്തുലഃ | = | സമവൃത്താകൃതിയിൽ കിടക്കുന്നതും ആകുന്നു. |

6 യസ്മിൻ നവ വർഷാണി നവയോജനസഹസ്രായാമാന്യഷ്ടഭിർമര്യാ-ദാഗിരിഭിഃ സുവിഭക്താനി ഭവന്തി.

| | | |
|---|---|---|
| യസ്മിൻ | = | യാതൊരു ഈ ദ്വീപിൽ |
| നവയോജനസഹസ്രായാമാനി | = | ഒമ്പതിനായിരം യോജന വിസ്താരത്തിലുള്ളവയും |
| അഷ്ടഭിഃ മര്യാദാഗിരിഭിഃ | = | എട്ട് അതിർത്തിമലകളാൽ |
| സുവിഭക്താനി | = | വേർതിരിക്കപ്പെട്ടവയുമായ |
| നവ വർഷാണി ഭവന്തി | = | ഒമ്പതു് വർഷങ്ങൾ (ഖണ്ഡങ്ങൾ) ഉണ്ട് |

ഈ ഒമ്പതിനായിരമെന്നതു് ഭദ്രാശ്വം കേതുമാലം എന്നിവയെ ഒഴിവാക്കിപ്പറഞ്ഞതാണെന്നു് ധരിച്ചുകൊണ്ടാൽമതി. എന്തെന്നാൽ, അവ രണ്ടിന്നും മുപ്പത്തോരായിരം യോജന വിസ്താരമാണെന്നു് പരിഗണിക്കപ്പെട്ടിരിക്കുന്നു.

7 ഏഷാം മധ്യേ ഇളാവൃതം നാമാഭ്യന്തരവർഷം യസ്യ നാഭ്യാമവസ്ഥിതഃ സർവ്വതഃ സൗവർണ്ണഃ കുലഗിരിരാജോ മേരുർദ്വീപായാമസമുന്നാഹഃ കർണ്ണികാഭൂതഃ കുവലയകമലസ്യ മൂർധനി ദ്വാവിംശത്സഹസ്ര-യോജനവിതതോ മൂലേ ഷോഡശസഹസ്രം താവതാന്തർഭൂമ്യാം പ്രവിഷ്ടഃ

| | | |
|---|---|---|
| ഏഷാം മധ്യേ | = | ഇവയുടെ (ഈ വർഷങ്ങളുടെ) ഒത്തനടുവിൽ |
| ഇളാവൃതം നാമ | = | ഇളാവൃതമെന്നുപേരായ |
| ആഭ്യന്തരവർഷം | = | ആഭ്യന്തരഭൂഖണ്ഡം സ്ഥിതിചെയ്യുന്നു |
| യസ്യ നാഭ്യാം | = | യാതൊന്നിന്റെ നാഭിസ്ഥാനത്ത് (ഒത്തനടുവിൽ) |
| സർവ്വതഃ സൗവർണ്ണഃ | = | എമ്പാടും സ്വർണ്ണമയമായതും |
| കുലഗിരിരാജഃ | = | കുലപർവ്വതങ്ങളിൽ പ്രാമുഖ്യം വഹിക്കുന്നതും |
| ദ്വീപായാമസമുന്നാഹഃ | = | ഈ ജംബുദ്വീപിന്റെ വിസ്താരത്തിന്റെ കണക്കനൊത്ത ലക്ഷംയോജന ഉയരമുള്ളതും |
| കുവലയകമലസ്യ | = | ഭൂമണ്ഡലമാവുന്ന ചെന്താമരയുടെ |
| കർണ്ണികാഭൂതഃ | = | കർണ്ണികയായി ഭവിച്ചിരിക്കുന്നതും |
| മൂർധനി ദ്വാത്രിംശത് - സഹസ്രയോജനവിതതഃ | } | മുകളിൽ മുപ്പത്തീരായിരം യോജന വിസ്താരമുള്ളതും |
| മൂലേ ഷോഡശസഹസ്രം (വിതതഃ) മേരുഃ | } | അടിഭാഗത്തിൽ പതിനാറായിരം യോജന വിസ്താരമുള്ളതുമായ മേരുപർവ്വതം |
| താവതാ അന്തർഭൂമ്യാം പ്രവിഷ്ടഃ | = | അത്രയുംവിസ്താരത്താൽ ഭൂമിയുടെ ഉള്ളിലേക്കും പ്രവേശിച്ചുകൊണ്ട് നിലകൊള്ളുന്നു. |

16000യോജന ഭൂമിക്കടിയിലാകയാൽ അവശേഷിച്ച 84000യോജനകൊണ്ടുള്ള ഉയരത്തിൽമാത്രമേ മേരുപർവ്വതം പുറമെ ദൃശ്യമാകുന്നുള്ളു. എങ്കിലും മൊത്തത്തിൽ ഉയരം ഒരു ലക്ഷം യോജനതന്നെ എന്നു നിർണ്ണയിക്കപ്പെട്ടു.

8 ഉത്തരോത്തരേണേളാവൃതം നീലഃ ശ്വേതഃ ശൃംഗവാനിതി ത്രയോ രമ്യകഹിരണ്മയകുരൂണാം വർഷാണാം മര്യാദാഗിരയഃ പ്രാഗായതാ ഉഭയതഃ ക്ഷാരോദാവധയോ ദ്വിസഹസ്രപൃഥവ ഏകൈകശഃ പൂർവ്വസ്മാത്പൂർവ്വസ്മാദുത്തര ഉത്തരോ ദശാംശാധികാംശേന ദൈർഘ്യ ഏവ ഹ്രസന്തി.

| | | |
|---|---|---|
| ഇളാവൃതം ഉത്തരോത്തരേണ | = | ഇളാവൃതമെന്ന അഭ്യന്തരവർഷത്തിന്റെ വടക്കനീങ്ങി യഥാക്രമം |
| നീലഃ ശ്വേതഃ ശൃംഗവാൻ ഇതി | = | നീലം, ശ്വേതം, ശൃംഗവാൻ എന്നിവ |
| ത്രയഃ രമ്യകഹിരണ്മയകുരൂണാം വർഷാണാം മര്യാദാഗിരയഃ | } | മൂന്നും രമ്യകം, ഹിരണ്മയം, കുരുദേശം എന്നീ വർഷങ്ങളുടെ അതിരു വേർതിരിച്ചുനില്ക്കുന്ന പർവ്വതങ്ങളാകുന്നു. |

| | | |
|---|---|---|
| പ്രാഗായതാഃ | = | പടിഞ്ഞാറുനിന്നു് കിഴക്കിലേക്കു് നീണ്ടുകിടക്കുന്നവയും |
| ഉഭയതഃ ക്ഷാരോദാവധയഃ | = | രണ്ടററംകൊണ്ടും ലവണസമുദ്രത്തെ തൊട്ടിരിക്കുന്നവയും |
| ദ്വിസഹസ്രപൃഥവഃ | = | രണ്ടായിരം യോജന വിസ്താരമുള്ളവയുമായ അവ |
| പൂർവ്വസ്മാത് പൂർവ്വസ്മാത് | = | ആദ്യമാദ്യം ഉള്ളതേക്കാൾ |
| ഉത്തരഃ ഉത്തരഃ | = | പിന്നെപ്പിന്നെയുള്ളതു് |
| ദൈർഘ്യ ഏവ ഏകൈകശഃ | = | നീളത്തിൽമാത്രം ഓരോന്നും യഥാക്രമം |
| ദശാംശാധികാംശേന | = | പത്തിലൊരംശം എന്ന തോതിൽ അധികരിക്കുന്ന ഓരോ അംശത്താൽ |
| ഹ്രസന്തി | = | കുറഞ്ഞിരിക്കുന്നു. |

ദ്വീപിൻെറ വർത്തുളാകാരമാണു് പർവ്വതങ്ങളുടെ ദൈർഘ്യമാനത്തിൽ ഏററക്കുറവു വരുത്തുന്നതു്. പൊക്കം എല്ലാററിനും സാമാന്യേന സമംതന്നെ.

9 ഏവം ദക്ഷിണേനേളാവൃതം നിഷധോ ഹേമകൂടോ ഹിമാലയ ഇതി
പ്രാഗായതാ യഥാ നീലാദയഃ അയുതയോജനോത്സേധാ ഹരിവർഷ-
കിംപുരുഷഭാരതാനാം യഥാസംഖ്യം

| | | |
|---|---|---|
| ഏവം ഇളാവൃതം ദക്ഷിണേന | = | ഇപ്രകാരം ഇളാവൃതത്തിൻെറ തെക്കുഭാഗത്തു് |
| നിഷധഃ ഹേമകൂടഃ ഹിമാലയഃ | = | നിഷധം, ഹേമകൂടം, ഹിമാലയം |
| ഇതി നീലാദയഃ യഥാ | = | എന്നിവ നീലാദിപർവ്വതങ്ങളെപ്പോലെ |
| പ്രാഗായതാഃ | = | കിഴക്കോട്ടായി നീണ്ടുകിടക്കുന്നവയും |
| അയുതയോജനോത്സേധാഃ | = | പതിനായിരം യോജന പൊക്കത്തിലുള്ളവയും |
| ഹരിവർഷകിംപുരുഷഭാരതാനാം | = | ഹരിവർഷം, കിംപുരുഷം, ഭാരതം എന്നീ ഖണ്ഡങ്ങളുടെ |
| യഥാസംഖ്യം (മര്യാദാഗിരയഃ) | = | യഥാക്രമം അതിരുതിരിക്കുന്ന മലകളാണു്. |

ഇളാവൃതത്തിൻെറ വടക്കുഭാഗത്തുള്ള നീലാദികളുടെ പൊക്കവും 10,000 യോജനയാണെന്നു് ഈ ഉപമകൊണ്ടു് അറിഞ്ഞുകൊള്ളണം.

10 തഥൈവേളാവൃതമപരേണ പൂർവ്വേണ ച മാല്യവദ്ഗന്ധമാദനാ
വാനീലനിഷധായതൗ ദ്വിസഹസ്രം പപ്രഥതുഃ കേതുമാലഭദ്രാശ്വയോഃ
സീമാനം വിദധാതേ.

| | | |
|---|---|---|
| തഥാ ഏവ ഇളാവൃതം അപരേണ പൂർവ്വേണ ച | } | അപ്രകാരംതന്നെ ഇളാവൃതത്തിൻെറ പടിഞ്ഞാറും കിഴക്കും ഭാഗങ്ങളിലായി |
| മാല്യവദ്ഗന്ധമാദനൗ | = | മാല്യവാൻ, ഗന്ധമാദനം എന്നീ രണ്ടുപർവ്വതങ്ങൾ |
| ആനീലനിഷധായതൗ | = | (വടക്കു്) നീലപർവ്വതംവരെയും, (തെക്കു്) നിഷധപർവ്വതംവരെയും നീണ്ടനിവർന്നു് |
| ദ്വിസഹസ്രം പപ്രഥതുഃ | = | രണ്ടായിരം യോജന വീതിയിൽ കിടക്കുന്നു. |

| | | |
|---|---|---|
| കേതുമാലഭദ്രാശ്വയോഃ | = | കേതുമാലം ഭദ്രാശ്വം എന്നീ വർഷങ്ങളുടെ |
| സീമാനം വിദധാതേ | = | അതിരിനെ (ഇളാവൃതവർഷത്തിൽനിന്നു്) വേർതിരിച്ചു നിർത്തുകയും ചെയ്യുന്നു. |

ജംബൂദ്വീപത്തിന്റെ ലക്ഷം യോജനവലിപ്പം ആ നവവർഷങ്ങളുടേയും ഈ മര്യാദാപർവ്വതങ്ങളുടേയും വിസ്തീർണ്ണതയുടെ ആകത്തുകയാണു്. ഇളാവൃതം നവസഹസ്രായതമാണെങ്കിലും അതു് മേരുവിന്റെ ചുറ്റും ഉള്ളതാകകൊണ്ടു് ഫലത്തിൽ നാലിരട്ടിയായേക്കും. അളവു് ഇങ്ങനെ കണക്കാക്കണം.

| | | | |
|---|---|---|---|
| ദക്ഷിണോത്തരരേഖയിൽ മേരുവിന്റെ വ്യായതം | | 16000 | യോജന |
| ,, ഇളാവൃതത്തിന്റെ | ,, | 18000 | ,, |
| ,, മററ ആറുവർഷങ്ങളുടെ | ,, | 54000 | ,, |
| ,, ആറുപർവ്വതങ്ങളുടെ | ,, | 12000 | ,, |
| | ആകെ | ഒരു ലക്ഷം | യോജന |

| | | | |
|---|---|---|---|
| പൂർവ്വാപരരേഖയിൽ മേരുവിന്റേയും ഇളാവൃതത്തിന്റേയും വ്യായതം | | 34000 | യോജന |
| ,, രണ്ടുപർവ്വതങ്ങളുടെ | ,, | 4000 | ,, |
| ,, രണ്ടുവർഷങ്ങളുടെ | ,, | 62000 | ,, |
| | ആകെ | ഒരുലക്ഷം | യോജന. |

11 മന്ദരോ മേരുമന്ദരഃ സുപാർശ്വഃ കുമുദ ഇത്യയുതയോജനവിസ്താരോന്നാഹാ മേരോശ്ചതുർദ്ദിശമവഷ്ടംഭഗിരയ ഉപക്ലൃപ്താഃ.

| | | |
|---|---|---|
| മന്ദരഃ മേരുമന്ദരഃ സുപാർശ്വഃ കുമുദഃ ഇതി | } | മന്ദരം, മേരുമന്ദരം, സുപാർശ്വം, കുമുദം എന്നീ പേരുകളോടെ |
| അയുതയോജനവിസ്താരോന്നാഹാഃ | = | പതിനായിരം യോജന വിസ്താരവും ഉയരവുമുള്ളവ |
| മേരോഃ ചതുർദ്ദിശം | = | മഹാമേരുവിന്റെ നാലുവശത്തും |
| അവഷ്ടംഭഗിരയഃ ഉപക്ലൃപ്താഃ | = | താങ്ങുമലകളായിട്ടു് കല്പിക്കപ്പെട്ടിരിക്കുന്നു. |

ഈ മലകൾ നാലും മുകൾഭാഗംകൊണ്ടു് അധികം വിസ്താരമുള്ള മേരുവിന്റെ നാലു ഭാഗത്തുള്ള താങ്ങുകളായിട്ടു് കല്പിക്കപ്പെട്ടവയാണെന്നു് പ്രത്യേകം പറഞ്ഞു. അതിനാൽ കിഴക്കും പടിഞ്ഞാറുമുള്ളവ രണ്ടും ദക്ഷിണോത്തരവിസ്താരമുള്ളവയും, തെക്കും വടക്കുമുള്ളവ പൂർവ്വപശ്ചിമവിസ്താരമുള്ളവയുമാണെന്നു് നിർണ്ണയിച്ചുകൊള്ളണം. വിസ്താരമെന്നുപറഞ്ഞതു് ഇവിടെ പർവ്വതങ്ങളുടെ ദൈർഘ്യത്തെയാണു് കാണിക്കുന്നതെന്നു് കരുതിയാൽമതി. മറിച്ചു്, വീതിയാണെന്നു് കരുതുന്ന പക്ഷം ഇളാവൃതം എന്ന ആഭ്യന്തരവർഷംതന്നെ പ്രത്യേകമായിട്ടൊന്നു് ഇല്ലെന്നു് വന്നുകൂടും. അതു് സംഗതമല്ലല്ലോ.

12 ചതുർഷ്വേതേഷു ചൂതജംബൂകദംബന്യഗ്രോധാശ്ചത്വാരഃ പാദപപ്രവരാഃ പർവ്വതകേതവ ഇവാധിസഹസ്രയോജനോന്നാഹാസ്താവദ്വിടപവിതതയഃ ശതയോജനപരിണാഹാഃ.

ഏതേഷു ചതുർഷു = ഈ നാലുപർവ്വതങ്ങളിലും യഥാക്രമം
ചൂതജംബൂകദംബന്യഗ്രോധാഃ = ചൂതം (മാവു്), ജംബു (ഞാവൽ), കദംബം (കടമ്പു്), ന്യഗ്രോധം (ആൽ) എന്നിങ്ങനെ
ചത്വാരഃ പാദപപ്രവരാഃ = നാലു് മഹാവൃക്ഷങ്ങൾ
പർവ്വതകേതവഃ ഇവ = പർവ്വതങ്ങളുടെ വിജയക്കൊടികളെന്നപോലെ
അധിസഹസ്രയോജനോന്നാഹാഃ = ആയിരത്തിലും കവിഞ്ഞ (ആയിരത്തൊരുനൂറു്) യോജന ഉയരമുള്ളവയും
താവദ്വിടപവിതതയഃ = അത്രയും വരുന്ന ശാഖാവിതാനമുള്ളവയും
ശതയോജനപരിണാഹാഃ = നൂറുയോജനവ്യാപ്തിയോടുകൂടിയവയുമായി നില്ക്കുന്നുണ്ടു്.

13 ഹ്രദാശ്ചത്വാരഃ പയോമധ്വിക്ഷുരസമൃഷ്ടജലാ യദുപസ്പർശിന ഉപദേ-
വഗണാ യോഗൈശ്വര്യാണി സ്വാഭാവികാനി ഭരതർഷഭ ധാരയന്തി.

ഭരതർഷഭ (ഏതേഷു) = ഭരതശ്രേഷ്ഠനായ രാജാവേ! ഈ നാലുപർവ്വതങ്ങളിൽ യഥാക്രമം
പയോമധ്വിക്ഷുരസമൃഷ്ടജലാഃ = പാലും തേനും കരിമ്പുനീരും ശുദ്ധജലവും നിറഞ്ഞു നില്ക്കുന്ന
ചത്വാരഃ ഹ്രദാഃ (സന്തി) = നാലു തടാകങ്ങൾ ഉണ്ടു്.
യദുപസ്പർശിനഃ = അവയെ പരിസേവിക്കുന്ന (ആസ്വദിക്കുന്ന)
ഉപദേവഗണാഃ = വിദ്യാധരാദ്യുപദേവവർഗങ്ങൾ
സ്വാഭാവികാനി = സ്വതഃസിദ്ധമായിട്ടുള്ള
യോഗൈശ്വര്യാണി ധാരയന്തി = യോഗൈശ്വര്യങ്ങളെ നിലനിർത്തിവരുന്നു.

14 ദേവോദ്യാനാനി ച ഭവന്തി ചത്വാരി നന്ദനം ചൈത്രരഥം വൈഭ്രാ-
ജകം സർവ്വതോഭദ്രമിതി.

15 യേഷ്വമരപരിവൃഢാഃ സഹസുരലലനാലലാമയൂഥപതയ ഉപദേവ-
ഗണൈരുപഗീയമാനമഹിമാനഃ കില വിഹരന്തി.

നന്ദനം ചൈത്രരഥം വൈഭ്രാജകം സർവ്വതോഭദ്രം ഇതി } നന്ദനം, ചൈത്രരഥം, വൈഭ്രാജകം, സർവ്വതോഭദ്രം എന്നിങ്ങനെ
ചത്വാരി ദേവോദ്യാനാനി ച ഭവന്തി } നാലു ദേവോദ്യാനങ്ങളും ആ പർവ്വതങ്ങളിൽ യഥാക്രമം സ്ഥിതിചെയ്യുന്നു.
യേഷു അമരപരിവൃഢാഃ = യാതൊരു ഈ ഉദ്യാനങ്ങളിൽ ദേവശ്രേഷ്ഠന്മാർ
സഹസുരലലനാലലാമയൂഥപതയഃ } സഹചാരിണിമാരായ ദേവസുന്ദരീമണികളുടെ സംഘത്തിന്റെ നായകന്മാരായും
ഉപദേവഗണൈഃ = ഗന്ധർവ്വവിദ്യാധരാദികളായ ഉപദേവഗണങ്ങളാൽ
ഉപഗീയമാനമഹിമാനഃ = പാടിപ്പുകഴ്ത്തപ്പെടുന്ന മഹിമയോടുകൂടിയവരുമായി
വിഹരന്തി കില = വിഹരിക്കുന്നു പോലും.

16 മന്ദരോത്സംഗ ഏകാദശശതയോജനോത്തുംഗദേവചൂതശിരസോ ഗി-
രിശിഖരസ്ഥൂലാനി ഫലാന്യമൃതകല്പാനി പതന്തി.

| | | |
|---|---|---|
| മന്ദരോത്സംഗേ | = | മന്ദരപർവ്വതത്തിന്റെ മേൽപ്പരപ്പിൽ |
| ഏകാദശശതയോജനോ-ത്തുംഗദേവചൂതശിരസഃ | } | ആയിരത്തൊരുനൂറുയോജനപൊക്കത്തിൽ നില്ക്കുന്ന ദേവചൂതവൃക്ഷത്തിന്റെ മുകളിൽനിന്ന് |
| ഗിരിശിഖരസ്ഥൂലാനി | = | പർവ്വതശിഖരംപോലെ വലിപ്പമുള്ള |
| അമൃതകല്പാനി ഫലാനി പതന്തി | = | അമൃതോപമങ്ങളായ മാമ്പഴങ്ങൾ വീഴുന്നു. |

17 തേഷാം വിശീര്യമാണാനാമതിമധുരസുരഭിസുഗന്ധിബഹുളാരുണര-
സോദേനാരുണോദാ നാമ നദീ മന്ദരഗിരിശിഖരാന്നിപതന്തീ പൂർവ്വ-
ണേളാവൃതമുപപ്ലാവയതി.

| | | |
|---|---|---|
| വിശീര്യമാണാനാം തേഷാം | = | വീണുപൊത്തുകിടക്കുന്ന അവയുടെ |
| അതിമധുരസുരഭിസുഗന്ധി-ബഹുളാരുണരസോദേന | } | അതിമധുരവും സുരഭിലവും മറെറാന്നിന്റെ മണം കലരാത്തതും ധാരാളമായതും അരുണനിറം ചേർന്നതുമായ ചാറുകൊണ്ടുണ്ടായ |
| അരുണോദാ നാമ നദീ | = | "അരുണോദ"യെന്ന നദി |
| മന്ദരഗിരിശിഖരാത് | = | മന്ദരപർവ്വതത്തിന്റെ കൊടുമുടിയിൽനിന്നു് |
| നിപതന്തീ | = | താഴോട്ടുകുതിച്ചിറങ്ങി |
| പൂർവ്വേണ ഇളാവൃതം പ്ലാവയതി | = | കിഴക്കുഭാഗത്തുള്ള ഇളാവൃതഭൂഖണ്ഡത്തെ നനയ്ക്കുന്നു |

18 യദുപജോഷണാദ്ഭവാന്യാ അനുചരീണാം പുണ്യജനവധൂനാമവ-
യവസ്പർശസുഗന്ധവാതോ ദശയോജനം സമന്താദനുവാസയതി.

| | | |
|---|---|---|
| യദുപജോഷണാത് | = | യാതൊരു ആ നദിയിലെ അരുണരസോദകം സേവിക്കുക കാരണം |
| ഭവാന്യാഃ അനുചരീണാം | = | ശ്രീപാർവ്വതിയുടെ തോഴിമാരായ |
| പുണ്യജനവധൂനാം | = | യക്ഷരക്ഷോഗണനാരിമാരുടെ |
| അവയവസ്പർശസുഗന്ധവാതഃ | = | അംഗസ്പർശത്താൽ നറുമണം പുരണ്ട കാററ് |
| സമന്താത് ദശയോജനം | = | ചുററും പത്തുയോജനയോളം ദൂരം |
| അനുവാസയതി | = | സുരഭിലമാക്കുന്നുണ്ട്. |

19 ഏവം ജംബൂഫലാനാമത്യുച്ചനിപാതവിശീർണാനാമനസ്ഥിപ്രായാ-
ണാമിഭകായനിഭാനാം രസേന ജംബൂ നാമ നദീ മേരുമന്ദരശിഖരാ-
ദയുതയോജനാദവനിതലേ നിപതന്തീ ദക്ഷിണേനാത്മാനം യാവദി-
ളാവൃതമുപസ്യന്ദതി.

ഏവം = ഇതുപോലെ
അത്യുച്ചനിപാതവിശീർണ്ണാനാം = അധികം ഉയരത്തിൽനിന്നുള്ള വീഴ്ചയാൽ പൊട്ടിത്തകർന്നവയും
അനസ്ഥിപ്രായാണാം = ഉള്ളിൽ കുരുതന്നെ ഇല്ലാത്തമട്ടിൽ കഴമ്പുള്ളവയും
ഇഭകായനിഭാനാം = ആനയുടെ ശരീരംപോലെ ഇരിക്കുന്നവയുമായ
ജംബൂഫലാനാം രസേന = ഞാവൽപ്പഴങ്ങളുടെ ചാറുകൊണ്ടുണ്ടായ
ജംബൂഃ നാമ നദീ = ജംബുവെന്ന നദി
അയുതയോജനാത് = പതിനായിരം യോജനയോളം ഉയർന്ന
മേരുമന്ദരശിഖരാത് = മേരുമന്ദരഗിരിയുടെ ശിഖരത്തിൽനിന്നു്
അവനിതലേ നിപതന്തീ = സമതലത്തിൽ പതിച്ചു്
ആത്മാനം ദക്ഷിണേന = തന്റെ തെക്കുഭാഗത്തുകിടക്കുന്ന
ഇളാവൃതം യാവത് ഉപസ്യന്ദതി = ഇളാവൃതഖണ്ഡം എതുയുണ്ടോ അത്രയുംഭാഗത്തു് ഒഴുകുന്നു.

20 താവദുഭയോരപി രോധസോര്യാ മൃത്തികാ തദ്രസേനാനുവിധ്യമാനാ വായ്വർകസംയോഗവിപാകേന സദാ അമരലോകാഭരണം. ജാംബൂനദം നാമ സുവർണം ഭവതി.

ഉഭയോഃ അപി രോധസോഃ = നദിയുടെ ഇരുകരകളിലും
തദ്രസേന അനുവിധ്യമാനാ = അതിന്റെ രസത്തോടുചേർന്നിരിക്കുന്ന
യാ മൃത്തികാ താവത് = അത്രമാത്രമുള്ള മണ്ണുമുഴുവനും
സദാ വായ്വർകസംയോഗവിപാകേന } എപ്പോഴും കാററും വെയിലുംതട്ടിക്കിടന്നുണ്ടാവുന്ന പരിണാമംകൊണ്ടു്
അമരലോകാഭരണം = ദേവലോകത്തിലുള്ളവർക്കു് ആഭരണമായിത്തീരുന്ന
ജാംബൂനദം നാമ സുവർണം ഭവതി = ജാംബൂനദമെന്ന സ്വർണ്ണമായിട്ടു് രൂപാന്തരപ്പെടുന്നു

21 യദുഹ വാവ വിബുധാദയഃ സഹ യുവതിഭിർമുകുടകടകകടിസൂത്രാദ്യാഭരണരൂപേണ ഖലു ധാരയന്തി.

യത് ഉഹ വാവ വിബുധാദയഃ = യാതൊന്നിനെത്തന്നെ ദേവാദികൾ
യുവതിഭിഃ സഹ = അവരുടെ തരുണിമാരോടുകൂടി
മകുടകടകകടിസൂത്രാദ്യാഭരണരൂപേണ } കിരീടം, വള, അരഞ്ഞാൺ മുതലായ ആഭരണങ്ങളുടെ ആകൃതിയോടെ
ധാരയന്തി ഖലു = ധരിച്ചുവരുന്നുണ്ടല്ലോ.

22 യസ്തു മഹാകദംബഃ സുപാർശ്വനിരൂഢോ യാസ്തസ്യ കോടരേഭ്യോ വിനിഃസൃതാഃ പഞ്ചായാമപരിണാഹാഃ പഞ്ച മധുധാരാഃ സുപാർശ്വശിഖരാത് പതന്ത്യോഽപരേണാത്മാനമിളാവൃതമനുമോദയന്തി.

സുപാർശ്വനിരൂഢഃ = സുപാർശ്വഗിരിയിൽ മുളച്ചുനില്ക്കുന്ന
യഃ മഹാകദംബഃ തു = യാതൊരു മഹാകദംബ (വൻകടമ്പു്) വൃക്ഷമുണ്ടോ,

തസ്യ കോടരേഭ്യഃ = അതിന്റെ പൊത്തുകളിൽനിന്നു്
വിനിഃസൃതാഃ = പുറത്തേക്കു് ഒഴുകിവന്നവയും
പഞ്ചായാമപരിണാഹാഃ = അഞ്ചുമാറു വീതിയുള്ളവയുമായ
യാഃ പഞ്ച മധുധാരാഃ = അഞ്ചു തേനരുവികൾ
സുപാർശ്വശിഖരാത് പതന്ത്യഃ = സുപാർശ്വഗിരിയുടെ ശിഖരത്തിൽനിന്നു് പതിച്ചു് പ്രവഹിച്ചുകൊണ്ടു്
ആത്മാനം അപരേണ = തന്റെ പടിഞ്ഞാറുവശത്തുള്ള
ഇളാവൃതം അനുമോദയന്തി = ഇളാവൃതഭൂവിഭാഗത്തെ കുളിർപ്പിക്കുന്നു.

23 യാ ഹ്യുപയുഞ്ജാനാനാം മുഖനിർവാസിതോ വായുഃ സമന്താച്ഛത-
യോജനമനുവാസയതി.

യാഃ ഉപയുഞ്ജാനാനാം = യാതൊരു മധുധാരകളെ ഉപയോഗിക്കുന്നവരുടെ
മുഖനിർവാസിതഃ വായുഃ ഹി = മുഖത്തിൽനിന്നു പുറപ്പെടുന്ന കാറ്റാകട്ടെ
സമന്താത് ശതയോജനം = ചുറ്റും നൂറുയോജനയോളം സ്ഥലം
അനുവാസയതി = വാസനിപ്പിച്ചുകൊണ്ടിരിക്കുന്നു.

24 ഏവം കുമുദനിരൂഢോ യഃ ശതവല്ശോ നാമ വടസ്തസ്യ സ്കന്ധേഭ്യോ
നീചീനാഃ പയോദധിമധുഘൃതഗുഡാന്നാദ്യംബരശയ്യാസനാഭരണാ-
ദയഃ സർവ്വ ഏവ കാമദുഘാ നദാഃ കുമുദാഗ്രാത് പതന്തസ്തമുത്തരേ-
ണേളാവൃതമുപയോജയന്തി.

ഏവം കുമുദനിരൂഢഃ യഃ = ഇപ്രകാരം കുമുദഗിരിയിൽ വേരുറച്ച യാതൊരു
ശതവല്ശഃ നാമ വടഃ = ശതവല്ശമെന്നു പേരായ ആൽമരമുണ്ടല്ലോ,
തസ്യ സ്കന്ധേഭ്യഃ നീചീനാഃ = അതിന്റെ ശാഖാമൂലങ്ങളിൽനിന്നു് താഴോട്ടൊഴുകിവരുന്നവയും
പയോദധിമധുഘൃതഗുഡാന്നാദ്യംബരശയ്യാസനാഭരണാദയഃ } പാൽ, തൈർ, തേൻ, നെയ്യ്, മധുരാന്നം മുതലായ ഭക്ഷ്യപേയങ്ങളോടും വസ്ത്രം, മെത്ത, ഇരിപ്പിടം, അലങ്കാരം മുതലായ ഉപകരണങ്ങളോടും കൂടിയവയും
കാമദുഘാഃ നദാഃ = സർവ്വാഭീഷ്ടപ്രദങ്ങളുമായ നദങ്ങൾ
കുമുദാഗ്രാത് പതന്തഃ = കുമുദപർവ്വതശൃംഗത്തിൽനിന്നു് പതിച്ചുകൊണ്ടു്
തം ഉത്തരേണ = ആ പർവ്വതത്തിന്റെ വടക്കുഭാഗത്തുള്ള
ഇളാവൃതം ഉപയോജയന്തി = ഇളാവൃതഭൂവിഭാഗത്തെ ഉപയോഗപ്രദമാക്കുന്നു.

25 യാനുപജുഷാണാനാം ന കദാചിദപി പ്രജാനാം വലീപലിതക്ലമ-
സ്വേദദൗർഗന്ധ്യജരാമയമൃത്യുശീതോഷ്ണവൈവർണ്ണ്യോപസർഗാദയ-
സ്താപവിശേഷാ ഭവന്തി യാവജ്ജീവം സുഖം നിരതിശയമേവ.

യാൻ ഉപജുഷാണാനാം = യാതൊരു ആ നദങ്ങളെ ഉപഭോഗംകൊണ്ടു് സേവിക്കുന്ന

| | | |
|---|---|---|
| പ്രജാനാം കദാചിദപി | = | ജനങ്ങൾക്ക് ഒരിക്കലും |
| വലീപലിത...............ആദയഃ | = | (ശരീരത്തിൽ) ചുക്കിച്ചുളിവ്, നരയ്ക്കൽ, തളർച്ച, വിയർപ്പ്, നാററം, വാർദ്ധക്യം, രോഗം, മരണം, തണുപ്പ്, ചൂട്, നിറവ്യത്യാസം, പീഡകൾ മുതലായിട്ടുള്ള |
| താപവിശേഷാഃ ന ഭവന്തി | = | നാനാതരം സന്താപങ്ങളൊന്നും സംഭവിക്കുന്നില്ല. |
| യാവജ്ജീവം | = | ജീവിച്ചിരിക്കുന്ന കാലംമുഴുവനും |
| നിരതിശയം സുഖം ഏവ | = | നിരതിശയമായ സൗഖ്യംതന്നെയാണ്. |

26 കുരംഗകുരരകുസുംഭവൈകങ്കത്രികൂടശിശിരപതംഗരുചകനിഷധശി_
നീവാസകപിലശംഖവൈഢൂര്യജാരുധിഹംസഋഷഭനാഗകാലഞ്ജരനാര_
ദാദയോ വിംശതി ഗിരയോ മേരോഃ കർണികായാ ഇവ കേസരഭൂതാ
മൂലദേശേ പരിത ഉപക്ലൃപ്താഃ.

| | | |
|---|---|---|
| കുരംഗ...............നാരദാദയഃ | = | കുരംഗം, കുരരം, കുസുംഭം, വൈകങ്കം, ത്രികൂടം, ശിശിരം, പതംഗം, രുചകം, നിഷധം, ശിനീവാസം, കപിലം, ശംഖം, വൈഢൂര്യം, ജാരുധി, ഹംസം, ഋഷഭം, നാഗം, കാലഞ്ജരം, നാരദം മുതലായ |
| വിംശതി ഗിരയഃ | = | ഇരുപത് പർവ്വതങ്ങൾ |
| കർണികായാഃ | = | ഭൂമണ്ഡലകമലത്തിന്റെ കർണ്ണികയായിരിക്കുന്ന |
| മേരോഃ മൂലദേശേ പരിതഃ | = | മേരുവിന്റെ അടിവാരത്തിൽ നാലുപുറവും |
| കേസരഭൂതാഃ ഇവ | = | കേസരങ്ങളുടെ സ്ഥാനം വഹിക്കുന്നവയോ എന്നു തോന്നും പ്രകാരം |
| ഉപക്ലൃപ്താഃ | = | (ഈശ്വരനാൽ) കല്പിക്കപ്പെട്ടിരിക്കുന്നു. |

27 ജഠരദേവകൂടൗ മേരും പൂർവ്വേണാഷ്ടാദശയോജനസഹസ്രമുദഗായതൗ
ദ്വിസഹസ്രം പൃഥുതുംഗൗ ഭവതഃ. ഏവമപരേണ പവനപാരിയാത്രൗ
ദക്ഷിണേന കൈലാസകരവീരൗ പ്രാഗായതാവേവമുത്തരതസ്ത്രിശൃംഗ_
മകരാവഷ്ടഭിരേതൈഃ പരിസ്തൃതോഽഗ്നിരിവ പരിതശ്ചകാസ്തി
കാഞ്ചനഗിരിഃ.

| | | |
|---|---|---|
| ജഠരദേവകൂടൗ | = | ജഠരം, ദേവകൂടം എന്നീ രണ്ടുപർവ്വതങ്ങൾ |
| അഷ്ടാദശയോജനസഹസ്രം | = | പതിനെണ്ണായിരം യോജന |
| ഉദഗായതൗ | = | തെക്കുവടക്കുനീണ്ടുകിടക്കുന്നവയായും |
| ദ്വിസഹസ്രം പൃഥുതുംഗൗ | = | രണ്ടായിരംയോജന വീതിയുയരങ്ങളുള്ളവയായും |
| മേരും പൂർവ്വേണ ഭവതഃ | = | മേരുവിന്റെ കിഴക്കുഭാഗത്തുണ്ട്. |
| ഏവം പവനപാരിയാത്രൗ | = | ഇപ്രകാരം പവനം, പാരിയാത്രം എന്ന രണ്ട് പർവ്വതങ്ങൾ |

| | | |
|---|---|---|
| അപരേണ | = | പടിഞ്ഞാറുഭാഗത്തും, |
| കൈലാസകരവീരൌ | = | കൈലാസം, കരവീരം എന്നിവ |
| പ്രാഗായതൌ ദക്ഷിണേന | = | കിഴക്കോട്ടുനീണ്ടു് തെക്കുവശത്തും സ്ഥിതിചെയ്യുന്നു |
| ഏവം ഉത്തരതഃ | = | ഇപ്രകാരംതന്നെ വടക്കുഭാഗത്തു് |
| ത്രിശൃംഗമകരൌ (ഭവതഃ) | = | ത്രിശൃംഗം, മകരം എന്നീ രണ്ടുപൎവ്വതങ്ങളുണ്ടു്. |
| ഏതൈഃ അഷ്ടഭിഃ പരിസ്തൃതഃ | = | ഈ എട്ടു് മലകളാൽ ചുററപ്പെട്ട |
| കാഞ്ചനഗിരിഃ | = | കനകമയമഹാമേരുപൎവ്വതം |
| (പരിസ്തൃതഃ) അഗ്നിഃ ഇവ | = | ആസ്തരണദൎഭകൾ ചുററും വെച്ചിരിക്കുന്ന അഗ്നികുണ്ഡംപോലെ |
| പരിതഃ ചകാസ്തി | = | ചുഴലവേ ചുഴന്നു് പ്രജ്വലിക്കുന്നു. |

28 മേരോൎമ്മൂൎദ്ധനി ഭഗവത ആത്മയോനേൎമ്മദ്ധ്യത ഉപക്ലൃപ്താം പുരീമ-
യുതയോജനസാഹസ്രീം സമചതുരസ്രാം ശാതകൗംഭീം വദന്തി

| | | |
|---|---|---|
| മേരോഃ മൂൎദ്ധനി മദ്ധ്യതഃ | = | മേരുവിന്റെ ശിരസ്സിൽ മദ്ധ്യഭാഗത്തു് |
| ഉപക്ലൃപ്താം | = | കല്പിക്കപ്പെട്ടിരിക്കുന്ന |
| ഭഗവതഃ ആത്മയോനേഃ പുരീം | = | ബ്രഹ്മദേവന്റെ പുരിയെ |
| അയുതയോജനസാഹസ്രീം | = | പതിനായിരം യോജന വിസ്തീൎണ്ണവും |
| സമചതുരസ്രാം ശാതകുംഭീം | = | സമചതുരവും സ്വൎണ്ണമയവും ആയതാണെന്നു് |
| വദന്തി | = | പ്രാമാണികന്മാർ പറയുന്നു. |

29 താമനു പരിതോ ലോകപാലാനാമഷ്ടാനാം യഥാദിശം യഥാരൂപം
തുരീയമാനേന പുരോഽഷ്ടാവുപക്ലൃപ്താഃ.

| | | |
|---|---|---|
| താം അനു പരിതഃ | = | ആ ബ്രഹ്മപുരിക്കുചുററിലും |
| അഷ്ടാനാം ലോകപാലാനാം | = | എട്ടു ലോകപാലന്മാരുടെ (അഷ്ടദിക്പാലന്മാരുടെ) |
| അഷ്ടൌ പുരഃ | = | എട്ടു് പുരികൾ |
| യഥാദിശം യഥാരൂപം | = | അതാതു് ദിക്കുകൾക്കും രൂപങ്ങൾക്കുമനുസരിച്ചു് |
| തുരീയമാനേന അഷ്ടൌ ഉപക്ലൃപ്താഃ | = | (ബ്രഹ്മപുരിയുടെ) നാലിലൊന്നു വലിപ്പത്തിൽ കല്പിതങ്ങളായിരിക്കുന്നു. |

**ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ ഭുവനകോശവൎണ്ണനം നാമ**

**ഷോഡശോഽദ്ധ്യായഃ ആദിതഃ സൂക്താനി 397.**

**അഞ്ചാമത്തെ സ്കന്ധത്തിൽ പതിനാറാമദ്ധ്യായം കഴിഞ്ഞു.**

# സപ്തദശോ ഽധ്യായഃ — അധ്യായം പതിനേഴ്.

## ഗംഗാവതരണവും ശ്രീരുദ്രകൃതമായ സങ്കർഷണസ്തുതിയും.

"തതഃ സപ്തദശേ ഗംഗാഗമനം തച്ചതുർദിശം
ഇളാവൃതേ ച രുദ്രേണ സങ്കർഷണനിഷേവണം"

ആകാശഗംഗ നാലായി പിരിഞ്ഞ് നാലു ദിക്കിലേക്ക് ഒഴുകിയതും, ഇളാവൃതത്തിൽ ശ്രീരുദ്രൻ സങ്കർഷണമൂർത്തിയെ ഉപാസിക്കുന്നതും ഈ പതിനേഴാമധ്യായത്തിൽ പറയുന്നു

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു —

1 തത്ര ഭഗവതഃ സാക്ഷാദ്യജ്ഞലിംഗസ്യ വിഷ്ണോർവിക്രമതോ വാമപാദാംഗുഷ്ഠനഖനിർഭിന്നോർധ്വാണ്ഡകടാഹവിവരേണാന്തഃപ്രവിഷ്ടാ യാ ബാഹ്യജലധാരാ തച്ചരണപങ്കജാവനേജനാരുണകിഞ്ജൽകോപരഞ്ജിതാ ഽഖിലജഗദഘമലാപഹോപസ്പർശനാ ഽമലാ സാക്ഷാത് ഭഗവത്പദീത്യനുപലക്ഷിതവചോഽഭിധീയമാനാ ഽതിമഹതാ കാലേന യുഗസഹസ്രോപലക്ഷണേന ദിവോ മൂർധന്യവതതാര; യത്തദ്വിഷ്ണുപദമാഹുഃ.

| | | |
|---|---|---|
| യജ്ഞലിംഗസ്യ | = | മഹാബലിയുടെ യജ്ഞത്തിൽ ത്രിവിക്രമമൂർത്തിയായിഭവിച്ച |
| തത്ര ഭഗവതഃ സാക്ഷാത് വിഷ്ണോഃ | = | മഹാനുഭാവനായ സാക്ഷാൽ ശ്രീമഹാവിഷ്ണു |
| വിക്രമതഃ (സതഃ) | = | അടിവെച്ചളന്നുകൊണ്ടുപോകവേ, |
| വാമപാദാംഗുഷ്ഠനഖനിർഭിന്നോർധ്വാണ്ഡകടാഹവിവരേണ | } | അവിടുത്തെ ഇടതുകാൽപ്പെരുവിരലിന്റെ നഖംകൊണ്ട് ഉപരിഭാഗം പിളർന്ന ബ്രഹ്മാണ്ഡകടാഹത്തിന്റെ ദ്വാരത്തിലൂടെ |
| അന്തഃപ്രവിഷ്ടാ | = | അകത്തേക്കുകടന്നതും |
| തച്ചരണപങ്കജാവനേജനാരുണകിഞ്ജൽകോപരഞ്ജിതാ | } | ഭഗവാന്റെ തൃപ്പാദകമലപ്രക്ഷാളനംകൊണ്ട് അതിലെ കുങ്കുമമാവുന്ന കേസരങ്ങളോടിടചേർന്നതും |
| അഖിലജഗദഘമലാപഹോപസ്പർശനാ അമലാ | } | സകലലോകപാപമാലിന്യങ്ങളെ അപഹനിക്കുന്ന സ്പർശനത്തോടുകൂടിയതും നിർമ്മലമായതും |
| സാക്ഷാത് ഭഗവത്പദീ ഇതി | = | സാക്ഷാൽ ഭഗവത്പദീ (വിഷ്ണുപദീ) എന്നിങ്ങനെ മാത്രം അറിയപ്പെട്ടിരുന്നതും |
| അനുപലക്ഷിതവചോഽഭിധീയമാനാ | } | മററു് ഉപലക്ഷിതനാമങ്ങളാൽ (ജാഹ്നവീ, ഭാഗീരഥീ മുതലായ) അന്നു് അഭിധാനംചെയ്യപ്പെടാതിരുന്നതും ആയ |

| | | |
|---|---|---|
| യാ ബാഹ്യജലധാരാ (സാ) | = | യാതൊരു ബഹിർജലപ്രവാഹമുണ്ടോ, അതു് |
| യുഗസഹസ്രോപലക്ഷണേന | = | ആയിരം യുഗങ്ങളും ചേൎന്നിട്ടുള്ള |
| അതിമഹതാ കാലേന | = | ഏററവും ദീൎഘിച്ച കാലംകൊണ്ടു് |
| ദിവഃ മൂർധനി അവതതാര | = | അന്തരീക്ഷലോകത്തിന്റെ അഗ്രത്തിൽ വന്നിറങ്ങി. |
| യത് തത് വിഷ്ണുപദം ആഹുഃ | = | യാതൊരു ആ അഗ്രത്തെ വിഷ്ണുപദമെന്നു് പറയുന്നു. |

2 യത്ര ഹ വാവ വീരവ്രത ഔത്താനപാദിഃ പരമഭാഗവതോ ഽസ്മത്-കുലദേവതാചരണാരവിന്ദോദകമിതി യാമനുസവനമുത്കൃഷ്യമാണ-ഭഗവദ്ഭക്തിയോഗേന ദൃഢം ക്ലിദ്യമാനാന്തർഹൃദയ ഔത്കണ്ഠ്യവി-വശാമീലിതലോചനയുഗളകുഡ്മളവിഗളിതാമലബാഷ്പകലയാ ഽഭി-വ്യജ്യമാനരോമപുളകകുളകോ ഽധുനാപി പരമാദരേണ ശിരസാ ബിഭർത്തി.

| | | |
|---|---|---|
| യത്ര ഹ വാവ | = | യാതൊരു ഈ വിഷ്ണുപദത്തിൽ, ഹാ അദ്ഭുതം! |
| വീരവ്രതഃ പരമഭാഗവതഃ | = | ഉഗ്രവ്രതനും പരമഭഗവദ്ഭക്തനുമായ |
| ഔത്താനപാദിഃ | = | ഉത്താനപാദപുത്രൻ (ധ്രുവൻ) |
| അസ്മത്കുലദേവതാചരണാ-രവിന്ദോദകം ഇതി. | } | "നമ്മുടെ കുലദൈവമായ ശ്രീഹരിയുടെ തൃപ്പാദ കമലത്തിൽനിന്നൊഴുകിയ പവിത്രജലമാണല്ലോ" എന്ന കാരണത്താൽ |
| യാം അനുസവനം | = | യാതൊരു ആ ജലധാരയെ, അനുക്ഷണം |
| ഉത്കൃഷ്യമാണഭഗവദ്-ഭക്തിയോഗേന | } | വളൎന്നുകൊണ്ടുവരുന്ന ഭഗവദ്ഭക്തിയോഗം കൊണ്ടു് |
| ദൃഢം ക്ലിദ്യമാനാന്തർഹൃദയഃ | = | അത്യന്തം അലിവാൎന്ന ഉൾത്തടത്തോടുകൂടിയവനും |
| ഔത്കണ്ഠ്യവിവശാമീലിത-ലോചനയുഗളകുഡ്മളവിഗളി-താമലബാഷ്പകലയാ | } | ഔത്സുക്യത്താൽ വിവശവും അല്പം അടഞ്ഞതുമായ കണ്ണിണയാവുന്ന പൂമൊട്ടുകളിൽനിന്നു് അടൎന്നു വീണ നിൎമ്മലബാഷ്പധാരയാൽ |
| അഭിവ്യജ്യമാനരോമ-പുളകകുളകഃ | } | അഭിവ്യഞ്ജിക്കപ്പെടുന്ന രോമാഞ്ചച്ചാർത്തോടുകൂടിയവനുമായി ഭവിച്ചു് |
| അധുനാ അപി പരമാദരേണ | = | ഇപ്പോഴും അത്യാദരത്തോടുകൂടി |
| ശിരസാ ബിഭർത്തി | = | ശിരസ്സാലെ ധരിച്ചുവരുന്നു |

3 തതഃ സപ്ത ഋഷയസ്തത്പ്രഭാവജ്ഞാ യാം നനു തപസ ആത്യന്തികീ സിദ്ധിരേതാവതീ ഭഗവതി സർവാത്മനി വാസുദേവേ അനുപരത-ഭക്തിയോഗലാഭേനൈവ ഉപേക്ഷിതാന്യാർത്ഥാത്മഗതയോ മുക്തി-മിവാഗതാം മുമുക്ഷവ ഇവ സബഹുമാനമദ്യാപി ജടാജൂടൈരുദ്വ-ഹന്തി.

| | | |
|---|---|---|
| തതഃ സപ്ത ഋഷയഃ | = | അതിനുതാഴെ, സപ്തൎഷിമാർ |
| തത്പ്രഭാവജ്ഞാഃ | = | ആ ഗംഗയുടെ മാഹാത്മ്യത്തെ അറിഞ്ഞുകൊണ്ടു് |

| | | |
|---|---|---|
| തപസഃ ആത്യന്തികീ സിദ്ധിഃ | = | “തപസ്സിന്റെ ആത്യന്തികമായ ഫലപ്രാപ്തി |
| നനു ഏതാവതീ ഇതി | = | ഇത്രമാത്രമാണല്ലോ” എന്ന മനഃസങ്കല്പത്തോടെ |
| ഭഗവതി സർവ്വാത്മനി | = | ഐശ്വര്യാദി ഷഡ്ഗുണപൂർണ്ണനും സർവാന്തര്യാമിയുമായ |
| വാസുദേവേ | = | ശ്രീവാസുദേവനിൽ |
| അനുപരതഭക്തിയോഗലാഭേന ഏവ | } | നിരന്തരം പ്രവർത്തിക്കുന്ന ഭക്തിയോഗത്തിന്റെ സംപ്രാപ്തികൊണ്ടുതന്നെ |
| ഉപേക്ഷിതാന്യാർത്ഥാത്മഗതയഃ | = | ഉപേക്ഷിക്കപ്പെട്ട ഇതരപുരുഷാർത്ഥങ്ങളോടും ആത്മജ്ഞാനത്തോടും കൂടിയവരായിട്ട് |
| മുമുക്ഷവഃ ആഗതാം മുക്തിം ഇവ | = | മുമുക്ഷുക്കൾ സ്വയം വന്നണഞ്ഞ മുക്തിയെ എന്നപോലെ |
| സബഹുമാനം അദ്യാപി യാം | = | ബഹുമാനപൂർവ്വം ഇപ്പോഴും അതിനെ |
| ജടാജൂടൈഃ ഉദ്വഹന്തി | = | ജടാകലാപങ്ങളാൽ വഹിച്ചുകൊണ്ടിരിക്കുന്നു. |

4 തതോ ഽനേകസഹസ്രകോടിവിമാനാനീകസംകുലദേവയാനേനാവ-
തരന്തീ ഇന്ദുമണ്ഡലമാവാര്യ ബ്രഹ്മസദനേ നിപതതി.

| | | |
|---|---|---|
| തതഃ അനേകസഹസ്രവിമാനാനീകസംകുലദേവയാനേന | } | പിന്നെ, അവിടെനിന്ന് അനേകായിരംകോടി വിമാനങ്ങളാൽ ഇടതിങ്ങിയ ആകാശവീഥിയിലൂടെ |
| അവതരന്തീ | = | താഴോട്ടിറങ്ങിക്കൊണ്ട് |
| ഇന്ദുമണ്ഡലം ആവാര്യ | = | ചന്ദ്രമണ്ഡലത്തെ നനച്ച്, |
| ബ്രഹ്മസദനേ നിപതതി | = | ബ്രഹ്മസദനത്തിൽ വന്നുവീഴുന്നു |

5 തത്ര ചതുർധാ ഭിദ്യമാനാ ചതുർഭിർനാമഭിഃ ചതുർദിശമഭിസ്യന്ദന്തീ
നദനദീപതിമേവാഭിനിവിശതി സീതാ അലകനന്ദാ ചക്ഷുർഭദ്രേതി.

| | | |
|---|---|---|
| തത്ര ചതുർധാ ഭിദ്യമാനാ | = | അവിടെവെച്ച് നാലായിട്ടുപിരിഞ്ഞ് |
| സീതാ അലകനന്ദാ ചക്ഷുഃ ഭദ്രാ ഇതി ചതുർഭിഃ നാമഭിഃ | } | സീത, അളകനന്ദ, ചക്ഷുസ്സ്, ഭദ്ര എന്നീ നാലുപേരുകളോടുകൂടി |
| ചതുർദിശം അഭിസ്യന്ദന്തീ | = | നാലുദിക്കിലേക്കും ഒഴുകിക്കൊണ്ട് |
| നദനദീപതിം ഏവ | = | സമുദ്രത്തിലേക്കുതന്നെ |
| അഭിനിവിശതി | = | നേരെ ചെന്നുചേരുന്നു. |

6 സീതാ തു ബ്രഹ്മസദനാത് കേസരാചലാദിഗിരിശിഖരേഭ്യോഽധോഽധഃ
പ്രസ്രവന്തീ ഗന്ധമാദനമൂർധസു പതിത്വാന്തരേണ ഭദ്രാശ്വവർഷം
പ്രാച്യാം ദിശി ക്ഷാരസമുദ്രമഭിപ്രവിശതി.

| | | |
|---|---|---|
| സീതാ തു | = | ഇവയിൽ സീതയെന്ന പ്രവാഹമാകട്ടെ |
| ബ്രഹ്മസദനാത് | = | മേരുശിരസ്സിലുള്ള ബ്രഹ്മസദനത്തിൽനിന്ന് |

കേസരാചലാദിഗിരിശിഖരേഭ്യഃ = മേരുവാകുന്ന ഭൂപദ്മകർണ്ണികയുടെ കേസരങ്ങളായിനില്ക്കുന്ന പർവ്വതനിരകളുടെ പ്രധാനശൃംഗങ്ങളിൽ പതിച്ച് അവിടെനിന്നും
അധോധഃ പ്രസ്രവന്തീ = താഴോട്ടു താഴോട്ടായി ഒഴുകിക്കൊണ്ട്
ഗന്ധമാദനമൂർധസു പതിത്വാ = ഗന്ധമാദനഗിരിശിഖരങ്ങളിൽ പതിച്ച്
ഭദ്രാശ്വവർഷം അന്തരേണ = ഭദ്രാശ്വവർഷമെന്ന പ്രദേശത്തിന്റെ മധ്യത്തിലൂടെയൊഴുകി,
പ്രാച്യാം ദിശി = കിഴക്കുഭാഗത്തുള്ള
ക്ഷാരസമുദ്രം അഭിപ്രവിശതി = ലവണസമുദ്രത്തെ പ്രാപിക്കുന്നു.

7 ഏവം മാല്യവച്ഛിഖരാന്നിപതന്തീ തതോഽനുപരതവേഗാ കേതുമാലമഭി ചക്ഷുഃ പ്രതീച്യാം ദിശി സരിത്പതിം പ്രവിശതി.

ഏവം ചക്ഷുഃ = ഇപ്രകാരം ചക്ഷുസ്സെന്ന പ്രവാഹം
മാല്യവച്ഛിഖരാത് = മാല്യവാന്റെ കൊടുമുടിയിൽനിന്നു്
കേതുമാലം അഭി നിപതന്തീ = കേതുമാലവർഷാഭിമുഖം നിപതിച്ചുകൊണ്ട്
തതഃ അനുപരതവേഗാ = പിന്നെയും ഒഴുക്കിന്റെ ഊക്കിന് കുറവില്ലാതെ
പ്രതീച്യാം ദിശി = പടിഞ്ഞാറുഭാഗത്തിലുള്ള
സരിത്പതിം പ്രവിശതി = സമുദ്രത്തിലേക്ക് കടന്നുചെല്ലുന്നു.

8 ഭദ്രാ ചോത്തരതോ മേരുശിരസോ നിപതിതാ ഗിരിശിഖരാദ്ഗിരിശിഖരമതിഹായ ശൃംഗവതഃ ശൃംഗാദവസ്യന്ദമാനാ ഉത്തരാംസ്തു കുരൂനഭിത ഉദീച്യാം ദിശി ജലധിമഭിപ്രവിശതി.

ഭദ്രാ ച = ഭദ്രയെന്നുപേരായ ജലധാരയാകട്ടെ
മേരുശിരസഃ ഉത്തരതഃ = മേരുശിരസ്സിന്റെ വടക്കുഭാഗത്തുനിന്നു്
നിപതിതാ = നിപതിച്ചതായിട്ട്
ഗിരിശിഖരാത് = ഒരു പർവ്വതശൃംഗത്തിൽനിന്നു്
ഗിരിശിഖരം അതിഹായ = മറെറാരു പർവ്വതശൃംഗത്തിലേക്ക് കടന്നു്
ശൃംഗവതഃ ശൃംഗാത് = ശൃംഗവാൻമലയുടെ കൊടുമുടിയിൽനിന്നും
അവസ്യന്ദമാനാ = താഴോട്ടൊഴുകി,
ഉത്തരാൻ കുരൂൻ അഭിതഃ തു = ഉത്തരകുരുദേശങ്ങളെ ചുററിക്കൊണ്ട്
ഉദീച്യാം ദിശി = വടക്കുദിക്കിൽ
ജലധിം അഭിപ്രവിശതി = കടലിലേക്ക് ചെന്നുചേരുന്നു.

9 തഥൈവാലകനന്ദാ ദക്ഷിണേന ബ്രഹ്മസദനാദ് ബഹൂനി ഗിരികൂടാന്യതിക്രമ്യ ഹേമകൂടാദ്ധൈമകൂടാന്യതിരഭസതരരംഹസാ ലുഠയന്തീ ഭാരതമഭി വർഷം ദക്ഷിണായാം ദിശി ജലധിമഭിപ്രവിശതി യസ്യാം സ്നാനാർത്ഥം ചാഗച്ഛതഃ പുംസഃ പദേ പദേഽശ്വമേധരാജസൂയാദീനാം ഫലം ന ദുർലഭമിതി.

തഥാ ഏവ അലകനന്ദാ = അതുവിധം അളകനന്ദയെന്ന ജലധാര
ബ്രഹ്മസദനാത് ദക്ഷിണേന = ബ്രഹ്മസദനത്തിൽനിന്നു് തെക്കോട്ടൊഴുകി,
ബഹൂനി ഗിരികൂടാനി = അനേകം ഗിരിശൃംഗങ്ങളെ
**അതിക്രമ്യ** = അതിക്രമിച്ചിട്ടു്,
**ഹേമകൂടാത്** = ഹേമകൂടത്തിൽനിന്നു്
**ഹൈമകൂടാനി ഭിന്ദയന്തീ** = ഹിമാലയത്തിന്റെ ഹിമമയശിഖരങ്ങളെ **തകർത്തി**
കൊണ്ടു്
അതിരഭസതരരംഹസാ = അതിശീഘ്രമായ പ്രവാഹവേഗത്തോടെ
ഭാരതം വർഷം അഭി = ഭാരതവർഷത്തെ അഭിമുഖീകരിച്ചു്
ദക്ഷിണസ്യാം ദിശി = തെക്കെദിക്കിൽവെച്ചു്
ജലധിം അഭിപ്രവിശതി = സമുദ്രത്തിലെത്തിച്ചേരുന്നു.
യസ്യാം സ്നാനാർത്ഥം = യാതൊരു ഈ നദിയിൽ സ്നാനത്തിനായി
ആഗച്ഛതഃ പുംസഃ = വരുന്ന മനുഷ്യനു്
പദേ പദേ ച = ഓരോ കാൽവെപ്പിലും
അശ്വമേധരാജസൂയാദീനാം = അശ്വമേധം, രാജസൂയം മുതലായ യജ്ഞങ്ങളുടെ
ഫലം ന ദുർലഭം ഇതി = ഫലം ദുർലഭമല്ലെന്നത്രേ പ്രസിദ്ധി.

10 അന്യേ ച നദാ നദ്യശ്ച വർഷേ വർഷേ സന്തി ബഹുശോ മേർവാദി-
ഗിരിദുഹിതരഃ ശതശഃ.

**അന്യേ ച നദാഃ നദ്യഃ ച** = വേറെയും നദങ്ങളും നദികളും *
**വർഷേ വർഷേ ബഹുശഃ** = ഓരോ വർഷത്തിലും, പലമട്ടിൽ
**മേർവാദിഗിരിദുഹിതരഃ** = മേരു മുതലായ പർവ്വതങ്ങളുടെ സന്താനങ്ങളായിട്ടു്
**ശതശഃ സന്തി** = നൂറുകണക്കിലുണ്ടു്.

* കിഴക്കോട്ടൊഴുകുന്നവ നദികൾ; പടിഞ്ഞാറോട്ടൊഴുകുന്നവ നദങ്ങൾ

11 തത്രാപി ഭാരതമേവ വർഷം കർമ്മക്ഷേത്രമന്യാന്യഷ്ടവർഷാണി സ്വർഗി-
ണാം പുണ്യശേഷോപഭോഗസ്ഥാനാനി ഭൗമാനി സ്വർഗപദാനി
വ്യപദിശന്തി.

**തത്ര അപി** = ആ വർഷങ്ങളുടെ ഇടയിൽ
**ഭാരതം വർഷം ഏവ** = ഭാരതമെന്ന വർഷം ഒന്നുമാത്രമേ
**കർമ്മക്ഷേത്രം (ഭവതി)** = കർമ്മക്ഷേത്രമായിട്ടുള്ളു.
**അന്യാനി അഷ്ടവർഷാണി** = മററുള്ള എട്ടു വർഷങ്ങൾ
സ്വർഗിണാം = ദിവ്യസ്വർഗഭോഗം അനുഭവിച്ചുകഴിഞ്ഞവർക്കു്
**പുണ്യശേഷോപഭോഗസ്ഥാനാനി** = പിന്നെയും ബാക്കിനില്ക്കുന്ന പുണ്യഫലങ്ങളെ അനു
ഭവിക്കുവാനുള്ള സ്ഥാനങ്ങളായ
**ഭൗമാനി സ്വർഗപദാനി** = ഭൗമസ്വർഗങ്ങളുടെ സങ്കേതങ്ങളാണെന്നു്
**വ്യപദിശന്തി** = പറഞ്ഞുവരുന്നു.

ദിവ്യം, ഭൗമം, ബിലം ഇങ്ങനെ സ്വർഗസ്ഥലങ്ങൾ മൂന്നുവിധമാണ്. ഭാരതം ഒഴിച്ച് മററു ഭൂഖണ്ഡങ്ങൾ എട്ടും ഭൗമസ്വർഗങ്ങളാണെന്ന് സാരം.

12 ഏഷു പുരുഷാണാമയുതപുരുഷായുർവർഷാണാം ദേവകല്പാനാം നാഗാ-
യുതപ്രാണാനാം വജ്രസംഹനനബലവയോമോദപ്രമുദിതമഹാസൗര-
തമിഥുനവ്യവായാപവർഗവർഷധൃതൈകഗർഭകളത്രാണാം തത്ര തു ത്രേ-
തായുഗ സമഃ കാലോ വർത്തതേ.

| | | |
|---|---|---|
| ഏഷു അയുതപുരുഷായുർവർഷാണാം | = | ഈ ഭൂഖണ്ഡങ്ങളിൽ, പതിനായിരം കൊല്ലം പുരുഷായുസ്സുള്ളവരും |
| ദേവകല്പാനാം | = | ദേവതുല്യന്മാരും |
| നാഗായുതപ്രാണാനാം | = | പതിനായിരം ആനകൾക്കൊത്ത ശക്തിയുള്ളവരും |
| വജ്രസംഹനനബലവയോ-മോദപ്രമുദിതമഹാസൗരത-മിഥുനവ്യവായാപവർഗവർഷ-ധൃതൈകഗർഭകളത്രാണാം | } | വജ്രംപോലെ സുദൃഢമായ ശരീരം, ബലം, യുവത്വം, മനോല്ലാസം എന്നിവയാൽ സമുല്ലസിതമായ ദീർഘിച്ച രതിക്രീഡയ്ക്ക് അനുയോജ്യരായ ദമ്പതിമാരുടെ രതിസുഖാവസാനത്തിൽ, ഒരു വർഷത്തെ ആയുസ്സുമാത്രം ശേഷിച്ചിരിക്കുമ്പോൾ ഏകസന്താനത്തെ ഗർഭം ധരിക്കുന്ന ഭാര്യമാരോടുകൂടിയവരുമായ |
| പുരുഷാണാം തത്ര തു | = | ജനങ്ങൾക്ക് അവിടങ്ങളിൽ |
| ത്രേതായുഗസമഃ കാലഃ വർത്തതേ | = | ത്രേതായുഗമായ കാലമാണ് ഉള്ളത്. |

മനുഷ്യർക്ക് വിഷയസുഖോത്കർഷം ത്രേതായുഗത്തിലാണെന്നത്രേ പ്രസിദ്ധി— അതുകൊണ്ടാണ് ത്രേതായുഗസാദൃശ്യം പറഞ്ഞത്. കൃതയുഗത്തിൽ എല്ലാവരും ധ്യാനനിരതരാണ്. ദ്വാപരകലികാലങ്ങളിൽ ദുഃഖബാഹുല്യം ഉള്ളവരുമാകുന്നു.

13 യത്ര ഹ ദേവപതയഃ സ്വൈഃ സ്വൈർഗണനായകൈർവിഹിത-
മഹാർഹണാഃ സർവർത്തുകുസുമസ്തബകഫലകിസലയശ്രിയാ ऽऽനമ്യമാന-
വിടപലതാവിടപിഭിരുപശുംഭമാനരുചിരകാനനാശ്രമായതനവർഷ-
ഗിരിദ്രോണീഷു തഥാ ചാമലജലാശയേഷു വികചവിവിധനവവന-
രുഹാമോദമുദിതരാജഹംസജലകുക്കുടകാരണ്ഡവസാരസചക്രവാകാദി-
ഭിർമധുകരനികരാകൃതിഭിരുപകൂജിതേഷു ജലക്രീഡാദിഭിർവിചിത്ര-
വിനോദൈഃ സുലളിതസുരസുന്ദരീണാം കാമകലിലവിലാസഹാസ-
ലീലാവലോകാകൃഷ്ടമനോദൃഷ്ടയഃ സ്വൈരം വിഹരന്തി.

| | | |
|---|---|---|
| യത്ര ഹ ദേവപതയഃ | = | യാതൊരു ഭൂഖണ്ഡങ്ങളിൽ ദേവശ്രേഷ്ഠന്മാർ |
| സ്വൈഃ സ്വൈഃ ഗണനായകൈഃ | = | അവരവരുടെ പരിവാരമുഖ്യന്മാരാൽ |
| വിഹിതമഹാർഹണാഃ | = | ചെയ്യപ്പെട്ട വിശിഷ്ടോപചാരങ്ങളോടുകൂടിയവരായി, |
| സർവർത്തുകുസുമസ്തബകഫല-കിസലയശ്രിയാ | } | എല്ലാ ഋതുക്കളിലും ഉണ്ടാവുന്ന പൂങ്കുലകൾ, കായകൾ, തളിരുകൾ എന്നിവയുടെ സമൃദ്ധിയാൽ |

ആനമ്യമാനവിടപലതാവിടപിഭിഃ = ഞാന്നുകിടക്കുന്ന ചില്ലകളോടും വള്ളികളോടും കൂടിയ മരങ്ങളാൽ

ഉപശുംഭമാനരുചിരകാനനാ- ശ്രമായതനവർഷഗിരിദ്രോണീഷു = പരിശോഭിക്കുന്ന മനോഹരവനങ്ങളോടുകൂടിയ ആശ്രമസദനങ്ങളിലും വർഷപർവ്വതങ്ങളുടെ താഴ്വരയിടുക്കുകളിലും

തഥാ ച വികചവിവിധനവ- വനരുഹാമോദമുദിതരാജഹംസ- ജലകുക്കുടകാരണ്ഡവസാരസ- ചക്രവാകാദിഭിഃ = അതേവിധം, വിരിഞ്ഞുനില്ക്കുന്ന പലതരം പുതുതാമരപ്പൂക്കളുടെ നറുമണത്താൽ ഉല്ലാസം കലർന്നുള്ള അരയന്നങ്ങൾ, കുളക്കോഴികൾ, കാരണ്ഡവങ്ങൾ, സാരസങ്ങൾ, ചക്രവാകങ്ങൾ മുതലായവയാലും

മധുകരനികരാകൃതിഭിഃ = വണ്ടിൻനിരകളാലും

ഉപകൂജിതേഷു = കൂജനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന

അമലജലാശയേഷു ച = നിർമ്മലജലാശയങ്ങളിലും

ജലക്രീഡാദിഭിഃ = ജലക്രീഡാദികളായ

വിചിത്രവിനോദൈഃ = വിവിധവിനോദങ്ങളോടുകൂടി,

സുലളിതസുരസുന്ദരീണാം = അഴകുവഴിയുന്ന ദേവസുന്ദരിമാരുടെ

കാമകലിലവിലാസഹാസ- ലീലാവലോകാകൃഷ്ടമനോദൃഷ്ടയഃ = കാമകലുഷിതമായ ശൃംഗാരവിലാസത്താലും മന്ദഹാസത്താലും ലീലാവീക്ഷണങ്ങളാലും കരളും കണ്ണും ആകർഷിക്കപ്പെട്ടുകൊണ്ട്

സ്വൈരം വിഹരന്തി = സ്വച്ഛന്ദം വിഹരിക്കുന്നു.

14 നവസ്വപി വർഷേഷു ഭഗവാൻ നാരായണോ മഹാപുരുഷഃ പുരുഷാ- ണാം തദനുഗ്രഹായാത്മതത്ത്വവ്യൂഹേനാത്മനാ ഽദ്യാപി സന്നി- ധീയതേ.

നവസു വർഷേഷു അപി = ഒമ്പതുവർഷങ്ങളിലും

ഭഗവാൻ നാരായണഃ = സർവ്വൈശ്വര്യപൂർണ്ണനും സർവ്വാന്തര്യാമിയുമായ

മഹാപുരുഷഃ = ശ്രീമഹാവിഷ്ണു

പുരുഷാണാം തദനുഗ്രഹായ = ജനങ്ങൾക്ക് അവ്വിധം അനുഗ്രഹം ചെയ്യുന്നതിനു

ആത്മതത്ത്വവ്യൂഹേന = സ്വമൂർത്തിഭേദസമൂഹത്തിലൂടെ

ആത്മനാ അദ്യാപി സന്നിധീയതേ = സ്വയം സന്നിഹിതനായിരിക്കുന്നു.

15 ഇളാവൃതേ തു ഭഗവാൻ ഭവ ഏക ഏവ പുമാൻ നഹ്യന്യസ്തത്രാപരോ നിർവ്വിശതി ഭവാന്യാഃ ശാപനിമിത്തജ്ഞോ യത് പ്രവേക്ഷ്യതഃ സ്ത്രീ- ഭാവസ്തത്പശ്ചാദ്വക്ഷ്യാമി.

ഇളാവൃതേ തു = ഇളാവൃതമെന്ന വർഷത്തിലാകട്ടെ

ഭഗവാൻ ഭവഃ = ഭഗവാനായ ശ്രീരുദ്രൻ

ഏക ഏവ പുമാൻ = ഒരാൾമാത്രമേ പുരുഷനായിട്ടുള്ളു

ഭവാന്യാഃ ശാപനിമിത്തജ്ഞഃ = ശ്രീപാർവ്വതിയുടെ ശാപനിമിത്തം അറിഞ്ഞിരുന്നിട്ട്

| | | |
|---|---|---|
| അപരഃ അന്യഃ | = | മറെറതെങ്കിലും പുതിയ ഒരാാം |
| തത്ര ന നിവിശതി ഹി | = | അവിടെ പ്രവേശിക്കുകയേ ഇല്ല. |
| യത് പ്രവേക്ഷ്യതഃ സ്ത്രീഭാവഃ | = | എന്തെന്നാൽ പ്രവേശിക്കുവാനുദ്യമിക്കുന്നവന് സ്ത്രീത്വം വന്നുചേരും |
| തത് പശ്ചാത് വക്ഷ്യാമി | = | അതു് പിന്നെ (ഒമ്പതാം സ്കന്ധത്തിൽ) ഞാൻ പറഞ്ഞുകൊള്ളാം |

16 ഭവാനീനാഥൈഃ സ്ത്രീഗണാർബുദസഹസ്രൈരവരുധ്യമാനോ ഭഗവത-
ശ്ചതുർമൂർത്തേർമഹാപുരുഷസ്യ തുരീയാം താമസീം മൂർത്തിം പ്രകൃതി-
മാത്മനഃ സങ്കർഷണസംജ്ഞാമാത്മസമാധിരൂപേണ സന്നിധാപ്യൈ-
തദഭിഗൃണൻ ഭവ ഉപധാവതി

| | | |
|---|---|---|
| ഭവാനീനാഥൈഃ | = | ശ്രീപാർവ്വതിയാവുന്ന സ്വാമിനിയോടുകൂടിയവരായ |
| സ്ത്രീഗണാർബുദസഹസ്രൈഃ | = | സ്ത്രീഗണങ്ങളുടെ അനേകായിരങ്ങളാൽ |
| അവരുധ്യമാനഃ ഭവഃ | = | ചുഴലവെ സേവിക്കപ്പെട്ടുകൊണ്ടുള്ള ശ്രീശങ്കരൻ |
| ചതുർമൂർത്തേഃ | = | വാസുദേവാദിചതുർമൂർത്തിഭേദം സ്വീകരിച്ച |
| ഭഗവതഃ മഹാപുരുഷസ്യ | = | ഭഗവാനായ പുരുഷോത്തമൻെറ |
| തുരീയാം താമസീം | = | നാലാമത്തേതും തമോഗുണപ്രധാനമായതും |
| ആത്മനഃ പ്രകൃതിം | = | തൻെറ കാരണമായിരിക്കുന്നതുമായ |
| സങ്കർഷണസംജ്ഞാം മൂർത്തിം | = | സങ്കർഷണാഖ്യസ്വരൂപത്തെ |
| ആത്മസമാധിരൂപേണ | = | ആത്മാവിൽ ധ്യാനരൂപത്തോടെ |
| സന്നിധാപ്യ | = | പ്രതിഷ്ഠിച്ചിട്ട് |
| ഏതത് അഭിഗൃണൻ | = | ഈ മന്ത്രത്തെ ജപിച്ചുകൊണ്ട് |
| ഉപധാവതി | = | ആരാധിച്ചുവരുന്നു. |

ശ്രീഭഗവാനുവാച = ഭഗവാൻ ശ്രീരുദ്രൻ അരുളിച്ചെയ്തു :

17 ഓം നമോ ഭഗവതേ മഹാപുരുഷായ സർവ്വഗുണസംഖ്യാനായാന-
ന്തായാവ്യക്തായ നമ ഇതി.

| | | |
|---|---|---|
| സർവ്വഗുണസംഖ്യാനായ | = | " അഖിലഗുണപ്രകാശകനായും |
| അനന്തായ അവ്യക്തായ | = | അപരിച്ഛിന്നനായും അവ്യക്തനായും |
| ഭഗവതേ മഹാപുരുഷായ | = | ഐശ്വര്യാദിഷഡ്ഗുണപൂർണ്ണനായും വർത്തിക്കുന്ന മഹാപുരുഷസ്വരൂപനായിക്കൊണ്ട് |
| ഓം നമഃ നമഃ ഇതി | = | നമസ്കാരം, നമസ്കാരം" എന്ന് |

ഇനി ഏഴ് ശ്ലോകംകൊണ്ടുള്ളതു് ശ്രീരുദ്രകൃതമായ മഹാപുരുഷസ്തവമാകുന്നു.

18 ഭജേ ഭജന്യാരണപാദപങ്കജം
ഭഗസ്യ കൃത്സ്നസ്യ പരം പരായണം
ഭക്തേഷ്വലംഭാവിതഭൃതഭാവനം
ഭവാപഹം ത്വാ ഭവഭാവമീശ്വരം

| | | | |
|---|---|---|---|
| ഭജന്യ | ഹേ ഭജനീയമൂർത്തേ ! | ഭവാപഹം | സംസാരദുഃഖത്തെ തീർത്തുകൊടുക്കുന്നവനും |
| കൃത്സ്നസ്യ | സമഗ്രമായ | ഭവഭാവം | (അഭക്തന്മാരിൽ) സംസാരദുഃഖം ചേർക്കുന്നവനും |
| ഭഗസ്യ | ഐശ്വര്യാദിഗുണനിവഹത്തിന്നു് | അരണപാദ-പങ്കജം | സകലർക്കും ശരണാഹ്മായ പാദപദ്മത്തോടു കൂടിയവനും |
| പരം | പരമമായ | ഈശ്വരം | സകലലോകനിയന്താവുമായ |
| പരായണം | ഏകാശ്രയമായി ഭവിച്ചവനും | ത്വാ | നിന്തിരുവടിയെ |
| ഭക്തേഷു | ഭക്തന്മാർ വിഷയത്തിൽ | ഭജേ | ഞാൻ ഭജിക്കുന്നു. |
| അലംഭാവിത-ഭൃതഭാവനം | പര്യാപ്തമായവിധം പ്രകടിതമായ സ്വരൂപത്തോടുകൂടിയവനായി, | | |

'ഈശ്വരം ത്വാം' എന്നാണു് പറഞ്ഞതു്. അപ്പോൾ താമസത്വം ഈശ്വരനു് വരുന്നതെങ്ങനെ ? ഈ ആശങ്കയെ പരിഹരിക്കുന്നു.

19 ന യസ്യ മായാഗുണചിത്തവൃത്തിഭിർ-
നിരീക്ഷതോ ഹ്യണ്വപി ദൃഷ്ടിരജ്യതേ
ഈശേ യഥാ നോ ഽജിതമന്യുരംഹസാം
കസ്തം ന മന്യേത ജിഗീഷുരാത്മനഃ

| | | | |
|---|---|---|---|
| ഈശേ | ഈശനത്തിനുവേണ്ടി (ലോകനിയന്ത്രണത്തിനുവേണ്ടി) | മായാഗുണ-ചിത്തവൃത്തിഭിഃ | മായാഗുണങ്ങളാലോ, മനോവൃത്തികളാലോ |
| നിരീക്ഷതഃ ഹി | നിരീക്ഷിച്ചുകൊണ്ടേ ഇരിക്കുന്നവനാണെങ്കിലും | അണു അപി | ലവലേശംപോലും |
| യസ്യ ദൃഷ്ടിഃ | യാതൊരു ഭവാന്റെ ദൃഷ്ടി, | ന അജ്യതേ | ലിപ്തമാകുന്നില്ല (സംബന്ധപ്പെടുന്നില്ല.) |
| അജിതമന്യു-രംഹസാം | കോപാവേശത്തെ ജയിക്കാൻ സാധിച്ചിട്ടില്ലാത്ത | ആത്മനഃ | ഇന്ദ്രിയങ്ങളെ |
| നഃ യഥാ | നമ്മുടെ ദൃഷ്ടിയെപ്പോലെ | ജിഗീഷുഃ | ജയിക്കാനാഗ്രഹിക്കുന്ന |
| | | കഃ | ഏതൊരുവനാണു് |
| | | തം | ആ നിന്തിരുവടിയെ |
| | | ന മന്യേത | ആദരിക്കാതിരിക്കുക ? |

സുരാമദ്യങ്ങളാൽ സദാ മത്തനായിരിക്കുന്ന സങ്കർഷണമൂർത്തിക്കു് എങ്ങനെ ദൃഷ്ടികാലുഷ്യം ഭവിക്കാതിരിക്കും ? ഈ അസദാശങ്കയെ പരിഹരിക്കുന്നു.

20 അസദ്ദൃശോ യഃ പ്രതിഭാതി മായയാ
ക്ഷീബേവ മധ്വാസവതാമ്രലോചനഃ
ന നാഗവധ്വോഽർഹണ ഈശിരേ ഹ്രിയാ
യത്പാദയോഃ സ്പർശനധർഷിതേന്ദ്രിയാഃ.

| | | | |
|---|---|---|---|
| യഃ | യാതൊരാറം | യത്പാദയോഃ | യാതൊരാളുടെ തൃപ്പാദങ്ങളുടെ |
| അസദ്ദൃശഃ | സമൃഗ്ദർശനമില്ലാത്തവനും | സ്പർശനധർഷിതേന്ദ്രിയാഃ | സ്പർശനത്താൽ മോഹിതമായ മാനസേന്ദ്രിയത്തോടുകൂടിയവരായിട്ട് |
| മായയാ | മായാവൈഭവത്താൽ | ഹ്രിയാ | ലജ്ജനിമിത്തം |
| ക്ഷീബഃ ഇവ | മത്തനെന്നപോലെ ഭയങ്കരനും | അർഹണേ | പാദപൂജാദികളിൽ |
| മധ്വാസവാതാമ്രലോചനഃ | മദ്യാസവലഹരിയാൽ ചുകന്നകണ്ണുകളോടുകൂടിയവനുമായിട്ട് | ന ഈശിരേ | അശക്തകളായിട്ടുകഴിഞ്ഞുവോ, |
| പ്രതിഭാതി | പ്രതിഭാസിക്കുന്നുവോ, | (തം | ആ തിരുവടിയെ |
| നാഗവധ്വഃ | നാഗയുവതികാറ | കഃ | ഏതൊരുവനാണ് |
| | | ന മന്യേത) | ആദരിക്കാതിരിക്കുക ? |

21 യന്മാഹുരസ്യ സ്ഥിതിജന്മസംയമം
ത്രിഭിർവിഹീനം യമനന്തമൃഷയഃ
ന വേദ സിദ്ധാർത്ഥമിവ ക്വചിത് സ്ഥിതം
ഭൂമണ്ഡലം മൂർദ്ധസഹസ്രധാമസു.

| | | | |
|---|---|---|---|
| * ഋഷയഃ | മന്ത്രങ്ങറം | ആഹുഃ | ആഖ്യാനംചെയ്യുന്നുവോ, |
| യം | യാതൊരാളെ | (യഃ) | യാതൊരാറം |
| അസ്യ | ഈ ലോകത്തിന്റെ | മൂർദ്ധസഹസ്രധാമസു | ആയിരം ഫണങ്ങളുടെ ഉപരിതലങ്ങളിൽ |
| സ്ഥിതിജന്മസംയമം | സംസ്ഥിതി, ഉത്പത്തി, സംഹാരം എന്നിവയ്ക്കു് ഹേതുഭൂതനെന്നും, | ക്വചിത് | എവിടെയൊ ഒരിടത്തു് |
| ത്രിഭിഃ | ഇവ മൂന്നിനോടും | സിദ്ധാർത്ഥം ഇവ | കടുകുമണിപോലെ |
| വിഹീനം | കൂടാതെയിരിക്കുന്ന | സ്ഥിതം | ഇരിക്കുന്ന |
| യം | യാതൊരാളെ | ഭൂമണ്ഡലം | ഭൂഗോളത്തെ |
| അനന്തം | അനന്തനെന്നും | ന വേദ | അറിയുന്നതുതന്നെയില്ലയോ— |

"തസ്മൈ നമസ്തേ – ആ തിരുവടിക്കായിക്കൊണ്ടു് നമസ്കാരം" എന്നിങ്ങനെ നാലാമത്തെ ശ്ലോകത്തോടു് അന്വയിക്കുന്നു.

* "ൠഷയഃ" എന്ന ദീർഘപാഠം ശ്ലോകത്തിലുള്ളതുപോലെ സ്വീകരിച്ചാൽ ഛന്ദോഭംഗം വരില്ല. അപ്പോൾ ൠ+ഋഷയഃ എന്നു് വിച്ഛേദിച്ചു് അർത്ഥം കാണണം. 'ൠകാരം' ദേവമാതാവായ ലക്ഷ്മിയും "ഋഷിമാർ" മന്ത്രദ്രഷ്ടാക്കളായ മുനിമാരും.

സങ്കർഷണമൂർത്തി സൃഷ്ടിസ്ഥിതിലയങ്ങൾക്കു് കാരണനാണെന്നു് പറഞ്ഞു. അതിൽ സൃഷ്ടികാരണത്വം മഹദാദികളുടെ പ്രസ്താവത്തിലൂടെ പ്രപഞ്ചനം ചെയ്യുന്നു.

22 യസ്യാദ്യ ആസീദ്ഗുണവിഗ്രഹോ മഹാൻ
വിജ്ഞാനധിഷ്ണ്യോ ഭഗവാനജഃ കില
യത്സംഭവോഽഹം ത്രിവൃതാ സ്വതേജസാ
വൈകാരികം താമസമൈന്ദ്രിയം സൃജേ.

| | | | |
|---|---|---|---|
| യസ്യ | യാതൊരാൾക്കു് | അഹം | ഞാൻ (രുദ്രൻ) |
| വിജ്ഞാനധിഷ്ണ്യഃ | വിശുദ്ധസത്വാധിഷ്ഠിതമായിട്ടു് | ത്രിവൃതാ | ത്രിഗുണാത്മകമായ |
| ആദ്യഃ | ആദിയിൽ പ്രകടമായ | സ്വതേജസാ | സ്വവിഭൂതികൊണ്ടു് (അഹങ്കാരമെന്ന തത്വംകൊണ്ടു്) |
| മഹാൻ | മഹത്തത്വമെന്ന | | |
| ഗുണവിഗ്രഹഃ | ഗുണനിമിത്തസ്വരൂപം | വൈകാരികം | സത്വഗുണപ്രധാനമായ ദേവതാവർഗത്തേയും |
| ആസീത് | ഉണ്ടായി. | | |
| (സഃ) കില | ആ സ്വരൂപമത്രേ | താമസം | തമോഗുണപ്രധാനമായ ഭൂതവർഗത്തേയും |
| ഭഗവാൻ | സർവ്വജ്ഞാനനിധിയായ | | |
| അജഃ | ബ്രഹ്മദേവൻ | ഐന്ദ്രിയം | രജോഗുണപ്രധാനമായ ഇന്ദ്രിയവർഗത്തേയും |
| യത്സംഭവഃ | യാതൊരു ബ്രഹ്മദേവനിൽനിന്നു് സംഭവിച്ച | സൃജേ | സൃഷ്ടിക്കുന്നു. |

23 ഏതേ വയം യസ്യ വശേ മഹാത്മനഃ
സ്ഥിതാഃ ശകുന്താ ഇവ സൂത്രയന്ത്രിതാഃ
മഹാനഹംവൈകൃതതാമസേന്ദ്രിയാഃ
സൃജാമ സർവ്വേ യദനുഗ്രഹാദിദം.

| | | | |
|---|---|---|---|
| മഹാനഹംവൈകൃതതാമസേന്ദ്രിയാഃ | മഹത്തത്വം, അഹംകാരം, ദേവതാവർഗം, ഭൂതവർഗം, ഇന്ദ്രിയവർഗം എന്നിങ്ങനെയുള്ള | ശകുന്താഃ ഇവ | പക്ഷികളെന്നപോലെ (അസ്വതന്ത്രരായിരുന്നുകൊണ്ടു്) |
| ഏതേ വയം | ഈ ഞങ്ങൾ | യദനുഗ്രഹാത് | യാതൊരാളുടെ അനുഗ്രഹംകൊണ്ടുതന്നെ |
| സർവ്വേ | എല്ലാവരും | | |
| മഹാത്മനഃ | മഹാപുരുഷനായ | ഇദം | ഈ ബ്രഹ്മാണ്ഡത്തെ |
| യസ്യ | യാതൊരാളുടെ | സൃജാമ | സൃഷ്ടിക്കുന്നുവോ, |
| വശേ | അധീനതയിൽ, | | |
| സൂത്രയന്ത്രിതാഃ | ചരടുകൊണ്ടു കെട്ടിയിട്ടിരിക്കുന്ന | (തസ്മൈ നമഃ) | ആ നിന്തിരുവടിക്കായ്ക്കൊണ്ടു് നമസ്കാരം |

ഇനി സ്ഥിതിലയങ്ങളുടെ കാരണത്വം ഉപന്യസിച്ച് പ്രണമിക്കുന്നു.

24 യന്നിർമ്മിതാം കർഹ്യപി കർമ്മപർവ്വണീം
മായാം ജനോഽയം ഗുണസർഗമോഹിതഃ
ന വേദ നിസ്താരണയോഗമഞ്ജസാ
തസ്മൈ നമസ്തേ വിലയോദയാത്മനേ

| | | | |
|---|---|---|---|
| ഗുണസർഗമോഹിതഃ | ഗുണകാര്യമായ ദേഹാദികളിൽ മോഹംകലന്നിരിക്കുന്ന | വേദ | അറിയുകയും, |
| അയം ജനഃ | ഈ ജീവരാശി | നിസ്താരണയോഗം | അതിനെ തരണം ചെയ്യുവാനുള്ള ഉപായത്തെ |
| യന്നിർമ്മിതാം | യാതൊരുവനാൽ നിർമ്മിതമായതും | കർഹ്യപി | ഒരിക്കലും |
| കർമ്മപർവ്വണീം | കർമ്മഗ്രന്ഥികളിലേക്ക് കൊണ്ടുവിടുന്നതുമായ | ന (വേദ) | അറിയാതിരിക്കുകയും ചെയ്യുന്നുവോ, |
| മായാം | മായയെ മാത്രം | വിലയോദയാത്മനേ | പ്രളയത്തിനെന്നപോലെ സൃഷ്ടിക്കും കാരണമായിരിക്കുന്ന |
| അഞ്ജസാ | അനായാസേന | തസ്മൈ തേ | ആ നിന്തിരുവടിക്ക് |
| | | നമഃ | നമസ്കാരം. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ സപ്തദശോഽദ്ധ്യായഃ

ആദിതഃ ശ്ലോകാനി 421

അഞ്ചാമത്തെ സ്കന്ധത്തിൽ പതിനേഴാമദ്ധ്യായം കഴിഞ്ഞു.

## അഷ്ടാദശോഽദ്ധ്യായഃ — അദ്ധ്യായം പതിനെട്ട്.

### വിഭിന്ന ഭൂഖണ്ഡങ്ങളുടെ വർണ്ണനം

"അഷ്ടാദശേ തതോ മേരോഃ പൂർവ്വാദികമതസ്ത്രിഷു
ത്രിഷു ചോത്തരവർഷേഷു സേവ്യസേവകവർണ്ണനം"

ജംബൂദ്വീപിൽ മേരുവിനെ ചുററിക്കിടക്കുന്ന ഇളാവൃതവർഷത്തേയും അതിൽ സേവ്യസേവകഭാവേന അവസ്ഥിതിചെയ്യുന്ന സങ്കർഷണരുദ്രന്മാരേയുംപററി പൂർവ്വാദ്ധ്യായത്തിൽ വർണ്ണിച്ചുകഴിഞ്ഞു. ഈ പതിനെട്ടാമത്തെ അദ്ധ്യായത്തിൽ, ഇളാവൃതത്തിന്റെ അപ്പുറത്തായി പൂർവ്വാദിക്രമത്തിൽ മേരുവിനെത്തന്നെ വലയംചെയ്തുകിടക്കുന്ന ഭദ്രാശ്വം, ഹരിവർഷം, കേതുമാലം, രമ്യകം എന്നിവയും വടക്ക് രമ്യകത്തിന്നപ്പുറത്തുള്ള ഹിരണ്മയം, ഉത്തരകുരു എന്നിവയും ആയിട്ട് ആറുവർഷങ്ങളും അവയിലെ സേവ്യസേവകവൃന്ദവും വർണ്ണിക്കപ്പെടുന്നു.

**ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.**

1 തഥാ ച ഭദ്രശ്രവാ നാമ ധൎമ്മസുതസ്തത്കുലപതയഃ പുരുഷാ ഭദ്രാ-
ശ്വവൎഷേ സാക്ഷാത് ഭഗവതോ വാസുദേവസ്യ പ്രിയാം തനും ധൎമ്മ-
മയീം ഹയശീൎഷാഭിധാനാം പരമേണ സമാധിനാ സന്നിധാപ്യേ-
ദമഭിഗൃണന്ത ഉപധാവന്തി.

| | | |
|---|---|---|
| തഥാ ച ഭദ്രാശ്വവൎഷേ | = | അതുപോലെ ഭദ്രാശ്വവൎഷത്തിൽ |
| ഭദ്രശ്രവാഃ നാമ ധൎമ്മസുതഃ | = | ഭദ്രശ്രവസ്സെന്നുപേരായ ധൎമ്മദേവപുത്രനും |
| തത്കുലപതയഃ പുരുഷാഃ | = | അദ്ദേഹത്തിന്റെ സേവകമുഖ്യന്മാരായ ആളുകളും |
| സാക്ഷാത് ഭഗവതഃ | = | സാക്ഷാൽ ഭഗവാനായ |
| വാസുദേവസ്യ | = | ശ്രീവാസുദേവന്റെ |
| പ്രിയാം ഹയശീൎഷാഭിധാനാം | = | പ്രിയപ്പെട്ടതും ഹയഗ്രീവനെന്നുപേരുള്ളതും |
| ധൎമ്മമയീം തനും | = | ധൎമ്മപ്രധാനവുമായ മൂൎത്തിയെ |
| പരമേണ സമാധിനാ | = | ഉന്നതമായ സമാധിയോഗംകൊണ്ട് |
| സന്നിധാപ്യ | = | ഉള്ളിലുറപ്പിച്ച് |
| ഇദം അഭിഗൃണന്തഃ | = | ഈ സ്തോത്രമന്ത്രത്തെ ജപിച്ചുകൊണ്ട് |
| ഉപധാവന്തി | = | ഉപാസിച്ചുവരുന്നു. |

**ഭദ്രശ്രവസ ഊചുഃ = ഭദ്രശ്രവസ്സും അനുയായികളും പറഞ്ഞു—**

2 ഓം നമോ ഭഗവതേ ധൎമ്മായാത്മവിശോധനായ നമ ഇതി

"സൎവ്വൈശ്വൎയ്യാദിസമ്പൂൎണ്ണനും, ആത്മശുദ്ധിപ്രദനുമായ സാക്ഷാൽ ധൎമ്മസ്വരൂപനായിക്കൊണ്ട് നമസ്കാരം" എന്ന്

3 അഹോ വിചിത്രം ഭഗവദ്വിചേഷ്ടിതം
ഘ്നന്തം ജനോഽയം ഹി മിഷൻ ന പശ്യതി
ധ്യായന്നസദ്യൎഹി വികൎമ്മ സേവിതും
നിൎഹൃത്യ പുത്രം പിതരം ജിജീവിഷതി

| | | | |
|---|---|---|---|
| ഭഗവദ്വി-ചേഷ്ടിതം | ഈശ്വരന്റെ ലീലാവ്യാപാരം | ന പശ്യതി | കണ്ടുപിടിക്കുന്നില്ലല്ലോ. |
| അഹോ വിചിത്രം | അഹോ അത്ഭുതകരം! | യൎഹി | എന്തുകൊണ്ടെന്നാൽ |
| അയം ജനഃ | ഈ ജീവരാശി | അസത് | അസത്തിനെ (നശ്വരവിഷയസുഖങ്ങളെ) |
| മിഷൻ ഹി | കണ്ണുതുറന്നുകൊണ്ടേ ഇരുന്നിട്ടും | സേവിതും | അനുഭവിപ്പാൻവേണ്ടി |
| ഘ്നന്തം | തന്നെ കൊല്ലുന്നവനെ (കാലശക്തിയെ) | വികൎമ്മ | കെട്ടകാൎയ്യത്തെ |
| | | ധ്യായൻ | ചിന്തിച്ചുകൊണ്ട് |
| | | പുത്രം | പുത്രനെയും (ബാലനെയും) |

| | | | |
|---|---|---|---|
| പിതരം | പിതാവിനേയും (വൃദ്ധ നേയും) | ജിജീവിഷതി | പിന്നെയും അവരുടെ ധനത്താൽ ജീവിക്കു വാൻ മോഹിക്കുന്നു. |
| നിർഹൃത്യ | ചിതയിലേററിയിട്ട് | | |

ഛന്ദോഭംഗം പരിഹരിക്കണമെങ്കിൽ "ജിജീഷതി" എന്നു് പഠിക്കണം. പക്ഷേ അതു് വ്യാകരണസമ്മതമാവില്ല.

അന്ധൻ കൺതുറന്നിരുന്നാലും കാണുകയില്ല. അതിൽ അദ്ഭുതമെന്തു്? ഈ ചോദ്യം ഉള്ളിൽ കരുതി പറയുന്നു—

4 വദന്തി വിശ്വം കവയഃ സ്മ നശ്വരം
പശ്യന്തി ചാധ്യാത്മവിദോ വിപശ്ചിതഃ
തഥാപി മുഹ്യന്തി തവാജ മായയാ
സുവിസ്മിതം കൃത്യമജം നതോ ऽ സ്മ്യഹം.

| | | | |
|---|---|---|---|
| അധ്യാത്മവിദഃ | അധ്യാത്മജ്ഞാനമുള്ള | തവ മായയാ | അവിടുത്തെ മായയാൽ |
| കവയഃ | കവികൾ | മുഹ്യന്തി | എല്ലവരും അന്ധരായി മോഹിച്ചുകൊണ്ടിരിക്കുന്നു. |
| വിശ്വം | പ്രപഞ്ചത്തെ | | |
| നശ്വരം സ്മ | നശ്വരമെന്നുതന്നെ | (എതത്) | ഈ വിധത്തിലുള്ള |
| വദന്തി | വർണ്ണിക്കുന്നു; | കൃത്യം | അവിടുത്തെ ചേഷ്ടിതം |
| വിപശ്ചിതഃ | ശാസ്ത്രജ്ഞന്മാർ | സുവിസ്മിതം | അദ്ഭുതകരമത്രേ. |
| പശ്യന്തി ച | ആ വിധം ശാസ്ത്രദൃഷ്ട്യാ കാണുകയും ചെയ്യുന്നു | അജം (ത്വാം) | ജന്മാദിവികാരങ്ങളില്ലാത്ത ആ നിന്തിരുവടിയെ |
| തഥാപി | എന്നിരിക്കിലും [ണ്ടു്. | | |
| അജ | ഹേ ജന്മാദിരഹിതനായ നിർവ്വികാരാത്മൻ! | അഹം | ഞാൻ |
| | | നതഃ അസ്മി | വണങ്ങുന്നു. |

അവിടുത്തെ മായാചേഷ്ടിതം അദ്ഭുതമാണെന്നു് തോന്നാമെങ്കിലും വാസ്തവത്തിലതും അദ്ഭുതമല്ലെന്നു് ഇനി പറയുന്നു.

5 വിശേഷാദ്ഭവസ്ഥാനനിരോധകർമ്മ തേ
ഹ്യകർത്തുരംഗീകൃതമപ്യപാവൃതഃ
യുക്തം ന ചിത്രം ത്വയി കാര്യകാരണേ
സർവ്വാത്മനി വ്യതിരിക്തേ ച വസ്തുതഃ.

| | | | |
|---|---|---|---|
| അകർത്തുഃ | സ്വതേ കർത്തൃത്വമില്ലാത്തവനും | വിശേഷാദ്ഭവ-സ്ഥാനനിരോ-ധകർമ്മ ഹി | പ്രപഞ്ചസൃഷ്ടിസ്ഥിതിസംഹാരരൂപമായ കർമ്മമാകട്ടെ |
| അപാവൃതഃ അപി തേ | മായാവരണത്തിൽനിന്നു് നിർമ്മുക്തനായവനും ആണെന്നിരിക്കിലും നിന്തിരുവടിയുടെ | അംഗീകൃതം | (വേദത്താൽ) അംഗീകരിക്കപ്പെട്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| കാര്യകാരണേ | (യോഗമായാവൈഭവത്താൽ) കാര്യങ്ങൾക്കെല്ലാം കാരണമായും | വ്യതിരിക്തേ | ഇതിൽനിന്നു് വിഭിന്നനായും ഇരിക്കുന്ന |
| സർവാത്മനി ച | സർവ്വപദാർത്ഥസ്വരൂപമായും | ത്വയി | നിന്തിരുവടിയിൽ |
| | | യുക്തം | (രണ്ടും) യുക്തമത്രേ. |
| വസ്തുതഃ | വാസ്തവികമായിട്ടു് | ന ചിത്രം | അത്ഭുതാവഹമേ അല്ല |

വേദം ഈശ്വരനെ അകർത്താവായും മായാവരണമില്ലാത്തവനായും അംഗീകരിച്ചു അതോടൊപ്പം സൃഷ്ടിസ്ഥിതിസംഹാരങ്ങളുടെ കർത്താവായും മായാകാര്യരൂപേണ സർവ്വാത്മാവായും ഈശ്വരൻ വർത്തിക്കുന്നുവെന്നും ഉദ്ഘോഷിച്ചു. ആകയാൽ ഈ രണ്ടു ഭാവവും സർവ്വസമർത്ഥനിൽ യുക്തമാണെന്നു് സിദ്ധം.

പരമേശ്വരനെ ഇപ്രകാരം സ്തുതിച്ചു്, പ്രസ്തുതമായ ഹയഗ്രീവാവതാരചരിതം വ്യക്തമാക്കുന്നു

6 വേദാൻ യുഗാന്തേ തമസാ തിരസ്കൃതാൻ
രസാതലാദ്യോ നൃതുരംഗവിഗ്രഹഃ
പ്രത്യാദദേ വൈ കവയേഽഭിയാചതേ
തസ്മൈ നമസ്തേഽവിതഥേഹിതായ - ഇതി

| | | | |
|---|---|---|---|
| യുഗാന്തേ | യുഗാവസാനത്തിങ്കൽ | രസാതലാത് | പാതാളത്തിൽനിന്നു് (വീണ്ടെടുത്തു്) |
| തമസാ | ശംഖാസുരനാവുന്ന ഇരുട്ടിനാൽ | അഭിയാചതേ | അവയെ അർത്ഥിക്കുന്ന |
| തിരസ്കൃതാൻ | മറച്ചുവെക്കപ്പെട്ട | കവയേ വൈ | ആദികവിയായ ബ്രഹ്മാവിന്നുതന്നെ |
| വേദാൻ | വേദങ്ങളെ | പ്രത്യാദദേ | തിരിച്ചേല്പിച്ചുകൊടുത്തുവോ, |
| യഃ | യാതൊരാൾ | | |
| നൃതുരംഗവിഗ്രഹഃ | ഹയഗ്രീവമൂർത്തിയായി (മനുഷ്യന്റേയും കുതിരയുടേയും ലക്ഷണമുള്ളരൂപം ധരിച്ചു്) അവതരിച്ചു് | അവിതഥേഹിതായ | സത്യസങ്കല്പനായിരിക്കുന്ന |
| | | തസ്മൈ തേ | ആ നിന്തിരുവടിക്കു് |
| | | നമഃ ഇതി | നമസ്കാരം എന്നു് |

7 ഹരിവർഷേ ചാപി ഭഗവാൻ നരഹരിരൂപേണാസ്തേ. തദ്രൂപഗ്രഹണനിമിത്തമുത്തരത്രാഽഭിധാസ്യേ. തദ്ദയിതം രൂപം മഹാപുരുഷഗുണഭാജനോ മഹാഭാഗവതോ ദൈത്യദാനവകുലതീർത്ഥീകരണശീലാചരിതഃ പ്രഹ്ലാദോഽവ്യവധാനാനന്യഭക്തിയോഗേന സഹ തദ്വർഷപുരുഷൈരുപാസ്തേ ഇദം ചോദാഹരതി.

| | | |
|---|---|---|
| ഹരിവർഷേ ച അപി | = | ഹരിവർഷത്തിങ്കലും |
| നരഹരിരൂപേണ | = | നരസിംഹരൂപേണ (മനുഷ്യന്റേയും സിംഹത്തിന്റേയും ലക്ഷണമുള്ള രൂപം ധരിച്ചുകൊണ്ടു്) |
| ഭഗവാൻ ആസ്തേ | = | ഭഗവാൻ മഹാവിഷ്ണു സന്നിധാനംചെയ്യുന്നു. |

| | |
|---|---|
| തദ്രൂപഗ്രഹണനിമിത്തം | ആ രൂപം സ്വീകരിക്കുവാൻ ഉണ്ടായ കാരണം |
| ഉത്തരത്ര അഭിധാസ്യേ | മേലിൽ (സപ്തമസ്കന്ധത്തിൽ) ഞാൻ പറയാൻ പോകുന്നുണ്ട്. |
| തത് ദയിതം രൂപം | ആ പ്രിയങ്കരമായ ഭഗവത്സ്വരൂപത്തെ |
| മഹാപുരുഷഗുണഭാജനഃ | മഹാത്മാക്കളുടെ സമസ്തഗുണങ്ങളുടെയും ഏകാന്ത സങ്കേതമായിരിക്കുന്ന |
| ദൈത്യദാനവകുലതീർത്ഥീകരണശീലാചരിതഃ | ദൈതേയന്മാരും ദനുജന്മാരുമായ അസുരന്മാരുടെ വംശത്തെ മുഴുവനും ശുദ്ധീകരിക്കുന്ന സ്വഭാവവും ആചാരവുമുള്ള |
| മഹാഭാഗവതഃ പ്രഹ്ലാദഃ | പരമഭാഗവതനായ പ്രഹ്ലാദൻ |
| തദ്വർഷപുരുഷൈഃ സഹ | ആ വർഷത്തിലെ നിവാസികളായ ജനങ്ങളോടുകൂടി |
| അവ്യവധാനാനന്യഭക്തിയോഗേന | ഫലാസക്തിയാൽ ഉണ്ടാകാവുന്ന വ്യവധാനമില്ലാത്തതും ഏകനിഷ്ഠവുമായ ഭക്തിയോഗത്തോടെ |
| ഉപാസ്തേ | ഉപാസിച്ചുകൊണ്ടിരിക്കുന്നു; |
| ഇദം ച ഉദാഹരതി | ഈ സ്തോത്രമന്ത്രം ജപിക്കുകയും ചെയ്യുന്നു. |

8 ഓം നമോ ഭഗവതേ നരസിംഹായ നമസ്തേജസ്തേജസേ; ആവിരാവിർഭവ; വജ്രനഖ വജ്രദംഷ്ട്ര കർമ്മാശയാൻ രന്ധയ രന്ധയ; തമോ ഗ്രസ ഗ്രസ; ഓം സ്വാഹാ അഭയമഭയമാത്മനി ഭൂയിഷ്ഠാ ഓം ക്ഷ്റൗം.

| | |
|---|---|
| ഓം നരസിംഹായ | നരസിംഹമൂർത്തിയായിരിക്കുന്ന |
| ഭഗവതേ നമഃ | ഭഗവാൻ ശ്രീനാരായണനായിക്കൊണ്ട് നമസ്കാരം |
| തേജസ്തേജസേ നമഃ | തേജസ്സുകൾക്കും തേജസ്സായിരിക്കുന്ന അവിടുത്തേക്ക് നമസ്കാരം. |
| ആവിരാവിർഭവ | മുന്നിൽ പ്രത്യക്ഷനായിഭവിച്ച് ദർശനം തരണേ! |
| വജ്രനഖ വജ്രദംഷ്ട്ര | വജ്രതുല്യനഖങ്ങളോടും വജ്രതുല്യദംഷ്ട്രകളോടും കൂടിയ ഭഗവാനേ! |
| കർമ്മാശയാൻ | (ഞങ്ങളുടെ) കർമ്മഗ്രന്ഥികളെ |
| രന്ധയ രന്ധയ | ചുട്ടെരിക്കേണമേ! ചുട്ടെരിക്കേണമേ! |
| തമഃ ഗ്രസ ഗ്രസ | അറിവില്ലായ്മയുടെ ഇരുട്ടിനെ ഗ്രസിക്കേണമേ! ഗ്രസിക്കേണമേ! |
| ഓം സ്വാഹാ | സർവ്വവും അർപ്പണം ചെയ്യുന്നു; പ്രസാദിക്കണേ! |
| ആത്മനി അഭയം അഭയം ഭൂയിഷ്ഠാഃ ഓം ക്ഷ്റൗം | ആത്മാവിൽ ഭയം നീങ്ങുമാറ് ഭവിക്കേണമേ! ഓങ്കാരപ്പൊരുളേ! "ക്ഷ്റൗം" എന്ന ബീജാക്ഷരത്തിലടങ്ങിയ തത്ത്വമേ! ഭേദിതീർത്തുതരണേ! |

9 സ്വസ്ത്യസ്തു വിശ്വസ്യ ഖലഃ പ്രസീദതാം
ധ്യായന്തു ഭൂതാനി ശിവം മിഥോ ധിയാ
മനശ്ച ഭദ്രം ഭജതാദധോക്ഷജേ
ആവേശ്യതാം നോ മതിരപ്യഹൈതുകീ.

| | | | |
|---|---|---|---|
| വിശ്വസ്യ | ലോകത്തിന്നാകെയും | മനഃ ച | എല്ലാവരുടെ മനസ്സും |
| സ്വസ്തി അസ്തു | ക്ഷേമമുണ്ടാകട്ടെ. | ഭദ്രം | നിർമ്മലസ്വഭാവത്തെ |
| ഖലഃ | ദുഷ്ടൻ | ഭജതാത് | കൈക്കൊള്ളേണമേ! |
| പ്രസീദതാം | ദുർവൃത്തിവിട്ടു് സദ്വൃത്തനാകട്ടെ | നഃ | ഞങ്ങളുടെ |
| ഭൂതാനി | സകലജീവജാലങ്ങളും | മതിഃ അപി | ബുദ്ധിയും |
| മിഥഃ | തമ്മിൽത്തമ്മിൽ | അഹൈതുകീ | ഫലാസക്തിരഹിതമായിട്ടു് |
| ധിയാ ശിവം | മനസ്സാൽ മംഗളം | അധോക്ഷജേ | ശ്രീനാരായണനിൽ |
| ധ്യായന്തു | ധ്യാനിക്കട്ടെ. | ആവേശ്യതാം | ആവേശിപ്പിക്കപ്പെട്ടമാറാകട്ടെ! |

10 മാ ഽഗാരദാരാത്മജവിത്തബന്ധുഷു
സംഗോ യദി സ്യാദ് ഭഗവത്പ്രിയേഷു നഃ
യഃ പ്രാണവൃത്ത്യാ പരിതുഷ്ട ആത്മവാൻ
സിദ്ധ്യത്യദൂരാന്ന തഥേന്ദ്രിയപ്രിയഃ

| | | | |
|---|---|---|---|
| നഃ | ഞങ്ങൾക്കു് | പരിതുഷ്ടഃ | സന്തോഷവാനായും |
| അഗാരദാരാത്മജവിത്തബന്ധുഷു | ഗൃഹം, ഭാര്യ, മക്കൾ, ധനം, ബന്ധുക്കൾ എന്നിവകളിൽ | ആത്മവാൻ | ജിതേന്ദ്രിയനായും ഭവിക്കുന്നുവോ |
| സംഗഃ മാ | ആസക്തിഭവിക്കരുതു്. | (സഃ ഏവ) | അവൻ മാത്രമേ |
| യദി സ്യാത് | ഭവിക്കുകയാണെങ്കിൽ | അദൂരാത് | വേഗത്തിൽ |
| ഭഗവത്പ്രിയേഷു | ഭഗവാന്റെ ഇഷ്ടഭക്തന്മാരിൽ മാത്രമാകട്ടെ. | സിദ്ധ്യതി | സിദ്ധിയെ ഗമിക്കുന്നുള്ളൂ. |
| യഃ | ഏതൊരാൾ | ഇന്ദ്രിയപ്രിയഃ | ഇന്ദ്രിയവിഷയലോലുപൻ |
| പ്രാണവൃത്ത്യാ | കേവലം ജീവസന്ധാരണവൃത്തികൊണ്ടുമാത്രം | തഥാ ന | അതുപോലെയല്ല. |

ഭഗവത്പ്രിയഭക്തന്മാരിൽ ആസക്തിയുണ്ടായാലുള്ള ഫലമെന്തെന്നു് ഇനി പറയുന്നു—

11 യത്സംഗലബ്ധം നിജവീര്യവൈഭവം
തീർത്ഥം മുഹുഃ സംസ്പൃശതാം ഹി മാനസം
ഹരത്യജോ ഽന്തഃ ശ്രുതിഭിർഗതോ ഽങ്ഗജം
കോ വൈ ന സേവേത മുകുന്ദവിക്രമം

| | | | |
|---|---|---|---|
| യത്സംഗലബ്ധം | യാതൊരു ഭഗവത്പ്രിയസംഗത്താൽ ലബ്ധമാവുന്നതും | നിജവീര്യവൈഭവം | അസാധാരണമായ പ്രഭാവാതിശയത്തോടുകൂടിയതുമായ |

| | | | |
|---|---|---|---|
| മുകുന്ദ-<br>വിക്രമം | ശ്രീനാരായണന്റെ<br>ലീലാചരിതത്തെ | തീർത്ഥം ഹി | തീർത്ഥമാകട്ടെ |
| ശ്രുതിഭിഃ | കർണ്ണപുടങ്ങളാൽ | മുഹുഃ | വീണ്ടും വീണ്ടും |
| സംസ്പൃശതാം | സംസേവിക്കുന്നവരുടെ | സംസ്പൃശതാം | സംസ്പർശിക്കുന്നവരുടെ |
| അന്തഃ ഗതഃ | അകത്തുപ്രവേശിച്ചിരിക്കുന്ന | അങ്ഗജം | ശരീരത്തിലുള്ള |
| അജഃ | ഭഗവാൻ | (മലം | മാലിന്യം മാത്രമേ |
| മാനസം | മനോഗതമായ | ഹരതി) | നശിപ്പിക്കുന്നുള്ളൂ. |
| മലം | മാലിന്യത്തെ | താൻ | ആ ഭഗവൽപ്രിയന്മാരെ |
| ഹരതി | നശിപ്പിക്കുന്നു. | കഃ വൈ | ആർ തന്നെ |
| | | ന സേവേത | സേവിക്കുകയില്ല ? |

മാനസമലം നീങ്ങിക്കിട്ടിയാലുള്ള ഫലമെന്തെന്നു് കാണിക്കുന്നു—

12 യസ്യാസ്തി ഭക്തിർഭഗവത്യകിഞ്ചനാ
സർവൈർഗ്ഗുണൈസ്തത്ര സമാസതേ സുരാഃ
ഹരാവഭക്തസ്യ കുതോ മഹദ്ഗുണാ
മനോരഥേനാസതി ധാവതോ ബഹിഃ.

| | | | |
|---|---|---|---|
| യസ്യ | യാതൊരുവന്ന് | മനോരഥേന | മനോരഥത്തിലേറി |
| ഭഗവതി | ഭഗവാനിൽ | ബഹിഃ | പുറമെ |
| അകിഞ്ചനാ | കാമനാരഹിതമായ | ധാവതഃ | പാഞ്ഞുപോകുന്നവനും |
| ഭക്തിഃ അസ്തി | ഭക്തിയുണ്ടോ, | ഹരൗ | ശ്രീഹരിയാൽ |
| തത്ര സുരാഃ | അവനിൽ ദേവന്മാർ | അഭക്തസ്യ | ഭക്തിയില്ലാത്തവനും ആയിരിക്കുന്നവന്ന് |
| സർവൈഃ | സമസ്തങ്ങളായ | മഹദ്ഗുണാഃ | മഹാന്മാരുടെ ജ്ഞാനവൈരാഗ്യാദിഗുണങ്ങൾ |
| ഗുണൈഃ | ഗുണങ്ങളോടെ | കുതഃ | എങ്ങനെയുണ്ടാകും ? |
| സമാസതേ | സന്നിധാനം ചെയ്യുന്നു. | | |
| അസതി | അസത്തായ വിഷയത്തിലേക്ക് | | |

എന്നാൽ, ഗൃഹദാരാദികളിൽ ആസക്തനായി ഈശ്വരാഭിമുഖ്യമില്ലാതെ ജീവിതം കഴിക്കുന്നവർക്കും മഹത്വം കാണാറുണ്ടല്ലോ. ഓ ! ശരിതന്നെ—പക്ഷെ ആ മഹത്വം ഉപഹാസാസ്പദം മാത്രമാണെന്നു് സകാരണം ഉപപാദിക്കുന്നു.

13 ഹരിർഹി സാക്ഷാദ്ഭഗവാൻ ശരീരിണാ-
മാത്മാ ഝഷാണാമിവ തോയമീപ്സിതം
ഹിത്വാ മഹാംസ്തം യദി സജ്ജതേ ഗൃഹേ
തദാ മഹത്ത്വം വയസാ ദംപതീനാം

| | | | |
|---|---|---|---|
| ഝഷാണാം | മത്സ്യങ്ങൾക്ക് | തം | ആ ആത്മസ്വരൂപത്തെ |
| ഈപ്സിതം | അഭീഷ്ടമായിരിക്കുന്ന | ഹിത്വാ | കൈവിട്ട് |
| തോയം ഇവ | വെള്ളമെന്നപോലെ | ഗൃഹേ | ഗൃഹാദിയിൽ |
| ശരീരിണാം | ദേഹികൾക്ക്, | സജ്ജതേ യദി | ആസക്തനാകുന്നുവെങ്കിൽ, |
| സാക്ഷാത് | സാക്ഷാൽ | തദാ | അപ്പോൾ അത് |
| ഭഗവാൻ | സർവ്വേശ്വരനായ | ദംപതീനാം | സാധാരണമായി സ്ത്രീപുരുഷന്മാരുടെ ഇടയിൽ |
| ഹരിഃ ഹി | ശ്രീഹരിതന്നെയാണ് | വയസാ | പ്രായംകൊണ്ടുള്ള |
| ആത്മാ | ജീവനാധാരമായ ആത്മാവ്. | മഹത്വം | മഹത്വം (വലിപ്പം) മാത്രമെ ആകുന്നുള്ളു. |
| മഹാൻ | എത്ര മഹത്വമുള്ളവനായിരുന്നാലും | | |

ഗൃഹാദികളിൽ ആസക്തന്മാരായിട്ടുള്ളവരുടെ മഹത്വം, പ്രായം, കുലം, ധനം മുതലായ ബാഹ്യോപാധികൊണ്ടുള്ളതാണ്; ജ്ഞാനവൈരാഗ്യാദിഗുണങ്ങൾകൊണ്ടുള്ളതല്ല. ഭക്തനുമാത്രമെ ആ ആന്തരമഹത്വം ഉണ്ടാകയുള്ളു — എന്നു സാരം

14 തസ്മാദ്രജോരാഗവിഷാദമന്യു-
മാനസ്പൃഹാഭയദൈന്യാധിമൂലം
ഹിത്വാ ഗൃഹം സംസൃതിചക്രവാളം
നൃസിംഹപാദം ഭജതാകുതോഭയം - ഇതി

| | | | |
|---|---|---|---|
| തസ്മാത് | അതുകൊണ്ട് | സംസൃതി-ചക്രവാളം | ജനനമരണാദിദുഃഖപരമ്പരകളുടെ ചുഴലമായിട്ടുള്ളതുമായ |
| രജോരാഗ-വിഷാദമന്യു-മാനസ്പൃഹാ-ഭയദൈന്യാ-ധിമൂലം | തൃഷ്ണ, അഭിനിവേശം, ദുഃഖം, കോപം, അഭിമാനം, ആഗ്രഹം, ഭയം, ദൈന്യം എന്നിവയ്ക്കെല്ലാം മുരടായിനില്ക്കുന്നതും | ഗൃഹം ഹിത്വാ | ഗൃഹജീവിതംവിട്ട്, |
| | | അകുതോഭയം | ഒരിടത്തുനിന്നും ഭയത്തിന്നവകാശമില്ലാത്ത |
| | | നൃസിംഹപാദം | നരസിംഹമൂർത്തിയുടെ തൃപ്പാദത്തെ |
| | | ഭജത | ഭജിക്കുവിൻ. |

15 കേതുമാലേഽപി ഭഗവാൻ കാമദേവസ്വരൂപേണ ലക്ഷ്മ്യാഃ പ്രിയചികീർഷയാ പ്രജാപതേർദ്ദുഹിതൄണാം പുത്രാണാം തദ്വർഷപതീനാം പുരുഷായുഷാഽഹോരാത്രപരിസംഖ്യാനാനാം യാസാം ഗർഭാ മഹാപുരുഷമഹാസ്ത്രതേജസോദ്വേജിതമനസാം വിധ്വസ്താ വ്യസവഃ സംവത്സരാന്തേ വിനിപതന്തി.

| | | |
|---|---|---|
| കേതുമാലേ അപി | = | കേതുമാലമെന്ന വർഷത്തിലും |
| ഭഗവാൻ ലക്ഷ്മ്യാഃ | = | ഭഗവാൻ ശ്രീമഹാവിഷ്ണു, ശ്രീഭഗവതിക്കു |

| | | |
|---|---|---|
| പ്രജാപതേഃ | = | സംവത്സരസ്വരൂപനായ പ്രജാപതിയുടെ |
| ദുഹിതൄണാം പുത്രാണാം | = | പുത്രിമാരും പുത്രന്മാരുമായി, |
| പുരുഷായുഷാ | = | മനുഷ്യരുടെ പൂർണ്ണായുസ്സ് (നൂറുവർഷം) കൊണ്ടുള്ള |
| അഹോരാത്രപരിസംഖ്യാനാനാം | = | രാപ്പകലുകളുടെ എണ്ണത്തോളം, (മുപ്പത്താറായിരത്തോളം) വരുന്ന |
| തദ്വഷ്പതീനാം | = | ആ വർഷത്തിന്റെ അധിപതികൾക്കും |
| പ്രിയചികീഷ്യാ | = | പ്രിയമേകുവാനുള്ള ആഗ്രഹത്താൽ |
| കാമദേവസ്വരൂപേണ (ആസ്തേ) | = | കാമദേവ (പ്രദ്യുമ്ന) സ്വരൂപത്തോടെ സന്നിധാനം ചെയ്യുന്നുണ്ട് |
| മഹാപുരുഷമഹാസ്ത്രതേജസാ | = | കാലസ്വരൂപനായ ഈശ്വരന്റെ മഹാസ്ത്രമായ ചക്രത്തിന്റെ തേജസ്സിനാൽ |
| ഉദ്വേജിതമനസാം | = | മനസ്സിൽ അമ്പരപ്പുകൊള്ളുന്ന |
| യാസാം ഗർഭാഃ വിധ്വസ്താഃ | = | യാതൊരു സ്ത്രീകളുടെ ഗർഭങ്ങൾ ധ്വംസിക്കപ്പെട്ട് |
| സംവത്സരാന്തേ | = | സംവത്സരാവസാനത്തിൽ |
| വ്യസവഃ വിനിപതന്തി | = | ജീവനില്ലാതെ വീണുപോകുന്നു |

16 അതീവ സുലളിതഗതിവിലാസവിലസിതരുചിരഹാസലേശാവലോ-
കലീലയാ കിഞ്ചിദുത്തംഭിതസുന്ദരഭ്രൂമണ്ഡലസുഭഗവദനാരവിന്ദശ്രിയാ
രമാം രമയന്നിന്ദ്രിയാണി രമയതേ.

| | | |
|---|---|---|
| അതീവ സുലളിതഗതിവിലാസ-വിലസിതരുചിരഹാസലേശാ-വലോകലീലയാ | } | അത്യന്തം ആകഷ്കമായ ഗമനത്താലുളവാകുന്ന ശൃംഗാരവിലാസത്താൽ വിലസിതമായ മോഹനമന്ദസ്മിതത്തോടൊത്തിണങ്ങിയ വീക്ഷണലീലകൊണ്ട് |
| കിഞ്ചിത് ഉത്തംഭിതസുന്ദരഭ്രൂമ-ണ്ഡലസുഭഗവദനാരവിന്ദശ്രിയാ | } | തെല്ലൊന്നുമേലോട്ടുയർത്തിയ ചേലാർന്ന ചില്ലികൊടിയാൽ സുന്ദരമായ മുഖകമലത്തിന്റെ കാന്തിയാൽ |
| രമാം രമയൻ | = | ശ്രീഭഗവതിയെ രമിപ്പിച്ചുകൊണ്ട് |
| ഇന്ദ്രിയാണി രമയതേ | = | തന്റെ ഇന്ദ്രിയങ്ങളേയും ആനന്ദിപ്പിക്കുന്നു. |

17 തദ്ഭഗവതോ മായാമയം രൂപം പരമസമാധിയോഗേന രമാ ദേവീ
സംവത്സരസ്യ രാത്രിഷു പ്രജാപതേർദുഹിതൃഭിരുപേതാഽഹസ്സു ച തദ്-
ഭർത്തൃഭിരുപാസ്തേ ഇദം ചോദാഹരതി

| | | |
|---|---|---|
| ഭഗവതഃ | = | ഭഗവാന്റെ (പ്രദ്യുമ്നമൂർത്തിയുടെ) |
| മായാമയം തത് രൂപം | = | മായാമയമായ ആ സ്വരൂപത്തെ |
| രമാ ദേവീ | = | ശ്രീഭഗവതി |
| പരമസമാധിയോഗേന | = | ഉത്തമോത്തമമായ സമാധിയോഗംകൊണ്ട് |
| സംവത്സരസ്യ പ്രജാപതേഃ | = | സംവത്സരനെന്ന പ്രജാപതിയുടെ |
| ദുഹിതൃഭിഃ ഉപേതാ രാത്രിഷു | = | പുത്രിമാരോടുകൂടി, രാത്രികളിലും |
| തദ്ഭർത്തൃഭിഃ അഹസ്സു ച | = | അവരുടെ ഭർത്താക്കളോടുകൂടി പകലുകളിലും |
| ഉപാസ്തേ | = | ഉപാസിച്ചുകൊണ്ടിരിക്കുന്നു; |
| ഇദം ഉദാഹരതി ച | = | ഈ സ്തോത്രത്തെ ഉച്ചരിക്കുകയും ചെയ്യുന്നു. |

18 ഓം ഹ്രാം ഹ്രീം ഹ്രൂം ഓം നമോ ഭഗവതേ ഹൃഷീകേശായ; സർവ്വ-
ഗുണവിശേഷൈർവിലക്ഷിതാത്മനേ ആകൂതീനാം ചിത്തീനാം ചേ-
തസാം വിശേഷാണാം ചാധിപതയേ ഷോഡശകലായ ഛന്ദോ-
മയായാന്നമയായാമൃതമയായ സർവ്വമയായ സഹസേ ഓജസേ ബലായ
കാന്തായ കാമായ നമസ്തേ ഉഭയത്ര ഭൂയാത്.

| | | |
|---|---|---|
| ഓം ഹൃഷീകേശായ | = | സമസ്തേന്ദ്രിയങ്ങളുടെയും നിയന്താവായിരിക്കുന്ന |
| ഭഗവതേ നമഃ | = | ഭഗവാൻ പ്രദ്യുമ്നമൂർത്തിക്ക് നമസ്കാരം. |
| സർവ്വഗുണവിശേഷൈഃ | = | എല്ലാ ശ്രേഷ്ഠപദാർത്ഥങ്ങളാലും |
| വിലക്ഷിതാത്മനേ | = | ലക്ഷീകരിക്കപ്പെട്ട സ്വരൂപത്തോടുകൂടിയവനായി– |
| ആകൂതീനാം ചിത്തീനാം | = | ക്രിയകൾക്കും ജ്ഞാനങ്ങൾക്കും |
| ചേതസാം വിശേഷാണാം ച | = | സങ്കല്പാധ്യവസായാദിചിത്തവൃത്തികൾക്കും അവയുടെ വിഷയങ്ങൾക്കും |
| അധിപതയേ | = | അധിപതിയായി— |
| ഷോഡശകലായ | = | ഏകാദശേന്ദ്രിയങ്ങളും വിഷയപഞ്ചകവും ആകുന്ന പതിനാറു കലകളാൽ പൂർണ്ണനായി— |
| ഛന്ദോമയായ | = | വേദോക്തകർമ്മങ്ങളാൽ സംപ്രാപ്യനായി— |
| അന്നമയായ അമൃതമയായ | = | അന്നസ്വരൂപനായും അമൃതസ്വരൂപനുമായി— |
| സർവ്വമയായ | = | സമസ്തവിഷയവ്യാപ്തിയുള്ളവനായി— |
| സഹസേ ഓജസേ ബലായ | = | മനഃശക്തിയായും ഇന്ദ്രിയശക്തിയായും ദേഹശക്തിയായും വർത്തിക്കുന്നവനായി— |
| കാന്തായ കാമായ | = | കമനീയാംഗനായി, കാമദേവനായിരിക്കുന്ന |
| തേ ഉഭയത്ര നമഃ ഭൂയാത് | = | അവിടുത്തേക്ക് അകംകൊണ്ടും പുറംകൊണ്ടും നമസ്കാരം, ഭവിക്കട്ടെ. |

(ഓം.................... ....................ആകുന്നു.)

19 സ്ത്രിയോ വ്രതൈസ്ത്വാ ഹൃഷീകേശ്വരം സ്വതോ
ഹ്യാരാധ്യ ലോകേ പതിമാശാസതേഽന്യം
താസാം ന തേ വൈ പരിപാന്ത്യപത്യം
പ്രിയം ധനായൂംഷി യതോഽസ്വതന്ത്രാഃ.

| | | | |
|---|---|---|---|
| ലോകേ സ്ത്രിയഃ | ലോകത്തിൽ സ്ത്രീകൾ | പതിം | പതിയായിട്ട് |
| സ്വതഃ | സ്വതവേ, | ആശാസതേ ഹി | ആശിക്കുന്നുണ്ടല്ലോ. |
| ഹൃഷീകേശ്വരം | ഇന്ദ്രിയങ്ങളുടെ പതിയായിരിക്കുന്ന | തേ വൈ | ആ പതികളാകട്ടെ |
| ത്വാ | നിന്തിരുവടിയെ | താസാം | അവരുടെ |
| വ്രതൈഃ | വ്രതങ്ങൾകൊണ്ട് | പ്രിയം | ഇഷ്ടപ്പെട്ട |
| ആരാധ്യ | ആരാധിച്ച്, | അപത്യം | സന്താനത്തെയോ, |
| അന്യം | മറ്റൊരാളെ | ധനായൂംഷി | സമ്പത്തിനെയോ, ജീവിതത്തെയോ |

| | | | |
|---|---|---|---|
| ന പരിപാന്തി | പരിപാലിക്കുന്നില്ല. | അസ്വതന്ത്രാഃ | അവർ പരാധീനന്മാരാണ്. |
| യതഃ | എന്തുകൊണ്ടെന്നാൽ, | | |

ഭഗവാനെത്തന്നെ പതിയായിട്ട് ആഗ്രഹിച്ച് ഭജിച്ചുകൊണ്ടിരിക്കുന്ന ശ്രീഭഗവതി സ്വയം ചാരിതാൎത്ഥയാണ്. ലോകത്തിലെ ഇതരസ്ത്രീകളാകട്ടെ അങ്ങനെയല്ല. അവർ മറ്റൊരതെങ്കിലുമൊരുത്തനെ പതിത്വേന അഭിലഷിച്ച് കാമദേവാത്മകനായ തന്തിരുവടിയെ വ്രതങ്ങൾകൊണ്ട് ഉപാസിക്കുന്നു. വാസ്തവത്തിൽ ആ ഭത്താക്കൾ ഭഗവാനെപ്പോലെ സ്വതന്ത്രരല്ല; പരാധീനരാണ്. ആകയാൽ അവർ ആ സ്ത്രീകളെയോ അവരുടെ സന്താനാദികളേയോ പാലിക്കാനാവാത്തവരുമാണ് — എന്നു് ഭാവാൎത്ഥം.

മാത്രമല്ല, ആ പുരുഷന്മാർ പതികൾതന്നെയല്ലെന്നു് സകാരണം ഉപപാദിക്കുന്നു —

20 സ വൈ പതിഃ സ്യാദകുതോഭയഃ സ്വയം
സമന്തതഃ പാതി ഭയാതുരം ജനം
സ ഏക ഏവേതരഥാ മിഥോ ഭയം
നൈവാത്മലാഭാദധി മന്യതേ പരം

| | | | |
|---|---|---|---|
| യഃ സ്വയം | യാതൊരാൾ സ്വന്തം | (യതഃ) | എന്തുകൊണ്ടെന്നാൽ, |
| അകുതോഭയഃ | ഒന്നിൽനിന്നും ഭയമില്ലാത്തവനായിട്ട് | ആത്മലാഭാത് | സ്വസ്വരൂപാനന്ദത്തെ ഒഴിച്ച് |
| ഭയാതുരം | ഭയവിഹ്വലമായ | അധി പരം | അപ്പുറം മറ്റൊന്നിനെ |
| ജനം | ജനത്തെ | | |
| സമന്തതഃ | സൎവ്വഭയത്തിൽനിന്നും | ന മന്യതേ ഏവ | അവിടുന്ന് ഉള്ളിൽ കരുതുന്നതേ ഇല്ല. |
| പാതി | പാലിക്കുന്നുവോ, | | |
| സഃ വൈ | അവൻ മാത്രമാണ് | ഇതരഥാ | മറിച്ച് (ലോകത്തിൽ അനേകം സ്വതന്ത്രപതികളുണ്ടെന്നുവന്നാൽ) |
| പതിഃ | ശരിയ്ക്കും പതിയായിട്ടുള്ളവൻ | | |
| സഃ | അങ്ങനെയുള്ള പതി | മിഥഃ | അവൎത്തമ്മിൽ |
| ഏകഃ ഏവ | നിന്തിരുവടി ഒരാൾ മാത്രമാണ് | ഭയം (സ്യാത്) | കലഹഭീതിക്കിടവരും |

നിർഭയനും സ്വതന്ത്രനും ആയിട്ടുള്ളവൻ മാത്രമെ ശരിക്കും പതി (പാലകൻ) യാകയുള്ളൂ. അങ്ങനെയുള്ള ഒരാൾ നിന്തിരുവടി മാത്രമാണ്. മറിച്ച് സ്വതന്ത്രപതികൾ ഒന്നിലേറെയുണ്ടെന്നു് കല്പിച്ചാൽ അവർ നാട്ടുവാഴികളെപ്പോലെ തമ്മിൽ വഴക്കടിക്കുമല്ലോ—എന്നു് ആശയം.

അതിനുപുറമെ, നിഷ്കാമഭജനം മാത്രമാണ് സൎവ്വകാമപ്രദം. സകാമഭജനത്തിൽ ആ കാമിതം മാത്രമെ സാധിക്കയുള്ളൂ. അതാകട്ടെ അനിത്യവുമായിരിക്കും. ഈ സംഗതി താഴെ ഉപപാദിക്കുന്നു.

21 യാ തസ്യ തേ പാദസരോരുഹാർഹണം
നികാമയേത് സാഽഖിലകാമലമ്പടാ
തദേവ രാസീപ്സിതമീപ്സിതോഽർചിതോ
യദ്ഭഗ്നയാച്ഞാ ഭഗവൻ പ്രതപ്യതേ.

| | | | |
|---|---|---|---|
| തസ്യ | താദൃശനായ | ഈപ്സിതഃ | അഭിലഷിച്ച് |
| തേ | നിന്തിരുവടിയുടെ | അർച്ചിതഃ | ആരാധിക്കപ്പെട്ടെന്നാൽ |
| പാദസരോരുഹാർഹണം | ശ്രീപാദപത്മങ്ങളെ ഉപാസിക്കുക എന്നതിനെ മാത്രം | തത് ഈപ്സിതം ഏവ | ആ അഭിലാഷത്തെ മാത്രമേ |
| യാ | യാതൊരുവൾ | രാസി | ഭവാൻ നല്കുകയുള്ളു |
| നികാമയേത് | അനുഗ്രഹിക്കുന്നുവോ, | യത് ഭഗ്നയാച്ഞാ | യാതൊരു അഭിലഷിതാർത്ഥം ഫലഭോഗാനന്തരം നഷ്ടപ്പെട്ട് |
| സാ | അവൾ | പ്രതപ്യതേ | അവൾ തപിക്കയും ചെയ്യുന്നു. |
| അഖിലകാമലംപടാ | സർവ്വകാമങ്ങളേയും പ്രാപിച്ചനുഭവിക്കുന്നവളായിത്തീരുന്നു. | | |

സകാമഭജനം ആൎക്കുംതന്നെ നിത്യസുഖപ്രാപ്തിക്ക് സാധകമാകയില്ലെന്നു സാരം

എന്നാൽ, മററും കാമാൎത്ഥികളാൽ സേവിക്കപ്പെടുന്ന ശ്രീഭഗവതിയുടെ ഭഗവദുപാസന നിഷ്കാമമാകുന്നതെങ്ങനെ? സർവ്വകാമിതലബ്ധികൊണ്ടുള്ള ചാരിതാൎത്ഥ്യം ദേവിക്കുണ്ടാകുന്നതെങ്ങനെ? — എന്നാണെങ്കിൽ പറയുന്നു.

22 മത്പ്രാപ്തയേഽജേശസുരാസുരാദയ-
സ്തപ്യന്ത ഉഗ്രം തപ ഐന്ദ്രിയേധിയാ
ഋതേ ഭവത്പാദപരായണാന്ന മാം
വിന്ദന്ത്യഹം ത്വദ്ധൃദയാ യതോഽജിത.

| | | | |
|---|---|---|---|
| അജേശസുരാസുരാദയഃ | ബ്രഹ്മാവ്, ശിവൻ, ദേവന്മാർ തുടങ്ങിയുള്ളവർ | ഭവത്പാദപരായണാത് ഋതേ | നിന്തിരുവടിയുടെ പാദഭക്തനല്ലാതെ മററുള്ളവരാരുംതന്നെ |
| ഐന്ദ്രിയേധിയഃ | ഇന്ദ്രിയസംബന്ധികളായ വിഷയങ്ങളിൽ ബുദ്ധിവെച്ചുകൊണ്ട് | ന വിന്ദന്തി | പ്രാപിക്കുന്നില്ല |
| | | അജിത | ആരാലും ജയിക്കപ്പെട്ടിട്ടില്ലാത്ത മഹാനുഭാവ! |
| മത്പ്രാപ്തയേ | എന്നെ (ലക്ഷ്മിയെ) ലഭിക്കുന്നതിന്നായി | യതഃ | അതെന്തുകൊണ്ടെന്നാൽ |
| ഉഗ്രം തപഃ | കഠിനതപസ്സ് | അഹം | ഞാൻ |
| തപ്യന്തേ | അനുഷ്ഠിക്കുന്നു. | ത്വദ്ധൃദയാ | അങ്ങയിൽ സർവ്വാത്മനാ അർപ്പിതമായ ഹൃദയത്തോടുകൂടിയവളാകുന്നു. |
| (തഥാപി മാം) | എന്നിരിക്കിലും, എന്നെ | | |

എൻെറ ഹൃദയം അങ്ങയിലാകകൊണ്ട് അങ്ങയുടെ ഭക്തജനത്തിലല്ലാതെ മററാരിലും എൻെറ കടാക്ഷവീക്ഷണം ചേരുകയില്ലെന്നു സാരം.

ഭഗവാൻെറ കാരുണ്യംമാത്രം ശ്രീഭഗവതി തുടൎന്നുപ്രാൎത്ഥിക്കുന്നു.

23 സ ത്വം മമാപ്യച്യുത ശീർഷ്ണി വന്ദിതം
കരാംബുജം യത്ത്വദധായി സാത്വതാം
ബിഭർഷി മാം ലക്ഷ്മ വരേണ്യ മായയാ
ക ഈശ്വരസ്യേഹിതമൂഹിതും വിഭുഃ – ഇതി

| | |
|---|---|
| അച്യുത | ഹേ നിർവ്വികാരാത്മൻ! |
| സഃ ത്വം | അങ്ങനെയുള്ള ഭവാൻ |
| യത് | യാതൊരു |
| കരാംബുജം | തൃക്കരകമലം |
| സാത്വതാം | ഭക്തന്മാരുടെ |
| ശീർഷ്ണി | ശിരസ്സിൽ |
| ത്വത് | ഭവാനാൽത്തന്നെ |
| അധായി | ചേർക്കപ്പെട്ടുവോ, |
| വന്ദിതം (തത്) | സംപൂജിതമായ അതിനെ |
| മമ അപി | എന്റെയുംകൂടി |
| (ശീർഷ്ണി | ശിരസ്സിൽ |
| നിധേഹി) | ചൂടിച്ചുതരിക |
| വരേണ്യ | ഹേ പൂജ്യതമ! |
| മാം | എന്നെ |
| ലക്ഷ്മ | അടയാളമായിട്ട് |
| ബിഭർഷി | ഭവാൻ ധരിക്കുന്നുണ്ട്. |
| ഈശ്വരസ്യ | ഈശ്വരനായ അവിടുത്തെ |
| മായയാ | മായകൊണ്ടുള്ള |
| ഈഹിതം | ലീലാവിലാസത്തെ |
| ഊഹിതും | ഊഹിച്ചറിവാൻ |
| കഃ വിഭുഃ | ആർ ശക്തനാകുന്നു ? |
| ഇതി | എന്നിങ്ങനെ |

24 രമ്യകേ ച ഭഗവതഃ പ്രിയതമം മാത്സ്യമവതാരരൂപം തദ്വർഷപുരുഷസ്യ മനോഃ പ്രാക്പ്രദർശിതം സ ഇദാനീമപി മഹതാ ഭക്തിയോഗേനാരാധയതീദം ചോദാഹരതി.

| | | |
|---|---|---|
| രമ്യകേ ച | = | രമ്യകമെന്ന വർഷത്തിലാകട്ടെ |
| തദ്വർഷപുരുഷസ്യ | = | ആ വർഷത്തിന്റെ അധിപതിയായ |
| മനോഃ പ്രാക്പ്രദർശിതം | = | വൈവസ്വതമനുവിന് (അദ്ദേഹം സത്യവ്രതരാജാവായിരിക്കുമ്പോൾ) മുമ്പ് കാട്ടിക്കൊടുക്കപ്പെട്ടതും |
| പ്രിയതമം | = | ഏററവും പ്രിയംകരവുമായ |
| ഭഗവതഃ മാത്സ്യം അവതാരരൂപം | = | ശ്രീമഹാവിഷ്ണുവിന്റെ മത്സ്യാവതാരസ്വരൂപത്തെ |
| സഃ ഇദാനീം അപി | = | അദ്ദേഹം ഇപ്പോഴുംകൂടിയും |
| മഹതാ ഭക്തിയോഗേന | = | മഹത്തായ ഭക്തിയോഗത്തോടെ |
| ആരാധയതി | = | ആരാധിച്ചുകൊണ്ടിരിക്കുന്നു. |
| ഇദം ച ഉദാഹരതി | = | ഈ സ്തോത്രത്തേയും ജപിക്കുന്നു. |

25 ഓം നമോ ഭഗവതേ മുഖ്യതമായ നമഃ സത്ത്വായ പ്രാണായൌജസേ സഹസേ ബലായ മഹാമത്സ്യായ നമ ഇതി.

| | | |
|---|---|---|
| ഓം ഭഗവതേ നമഃ | = | സർവ്വൈശ്വര്യാദി ഷഡ്ഗുണോപേതനായ തിരുവടിക്ക് നമസ്കാരം |
| സത്ത്വായ | = | സത്ത്വഗുണപ്രധാനനായി— |
| മുഖ്യതമായ പ്രാണായ | = | അന്തര്യാമിത്വേന സൂത്രാത്മകപ്രാണശക്തിയായി– |
| ഓജസേ സഹസേ ബലായ | = | ഇന്ദ്രിയങ്ങൾ, മനസ്സ്, ശരീരം എന്നിവയുടെ ശക്തിസ്വരൂപമായി വർത്തിക്കുന്ന |
| മഹാമത്സ്യായ നമോ നമഃ—ഇതി | = | മഹാമത്സ്യമൂർത്തിക്ക് അനേകം നമസ്കാരം – എന്ന് |

26 അന്തർബഹിശ്ചാഖിലലോകപാലകൈ-
രദൃഷ്ടരൂപോ വിചരസ്യുരുസ്വനഃ
സ ഈശ്വരസ്ത്വം യ ഇദം വശേഽനയ-
ന്നാമ്നാ യഥാ ദാരുമയീം നരഃ സ്ത്രിയം.

| | | | |
|---|---|---|---|
| അഖിലലോകപാലകൈഃ | സകലലോകപാലന്മാരാൽക്കൂടി | സ്ത്രിയം | പെൺപാവയെ |
| അന്തഃ ബഹിഃ ച | അകത്തും പുറത്തും | യഥാ | എന്നപോലെ |
| അദൃഷ്ടരൂപഃ | കാണപ്പെടാത്ത രൂപത്തോടുകൂടിയ നിന്തിരുവടി | യഃ | യാതൊരാൾ |
| ഉരുസ്വനഃ | ഗംഭീരമായ വേദാത്മകനാദത്തോടുകൂടി | ഇദം | ഈ വിശ്വത്തെ |
| വിചരസി | വിചരിക്കുന്നു. | നാമ്നാ | വിധിനിഷേധങ്ങൾക്ക് അവലംബമായ വർണ്ണാശ്രമങ്ങളുടെ പേരുകൊണ്ട് |
| നരഃ | ഒരു മനുഷ്യൻ | വശേ | അധീനത്തിൽ |
| ദാരുമയീം | മരംകൊണ്ടുണ്ടാക്കിയ | അനയത് | കൊണ്ടുവന്നിരിക്കുന്നുവോ, |
| | | സഃ ത്വം | ആ നിന്തിരുവടി |
| | | ഈശ്വരഃ | സർവ്വനിയന്താവുതന്നെ. |

ലോകത്തെ അധീനത്തിൽ വെച്ചിട്ടുള്ളവർ ഇന്ദ്രാദിലോകപാലന്മാരല്ലേ ? — ഈ ആശങ്കയെ നിരാകരിക്കുവാൻ ഇനി പറയുന്നു —

27 യം ലോകപാലാഃ കില മത്സരജ്വരാ
ഹിത്വാ യതന്തോഽപി പൃഥക് സമേത്യ ച
പാതും ന ശേകുർദ്വിപദശ്ചതുഷ്പദഃ
സരീസൃപം സ്ഥാണു യദത്ര ദൃശ്യതേ.

| | | | |
|---|---|---|---|
| യം ഹിത്വാ | സർവ്വനിയന്താവായ യാതൊരു നിന്തിരുവടിയെ കൂടാതെ, | ചതുഷ്പദഃ | മൃഗങ്ങളെയോ, |
| മത്സരജ്വരാഃ | കിടമത്സരപ്പനിപിടിച്ച | സരീസൃപം | ഇഴജാതിയെയോ, |
| ലോകപാലാഃ | ഇന്ദ്രാദിലോകപാലന്മാർ | സ്ഥാണു | സ്ഥാവരമായിട്ട് |
| പൃഥക് | അകന്നിട്ടും | അത്ര | ഈ ലോകത്തിൽ |
| സമേത്യ ച | ചേർന്നിട്ടും | യത് | യാതൊന്ന് |
| യതന്തഃ അപി | യത്നിച്ചുകൊണ്ടിരുന്നാലും | ദൃശ്യതേ | കാണപ്പെടുന്നുവോ |
| ദ്വിപദഃ | മനുഷ്യരെയോ, | (തത്) | അതിനെയെങ്കിലുമോ |
| | | പാതും | പാലിക്കുവാൻ |
| | | ന ശേകുഃ | ശക്തരായിട്ടില്ല; |
| | | കില | എന്നതു വ്യക്തമത്രേ. |

ഈ വിധം സ്തുതിച്ച് അവതാരപ്രയോജനത്തെ പറയുന്നു —

28 ഭവാൻ യുഗാന്താർണവ ഊർമിമാലിനി
ക്ഷോണീമിമാമോഷധിവീരുധാം നിധിം
മയാ സഹോരു ക്രമതേഽജ ഓജസാ
തസ്മൈ ജഗത്പ്രാണഗണാത്മനേ നമഃ – ഇതി

| | | | |
|---|---|---|---|
| അജഃ | അജന്മാവായ | ഓജസാ | ഓജസ്സിനാൽ (വഹിച്ചു കൊണ്ട്) |
| ഭവാൻ | നിന്തിരുവടി | | |
| ഊർമിമാലിനി | തിരമാലകളെഴുന്ന | ഉരു ക്രമതേ | സഞ്ചരിച്ചിരുന്നു. |
| യുഗാന്താർണവേ | കല്പാന്തസമുദ്രത്തിൽ | ജഗത്പ്രാണ-ഗണാത്മനേ | ജഗത്തിന്റെ പ്രാണഗണങ്ങളെ നിയന്ത്രിച്ചരുളുന്ന |
| ഓഷധിവീരുധാം | വൃക്ഷലതാദികളുടെ | | |
| നിധിം | ഇരിപ്പിടമായ | | |
| ഇമാം ക്ഷോണീം | ഈ ഭൂമിയെ | തസ്മൈ (തുഭ്യം) | ആ നിന്തിരുവടിക്ക് |
| മയാ സഹ | മനുവായ എന്നോടുകൂടെ | നമഃ—ഇതി | നമസ്കാരം – എന്ന് |

29 ഹിരണ്മയേഽപി ഭഗവാൻ നിവസതി കൂർമ്മതനും ബിഭ്രാണഃ തസ്യ
തത്പ്രിയതമാം തനുമര്യമാ സഹവർഷപുരുഷൈഃ പിതൃഗണാധി-
പതിരുപധാവതി മന്ത്രമിമം ചാനുജപതി.

| | | |
|---|---|---|
| ഹിരണ്മയേ അപി | = | ഹിരണ്മയമെന്ന വർഷത്തിങ്കലും, |
| കൂർമ്മതനും ബിഭ്രാണഃ | = | ആമയുടെ രൂപം ധരിച്ചുകൊണ്ട് |
| ഭഗവാൻ നിവസതി | = | ശ്രീവിഷ്ണുഭഗവാൻ സന്നിധാനംചെയ്യുന്നു. |
| തസ്യ തത്പ്രിയതമാം തനും | = | അവിടുത്തെ ആ പ്രിയതമമായ രൂപത്തെ |
| പിതൃഗണാധിപതിഃ അര്യമാ | = | പിതൃഗണങ്ങളുടെ അധിപതിയായ അര്യമാ എന്ന ദേവൻ |
| വർഷപുരുഷൈഃ സഹ | = | ആ വർഷത്തിൽ വസിക്കുന്ന ഭക്തജനങ്ങളോടുകൂടി |
| ഉപധാവതി | = | ഉപാസിച്ചുകൊണ്ടിരിക്കുന്നു; |
| ഇമം മന്ത്രം അനുജപതി ച | = | ഈ മന്ത്രത്തെ നിരന്തരം ജപിക്കുകയും ചെയ്യുന്നു. |

30 ഓം നമോ ഭഗവതേ അകൂപാരായ സർവ്വസത്ത്വഗുണവിശേഷണായ
നോപലക്ഷിതസ്ഥാനായ നമോ വർഷ്മണേ ഭൂമ്നേ നമോ നമോഽവ-
സ്ഥാനായ നമസ്തേ.

| | | |
|---|---|---|
| ഓം അകൂപാരായ ഭഗവതേ നമഃ | = | കൂർമ്മവിഗ്രഹനായ ഭഗവാന് നമസ്കാരം. |
| സർവ്വസത്ത്വഗുണവിശേഷണായ | = | സമസ്തസത്ത്വഗുണസമ്പന്നനും |
| നോപലക്ഷിതസ്ഥാനായ നമഃ | = | ആരും കാണാത്ത വാസസ്ഥലത്തോടുകൂടിയവനുമായ അവിടേക്ക് നമസ്കാരം. |
| വർഷ്മണേ ഭൂമ്നേ നമഃ | = | കാലത്തെ അതിക്രമിച്ചവനും എല്ലാടവും വ്യാപിച്ചവനുമായ അവിടേക്ക് നമസ്കാരം. |
| അവസ്ഥാനായ തേ നമോ നമഃ | = | സർവ്വാധാരശക്തിയായി നിലകൊള്ളുന്ന നിന്തിരുവടിക്ക് നമസ്കാരം. |

31 യദ്രൂപമേതന്നിജമായയാഽർപിത-
മർത്ഥസ്വരൂപം ബഹുരൂപരൂപിതം
സംഖ്യാ ന യസ്യാസ്ത്യയഥോപലംഭനാത്
തസ്മൈ നമസ്തേഽവ്യപദേശരൂപിണേ.

| | | | |
|---|---|---|---|
| നിജമായയാ | തന്റെ യോഗമായ കൊണ്ടു് | അയഥോപലംഭനാത് | മിത്ഥ്യയായ പ്രതിഭാസം നിമിത്തം |
| അർപിതം | പ്രകാശിപ്പിക്കപ്പെട്ടതും | യസ്യ | യാതൊന്നിന്നു് |
| ബഹുരൂപരൂപിതം | നാനാരൂപങ്ങളാൽ ഉപലക്ഷിതവും ആയ | സംഖ്യാ നാസ്തി | കൈയ്യും കണക്കുംതന്നെയില്ലയോ, * |
| ഏതത് | ഈയുള്ള | തസ്മൈ | അങ്ങനെയുള്ള |
| അർത്ഥസ്വരൂപം | ദൃശ്യപ്രപഞ്ചം | അവ്യപദേശരൂപിണേ | അനിർവചനീയപ്രപഞ്ചാകാരനായിരിക്കുന്ന |
| യദ്രൂപം | യാതൊരാളുടെ രൂപമാകുന്നുവോ, | തേ നമഃ | ഭവാന്നു് നമസ്കാരം. |

* പ്രപഞ്ചം മരീചികാജലംപോലെ മിത്ഥ്യാഭൂതമായ പ്രതിഭാസം മാത്രമാകയാൽ അതിന്നു് കൈയ്യും കണക്കും കാണുകയില്ല.

മായാകൃതമായ ഈ ബഹുരൂപത്വപ്രതിഭാസമാകട്ടെ ഈശ്വരനിൽനിന്നു് ഭിന്നമായതല്ലെന്നു് ഇനി കാണിക്കുന്നു.

32 ജരായുജം സ്വേദജമണ്ഡജോദ്ഭിദം
ചരാചരം ദേവർഷിപിതൃഭൂതമൈന്ദ്രിയം
ദ്യൗഃ ഖം ക്ഷിതിഃ ശൈലസരിത്സമുദ്ര-
ദ്വീപഗ്രഹർക്ഷേത്യഭിധേയ ഏകഃ.

| | | | |
|---|---|---|---|
| ജരായുജം | ജരായുവിൽനിന്നു് പിറക്കുന്ന മനുഷ്യാദിജന്തുവർഗ്ഗവും, | ഐന്ദ്രിയം | ഇന്ദ്രിയസംഘാതവും, |
| സ്വേദജം | സ്വേദത്തിൽനിന്നുണ്ടാവുന്ന മൂട്ട, പേൻ മുതലായ ക്ഷുദ്രജീവിവർഗ്ഗവും, | ദ്യൗഃ | വായുമണ്ഡലവും, |
| അണ്ഡജോദ്ഭിദം | അണ്ഡത്തിൽനിന്നു് പിറക്കുന്ന പക്ഷിവർഗ്ഗവും, മണ്ണിൽനിന്നു് മുളച്ചുണ്ടാവുന്ന വൃക്ഷലതാദിവർഗ്ഗവും, | ഖം | ശൂന്യാകാശവും, |
| ചരാചരം | സ്ഥാവരജംഗമജാതിയും | ക്ഷിതിഃ | ഭൂമിയും, |
| ദേവർഷിപിതൃഭൂതം | ദേവന്മാർ – ഋഷികൾ – പിതൃക്കൾ – ഭൂതങ്ങൾ എന്നീ വകയും, | ശൈലസരിത്സമുദ്രദ്വീപഗ്രഹർക്ഷേതി | മലകൾ – പുഴകൾ – കടലുകൾ ദ്വീപുകൾ – ഗ്രഹങ്ങൾ – നക്ഷത്രങ്ങൾ എന്നിങ്ങനെയും മററുമായിട്ടു് |
| | | അഭിധേയഃ | പറയപ്പെടാവുന്നതു് എല്ലാംതന്നെയും |
| | | (ത്വം) ഏകഃ | ഭവാൻ ഒരാൾതന്നെ |

ഈശ്വരന്റെ മായാകൃതമായ ഈ പ്രപഞ്ചകാരണതയെ നിരസിച്ച് നമസ്കരിക്കുന്നു.

33 യസ്മിന്നസംഖ്യേയവിശേഷനാമ-
രൂപാകൃതൗ കവിഭിഃ കല്പിതേയം
സംഖ്യാ യയാ തത്ത്വദൃശാഽപനീയതേ
തസ്മൈ നമഃ സാംഖ്യനിദർശനായ തേ - ഇതി.

| | | | |
|---|---|---|---|
| അസംഖ്യേയ-വിശേഷനാമ-രൂപാകൃതൗ | സംഖ്യയില്ലാത്ത വിശേഷങ്ങളോടുകൂടിയ നാമരൂപാകൃതികളോടു ചേർന്നിരിക്കുന്ന | കല്പിതാ | (ആദ്യം) കല്പിതമായിട്ട് |
| യസ്മിൻ | യാതൊരു നിന്തിരുവടിനിൽ | യയാ | യാതൊരു |
| കവിഭിഃ | കപിലാദി സാംഖ്യാചാര്യന്മാരാൽ | തത്ത്വദൃശാ | തത്ത്വദർശനത്താൽ തന്നെ |
| ഇയം സംഖ്യാ | ഈ (ഇരുപത്തിനാല്) തത്ത്വങ്ങളുടെ സംഖ്യ | അപനീയതേ | (പിന്നീട്)നിരസിക്കപ്പെടുകയും ചെയ്യുന്നുവോ, |
| | | തസ്മൈ സാംഖ്യനിദർശനായ | ആ സാംഖ്യസിദ്ധാന്തസ്വരൂപനായിരിക്കുന്ന |
| | | തേ | നിന്തിരുവടിക്ക് |
| | | നമഃ ഇതി | നമസ്കാരം—എന്ന് |

34 ഉത്തരേഷു ച കുരുഷു ഭഗവാൻ യജ്ഞപുരുഷഃ കൃതവരാഹരൂപ
ആസ്തേ. തം തു ദേവീ ഹൈഷാ ഭൂഃ സഹ കുരുഭിരസ്ഖലിതഭക്തി-
യോഗേനോപധാവതി ഇമാം ച പരമാമുപനിഷദമാവർത്തയതി.

| | | |
|---|---|---|
| ഉത്തരേഷു കുരുഷു ച | = | ഉത്തരകുരുവർഷത്തിലും |
| യജ്ഞപുരുഷഃ ഭഗവാൻ | = | യജ്ഞമൂർത്തിയായ ഭഗവാൻ ശ്രീഹരി |
| കൃതവരാഹരൂപഃ ആസ്തേ | = | വരാഹരൂപം സ്വീകരിച്ച് സന്നിധാനംചെയ്യുന്നു |
| ഏഷാ ഭൂഃ ദേവീ | = | ഈ ഭൂമിദേവി |
| കുരുഭിഃ സഹ | = | കുരുവർഷവാസികളോടുകൂടി |
| അസ്ഖലിതഭക്തിയോഗേന | = | പതറിച്ചയില്ലാത്ത ഭക്തിയോഗത്തോടെ |
| തം തു ഹ ഉപധാവതി | = | തന്തിരുവടിയെ നിത്യവും ഉപാസിക്കുന്നു |
| പരമാം ഇമാം ഉപനിഷദം | = | ശ്രേഷ്ഠതയുള്ള ഈ ഉപനിഷത്തിനെ |
| ആവർത്തയതി ച | = | ഉരുവിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. |

35 ഓം നമോ ഭഗവതേ മന്ത്രതത്ത്വലിംഗായ യജ്ഞക്രതവേ മഹാ-
ധ്വരാവയവായ മഹാപുരുഷായ നമഃ. കർമ്മശുക്ലായ ത്രിയുഗായ
നമസ്തേ.

| | | |
|---|---|---|
| ഓം മന്ത്രതത്ത്വലിംഗായ | = | വേദസൂക്തങ്ങളാൽ താത്ത്വികമായറിയപ്പെടുന്ന |
| ഭഗവതേ നമഃ | = | സർവ്വൈശ്വര്യാദി ഗുണസമ്പന്നനായ അവിടേക്ക് നമസ്കാരം |
| യജ്ഞക്രതവേ | = | അയൂപസയൂപഭേദേന രണ്ടുപ്രകാരത്തിലുമുള്ള യാഗങ്ങളുടെ സ്വരൂപമായവനും |

| | | |
|---|---|---|
| മഹാധ്വരാവയവായ | = | മഹായാഗങ്ങൾ അവയവങ്ങളായി ഭവിച്ചിരിക്കുന്നവനും ആയ |
| മഹാപുരുഷായ നമഃ | = | പുരുഷോത്തമന്ന് നമസ്കാരം |
| കർമ്മശുക്ലായ | = | കർമ്മത്താൽ പരിശുദ്ധനായ യാജ്ഞികനായി |
| ത്രിയുഗായ തേ നമഃ | = | മൂന്നു യുഗങ്ങളിലും ആവിർഭൂതനാവുന്ന നിന്തിരുവടിക്കു നമസ്കാരം. |

കൃതയുഗത്തിൽ യജ്ഞങ്ങൾ ഇല്ലാതിരുന്നതുകൊണ്ട് അതിനെ വിട്ടതായികരുതാം അല്ലെങ്കിൽ കലിയുഗത്തിൽ യജ്ഞങ്ങൾ മുടങ്ങിപ്പോയതുകൊണ്ട് അതിനെ വിട്ടതാണെന്നും കരുതാം. അങ്ങനെ "ത്രിയുഗായ" എന്നതിന്ന് ഉപപത്തി കാണണം.

36 യസ്യ സ്വരൂപം കവയോ വിപശ്ചിതോ
ഗുണേഷു ദാരുഷ്വിവ ജാതവേദസം
മഥ്നന്തി മഥ്നാ മനസാ ദിദൃക്ഷവോ
ഗൂഢം ക്രിയാർത്ഥൈർന്നമ ഈരിതാത്മനേ.

| | | | |
|---|---|---|---|
| വിപശ്ചിതഃ | വിവേകശാലികളായ | ഗുണേഷു | ഗുണകാര്യങ്ങളായ ശരീരേന്ദ്രിയാദികളിൽ, |
| കവയഃ | വിദ്വാന്മാർ | ജാതവേദസം | അഗ്നിയെ |
| ക്രിയാർത്ഥൈഃ | കർമ്മങ്ങളാലും കർമ്മഫലങ്ങളാലും | ദാരുഷു ഇവ | അരണിയിലെന്നപോലെ |
| ഗൂഢം | അപ്രകാശമാനമായ | മഥ്നന്തി | കടയുന്നു— |
| യസ്യ | യാതൊരു ഭവാന്റെ | (തദാ) | അന്നേരത്ത് |
| സ്വരൂപം | സ്വരൂപത്തെ | ഈരിതാത്മനേ | പ്രകടിതരൂപനായിഭവിക്കുന്ന |
| ദിദൃക്ഷവഃ | ദർശിക്കവാനാഗ്രഹിച്ചുകൊണ്ട് | തസ്മൈ (തേ) | ആ നിന്തിരുവടിക്ക് |
| മനസാ | മനസ്സാവുന്ന | നമഃ | നമസ്കാരം. |
| മഥ്നാ | കടകോലുകൊണ്ട് | | |

ഇപ്പറഞ്ഞ മാനസികമഥനത്തെത്തന്നെ വ്യക്തമാക്കിക്കൊണ്ട് പറയുന്നു—

37 ദ്രവ്യക്രിയാഹേത്വയനേശകർത്തൃഭിർ-
മ്മായാഗുണൈർവസ്തുനിരീക്ഷിതാത്മനേ
അന്വീക്ഷയാംഗാതിശയാത്മബുദ്ധിഭിർ-
ന്നിരസ്തമായാകൃതയേ നമോ നമഃ.

| | | | |
|---|---|---|---|
| ദ്രവ്യക്രിയാ-ഹേത്വയനേ-ശകർത്തൃഭിഃ | ശബ്ദാദിവിഷയങ്ങൾ, ഇന്ദ്രിയവ്യാപാരങ്ങൾ, അവയ്ക്ക് ഹേതുക്കളായ അധിഷ്ഠാനദേവതകൾ, പാഞ്ചഭൗതികശരീരം, അതിന്ന് രൂപം കൊടു- | | ത്ത കാലശക്തി, കർത്തൃത്വാഭിമാനംകൊള്ളുന്ന അഹംബുദ്ധി എന്നിങ്ങനെയുള്ള |
| | | മായാഗുണൈഃ | മായാഗുണകാര്യങ്ങളോടുചേർന്ന് |

| | | | |
|---|---|---|---|
| നിരീക്ഷിതാത്മനേ | വസ്തുതത്വേന നിരീക്ഷിക്കപ്പെട്ട ആത്മതത്വമായിരിക്കുന്നവനും, | നിരസ്തമായാകൃതയേ | നിരസിക്കപ്പെട്ട ആ മായാനിമിത്താകാരത്തോടുകൂടിയുള്ളവനുമായ നിന്തിരുവടിക്കു് |
| അന്വീക്ഷയാ | തത്വവിചാരംകൊണ്ടും | | |
| അംഗാതിശയാത്മബുദ്ധിഭിഃ | യമനിയമാദികൾകൊണ്ടും സുനിശ്ചിതബുദ്ധി കൈവന്നിട്ടുള്ളവരാൽ | നമോ നമഃ | അനേകം നമസ്കാരം. |

38 കരോതി വിശ്വസ്ഥിതിസംയമോദയം
യസ്യേപ്സിതം നേപ്സിതമീക്ഷിതുർഗ്ഗുണൈഃ
മായാ യഥാഽയോ ഭ്രമതേ തദാശ്രയം
ഗ്രാവ്ണോ നമസ്തേ ഗുണകർമ്മസാക്ഷിണേ.

| | | | |
|---|---|---|---|
| ഗ്രാവ്ണഃ | കാന്തശിലയെ നിമിത്തീകരിച്ചു് | നേപ്സിതം | വാസ്തവത്തിൽ ഇച്ഛയ്ക്കു് വിഷയമാകാത്തതുമായ |
| അയഃ | ഇരുമ്പു് | വിശ്വസ്ഥിതിസംയമോദയം | ലോകത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരപ്രക്രിയ |
| തദാശ്രയം | അതിന്നഭിമുഖമായി | | |
| യഥാ | ഏപ്രകാരം | ഗുണൈഃ | സത്വാദിഗുണങ്ങൾകൊണ്ടു് |
| ഭ്രമതേ | ചുററുന്നുവോ, | കരോതി | ചെയ്തുകൊണ്ടിരിക്കുന്നുവോ, |
| (തഥാ) | അപ്രകാരം | | |
| മായാ | മായ (പ്രകൃതി) | ഗുണകർമ്മസാക്ഷിണേ | ഗുണകർമ്മങ്ങൾക്കു് സാക്ഷിയായി നിലകൊള്ളുന്ന |
| ഈക്ഷിതുഃ | ദ്രഷ്ടാവായ | | |
| യസ്യ | യാതൊരുവന്റെ | (തസ്മൈ) തേ | ആ നിന്തിരുവടിക്കായി |
| ഈപ്സിതം | ഇച്ഛാവിഷയമായതും | നമഃ | നമസ്കരിക്കുന്നു. |

അവതാരചരിതം അനുസ്മരിച്ചു് പ്രണമിക്കുന്നു—

39 പ്രമഥ്യ ദൈത്യം പ്രതിവാരണം മൃധേ
യോ മാം രസായാ ജഗദാദിസൂകരഃ
കൃത്വാഗ്രദംഷ്ട്രേ നിരഗാദുദന്വതഃ
ക്രീഡന്നിവേഭഃ പ്രണതാസ്മി തം വിഭും—ഇതി

| | | | |
|---|---|---|---|
| മൃധേ | യുദ്ധത്തിൽ | പ്രമഥ്യ | അടിച്ചുതമർത്തി, |
| പ്രതിവാരണം | എതിരിട്ടുവന്ന മറെറാരു ഗജത്തെപ്പോലുള്ള | യഃ | യാതൊരു |
| | | ആദിസൂകരഃ | ആദിവരാഹമൂർത്തിയാണോ |
| ദൈത്യം | ദിതിപുത്രനായ ഹിരണ്യാക്ഷനെ | മാം | എന്നെ (ഭൂമിയെ) |

| | | | |
|---|---|---|---|
| അഗ്രദംഷ്ട്രേ | ദംഷ്ട്രാഗ്രത്തിൽവെച്ച് | നിരഗാത് | പുറത്തുവന്നത്, |
| ഇഭഃ ഇവ | മത്തഗജംപോലെ | തം വിഭും | ആ സർവ്വശക്തനെ |
| ഉദന്വതഃ | സമുദ്രത്തിൽനിന്ന് | പ്രണതാ അസ്മി | ഞാൻ നമസ്കരിക്കുന്നു. |
| ക്രീഡൻ | വിഹരിച്ചുകൊണ്ട് | ഇതി | ഇങ്ങനെ ഭൂമിദേവി |
| | | | സ്തുതിച്ച് ഉപാസിക്കുന്നു |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ ഭുവനകോശവർണ്ണനം നാമ അഷ്ടാദശോऽധ്യായഃ ആദിതഃ ശ്ലോകാനി 460.

അഞ്ചാമത്തെ സ്കന്ധത്തിൽ പതിനെട്ടാമദ്ധ്യായം കഴിഞ്ഞു.

---

# ഏകോനവിംശോऽധ്യായഃ — അദ്ധ്യായം പത്തൊമ്പത്.

## കിംപുരുഷഭാരതവർഷങ്ങളുടെ സ്ഥിതിവർണ്ണനം.

"ഊനവിംശേ കിംപുരുഷേ ഭാരതേ ചോപവർണ്യതേ
സേവ്യസേവകഭാവശ്ച ഭാരതശ്രൈഷ്ഠ്യവർണനം".

കിംപുരുഷം, ഭാരതം എന്നീ പേരുകളോടെ ജംബൂദ്വീപിന്റെ ദക്ഷിണഭാഗത്തു കിടക്കുന്ന രണ്ടുഭൂഖണ്ഡങ്ങളിൽ ഭഗവാൻ ഏതേതുഭാവത്തിൽ സന്നിധാനംചെയ്യുന്നുവെന്നും ഭഗവാനെ സേവിക്കുന്നവർ ആരെന്നുള്ളതും ഈ അദ്ധ്യായത്തിൽ പറയുന്നു. ഭാരതഭൂമിയുടെ സർവ്വാതിശായിത്വവും വർണ്ണിക്കപ്പെടുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

1 കിംപുരുഷേ വർഷേ ഭഗവന്തമാദിപുരുഷം ലക്ഷ്മണാഗ്രജം സീതാഭി-
രാമം രാമം തച്ചരണസന്നികർഷാഭിരതഃ പരമഭാഗവതോ ഹനുമാൻ
സഹ കിംപുരുഷൈരവിരതഭക്തിരുപാസ്തേ.

| | | |
|---|---|---|
| കിംപുരുഷേ വർഷേ | = | കിംപുരുഷമെന്ന വർഷത്തിൽ |
| ആദിപുരുഷം ലക്ഷ്മണാഗ്രജം | = | ആദിപുരുഷനും ലക്ഷ്മണജ്യേഷ്ഠനും |
| സീതാഭിരാമം | = | സീതാമനോഹരാംഗനുമായ |
| ഭഗവന്തം രാമം | = | ഭഗവാൻ ശ്രീരാമചന്ദ്രനെ |
| തച്ചരണസന്നികർഷാഭിരതഃ | = | അവിടുത്തെ തൃപ്പാദാന്തികസേവനത്തിൽ തത്പരനും |
| പരമഭാഗവതഃ ഹനുമാൻ | = | ഭക്തോത്തമനുമായ ശ്രീഹനുമാൻ |
| കിംപുരുഷൈഃ സഹ | = | കിംപുരുഷന്മാരോടുകൂടെ |
| അവിരതഭക്തിഃ ഉപാസ്തേ | = | അനവരതഭക്തിയുക്തനായി ഉപാസിക്കുന്നു. |

2 ആർഷ്ടിഷേണേന സഹ ഗന്ധർവൈരനുഗീയമാനാം പരമകല്യാണീം
ഭർത്തൃഭഗവത്കഥാം സമുപശൃണോതി സ്വയം ചേദം ഗായതി.

| | | |
|---|---|---|
| ആർഷ്ടിഷേണേന സഹ | = | ആർഷ്ടിഷേണനെന്ന കിംപുരുഷാധിപനോടുകൂടി |
| ഗന്ധർവൈഃ അനുഗീയമാനാം | = | ഗന്ധർവന്മാരാൽ അനുഗാനംചെയ്യപ്പെടുന്ന |
| പരമകല്യാണീം | = | അത്യന്തം മംഗളകരമായുള്ള |
| ഭർത്തൃഭഗവത്കഥാം | = | തന്റെ സ്വാമിയായ ശ്രീരാമന്റെ ചരിതത്തെ |
| സമുപശൃണോതി | = | സശ്രദ്ധം ശ്രവിച്ചുകൊണ്ടിരിക്കുന്നു; |
| സ്വയം ച ഇദം ഗായതി | = | താനും ഈ സ്തോത്രത്തെ ഗാനംചെയ്യുന്നു. |

3 ഓം നമോ ഭഗവതേ ഉത്തമശ്ലോകായ നമ ആര്യലക്ഷണശീലവ്രതായ
നമ ഉപശിക്ഷിതാത്മന ഉപാസിതലോകായ നമഃ സാധുവാദനിക-
ഷണായ നമോ ബ്രഹ്മണ്യദേവായ മഹാപുരുഷായ മഹാരാജായ നമ
ഇതി.

| | | |
|---|---|---|
| ഉത്തമശ്ലോകായ | = | ഉദാത്തമായ കീർത്തിയോടുകൂടിയ |
| ഭഗവതേ ഓം നമഃ | = | ഭഗവാൻ ശ്രീരാമചന്ദ്രമൂർത്തിക്ക് നമസ്കാരം |
| ആര്യലക്ഷണശീലവ്രതായ | = | ഉത്കൃഷ്ടമായ ലക്ഷണങ്ങളോടും സ്വഭാവനിഷ്ഠകളോടും കൂടിയവനായി |
| ഉപശിക്ഷിതാത്മനേ നമഃ | = | സംയതചിത്തനായിരിക്കുന്ന അവിടേക്ക നമസ്കാരം |
| ഉപാസിതലോകായ നമഃ | = | ലോകസംഗ്രഹാർത്ഥം ലോകത്തെ അനുവർത്തിക്കുന്ന നിന്തിരുവടിക്ക നമസ്കാരം |
| സാധുവാദനികഷണായ നമഃ | = | സാധുതയുടെ മാററുരക്കല്ലായിരിക്കുന്ന — സാധുഗുണങ്ങളുടെ പരമകാഷ്ഠയായിരിക്കുന്ന ഭഗവാന് നമസ്കാരം. |
| ബ്രഹ്മണ്യദേവായ | = | ബ്രാഹ്മണഭക്തനും |
| മഹാപുരുഷായ | = | സാക്ഷാൽ പുരുഷോത്തമനും |
| മഹാരാജായ നമഃ ഇതി | = | രാജാധിരാജനുമായ നിന്തിരുവടിക്ക് നമസ്കാരം— എന്നിങ്ങനെ |

ശ്രീരാമനെ പരമാത്മസ്വരൂപേണ പ്രണമിക്കുന്നു.

4 യത്തദ്വിശുദ്ധാനുഭവമാത്രമേകം
സ്വതേജസാ ധ്വസ്തഗുണവ്യവസ്ഥം
പ്രത്യക് പ്രശാന്തം സുധിയോപലംഭനം
ഹ്യനാമരൂപം നിരഹം പ്രപദ്യേ.

| | | | |
|---|---|---|---|
| വിശുദ്ധാനുഭവമാത്രം | വിശുദ്ധാനുഭവമായുന്ന സ്വരൂപത്തോടുകൂടിയ— | സ്വതേജസാ | സ്വരൂപപ്രകാശത്താൽ |
| | | ധ്വസ്തഗുണവ്യവസ്ഥം | അകററപ്പെട്ട ത്രിഗുണങ്ങളുടെ ജാഗ്രദാദ്യവസ്ഥകളോടുകൂടിയ— |
| പ്രശാന്തം | പ്രകർഷേണ ശാന്തമായ— | | |

| | | | |
|---|---|---|---|
| പ്രത്യക് | ദൃശ്യത്തിൽനിന്നു് വ്യത്യസ്തമായ— | ഉപലംഭനം | ബ്രഹ്മത്വേന സാക്ഷാൽ കരിക്കപ്പെടുന്നതായ |
| അനാമരൂപം | നാമരൂപങ്ങളിൽനിന്നു് അതീതമായ— | ഏകം | ഏകത്വമായിട്ടു് |
| | | യത് | യാതൊന്നു് സ്ഥിതി ചെയ്യുന്നുവോ, |
| നിരഹം | അഹംകാരരഹിതമായ— | | |
| സുധിയാ | വിശുദ്ധചിത്തനായുള്ളവനാൽ | തത് ഹി | ആയതിനെത്തന്നെ |
| | | പ്രപദ്യേ | ഞാൻ ശരണംഗമിക്കുന്നു |

അങ്ങനെ ആ വേദാന്തപ്രസിദ്ധമായ നിർഗ്ഗുണബ്രഹ്മതത്വമാണു് ശ്രീരാമനെങ്കിൽ ദശരഥപുത്രത്വാദി സംഗതമാകുന്നതെങ്ങനെ? എന്നാണെങ്കിൽ പറയുന്നു—

5 മർത്ത്യാവതാരസ്ത്വിഹ മർത്ത്യശിക്ഷണം
രക്ഷോവധായൈവ ന കേവലം വിഭോഃ
കുതോഽന്യഥാ സ്യാദ്രമതഃ സ്വ ആത്മനഃ
സീതാകൃതാനി വ്യസനാനീശ്വരസ്യ

| | | | |
|---|---|---|---|
| വിഭോഃ | സർവ്വസമർത്ഥനായ അവിടുത്തെ | അന്യഥാ | അല്ലെങ്കിൽ |
| മർത്ത്യാവതാരഃ | മനുഷ്യാവതാരം | സ്വേ | സ്വസ്വരൂപത്തിൽ |
| രക്ഷോവധായ ഏവ | രാവണനിഗ്രഹത്തിന്നു വേണ്ടിമാത്രം | രമതഃ | രമിച്ചുകൊണ്ടിരിക്കുന്ന |
| | | ഈശ്വരസ്യ | സർവ്വനിയന്താവായ |
| ന കേവലം | തികച്ചും ആയിരുന്നില്ല. | ആത്മനഃ | സർവ്വാത്മാവിന്നു് |
| ഇഹ തു | ഈ ഭൂമിയിൽ | സീതാകൃതാനി | സീതാവിരഹകൃതങ്ങളായ |
| മർത്ത്യശിക്ഷണം | മനുഷ്യരാശിക്കു് ചില പാഠങ്ങൾ പഠിപ്പിക്കുന്നതിന്നുംകൂടിയായിരുന്നു. | വ്യസനാനി | വ്യസനങ്ങൾ |
| | | കുതഃ സ്യാത് | എങ്ങനെ വരും ? |

രാവണവധം മാത്രമായിരുന്നില്ല അവിടുത്തെ മനുഷ്യാവതാരോദ്ദേശ്യം. സ്ത്രീപ്രസക്തിമൂലം ലോകത്തിൽ മനുഷ്യജീവികൾക്കുണ്ടാവുന്ന ദുർവ്വാരദുഃഖങ്ങളുടെ സ്വഭാവം സ്വാനുഭവത്തിലൂടെ ഉദാഹരിച്ചുകൊടുത്തു് സാധാരണജനങ്ങളെ ബോധവാന്മാരാക്കുക എന്നുള്ളതുംകൂടി ആ അവതാരത്തിന്റെ ഉദ്ദേശ്യമായിരുന്നു. അതിനുവേണ്ടിയാണു് സർവ്വസ്വരൂപനായ തന്തിരുവടി ദശരഥപുത്രത്വവും സീതാപതിത്വവും സ്വീകരിച്ചു് മർത്ത്യജീവിതനാടകമഭിനയിച്ചതു് — എന്നു് സാരം.

ഭഗവാന്റെ മനുഷ്യചേഷ്ടിതം ലോകശിക്ഷണാർത്ഥമായിരുന്നു; ഒരിക്കലും സക്തികൊണ്ടായിരുന്നില്ല എന്നതു് ഇനിയും പറഞ്ഞുറപ്പിക്കുന്നു.

6 ന വൈ സ ആത്മാഽത്മവതാം സുഹൃത്തമഃ
സക്തസ്ത്രിലോക്യാം ഭഗവാൻ വാസുദേവഃ
ന സ്ത്രീകൃതം കശ്മലമശ്നുവീത
ന ലക്ഷ്മണം ചാപി വിഹാതുമർഹതി.

| | | | |
|---|---|---|---|
| ഭഗവാൻ | സമസ്തൈശ്വര്യാദി ഷഡ്ഗുണസംപൂർണ്ണനും | ആത്മവതാം | ധീരാത്മാക്കൾക്ക് |
| | | ആത്മാ | ആത്മാവും |
| വാസുദേവഃ | വിശുദ്ധസാത്വികാന്തഃകരണത്തിൽ വിദ്യോതിക്കുന്നവനുമായ | സുഹൃത്തമഃ | പരമസുഹൃത്തുമാകുന്നു. |
| | | (തത്) | ആകയാൽ |
| | | സ്ത്രീകൃതം | സ്ത്രീനിമിത്തമായുള്ള |
| സഃ | തന്തിരുവടി | കശ്മലം | മോഹത്തെ |
| ത്രിലോക്യാം | മൂന്നുലോകത്തിലും | ന അശ്നുവീത | അനുഭവിക്കുവാൻ ഇടയില്ല; |
| (കാപി) വൈ | ഒന്നിലും തന്നെ | | |
| ന സക്തഃ | സക്തനല്ല. | ലക്ഷ്മണം ച അപി | ലക്ഷ്മണനേയും |
| (യതഃ സഃ) | എന്തെന്നാൽ, | വിഹാതും | ഉപേക്ഷിക്കുവാൻ |
| | അവിടുന്ന് | ന അർഹതി | അർഹിക്കുന്നില്ല. |

ശ്രീരാമമഹാരാജാവ് ദേവദൂതനുമായി രഹസ്യസംഭാഷണം ചെയ്യുകയായിരുന്നു. തദവസരത്തിൽ വന്നുകയറി വിഘ്നമുണ്ടാക്കുന്ന ആളെ വധിക്കുമെന്നായിരുന്നു നിശ്ചയം. ഇതറിഞ്ഞിരുന്നിട്ടും ലക്ഷ്മണൻ ദുർവാസസ്സമഹർഷിയുടെ ആഗമനം അറിയിക്കുവാൻ സംഭാഷണമദ്ധ്യേ കടന്നുചെന്നു. സത്യവ്രതനായ അവിടുന്ന് അനുജനെ വധിക്കാൻ ഒരുങ്ങി. അപ്പോൾ വസിഷ്ഠൻ തടഞ്ഞു, വധവും പരിത്യാഗവും തുല്യമാണെന്നുപദേശിച്ചു. അതനുസരിച്ച് ശ്രീരാമൻ ലക്ഷ്മണനെ ഉപേക്ഷിച്ച് വാക്ക് നിറവേററി. ഇങ്ങനെ (വാല്മീകി — ഉത്തരകാണ്ഡം) ധർമ്മത്തിലായാലും കാമത്തിലായാലും ആസക്തി അനൎത്ഥഹേതുകമാണെന്ന് ലോകരെ പഠിപ്പിച്ചു.

ശ്രീരാമൻ മാത്രമാണ് സേവ്യനെന്നും ഭക്തി ഒന്നുമാത്രമേ അവിടുത്തേക്ക് സന്തോഷകരമായിട്ടുള്ളുവെന്നും ഇനി തുടൎന്ന് കീർത്തിക്കുന്നു.

7 ന ജന്മ നൂനം മഹതോ ന സൌഭഗം
ന വാങ്ന ബുദ്ധിർനാകൃതിസ്തോഷഹേതുഃ
തൈര്യദ്വിസൃഷ്ടാനപി നോ വനൌകസ-
ചകാര സഖ്യേ ബത ലക്ഷ്മണാഗ്രജഃ.

| | | | |
|---|---|---|---|
| തസ്യ | തന്തിരുവടിക്ക് | തൈഃ | അവകളാൽ |
| തോഷഹേതുഃ | സന്തോഷകാരണമായതു് | വിസൃഷ്ടാൻ അപി | അകററിനിർത്തപ്പെട്ട (ആ ഗുണങ്ങളൊന്നുമില്ലാത്ത) |
| മഹതഃ | വലിയൊരാളിൽനിന്നു | | |
| ജന്മ ന | ജനനമല്ല, [ഇ | വനൌകസഃ | കാട്ടുജന്തുക്കളായ |
| സൌഭഗം ന | സൌന്ദര്യമല്ല, | നഃ | ഞങ്ങളെപ്പോലും |
| വാക് ന | വാക്പാടവമല്ല, | ലക്ഷ്മണാഗ്രജഃ | ശ്രീരാമചന്ദ്രൻ |
| ബുദ്ധിഃ ന | ബുദ്ധിയല്ല, | സഖ്യേ | വേഴ്ചയിൽ |
| ആകൃതിഃ ന | ജാതിയുമല്ല. | ചകാര | സ്വീകരിച്ചിരിക്കുന്നു. |
| യത് | എന്തെന്നാൽ | ബത | അദ്ഭുതം നോക്കുക. |

കലീനത്വാദിഗുണങ്ങളൊന്നുമല്ല സന്തോഷഹേതു, ഭക്തിമാത്രമാണ് എന്നു് സൂചിതാൎത്ഥം.

8 സുരോ ഽ സുരോ വാപ്യഥ വാനരോ നരഃ
സൎവ്വാത്മനാ യഃ സുകൃതജ്ഞമുത്തമം
ഭജേത രാമം മനുജാകൃതിം ഹരിം
യ ഉത്തരാനനയത് കോസലാൻ ദിവം – ഇതി.

| | | | |
|---|---|---|---|
| സുരഃ | ദേവനോ, | സുകൃതജ്ഞം | അല്പന്റെ ഭജനത്തെ പ്പോലും അറിഞ്ഞാദരിക്കുന്നവനും |
| അസുരഃ വാ | അസുരനോ ആകട്ടെ, | ഉത്തമം | പരാത്പരനും |
| അഥ അപി | അല്ലെങ്കിൽ | മനുജാകൃതിം | മനുഷ്യവേഷംധരിച്ച |
| വാനരഃ | വാനരനോ | ഹരിം | സാക്ഷാൽ ശ്രീഹരിയുമായ |
| നരഃ | നരനോ ആകട്ടെ, | രാമം | ആ ശ്രീരാമചന്ദ്രനെ |
| യഃ (കോപി) | ആരുതന്നെയായാലും, | സൎവ്വാത്മനാ | സൎവ്വഭാവേന |
| യഃ | യാതൊരാളാണോ | ഭജേത | ഭജിച്ചുകൊള്ളണം— |
| ഉത്തരാൻ കോസലാൻ | ഉത്തരകോസല (അയോദ്ധ്യാ) വാസികളായ എല്ലാവരേയും | ഇതി | എന്നിങ്ങനെ ഹനുമാൻ സ്തുതിക്കുന്നു. |
| ദിവം | സ്വർഗ്ഗലോകത്തേക്കു് | | |
| അനയത് | കൊണ്ടുപോയയ്യു്, | | |

9 ഭാരതേ ഽ പി വൎഷേ ഭഗവാൻ നരനാരായണാഖ്യ ആകല്പാന്തമുപ–
ചിതധൎമ്മജ്ഞാനവൈരാഗ്യൈശ്വൎയ്യോപശമോപരമാത്മോപലംഭന–
മനുഗ്രഹായാത്മവതാമനുകമ്പയാ തപോ ഽ വ്യക്തഗതിശ്ചരതി.

| | | |
|---|---|---|
| ഭാരതേ വൎഷേ അപി | = | ഭാരതമെന്നുപേരായ ഈ വൎഷത്തിങ്കലും |
| ഭഗവാൻ | = | ഭഗവാൻ ശ്രീമഹാവിഷ്ണു |
| നരനാരായണാഖ്യഃ | = | നരനെന്നും നാരായണനെന്നും ഉള്ള നാമധേയത്തോടെ |
| അവ്യക്തഗതിഃ | = | അസ്പഷ്ടരൂപത്തോടുകൂടിയവനായി |
| ഉപചിതധൎമ്മജ്ഞാന-വൈരാഗ്യൈശ്വൎയ്യോപശമോ-പരമാത്മോപലംഭനം തപഃ | } | വൎദ്ധിതമായ ധൎമ്മം, ജ്ഞാനം, വൈരാഗ്യം, ഐശ്വൎയ്യം, ഇന്ദ്രിയനിഗ്രഹം, നിരഹംകാരത എന്നിവയാൽ ആത്മദൎശനം ഉണ്ടാകുമാറുള്ള തപസ്സിനെ |
| ആത്മവതാം അനുഗ്രഹായ | = | ധീരാത്മാക്കളെ അനുഗ്രഹിക്കുന്നതിന്നായി |
| അനുകമ്പയാ | = | ഉൾക്കനിവോടുകൂടി |
| ആകല്പാന്തം ചരതി | = | കല്പാന്തകാലത്തോളം അനുഷ്ഠിച്ചുവരുന്നു. |

10 തം ഭഗവാൻ നാരദോ വൎണ്ണാശ്രമവതീഭിൎഭാരതീഭിഃ പ്രജാഭിൎഭഗ–
വത്പ്രോക്താഭ്യാം സാംഖ്യയോഗാഭ്യാം ഭഗവദനുഭാവോപവൎണ്ണനം
സാവൎണ്ണേരുപദേക്ഷ്യമാണഃ പരമഭക്തിഭാവേനോപസരതി ഇദം
ചാഭിഗൃണാതി.

ഭഗവാൻ നാരദഃ = സർവ്വജ്ഞാനനിധിയായ ശ്രീനാരദൻ
വർണാശ്രമവതീഭിഃ = വർണ്ണാശ്രമമുറകളെ ആചരിച്ചുവരുന്ന
ഭാരതീഭിഃ പ്രജാഭിഃ = ഭാരതീയജനങ്ങളോടുകൂടി,
ഭഗവത്പ്രോക്താഭ്യാം = ഭഗവാനാൽത്തന്നെ വിസ്തരിച്ചുപദേശിക്കപ്പെട്ട
സാംഖ്യയോഗാഭ്യാം = ജ്ഞാനയോഗത്തോടും കർമ്മയോഗത്തോടും കൂടവെ
ഭഗവദനുഭാവോപവർണനം = ഭഗവന്മാഹാത്മ്യത്തെ പ്രകീർത്തിക്കുന്ന 'പഞ്ചരാത്ര'മെന്ന ഭക്തിയോഗത്തെ
സാവർണേഃ ഉപദേക്ഷ്യമാണഃ = സാവർണ്ണിയെന്ന മനുവിന് ഉപദേശിച്ചുകൊടുത്തുകൊണ്ട്
പരമഭക്തിഭാവേന = ആത്യന്തികമായ പ്രേമഭക്തിയോടെ
തം ഉപസരതി = തന്തിരുവടിയെ ഉപാസിക്കുന്നു;
ഇദം ച അഭിഗൃണാതി = ഈ സ്തോത്രത്തെ ജപിക്കുകയും ചെയ്യുന്നു

11 ഓം നമോ ഭഗവതേ ഉപശമശീലായോപരതാനാത്മ്യായ നമോഽകിഞ്ചനവിത്തായ ഋഷിഋഷഭായ നരനാരായണായ പരമഹംസപരമഗുരവേ ആത്മാരാമാധിപതയേ നമോ നമ ഇതി ഗായതി ചേദം.

ഉപശമശീലായ = സർവ്വേന്ദ്രിയങ്ങളെയും നിയന്ത്രിച്ച് പ്രശാന്താവായി,
ഉപരതാനാത്മ്യായ = നിരഹംകാരനായി മരുവുന്ന
ഭഗവതേ ഓം നമഃ = ഭഗവാൻ നരനാരായണമൂർത്തിക്ക് നമസ്കാരം.
അകിഞ്ചനവിത്തായ = തപസ്സൊഴികെ മററയാതൊരു ധനവും ഇല്ലാത്തവനായി,
ഋഷി ഋഷഭായ നമഃ = ഋഷിശ്രേഷ്ഠനായി മരുവുന്ന അവിടേക്ക് നമസ്കാരം
പരമഹംസപരമഗുരവേ = വിവേകവിജ്ഞാനം സിദ്ധിച്ച യോഗീന്ദ്രന്മാർക്കെല്ലാം പരമഗുരുഭൂതനായി,
ആത്മാരാമാധിപതയേ = ആത്മാവിൽത്തന്നെ ആനന്ദംകൊണ്ടിരിക്കുന്ന ജീവന്മുക്തന്മാരുടെ അധിപതിയായി,
നരനാരായണായ = നരനാരായണസ്വരൂപഭേദത്തിൽ അവതീർണ്ണനായ നിന്തിരുവടിക്ക്
നമോ നമ ഇതി = നമസ്കാരം, നമസ്കാരം എന്നു് മന്ത്രം.
ഇദം ച ഗായതി = ഈ വിധം വാഴ്ത്തിപ്പാടുകയും ചെയ്യുന്നു—

12 കർത്താഽസ്യ സർഗാദിഷു യോ ന ബധ്യതേ
ന ഹന്യതേ ദേഹഗതോഽപി ദൈഹികൈഃ
ദ്രഷ്ടുർന ദൃഗ്യസ്യ ഗുണൈർവിദൂഷ്യതേ
തസ്മൈ നമോഽസക്തവിവിക്തസാക്ഷിണേ.

| | | | |
|---|---|---|---|
| അസ്യ | ഈ ലോകത്തിന്റെ | കർത്താ അപി | കർത്താവായിരുന്നിട്ടും |
| സർഗാദിഷു | സൃഷ്ടി മുതലായ കാര്യങ്ങളിൽ | യഃ | യാതൊരാൾ |

| | |
|---|---|
| ന ബദ്ധ്യതേ | ബദ്ധനായി ഭവിക്കുന്നില്ലയോ, |
| ദേഹഗതഃ അപി | ശരീരസംബന്ധമുള്ളവനായിരുന്നിട്ടും |
| ദൈഹികൈഃ | ശാരീരികധൎമ്മങ്ങളാൽ |
| ന ഹന്യതേ | പീഡിതനായി ഭവിക്കുന്നില്ലയോ, |
| ദ്രഷ്ടുഃ | ദ്രഷ്ടാവായി നിലകൊള്ളുന്നവനായിരുന്നിട്ടും |

| | |
|---|---|
| യസ്യ ദൃക് | യാതൊരാളുടെ ദൃഷ്ടി |
| ഗുണൈഃ | ഗുണകാൎയ്യങ്ങളായ ദൃശ്യങ്ങളാൽ |
| ന വിദൂഷ്യതേ | ദൂഷിതമായി ഭവിക്കുന്നില്ലയോ, |
| തസ്മൈ | അപ്രകാരമുള്ള |
| അസക്തവിവിക്തസാക്ഷിണേ | അസക്തനും വിവിക്തനും സാക്ഷിയുമായിരിക്കുന്ന |
| (തുഭ്യം) നമഃ | അവിടേക്ക് നമസ്കാരം |

താഴെ മൂന്നു ശ്ലോകംകൊണ്ട് യോഗസിദ്ധിയെ പ്രാൎത്ഥിക്കുന്നു.

13 ഇദം ഹി യോഗേശ്വര യോഗനൈപുണം
ഹിരണ്യഗൎഭോ ഭഗവാൻ ജഗാദ യത്
യദന്തകാലേ ത്വയി നിൎഗ്ഗുണേ മനോ
ഭക്ത്യാദധീതോജ്ഝിതദുഷ്കലേവരഃ

| | |
|---|---|
| യോഗേശ്വര | ഹേ യോഗേശ്വര! |
| ഉജ്ഝിതദുഷ്കലേവരഃ | ദൂഷിച്ച ദേഹാഭിമാനം ഉപേക്ഷിച്ചുകൊണ്ട് |
| അന്തകാലേ | മരണസമയത്ത് |
| നിൎഗ്ഗുണേ | ഗുണാതീതനായ |
| ത്വയി | നിന്തിരുവടിയിൽ |
| മനഃ | മനസ്സിനെ |
| ഭക്ത്യാ | ഭക്തിയോടുകൂടി |
| ആദധീത | ധാരണചെയ്യുക (ഉറപ്പിക്കുക) |

| | |
|---|---|
| യത് | എന്നുള്ള യാതൊന്നോ, |
| ഇദം ഹി | ഇതൊന്നുമാത്രമാണ് |
| യോഗനൈപുണം | ശരിയായുള്ള യോഗകൗശലം— |
| ഭഗവാൻ | സൎവ്വജ്ഞാനനിധിയായ |
| ഹിരണ്യഗൎഭഃ | ബ്രഹ്മദേവൻ |
| യത് | യാതൊരീ തത്വം |
| ജഗാദ | അരുളിച്ചെയ്തതത്രേ. |

ഈ ധാരണ ലഭിച്ചില്ലെന്നുവന്നാൽ ശാസ്ത്രാഭ്യാസാദിശ്രമം വ്യൎത്ഥമാകുമെന്നു പറയുന്നു—

14 യഥൈഹികാമുഷ്മികകാമലമ്പടഃ
സുതേഷു ദാരേഷു ധനേഷു ചിന്തയൻ
ശങ്കേത വിദ്വാൻ കുകലേവരാത്യയാ-
ദ്യസ്തസ്യ യത്നഃ ശ്രമ ഏവ കേവലം.

| | |
|---|---|
| ഐഹികാമുഷ്മികകാമലമ്പടഃ | ഐഹികവും പാരത്രികവുമായ അഭിലാഷങ്ങളിൽ ആസക്തി മുഴുത്തവൻ |

| | |
|---|---|
| സുതേഷു | പുത്രന്മാരിലും |
| ദാരേഷു | പത്നിയിലും |
| ധനേഷു | സമ്പത്തിലും |

| | |
|---|---|
| ചിന്തയൻ | വിചാരപ്പെട്ടുകൊണ്ടു് |
| കുകലേവരാത്യയാത് | കുത്സിതമായ ശരീരനാശത്തിൽനിന്നും |
| യഥാ ശങ്കേത | ഭീതിപൂണ്ടുകഴിയുന്നതു പോലെ, |
| യഃ | ഏതെങ്കിലും |
| വിദ്വാൻ | പഠിച്ചറിവുള്ളവൻ |
| (യദി ശങ്കേത) | ഭീതി കൊള്ളുകയാണെങ്കിൽ |
| തസ്യ | അവന്റെ |
| യത്നഃ | വിദ്യാഭ്യസനയത്നം |
| കേവലം | വെറും |
| ശ്രമഃ ഏവ | ആയാസം മാത്രമാണ്. |

15 തന്നഃ പ്രഭോ ത്വം കുകലേവരാർപ്പിതാം
ത്വന്മായയാഹംമമതാമധോക്ഷജ
ഭിന്ദ്യാമ യേനാശു വയം സുദുർഭിദാം
വിധേഹി യോഗം ത്വയി നഃ സ്വഭാവം – ഇതി

| | |
|---|---|
| പ്രഭോ | സ്വാമിൻ! |
| അധോക്ഷജ | ഇന്ദ്രിയാധിഗമ്യനല്ലാത്ത ആത്മസ്വരൂപ! |
| തത് | അതുഹേതുവായിട്ടു്, |
| ത്വന്മായയാ | നിന്തിരുവടിയുടെ മായാവൈഭവത്താൽ |
| കുകലേവരാർപ്പിതാം | ഈ തുച്ഛമായ ദേഹാദികളിൽ ചേർക്കപ്പെട്ടതും |
| സുദുർഭിദാം | ഏററവും ദുർഭേദ്യവുമായ |
| അഹംമമതാം | അഹന്താ — മമതാരൂപമായ ഹൃദയഗ്രന്ഥിയെ |
| യേന | യാതൊന്നുകൊണ്ടു് |
| ആശു | വേഗത്തിൽ |
| വയം | ഞങ്ങൾ |
| ഭിന്ദ്യാമ | അറുത്തുകളയുവാൻ ശക്തരാകുമോ, |
| സ്വഭാവം | ആ സഹജമായ |
| യോഗം | ഭക്തിയോഗത്തെ |
| ത്വം നഃ | ഭവാൻ ഞങ്ങൾക്കു് |
| വിധേഹി | ഉണ്ടാക്കിത്തന്നാലും! |
| ഇതി | എന്നിങ്ങനെ സ്തുതിക്കുന്നു. |

16 ഭാരതേഽപ്യസ്മിൻ വർഷേ സരിച്ഛൈലാഃ സന്തി ബഹവഃ; മലയോ മംഗലപ്രസ്ഥോ മൈനാകസ്ത്രികൂട ഋഷഭഃ കൂടകഃ കോല്ലകഃ സഹ്യോ ദേവഗിരിരൃഷ്യമൂകഃ ശ്രീശൈലോ വേങ്കടോ മഹേന്ദ്രോ വാരിധാരോ വിന്ധ്യഃ ശുക്തിമാൻ ഋക്ഷഗിരിഃ പാരിയാത്രോ ദ്രോണശ്ചിത്രകൂടോ ഗോവർധനോ രൈവതകഃ കകുഭോ നീലോ ഗോകാമുഖ ഇന്ദ്രകീലഃ കാമഗിരിരിതി ചാന്യേ ച ശതസഹസ്രശഃ ശൈലാസ്തേഷാം നിതംബപ്രഭവാ നദാ നദ്യശ്ച സന്ത്യസംഖ്യാതാഃ.

| | | |
|---|---|---|
| ഭാരതേ അസ്മിൻ വർഷേ അപി | = | ഭാരതമെന്നുപേരായ ഈ ഭൂവിഭാഗത്തിങ്കലും |
| ബഹവഃ സരിച്ഛൈലാഃ സന്തി | = | ഒട്ടുവളരെ നദികളും പർവ്വതങ്ങളുമുണ്ടു്. |
| മലയഃ ..................... കാമഗിരിഃ ഇതി ച | | മലയം, മംഗളപ്രസ്ഥം, മൈനാകം, ത്രികൂടം, ഋഷഭഗിരി, കൂടകമല, കൊല്ലകാദ്രി, സഹ്യൻ, ദേവഗിരി, ഋഷ്യമൂകം, ശ്രീശൈലം, വെങ്കടാചലം, മഹേന്ദ്രം, വാരിധാരം, വിന്ധ്യൻ, ശുക്തിമാൻ, |

| | | |
|---|---|---|
| | | ഋക്ഷഗിരി, പാരിയാത്രൻ, ദ്രോണം, ചിത്രകൂടം, ഗോവർദ്ധനം, രൈവതകം, കകുഭം, നീലഗിരി, ഗോകാമുഖം, ഇന്ദ്രകീലം, കാമഗിരി എന്നിങ്ങനെയും മററും അവയുടെ പേരുകളാകുന്നു. |
| അന്യേ ച ശതസഹസ്രശഃ | = | വേറെയും നൂറുകണക്കിലും ആയിരക്കണക്കിലും |
| ശൈലാഃ സന്തി | = | പർവ്വതങ്ങളുണ്ടു് |
| തേഷാം നിതംബപ്രഭവാഃ | = | അവയുടെ ചെരുവുകളിൽനിന്നു് ഉത്ഭവിച്ചു് |
| നദാഃ നദ്യഃ ച അസംഖ്യാതാഃ | = | പടിഞ്ഞാറും കിഴക്കുമായി ഒഴുകിപ്പോകുന്ന പുഴകളും സംഖ്യയില്ലാത്തോളമുണ്ടു്. |

17 ഏതാസാമപോ ഭാരത്യഃ പ്രജാ നാമഭിരേവ പുനന്തീനാമാത്മനാ ചോപസ്പൃശന്തി.

| | | |
|---|---|---|
| നാമഭിഃ ഏവ പുനന്തീനാം | = | പേർപറഞ്ഞാൽതന്നെ ശുദ്ധീകരിക്കുന്ന |
| ഏതാസാം അപഃ | = | ഈ നദികളുടെ ജലം |
| ഭാരത്യഃ പ്രജാഃ | = | ഭാരതവാസികളായ ജനങ്ങൾ |
| ആത്മനാ ച ഉപസ്പൃശന്തി | = | ശാരീരകമായിത്തന്നെ സ്നാനാദികാര്യാദികൾക്കുപയോഗിക്കുന്നു. |

18 ചന്ദ്രവശാ താമ്രപർണ്ണീ അവടോദാ കൃതമാലാ വൈഹായസീ കാവേരി
വേണീ പയസ്വിനീ ശർക്കരാവർത്താ തുംഗഭദ്രാ കൃഷ്ണാ വേണ്യാ ഭീമ-
രഥീ ഗോദാവരീ നിർവിന്ധ്യാ പയോഷ്ണീ താപീ രേവാ സുരസാ
നർമ്മദാ ചർമ്മണ്വതി സിന്ധുരന്ധഃ ശോണശ്ച നദൗ മഹാനദീ വേദ-
സ്മൃതിർഋഷികുല്യാ ത്രിസാമാ കൗശികീ മന്ദാകിനീ യമുനാ സരസ്വതീ
ദൃഷദ്വതീ ഗോമതീ സരയൂ രോധസ്വതീ സപ്തവതീ സുഷോമാ ശത-
ദ്രൂശ്ചന്ദ്രഭാഗാ മരുദ്വൃധാ വിതസ്താ അസിക്നീ വിശ്വേതി മഹാനദ്യഃ

ചന്ദ്രവശമുതൽ വിശ്വവരെയുള്ളവ ഭാരതത്തിലെ മഹാനദികളുടെ നാമങ്ങളാണു്. അതിൽ അന്ധവും ശോണവും മാത്രം നദങ്ങളുമാകുന്നു.

19 അസ്മിന്നേവ വർഷേ പുരുഷൈർലബ്ധജന്മഭിഃ ശുക്ലലോഹിതകൃഷ്ണ-
വർണ്ണേന സ്വാരബ്ധേന കർമ്മണാ ദിവ്യമാനുഷനാരകഗതയോ ബഹ്വ്യ
ആത്മന ആനുപൂർവ്യേണ സർവ്വാ ഹ്യേവ സർവ്വേഷാം വിധീയന്തേ യഥാ
വർണ്ണവിധാനമപവർഗ്ഗശ്ചാപി ഭവതി.

| | | |
|---|---|---|
| അസ്മിൻ ഏവ വർഷേ | = | ഈ ഭാരത വർഷത്തിൽ |
| ലബ്ധജന്മഭിഃ പുരുഷൈഃ | = | ജന്മം സിദ്ധിച്ച ജനങ്ങളാൽ |
| ശുക്ലലോഹിതകൃഷ്ണവർണ്ണേന സ്വാരബ്ധേന കർമ്മണാ | } | വെണ്മയും ചുകപ്പും കറുപ്പും നിറമായുള്ള (സാത്വികവും രാജസവും താമസമായുള്ള) സ്വകൃതകർമ്മം വഴിക്കു് |

ആത്മനഃ ബഹ്വ്യഃ = ആത്മാവിനു് ബഹുവിധമായ
ദിവ്യമാനുഷനാരകഗതയഃ = സ്വർഗീയവും മാനുഷികവും നരകീയവുമായ ഗതികൾ (അനുഭവങ്ങൾ)
ആനുപൂർവ്യേണ വിധീയന്തേ = അനുക്രമം സാധിക്കപ്പെടുന്നു.
സർവാഃ ഏവ (ഗതയഃ) = എല്ലാ അനുഭവങ്ങളുംതന്നെ
സർവേഷാം (കർമ്മണാ) ഹി = എല്ലാവർക്കും കർമ്മം അനുസരിച്ചു് ഉണ്ടായിവരുന്നു, എന്നതിനാൽ
യഥാവർണവിധാനം = ഏതുവർണ്ണത്തിന്നു് ഏതൊരു മോക്ഷമാർഗ്ഗം വിഹിതമായിരിക്കുന്നുവോ, അതിനെ അതിക്രമിക്കാതെതന്നെ
അപവർഗഃ ച അപി ഭവതി = അപവർഗ്ഗമെന്ന മോക്ഷപ്രാപ്തിയും ഉണ്ടാവുന്നു.

ഭാരതത്തിൽ വർണ്ണാശ്രമമുറപ്രകാരം ശാസ്ത്രവിഹിതമായ കർമ്മാദിനാനാമാർഗ്ഗത്തിലൂടെ അപവർഗ്ഗപ്രാപ്തിക്കു് സാധ്യതയുണ്ടാവുന്നു എന്നു സാരം.

ഇനി ആ അപവർഗ്ഗത്തിന്റെ സ്വരൂപമെന്തെന്നു് പറയുന്നു—

20 യോഽസൗ ഭഗവതി സർവ്വഭൂതാത്മന്യനാത്മ്യേഽനിരുക്തേഽനിലയനേ
പരമാത്മനി വാസുദേവേഽനന്യനിമിത്തഭക്തിയോഗലക്ഷണോ നാനാ-
ഗതിനിമിത്താവിദ്യാഗ്രന്ഥിരന്ധനദ്വാരേണ യദാ ഹി മഹാപുരുഷ-
പുരുഷപ്രസംഗഃ

യഃ അസൗ = യാതൊരു ഈ അപവർഗമെന്നതു്
നാനാഗതിനിമിത്താവിദ്യാ-ഗ്രന്ഥിരന്ധനദ്വാരേണ = അനേകം ജന്മാനുഭവങ്ങൾക്കു കാരണമായ അജ്ഞാനഗ്രന്ഥിയുടെ വിച്ഛേദംവഴി ആ വഴിക്കു്
മഹാപുരുഷപുരുഷപ്രസംഗഃ യദാ ഹി = ശ്രീവാസുദേവഭക്തന്മാരോടുകൂടിയുള്ള നിരന്തരസമ്പർക്കം സംഭവിക്കുമ്പോൾ,
സർവഭൂതാത്മനി = സകലചരാചരങ്ങളുടേയും ആത്മാവായി—
അനാത്മ്യേ = ആത്മഭവങ്ങളായ രാഗദ്വേഷാദികളിൽനിന്നു് അകന്നിരിക്കുന്നവനായി—
അനിരുക്തേ അനിലയനേ = വാക്കുകൾക്കു് വിഷയമാകാത്തവനും ആധാരരഹിതനുമായി—
പരമാത്മനി വാസുദേവേ = പരമാത്മാവായ ശ്രീവാസുദേവനിൽ
അനന്യനിമിത്ത-ഭക്തിയോഗലക്ഷണഃ = നിഷ്കാമഭക്തിയുറയ്ക്കുക എന്ന ലക്ഷണത്തോടുകൂടിയതാകുന്നു.
ഏതദേവ ഹി ദേവാ ഗായന്തി = ഇതിനെത്തന്നെയാണല്ലോ ദേവന്മാർ ഇങ്ങനെ പാടിപ്പുകഴ്ത്തുന്നതു്

21 അഹോ അമീഷാം കിമകാരി ശോഭനം
പ്രസന്ന ഏഷാം സ്വിദുത സ്വയം ഹരിഃ
യൈർജന്മ ലബ്ധം നൃഷു ഭാരതാജിരേ
മുകുന്ദസേവോപയികം സ്പൃഹാ ഹി നഃ

| | |
|---|---|
| അഹോ | ആഹാ, ആശ്ചര്യം! |
| അമീഷാം | ഇവരാൽ |
| കിം ശോഭനം | എന്തു പുണ്യകർമ്മം |
| അകാരി | ചെയ്യപ്പെട്ടുവോ ? |
| ഉത സ്വിത് | ഒരുപക്ഷേ, |
| ഏഷാം | ഇവൎക്കു നേരെ |
| ഹരിഃ | ഭഗവാൻ |
| സ്വയം | തനിയെത്തന്നെ |
| പ്രസന്നഃ | പ്രസന്നനാണെന്നോ? |
| യൈഃ | യാതൊരുവരാൽ |
| ഭാരതാജിരേ | ഭാരതഭൂമിയിൽ, |
| മുകുന്ദസേവോപയികം | ഭഗവാനെ സേവിപ്പാനുതകുംപ്രകാരത്തിലുള്ള |
| നൃഷു ജന്മ | മനുഷ്യജന്മം |
| ലബ്ധം | ലഭിക്കപ്പെട്ടുവോ, |
| (താൻ പ്രതി) | അവരെക്കുറിച്ച് |
| നഃ ഹി | (ദേവന്മാരായ) ഞങ്ങൾക്കു തന്നേയും |
| സ്പൃഹാ | ആശതോന്നുന്നു. |

ഈ സ്പൃഹയെ ഏഴു ശ്ലോകംകൊണ്ടു പറയുന്നു—

22 കിം ദുഷ്കരൈർനഃ ക്രതുഭിസ്തപോവ്രതൈർ
ദാനാദിഭിർവാ ദ്യുജയേന ഫല്ഗുനാ
ന യത്ര നാരായണപാദപങ്കജ-
സ്മൃതിഃ പ്രമുഷ്ടാഽതിശയേന്ദ്രിയോത്സവാത്.

| | |
|---|---|
| നഃ | ഞങ്ങളുടെ |
| ദുഷ്കരൈഃ | ദുഷ്കരങ്ങളായ |
| ക്രതുഭിഃ | യജ്ഞങ്ങൾകൊണ്ടോ, |
| തപോവ്രതൈഃ | തപസ്സ്, വ്രതം എന്നിവകൊണ്ടോ, |
| ദാനാദിഭിഃ വാ | ദാനം മുതലായവകൊണ്ടോ (സാധിച്ച) |
| ഫല്ഗുനാ | തുച്ഛമായ |
| ദ്യുജയേന | സ്വർല്ലോകലബ്ധിയാൽ |
| കിം (ഫലം) | എന്തു ഫലമിരിക്കുന്നു? |
| യത്ര | എന്തെന്നാൽ, ഇവിടെ |
| നാരായണപാദപങ്കജസ്മൃതിഃ ന | ശ്രീനാരായണസ്വാമിയുടെ തൃപ്പാദപങ്കജസ്മരണ എന്നതു ഇല്ല. |
| അതിശയേന്ദ്രിയോത്സവാത് | അതിരററ ഇന്ദ്രിയസന്തൎപ്പണംമൂലം |
| പ്രമുഷ്ടാ | (അതു്) നഷ്ടമായിരിക്കുന്നു. |

23 കല്പായുഷാം സ്ഥാനജയാത് പുനർഭവാത്
ക്ഷണായുഷാം ഭാരതഭൂജയോ വരം
ക്ഷണേന മർത്ത്യേന കൃതം മനസ്വിനഃ
സന്ന്യസ്യ സംയാന്ത്യഭയം പദം ഹരേഃ

| | |
|---|---|
| കല്പായുഷാം | കല്പാന്തകാലപര്യന്തം ആയുസ്സുള്ള ദിവ്യന്മാരുടെ |
| പുനർഭവാത് | പുനരുത്പത്തിക്കുതകുന്ന |
| സ്ഥാനജയാത് | സ്ഥാനം ലഭിക്കുന്നതിനേക്കാൾ |
| ക്ഷണായുഷാം | അല്പകാലായുസ്സുള്ള മനുഷ്യരുടെ |
| ഭാരതഭൂജയഃ | ഭാരതഭൂമിയിലെ ജന്മലബ്ധി |
| വരം | ശ്രേഷ്ഠമാകുന്നു. |
| മർത്ത്യേന | മർത്ത്യദേഹംകൊണ്ടെന്നിരിക്കിലും |
| ക്ഷണേന | ഹ്രസ്വകാലത്താൽ |
| മനസ്വിനഃ | ധീരചിത്തരായ അവർ |
| കൃതം | കർമ്മത്തെ |
| സന്ന്യസ്യ | അവസാനിപ്പിച്ച്, |
| അഭയം | സംസാരഭീതിയകന്ന |
| ഹരേഃ പദം | ഹരിയുടെ പാദത്തെ |
| സംയാന്തി | പ്രാപിക്കുന്നു. |

24 ന യത്ര വൈകുണ്ഠകഥാസുധാപഗാ
ന സാധവോ ഭാഗവതാസ്തദാശ്രയാഃ
ന യത്ര യജ്ഞേശമഖാ മഹോത്സവാഃ
സുരേശലോകോഽപി ന വൈ സ സേവ്യതാം.

| | | | |
|---|---|---|---|
| വൈകുണ്ഠ-കഥാസുധാപഗാ | ശ്രീഹരിയുടെ കഥാമൃതസരിത്ത് | മഹോത്സവാഃ | അത്യാനന്ദകരങ്ങളായ |
| യത്ര ന | എവിടെയില്ലയോ, | യജ്ഞേശമഖാഃ | ഹരിസമാരാധനകൾ |
| തദാശ്രയാഃ | അതിനെ ആശ്രയിച്ചിരിക്കുന്ന | യത്ര ന | എവിടത്തിലില്ലയോ, |
| ഭാഗവതാഃ | ഭഗവൽഭക്തന്മാരായ | സഃ | അത് |
| സാധവഃ | സജ്ജനങ്ങൾ | സുരേശലോകഃ അപി | ബ്രഹ്മലോകമാണെന്നിരിക്കിലുംകൂടി |
| യത്ര ന | എവിടെയില്ലയോ, | സേവ്യതാം ന വൈ | ഒരിക്കലെങ്കിലും സേവിക്കപ്പെടാവുന്നതല്ല. |

25 പ്രാപ്താ നൃജാതിം ത്വിഹ യേ ച ജന്തവോ
ജ്ഞാനക്രിയാദ്രവ്യകലാപസംഭൃതാം
ന വൈ യതേരന്നപുനർഭവായ തേ
ഭൂയോ വനൗകാ ഇവ യാന്തി ബന്ധനം.

| | | | |
|---|---|---|---|
| ഇഹ | ഇവിടെ | ന യതേരൻ | യതിക്കുന്നില്ലയോ, |
| യേ ജന്തവഃ | യാവചില ജന്തുക്കൾ | തേ | അവർ |
| ജ്ഞാനക്രിയാ-ദ്രവ്യകലാപ-സംഭൃതാം | ജ്ഞാനം, കർമ്മം, ദ്രവ്യങ്ങൾ എന്നിവയുടെയെല്ലാം തികവുള്ള | വനൗകാഃ | കാട്ടുപറവകൾ |
| നൃജാതിം | മനുഷ്യജന്മത്തെ | ഇവ | (സ്വതന്ത്രരായിരുന്നിട്ടും പ്രമാദത്താൽ വേടന്റെ ബന്ധനത്തിലകപ്പെട്ടുന്നതു)പോലെ |
| പ്രാപ്താഃ തു ച | പ്രാപിച്ചവരായിട്ടും | | |
| അപുനർഭവായ | പുനർജന്മത്തിൽനിന്നു് നിർമ്മുക്തമായ ശാശ്വതാനന്ദത്തിനായി, | ഭൂയഃ | വീണ്ടും |
| | | ബന്ധനം | ബന്ധനത്തെ |
| | | യാന്തി | പ്രാപിക്കുന്നു. |

ഭാരതവാസികളുടെ ഭാഗ്യത്തെ കാണിക്കുന്നു.

26 യൈഃ ശ്രദ്ധയാ ബർഹിഷി ഭാഗശോ ഹവിർ-
നിരുപ്തമിഷ്ടം വിധിമന്ത്രവസ്തുതഃ
ഏകഃ പൃഥങ്നാമഭിരാഹുതോ മുദാ
ഗൃഹ്ണാതി പൂർണഃ സ്വയമാശിഷാം പ്രഭുഃ

| | | | |
|---|---|---|---|
| യൈഃ | യാവചിലരാൽ | വിധിമന്ത്ര-വസ്തുതഃ | വിധി, മന്ത്രം, ചരുപുരോഡാശാദി ദ്രവ്യഭേദങ്ങൾ, എന്നിവകൊണ്ട് |
| ബർഹിഷി | യജ്ഞത്തിൽ | | |
| ശ്രദ്ധയാ | ശ്രദ്ധാപൂർവ്വം | | |

| | |
|---|---|
| ഭാഗശഃ | ഓരോരോ ദേവന്മാൎക്കുള്ള ഭാഗപ്രകാരം |
| നിരുപ്തം | വേർതിരിച്ചുവെക്കപ്പെട്ട് |
| ഇഷ്ടം | അൎപ്പിതമായ |
| ഹവിഃ | ഹവിസ്സിനെ |
| പൃഥങ്നാമഭിഃ | ഇന്ദ്രാദിവിഭിന്നനാമങ്ങളാൽ |
| ആഹൂതഃ | ആഹ്വാനംചെയ്യപ്പെട്ടവനും |

| | |
|---|---|
| പൂർണ്ണഃ | നിത്യപൂൎണ്ണനും |
| ആശിഷാം | സമസ്തപുരുഷാൎത്ഥങ്ങളുടേയും |
| പ്രഭുഃ | ഉടമയുമായ |
| ഏകഃ | ഒരേ ഭഗവാൻ |
| മുദാ | സന്തോഷത്തോടെ |
| സ്വയം | താൻതന്നെ |
| ഗൃഹ്ണാതി | സ്വീകരിക്കുന്നുവോ, |
| (തേഷാം | ആ ഭാരതവാസികളുടെ |
| ഭാഗ്യം അഹോ) | ഭാഗ്യം അദ്ഭുതംതന്നെ. |

അവരിൽത്തന്നെ നിഷ്കാമഭജനംചെയ്യുന്നവർ പരമഭാഗ്യവാന്മാരാണെന്ന് ഇനി പറയുന്നു.

27 സത്യം ദിശത്യർത്ഥിതമർത്ഥിതോ നൃണാം
നൈവാർത്ഥദോ യത് പുനരർത്ഥിതാ യതഃ
സ്വയം വിധത്തേ ഭജതാമനിച്ഛതാ-
മിച്ഛാപിധാനം നിജപാദപല്ലവം.

| | |
|---|---|
| നൃണാം | മനുഷ്യരാൽ |
| അർത്ഥിതഃ | പ്രാൎത്ഥിതനായിട്ട് |
| അർത്ഥിതം | പ്രാൎത്ഥിക്കപ്പെട്ടതിനെ മാത്രം |
| ദിശതി | (ഭഗവാൻ) നല്കുന്നു |
| (ഇതി) സത്യം | എന്നതു് സത്യമത്രേ. |
| (കിന്തു) | എന്നാൽ |
| അർത്ഥദഃ | പരമാൎത്ഥമായതിനെ നൽകുന്നവനായിട്ട് |
| ന ഏവ | ഭവിക്കുന്നതേ ഇല്ല. |
| യത് | എന്തുകൊണ്ടെന്നാൽ |

| | |
|---|---|
| യതഃ | യാതൊരു പ്രാൎത്ഥിതാൎത്ഥദാനത്തിനുശേഷം |
| പുനഃ | വീണ്ടും |
| അർത്ഥിതാ | ആഗ്രഹം വന്നുചേരുന്നു |
| അനിച്ഛതാം | ആഗ്രഹമില്ലാതെ |
| ഭജതാം | ഭജിക്കുന്നവൎക്ക് |
| ഇച്ഛാപിധാനം | ആഗ്രഹങ്ങളെ ആച്ഛാദനംചെയ്യുന്നു |
| നിജപാദപല്ലവം | തന്റെ കാൽത്തളിരിനെ (സായൂജ്യത്തെ) |
| സ്വയം | താൻതന്നെ അറിഞ്ഞു് |
| വിധത്തേ | കൊടുക്കുന്നു. |

പരിമിതമായ ഫലത്തെ കാംക്ഷിച്ച് ഭജിക്കുന്നവൎക്ക് ഭഗവാൻ അതു നൽകുമെങ്കിലും അവരുടെ കാംക്ഷയ്ക്കു പ്രശമനം വരുന്നതല്ല. എന്നാൽ ഒന്നും കാംക്ഷിക്കാതെ ഭജിക്കുന്നവൎക്ക് അവരുടെ സകലകാംക്ഷിയ്ക്കും ആത്യന്തികോപരതിവരുത്തുന്ന പരമപദംതന്നെ ഭഗവാൻ നല്കുമെന്ന് താത്പര്യം

28 യദ്യത്ര നഃ സ്വർഗ്ഗസുഖാവശേഷിതം
സ്വിഷ്ടസ്യ സൂക്തസ്യ കൃതസ്യ ശോഭനം
തേനാജനാഭേ സ്മൃതിമജ്ജന്മ നഃ സ്യാ-
ദ്വർഷേ ഹരിര്യദ്ഭജതാം ശം തനോതി.

| | |
|---|---|
| സ്വിഷ്ടസ്യ | വിധിയാംവണ്ണം യാഗം ചെയ്തതിന്റേയും |
| സൂക്തസ്യ | വേദംചൊല്ലിയതിന്റെയും |
| കൃതസ്യ | മററു സൽകർമ്മത്തിന്റെയും |
| ശോഭനം | പുണ്യഫലം |
| സ്വർഗസുഖാവശേഷിതം | സ്വർഗസുഖം അനുഭവിച്ചതിന്റെ ബാക്കി |
| അത്ര | ഇവിടെ |
| നഃ യദി | ഞങ്ങൾക്കുണ്ടെങ്കിൽ |
| തേന | അതുകൊണ്ടു് |

| | |
|---|---|
| അജനാഭേ | അജനാഭമെന്നുകൂടി പേരുള്ളതായ |
| വർഷേ | ഈ ഭാരതവർഷത്തിൽ |
| സ്മൃതിമത് | ഹരിസ്മരണയോടുകൂടിയ |
| ജന്മ | ഉത്പത്തി |
| ന സ്യാത് | ഞങ്ങൾക്കുണ്ടാകണം |
| യത് | എന്തെന്നാൽ, ഇവിടെ |
| ഹരിഃ | ഭഗവാൻ ശ്രീഹരി |
| ഭജതാം | സേവിപ്പവർക്കു് |
| ശം തനോതി | ആനന്ദമരുളുന്നു. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

29 ജംബൂദ്വീപസ്യ ച രാജന്നുപദ്വീപാനഷ്ടൗ ഹൈക ഉപദിശന്തി സഗരാത്മജൈരശ്വാന്വേഷണ ഇമാം മഹീം പരതോ നിഖനദ്ഭി-രുപകല്പിതാൻ.

| | | |
|---|---|---|
| രാജൻ ജംബൂദ്വീപസ്യ ച | = | രാജാവേ! ഈ ജംബൂദ്വീപിന്റേതായ |
| അഷ്ടൗ ഉപദ്വീപാൻ | = | എട്ടു ഉപദ്വീപുകളെ, |
| അശ്വാന്വേഷണേ | = | യാഗാശ്വത്തെ അന്വേഷിക്കുന്ന അവസരത്തിൽ |
| ഇമാം പരിതഃ | = | ഈ ഭൂമിക്കു ചുററുമായി |
| നിഖനദ്ഭിഃ | = | കുത്തിക്കുഴിച്ചിരുന്ന |
| സഗരാത്മജൈഃ | = | സഗരപുത്രന്മാരാൽ |
| ഉപകല്പിതാൻ | = | ഉണ്ടാക്കിത്തീർക്കപ്പെട്ടവ എന്ന നിലയ്ക്കു് |
| ഏകേ ഉപദിശന്തി ഹ | = | ചിലർ പറഞ്ഞു ധരിപ്പിക്കാറുണ്ടു് |

30 തദ്യഥാ സ്വർണപ്രസ്ഥശ്ചന്ദ്രശുക്ല ആവർത്തനോ രമണകോ മന്ദര-ഹരിണഃ പാഞ്ചജന്യഃ സിംഹളോ ലങ്കേതി.

| | | |
|---|---|---|
| തത് യഥാ...............ലങ്കാ ഇതി | = | അതു് എങ്ങനെയെന്നാൽ—സ്വർണ്ണപ്രസ്ഥം, ചന്ദ്രശുക്ലം, ആവർത്തനം, രമണകം, മന്ദരഹാരിണം, പാഞ്ചജന്യം, സിംഹളം, ലങ്ക ഇങ്ങനെ |

31 ഏവം തവ ഭാരതോത്തമ ജംബൂദ്വീപവർഷവിഭാഗോ യഥോപദേശ-മുപവർണിത ഇതി.

| | | |
|---|---|---|
| ഭാരതോത്തമ തവ | = | ഭരതവംശശ്രേഷ്ഠ! അങ്ങയ്ക്കു് |
| ജംബൂദ്വീപവർഷവിഭാഗഃ | = | ജംബൂദ്വീപിലുള്ള വർഷങ്ങളുടെ വിഭാഗം |
| യഥോപദേശം | = | എനിക്കു കിട്ടിയ ഗുരൂപദേശമനുസരിച്ചു് |
| അയം ഏവം ഉപവർണിതഃ | = | ഇതാ ഇപ്രകാരം വർണ്ണിക്കപ്പെട്ടു. |
| ഇതി | = | എന്നിങ്ങനെ ശുകബ്രഹ്മർഷി ആ പ്രകൃതം അവസാനിപ്പിച്ചു. |

**ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ ജംബൂദ്വീപവർണ്ണനംനാമ ഏകോനവിംശതിതമോഽധ്യായഃ ആദിതഃ ശ്ലോകാനി 491**

**അഞ്ചാമത്തെ സ്കന്ധത്തിൽ പത്തൊമ്പതാമധ്യായം കഴിഞ്ഞു.**

# വിംശോഽധ്യായഃ — അധ്യായം ഇരുപത്.

## പ്ലക്ഷാദിദ്വീപുകളും ലോകാലോകപർവ്വതവും

"വിംശേ പ്ലക്ഷാദിഷഡ്ദ്വീപസ്ഥിതിമാഹ സഹാർണ്ണവൈഃ
ലോകാലോകസ്ഥിതിശ്ചാന്തർബഹിർഭാഗാദിമാനതഃ".

പ്ലക്ഷാദികളായ ആറു ദ്വീപുകളുടെ സ്ഥിതി, അവയെ വലയംചെയ്തിരിക്കുന്ന സമുദ്രങ്ങൾ, ലോകാലോകപർവ്വതത്തിന്റെ സ്ഥിതി, അതിന്റെ പരിമാണം എന്നിവ ഈ അധ്യായത്തിൽ വർണ്ണിക്കുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1 അതഃ പരം പ്ലക്ഷാദീനാം പ്രമാണലക്ഷണസംസ്ഥാനതോ വർഷ-
വിഭാഗ ഉപവർണ്ണ്യതേ.

| | | |
|---|---|---|
| **അതഃ പരം പ്ലക്ഷാദീനാം** | = | ഇനിമേൽ, പ്ലക്ഷാദി ദ്വീപുകളുടെ |
| **പ്രമാണലക്ഷണസംസ്ഥാനതഃ** | = | ചുററളവ്, സ്വരൂപം, കിടപ്പ് എന്നിവയോടുകൂടെ |
| **വർഷവിഭാഗഃ** | = | അവയിലെ വർഷങ്ങളുടെ വിഭാഗം |
| **ഉപവർണ്ണ്യതേ** | = | വർണ്ണിക്കപ്പെടുന്നുണ്ട്. |

2 ജംബൂദ്വീപോഽയം യാവത്പ്രമാണവിസ്താരസ്താവതാ ക്ഷാരോ-
ദധിനാ പരിവേഷ്ടിതോ യഥാ മേരുർജംബ്വാഖ്യേന ലവണോദധിരപി
തതോ ദ്വിഗുണവിശാലേന പ്ലക്ഷാഖ്യേന പരിക്ഷിപ്തോ യഥാ പരിഖാ
ബാഹ്യോപവനേന. പ്ലക്ഷോ ജംബൂപ്രമാണോ ദ്വീപാഖ്യാകരോ
ഹിരണ്മയ ഉത്ഥിതോ യത്രാഗ്നിരുപാസ്തേ സപ്തജിഹ്വഃ തസ്യാധിപതിഃ
പ്രിയവ്രതാത്മജ ഇധ്മജിഹ്വഃ സ്വം ദ്വീപം സപ്തവർഷാണി വിഭജ്യ
സപ്തവർഷനാമഭ്യ ആത്മജേഭ്യ ആകലയ്യ സ്വയമാത്മയോഗേനോ-
പരരാമ.

| | | |
|---|---|---|
| **അയം ജംബൂദ്വീപഃ** | = | ഈ ജംബുവെന്ന ദ്വീപ് |
| **യാവത് പ്രമാണവിസ്താരഃ** | = | എത്രമാത്രം വലിപ്പമുള്ളതാണോ |
| **താവതാ ക്ഷാരോദധിനാ** | = | അത്രയും വലിപ്പമുള്ള ഉപ്പുരസസമുദ്രത്താൽ, |
| **യഥാ മേരുഃ ജംബ്വാഖ്യേന** | = | മേരുപർവ്വതം ജംബുദ്വീപിനാൽ എന്നപോലെ, |
| **പരിവേഷ്ടിതഃ** | = | ചുററപ്പെട്ടിരിക്കുന്നു |
| **ലവണോദധിഃ അപി** | = | ഈ ഉപ്പുരസസമുദ്രമാകട്ടെ |
| **തതഃ ദ്വിഗുണവിശാലേന** | = | അതിനെക്കാളിരട്ടി വിസ്താരമുള്ള |

| | | |
|---|---|---|
| പ്ലക്ഷാഖ്യേന | – | പ്ലക്ഷമെന്നുപേരായ ദ്വീപിനാൽ |
| ബാഹ്യോപവനേന | – | ബാഹ്യോദ്യാനത്താൽ |
| യഥാ പരിഖാ പരിക്ഷിപ്തഃ | – | കിടങ്ങെന്നപോലെ ചുററപ്പെട്ടിരിക്കുന്നു. |
| ദ്വീപാഖ്യാകരഃ പ്ലക്ഷഃ | = | ദ്വീപിൻെറ ഈ പേരിനു കാരണഭൂതമായ പ്ലക്ഷമെന്ന വൃക്ഷം |
| ജംബൂപ്രമാണഃ | = | ജംബൂദ്വീപിൻെറ ആ പേരിനു കാരണഭൂതമായ ജംബൂവൃക്ഷത്തിൻെറ വലിപ്പമുള്ളതായും |
| ഹിരണ്മയഃ ഉത്ഥിതഃ | = | സ്വർണ്ണമയവുമായി ഉയരവെ സ്ഥിതിചെയ്യുന്നു. |
| യത്ര സപ്തജിഹ്വഃ അഗ്നിഃ | = | യാതൊരു ഈ ദ്വീപിൽ ഏഴു ജിഹ്വകളുള്ള (സപ്താർച്ചിസ്സായ) അഗ്നിഭഗവാൻ |
| ഉപാസ്തേ | = | സന്നിധാനംചെയ്യുന്നുണ്ടു്. |
| തസ്യ അധിപതിഃ | = | ആ ദ്വീപിൻെറ അധിപതിയും |
| പ്രിയവ്രതാത്മജഃ ഇധ്മജിഹ്വഃ | = | പ്രിയവ്രതപുത്രനായ ഇധ്മജിഹ്വൻ |
| സ്വം ദ്വീപം | – | തൻെറ ദ്വീപിനെ |
| സപ്തവർഷാണി വിഭജ്യ | – | ഏഴുവർഷ(ഖണ്ഡ)ങ്ങളായി വിഭജിച്ചിട്ടു് |
| സപ്തവർഷനാമഭ്യഃ | = | ആ ഏഴു വർഷങ്ങളുടെ പേരോടുകൂടിയവരായ |
| ആത്മജേഭ്യഃ ആകലയ്യ | = | പുത്രന്മാൎക്കായി എല്പിച്ചുകൊടുത്തശേഷം |
| സ്വയം ആത്മയോഗേന | = | താൻ സമാധിയോഗം വഴിക്കു് |
| ഉപരരാമ | = | ജീവിതത്തിൽനിന്നു് വിരമിച്ചു. |

3 ശിവം യവസം സുഭദ്രം ശാന്തം ക്ഷേമമമൃതമഭയമിതി വർഷാണി തേഷു ഗിരയോ നദ്യശ്ച സപ്തൈവാഭിജ്ഞാതാഃ.

| | | |
|---|---|---|
| ശിവം ........... ഇതി വർഷാണി | = | ശിവം, യവസം, സുഭദ്രം, ശാന്തം, ക്ഷേമം, അമൃതം അഭയം എന്നിവയാണു് പ്ലക്ഷദ്വീപിലെ ഏഴു വർഷങ്ങൾ |
| ഗിരയഃ നദ്യഃ ച | = | പർവ്വതങ്ങളും നദികളും |
| സപ്ത ഏവ അഭിജ്ഞാതാഃ | = | ഏഴുതന്നെയെന്നാണു് അറിയപ്പെടുന്നതു് |

4 മണികൂടോ വജ്രകൂട ഇന്ദ്രസേനോ ജ്യോതിഷ്മാൻ സുപർണോ ഹിരണ്യഷ്ഠീവോ മേഘമാല ഇതി സേതുശൈലാഃ. അരുണാ നൃമ്ണാऽങ്ഗിരസീ സാവിത്രീ സുപ്രഭാതാ ഋതംഭരാ ഇതിമഹാനദ്യഃ. യാസാം ജലോപസ്പൎശനവിധൂതരജസ്തമസോ ഹംസപതംഗോധ്വായനസത്യാംഗസംജ്ഞാശ്ചത്വാരോ വർണാഃ സഹസ്രായുഷോ വിബുധോപമസന്ദൎശനപ്രജനനാഃ സ്വർഗദ്വാരം ത്രയ്യാ വിദ്യയാ ഭഗവന്തം ത്രയീമയം സൂര്യമാത്മാനം യജന്തേ.

| | | |
|---|---|---|
| മണികൂടഃ .................... ഇതി സേതുശൈലാഃ | } | മണികൂടം, വജ്രകൂടം, ഇന്ദ്രസേനം, ജ്യോതിഷ്മാൻ, സുപർണ്ണം, ഹിരണ്യഷ്ഠീവം, മേഘമാലം എന്നിവ അതിരുമലകളാകുന്നു. |

| | | |
|---|---|---|
| അരുണാ ..................... ഇതി മഹാനദ്യഃ | } | അരുണ, നൃമ്ണ, ആംഗിരസി, സാവിത്രി, സുപ്രഭാത, ഋതംഭര, സത്യംഭര എന്നിവ മഹാനദികളാകുന്നു. |
| യാസാം ജലോപസ്പർശനവിധൂതരജസ്തമസഃ | } | അവയിലെ ജലം സ്പർശിക്കുന്നതുകൊണ്ട് രജസ്തമോഗുണങ്ങൾ വിട്ടുപോയവരായ |
| ഹംസപതംഗോർദ്ധ്വായനസത്യാംഗസംജ്ഞാഃ | } | ഹംസൻ, പതംഗൻ, ഊർദ്ധ്വായനൻ, സത്യാംഗൻ, എന്നീ പേരുകളോടുകൂടിയ |
| ചത്വാരഃ വർണാഃ | = | നാലുവർണ്ണങ്ങൾ |
| സഹസ്രായുഷഃ | = | ആയിരം സംവത്സരം ആയുസ്സുള്ളവരും |
| വിബുധോപമസന്ദർശനപ്രജനനാഃ | = | ദേവന്മാരെപ്പോലെ കാഴ്ചയിലിരിക്കുന്നവരും സന്താനോത്പാദനത്തോടുകൂടിയവരുമായി |
| സ്വർഗദ്വാരം | = | സ്വർഗത്തിലേക്കുള്ള ദ്വാരമായും |
| ത്രയീമയം ആത്മാനം | = | വേദാത്മകനായും സർവ്വവ്യാപകനായും ഇരിക്കുന്ന |
| ഭഗവന്തം സൂര്യം | = | സൂര്യനാരായണസ്വാമിയെ |
| ത്രയ്യാ വിദ്യയാ യജന്തേ | = | വേദമന്ത്രംകൊണ്ട് ഉപാസിക്കുന്നു. |

5 'പ്രത്നസ്യ വിഷ്ണോ രൂപം യത്
സത്യസ്യർതസ്യ ബ്രഹ്മണഃ
അമൃതസ്യ ച മൃത്യോശ്ച
സൂര്യമാത്മാനമീമഹി – ഇതി

| | | | |
|---|---|---|---|
| സത്യസ്യ | സത്യത്തിന്റെയും | (തം) | അതുമായിട്ട് പ്രകാശിക്കുന്ന |
| ഋതസ്യ | ഋതത്തിന്റെയും | സൂര്യം | സൂര്യനാരായണസ്വാമിയെ |
| ബ്രഹ്മണഃ ച | വേദത്തിന്റെയും | ഈമഹി | ഞങ്ങൾ ശരണം ഗമിക്കുന്നു |
| അമൃതസ്യ | ശുഭഫലത്തിന്റെയും | ഇതി | എന്നാണ് പ്ലക്ഷദ്വീപവാസികളുടെ സൂര്യോപാസനാമന്ത്രം |
| മൃത്യോഃ ച | അശുഭഫലത്തിന്റെയും | | |
| ആത്മാനം | അധിഷ്ഠാതാവായി— | | |
| പ്രത്നസ്യ | പുരാണപുരുഷനായ | | |
| വിഷ്ണോഃ | ശ്രീമഹാവിഷ്ണുവിന്റെ | | |
| രൂപം യത് | രൂപം യാതൊന്നോ, | | |

ഇവിടെ 'സത്യ'മെന്നത് അനുഷ്ഠിക്കപ്പെട്ടുവരുന്ന സദാചാരത്തിന്റെയും 'ഋത'മെന്നതു വേദപ്രാമാണ്യമുള്ള ധർമ്മത്തിന്റെയും വാചകപദങ്ങളാണ്.

6 പ്ലക്ഷാദിഷു പഞ്ചസു പുരുഷാണാമായുരിന്ദ്രിയമോജഃ സഹോ ബലം ബുദ്ധിർവിക്രമ ഇതി ച സർവേഷാമൗത്പത്തികീ സിദ്ധിരവിശേഷേണ വർത്തതേ

| | | |
|---|---|---|
| പ്ലക്ഷാദിഷു പഞ്ചസു | = | പ്ലക്ഷം മുതലായ അഞ്ചു ദ്വീപുകളിലും |
| പുരുഷാണാം | = | അവിടെയുള്ള ജനങ്ങളുടെ |
| ആയുഃ ഇന്ദ്രിയം ഓജഃ | = | ആയുസ്സ്, ഇന്ദ്രിയബലം, ഓജസ്സ്, |

സഹഃ ബലം ബുദ്ധിഃ = മനഃശക്തി, ശരീരശക്തി, ബുദ്ധിശക്തി,
വിക്രമഃ ഇതി ച = പരാക്രമം എന്നു തുടങ്ങിയുള്ളവയെല്ലാം
സർവ്വേഷാം ഔത്പത്തികീ സിദ്ധിഃ = എല്ലാവക്കം സ്വാഭാവികമായ സിദ്ധിയായിട്ടു്
അവിശേഷേണ വർത്തതേ = വ്യത്യാസമില്ലാതെ ഇരിക്കുന്നു.

7 പ്ലക്ഷഃ സ്വസമാനേനേക്ഷുരസോദേനാവൃതോ യഥാ തഥാ ദ്വീപോഽപി ശാല്മലോ ദ്വിഗുണവിശാലഃ സമാനേന സുരോദേനാവൃതഃ പരിവൃങ്‌ക്തേ.

യഥാ പ്ലക്ഷഃ = എപ്രകാരമാണോ പ്ലക്ഷദ്വീപം
സ്വസമാനേന = അതിനോളംതന്നെ വലിപ്പമുള്ള
ഇക്ഷുരസോദേന = കരിമ്പുനീർക്കടലിനാൽ
ആവൃതഃ തഥാ = ചുററപ്പെട്ടിരിക്കുന്നതു്, അതുപോലെ
ദ്വിഗുണവിശാലഃ = അതിനേക്കാരം ഇരട്ടി വലിപ്പമുള്ള
ശാല്മലഃ ദ്വീപഃ അപി = ശാല്മലമെന്നുപേരായ ദ്വീപവും
സമാനേന സുരോദേന = അതിനോളം വലിപ്പമുള്ള സുരാ (മദ്യ) സമുദ്രത്താൽ
ആവൃതഃ പരിവൃങ്‌ക്തേ = വലയിതമായി ചുഴന്നുകിടക്കുന്നു.

8 യത്ര ഹ വൈ ശാല്മലീ പ്ലക്ഷായാമാ യസ്യാം വാവ കില നിലയമാഹുഃ ഭഗവതഃ ഛന്ദഃസ്തുതഃ പതത്രിരാജസ്യ സാ ദ്വീപഹൂതയേ ഉപലക്ഷ്യതേ.

യത്ര ഹ വൈ = യാതൊരു ഈ ശാല്മലദ്വീപിലാകട്ടെ
പ്ലക്ഷായാമാ ശാല്മലീ = പ്ലക്ഷവൃക്ഷത്തോളംതന്നെ വലിയതായ ശാല്മലി എന്ന വൃക്ഷം ഉണ്ടു്.
യസ്യാം വാവ കില = ആയതിന്മേലാണു്പോലും
ഛന്ദഃസ്തുതഃ = സ്വാവയവങ്ങളായി ഭവിച്ചിരിക്കുന്ന വേദമന്ത്രങ്ങളാൽ ശ്രീഹരിയെ സ്തുതിക്കുന്ന
പതത്രിരാജസ്യ ഭഗവതഃ = പക്ഷിരാജാവായ ഗരുഡഭഗവാന്റെ
നിലയം ആഹുഃ = വാസസ്ഥാനമെന്നു് മഹാന്മാർ പറയുന്നു.
സാ ദ്വീപഹൂതയേ ഉപലക്ഷ്യതേ = അതു് (ആ ശാല്മലീവൃക്ഷം) ദ്വീപിന്റെ ശാല്മലമെന്ന പേരിന്നു് ഹേതുവായിട്ടിരിക്കുന്നു

9 തദ്ദ്വീപാധിപതിഃ പ്രിയവ്രതാത്മജോ യജ്ഞബാഹുഃ സ്വസുതേഭ്യഃ സപ്തഭ്യഃ തന്നാമാനി സപ്തവർഷാണി വ്യഭജത്. സുരോചനം സൌമനസ്യം രമണകം ദേവവർഷം പാരിഭദ്രമാപ്യായനമവിജ്ഞാതമിതി.

തദ്ദ്വീപാധിപതിഃ = ആ ദ്വീപിന്റെ അധിപതിയായിരുന്ന
പ്രിയവ്രതാത്മജഃ യജ്ഞബാഹുഃ = പ്രിയവ്രതപുത്രനായ യജ്ഞബാഹുവെന്നവൻ
സ്വസുതേഭ്യഃ സപ്തഭ്യഃ = തന്റെ പുത്രന്മാർ ഏഴുപേക്കം

| | | |
|---|---|---|
| തന്നാമാനി സപ്തവർഷാണി | = | അവരുടെതന്നെ പേരുകളുള്ള ഏഴു ഭൂഖണ്ഡങ്ങളെ |
| വ്യഭജത് | = | വിഭജിച്ചുകൊടുത്തു— |
| സുരോചനം.................... ...........അവിജ്ഞാതം ഇതി | } | സുരോചനം, സൗമനസ്യം, രമണകം, ദേവവർഷം, പാരിഭദ്രം, ആപ്യായനം, അവിജ്ഞാതം എന്നിവയാണ് അവയുടെ പേരുകൾ |

10 തേഷു വർഷാദ്രയോ നദ്യശ്ച സപ്തൈവാഭിജ്ഞാതാഃ സ്വരസഃ ശത-
ശൃംഗോ വാമദേവഃ കുന്ദോ മുകുന്ദഃ പുഷ്പവർഷഃ സഹസ്രശ്രുതിരിതി
അനുമതിഃ സിനീവാലീ സരസ്വതീ കുഹൂ രജനീ നന്ദാ രാകേതി

| | | |
|---|---|---|
| തേഷു അഭിജ്ഞാതാഃ | = | ആ ഖണ്ഡങ്ങളിൽ സുപ്രസിദ്ധങ്ങളായ |
| വർഷാദ്രയഃ നദ്യഃ ച | = | വർഷസീമാപർവ്വതങ്ങളും നദികളും |
| സപ്ത ഏവ (ഭവന്തി) | = | ഏഴേഴുതന്നെയാകുന്നു |
| സ്വരസഃ........................ ........സഹസ്രശ്രുതിഃ ഇതി | } | സ്വരസം, ശതശൃംഗം വാമദേവൻ, കുന്ദൻ, മുകുന്ദൻ പുഷ്പവർഷൻ, സഹസ്രശ്രുതി എന്നിവ പർവ്വതങ്ങൾ |
| അനുമതിഃ.................................. ......................രാകാ ഇതി | } | അനുമതി, സിനീവാലി, സരസ്വതി, കുഹു, രജനി, നന്ദ, രാക എന്നിവ നദികൾ. |

11 തദ്വർഷപുരുഷാഃ ശ്രുതധരവീര്യധരവസുന്ധരേഷന്ധരസംജ്ഞാ ഭഗ-
വന്തം വേദമയം സോമമാത്മാനം വേദേന യജന്തേ.

| | | |
|---|---|---|
| തദ്വർഷപുരുഷാഃ | = | ആ വർഷങ്ങളിലെ നിവാസികളായ ജനങ്ങൾ |
| ശ്രുതധരവീര്യധരവസുന്ധരേ- ഷന്ധരസംജ്ഞാഃ | } | ശ്രുതധരന്മാർ, വീര്യധരന്മാർ, വസുന്ധരന്മാർ, ഇഷന്ധരന്മാർ, എന്നീ പേരുകളാൽ അറിയപ്പെടുന്നവരാകുന്നു. |
| (തേ) വേദമയം ആത്മാനം ഭഗവന്തം സോമം | } | അവർ വേദാത്മകനും ആത്മതത്വമായുള്ളവനും ആയ ഭഗവാൻ സോമനെ |
| വേദേന യജന്തേ | = | വേദമന്ത്രത്താൽ ഉപാസിക്കുന്നു. |

12 സ്വഗോഭിഃ പിതൃദേവേഭ്യോ
വിഭജൻ കൃഷ്ണശുക്ലയോഃ
പ്രജാനാം സർവ്വാസാം രാജാ
അന്ധഃ സോമോ ന ആസ്ത്വിതി

| | | | |
|---|---|---|---|
| കൃഷ്ണശുക്ലയോഃ | കൃഷ്ണപക്ഷത്തിലും ശുക്ലപക്ഷത്തിലുമായിട്ട് | സോമഃ | സോമദേവൻ |
| പിതൃദേവേഭ്യഃ | പിതൃക്കൾക്കും ദേവന്മാർക്കും | പ്രജാനാം നഃ | പ്രജകളായ നമ്മുടെ |
| സ്വഗോഭിഃ | തന്റെ കിരണങ്ങളാൽ | സർവ്വാസാം | എല്ലാവരുടേയും |
| അന്ധഃ | അന്നത്തെ | രാജാ | രാജാവായിട്ട് |
| വിഭജൻ | വിഭജിച്ചുകൊടുത്തുകൊണ്ടിരിക്കുന്ന | ആസ്തു | അനുകൂലനായി വർത്തിക്കുമാറാകട്ടെ. |
| | | ഇതി | ഇങ്ങനെയാണ് ശാല്മലദ്വീപവാസികളുടെ സോമരാജമന്ത്രം |

13 ഏവം സുരോദാദ്ബഹിസ്തദ്ദ്വിഗുണഃ സമാനേനാവൃതോ ഘൃതോ-ദേന യഥാ പൂർവ്വഃ കുശദ്വീപോ യസ്മിൻ കുശസ്തംബോ ദേവകൃത-സ്തദ്ദ്വീപാഖ്യാകരോ ജ്വലന ഇവാപരഃ സ്വശഷ്പരോചിഷാ ദിശോ വിരാജയതി.

| | | |
|---|---|---|
| ഏവം സുരോദാത് ബഹിഃ | = | ഈവിധം സുരാസമുദ്രത്തിൽനിന്ന് പുറത്ത് |
| തദ്ദ്വിഗുണവിസ്താരഃ | = | അതിനേക്കാൾ ഇരട്ടിവലിപ്പമുള്ള |
| കുശദ്വീപഃ | = | കുശദ്വീപം |
| സമാനേന ഘൃതോദേന | = | ആയതിനോളം വലിപ്പമുള്ള ഘൃതസമുദ്രത്താൽ (നെയ്ക്കടലിനാൽ) |
| ആവൃതഃ പൂർവ്വഃ യഥാ (ആസ്തേ) | = | ചുററപ്പെട്ട്, മുൻദ്വീപുപോലെ കിടക്കുന്നു |
| യസ്മിൻ ദേവകൃതഃ കുശസ്തംബഃ | = | അതിൽ ഈശ്വരസൃഷ്ടമായ ഒരു കുശസ്തംബം |
| തദ്ദ്വീപാഖ്യാകരഃ | = | ആ ദ്വീപിന്റെ പേരിന് ഹേതുഭൂതമായി |
| അപരഃ ജ്വലനഃ ഇവ | = | മറെറാരു അഗ്നിപോലെ |
| സ്വശഷ്പരോചിഷാ | = | തന്റെ ഇളംനാമ്പുകളുടെ ഒളികൊണ്ട് |
| ദിശഃ വിരാജയതി | = | ദിക്കുകളെ പ്രശോഭിപ്പിക്കുന്നു. |

14 തദ്ദ്വീപപതിഃ പ്രൈയവ്രതോ രാജൻ ഹിരണ്യരേതാ നാമ സ്വം ദ്വീപം സപ്തഭ്യഃ സ്വപുത്രേഭ്യോ യഥാഭാഗം വിഭജ്യ സ്വയം തപ ആതിഷ്ഠത വസുവസുദാനദൃഢരുചിനാഭിഗുപ്തസ്തുത്യവ്രതവിവിക്ത-വാമദേവനാമഭ്യഃ.

| | | |
|---|---|---|
| രാജൻ തദ്ദ്വീപപതി | = | രാജാവേ! ആ ദ്വീപിന്റെ നായകനും |
| പ്രൈയവ്രതഃ | = | പ്രിയവ്രതന്റെ പുത്രനുമായ |
| ഹിരണ്യരേതാഃ നാമ | = | ഹിരണ്യരേതസ്സെന്നുപേരായുള്ളവൻ |
| സ്വം ദ്വീപം | = | തന്റെ ദ്വീപിനെ |
| വസുവസുദാന....................<br>...............വാമദേവനാമഭ്യഃ | } | വസു, വസുദാനൻ, ദൃഢരുചി, നാഭിഗുപ്തൻ, സ്തുത്യവ്രതൻ, വിവിക്തൻ, വാമദേവൻ എന്നിങ്ങനെ പേരുകളുള്ള |
| സപ്തഭ്യഃ സ്വപുത്രേഭ്യഃ | = | തന്റെ ഏഴുപുത്രന്മാർക്കായിക്കൊണ്ട് |
| യഥാഭാഗം വിഭജ്യ | = | ഭാഗക്രമാനുസാരം വിഭജിച്ചുകൊടുത്ത് |
| സ്വയം തപഃ ആതിഷ്ഠത | = | താൻ തപസ്സനുഷ്ഠിച്ചു. |

15 തേഷാം വർഷേഷു സീമാഗിരയോ നദ്യശ്ചാഭിജ്ഞാതാഃ സപ്ത സപ്തൈവ ചക്രശ്ചതുഃശൃംഗഃ കപിലശ്ചിത്രകൂടോ ദേവാനീക ഊർദ്ധ്വരോമാ ദ്രവിണ ഇതി രസകുല്യാ മധുകുല്യാ മിത്രവിന്ദാ ശ്രുതവിന്ദാ ദേവഗർഭാ ഘൃതച്യുതാ മന്ത്രമാലേതി.

| | | |
|---|---|---|
| തേഷാം വർഷേഷു | = | അവരുടെ വർഷങ്ങളിൽ |
| അഭിജ്ഞാതാഃ | = | സുപ്രസിദ്ധങ്ങളായ |

| | | |
|---|---|---|
| സീമാഗിരയഃ നദ്യഃ ച | = | അതിർത്തിമലകളും നദികളും |
| സപ്ത സപ്ത ഏവ | = | ഏഴേഴുകൾ തന്നെയാണ്. |
| ചക്രഃ..............................ഇതി | = | ചക്രം, ചതുഃശൃംഗം, കപിലം, ചിത്രകൂടം, ദേവാനീകം, ഊർദ്ധ്വരോമാവ്, ദ്രവിണം എന്നിവ പർവ്വതങ്ങളും |
| രസകല്യാ ..................ഇതി | = | രസകല്യ, മധുകല്യ, മിത്രവിന്ദ, ശ്രുതവിന്ദ, ദേവഗർഭ, ഘൃതച്യുത, മന്ത്രമാല എന്നിവ നദികളുമാകുന്നു. |

16 യാസാം പയോഭിഃ കുശദ്വീപൗകസഃ കുശലകോവിദാഭിയുക്തകുളക-സംജ്ഞാ ഭഗവന്തം ജാതവേദഃസ്വരൂപിണം കർമ്മകൗശലേന യജന്തേ.

| | | |
|---|---|---|
| യാസാം പയോഭിഃ | = | അവയിലെ ജലംകൊണ്ട് |
| കുശദ്വീപൗകസഃ | = | കുശദ്വീപവാസികളായ |
| കുശലകോവിദാഭിയുക്ത-കുളകസംജ്ഞാഃ | } | കുശലന്മാർ, കോവിദന്മാർ, അഭിയുക്തന്മാർ, കുളകന്മാർ എന്നീ സംജ്ഞകളാലറിയപ്പെടുന്ന ജനവിഭാഗങ്ങൾ |
| ജാതവേദഃസ്വരൂപിണം | = | അഗ്നിദേവസ്വരൂപധരനായ |
| ഭഗവന്തം | = | ഭഗവാൻ ശ്രീഹരിയെ |
| കർമ്മകൗശലേന യജന്തേ | = | കർത്തൃത്വാഭിമാനവും ഫലാകാംക്ഷയുമില്ലാത്ത പരിശുദ്ധകർമ്മംകൊണ്ട് ഉപാസിക്കുന്നു. |

17 പരസ്യ ബ്രഹ്മണഃ സാക്ഷാ-
ജ്ജാതവേദോഽസി ഹവ്യവാട്
ദേവാനാം പുരുഷാംഗാനാം
യജ്ഞേന പുരുഷം യജ - ഇതി

| | | | |
|---|---|---|---|
| ജാതവേദഃ | ഹേ അഗ്നിദേവ! | പുരുഷാംഗാനാം | പുരുഷോത്തമനായ ശ്രീഹരിയുടെ അംഗങ്ങളായ |
| സാക്ഷാത് പരസ്യ ബ്രഹ്മണഃ | } സാക്ഷാൽ പരബ്രഹ്മസ്വരൂപനായ ശ്രീഹരിക്ക് | ദേവാനാം | ദേവന്മാരുടെ |
| | | യജ്ഞേന | യജ്ഞംകൊണ്ട് |
| ഹവ്യവാട് | ഹവ്യത്തെ വഹിച്ചുകൊണ്ടുപോകുന്ന ആൾ | പുരുഷം | മഹാപുരുഷനായ തന്തിരുവടിയെത്തന്നെ |
| അസി | ഭവാനാകുന്നു. | യജ | യജിച്ചാലും |

ഇതി — എന്നിങ്ങനെയാണ് കുശദ്വീപവാസികളുടെ അഗ്നിസമാരാധനമന്ത്രം

18 തഥാ ഘൃതോദാദ്ബഹിഃ ക്രൗഞ്ചദ്വീപോ ദ്വിഗുണഃ സ്വസമാനേന ക്ഷീരോദേന പരിത ഉപക്ലൃപ്തോ വൃതോ യഥാ കുശദ്വീപോ ഘൃതോദേന, യസ്മിൻ ക്രൗഞ്ചോ നാമ പർവ്വതരാജോ ദ്വീപനാമനിർവ്വർത്തക ആസ്തേ

| | | |
|---|---|---|
| ഘൃതോദേന വൃതഃ | = | ഘൃതസമുദ്രത്താൽ പരിവേഷ്ടിതമായ |
| കുശദ്വീപഃ യഥാ തഥാ | = | കുശദ്വീപം എപ്രകാരമോ, അപ്രകാരം |
| ഘൃതോദാത് ബഹിഃ | = | ഘൃതസമുദ്രത്തിൽനിന്നും പുറത്ത് |
| ദ്വിഗുണഃ ക്രൗഞ്ചദ്വീപഃ | = | അതേക്കാൾ ഇരട്ടി വലിപ്പമുള്ള ക്രൗഞ്ചദ്വീപ് |
| സ്വസമാനേന ക്ഷീരോദേന | = | തന്നോളംതന്നെ വലിപ്പമുള്ള പാല്ക്കടലിനാൽ |
| പരിതഃ ഉപക്ലൃപ്തഃ | = | നാലുപാടും ചുററപ്പെട്ടുകിടക്കുന്നു. |
| യസ്മിൻ ക്രൗഞ്ചഃ നാമ പർവ്വതരാജഃ | = | ആയതിൽ ക്രൗഞ്ചമെന്നുപേരായ ഗിരിരാജൻ |
| ദ്വീപനാമനിർവ്വർത്തകഃ ആസ്തേ | = | ആ ദ്വീപിന്റെ പേരിന്നു ഹേതുവായി നില കൊള്ളുന്നു. |

19 യോഽസൗ ഗുഹപ്രഹരണോന്മഥിതനിതംബകുഞ്ജോഽപി ക്ഷീരോദേ-
നാസിച്യമാനോ ഭഗവതാ വരുണേനാഭിഗുപ്തോ വിഭയോ ബഭൂവ.

| | | |
|---|---|---|
| യഃ അസൗ | = | യാതൊരു ഈ ക്രൗഞ്ചപർവ്വതം |
| ഗുഹപ്രഹരണോന്മഥിത-നിതംബകുഞ്ജഃ അപി | | സുബ്രഹ്മണ്യന്റെ ആയുധത്താൽ തല്ലിത്തകർക്കപ്പെട്ട മദ്ധ്യഭാഗത്തോടും വൃക്ഷലതാനികുഞ്ജത്തോടും കൂടിയതായിഭവിച്ചുവെങ്കിലും |
| ക്ഷീരോദേന ആസിച്യമാനഃ | = | ക്ഷീരസാഗരത്താൽ നന്നായി നനയ്ക്കപ്പെട്ടും |
| വരുണേന ഭഗവതാ | = | വരുണഭഗവാനാൽ |
| അഭിഗുപ്തഃ വിഭയഃ ബഭൂവ | = | സംരക്ഷിതനായും നിർഭയനായും ഭവിച്ചിരിക്കുന്നു. |

20 തസ്മിന്നപി പ്രൈയവ്രതോ ഘൃതപൃഷ്ഠോ നാമാധിപതിഃ സ്വേ
ദ്വീപേ വർഷാണി സപ്ത വിഭജ്യ തേഷു പുത്രനാമസു സപ്ത രിക്ഥാദാൻ
വർഷപാന്നിവേശ്യ സ്വയം ഭഗവാൻ ഭഗവതഃ പരമകല്യാണയശസ
ആത്മഭൂതസ്യ ഹരേശ്ചരണാരവിന്ദമുപജഗാമ.

| | | |
|---|---|---|
| തസ്മിൻ അപി | = | ആ ദ്വീപിലും |
| പ്രൈയവ്രതഃ | = | പ്രിയവ്രതന്റെ പുത്രനായ |
| ഘൃതപൃഷ്ഠഃ നാമ അധിപതിഃ | = | ഘൃതപൃഷ്ഠനെന്ന ഭരണനായകൻ |
| സ്വേ ദ്വീപേ | = | തന്റേതായ ദ്വീപിൽ |
| സപ്തവർഷാണി വിഭജ്യ | = | ഏഴുവർഷങ്ങളെ വേർതിരിച്ചുവെച്ച് |
| പുത്രനാമസു തേഷു | = | പുത്രന്മാരുടെ പേരുകളുള്ള അവയിൽ |
| രിക്ഥാദാൻ സപ്ത | = | സ്വത്തവകാശികളായ പുത്രന്മാരേഴുപേരെ |
| വർഷപാൻ നിവേശ്യ | = | വർഷപാലകന്മാരാക്കി നിയമിച്ച്, |
| സ്വയം ഭഗവാൻ | = | സ്വതവേ മഹാനുഭാവനായ അദ്ദേഹം |
| പരമകല്യാണയശസഃ | = | സർവ്വാതിശായിയായ സുമംഗലകീർത്തിയെഴുന്നവനും |
| ആത്മഭൂതസ്യ | = | ആത്മസ്വരൂപനുമായിരിക്കുന്ന |
| ഭഗവതഃ ഹരേഃ | = | ഭഗവാനായ ശ്രീഹരിയുടെ |
| ചരണാരവിന്ദം ഉപജഗാമ | = | പാദാരവിന്ദത്തെ ശരണംഗമിച്ചു. |

21 ആമോ മധുരുഹോ മേഘപൃഷ്ഠഃ സുധാമാ ഭ്രാജിഷ്ഠോ ലോഹിതാർണ്ണോ
വനസ്പതിരിതി ഘൃതപൃഷ്ഠസുതാസ്തേഷാം വർഷഗിരയഃ സപ്ത സപ്തൈവ
നദ്യശ്ചാഭിഖ്യാതാഃ ശുക്ലോ വർദ്ധമാനോ ഭോജന ഉപബർഹണോ
നന്ദോ നന്ദനഃ സർവ്വതോഭദ്ര ഇതി അഭയാ അമൃതൗഘാ ആര്യകാ
തീർത്ഥവതീ വൃത്തിരൂപവതീ പവിത്രവതീ ശുക്ലേതി.

| | | |
|---|---|---|
| ആമഃ...... ......ഇതി ഘൃതപൃഷ്ഠസുതാഃ | } | ആമൻ, മധുരുഹൻ, മേഘപൃഷ്ഠൻ, സുധാമാവ്, ഭ്രാജിഷ്ഠൻ, ലോഹിതാർണ്ണൻ, വനസ്പതി, എന്നിവരത്രേ ഘൃതപൃഷ്ഠന്റെ ഏഴു പുത്രന്മാർ |
| തേഷാം വർഷഗിരയഃ സപ്ത | = | അവരുടെ ഭരണപരിധിയിലുള്ള വർഷങ്ങളിലെ മര്യാദാപർവ്വതങ്ങൾ ഏഴ് — |
| ശുക്ലഃ...... ......സർവ്വതോഭദ്രഃ ഇതി | } | ശുക്ലം, വർദ്ധമാനം, ഭോജനം, ഉപബർഹണം, നന്ദം, നന്ദനം, സർവ്വതോഭദ്രം എന്നിവയാകുന്നു. |
| നദ്യഃ ച സപ്ത ഏവ അഭിഖ്യാതാഃ | = | നദികളും ഏഴുതന്നെയാണെന്ന് പറയപ്പെട്ടിരിക്കുന്നു |
| അഭയാ ...... ശുക്ലാ ഇതി | = | അഭയ, അമൃതൗഘ, ആര്യക, തീർത്ഥവതി, വൃത്തിരൂപവതി, പവിത്രവതി, ശുക്ല എന്നിവയാകുന്നു. |

22 യാസാമംഭഃ പവിത്രമമലമുപയുഞ്ജാനാഃ പുരുഷഋഷഭദ്രവിണദേവക-
സംജ്ഞാ വർഷപുരുഷാ ആപോമയം ദേവമപാം പൂർണ്ണേനാഞ്ജലിനാ
യജന്തേ.

| | | |
|---|---|---|
| പുരുഷഋഷഭദ്രവിണ-ദേവകസംജ്ഞാഃ | } | പുരുഷന്മാർ, ഋഷഭന്മാർ, ദ്രവിണന്മാർ, ദേവകന്മാർ എന്നീ സംജ്ഞകളുള്ള |
| വർഷപുരുഷാഃ | = | ക്രൗഞ്ചദ്വീപവർഷങ്ങളിലെ ജനങ്ങൾ |
| യാസാം പവിത്രം അമലം അംഭഃ | = | മുൻപറഞ്ഞനദികളിലെ വിശുദ്ധനിർമ്മലജലത്തെ |
| ഉപയുഞ്ജാനാഃ | = | ഉപയോഗിച്ചുകൊണ്ട് |
| ആപോമയം ദേവം | = | ജലസ്വരൂപേണ വർത്തിക്കുന്ന ഈശ്വരനെ |
| അപാം പൂർണ്ണേന അഞ്ജലിനാ | = | ജലത്തിന്റെ പൂർണ്ണാഞ്ജലികൊണ്ട് (തർപ്പണാദികളെക്കൊണ്ട്) |
| യജന്തേ | = | ഉപാസിക്കുന്നു |

23 ആപഃ പുരുഷവീര്യാഃ സ്ഥ
പുനന്തീർഭൂർഭുവഃ സുവഃ
താ നഃ പുനീതാമീവഘ്നീഃ
സ്പൃശതാമാത്മനാ ഭുവഃ — ഇതി

| | | | |
|---|---|---|---|
| ആപഃ | ജലദേവതമാരേ ! | സ്ഥ | ആകുന്നു |
| (യൂയം) | നിങ്ങൾ | ഭൂഃ ഭുവഃ സുവഃ | ഭൂർല്ലോകഭുവർല്ലോകസുവർല്ലോകങ്ങൾ മൂന്നിനേയും |
| പുരുഷവീര്യാഃ | മഹാപുരുഷനായ ഭഗവാനിൽനിന്നു സംഭവിച്ച വീര്യത്തോടുകൂടിയവർ | പുനന്തീഃ | പവിത്രീകരിക്കുന്നവയും |
| | | ആത്മനാ | സ്വഭാവേന |

അമീവഘ്നീഃ — പാപങ്ങളെ നിഹനിക്കുന്നവയും ആയ
താഃ (യൂയം) — ആ നിങ്ങൾ
സ്പൃതാം — നിങ്ങളെ സ്പർശിക്കുന്നേ
നഃ — ഞങ്ങളുടെ
ഭുവഃ — ശരീരങ്ങളെ
പുനീത — ശുദ്ധീകരിക്കുവിൻ
ഇതി — എന്നിങ്ങനെ ജലദേവതോപാസനാമന്ത്രം.

24 ഏവം പുരസ്താത് ക്ഷീരോദാത് പരിതഃ ഉപവേശിതഃ ശാകദ്വീപോ ദ്വാത്രിംശല്ലക്ഷയോജനായാമഃ സമാനേന ച ദധിമണ്ഡോദേന പരീതോ യസ്മിൻ ശാകോ നാമ മഹീരുഹഃ സ്വക്ഷേത്രവ്യപദേശകോ യസ്യ ഹ മഹാസുരഭിഗന്ധസ്തം ദ്വീപമനുവാസയതി.

ഏവം ക്ഷീരോദാത് പുരസ്താത് = ഇപ്രകാരം പാൽക്കടലിൽനിന്നു് അപ്പുറം
ദ്വാത്രിംശല്ലക്ഷയോജനായാമഃ = മുപ്പത്തിരണ്ടുലക്ഷം യോജന പരപ്പിലുള്ള
ശാകദ്വീപ സമാനേന = ശാകദ്വീപം അത്രയും പരപ്പിൽകിടക്കുന്ന
ദധിമണ്ഡോദേന പരീതഃ ച = ദധിരസസമുദ്രത്താൽ ചുറ്റപ്പെട്ടു
പരീതഃ ഉപവേശിതഃ = ചുറ്റപ്പെട്ടു സ്ഥിതിചെയ്യുന്നു.
യസ്മിൻ ശാകഃ നാമമഹീരുഹഃ = ആയതിൽ ശാകമെന്നപേരിൽ വിശ്രുതമായവൃക്ഷം
സ്വക്ഷേത്രവ്യപദേശകഃ = ആ ദ്വീപിന്റെ പേരിനു് കാരണഭൂതമായിട്ടുണ്ടു്
യസ്യ ഹ മഹാസുരഭിഗന്ധഃ = യാതൊന്നിന്റെ അതിസുരഭിലമായ മണം
തം ദ്വീപം അനുവാസയതി = ആ ദ്വീപിനെ ആകമാനം വാസനിപ്പിക്കുന്നു.

25 തസ്യാപി പ്രൈയവ്രത ഏവാധിപതിഃ. നാമ്നാ മേധാതിഥിഃ സോഽപി വിഭജ്യ സപ്ത വർഷാണി പുത്രനാമാനി തേഷു സ്വാത്മജാൻ പുരോജവമനോജവപവമാനധൂമ്രാനീകചിത്രരേഫബഹുരൂപവിശ്വധാരസംജ്ഞാൻ നിധായ്യാധിപതീൻ സ്വയം ഭഗവത്യനന്ത ആവേശിതമതിസ്തപോവനം പ്രവിവേശ.

തസ്യ അപി അധിപതിഃ = ആ ദ്വീപിന്റെയും അധിപതി
പ്രൈയവ്രതഃ ഏവ = പ്രിയവ്രതന്റെ ഒരു പുത്രനായിരുന്നു
നാമ്നാ മേധാതിഥിഃ സഃ അപി = മേധാതിഥിയെന്ന നാമത്താൽ വിഖ്യാതനായ അദ്ദേഹമാകട്ടെ
പുത്രനാമാനി സപ്തവർഷാണി വിഭജ്യ = (ആ ദ്വീപിനെ) സ്വപുത്രന്മാരുടെ പേരുള്ള ഏഴു ഖണ്ഡങ്ങളായി തിരിച്ചിട്ടു്
തേഷു സ്വാത്മജാൻ = അവയോരോന്നിലും തന്റെ പുത്രന്മാരായ
പുരോജവമനോജവപവമാനധൂമ്രാനീകചിത്രരേഫബഹുരൂപവിശ്വധാരസംജ്ഞാൻ = പുരോജവൻ, മനോജവൻ, പവമാനൻ, ധൂമ്രാനീകൻ, ചിത്രരേഫൻ, ബഹുരൂപൻ, വിശ്വാധരൻ എന്നിങ്ങനെ പേരുകളുള്ളവരെ
അധിപതീൻ നിധായ്യ = അധീശന്മാരാക്കി വാഴിച്ചതിനുശേഷം
അനന്തേ ഭഗവതി = ആദ്യന്തഹീനനായ ഭഗവാനിൽ

| | | |
|---|---|---|
| സ്വയം ആവേശിതമതിഃ | = | സ്വയം ഏകാഗ്രമാക്കിയ ചിത്തത്തോടുകൂടിയവനായിഭവിച്ച് |
| തപോവനം പ്രവിവേശ | = | തപോവനത്തെ പ്രവേശിച്ചു. |

26 ഏതേഷാം വർഷമര്യാദാഗിരയോ നദ്യശ്ച സപ്ത സപ്തൈവ ഈശാന ഉരുശൃംഗോ ബലഭദ്രഃ ശതകേസരഃ സഹസ്രസ്രോതോ ദേവപാലോ മഹാനസ ഇതി അനഘായുർദാ ഉഭയസ്പൃഷ്ടിരപരാജിതാ പഞ്ചപദീ സഹസ്രസ്രുതിർനിജധൃതിരിതി.

| | | |
|---|---|---|
| ഏതേഷാം | = | ഈ ദ്വീപവാസികളുടെ |
| വർഷമര്യാദാഗിരയഃ | = | വർഷസീമകളിലെ പർവ്വതങ്ങളും |
| നദ്യഃ ച സപ്ത സപ്ത ഏവ | = | നദികളും ഏഴേഴുകളാം തന്നെയാണ് |
| ഈശാനഃ...................................... ..........................മഹാനസഃ ഇതി | } | ഈശാനൻ, ഉരുശൃംഗൻ, ബലഭദ്രൻ, ശതകേസരൻ, സഹസ്രസ്രോതസ്സ്, ദേവപാലൻ, മഹാനസൻ, എന്നിവ പർവ്വതങ്ങളുടെ നാമങ്ങളാകുന്നു. |
| അനഘാ........................................... ................നിജധൃതിഃ ഇതി | } | അനഘ, ആയുർദ, ഉഭയസ്പൃഷ്ടി, അപരാജിത, പഞ്ചപദി, സഹസ്രസ്രുതി, നിജധൃതി എന്നിവ നദികളുടെ നാമങ്ങളാകുന്നു. |

27 തദ്വർഷപുരുഷാ ഋതവ്രതസത്യവ്രതദാനവ്രതാനുവ്രതനാമാനോ ഭഗവന്തം വായ്വാത്മകം പ്രാണായാമവിധൂതരജസ്തമസഃ പരമസമാധിനാ യജന്തേ.

| | | |
|---|---|---|
| തദ്വർഷപുരുഷാഃ | = | ആ വർഷങ്ങളിലെ നിവാസികളായ |
| ഋതവ്രത.............................നാമാനഃ | = | ഋതവ്രതന്മാർ, സത്യവ്രതന്മാർ, ദാനവ്രതന്മാർ, അനുവ്രതന്മാർ, എന്നീ തരത്തിലുള്ളവർ |
| പ്രാണായാമവിധൂതരജസ്തമസഃ | = | പ്രാണായാമത്താൽ രജസ്തമസ്സുകളകററിക്കൊണ്ട് |
| ഭഗവന്തം വായ്വാത്മകം | = | സർവ്വേശ്വരനെ വായുരൂപത്തിൽ സങ്കല്പിച്ച് |
| പരമസമാധിനാ യജന്തേ | = | ഉത്തമസമാധിയിലൂടെ ഉപാസിക്കുന്നു. |

28 അന്തഃ പ്രവിശ്യ ഭൂതാനി
യോ ബിഭർത്ത്യാത്മകേതുഭിഃ
അന്തര്യാമീശ്വരഃ സാക്ഷാത്
പാതു നോ യദ്വശേ സ്ഫുടം.

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | ആത്മകേതുഭിഃ | തന്റെ പ്രാണാപാനാദി വൃത്തിഭേദങ്ങളാൽ |
| അന്തഃ | അന്തർഭാഗത്തിൽ | ഭൂതാനി | ചരാചരങ്ങളെ |
| പ്രവിശ്യ | പ്രവേശിച്ച് | ബിഭർത്തി | ഭരിക്കുന്നുവോ, |

| | | | |
|---|---|---|---|
| യദ്വശേ | യാതൊരാളുടെ അധീനതയിൽ | അന്തര്യാമീ | ആ അന്തര്യാമിയായ |
| സ്ഫുടം | വ്യക്തമായും | സാക്ഷാത് ഈശ്വരഃ | സാക്ഷാൽ ഈശ്വരൻ |
| ഇദം | ഈ വിശ്വം വർത്തിക്കുന്നുവോ, | നഃ പാതു | ഞങ്ങളെ പാലിക്കട്ടെ. |

29 ഏവമേവ ദധിമണ്ഡോദാത് പരതഃ പുഷ്കരദ്വീപസ്തതോ ദ്വിഗുണാ-
യാമഃ സമന്തത ഉപകല്പിതഃ സമാനേന സ്വാദൂദകേന സമുദ്രേണ
ബഹിരാവൃതോ യസ്മിൻ ബൃഹത്പുഷ്കരം ജ്വലനശിഖാമലകനക-
പത്രായുതയുതം ഭഗവതഃ കമലാസനസ്യാധ്യാസനം പരികല്പിതം.

| | | |
|---|---|---|
| ഏവം ഏവ | = | അപ്രകാരംതന്നെ |
| ദധിമണ്ഡോദാത് പരതഃ | = | ദധിരസ സമുദ്രത്തിൽനിന്നപ്പുറം |
| തതഃ ദ്വിഗുണായാമഃ | = | അതിനേക്കാൾ ഇരട്ടിവിസ്താരത്തിലുള്ള |
| പുഷ്കരദ്വീപഃ | = | പുഷ്കരമെന്ന ദ്വീപ് |
| സമാനേന സ്വാദൂദകേന | = | അത്രയും വിശാലമായ ശുദ്ധജലസമുദ്രത്താൽ |
| ബഹിഃ സമന്തതഃ ആവൃതഃ | = | പുറമെ ചുററും ആവരണം ചെയ്യപ്പെട്ടതായിട്ട് |
| ഉപകല്പിതഃ | = | സർവ്വേശ്വരനാൽ കല്പിതമായിരിക്കുന്നു |
| യസ്മിൻ | = | യാതൊരു ഈ പുഷ്കരദ്വീപിൽ |
| ജ്വലനശിഖാമലകനകപത്രായുതായുതം | } | അഗ്നിജ്വാലപോലെ തെളിവുള്ള അയുതായുതം കാഞ്ചനദളങ്ങളോടുകൂടിയതും |
| ഭഗവതഃ കമലാസനസ്യ | = | ഭഗവാനായ ബ്രഹ്മദേവന്റെ |
| അധ്യാസനം ബൃഹത്പുഷ്കരം | = | അധിഷ്ഠാനവുമായ മഹാപദ്മം |
| പരികല്പിതം | = | വിരചിതമായിരിക്കുന്നു. |

30 തദ്ദ്വീപമധ്യേ മാനസോത്തരനാമൈക ഏവാർവാചീനപരാചീന-
വർഷയോർമര്യാദാചലോऽയുതയോജനോച്ഛ്രായായാമോ യത്ര തു ചത-
സൃഷു ദിക്ഷു ചത്വാരി പുരാണി ലോകപാലാനാമിന്ദ്രാദീനാം യദു-
പരിഷ്ടാത് സൂര്യരഥസ്യ മേരും പരിഭ്രമതഃ സംവത്സരാത്മകം ചക്രം
ദേവാനാമഹോരാത്രാഭ്യാം പരിഭ്രമതി.

| | | |
|---|---|---|
| തദ്ദ്വീപമധ്യേ | = | ആ ദ്വീപിന്റെ മധ്യത്തിൽ |
| മാനസോത്തരനാമാ | = | മാനസോത്തരമെന്നുപേരായി |
| അർവാചീനപരാചീനവർഷയോഃ | = | ഇങ്ങേപ്പുറത്തും അങ്ങേപ്പുറത്തും കിടക്കുന്ന രണ്ടു വർഷങ്ങളുടെ |
| മര്യാദാചലഃ ഏകഃ ഏവ | = | അതിരിനെ വേർതിരിക്കുന്ന ഒരു പർവ്വതംമാത്രം |
| അയുതയോജനോച്ഛ്രായായാമഃ | = | പതിനായിരം യോജന ഉയരവും വിസ്താരവുമുള്ളതായിട്ട് നിലനില്ക്കുന്നു. |
| യത്ര തു ചതസ്സൃഷു ദിക്ഷു | = | യാതൊന്നിന്മേലാകട്ടെ നാലു ദിക്കിലായി |
| ഇന്ദ്രാദീനാം ലോകപാലാനാം | = | ഇന്ദ്രാദികളായ ലോകപാലന്മാരുടെ |

| | | |
|---|---|---|
| ചത്വാരി പുരാണി | = | നാലുപുരങ്ങാം സ്ഥിതിചെയ്യുന്നു. |
| യദുപരിഷ്ടാത് | = | യാതൊരു പർവ്വതത്തിൻെറ നിറുകയിൽ |
| മേരും പരിഭ്രമതഃ | = | മഹാമേരുവിനെ പ്രദിക്ഷണംചെയ്യുന്ന |
| സൂര്യരഥസ്യ | = | സൂര്യരഥത്തിൻെറ |
| സംവത്സരാത്മകം ചക്രം | = | സംവത്സരസ്വരൂപമായ ചക്രം |
| ദേവാനാം അഹോരാത്രാഭ്യാം | = | ദേവകളുടെ പകലും രാത്രിയും ചേൻ്നിട്ട് |
| പരിഭ്രമതി | = | ചുററിക്കൊണ്ടിരിക്കുന്നു. |

31 ഏതദ്ദ്വീപസ്യാപ്യധിപതിഃ പ്രൈയവ്രതോ വീതിഹോത്രോ നാമൈതസ്യാത്മജൗ രമണകധാതകിനാമാനൗ വർഷപതീ നിയുജ്യ സ സ്വയം പൂർവ്വജവദ് ഭഗവത്കർമ്മശീല ഏവാസ്തേ.

| | | |
|---|---|---|
| ഏതദ്ദ്വീപസ്യ അപി | = | ഈ ദ്വീപിൻേറയും |
| അധിപതിഃ പ്രൈയവ്രതഃ | = | നായകൻ പ്രിയവ്രതൻെറ ഒരു പുത്രനായ |
| വീതിഹോത്രഃ നാമ | = | വീതിഹോത്രനെന്നു് പേരായുള്ളവനാണ്. |
| ഏതസ്യ ആത്മജൗ | = | ഇദ്ദേഹത്തിൻെറ പുത്രന്മാർ |
| രമണകധാതകിനാമാനൗ | = | രമണകനെന്നും ധാതകിയെന്നും പേരായ ഇരുവരാകുന്നു. |
| (തൗ) വർഷപതീ നിയുജ്യ | = | അവരെ ദ്വീപിലുള്ള രണ്ടു് ഭൂവിഭാഗങ്ങളുടെയും പാലകന്മാരായി നിയമിച്ചതിൽപ്പിന്നെ |
| സഃ സ്വയം പൂർവ്വജവത് | = | അദ്ദേഹം സ്വയം തൻെറ ജ്യേഷ്ഠന്മാരെപ്പോലെ |
| ഭഗവത്കർമ്മശീലഃ ഏവ ആസ്തേ | } | ഭഗവത്സേവാപരായണനായിട്ടുതന്നെ സ്ഥിതിചെയ്യുന്നു. |

32 തദ്വർഷപുരുഷാ ഭഗവന്തം ബ്രഹ്മരൂപിണം സകർമ്മകേണ കർമ്മണാഽരാധയന്തീദം ചോദാഹരന്തി.

| | | |
|---|---|---|
| തദ്വർഷപുരുഷാഃ | = | ആ ഭൂമണ്ഡലങ്ങളിലെ നിവാസികാം |
| ബ്രഹ്മരൂപിണം ഭഗവന്തം | = | കമലാസനമൂർത്തിയായ ശ്രീഹരിയെ |
| സകർമ്മകേണ കർമ്മണാ | = | ബ്രഹ്മസാലോക്യാദികാംക്കു് പ്രയോജകമായ കർമ്മംകൊണ്ടു് |
| ആരാധയന്തി | = | ആരാധിക്കുന്നു; |
| ഇദം ച ഉദാഹരന്തി | = | ഈ മന്ത്രസൂക്തത്തെയും ഉച്ചരിക്കുന്നു. |

33 യത്തത് കർമ്മമയം ലിംഗം
ബ്രഹ്മലിംഗം ജനോഽർച്ചയേത്
ഏകാന്തമദ്വയം ശാന്തം
തസ്മൈ ഭഗവതേ നമഃ ഇതി.

| | |
|---|---|
| കർമ്മമയം | കർമ്മങ്ങളുടെ ഫലം തന്നെയായിരിക്കുന്നതും |
| ബ്രഹ്മലിംഗം | വേദവചനത്താൽ ജ്ഞാപകമായിരിക്കുന്നതും |
| ഏകാന്തം | ഏകമായ ശാശ്വതതത്വത്തിൽ നിലയുറച്ചിരിക്കുന്നതും |
| അദ്വയം | രണ്ടെന്ന ഭാവത്തിൽനിന്നു് അതീതമായതും |
| ശാന്തം | വികാരവിക്ഷോഭമില്ലാത്തതുമായ |

| | |
|---|---|
| ലിംഗം യത് | സ്വരൂപം ഏതോ, |
| തത് | അതിനെ |
| ജനഃ | സമസ്തജീവരാശിയും |
| അർച്ചയേത് | ഉപാസിക്കേണ്ടതാണ്. |
| തസ്മൈ | അങ്ങനെയുള്ളതായ |
| ഭഗവതേ | ഭഗവാനായിക്കൊണ്ടു് |
| നമഃ | നമസ്കാരം. |
| ഇതി | എന്നു് പുഷ്കരദ്വീപവാസികളുടെ ബ്രഹ്മോപാസനാമന്ത്രം. |

ഋഷിരുവാച – ശുകബ്രഹ്മർഷി തുടർന്നുപറഞ്ഞു —

34 തത്ഃ പരസ്താല്ലോകാലോകനാമാചലോ ലോകാലോകയോരന്തരാളേ
പരിത ഉപക്ഷിപ്തഃ

| | | |
|---|---|---|
| തതഃ പരസ്താത് | = | അതിനും അപ്പുറത്തു് |
| ലോകാലോകനാമാ അചലഃ | = | ലോകാലോകമെന്നുപേരായ പർവ്വതം |
| ലോകാലോകയോഃ അന്തരാളേ | = | ലോകത്തിന്നും അലോകത്തിന്നും (സൂര്യപ്രകാശമുള്ള പ്രദേശത്തിന്നും അതില്ലാത്ത പ്രദേശത്തിന്നും) ഇടയിൽ |
| പരിതഃ ഉപക്ഷിപ്തഃ | = | ചുററും (ഈശ്വരനാൽ) ഏപ്പെടുത്തപ്പെട്ടിരിക്കുന്നു. |

35 യാവന്മാനസോത്തരമേർവ്വോരന്തരം താവതീ ഭൂമിഃ കാഞ്ചന്യാദർ-
ശതലോപമാ യസ്യാം പ്രഹിതഃ പദാർത്ഥോ ന കഥഞ്ചിത് പുനഃ പ്രത്യു-
പലഭ്യതേ തസ്മാത് സർവ്വസത്വപരിഹൃതാഽസീത്.

| | | |
|---|---|---|
| മാനസോത്തരമേർവ്വോഃ | = | മാനസോത്തരഗിരിക്കും മേരുവിന്നും മദ്ധ്യേ |
| യാവത് അന്തരം | = | എത്രമാത്രം അകലമുണ്ടോ, |
| താവതീ ഭൂമിഃ | = | അത്രയും അകലം പരന്നുകിടക്കുന്ന ഭൂമി |
| കാഞ്ചനീ ആദർശതലോപമാ | = | സ്വർണ്ണമയവും കണ്ണാടിപോലെ തിളക്കമുള്ളതും ആകുന്നു. |
| യസ്യാം പ്രഹിതഃ പദാർത്ഥഃ | = | യാതൊരു പ്രദേശത്തിൽ പ്രക്ഷേപിച്ച ഒരു വസ്തുവും |
| കഥഞ്ചിത് പുനഃ | | ഒരുതരത്തിലും പിന്നീടു് |
| ന പ്രത്യുപലഭ്യതേ | = | തിരികെ വീണ്ടുകിട്ടുന്നതല്ല |
| തസ്മാത് | = | ആകയാൽ (ആ പ്രദേശം) |
| സർവ്വസത്വപരിഹൃതാ ആസീത് | = | സമസ്തപ്രാണിരഹിതമായി ഭവിച്ചിരിക്കുന്നു. |

36 ലോകാലോക ഇതി സമാഖ്യാ യദനേനാചലേന ലോകാലോകസ്യാ-
ന്തർവത്തിനാ്യവസ്ഥാപ്യതേ.

| | | |
|---|---|---|
| **യത് അനേന അചലേന** | = | യാതൊന്നുഹേതുവായിട്ട്, ഈ പർവ്വതത്താൽ |
| **ലോകാലോകസ്യ** | = | സൂര്യാലോകമുള്ള പ്രദേശത്തിൻെറയും സൂര്യാലോകമില്ലാത്ത പ്രദേശത്തിൻെറയും |
| **അന്തർവത്തിനാ അവസ്ഥാപ്യതേ** | } | മധ്യത്തിൽ അതിരുതിരിച്ചുനില്ക്കുന്നതായിട്ട് തൻെറ സ്ഥിതി ഉറപ്പിക്കപ്പെട്ടിരിക്കുന്നുവോ, (അതുഹേതുവായിട്ട്) |
| **ലോകാലോകഃ ഇതി സമാഖ്യാ** | = | "ലോകാലോകം" എന്ന പേരുണ്ടായി. |

37 സ ലോകത്രയാന്തേ പരിത ഈശ്വരേണ വിഹിതോ യസ്മാത് സൂര്യാ-
ദീനാം ധ്രുവാപവർഗാണാം ജ്യോതിർഗണാനാം ഗഭസ്തയോ ƨ വാ-
ചീനാംസ്ത്രീൻ ലോകാനാവിതന്വാനാ ന കദാചിത് പരാചീനാഃ
ഭവിതുമുത്സഹന്തേ താവദുന്നഹനായാമഃ.

| | | |
|---|---|---|
| **സഃ ലോകത്രയാന്തേ** | = | അതു് മൂന്നുലോകങ്ങളും അവസാനിക്കുന്നിടത്തു് |
| **പരിതഃ ഈശ്വരേണ വിഹിതഃ** | = | ചുറ്റുപാടും ഈശ്വരനാൽ (കോട്ടമതിൽപോലെ) ഏർപ്പെടുത്തപ്പെട്ടതാണു്. |
| **യസ്മാത്** | = | ആകയാൽ, ആ പ്രതിബന്ധത്താൽ |
| **സൂര്യാദീനാം** | = | സൂര്യമണ്ഡലം ആദിയായിട്ടും |
| **ധ്രുവാപവർഗാണാം** | = | ധ്രുവമണ്ഡലം അവസാനമായിട്ടും ഇരിക്കുന്ന |
| **ജ്യോതിർഗണാനാം ഗഭസ്തയഃ** | = | ജ്യോതിർഗോളസമൂഹങ്ങളുടെ രശ്മികൾ |
| **അവാചീനാൻ ത്രീൻ ലോകാൻ** | = | ഇങ്ങേപ്പുറത്തുള്ള മൂന്നുലോകങ്ങളെ |
| **ആവിതന്വാനാഃ** | = | ആകമാനം പ്രകാശിപ്പിക്കുന്നു; |
| **കദാചിത് പരാചീനാഃ ഭവിതും ന ഉത്സഹന്തേ** | } | ഒരിക്കലും അങ്ങേപ്പുറത്തേക്ക് കടക്കുവാൻ പ്രവേശിക്കുന്നില്ല. |
| **താവദുന്നഹനായാമഃ** | = | അത്രമാത്രം പൊക്കവും അതനുസരിച്ചുള്ള വിസ്താരവും ഉള്ളതാണതു്. |

38 ഏതാവാൻ ലോകവിന്യാസോ മാനലക്ഷണസംസ്ഥാഭിർ വിചിന്തിത
കവിഭിഃ. സ തു പഞ്ചാശത്കോടിശ്ച ഗണിതസ്യ ഭൂഗോളസ്യ തുരീയ-
ഭാഗോƨയം ലോകാലോകാചലഃ

| | | |
|---|---|---|
| **ലോകവിന്യാസഃ** | = | ഭൂലോകത്തിൻെറ സംസ്ഥിതി |
| **മാനലക്ഷണസംസ്ഥാഭിഃ** | = | അതിൻെറ അളവു്, ലക്ഷണം, വിഭാഗം എന്നിവയോടെ |
| **ഏതാവാൻ ഏവ** | = | ഇത്രമാത്രമാണു് |
| **കവിഭിഃ വിചിന്തിതഃ** | = | ക്രാന്തദർശികളായ പണ്ഡിതന്മാരാൽ നിരൂപണം ചെയ്യപ്പെട്ടിരിക്കുന്നതു് |

സഃ തു പഞ്ചാശത്കോടിഃ ച = അതാകട്ടെ 50 കോടിയുമാണ്
ഗണിതസ്യ ഭൂഗോളസ്യ = ഇങ്ങനെ കണക്കാക്കപ്പെട്ട ഭൂഗോളത്തിന്റെ
തുരീയഭാഗഃ = നാലിലൊരുഭാഗമാണ്
അയം ലോകാലോകാചലഃ = ഈ ലോകാലോകപർവ്വതം

39 തദുപരിഷ്ടാച്ചതസൃഷ്വാശാസ്വാത്മയോനിനാഽഖിലജഗദ്ഗുരുണാഽ-
ധിനിവേശിതാ യേ ദ്വിരദപതയ ഋഷഭഃ പുഷ്കരചൂഡോ വാമനോഽ-
പരാജിത ഇതി സകലലോകസ്ഥിതിഹേതവഃ

തദുപരിഷ്ടാത് = ആ ലോകാലോകപർവ്വതത്തിന്റേയും മറുപുറത്ത്
ചതസൃഷു ആശാസു = നാലുദിക്കുകളിലുമായി
അഖിലജഗദ്ഗുരുണാ = സകലലോകപിതാവായ
ആത്മയോനിനാ = ബ്രഹ്മദേവനാൽ
അധിനിവേശിതാഃ = അധിനിവേശനംചെയ്യിക്കപ്പെട്ടിരിക്കുന്ന
യേ ദ്വിരദപതയഃ = യാവചിലഗജശ്രേഷ്ഠന്മാർ
സകലലോകസ്ഥിതിഹേതവഃ = സർവ്വലോകങ്ങളുടേയും സുപ്രതിഷ്ഠയ്ക്കു് കാരണഭൂതരായി നിലകൊള്ളുന്നു.
ഋഷഭഃ പുഷ്കരചൂഡഃ വാമനഃ അപരാജിതഃ ഇതി } ഋഷഭൻ, പുഷ്കരചൂഡൻ, വാമനൻ, അപരാജിതൻ എന്നിങ്ങനെയാണ് അവരുടെ പേരുകൾ

40 തേഷാം സ്വവിഭൂതീനാം ലോകപാലാനാം ച വിവിധവീര്യോപ-
ബൃംഹണായ ഭഗവാൻ പരമമഹാപുരുഷോ മഹാവിഭൂതിപതി-
രന്തര്യാമ്യാത്മനോ വിശുദ്ധസത്ത്വം ധർമ്മജ്ഞാനവൈരാഗ്യൈശ്വ-
ര്യാദ്യഷ്ടമഹാസിദ്ധ്യുപലക്ഷണം വിഷ്വക്സേനാദിഭിഃ സ്വപാർഷദ-
പ്രവരൈഃ പരിവാരിതോ നിജവരായുധോപശോഭിതൈർനിജഭുജ-
ദണ്ഡൈഃ സന്ധാരയമാണസ്തസ്മിൻ ഗിരിവരേ സമന്താത് സകല-
ലോകസ്വസ്തയ ആസ്തേ.

മഹാവിഭൂതിപതിഃ = മഹാവിഭൂതികളുടെ അധിനായകനും
അന്തര്യാമീ ഭഗവാൻ = സർവ്വാന്തര്യാമിയും സർവ്വൈശ്വര്യപൂർണ്ണനുമായ
പരമമഹാപുരുഷഃ = പുരുഷോത്തമോത്തമൻ
സ്വവിഭൂതീനാം തേഷാം = തന്റെ രൂപാന്തരങ്ങളായ ആ ദിഗ്ഗജങ്ങൾക്കും
ലോകപാലാനാം ച = ദിക്പാലകന്മാർക്കും
വിവിധവീര്യോപബൃംഹണായ = ബഹുവിധങ്ങളായ വീര്യങ്ങളുടെ അഭിവൃദ്ധിക്കായി
ധർമ്മജ്ഞാനവൈരാഗ്യൈശ്വര്യാദ്യഷ്ടമഹാസിദ്ധ്യുപലക്ഷണം } ധർമ്മം, ജ്ഞാനം, വൈരാഗ്യം, ഐശ്വര്യം മുതലായ അഷ്ടമഹാസിദ്ധികളോടുകൂടിയ
ആത്മനഃ വിശുദ്ധസത്ത്വം = തന്റെ വിശുദ്ധസത്ത്വാത്മകസ്വരൂപത്തെ
സന്ധാരയമാണഃ = ആവിഷ്കരിച്ചുകൊണ്ടും
നിജവരായുധോപശോഭിതൈഃ = സ്വകീയവരായുധങ്ങളാൽ പരിശോഭിക്കുന്ന

| | | |
|---|---|---|
| നിജഭുജദണ്ഡൈഃ | = | നാലു ബലിഷ്ഠതൃക്കരങ്ങളോടുകൂടിയവനായും |
| വിഷ്വക്സേനാദിഭിഃ | = | വിഷ്വക്സേനപ്രഭൃതികളായുള്ള |
| സ്വപാർഷദപ്രവരൈഃ | = | തൻെറ പാർഷദപ്രമുഖന്മാരാൽ |
| പരിവാരിതഃ | = | ചുററപ്പെട്ടുകൊണ്ടും |
| തസ്മിൻ ഗിരിവരേ സമന്താത് | = | ആ പർവ്വതശ്രേഷ്ഠനിൽ എല്ലാടവും |
| സകലലോകസ്വസ്തയേ ആസ്തേ | = | സമസ്തലോകക്ഷേമാർത്ഥം ഏകമൂർത്തിയായി സന്നിധാനം ചെയ്യുന്നു. |

സർവ്വാന്തര്യാമിയായ ഈശ്വരൻ എല്ലാററിൻെറയും അന്തർഭാഗത്തിൽ സ്ഥിതനായിട്ടുതന്നെ എല്ലാം പ്രവർത്തിക്കുവാൻ ശക്തനാണല്ലോ. പിന്നെ എന്തിനാണ് ബഹിർഭാഗത്തും ലോകസ്ഥിതിക്കായി ചക്രവാളപർവ്വതാകാരേണ ചുഴന്നു സ്ഥിതിചെയ്യുന്നതു് ? ഈ ആശങ്കയെ ഇനി പരിഹരിക്കുന്നു—

41 ആകല്പമേവം വേഷം ഗത ഏഷ ഭഗവാനാത്മയോഗമായയാ വിരചിതവിവിധലോകയാത്രാഗോപീഥായേത്യർത്ഥഃ.

| | | |
|---|---|---|
| ഏഷഃ ഭഗവാൻ | = | ഈ സർവ്വേശ്വരൻ |
| ആത്മയോഗമായയാ | = | തൻെറ യോഗമായാശക്തിയാൽ |
| വിരചിതവിവിധലോകയാത്രാഗോപീഥായ | = | നിർമ്മിക്കപ്പെട്ട നാനാലോകങ്ങളുടെ ജീവിതയാത്രയെ സംരക്ഷിക്കുവാനായി |
| ആകല്പം ഏവം വേഷം ഗതഃ | = | കല്പാന്തകാലപര്യന്തം ഇങ്ങനെ ഒരു വേഷം ധരിച്ചിരിക്കുന്നു |
| ഇതി അർത്ഥഃ | = | എന്നേ ഇതിനു് താൽപര്യമുള്ളു. |

42 യോഽന്തർവിസ്താരഃ ഏതേന ഹ്യലോകപരിമാണം ച വ്യാഖ്യാതം യദ്ബഹിർലോകാലോകാചലാത് തതഃ പരസ്താദ്യോഗേശ്വരഗതിം വിശുദ്ധാമുദാഹരന്തി.

| | | |
|---|---|---|
| യഃ അന്തർവിസ്താരഃ (കഥിതഃ) | = | യാതൊരു അന്തർവിസ്താരം പറയപ്പെട്ടുവോ, |
| ഏതേന ഹി | = | ഇതുകൊണ്ടുതന്നെ |
| ലോകാലോകാചലാത് ബഹിഃ | = | ലോകാലോകപർവ്വതത്തിൽനിന്നു് അപ്പുറത്തുള്ള |
| യത് അലോകപരിമാണം | = | യാതൊരു അലോകപ്രദേശത്തിൻെറ വിസ്താരവും |
| വ്യാഖ്യാതം | = | വ്യാഖ്യാനിക്കപ്പെട്ടുകഴിഞ്ഞു. |
| തതഃ പരസ്താത് | = | അതിൽനിന്നും അപ്പുറത്തുള്ളതു് |
| വിശുദ്ധാം യോഗേശ്വരഗതിം | = | യോഗേശ്വരന്മാരുടെ പരിശുദ്ധസ്ഥാനമായിട്ടു് |
| ഉദാഹരന്തി | = | പറഞ്ഞുവരുന്നു. |

ലോകാലോകമെന്ന ചക്രവാളപർവ്വതത്തിൻെറ മൊത്തം അളവു് ലോകത്തിൻെറ മൊത്തം അളവായ 50 കോടി യോജനതന്നെയാണ്. അതു് മേരുവിൻെറ ഓരോ ഭാഗത്തും കാലംശമായി ചുഴന്നു് കിടക്കുന്നു. അതുകൊണ്ടു് “ഭൂഗോളസ്യ തുരീയഃ അംശഃ”

എന്നു പറഞ്ഞതാണ്. അതായതു് 12½ കോടി യോജന. ഈ ഉള്ളളവുതന്നെ പുറത്തും ഉണ്ടെന്നു് പരിഗണിക്കണം. ലോകപ്രദേശവ്യാപ്തവും അലോകപ്രദേശവ്യാപ്തവും ഒന്നു തന്നെയാണെന്നർത്ഥം. അതിനും അപ്പുറത്തുള്ള അനന്തത യോഗേശ്വരന്മാർക്കുമാത്രം ഗമ്യമാകുന്നു. ബ്രാഹ്മണപുത്രന്മാരെ കൊണ്ടുവരാൻപോയപ്പോൾ അർജ്ജുനനു് ഭഗവാൻ ശ്രീകൃഷ്ണൻ കാട്ടിക്കൊടുത്തതായി പറയപ്പെടുന്നതു് ഈ അനന്തവ്യാപ്തമത്രേ.

വിസ്തരേണ പറഞ്ഞതായ ബ്രഹ്മാണ്ഡവ്യാപ്തത്തിന്റെ സ്വഭാവം ഇനി ശ്ലോകത്തിൽ സംഗ്രഹിക്കുന്നു—

43 അണ്ഡമദ്ധ്യഗതഃ സൂര്യോ ദ്യാവാഭൂമ്യോർയദന്തരം
സൂര്യാണ്ഡഗോളയോർമദ്ധ്യേ കോട്യഃ സ്യുഃ പഞ്ചവിംശതിഃ

| | | | |
|---|---|---|---|
| ദ്യാവാഭൂമ്യോഃ | സ്വർഗ്ഗത്തിനും ഭൂമിക്കും | സൂര്യാണ്ഡഗോളയോഃ | സൂര്യന്റെയും അണ്ഡകടാഹത്തിന്റെ പരിധിയുടെയും |
| അന്തരം | ഇടയിലുള്ള അന്തരിക്ഷം | മദ്ധ്യേ | മദ്ധ്യത്തിൽ |
| യത് | യാതൊന്നോ, | പഞ്ചവിംശതിഃ | ഇരുപത്തഞ്ചു് |
| അണ്ഡമദ്ധ്യഗതഃ | അതാവുന്ന ബ്രഹ്മാണ്ഡകടാഹത്തിന്റെ ഒത്ത നടുക്കുവർത്തിക്കുന്നതു് | കോട്യഃ സ്യുഃ | കോടിയോജന ചുററകലമുണ്ടായേക്കും. |
| സൂര്യഃ | സൂര്യമണ്ഡലമാകുന്നു. | | |

സൂര്യന്റെ അണ്ഡമദ്ധ്യസ്ഥിതിക്കുള്ള കാരണം നാമനിർവ്വചനംകൊണ്ടു് കാണിക്കുന്നു.

44 മൃതേഽണ്ഡ ഏഷ ഏതസ്മിൻ
യദഭൂത്തതോ മാർത്താണ്ഡ ഇതി വ്യപദേശഃ.
ഹിരണ്യഗർഭ ഇതി യ-
ദ്ധിരണ്യാണ്ഡസമുദ്ഭവഃ.

| | | | |
|---|---|---|---|
| ഏഷഃ | ഈ സൂര്യൻ | വ്യപദേശഃ | പേരുണ്ടായി |
| ഏതസ്മിൻ മൃതേ | ഈ അചേതനമായ | ഹിരണ്യാണ്ഡസമുദ്ഭവഃ | ഹിരണ്മയമായ അണ്ഡത്തിൽ സംഭൂതനായവൻ |
| അണ്ഡേ | അണ്ഡത്തിൽ | യത് | ആകകൊണ്ടു് |
| അഭൂത് | സംഭവിച്ചു | ഹിരണ്യഗർഭഃ | 'ഹിരണ്യഗർഭൻ' |
| യത് തതഃ | എന്ന കാരണത്താൽ | ഇതി | എന്ന പേരുമുണ്ടായി. |
| മാർത്താണ്ഡഃ | 'മാർത്താണ്ഡൻ' | | |
| ഇതി | എന്നിങ്ങനെ | | |

മൃതമായ അണ്ഡത്തിൽ (ആദിയിൽ അചേതനമായിരുന്ന ബ്രഹ്മാണ്ഡകാണ്ഡത്തിൽ) വൈരാജസ്വരൂപേണ പ്രവിഷ്ടനാകയാൽ 'മാർത്താണ്ഡൻ' എന്നും, തൽപ്രവേശം കൊണ്ടു് ഹിരണ്മയമായി ഭവിച്ച (ഊർജ്ജസ്വലതയാർന്ന) അണ്ഡത്തിലെ സംസ്ഥിതിയാൽ 'ഹിരണ്യഗർഭൻ' എന്നും ഉള്ള വ്യപദേശം സൂര്യനു് ഉണ്ടായെന്നു് താൽപര്യം.

45 സൂര്യേണ ഹി വിഭജ്യന്തേ ദിശഃ ഖം ദ്യൗർമഹീ ഭിദാ
സ്വർഗാപവർഗൗ നരകാ രസൗകാംസി ച സർവ്വശഃ

| | | | |
|---|---|---|---|
| ദിശഃ ഖം | ദിക്കുകൾ, അന്തരീക്ഷം, | രസൗകാംസി ച | രസാതലങ്ങൾ എന്നിങ്ങനെയും മററുമായ |
| ദ്യൗഃ മഹീ | സ്വർഗം, ഭൂമി, | സർവ്വശഃ ഭിദാ | സാർവ്വത്രികവിഭാഗം |
| സ്വർഗാ-പവർഗൗ | ഭുക്തിമുക്തികൾക്കുള്ള സ്ഥാനങ്ങൾ | സൂര്യേണ ഹി | സൂര്യനാൽത്തന്നെയാണ് |
| നരകാഃ | നരകദേശങ്ങൾ, | വിഭജ്യന്തേ | വേർതിരിക്കപ്പെടുന്നതു് |

ഉപാസനാർത്ഥം ഒരു ശ്ലോകം ചൊല്ലി പ്രകൃതം ഉപസംഹരിക്കുന്നു—

46 ദേവതിര്യങ്മനുഷ്യാണാം സരീസൃപസവീരുധാം
സർവ്വജീവനികായാനാം സൂര്യ ആത്മാ ദൃഗീശ്വരഃ.

| | | | |
|---|---|---|---|
| സൂര്യഃ | സൂര്യൻ | സർവ്വജീവ-നികായാനാം | ഇങ്ങനെ സകല ജീവരാശികളുടെയും |
| ദേവതിര്യങ്-മനുഷ്യാണാം | ദേവന്മാർ, തിര്യക്കുകൾ, മനുഷ്യർ എന്നിവരുടെയും | ആത്മാ | ആത്മാവും |
| സരീസൃപ-സവീരുധാം | സർപ്പങ്ങൾ, വൃക്ഷലതാദികൾ എന്നിവയുടെയും | ദൃക് | നേത്രേന്ദ്രിയാധിഷ്ഠാതൃദേവതയും |
| | | ഈശ്വരഃ | നിയന്താവുമാകുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ഭുവനകോശവർണ്ണനേ സമുദ്രദ്വീപവർഷസന്നിവേശപരിമാണലക്ഷണോ നാമ
വിംശതിതമോऽധ്യായഃ ആദിതഃ സൂക്താനി 537.

അഞ്ചാമത്തെ സ്കന്ധത്തിൽ ഇരുപതാമദ്ധ്യായം കഴിഞ്ഞു.

# ഏകവിംശോഽധ്യായഃ – അധ്യായം ഇരുപത്തൊന്ന്.

## സൂര്യൻെറ കാലചക്രഗതി.

"ഏകവിംശേ രവേഃ കാലചക്രേണ ഭ്രമതോഽന്വഹം
സംഗത്യാ രാശിസഞ്ചാരൈർല്ലോകയാത്രാ നിരൂപ്യതേ."

ഇനി മൂന്നധ്യായംകൊണ്ട് അന്തരിക്ഷലോകത്തിൻെറ മര്യാദാപാലനം ചൊല്ലുന്നു.

ഈ ഇരുപത്തൊന്നാമധ്യായത്തിൽ കാലചക്രത്തിലൂടെ ചുററുന്ന സൂര്യൻെറ രാശീസഞ്ചാരങ്ങൾകൊണ്ടുള്ള ലോകയാത്രയെ വിവരിക്കുന്നു

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു —

1 ഏതാവാനേവ ഭൂവലയസ്യ സന്നിവേശഃ പ്രമാണലക്ഷണതോ വ്യാഖ്യാതഃ.

| | | |
|---|---|---|
| ഭൂവലയസ്യ സന്നിവേശഃ | = | ഭൂമണ്ഡലത്തിൻെറ കിടപ്പ് |
| പ്രമാണലക്ഷണതഃ | = | പ്രമാണലക്ഷണങ്ങളോടുകൂടെ |
| ഏതാവാൻ ഏവ വ്യാഖ്യാതഃ | = | ഇത്രമാത്രം ഇതുവരെ വിവരിക്കപ്പെട്ടു |

2 ഏതേന ഹി ദിവോ മണ്ഡലമാനം തദ്വിദ ഉപദിശന്തി യഥാ ദ്വി-
ദളയോർനിഷ്പാവാദീനാം തേ അന്തരേണാന്തരിക്ഷം തദുഭയസന്ധിതം

| | | |
|---|---|---|
| നിഷ്പാവാദീനാം | = | അവര മുതലായവയുടെ |
| ദ്വിദളയോഃ യഥാ | = | വിത്തുകളുടെ രണ്ടു ദളങ്ങൾക്കും തുല്യമാനമുള്ളതു പോലെ |
| ഏതേന ഹി | = | ഈ ഭൂമണ്ഡലമാനംകൊണ്ടുതന്നെ, അതനുസരിച്ച് |
| ദിവഃ മണ്ഡലമാനം | = | അപ്പുറത്തുള്ള വിണ്ടലത്തിൻെറ മാനവും അനുമിക്കാമെന്നു |
| തദ്വിദഃ ഉപദിശന്തി | = | അതെക്കുറിച്ച് അറിവുള്ളവർ ഉദ്ബോധിപ്പിക്കുന്നു. |
| തേ അന്തരേണ | = | ആ വിണ്ടലത്തിൻേറയും മന്നിടത്തിൻേറയും ഇടയിൽ |
| തദുഭയസന്ധിതം | = | അവ രണ്ടിനോടും സന്ധിച്ചുകൊണ്ടിരിക്കുന്നതു് |
| അന്തരിക്ഷം (ഭവതി) | = | അന്തരിക്ഷമെന്ന ഭാഗമാകുന്നു. |

3 യന്മധ്യഗതോ ഭഗവാംസ്തപതാം പതിസ്തപന ആതപേന ത്രിലോകീം
പ്രതപത്യവഭാസയത്യാത്മഭാസാ സ ഏഷ ഉദഗയനദക്ഷിണായന-
വൈഷുവതസംജ്ഞാഭിർമാന്ദ്യശൈഘ്ര്യസമാനാഭിർഗതിഭിരാരോഹ-
ണാവരോഹണസമാനസ്ഥാനേഷു യഥാസവനമഭിപദ്യമാനോ മക-
രാദിഷു രാശിഷ്വഹോരാത്രാണി ദീർഘഹ്രസ്വസമാനാനി വിധത്തേ.

യന്മധ്യഗതഃ = യാതൊരു ഈ അന്തരീക്ഷത്തിന്റെ മദ്ധ്യത്തെ പ്രാപിച്ചിരിക്കുന്നവനും
തപതാം പതിഃ = ചുട്ടെരിയുന്ന ജ്യോതിർഗോളങ്ങളുടെ അധിനായകനുമായ
ഭഗവാൻ തപനഃ = ഭഗവാൻ ആദിത്യൻ
ത്രിലോകീം = മൂന്നുലോകത്തെയും
ആതപേന പ്രതപതി = ചൂടുകൊണ്ട് തപിപ്പിക്കുകയും,
ആത്മഭാസാ അവഭാസയതി = സ്വപ്രകാശംകൊണ്ട് തെളിയിക്കുകയും ചെയ്യുന്നു.
സഃ ഏഷഃ = ആ ഈ സൂര്യഭഗവാൻ
ഉദഗയനദക്ഷിണായന-വൈഷുവതസംജ്ഞാഭിഃ } ഉത്തരായണം, ദക്ഷിണായനം, വൈഷുവതം എന്നീ പേരുകളുള്ള
മാന്ദ്യശൈഘ്ര്യസമാനാഭിഃ = മന്ദത, ശീഘ്രത, സമത എന്നിവയോടുകൂടിയ
ഗതിഭിഃ = സഞ്ചാരഭേദങ്ങളാൽ
ആരോഹണാവരോഹണ-സമസ്ഥാനേഷു } ഏറ്റം, ഇറക്കം, നിരപ്പ് എന്നീ സ്ഥാനങ്ങളിൽ
യഥാസവനം അഭിപദ്യമാനഃ = യഥാകാലം പ്രാപിച്ചുകൊണ്ട്
മകരാദിഷു രാശിഷു = മകരം തുടങ്ങിയുള്ള രാശികളിൽ
അഹോരാത്രാണി = പകൽരാത്രികളെ
ദീർഘഹ്രസ്വസമാനാനി വിധത്തേ = കൂടിയതും കുറഞ്ഞതും സമമായതുമാക്കിത്തീർക്കുന്നു.

ഈ സംഗതി കുറച്ചുകൂടി വിവരിച്ചുകൊണ്ട് പറയുന്നു—

4 സ യദാ മേഷതുലയോർവർത്തതേ തദാഽഹോരാത്രാണി സമാനാനി ഭവന്തി. യദാ വൃഷഭാദിഷു പഞ്ചസു ച രാശിഷു ചരതി തദാഽഹാന്യേവ വർദ്ധന്തേ ഹ്രസതി ച മാസി മാസ്യേകാ ഘടികാ രാത്രിഷു.

സഃ യദാ മേഷതുലയോഃ വർത്തതേ തദാ } സൂര്യൻ മേടം, തുലാം എന്നീ രാശികളിലായിരിക്കുമ്പോൾ (മേടമാസത്തിലും തുലാമാസത്തിലും)
അഹോരാത്രാണി = പകലും രാത്രിയും
സമാനാനി ഭവന്തി = തുല്യങ്ങളായിരിക്കും
യദാ വൃഷഭാദിഷു പഞ്ചസു ച രാശിഷു ചരതി തദാ } എടവം മുതല്ക്കുള്ള അഞ്ച് രാശികളിലും സഞ്ചരിക്കുമ്പോൾ (എടവം മുതൽ കന്നിവരെയുള്ള മാസങ്ങളിൽ)
അഹാനി ഏവ വർദ്ധന്തേ = പകലുകൾ തനിച്ചുകൂടിവരുന്നു
മാസി മാസി ഏകാ ഘടികാ = മാസംതോറും ഓരോ നാഴിക
രാത്രിഷു ഹ്രസതി ച = രാത്രികളിൽ കുറവുണ്ടാവുകയും ചെയ്യുന്നു.

മേടത്തിലും തുലാത്തിലും ദിനരാത്രങ്ങൾക്കുതമ്മിൽ വലിയ അന്തരം കാണുകയില്ലെന്നതിനാൽ പൊതുവിൽ 'സമാനാനി ഭവന്തി' എന്നു പറഞ്ഞു. ആത്യന്തികസാമ്യം ഒരേ ഒരു ദിവസത്തിലേ ഉണ്ടാകയുള്ളൂ. എടവം മുതൽ കന്നിവരെ പകൽ ഏറിവരുമെന്നുപറഞ്ഞതു് രാത്രിയെ അപേക്ഷിച്ചുള്ള ഏറ്റത്തെ ഉദ്ദേശിച്ചാണ്. അല്ലാതെ

ക്രമികമായ ഏററത്തെയല്ല. എന്തെന്നാൽ, ഈ അഞ്ചുമാസങ്ങളിൽ മിഥുനകർക്കടമാസങ്ങളിൽ മാത്രം പകൽ നാഴികതോറും കൂടിക്കൂടിവരികയും പിന്നെ ക്രമേണ ചുരുങ്ങി, തുലാമാകുമ്പോഴും രാവും പകലും ഒപ്പത്തിനൊപ്പം ആയിത്തീരുകയും ചെയ്യുന്നു. ഇതുതന്നെയാണ് രാത്രിയുടെ ഏററത്തിലും സംഭവിക്കുക. ഈ ഏറവും കുറവും അയനങ്ങളെ ആശ്രയിച്ചിരിക്കുന്നു. "മാസം തോറും ഓരോ നാഴിക വീതം" എന്ന കണക്ക് സ്ഥൂലദൃഷ്ട്യാ കണ്ടതാകുന്നു.

5 യദാ വൃശ്ചികാദിഷു പഞ്ചസു വർത്തതേ തദാഽഹോരാത്രാണി വിപര്യ-
യാണി ഭവന്തി

6 യാവദ്ദക്ഷിണായനമഹാനി വർദ്ധന്തേ യാവദുദഗയനം രാത്രയഃ_

| | | |
|---|---|---|
| യദാ വൃശ്ചികാദിഷു പഞ്ചസു വർത്തതേ തദാ | } | സൂര്യൻ വൃശ്ചികം മുതല്ക്കുള്ള അഞ്ചു് രാശികളിൽ വർത്തിക്കുമ്പോൾ (വൃശ്ചികം മുതൽ മീനം വരെയുള്ള മാസങ്ങളിൽ) |
| അഹോരാത്രാണി | = | പകലും രാത്രിയും |
| വിപര്യയാണി ഭവന്തി | = | നേരെ വിപരീതങ്ങളായിത്തീരും. (അതായതു്, പകൽ കുറഞ്ഞുവരികയും രാത്രി ഏറിവരികയും ചെയ്യും) |
| ദക്ഷിണായനം യാവത് | = | ദക്ഷിണായനംവരേക്കും |
| അഹാനി വർദ്ധന്തേ | = | പകലുകൾ ഏറിവരുന്നു |
| ഉദഗയനം യാവത് രാത്രയഃ | = | ഉത്തരായണംവരെ രാത്രികളും |

7 ഏവം നവകോടയ ഏകപഞ്ചാശല്ലക്ഷാണി യോജനാനാം മാന-
സോത്തരഗിരിപരിവർത്തനസ്യോപദിശന്തി. തസ്മിന്നൈന്ദ്രീം പുരീം
പൂർവ്വസ്മാന്മേരോർദേവധാനീം നാമ, ദക്ഷിണതോ യാമ്യാം സംയമിനീം
നാമ, പശ്ചാദ്വാരുണീം നിമ്ലോചനീം നാമ, ഉത്തരതഃ സൗമ്യാം
വിഭാവരീം നാമ, താസൂദയമധ്യാഹ്നാസ്തമയനിശീഥാനീതി ഭൂതാനാം
പ്രവൃത്തിനിവൃത്തിനിമിത്താനി സമയവിശേഷേണ മേരോശ്ചതുർദിശം

| | | |
|---|---|---|
| ഏവം മാനസോത്തരഗിരി-പരിവർത്തനസ്യ | } | ഇപ്രകാരം മാനസോത്തരപർവ്വതത്തിലൂടെയുള്ള സൗരരഥത്തിന്റെ പരിഭ്രമണപഥത്തിനു് |
| യോജനാനാം നവകോടയഃ ഏകപഞ്ചാശത് ലക്ഷാണി | } | ഒമ്പതുകോടി അമ്പത്തൊന്നുലക്ഷം യോജനയാണെന്നു് |
| ഉപദിശന്തി | = | വിജ്ഞന്മാർ പറയുന്നു. |
| തസ്മിൻ മേരോഃ പൂർവ്വസ്മാത് | = | ആ പർവ്വതത്തിൽ മേരുവിന്റെ കിഴക്കുവശത്തു് |
| ദേവധാനീം നാമ ഐന്ദ്രീം പുരീം | = | ദേവധാനിയെന്നു് പേരായ ഇന്ദ്രപുരിയും, |
| ദക്ഷിണതഃ | = | തെക്കുവശത്തു് |
| സംയമിനീം നാമ യാമ്യാം | = | സംയമിനിയെന്നുപേരായ യമപുരിയും, |
| പശ്ചാത് | = | പടിഞ്ഞാറുഭാഗത്തു് |

| | | |
|---|---|---|
| നിമ്ലോചനീം നാമ വാരുണീം | = | നിമ്ലോചനിയെന്നുപേരായ വരുണപുരിയും, |
| ഉത്തരതഃ | = | വടക്കുഭാഗത്തു് |
| വിഭാവരീം നാമ സൗമ്യാം | = | വിഭാവരിയെന്നുപേരായ സോമപുരിയും സ്ഥിതിചെയ്യുന്നതായി |
| (ഉപദിശന്തി) | = | പറയുന്നുണ്ടു് |
| മേരോഃ ചതുർദിശം | = | മേരുവിൻെറ നാലുദിക്കിലായിട്ടുള്ള |
| താസു ഉദയമധ്യാഹ്നാസ്തമയ-നിശീഥാനി ഇതി | } | ആ പുരികളിൽ ഉദയം, മധ്യാഹ്നം, അസ്തമയം, അർദ്ധരാത്രി എന്നിങ്ങനെയുള്ളവ |
| സമയവിശേഷേണ | = | സമയഭേദങ്ങൾകൊണ്ടു് |
| ഭൂതാനാം | = | ജീവജാലങ്ങളുടെ |
| പ്രവൃത്തിനിവൃത്തിനിമിത്താനി | = | പ്രവൎത്തനത്തിനും വിശ്രാന്തിക്കും കാരണങ്ങളാണെന്നു പറയുന്നു |

ഈ ദിക്കുകളുടെ സങ്കല്പം മേരുവിനെ ആശ്രയിച്ചിരിക്കുന്നു. അതെങ്ങനെയെന്നാൽ—മേരുവിൻെറ തെക്കുഭാഗത്തുള്ളവൎക്കു് ഇന്ദ്രപുരിയാണു് കിഴക്കെങ്കിൽ പടിഞ്ഞാറുഭാഗത്തുള്ളവൎക്കു് യമപുരിയും വടക്കുഭാഗത്തുള്ളവൎക്കു് വരുണപുരിയും കിഴക്കുഭാഗത്തുള്ളവൎക്കു് സോമപുരിയും കിഴക്കായിട്ടുമാറുന്നു. ഇതനുസരിച്ചു് മറ്റുദിക്കുകളും യഥാക്രമം മാറുമല്ലോ

8 തത്രത്യാനാം ദിവസമധ്യംഗത ഏവ സദാദിത്യസ്തപതി സവ്യേനാചലം ദക്ഷിണേന കരോതി

| | | |
|---|---|---|
| തത്രത്യാനാം | = | അവിടെ (മേരുപ്രദേശത്തിൽ) ഉള്ളവൎക്കു് |
| സദാ ആദിത്യഃ | = | എപ്പോഴും സൂൎയ്യൻ |
| ദിവസമധ്യംഗതഃ ഏവ തപതി | = | ഉച്ചയായിട്ടുതന്നെ എരിഞ്ഞുകൊണ്ടിരിക്കും. |
| അചലം സവ്യേന (കുൎവ്വന്നപി) | = | സൂൎയ്യൻ മേരുവിനെ ഇടത്തോട്ടായി (അപ്രദക്ഷിണമായി) ചുററുകതന്നെയാണെങ്കിലും |
| ദക്ഷിണേന കരോതി | = | ജ്യോതിശ്ചക്രഗതിയാൽ വലംവെക്കുകയാണു്. |

സൂൎയ്യൻ നക്ഷത്രങ്ങളെ അഭിമുഖീകരിച്ചുകൊണ്ടുള്ള ഗതിയിൽ മേരുവിനെ ഇടംചുററുകയാണു് ചെയ്യുന്നതെങ്കിലും, പ്രദക്ഷിണാവൎത്തപ്രവാഹവായുവിൽ കറങ്ങുന്ന ജ്യോതിശ്ചക്രത്തിൽ ഉൾച്ചേൎന്നു് പ്രതിദിനം മേരുവിനെ വലംചുററുകയാണെന്നു് സാരം.

9 യത്രോദേതി തസ്യ ഹ സമാനസൂത്രനിപാതേ നിമ്ലോചതി; യത്ര ക്വചന സ്യന്ദേനാഭിതപതി തസ്യ ഹൈഷ സമാനസൂത്രനിപാതേ പ്രസ്വാപയതി; യത്ര ഗതം ന പശ്യന്തി യേ തം സമനുപശ്യേരൻ.

| | | |
|---|---|---|
| ഏഷഃ യത്ര ഉദേതി | = | ഈ സൂൎയ്യൻ എവിടെ ഉദിക്കുന്നുവോ, |
| തസ്യ ഹ സമാനസൂത്രനിപാതേ | = | അതിൻെറതന്നെ നേർരേഖചെന്നുവീഴുന്നിടത്തു് |
| നിമ്ലോചതി | = | അസ്തമിക്കുന്നു. |
| യത്ര ക്വചന | = | ഏതൊരു ദിക്കിൽ |
| സ്യന്ദേന അഭിതപതി | = | വിയൎപ്പുണ്ടാക്കിക്കൊണ്ടു് എരിപൊരിക്കൊള്ളിക്കുന്നുവോ, |

തസ്യ ഹ സമാനസൂത്രനിപാതേ = ആ ദിക്കിന്റെ സമരേഖ ചെന്നുവീഴുന്നിടത്ത്
പ്രസ്വാപയതി = ജനങ്ങളെ ഗാഢനിദ്രയിലാഴ്ത്തുന്നു.
യേ തം സമനുപശ്യേരൻ = യാതൊരുവർ അതുവരെ സൂര്യനെ കണ്ടിരുന്നുവോ, അവർ
തത്ര ഗതം ന പശ്യന്തി = അവിടെയെത്തിയ സൂര്യനെ കാണാതെയാകുന്നു.

സൂര്യന്റെ ഉദയാസ്തമയാദികൾ ഒരിടത്തല്ലെങ്കിൽ മറ്റൊരിടത്തായി ഓരോ ദിക്കിലുള്ളവരുടെ ദൃഷ്ടിയിൽ സദാ നടന്നുകൊണ്ടിരിക്കുന്നു. വാസ്തവത്തിൽ സൂര്യന് ഉദയാസ്തമയങ്ങളില്ല. മനുഷ്യരുടെ ദർശനാദർശനങ്ങളെ ആസ്പദിച്ചുള്ള വ്യവഹാരം മാത്രമാണവ. "അദ്‌ഭ്യോ വാ ഏഷ പ്രാതരുദേതി" ഇത്യാദി ശ്രുതിവചനങ്ങൾ യഥാശ്രുതാർത്ഥത്തിൽ പ്രമാണങ്ങളല്ല.

10 യദാ ചൈന്ദ്ര്യാഃ പുര്യാഃ പ്രചലതേ പഞ്ചദശഘടികാഭിര്യാമ്യാം സപാദകോടിദ്വയം യോജനാനാം സാർദ്ധദ്വാദശലക്ഷാണി സാധി-കാനി ചോപയാതി.

യദാ ച ഐന്ദ്ര്യാഃ പുര്യാഃ = എപ്പോൾ ഇന്ദ്രപുരിയിൽനിന്ന് (ഉദയദിശയിൽ നിന്ന്)
പഞ്ചദശഘടികാഭിഃ = പതിനഞ്ചുനാഴിക നേരംകൊണ്ട്
യാമ്യാം പ്രചലതേ = യമപുരിയിലേക്ക് (മദ്ധ്യാഹ്നദിശയിലേക്ക്) സൂര്യൻ നീങ്ങിയെത്തുന്നുവോ, അപ്പോൾ
യോജനാനാം സപാദകോടിദ്വയം സാധികാനി സാർദ്ധദ്വാദശ-ലക്ഷാണി ച ഉപയാതി } രണ്ടേകാൽ കോടിയും ഇരുപത്തയ്യായിരവും കൂടിയുള്ള പന്ത്രണ്ടര ലക്ഷം യോജന ദൂരം സഞ്ചരിക്കുന്നു.

മാനസോത്തരത്തിലൂടെ ഉദയം, മധ്യാഹ്നം, അസ്തമയം, അർദ്ധരാത്രം എന്നിവയുടെ സങ്കേതങ്ങളായ ഇന്ദ്രൻ, യമൻ, വരുണൻ, സോമൻ എന്നിവരുടെ പുരികൾ ഒരു വട്ടം ചുററുവാൻ ഒമ്പതുകോടി അമ്പത്തൊന്നുലക്ഷം യോജന വരുമെന്ന് മുമ്പ് പറഞ്ഞു. അപ്പോൾ ഒന്നിൽനിന്ന് മറേറതിലേക്കുള്ള ദൂരം അതിന്റെ നാലിലൊന്നാകുമല്ലോ. ആ കണക്കിലാണ് 2,37,75000 യോജനയെന്ന് പറഞ്ഞത്. ഇതിന് 15 നാഴിക (6 മണിക്കൂർ) നേരമേ വേണ്ടൂ.

11 ഏവം തതോ വാരുണീം സൗമ്യാമൈന്ദ്രീം ച പുനസ്തഥാന്യേ ച ഗ്രഹാഃ സോമാദയോ നക്ഷത്രൈഃ സഹ ജ്യോതിശ്ചക്രേ സമഭ്യുദ്യന്തി സഹ വാ നിമ്ലോചന്തി.

ഏവം തതഃ വാരുണീം = ഇങ്ങനെ അവിടെനിന്ന് (15 നാഴികകൊണ്ട്) അസ്തമനദിശയായ വരുണപുരിയിലേക്കും
(തതഃ) സൗമ്യാം പുനഃ ഐന്ദ്രീം ച = അവിടെനിന്ന് അർദ്ധരാത്രദിശയായ സോമപുരിയിലേക്കും, വീണ്ടും മുൻപടി ഇന്ദ്രപുരിയിലേക്കും (ഇത്രയും ദൂരംകടന്ന്) എത്തുന്നു.

തഥാ സോമാദയഃ അന്യേ ഗ്രഹാഃ ച } അപ്രകാരം ചന്ദ്രൻ മുതലായ മററു ഗ്രഹങ്ങളും

നക്ഷത്രൈഃ സഹ = നക്ഷത്രങ്ങളോട്ട് ഒന്നിച്ച്

ജ്യോതിശ്ചക്രേ സമഭ്യുദ്യന്തി = ജ്യോതിശ്ചക്രത്തിൽ ഉദിക്കുന്നു,

സഹ വാ നിമ്ലോചന്തി = ഒന്നിച്ചുതന്നെ അസ്തമിക്കുന്നു.

12 ഏവം മുഹൂർത്തേന ചതുസ്ത്രിംശല്ലക്ഷയോജനാന്യഷ്ടശതാധികാനി സൗരോ രഥസ്ത്രയീമയോഽസൗ ചതസൃഷു പരിവർത്തതേ പുരീഷു.

ഏവം മുഹൂർത്തേന = ഈവിധം ഒരു മുഹൂർത്തനേരംകൊണ്ട്

അസൗ ത്രയീമയഃ സൗരഃ രഥഃ = ഈ വേദാത്മകമായ സൗരരഥം

അഷ്ടശതാധികാനി ചതുസ്ത്രിംശല്ലക്ഷയോജനാനി } മുപ്പത്തിനാലുലക്ഷത്തെണ്ണൂറ് യോജന ദൂരം (എന്നതോതിൽ)

ചതസൃഷു പുരീഷു = നാലു് പുരികളിലും

പരിവർത്തതേ = ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്നു.

13 യസ്യൈകം ചക്രം ദ്വാദശാരം ഷണ്ണേമി ത്രിണാഭി സംവത്സരാത്മകം സമാമനന്തി. തസ്യാക്ഷോ മേരോർമൂർധനി കൃതോ മാനസോത്തരേ കൃതേതരഭാഗോ യത്ര പ്രോതം രവിരഥചക്രം തൈലയന്ത്രചക്രവദ് ഭ്രമന്മാനസോത്തരഗിരൗ പരിഭ്രമതി.

യസ്യ ഏകം ചക്രം = യാതൊരു സൗരരഥത്തിൻെറ ഒററച്ചക്രം

ദ്വാദശാരം = പന്ത്രണ്ട് അരങ്ങളും,

ഷൺനേമി ത്രിണാഭി = ആറു നേമികളും മൂന്നു നാഭികളുമുള്ള

സംവത്സരാത്മകം = സംവത്സരംതന്നെയാണെന്നു്

സമാമനന്തി = ശാസ്ത്രജ്ഞന്മാർ കരുതുന്നു.

മേരോഃ മൂർധനി = മേരുപർവ്വതത്തിൻമുകളിൽ

കൃതഃ തസ്യ അക്ഷഃ = ഘടിപ്പിച്ചിരിക്കുന്ന അതിൻെറ അച്ചുതണ്ട്

മാനസോത്തരേ = മാനസോത്തരപർവ്വതത്തിൽ

കൃതേതരഭാഗഃ = ഘടിപ്പിച്ചിരിക്കുന്ന ഇതരഭാഗത്തോടുകൂടിയതാകുന്നു

യത്ര പ്രോതം രവിരഥചക്രം = അതിൽ കോർത്തുറപ്പിച്ചതായ സൂര്യരഥചക്രം

തൈലയന്ത്രചക്രവത് ഭ്രമത് = എണ്ണച്ചക്കിൻെറ ചക്രംപോലെ തിരിഞ്ഞുകൊണ്ട്

മാനസോത്തരഗിരൗ = മാനസോത്തരപർവ്വതത്തിന്മേൽ

പരിഭ്രമതി = ചുഴന്നുകൊണ്ടിരിക്കുന്നു.

സൂര്യരഥത്തിന് ഒരു ചക്രമേയുള്ളു. സംവത്സരമെന്നു പറഞ്ഞുവരുന്ന ആ ചക്രത്തിൻെറ അഴികൾ 12 മാസങ്ങളും, പട്ടാവുകൾ 6 ഋതുക്കളും, കുടങ്ങൾ 3 ചാതുർമാസ്യങ്ങളുമാകുന്നു.

14 തസ്മിന്നക്ഷേ കൃതമൂലോ ദ്വിതീയോഽക്ഷസ്തുര്യമാനേന സമ്മിത-സ്തൈലയന്ത്രാക്ഷവദ് ധ്രുവേ കൃതോപരിഭാഗഃ.

തസ്മിൻ അക്ഷേ കൃതമൂലഃ = ആ അക്ഷത്തിൽ കടയൂന്നിയതും
തുര്യമാനേന സമ്മിതഃ = അതിൻെറ നാലിലൊന്നു് വലിപ്പമുള്ളതുമായ
ദ്വിതീയഃ അക്ഷഃ = രണ്ടാമതൊരു അച്ചുതണ്ടു്
തൈലയന്ത്രാക്ഷവത് = എണ്ണച്ചക്കിൻെറ അച്ചുകുററിപോലെ
ധ്രുവേ കൃതോപരിഭാഗഃ = ധ്രുവനക്ഷത്രത്തിൽ മേൽവശം ഉറപ്പിച്ചുകൊണ്ടും നില്ക്കുന്നു.

15 രഥനീഡസ്തു ഷട്ത്രിംശല്ലക്ഷയോജനായതസ്തത്തുരീയഭാഗ വാശാല-
സ്താവാൻ രവിരഥയുഗോ യത്ര ഹയാശ്ഛന്ദോനാമാനഃ സപ്താരുണ-
യോജിതാ വഹന്തി ദേവമാദിത്യം.

രഥനീഡഃ തു = തേരിൻെറ കൂട്ടു് (ഇരിപ്പിടം) ആകട്ടെ
ഷട്ത്രിംശല്ലക്ഷയോജനായതഃ = 36 ലക്ഷം യോജന നീളമുള്ളതും
തത്തുരീയഭാഗവിശാലഃ = അതിൻെറ നാലിലൊന്നു വീതിയുള്ളതുമാകുന്നു
താവാൻ രവിരഥയുഗഃ = അത്രതന്നെ വലിപ്പമുള്ളതാണ് സൂര്യരഥത്തിൻെറ നുകം
യത്ര ഛന്ദോനാമാനഃ = ആയതിൽ ഗായത്ര്യാദി ഛന്ദസ്സുകളാവുന്ന
സപ്ത ഹയാഃ = ഏഴു കുതിരകൾ
അരുണയോജിതാഃ = അരുണനെന്ന സാരഥിയാൽ സംയോജിപ്പിക്കപ്പെട്ടവയായിട്ടു്
ദേവം ആദിത്യം വഹന്തി = സൂര്യദേവനെ വഹിച്ചുകൊണ്ടുപോകുന്നു.

16 പുരസ്താത് സവിതുരരുണഃ പശ്ചാച്ച നിയുക്തഃ സൗത്യേ കർമ്മണി
കിലാസ്തേ.

സവിതുഃ സൗത്യേ കർമ്മണി = സൂര്യൻെറ സാരഥ്യകർമ്മത്തിൽ
നിയുക്തഃ അരുണഃ = നിയമിതനായിരിക്കുന്ന അരുണൻ
പുരസ്താത് (സ്ഥിതഃ അപി) = മുന്നിൽ നിലകൊള്ളുന്നുവെങ്കിലും
പശ്ചാത് ച ആസ്തേ കില = പിൻതിരിഞ്ഞാണു് ഇരിക്കുന്നതത്രേ.

17 തഥാ വാലഖില്യാ ഋഷയോങ്ഗുഷ്ഠപർവ്വമാത്രാഃ ഷഷ്ടിസഹസ്രാണി
പുരതഃ സൂര്യം സൂക്തവാകായ നിയുക്താഃ സംസ്തുവന്തി.

തഥാ അങ്ഗുഷ്ഠപർവ്വമാത്രാഃ = അപ്രകാരം പെരുവിരൽക്കണ്ണോളം മാത്രമുള്ള
വാലഖില്യാഃ ഋഷയഃ = വാലഖില്യന്മാരെന്ന ഋഷികൾ
ഷഷ്ടിസഹസ്രാണി = അറുപതിനായിരംപേർ
സൂര്യം പുരതഃ = സൂര്യൻെറ പുരോഭാഗത്തിൽ
സൂക്തവാകായ നിയുക്താഃ = സുഭാഷിതങ്ങളുരുവിടുവാൻ നിയമിതരായിട്ടു്
സംസ്തുവന്തി = വഴിപോലെ സ്തുതിച്ചുകൊണ്ടിരിക്കുന്നു.

18 തഥാഽന്യേ ച ഋഷയോ ഗന്ധർവാപ്സരസോ നാഗാ ഗ്രാമണ്യോ യാതു-
ധാനാ ദേവാ ഇത്യേകൈകശോ ഗണാഃ സപ്ത ചതുർദശ മാസി മാസി
ഭഗവന്തം സൂര്യമാത്മാനം നാനാനാമാനം പൃഥങ്നാനാനാമാനഃ
പൃഥക്കർമ്മഭിർദ്വന്ദ്വശ ഉപാസതേ.

| | | |
|---|---|---|
| തഥാ അന്യേ ഋഷയഃ ച | = | അതേവിധം അന്യരായ ഋഷികളും, |
| ഗന്ധർവാപ്സരസഃ | = | ഗന്ധർവന്മാരും, അപ്സരസ്സുകളും, |
| നാഗാഃ ഗ്രാമണ്യഃ | = | നാഗന്മാരും, യക്ഷന്മാരും, |
| യാതുധാനാഃ ദേവാഃ | = | രക്ഷസ്സുകളും, ദേവന്മാരും |
| ഇതി ഏകൈകശഃ ചതുർദശ | = | എന്നിങ്ങനെ ഒററയ്ക്കൊററയ്ക്കായി 14 പേർ വരുന്ന |
| ദ്വന്ദ്വശഃ സപ്ത ഗണാഃ | = | കൂട്ടായിട്ടുള്ള ഏഴ് ഗണങ്ങൾ |
| പൃഥങ്നാനാനാമാനഃ | = | വിവിധ നാമങ്ങളോടുകൂടിയവരായി |
| പൃഥക്കർമ്മഭിഃ | = | വ്യത്യസ്തകർമ്മങ്ങളോടുകൂടെ |
| നാനാനാമാനം | = | പലപലനാമങ്ങളോടുചേർന്നിരിക്കുന്ന |
| ആത്മാനം ഭഗവന്തം സൂര്യം | = | ഏകാത്മസ്വരൂപനായ സൂര്യഭഗവാനെ |
| മാസി മാസി ഉപാസതേ | = | മാസംതോറും ഉപാസിക്കുന്നു |

19 ലക്ഷോത്തരം സാർദ്ധനവകോടിയോജനപരിമണ്ഡലം ഭൂവലയസ്യ
ക്ഷണേന സഗവ്യൂത്യുത്തരം ദ്വിസഹസ്രയോജനാനി സ ഭുങ്ക്തേ

| | | |
|---|---|---|
| ഭൂവലയസ്യ | = | വർത്തുളാകാരത്തിലുള്ള ഭൂമിയുടെ |
| ലക്ഷോത്തരം | = | ഒരു ലക്ഷം അധികം വരുന്ന |
| സാർദ്ധനവകോടിയോജന-പരിമണ്ഡലം | } | ഒമ്പതരകോടി യോജനയുള്ള ചുററളവിനെ |
| ക്ഷണേന | = | ഒരു ക്ഷണനേരംകൊണ്ട് |
| സഗവ്യൂത്യുത്തരം ദ്വിസഹസ്ര-യോജനാനി | } | രണ്ടായിരം യോജനയും രണ്ട് ക്രോശവും വീതം |
| സഃ ഭുങ്ക്തേ | = | ആ സൂര്യൻ കടന്നുപോകുന്നു. |

ഒമ്പതുകോടി അമ്പത്തൊന്നുലക്ഷം യോജന ചുററളവുള്ള ഭൂവലയത്തെ ഒരു ക്ഷണം കൊണ്ട് രണ്ടായിരം യോജനയും രണ്ട് ക്രോശവും വീതം സഞ്ചരിച്ചുകൊണ്ട് സൂര്യൻ മുഴുവനും ചുററിവരുന്നു എന്നർത്ഥം.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ

ജ്യോതിശ്ചക്രസൂര്യരഥമണ്ഡലപരിവർത്തനം നാമ ഏകവിംശതിതമോഽധ്യായഃ

ആദിതഃ സൂക്താനി 556.

അഞ്ചാമത്തെ സ്കന്ധത്തിൽ ഇരുപത്തൊന്നാമദ്ധ്യായം കഴിഞ്ഞു.

# ദ്വാവിംശോഽധ്യായഃ – അധ്യായം ഇരുപത്തിരണ്ട്.

## ചന്ദ്രശുക്രാദിഗ്രഹങ്ങളുടെ സ്ഥിതിഗതികൾ.

"ദ്വാവിംശേ സോമശുക്രാദേഃ സ്ഥാനമാഹോത്തരോത്തരം
തത്തദ്ഗത്യനുസാരേണ ഇഷ്ടാനിഷ്ടേ തഥാ നൃണാം"

ഈ അധ്യായത്തിൽ ചന്ദ്രൻ, ശുക്രൻ മുതലായ ഗ്രഹങ്ങളുടെ ഉത്തരോത്തരാവസ്ഥിതിയും അവരുടെ രാശിചക്രഗതിയനുസരിച്ച് മനുഷ്യർക്കുണ്ടാവുന്ന ഇഷ്ടാനിഷ്ടഫലങ്ങളേയും സാമാന്യമായി പറയുന്നു.

രാജോവാച – പരീക്ഷിത്ത്‌രാജാവ് പറഞ്ഞു—

1 യദേതദ് ഭഗവത ആദിത്യസ്യ മേരും ധ്രുവം ച പ്രദക്ഷിണേന പരി-
ക്രമതോ രാശീനാമഭിമുഖം പ്രചലിതം ചാപ്രദക്ഷിണം ഭഗവതോപ-
വർണിതമമുഷ്യ വയം കഥമനുമിമീമഹീതി.

| | | |
|---|---|---|
| മേരും ധ്രുവം ച | = | മേരുപർവ്വതത്തെയും ധ്രുവമണ്ഡലത്തെയും |
| പ്രദക്ഷിണേന പരിക്രമതഃ | = | പ്രദക്ഷിണക്രമത്തിൽ ചുറ്റുന്ന |
| ഭഗവതഃ ആദിത്യസ്യ | = | ഭഗവാനായ ആദിത്യൻെറ |
| രാശീനാം അഭിമുഖം | = | നക്ഷത്രരാശികളെ അഭിമുഖീകരിച്ചുകൊണ്ട് |
| അപ്രദക്ഷിണം പ്രചലിതം ച | = | അപ്രദക്ഷിണമായുള്ള പ്രചലനവും |
| ഭഗവതാ ഉപവർണിതം | = | നിന്തിരുവടിയാൽ വിസ്തരിക്കപ്പെട്ടുവല്ലോ. |
| അമുഷ്യ തത് ഏതത് | = | ഇതിൻെറ ആ യാഥാർത്ഥ്യത്തെ |
| വയം കഥം അനുമിമീമഹി | = | ഞങ്ങൾ എങ്ങനെയാണ് അനുമിച്ചറിയേണ്ടതു്? |
| ഇതി | = | എന്നിങ്ങനെ |

പ്രദക്ഷിണമായും അപ്രദക്ഷിണമായുമുള്ള ചലനം ഒരേസമയം സൂര്യനിൽ സംഗമാകുന്നതെങ്ങനെ ? — എന്നതാണ് ഇവിടെ സന്ദേഹം.

സഹോവാച – ആ ശുകബ്രഹ്മർഷി പ്രതിവചിച്ചു.

2 യഥാ കുലാലചക്രേണ ഭ്രമതാ സഹ ഭ്രമതാം തദാശ്രയാണാം പിപീ-
ലികാദീനാം ഗതിരന്യൈവ പ്രദേശാന്തരേഷ്വപ്യുപലഭ്യമാനത്വാ-
ദേവം നക്ഷത്രരാശിഭിരുപലക്ഷിതേന കാലചക്രേണ ധ്രുവം മേരും ച
പ്രദക്ഷിണേന പരിധാവതാ സഹ പരിധാവമാനാനാം തദാശ്രയാ-
ണാം സൂര്യാദീനാം ഗ്രഹാണാം ഗതിരന്യൈവ നക്ഷത്രാന്തരേ രാശ്യ-
ന്തരേ ചോപലഭ്യമാനത്വാത്.

| | | |
|---|---|---|
| ഭ്രമതാ കുലാലചക്രേണ സഹ | = | തിരിഞ്ഞുകൊണ്ടിരിക്കുന്ന കുലാലചക്രത്തിന്റെകൂടെ |
| ഭ്രമതാം തദാശ്രയാണാം | = | ഒന്നിച്ച് തിരിഞ്ഞുകൊണ്ടിരിക്കുന്ന അതിന്മേലുള്ള |
| പിപീലികാദീനാം ഗതിഃ | = | ഉറുമ്പ് മുതലായ ചെറുപ്രാണികളുടെ സഞ്ചാരം |
| യഥാ അന്യാ ഏവ | = | ഏപ്രകാരം മറെറാരുതരത്തിലുള്ളതായിട്ട് (ചക്രഗതിക്കുവിപരീതമായിട്ട്) തന്നെയും |
| പ്രദേശാന്തരേഷു അപി | = | മററു പ്രദേശങ്ങളിൽക്കൂടി |
| ഉപലഭ്യമാനത്വാത് | = | കാണപ്പെടുന്നതുകൊണ്ട്, |
| ഏവം ധ്രുവം മേരും ച | = | ആ വിധം ധ്രുവമണ്ഡലത്തെയും മേരുവിനെയും |
| പ്രദക്ഷിണേന പരിധാവതാ | = | വലത്തുടെ ചുററിക്കൊണ്ടിരിക്കുന്നതും |
| നക്ഷത്രരാശിഭിഃ ഉപലക്ഷിതേന | = | നക്ഷത്രരാശികളോടുകൂടിയതുമായ |
| കാലചക്രേണ സഹ | = | കാലചക്രത്തിന്റെകൂടെ |
| പരിധാവമാനാനാം | = | ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്നവയും |
| തദാശ്രയാണാം | = | അതിനെ ആശ്രയിച്ചിരിക്കുന്നവയുമായ |
| സൂര്യാദീനാം ഗ്രഹാണാം ഗതിഃ | = | സൂര്യാദിഗ്രഹങ്ങളുടെ സഞ്ചാരവും |
| നക്ഷത്രാന്തരേ രാശ്യന്തരേ ച | = | നക്ഷത്രങ്ങൾക്കിടയിലും രാശികൾക്കിടയിലും |
| അന്യാ ഏവ | = | മറെറാരുതരത്തിലുള്ളതായിട്ടുതന്നെ |
| ഉപലഭ്യമാനത്വാത് | = | കാണപ്പെടുന്നതുകൊണ്ട്— (അന്യോന്യവിരോധം ആശങ്കിക്കേണ്ടതില്ല) |

3 സ ഏഷ ഭഗവാനാദിപുരുഷ ഏവ സാക്ഷാന്നാരായണോ ലോകാ-
നാം സ്വസ്തയ ആത്മാനം ത്രയീമയം കർമ്മവിശുദ്ധിനിമിത്തം കവി-
ഭിരപി ച വേദേന വിജിജ്ഞാസ്യമാനോ ദ്വാദശധാ വിഭജ്യ ഷട്സു
വസന്താദിഷൃതുഷു യഥോപജോഷമൃതുഗുണാൻ വിദധാതി.

| | | |
|---|---|---|
| ആദിപുരുഷഃ ഭഗവാൻ | = | ആദിപുരുഷനും ഭഗവാനുമായ |
| സാക്ഷാത് നാരായണഃ ഏവ | = | സാക്ഷാൽ ശ്രീനാരായണൻതന്നെയായിരിക്കുന്ന |
| സഃ ഏഷഃ | = | ആ ഈ സൂര്യദേവൻ |
| ലോകാനാം സ്വസ്തയേ | = | സമസ്തജീവരാശികളുടെയും ക്ഷേമത്തിനായി |
| കവിഭിഃ അപി വേദേന ച | = | പണ്ഡിതന്മാരാലും വേദത്താൽത്തന്നെയും |
| വിജിജ്ഞാസ്യമാനഃ | = | ആരാഞ്ഞറിയപ്പെടാവുന്നവനായിട്ട്, |
| കർമ്മവിശുദ്ധിനിമിത്തം | = | കർമ്മങ്ങളുടെ സാദ്ഗുണ്യത്തിന്ന് ഹേതുഭൂതമായും |
| ത്രയീമയം ആത്മാനം | = | വേദാത്മകമായും ഇരിക്കുന്ന തന്റെ സ്വരൂപത്തെ |
| ദ്വാദശധാ വിഭജ്യ | = | പന്ത്രണ്ടാക്കി വിഭജിച്ചിട്ട് |
| വസന്താദിഷു ഷട്സു ഋതുഷു | = | വസന്താദികളായ ആറ് ഋതുക്കളിലും |
| യഥോപജോഷം | = | ജീവരാശിയുടെ കർമ്മഭോഗമനുസരിച്ച് |
| ഋതുഗുണാൻ വിദധാതി | = | ഋതുഗുണങ്ങളെ ഉളവാക്കുന്നു. |

4 തമേതമിഹ പുരുഷാസ്ത്രയ്യാ വിദ്യയാ വർണാശ്രമാചാരപഥാ ഉച്ചാ-
വചൈഃ കർമ്മഭിരാമ്നാതൈർയോഗവിതാനൈശ്ച ശ്രദ്ധയാ യജ-
ന്തോഽഞ്ജസാ ശ്രേയഃ സമധിഗച്ഛന്തി.

| | | |
|---|---|---|
| ഇഹ വർണാശ്രമാചാരപഥാഃ | = | ഈ ലോകത്തിൽ, വർണ്ണാശ്രമാചാരങ്ങളെ അനുസരിക്കുന്ന |
| പുരുഷാഃ | = | മഹാജനങ്ങൾ |
| ത്രയ്യാ വിദ്യയാ ആമ്നാതൈഃ | = | വേദത്രയത്താൽ അനുശാസനം ചെയ്യപ്പെട്ട |
| ഉച്ചാവചൈഃ കർമ്മഭിഃ | = | നാനാതരം കർമ്മങ്ങളാലും |
| യോഗവിതാനൈഃ ച | = | ധ്യാനാദിയോഗപദ്ധതികളാലും |
| തം ഏതം ശ്രദ്ധയാ യജന്തഃ | = | ആ ഈ സൂര്യനാരായണമൂർത്തിയെ ശ്രദ്ധയോടെ പൂജിച്ചുകൊണ്ട് |
| അഞ്ജസാ ശ്രേയഃ സമധിഗച്ഛന്തി | – | അനായാസേന ശ്രേയസ്സിനെ കൈവരിക്കുന്നു. |

5 അഥ സ ഏഷ ആത്മാ ലോകാനാം ദ്യാവാപൃഥിവ്യോരന്തരേണ
നഭോവലയസ്യ കാലചക്രഗതോ ദ്വാദശമാസാൻ ഭുങ്ക്തേ രാശി-
സംജ്ഞാൻ സംവത്സരാവയവാൻ. മാസഃ പക്ഷദ്വയം ദിവാ നക്തം
ചേതി സപാദർക്ഷദ്വയമുപദിശന്തി. യാവതാ ഷഷ്ഠമംശം ഭുഞ്ജീത സ
വൈ ഋതുരിത്യുപദിശ്യതേ സംവത്സരാവയവഃ.

| | | |
|---|---|---|
| അഥ ലോകാനാം ആത്മാ | = | മാത്രമല്ല, സമസ്തലോകാത്മാവായ |
| സഃ ഏഷഃ | = | ആ സൂര്യഭഗവാൻ |
| ദ്യാവാപൃഥിവ്യോഃ അന്തരേണ | = | സ്വർല്ലോകത്തിനും ഭൂലോകത്തിനും ഇടയിൽ |
| നഭോവലയസ്യ | = | അന്തരിക്ഷത്തിന്റെ മധ്യത്തിലുള്ള |
| കാലചക്രഗതഃ | = | കാലചക്രത്തെ പ്രാപിച്ച് |
| രാശിസംജ്ഞാൻ | = | മേഷാദിരാശികളുടെ പേരുകൊണ്ട് വ്യവഹരിക്കപ്പെടുന്നവയും |
| സംവത്സരാവയവാൻ | = | സംവത്സരത്തിന്റെ ഭാഗങ്ങളുമായ |
| ദ്വാദശമാസാൻ ഭുങ്ക്തേ | = | പന്ത്രണ്ടുമാസങ്ങളെ അനുഭവിക്കുന്നു. |
| മാസഃ (ചാന്ദ്രമാനേന) പക്ഷദ്വയം | = | മാസമെന്നത് ചാന്ദ്രമാനപ്രകാരം രണ്ടുപക്ഷവും, |
| (സൗരമാനേന) സപാദർക്ഷദ്വയം | = | സൗരമാനപ്രകാരം രണ്ടേകാൽ ഞാറ്റുവേലയും, |
| (പിത്ര്യേണ) ദിവാ നക്തം ചേതി | = | പിതൃക്കളുടെ കണക്കനുസരിച്ച് ഒരു പകലും രാവുമാണെന്നും |
| ഉപദിശന്തി | = | ഉപദേശിച്ചുവരുന്നു. |
| യാവതാ ഷഷ്ഠം അംശം ഭുഞ്ജീത | = | എത്ര സമയംകൊണ്ട് (സംവത്സരത്തിന്റെ) ആറിലൊരംശത്തെ അതിക്രമിക്കുന്നുവോ, |
| സഃ സംവത്സരാവയവഃ വൈ | = | അത്രയും വരുന്ന സംവത്സരത്തിന്റെ ഒരു ഭാഗം (രണ്ടുമാസം ചേർന്നത്) |
| ഋതുഃ ഇതി ഉപദിശ്യതേ | = | ഋതു എന്നും ചൊല്ലപ്പെട്ടുവരുന്നു. |

6 അഥ ച യാവതാഽർദ്ധേന നഭോവീഥ്യാം പ്രചരതി തം കാലമയനമാ-
ചക്ഷതേ.

| | | |
|---|---|---|
| അഥ ച യാവതാ | = | അതിനും പുറമെ, എത്ര സമയംകൊണ്ട് |
| നഭോവീഥ്യാം | = | അന്തരിക്ഷവീഥിയിൽ |
| അർദ്ധേന പ്രചരതി | = | പകുതിയോളം (ആറുരാശികളോളം) സൂര്യൻ സഞ്ചരിക്കുന്നുവോ |
| തം കാലം അയനം ആചക്ഷതേ | = | അത്രയും കാലയളവിനെ അയനമെന്ന് വ്യപദേശിക്കുന്നു. |

7 അഥ ച യാവന്നഭോമണ്ഡലം സഹ ദ്യാവാപൃഥിവ്യോർമണ്ഡലാഭ്യാം കാർത്സ്ന്യേന സ ഹ ഭുഞ്ജീത തം കാലം സംവത്സരം പരിവത്സരം ഇഡാവത്സരം അനുവത്സരം വത്സരമിതി ഭാനോർമാന്ദ്യശൈഘ്ര്യ-സമഗതിഭിഃ സമാമനന്തി.

| | | |
|---|---|---|
| അഥ ച ദ്യാവാപൃഥിവ്യോഃ | = | അതിനും പുറമെ, ദ്യാവാഭൂമികളുടെ |
| മണ്ഡലാഭ്യാം സഹ | = | പരിധികളോടുകൂടെ |
| നഭോമണ്ഡലം യാവത് | = | അന്തരിക്ഷമണ്ഡലം മുഴുവൻ എത്രകാലംകൊണ്ട് |
| സ ഹ കാർത്സ്ന്യേന ഭുഞ്ജീത | = | ആ സൂര്യഭഗവാൻ തികച്ചും ഒരു വട്ടം സഞ്ചാരം ചെയ്യുന്നുവോ, |
| തം കാലം | = | അത്രയുമുള്ള കാലത്തെ |
| സംവത്സരം............................ ............................വത്സരം ഇതി | } | സംവത്സരം, പരിവത്സരം, ഇഡാവത്സരം, അനുവത്സരം, വത്സരം എന്നിങ്ങനെ |
| ഭാനോഃ മാന്ദ്യശൈഘ്ര്യസമ-ഗതിഭിഃ സമാമനന്തി | } | സൂര്യന്റെ മന്ദഗതി, ശീഘ്രഗതി, സമഗതി എന്നിവയെ നിമിത്തമാക്കി വ്യവഹരിക്കുന്നു. |

സൂര്യന്റെ ഗതിഭേദത്തെ നിമിത്തമാക്കി ഇവിടെ പറഞ്ഞതായ സംവത്സരാദി പഞ്ചകത്തിന്റെ സ്വഭാവം ഇങ്ങനെയാണ്. അതായത് — ചാന്ദ്രമാനംകൊണ്ടും സൗരമാനംകൊണ്ടും മാസങ്ങൾ രണ്ടുതരത്തിലുണ്ട്. വെളുത്ത പ്രതിപദം മുതൽ ആരംഭിക്കുന്ന ചാന്ദ്രമാനമാസങ്ങളാണ് ചൈത്രാദികൾ. സൂര്യന്റെ രാശിസംക്രമണത്തെ അധികരിച്ചുള്ള സൗരമാനമാസങ്ങളാണ് മേഷാദികൾ. വെളുത്ത പ്രതിപദത്തിൽനാൾ സംക്രമം വന്നാൽ സൗരചാന്ദ്രമാസങ്ങൾ രണ്ടും ഒന്നിച്ചുതുടങ്ങുന്നു. പിന്നെ ഈ ഒന്നിക്കൽ അഞ്ച് കൊല്ലം കഴിഞ്ഞേ ഉണ്ടാവു. ഈ അഞ്ച് കൊല്ലങ്ങൾക്ക് യഥാക്രമമുള്ള പ്രത്യേകസംജ്ഞകളാണ് സംവത്സരം, പരിവത്സരം എന്ന് തുടങ്ങിയവ.

8 ഏവം ചന്ദ്രമാ അർക്കഗഭസ്തിഭ്യഃ ഉപരിഷ്ടാല്ലക്ഷയോജനത ഉപലഭ്യ-മാനോऽർക്കസ്യ സംവത്സരഭുക്തിം പക്ഷാഭ്യാം മാസഭുക്തിം സപാ-ദർക്ഷാഭ്യാം ദിനേനൈവ പക്ഷഭുക്തിമഗ്രചാരീ ദ്രുതതരഗമനോ ഭുങ്ക്തേ.

| | | |
|---|---|---|
| ഏവം അർക്കഗഭസ്തിഭ്യഃ | = | ഇതുപോലെ, സൂര്യന്റെ ദീപ്തിമണ്ഡലത്തിൽനിന്ന് |
| ലക്ഷയോജനതഃ ഉപരിഷ്ടാത് | = | ഒരു ലക്ഷം യോജനയോളം അകലത്തിൽ |
| ഉപലഭ്യമാനഃ ചന്ദ്രമാഃ | = | കാണപ്പെടുന്ന ചന്ദ്രൻ |

| | | |
|---|---|---|
| അർക്കസ്യ സംവത്സരഭുക്തിം | = | സൂര്യന്റെ ഒരു സംവത്സരംകൊണ്ടുള്ള അനുഭവത്തെ |
| പക്ഷാഭ്യാം | = | രണ്ടുപക്ഷങ്ങളാലും, |
| മാസഭുക്തിം | = | ഒരു മാസംകൊണ്ടുള്ള അനുഭവത്തെ |
| സപാദർക്ഷാഭ്യാം | = | രണ്ടേകാൽ നാളുകളാലും, |
| പക്ഷഭുക്തിം | = | ഒരു പക്ഷംകൊണ്ടുള്ള അനുഭവത്തെ |
| ദിനേന ഏവ | = | ഒരൊററ ദിവസത്താലും |
| അഗ്രചാരീ | = | സൂര്യന്റെ മുന്നിലേക്കകടന്നുസഞ്ചരിച്ചുകൊണ്ടു് |
| ദ്രുതതരഗമനഃ ഭുങ്ക്തേ | = | അതിശീഘ്രഗാമിയായിട്ടു് അനുഭവിക്കുന്നു. |

സൂര്യൻ 12 രാശികളെ കടക്കുന്നതു് ഒരു സംവത്സരം (365¼ ദിവസം) കൊണ്ടാണു്. ചന്ദ്രൻ അതു് രണ്ടു് പക്ഷങ്ങളാൽ നിവ്വഹിക്കുന്നു. സൂര്യൻ ഒരു രാശിയെ ഒരു മാസംകൊണ്ടു് ലംഘിക്കുന്നു. ചന്ദ്രന്നാകട്ടെ അതിന്നു് 2¼ ദിവസം മതി. സൂര്യൻ ഒരു നക്ഷത്രപരിധിയെ ഒരുപക്ഷം (സുമാർ 14 ദിവസം) കൊണ്ടു് കടന്നുപോകുമ്പോൾ ചന്ദ്രൻ ഒരൊററ ദിവസം കൊണ്ടാണു് കടന്നുപോകുന്നതു്. ഇതാണു് ചന്ദ്രന്റെ ശീഘ്രഗാമിത്വം.

9 അഥ ചാപൂര്യമാണാഭിശ്ച കലാഭിരമരാണാം ക്ഷീയമാണാഭിശ്ച കലാഭിഃ പിതൄണാമഹോരാത്രാണി പൂർവ്വപക്ഷാപരപക്ഷാഭ്യാം വിതന്വാനഃ സർവ്വജീവനിവഹപ്രാണോ ജീവശ്ചൈകമേകം നക്ഷത്രം ത്രിംശതാ മുഹൂർത്തൈർഭുങ്ക്തേ

| | | |
|---|---|---|
| അഥ ച | = | അതിന്നും പുറമെ, |
| ആപൂര്യമാണാഭിഃ കലാഭിഃ | = | മുറയ്ക്കു് കൂടിക്കൂടിവരുന്ന കലകളാൽ |
| അമരാണാം ച | = | ദേവകൾക്കും, |
| ക്ഷീയമാണാഭിഃ കലാഭിഃ | = | മുറയ്ക്കു കുറഞ്ഞുകൊണ്ടുവരുന്ന കലകളാൽ |
| പിതൄണാം ച | = | പിതൃക്കൾക്കും |
| പൂർവ്വാപരപക്ഷാഭ്യാം | = | വെളുത്തപക്ഷം, കറുത്തപക്ഷം എന്നിവയിലൂടെ |
| അഹോരാത്രാണി വിതന്വാനഃ | = | പകലും രാത്രിയും ഉണ്ടാക്കിക്കൊണ്ടു് |
| സർവ്വജീവനിവഹപ്രാണഃ | = | സകലജീവജാലങ്ങൾക്കും പ്രാണഭൂതനായും |
| ജീവഃ ച (അസൗ ചന്ദ്രഃ) | = | ജീവനപ്രദനായും ഇരിക്കുന്ന ഈ ചന്ദ്രൻ |
| ഏകം ഏകം നക്ഷത്രം | = | ഓരോരോ നക്ഷത്രത്തെ |
| ത്രിംശതാ മുഹൂർത്തൈഃ ഭുങ്ക്തേ | = | 30 മുഹൂർത്തം (60 നാഴിക) കൊണ്ടു് അനുഭവിക്കുന്നു |

10 യ ഏഷ ഷോഡശകലഃ പുരുഷോ ഭഗവാൻ മനോമയോഽന്നമയോഽമൃതമയോ ദേവപിതൃമനുഷ്യഭൂതപശുപക്ഷിസരീസൃപവീരുധാം പ്രാണാപ്യായനശീലത്വാത് സർവ്വമയ ഇതി വർണ്ണയന്തി.

| | | |
|---|---|---|
| ഷോഡശകലഃ യഃ ഏഷഃ | = | പതിനാറുകലകളുള്ള യാതൊരു ഈ ചന്ദ്രൻ |
| മനോമയഃ അന്നമയഃ | = | മനോരൂപനും അന്നരൂപനും |
| അമൃതമയഃ പുരുഷഃ | = | അമൃതരൂപനും ആത്മസ്വരൂപനുമായ |

| | | |
|---|---|---|
| ഭഗവാൻ | = | സാക്ഷാൽ ശ്രീഹരിതന്നെയാകുന്നു. |
| ദേവപിതൃമനുഷ്യഭൂതപശുപക്ഷി-സരീസൃപവീരുധാം | } | ദേവന്മാർ, പിതൃക്കൾ, മനുഷ്യർ, ഭൂതങ്ങൾ, മൃഗങ്ങൾ, പക്ഷികൾ, ഇഴജന്തുക്കൾ, വൃക്ഷലതാദികൾ എന്നിവയ്ക്കെല്ലാം |
| പ്രാണാപ്യായനശീലത്വാത് | = | പ്രാണസംതൃപ്തിയെ ഉണ്ടാക്കുന്ന സ്വഭാവമുള്ളതുകൊണ്ട് |
| സർവമയഃ ഇതി വർണയതി | = | സർവ്വസ്വരൂപനെന്നും (ചന്ദ്രനെ) വർണ്ണിക്കുന്നു. |

11 തത ഉപരിഷ്ടാത് ത്രിലക്ഷയോജനതോ നക്ഷത്രാണി മേരും ദക്ഷി-
ണേനൈവ കാലായന ഈശ്വരയോജിതാനി സഹാഭിജിതാഷ്ടാ-
വിംശതിഃ.

| | | |
|---|---|---|
| തതഃ ഉപരിഷ്ടാത് | = | അതിൽനിന്നും (ചന്ദ്രമണ്ഡലത്തിൽനിന്നും) അപ്പുറത്തായി |
| ത്രിലക്ഷയോജനതഃ | = | മൂന്നുലക്ഷം യോജനദൂരത്തിൽ |
| അഭിജിതാ സഹ | = | അഭിജിത്തോടുകൂടി |
| അഷ്ടാവിംശതിഃ നക്ഷത്രാണി | = | ഇരുപത്തെട്ടു നക്ഷത്രങ്ങൾ * |
| ദക്ഷിണേന ഏവ | = | വലംചുറ്റി പരിക്രമിക്കുന്ന പ്രകാരത്തിലായിട്ടുതന്നെ |
| കാലായനേ | = | കാലചക്രത്തിൽ |
| ഈശ്വരയോജിതാനി | = | ഈശ്വരനാൽ സംയോജിപ്പിക്കപ്പെട്ടിരിക്കുന്നു |

* ഉത്രാടം, തിരുവോണം എന്നിവയ്ക്കുമധ്യേ അഭിജിത്തെന്ന ഒരു നക്ഷത്രം കൂടിയുള്ളതായിട്ടു് പരിഗണിക്കപ്പെടുന്നു. അപ്പോൾ അതുൾപ്പെടെ അശ്വന്യാദിനക്ഷത്രങ്ങളുടെ സംഖ്യ ആകെ 28 ആയേക്കും.

12 തത ഉപരിഷ്ടാദുശനാ ദ്വിലക്ഷയോജനത ഉപലഭ്യതേ പുരതഃ
പശ്ചാത് സഹൈവ വാർക്കസ്യ ശൈഘ്ര്യമാന്ദ്യസാമ്യാഭിരർക്കവത്
ചരതി ലോകാനാം നിത്യദാനുകൂല ഏവ പ്രായേണ വർഷയംശ്ചാ-
രേണാനുമീയതേ സവൃഷ്ടിവിഷ്ടംഭഗ്രഹോപശമനഃ.

| | | |
|---|---|---|
| തതഃ ഉപരിഷ്ടാത് | = | അവിടെനിന്നും ഉപരിതലത്തിൽ |
| ദ്വിലക്ഷയോജനതഃ | = | രണ്ടുലക്ഷം യോജന അകലെ |
| ഉശനാഃ ഉപലഭ്യതേ | = | ശുക്രഗ്രഹം കാണപ്പെട്ടുവരുന്നു. |
| അർക്കസ്യ പുരതഃ പശ്ചാത് സഹ ഏവ വാ | } | സൂര്യന്റെ തൊട്ടുമുൻപിലോ, പിൻപിലോ, ഒപ്പമായിട്ടുതന്നെയോ |
| ശൈഘ്ര്യമാന്ദ്യസാമ്യാദിഭിഃ ഗതിഭിഃ അർക്കവത് ചരതി | } | ശീഘ്രത്വം, മന്ദത്വം, സമത്വം, എന്നിവയോടുകൂടിയ ഗതികളോടെ സൂര്യനെപ്പോലെ ചരിക്കുന്നു |
| ലോകാനാം നിത്യദാ | = | ലോകർക്ക് എല്ലാകാലത്തും |
| അനുകൂലഃ ഏവ | = | അനുകൂലനിലതന്നെയുണ്ടാക്കുന്ന ശുഭഗ്രഹമാണിതു് |
| പ്രായേണ സഃ ചാരേണ | = | മിക്കതും ആ ശുക്രൻ ചാരവശാൽ |

| | | |
|---|---|---|
| വൃഷ്ടിവിഷ്ടംഭഗ്രഹോപശമനഃ<br>വർഷയൻ ച അനുമീയതേ | } | വർഷക്കെടുതിയുണ്ടാക്കുന്ന ഗ്രഹദോഷങ്ങളെ ശമിപ്പിക്കുന്നതും വർഷഗുണമുണ്ടാക്കുന്നതുമായ ഗ്രഹമായിട്ട് അനുമിക്കപ്പെട്ടുവരുന്നു. |

13 ഉശനസാ ബുധോ വ്യാഖ്യാതസ്തത ഉപരിഷ്ടാദ് ദ്വിലക്ഷയോജനതോ ബുധഃ സോമസുത ഉപലഭ്യമാനഃ പ്രായേണ ശുഭകൃദ്യദാऽർക്കാദ് വ്യതിരിച്യതേ തദാऽതിവാതാഭ്രപ്രായാനാവൃഷ്ട്യാദിഭയമാശംസതേ.

| | | |
|---|---|---|
| ഉശനസാ ബുധഃ വ്യാഖ്യാതഃ | = | ശുക്രനോടുകൂടെ ബുധനും വിവരിക്കപ്പെട്ടിരിക്കുന്നു. |
| തതഃ ഉപരിഷ്ടാത് | = | ആ ശുക്രനിൽനിന്നും ഉപരിതലത്തിൽ |
| ദ്വിലക്ഷയോജനതഃ | = | രണ്ടുലക്ഷം യോജന അകലെയായി |
| ഉപലഭ്യമാനഃ | = | കാണപ്പെട്ടുവരുന്ന |
| സോമസുതഃ ബുധഃ | = | സോമപുത്രനായ ബുധൻ |
| പ്രായേണ ശുഭകൃത് | = | മിക്കവാറും ശുഭകാരകനാണ്. |
| അർക്കാത് യദാ വ്യതിരിച്യതേ | = | സൂര്യനിൽനിന്ന് എപ്പോഴും അകന്നുനില്ക്കുന്നുവോ, |
| തദാ അതിവാതാഭ്രപ്രായാ-<br>നാവൃഷ്ട്യാദിഭയം ആശംസതേ | } | അപ്പോഴും കൊടുങ്കാററ്, പേമാരി, അനാവൃഷ്ടി തുടങ്ങിയ പ്രകൃതിക്ഷോഭഭയത്തെ സൂചിപ്പിക്കുന്നു. |

ശുക്രൻ സൂര്യന്റെ മുമ്പിലോ പിമ്പിലോ ഒരുമിച്ചോ വിടാതെ സഞ്ചരിക്കുന്നതുപോലെത്തന്നെ ബുധനും സഞ്ചരിക്കുന്നുവെന്ന് ആശയം. ബുധശുക്രന്മാർ സൂര്യൻ നില്ക്കുന്ന രാശിയുടെ തൊട്ടടുത്ത രാശികളിലായോ ആ രാശിയിൽതന്നെയായോ അന്തരീക്ഷത്തിൽ കാണപ്പെടുന്നതാണ്.

14 അത ഊർധ്വമംഗാരകോऽപി യോജനലക്ഷദ്വിതയ ഉപലഭ്യമാനസ്ത്രിഭിസ്ത്രിഭിഃ പക്ഷൈരേകൈകശോ രാശീൻ ദ്വാദശാനുഭുങ്ക്തേ യദി ന വക്രേണാഭിവർത്തതേ പ്രായേണാശുഭഗ്രഹോऽഘശംസഃ.

| | | |
|---|---|---|
| അതഃ ഊർധ്വം | = | ഇതിനുമേൽ |
| യോജനലക്ഷദ്വിതയേ | = | രണ്ടുലക്ഷം യോജന അകലെ |
| ഉപലഭ്യമാനഃ | = | കാണപ്പെട്ടുവരുന്ന |
| അംഗാരകഃ അപി | = | ചൊവ്വയെന്ന ഗ്രഹമാകട്ടെ |
| വക്രേണ യദി ന അഭിവർത്തതേ | = | വക്രംകൊണ്ട് അഭിവർത്തിക്കുന്നില്ലെങ്കിൽ (വക്രഗതിയില്ലെങ്കിൽ) |
| ത്രിഭിഃ ത്രിഭിഃ പക്ഷൈഃ | = | മുമ്മൂന്നു പക്ഷങ്ങൾകൊണ്ട് |
| ഏകൈകശഃ | = | ഓരോന്നോരോന്നായി |
| ദ്വാദശ രാശീൻ അനുഭുങ്ക്തേ | = | പന്ത്രണ്ടുരാശികളെയും അനുഭവിക്കുന്നു. |
| പ്രായേണ അഘശംസഃ | = | അധികപക്ഷവും ദോഷങ്ങളെ സൂചിപ്പിക്കുന്ന |
| അശുഭഗ്രഹഃ | = | ഒരു പാപഗ്രഹമത്രേ ഇത്. |

15 തത ഉപരിഷ്ടാദ് ദ്വിലക്ഷയോജനാന്തരഗതോ ഭഗവാൻ ബൃഹസ്പതി-
രേകൈകസ്മിൻ രാശൗ പരിവത്സരം പരിവത്സരം ചരതി യദി ന
വക്രഃ സ്യാത് പ്രായേണാനുകൂലോ ബ്രാഹ്മണകുലസ്യ.

| | | |
|---|---|---|
| തതഃ ഉപരിഷ്ടാത് | = | അവിടെനിന്നും ഉപരിതലത്തിൽ |
| ദ്വിലക്ഷയോജനാന്തരഗതഃ | = | രണ്ടുലക്ഷം യോജന ദൂരെ വർത്തിക്കുന്ന |
| ഭഗവാൻ ബൃഹസ്പതിഃ | = | ഭഗവാൻ ദേവഗുരു (വ്യാഴൻ) |
| വക്രഃ ന സ്യാത് യദി | = | വക്രനല്ലാതെയിരിക്കയാണെങ്കിൽ |
| ഏകൈകസ്മിൻ രാശൗ | = | ഓരോ രാശിയിലും |
| പരിവത്സരം പരിവത്സരം | = | പ്രത്യേകം ഓരോ പരിവത്സരം |
| ചരതി | = | സഞ്ചരിക്കുന്നതാണ്. |
| (അയം) പ്രായേണ | = | ഈ വ്യാഴഗ്രഹം മിക്കപ്പോഴും |
| ബ്രാഹ്മണകുലസ്യ അനുകൂലഃ | = | ബ്രാഹ്മണവംശത്തിന് അനുകൂലമാകുന്നു. |

16 തത ഉപരിഷ്ടാദ്ദ്വിയോജനലക്ഷദ്വയാത് പ്രതീയമാനഃ ശനൈശ്ചര
ഏകൈകസ്മിൻ രാശൗ ത്രിംശന്മാസാൻ വിലംബമാനഃ സർവാനേവാ-
നുപര്യേതി താവദ്ഭിരനുവത്സരൈഃ പ്രായേണ ഹി സർവേഷാമ-
ശാന്തികരഃ.

| | | |
|---|---|---|
| തതഃ ഉപരിഷ്ടാത് | = | അതിനും ഉപരിതലത്തിൽ |
| യോജനലക്ഷദ്വയാത് | = | രണ്ടുലക്ഷം യോജന ദൂരത്തിൽനിന്നും |
| പ്രതീയമാനഃ ശനൈശ്ചരഃ | = | പ്രതിഭാസിക്കുന്ന ശനിഗ്രഹം |
| ഏകൈകസ്മിൻ രാശൗ | = | ഓരോ രാശിയിങ്കലും |
| ത്രിംശത് മാസാൻ ലംബമാനഃ | = | മുപ്പതു് മാസങ്ങളോളം തങ്ങിനിന്നുകൊണ്ടു് |
| താവദ്ഭിഃ അനുവത്സരൈഃ | = | അത്രയും അനുവത്സരങ്ങൾകൊണ്ടു് |
| സർവാൻ ഏവ ഉപര്യേതി | = | എല്ലാ രാശികളേയും ക്രമത്തിൽ കടന്നുപോകുന്നു. |
| (അയം) പ്രായേണ ഹി സർവേഷാം | = | ഈ ഗ്രഹം പൊതുവിൽ എവക്കും |
| അശാന്തികരഃ | = | സമാധാനക്കേടുണ്ടാക്കുന്ന പാപഗ്രഹമാണ്. |

17 തത ഉത്തരസ്മാദൃഷയ ഏകാദശലക്ഷയോജനാന്തര ഉപലഭ്യന്തേ യ
ഏവ ലോകാനാം ശമനുഭാവയന്തോ ഭഗവതോ വിഷ്ണോര്യത് പരമം
പദം പ്രദക്ഷിണം പ്രക്രമന്തി.

| | | |
|---|---|---|
| തതഃ ഉത്തരസ്മാത് | = | അതിൽനിന്നു് ഉപരിഭാഗത്തിൽ |
| ഏകാദശലക്ഷയോജനാന്തരേ | = | പതിനൊന്നുലക്ഷം യോജന അകലത്തായിട്ടു് |
| ഋഷയഃ ഉപലഭ്യന്തേ | = | സപ്തർഷികൾ കാണപ്പെടുന്നു. |
| യേ ഏവ ലോകാനാം | = | യാതൊരു ഇവരെല്ലാം ലോകങ്ങൾക്കു് |

| | | |
|---|---|---|
| ശം അനുഭാവയന്തഃ | = | ക്ഷേമത്തെ ആശംസിച്ചുകൊണ്ടു് |
| ഭഗവതഃ വിഷ്ണോഃ | = | ഭഗവാനായ മഹാവിഷ്ണുവിന്റെ |
| പരമം പദം യത് | = | പരമപദം യാതൊന്നോ ആ (ധ്രുവമണ്ഡലത്തെ) |
| പ്രദക്ഷിണം പ്രക്രമന്തി | = | പ്രദക്ഷിണക്രമത്തിൽ ചുററിക്കൊണ്ടിരിക്കുകയാണു് |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ ജ്യോതിശ്ചക്രവർണനേ

ദ്വാവിംശോധ്യായഃ ആദിതഃ ശ്ലോകാനി 573

അഞ്ചാമത്തെ സ്കന്ധത്തിൽ ഇരുപത്തിരണ്ടാമദ്ധ്യായം കഴിഞ്ഞു.

# ത്രയോവിംശോഽദ്ധ്യായഃ – അദ്ധ്യായം ഇരുപത്തിമൂന്നു്

## ധ്രുവമണ്ഡലസ്ഥിതിയും ശിശുമാരചക്രസ്വരൂപവും

"ത്രയോവിംശേ ധ്രുവസ്ഥാനം ജ്യോതിശ്ചക്രാശ്രയം തതഃ
ശിശുമാരസ്വരൂപേണ ഹരേശ്ച സ്ഥിതിരുച്യതേ"

ജ്യോതിശ്ചക്രത്തിന്നു് ആധാരഭൂതമായ ധ്രുവമണ്ഡലത്തിന്റെ സ്വഭാവവും ശിശുമാരസ്വരൂപേണ ശ്രീഹരിയുടെ അന്തരിക്ഷസ്ഥിതിയും ഈ അദ്ധ്യായംകൊണ്ടു പറയുന്നു.

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു :

1 അഥ തസ്മാത് പരതസ്ത്രയോദശലക്ഷയോജനാന്തരതോ യത്ത-
ദ്വിഷ്ണോഃ പരമം പദമഭിവദന്തി യത്ര ഹ മഹാഭാഗവതോ ധ്രുവ
ഔത്താനപാദിരഗ്നിനേന്ദ്രേണ പ്രജാപതിനാ കശ്യപേന ധർമ്മേണ
ച സമകാലയുഗ്ഭിഃ സബഹുമാനം ദക്ഷിണതഃ ക്രിയമാണ ഇദാനീ-
മപികല്പജീവിനാമാജീവ്യ ഉപാസ്തേ തസ്യേഹാനുഭാവ ഉപവർണിതഃ

| | | |
|---|---|---|
| അഥ തസ്മാത് പരതഃ | = | പിന്നെ, ആ സപ്തർഷിപഥത്തിൽനിന്നും അപ്പുറത്തു് |
| ത്രയോദശലക്ഷയോജനാന്തരതഃ | = | 13 ലക്ഷം യോജന ദൂരത്തിൽ |
| യത് തത് വിഷ്ണോഃ പരമം പദം | = | യാതൊരിടമുണ്ടോ, അതിനെ വിഷ്ണുവിന്റെ പരമമായ പദമെന്നു് |
| അഭിവദന്തി | = | പറഞ്ഞുവരുന്നു. |
| യത്ര ഹ മഹാഭാഗവതഃ ഔത്താനപാദിഃ ധ്രുവഃ | } | യാതൊരിടത്തു് ഭക്തോത്തമനും ഉത്താനപാദന്റെ പുത്രനുമായ ധ്രുവൻ |

അഗ്നിനാ ഇന്ദ്രേണ = അഗ്നിയാലും, ഇന്ദ്രനാലും,
കശ്യപേന പ്രജാപതിനാ = കശ്യപപ്രജാപതിയാലും,
ധർമ്മേണ ച സമകാലയുഗ്ഭിഃ = ധർമ്മദേവനാലും ഏകകാലത്തിൽ സമ്മേളിച്ചുകൊ [ണ്ടു്
സബഹുമാനം ദക്ഷിണതഃ ക്രിയമാണഃ } ആദരപൂർവ്വം വലംവെക്കപ്പെട്ടുകൊണ്ടു്
കല്പജീവനാം ആജീവ്യഃ = കല്പകാലപര്യന്തം ജീവിക്കുന്നവർക്കു് ഉപജീവ്യനായി
ഇദാനീം അപി ഉപാസ്തേ = ഇപ്പോഴും ഹരിയെ സേവിച്ചുകൊണ്ടിരിക്കുന്നു.
തസ്യ ഇഹ അനുഭാവഃ = അദ്ദേഹത്തിന്റെ ഈ ലോകത്തിലെ മഹിമാതിശയം
ഉപവർണിതഃ = മുമ്പു് വർണ്ണിക്കപ്പെട്ടതാണു്.

2 സ ഹി സർവ്വേഷാം ജ്യോതിർഗണാനാം ഗ്രഹനക്ഷത്രാദീനാമനി-
മിഷേണാവ്യക്തരംഹസാ ഭഗവതാ കാലേന ഭ്രാമ്യമാണാനാം സ്ഥാ-
ണുരിവാവഷ്ടംഭ ഈശ്വരേണ വിഹിതഃ ശശ്വദവഭാസതേ.

അനിമിഷേണ = കണ്ണിമയനക്കാതെ എക്കാലവും ജാഗരൂകമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവനും
അവ്യക്തരംഹസാ = അഭിവ്യക്തമല്ലാത്ത വേഗത്തോടുകൂടിയവനുമായി
കാലേന ഭഗവതാ = കാലസ്വരൂപനായിട്ടു് വർത്തിക്കുന്ന ഭഗവാനാൽ
ഭ്രാമ്യമാണാനാം = ചുഴററപ്പെട്ടുകൊണ്ടേ ഇരിക്കുന്ന
ഗ്രഹനക്ഷത്രാദീനാം = ഗ്രഹനക്ഷത്രാദികളായ
സർവ്വേഷാം ജ്യോതിർഗണാനാം = എല്ലാ ജ്യോതിർഗോളങ്ങളുടെയും
അവഷ്ടംഭഃ സ്ഥാണുഃ ഇവ = കെട്ടുകുററിയെന്നപോലെ
ഈശ്വരേണ വിഹിതഃ = ഈശ്വരനാൽ കല്പിക്കപ്പെട്ടിരിക്കുന്ന
സഃ ഹി ശശ്വത് അവഭാസതേ = ആ ധ്രുവനാകട്ടെ സർവ്വകാലവും പ്രകാശിക്കുന്നു.

3 യഥാ മേഢീസ്തംഭ ആക്രമണപശവഃ സംയോജിതാസ്ത്രിഭിസ്ത്രിഭിഃ സവ-
നൈർയഥാസ്ഥാനം മണ്ഡലാനി ചരന്ത്യേവം ഭഗണാ ഗ്രഹാദയ
ഏതസ്മിന്നന്തർബഹിര്യോഗേന കാലചക്ര ആയോജിതാ ധ്രുവമേവാ-
വലംബ്യ. വായുനോദീര്യമാണാ ആകല്പാന്തം പരിചങ്ക്രമന്തി നഭസി
യഥാ മേഘാ ശ്യേനാദയോ വായുവശാഃ കർമ്മസാരഥയഃ പരിവർത്തന്തേ
ഏവം ജ്യോതിർഗണാഃ പ്രകൃതിപുരുഷസംയോഗാനുഗൃഹീതാഃ കർമ്മ-
നിർമ്മിതഗതയോ ഭുവി ന പതന്തി.

യഥാ മേഢീസ്തംഭേ = എപ്രകാരം കററക്കളത്തിലെ മെതിക്കുററിയിൽ
ത്രിഭിഃ ത്രിഭിഃ സവനൈഃ = മുമ്മൂന്നു് പരിധികളോടുകൂടെ
സംയോജിതാഃ ആക്രമണപശവഃ = ബന്ധിക്കപ്പെട്ട മെതിക്കാളകൾ
യഥാസ്ഥാനം മണ്ഡലാനി ചരന്തി = നിശ്ചിതമായ സ്ഥാനം അതിക്രമിക്കാതെ വട്ടത്തിൽ ചുററിനടക്കുന്നുവോ,
ഏവം ഭഗണാഃ ഗ്രഹാദയഃ = അപ്രകാരം നക്ഷത്രരാശികളും ഗ്രഹാദികളും
ഏതസ്മിൻ കാലചക്രേ = ഈ കാലചക്രത്തിൽ

| | | |
|---|---|---|
| അന്തർബ്ബഹിർയ്യോഗേന ആയോജിതാഃ | } | ഉള്ളിലും പുറത്തുമായി അന്യോന്യം യോജിപ്പിക്കപ്പെട്ടു്, |
| ധ്രുവം ഏവ അവലംബ്യ | = | ധ്രുവനക്ഷത്രത്തെത്തന്നെ അവലംബിച്ചു്, |
| വായുനാ ഉദീര്യമാണാഃ | = | ആവൎത്തവായുവിനാൽ ചലിപ്പിക്കപ്പെട്ടുകൊണ്ടു് |
| ആകല്പാന്തം പരിചങ്ക്രമന്തി | = | കല്പകാലം അവസാനിക്കുന്നതുവരെ ചുററിത്തിരിയുന്നു. |
| യഥാ നഭസി | = | ഏതുപ്രകാരം ആകാശത്തിൽ |
| മേഘാഃ ശ്യേനാദയഃ | = | മേഘങ്ങളും പരുന്തു് മുതലായ പറവകളും |
| വായുവശാഃ | = | വായുവിന്റെ നിയന്ത്രണത്തോടുകൂടിയവയായിട്ടു് |
| കൎമ്മസാരഥയഃ | = | പ്രാരബ്ധകൎമ്മം തെളിക്കുന്ന മാൎഗ്ഗത്തെ അനുസരിച്ചു |
| പരിവൎത്തന്തേ | = | പാറിക്കൊണ്ടുനടക്കുന്നുവോ, |
| ഏവം ജ്യോതിർഗ്ഗണാഃ | = | അപ്രകാരം ജ്യോതിർഗ്ഗോളങ്ങളുടെ നിരകളും |
| പ്രകൃതിപുരുഷസംയോഗാനുഗൃഹീതാഃ | } | പ്രകൃതിപുരുഷതത്ത്വങ്ങളാം തമ്മിലുള്ള നിത്യാശ്ലേഷശക്തിയാൽ അനുഗ്രഹം ഗ്രഹിക്കപ്പെട്ടും |
| കൎമ്മനിൎമ്മിതഗതയഃ | = | കൎമ്മശക്തിയാൽ ഉളവാക്കപ്പെട്ട ലോകയാത്രയോടു കൂടിയവയുമായി ഭവിച്ചു് |
| ഭുവി ന പതന്തി | = | താഴെ വീഴാതെയിരിക്കുന്നു. |

4 കേചനൈതജ്ജ്യോതിരനീകം ശിശുമാരസംസ്ഥാനേന ഭഗവതോ വാസുദേവസ്യ യോഗധാരണായാമനുവൎണ്ണയന്തി.

| | | |
|---|---|---|
| ഭഗവതഃ വാസുദേവസ്യ | = | ഭഗവാൻ ശ്രീവാസുദേവന്റെ |
| യോഗധാരണായാം | = | യോഗധ്യാനനിഷ്ഠയിങ്കൽ |
| ഏതത് ജ്യോതിരനീകം | = | ഈ ജ്യോതിശ്ചക്രത്തെ |
| ശിശുമാരസംസ്ഥാനേന | = | ശിശുമാരമെന്ന ജലജന്തുവിന്റെ സ്വരൂപസ്ഥിതിയോടുകൂടിയതായിട്ടു് |
| കേചന അനുവൎണ്ണയന്തി | = | ചിലർ വൎണ്ണിക്കുമാറുണ്ടു്. |

5 യസ്യ പുച്ഛാഗ്രേഽവാക്ശിരസഃ കുണ്ഡലീഭൂതദേഹസ്യ ധ്രുവ ഉപകല്പിതഃ, തസ്യ ലാംഗൂലേ പ്രജാപതിരഗ്നിരിന്ദ്രോ ധൎമ്മ ഇതി, പുച്ഛമൂലേ ധാതാ വിധാതാ ച കട്യാം സപ്തൎഷയഃ. തസ്യ ദക്ഷിണാവൎത്തകുണ്ഡലീഭൂതശരീരസ്യ യാന്യുദഗയനാനി ദക്ഷിണപാൎശ്വേ തു നക്ഷത്രാണ്യുപകല്പയന്തി ദക്ഷിണായനാനി തു സവ്യേ. യഥാ ശിശുമാരസ്യ കുണ്ഡലാഭോഗസന്നിവേശസ്യ പാൎശ്വയോരുഭയോരപ്യവയവാഃ സമസംഖ്യാ ഭവന്തി. പൃഷ്ഠേ ത്വജവീഥീ, ആകാശഗംഗാ ചോദരതഃ.

| | | |
|---|---|---|
| അവാക്ശിരസഃ | = | തല കീഴോട്ടാക്കിക്കൊണ്ടു് |
| കുണ്ഡലീഭൂതദേഹസ്യ | = | വലയാകൃതിയാന്ന ഉടലോടുകൂടികിടക്കുന്ന |
| യസ്യ പുച്ഛാഗ്രേ | = | യാതൊരു ശിശുമാരത്തിന്റെ വാലിൻതലപ്പത്തു് |
| ധ്രുവഃ ഉപകല്പിതഃ | = | ധ്രുവനക്ഷത്രം കല്പിതമായിരിക്കുന്നു. |

| | | |
|---|---|---|
| തസ്യ ലാംഗൂലേ | = | അതിൻെറ വാലിൻതണ്ടമേൽ |
| പ്രജാപതിഃ അഗ്നിഃ ഇന്ദ്രഃ ധർമ്മഃ ഇതി | } | പ്രജാപതി, അഗ്നി, ഇന്ദ്രൻ, ധർമ്മൻ എന്നിവരും കല്പിതമായിരിക്കുന്നു. |
| പുച്ഛമൂലേ ധാതാ വിധാതാ ച | = | വാലിൻകടയ്ക്കൽ ധാതാവും വിധാതാവും |
| കട്യാം സപ്തർഷയഃ | = | അരക്കെട്ടിൽ സപ്തർഷിമാരും കല്പിതരായിരിക്കുന്നു. |
| ദക്ഷിണാവർത്തകുണ്ഡലീഭൂത-ശരീരസ്യ തസ്യ | } | വലത്തോട്ടുചെരിഞ്ഞു് വലയാകൃതിയിൽ കിടക്കുന്ന അതിൻെറ |
| ദക്ഷിണപാർശ്വേ തു | = | വലത്തെ പാർശ്വത്തിലാകട്ടെ |
| ഉദഗയനാനി യാനി | = | ഉത്തരായണങ്ങളായ ഏതെല്ലാം |
| നക്ഷത്രാണി (താനി) | = | നക്ഷത്രങ്ങളുണ്ടോ, അവയെയും, |
| സവ്യേ (പാർശ്വേ) തു | = | ഇടത്തെ പാർശ്വത്തിലാകട്ടെ |
| ദക്ഷിണായനാനി | = | ദക്ഷിണായനനക്ഷത്രങ്ങളെയും |
| ഉപകല്പയന്തി | = | പരികല്പിച്ചിരിക്കുന്നു. |
| യഥാ കുണ്ഡലാഭോഗസന്നി-വേശസ്യ ശിശുമാരസ്യ | } | എപ്രകാരമായാൽ, കുണ്ഡലാകാരേണ വട്ടംചുററി കിടക്കുന്ന സമ്പ്രദായത്തിലുള്ള ശിശുമാരശരീരത്തിൻെറ |
| ഉഭയോഃ പാർശ്വയോഃ അപി | = | ഇരുപാർശ്വങ്ങളിലേയും |
| അവയവാഃ | = | അവയവങ്ങൾ (വാരിയെല്ലുകൾ) |
| സമസംഖ്യാഃ ഭവന്തി | = | തുല്യസംഖ്യകളായി ഭവിക്കാമോ, (അപ്രകാരം അവ സ്ഥിതിചെയ്യുന്നു ) |
| പൃഷ്ഠേ തു അജവീഥീ | = | പൃഷ്ഠഭാഗത്തിലാകട്ടെ 'അജവീഥി' എന്ന താരാനികരസഞ്ചാരമാർഗ്ഗവും, |
| ഉദരതഃ ആകാശഗംഗാ ച | = | ഉദരഭാഗത്തിൽ 'ആകാശഗംഗ'യും കല്പിക്കപ്പെട്ടിരിക്കുന്നു. |

അഭിജിത്ത് മുതൽ പുണർതം വരെയുള്ള 14 എണ്ണം ഉത്തരായണനക്ഷത്രങ്ങളും, പൂയം മുതൽ ഉത്രാടം വരെയുള്ള 14 എണ്ണം ദക്ഷിണായനനക്ഷത്രങ്ങളുമാണ്. ശിശുമാരചക്രത്തിൻെറ വലത്തുവശത്തും ഇടത്തുവശത്തുമായിട്ടു് ഇങ്ങനെ സമസംഖ്യകളായി വിഭജിക്കപ്പെട്ടിരിക്കുന്ന നക്ഷത്രങ്ങൾ കല്പിതങ്ങളായിരിക്കുന്നു എന്നു് ഭാവം

ഇനി ഈ നക്ഷത്രങ്ങളെ ഇരുപാർശ്വങ്ങളിലും സ്ഥാനഭേദേന കല്പിച്ചിരിക്കുന്ന പ്രകാരം എടുത്തുപറയുന്നു—

6 പുനർവസുപുഷ്യൗ ദക്ഷിണവാമയോഃ ശ്രോണ്യോരാർദ്രാശ്ലേഷേ ച
ദക്ഷിണവാമയോഃ പശ്ചിമയോഃ പാദയോരഭിജിദുത്തരാഷാഢേ
ദക്ഷിണവാമയോർനാസികയോര്യഥാസംഖ്യം, ശ്രവണപൂർവാഷാഢേ
ദക്ഷിണവാമയോർലോചനയോർധനിഷ്ഠാ മൂലം ച ദക്ഷിണവാമയോഃ
കർണയോർമഘാദീന്യഷ്ട നക്ഷത്രാണി ദക്ഷിണായനാനി വാമപാ-
ർശ്വവംക്രിഷു യുഞ്ജീത, തഥൈവ മൃഗശീർഷാദീന്യുദഗയനാനി ദക്ഷി-
ണപാർശ്വവംക്രിഷു പ്രാതിലോമ്യേന പ്രയുഞ്ജീത, ശതഭിഷാജ്യേഷ്ഠേ
സ്കന്ധയോർദക്ഷിണവാമയോർന്യസേത്.

പുനർവസുപുഷ്യൗ = പുണർതം, പൂയം എന്നിവ
ദക്ഷിണവാമയോഃ ശ്രോണ്യോഃ = വലത്തും ഇടത്തുമുള്ള ശ്രോണിപ്രദേശങ്ങളിലും,
ആർദ്രാശ്ലേഷേ = തിരുവാതിര, ആയില്യം എന്നിവ
ദക്ഷിണവാമയോഃ = വലത്തും ഇടത്തുമായുള്ള
പശ്ചിമയോഃ പാദയോഃ = പിൻകാലുകളിലും,
അഭിജിദുത്തരാഷാഢേ = അഭിജിത്ത്, ഉത്രാടം എന്നിവ
ദക്ഷിണവാമയോഃ = വലത്തും ഇടത്തുമായുള്ള
നാസികയോഃ ച = നാസികാദ്വാരങ്ങളിലും,
ശ്രവണപൂർവ്വാഷാഢേ = തിരുവോണം, പൂരാടം എന്നിവ
ദക്ഷിണവാമയോഃ = വലത്തും ഇടത്തുമായുള്ള
ലോചനയോഃ = കണ്ണുകളിലും,
ധനിഷ്ഠാ മൂലം ച = അവിട്ടവും മൂലവും
ദക്ഷിണവാമയോഃ = വലത്തും ഇടത്തുമായുള്ള
കർണയോഃ = കാതുകളിലും,
മഘാദീനി അഷ്ട ദക്ഷിണായനാനി നക്ഷത്രാണി } മകം മുതല്ക്കു് അനിഴംവരെയുള്ള എട്ട ദക്ഷിണായനനക്ഷത്രങ്ങളെ
വാമപാർശ്വവംക്രിഷു യഥാസംഖ്യം യുഞ്ജീത } ഇടത്തെ വരിയിലുള്ള അസ്ഥികളിലും യഥാക്രമം കല്പിക്കുക
തഥാ ഏവ പ്രാതിലോമ്യേന = അപ്രകാരംതന്നെ പ്രതിലോമക്രമത്തിൽ
മൃഗശീർഷാദീനി അഷ്ട ഉദഗയനാനി } മകീരം മുതലായിവരുന്ന എട്ട ഉത്തരായണനക്ഷത്രങ്ങളെ (മകീരംതൊട്ടു പുറകോട്ടു് പൂരുരുട്ടാതിവരെയുള്ള എട്ടെണ്ണം)
ദക്ഷിണപാർശ്വവംക്രിഷു = വലത്തെ വരിയിലുള്ള അസ്ഥികളിലും
പ്രയുഞ്ജീത = സങ്കല്പിക്കുക.
ശതഭിഷാജ്യേഷ്ഠേ = ചതയം, തൃക്കേട്ട എന്നിവ
ദക്ഷിണവാമയോഃ = വലത്തും ഇടത്തുമുള്ള
സ്കന്ധയോഃ ന്യസേത് = ഇരുതോളുകളിലും ന്യസിക്കുക.

7 ഉത്തരാഹനാവഗസ്തിരധരാഹനൗ യമോ മുഖേഷു ചാംഗാരകഃ ശനൈശ്ചര ഉപസ്ഥേ ബൃഹസ്പതിഃ കകുദി വക്ഷസ്യാദിത്യോ ഹൃദയേ നാരായണോ മനസി ചന്ദ്രോ നാഭ്യാമുശനാഃ സ്തനയോരശ്വിനൗ ബുധഃ പ്രാണാപാനയോ രാഹുർഗളേ കേതവഃ സർവാംഗേഷു രോമസു സർവേ താരാഗണാഃ

അഗസ്തിഃ ഉത്തരഹനൗ = അഗസ്ത്യൻ മേൽത്താടിയിലും,
യമഃ അധരാഹനൗ = യമൻ കീഴ്ത്താടിയിലും,
അംഗാരകഃ മുഖേഷു = ചൊവ്വ മുഖങ്ങളിലും,
ശനൈശ്ചരഃ ഉപസ്ഥേ = ശനി ഗുഹ്യാവയവത്തിലും,
ബൃഹസ്പതിഃ കകുദി = വ്യാഴൻ പൂഞ്ഞയിലും,

| | | |
|---|---|---|
| ആദിത്യഃ വക്ഷസി | = | ആദിത്യൻ വക്ഷസ്സിങ്കലും, |
| നാരായണഃ ഹൃദയേ | = | നാരായണൻ ഹൃദയത്തിങ്കലും, |
| ചന്ദ്രഃ മനസി | = | ചന്ദ്രൻ മനസ്സിലും, |
| ഉശനാഃ നാഭ്യാം | = | ശുക്രൻ നാഭിയിങ്കലും, |
| അശ്വിനൗ സ്തനയോഃ | = | അശ്വിനീദേവന്മാർ സ്തനങ്ങളിലും, |
| ബുധഃ പ്രാണാപാനയോഃ | = | ബുധൻ പ്രാണാപാനവായുക്കളിലും, |
| രാഹുഃ ഗളേ | = | രാഹു കണ്ഠത്തിലും, |
| കേതവഃ സർവാംഗേഷു | = | കേതുക്കൾ സമസ്താവയവങ്ങളിലും, |
| സർവേ താരാഗണാഃ | = | മററു നക്ഷത്രങ്ങളെല്ലാം |
| രോമസു ച | = | രോമങ്ങളിലും കല്പിക്കപ്പെട്ടിരിക്കുന്നു. |

ഇവിടെ അഗസ്ത്യാദികൾ നക്ഷത്രസ്വരൂപത്തിൽ സ്ഥിതിചെയ്യുന്നുവെന്നർത്ഥം.

8 ഏതദു ഹൈവ ഭഗവതോ വിഷ്ണോഃ സർവദേവതാമയം രൂപമഹരഹഃ സന്ധ്യായാം പ്രയതോ വാഗ്യതോ നിരീക്ഷമാണ ഉപതിഷ്ഠേത നമോ ജ്യോതിർല്ലോകായ കാലായനായാനിമിഷാം പതയേ മഹാപുരുഷായാഭിധീമഹീതി.

| | | |
|---|---|---|
| ഭഗവതഃ വിഷ്ണോഃ | = | ഭഗവാനായ ശ്രീമഹാവിഷ്ണുവിന്റെ |
| സർവദേവതാമയം | = | സമസ്തദേവതാത്മകമായ |
| ഏതത് രൂപം ഉ ഹ ഏവ | = | ഈ അദ്ഭുതരൂപത്തെത്തന്നെ |
| അഹരഹഃ സന്ധ്യായാം | = | ദിനംപ്രതി സന്ധ്യാസമയത്ത് |
| പ്രയതഃ വാഗ്യതഃ | = | ഏകാഗ്രചിത്തനും മൗനിയുമായി |
| നിരീക്ഷമാണഃ | = | നോക്കിക്കൊണ്ടുനിന്ന് |
| ഉപതിഷ്ഠേത | = | ഉപാസിക്കാവുന്നതാണ്— |
| ജ്യോതിർല്ലോകായ | = | "ജ്യോതിർഗോളങ്ങളുടെയെല്ലാം സമാഹാരമായി— |
| കാലായനായ | = | കാലചക്രാത്മകനായി— |
| അനിമിഷാം പതയേ | = | ദേവാധിദേവനായി— |
| മഹാപുരുഷായ നമഃ | = | വിരാട്പുരുഷസ്വരൂപനായിരിക്കുന്ന നിന്തിരുവടിക്ക് നമസ്കാരം; |
| അഭിധീമഹി ഇതി | = | ഞങ്ങൾ ധ്യാനിച്ചുകൊള്ളുന്നു." എന്നിങ്ങനെ |

ഇനി ശിശുമാരചക്രോപാസനയുടെ ഫലശ്രുതികൂടിപ്പറഞ്ഞു പ്രകൃതം ഉപസംഹരിക്കുന്നു.

9 ഗ്രഹർക്ഷതാരാമയമാധിദൈവികം
പാപാപഹം മന്ത്രകൃതാം ത്രികാലം
നമസ്യതഃ സ്മരതോ വാ ത്രികാലം
നശ്യേത തത്കാലജമാശു പാപം.

| | |
|---|---|
| ത്രികാലം | മൂന്നുസന്ധ്യനേരത്തും |
| മന്ത്രകൃതാം | പൂർവ്വോക്തമായ മന്ത്രം ജപിക്കുന്നവരുടെ |
| പാപാപഹം | പാപത്തെ അപഹാനിക്കുന്നതും |
| ഗ്രഹർക്ഷതാരാമയം | ഗ്രഹനക്ഷത്രതാരാദി ജ്യോതിർഗോളാത്മനാ സ്ഥിതിചെയ്യുന്നതുമായ |
| ആധിദൈവികം | ഭഗവാന്റെ ആധിദൈവികസ്വരൂപത്തെ |
| ത്രികാലം | മൂന്നുകാലത്തിലും |
| നമസ്യതഃ | നമസ്കരിക്കുകയോ, |
| സ്മരതഃ വാ | ധ്യാനിക്കുകയോ ചെയ്യുന്നവന്റെ |
| തത്കാലജം | അന്നന്നാളുണ്ടാവുന്ന |
| പാപം | ഏതുപാപവും |
| ആശു | ഉടനടി |
| നശ്യേത | നശിക്കുന്നതാണ്. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ശിശുമാരസംസ്ഥാനവർണ്ണനം നാമ ത്രയോവിംശോഽധ്യായഃ
ആദിതഃ ശ്ലോകാനി 582.

അഞ്ചാമത്തെ സ്കന്ധത്തിൽ ഇരുപത്തിമൂന്നാമധ്യായം കഴിഞ്ഞു.

# ചതുർവിംശോഽധ്യായഃ — അധ്യായം ഇരുപത്തിനാല്.

## രാഹുവിന്റെ സ്ഥിതിയും അതലാദിലോകങ്ങളും.

"ചതുർവിംശേ രവേരവാക് സ്വർഭാനാദിസ്ഥിതിഃ ക്രമാത്
അതലാദിബിലസ്വർഗമര്യാദാ സപ്ത വർണിതാഃ"

കഴിഞ്ഞ മൂന്നധ്യായങ്ങൾകൊണ്ട് അന്തരിക്ഷലോകങ്ങളുടെ മര്യാദാപാലനം വർണ്ണിക്കപ്പെട്ടു. ഇനി മൂന്നധ്യായങ്ങളാൽ അധോഭുവനങ്ങളുടെ മര്യാദാപാലനമാണ് പറവാൻ പോകുന്നതു്.

ഈ ഇരുപത്തിനാലാമധ്യായത്തിൽ രാഹുവിന്റെ സ്ഥിതിയും അതലാദിസപ്തബിലസ്വർഗങ്ങളുടെ മര്യാദാപാലനവും വർണ്ണിക്കപ്പെടുന്നു

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1 അധസ്താത് സവിതുർയോജനായുതേ സ്വർഭാനുർനക്ഷത്രവച്ചരതീ-
ത്യേകേ, യോഽസാവമരത്വം ഗ്രഹത്വം ചാലഭത ഭഗവദനുകമ്പയാ
സ്വയമസുരാപസദഃ സൈംഹികേയോ ഹ്യതദർഹഃ, തസ്യ താത ജന്മ-
കർമ്മാണി ചോപരിഷ്ടാദ്വക്ഷ്യാമഃ

സവിതുഃ അധസ്താത് = സൂര്യമണ്ഡലത്തിൽനിന്നു് താഴെ
യോജനായുതേ = പതിനായിരം യോജന അകലത്തായി
നക്ഷത്രവത് = ഒരു നക്ഷത്രം പോലെ
സ്വർഭാനുഃ ചരതി ഇതി = രാഹുവെന്ന ഗ്രഹം സഞ്ചരിക്കുന്നുവെന്നു്
ഏകേ (വദന്തി) = ചിലർ പറയുന്നുണ്ടു്.
സ്വയം അസുരാപസദഃ = ജന്മനാ അസുരാധമനും
സൈംഹികേയഃ = സിംഹികയുടെ പുത്രനും
അതദർഹഃ ഹി = ദേവത്വാദിലബ്ധിക്കു് തീരെ അർഹനല്ലാത്തവനുമായ
യഃ അസൗ = യാതൊരു ഈ രാഹു
ഭഗവദനുകമ്പയാ = വിഷ്ണുഭഗവാന്റെ കാരുണ്യത്താൽ
അമരത്വം ഗ്രഹത്വം ച = ദേവത്വവും ഗ്രഹത്വവും
അലഭത = പ്രാപിച്ചതാകുന്നു
തസ്യ ജന്മ കർമ്മാണി ച = അവന്റെ ഉത്പത്തിയും കർമ്മങ്ങളും
താത ഉപരിഷ്ടാത് വക്ഷ്യാമിഃ = രാജാവേ! മേലിൽ പറഞ്ഞുകൊള്ളാം.

2 യദദസ്തരണേർമണ്ഡലം പ്രതപതസ്തദ്വിസ്തരതോ യോജനായുതമാച-
ക്ഷതേ ദ്വാദശസഹസ്രം സോമസ്യ ത്രയോദശസഹസ്രം രാഹോര്യഃ
പർവ്വണി തദ്വ്യവധാനകൃദ്വൈരാനുബന്ധഃ സൂര്യാചന്ദ്രമസാവഭി
ധാവതി.

പ്രതപതഃ തരണേഃ = എരിഞ്ഞുകൊണ്ടിരിക്കുന്ന സൂര്യന്റെ
അദഃ യത് മണ്ഡലം തത് = ഇക്കാണുന്ന യാതൊരു മണ്ഡലമുണ്ടല്ലോ, അതു്
വിസ്തരതഃ = വിസ്താരത്താൽ
യോജനായുതം ആചക്ഷതേ = പതിനായിരം യോജനയാണെന്നു് പ്രവചിക്കുന്നു.
സോമസ്യ ദ്വാദശസഹസ്രം = ചന്ദ്രന്റേതിന്നു് പന്തീരായിരവും
രാഹോഃ ത്രയോദശസഹസ്രം = രാഹുവിന്റേതിന്നു് പതിമൂവ്വായിരവും ആകുന്നു.
യഃ പർവ്വണി = ഈ രാഹു പർവ്വകാലത്തിൽ (അമാവാസി, പൗർണ്ണമി എന്നീ പക്ഷസന്ധികളിൽ)
സൂര്യാചന്ദ്രമസൗ അഭി = സൂര്യനെയും ചന്ദ്രനെയും അഭിമുഖീകരിച്ചു്,
തദ്വ്യവധാനകൃത് = (പണ്ടു് അമൃതപാനാവസരത്തിൽ) അവരെ മറിച്ചിരുന്നവനും
വൈരാനുബന്ധഃ = (തന്മൂലം അവർ തന്റെ അസുരത്വം വെളിവാക്കിയതിനാൽ) ആ പകവെച്ചുകൊണ്ടിരിക്കുന്നവനുമായിട്ടു്
ധാവതി = പാഞ്ഞണയുന്നു.

3 തന്നിശമ്യോഭയത്രാപി ഭഗവതാ രക്ഷണായ പ്രയുക്തം സുദർശനം നാമ
ഭാഗവതം ദയിതമസ്ത്രം തത്തേജസാ ദുർവിഷഹം മുഹുഃ പരിവർത്തമാന-
മഭ്യവസ്ഥിതോ മുഹൂർത്തമുദ്വിജമാനശ്ചകിതഹൃദയ ആരാദേവ നിവ-
ർത്തതേ തദുപരാഗമിതി വദന്തി ലോകാഃ.

തത് നിശമ്യ = അതുകണ്ടിട്ട്
ഉഭയത്ര അപി രക്ഷണായ = രണ്ടിടത്തും സംരക്ഷണത്തിനായി
ഭഗവതാ = ശ്രീവിഷ്ണുഭഗവാനാൽ
ഭാഗവതം ദയിതം = ഭഗവത്സംബന്ധിയും പ്രിയംകരവുമായ
സുദർശനം നാമ അസ്ത്രം = സുദർശനമെന്ന അസ്ത്രം
പ്രയുക്തം = പ്രയോഗിക്കപ്പെട്ടിരിക്കുന്നു.
തേജസാ ദുർവിഷഹം = തേജസ്സുകൊണ്ട് സഹിക്കരുതാത്തതും
പരിവർത്തമാനം തത് അഭി = ചുഴന്നുകൊണ്ടണയുന്നതുമായ അതിന്റെ നേർക്ക്
മുഹൂർത്തം അവസ്ഥിതഃ = അല്പനേരം എതിർത്തുനിന്നിട്ട്,
ഉദ്വിജമാനഃ = അമ്പരപ്പാർന്നുകൊണ്ടും
ചകിതഹൃദയഃ = ഉൾത്തടത്തിൽ വിറയാർന്നുകൊണ്ടും
ആരാത് ഏവ നിവർത്തതേ = അകലത്തുതന്നെ തിരിച്ചുപോകുന്നു
തത് ലോകാഃ ഉപരാഗം ഇതി വദന്തി } അതിനെയാണ് ജനങ്ങൾ ഗ്രഹണമെന്നുപറയുന്നതു്

4 തതോ ഽധസ്താത് സിദ്ധചാരണവിദ്യാധരാണാം സദനാനി താവന്മാത്ര ഏവ.

തതഃ അധസ്താത് = അവിടെനിന്നും (രാഹുവിന്റെ സ്ഥാനത്തുനിന്നും) താഴത്ത്
താവന്മാത്രേ ഏവ = അത്രതന്നെ (അയുതം യോജന) അകലെയായി
സിദ്ധചാരണവിദ്യാധരാണാം = സിദ്ധന്മാർ, ചാരണന്മാർ, വിദ്യാധരന്മാർ എന്നിവരുടെ
സദനാനി (സന്തി) = സ്ഥാനങ്ങളാകുന്നു.

5 തതോ ഽധസ്താദ് യക്ഷരക്ഷഃപിശാചപ്രേതഭൂതഗണാനാം വിഹാരാജിരമന്തരിക്ഷം യാവദ്വായുഃ പ്രവാതി യാവന്മേഘാ ഉപലഭ്യന്തേ.

തതഃ അധസ്താത് = അവിടെനിന്നും താഴെയായിട്ട്,
യാവത് വായുഃ പ്രവാതി = യാതൊരിടംവരെ കാററുവീശുന്നുവോ,
യാവത് മേഘാഃ ഉപലഭ്യന്തേ = യാതൊരിടംവരെ മഴക്കാറുകൾ കാണപ്പെടുന്നുവോ, അവിടംവരെക്കും
യക്ഷരക്ഷഃപിശാചപ്രേതഭൂതഗണാനാം } യക്ഷന്മാർ, രക്ഷസ്സുകൾ, പിശാചന്മാർ, പ്രേതങ്ങൾ ഭൂതഗണങ്ങൾ, എന്നിവയുടെ
വിഹാരാജിരം അന്തരിക്ഷം = ക്രീഡാങ്കണമായ അന്തരിക്ഷലോകം സ്ഥിതിചെയ്യുന്നു.

6 തതോ ഽധസ്താച്ഛതയോജനാന്തര ഇയം പൃഥിവീ യാവദ്ധംസഭാസശ്യേനസുപർണാദയഃ പതത്രിപ്രവരാ ഉത്പതന്തീതി.

തതഃ അധസ്താത് = അവിടെനിന്നും താഴെയായി,

ശതയോജനാന്തരേ = നൂറുയോജനയോളം അകലെ

യാവത് ഹംസഭാസശ്യേന- സുപർണാദയഃ } ഏതുവരെ ഹംസം, ഭാസം, ശ്യേനം, ഗരുഡൻ മുതലായുള്ള

പതത്രിപ്രവരാഃ ഉത്പതന്തി = പക്ഷിശ്രേഷ്ഠന്മാർ പറന്നുയരുന്നുണ്ടുവോ, അതുവരെ

ഇയം പ്രഥിവീ ഇതി = ഈ ഭൂമണ്ഡലമുണ്ടെന്നു കരുതണം

7 ഉപവർണിതം ഭൂമേര്യഥാസന്നിവേശാവസ്ഥാനം; അവനേരപ്യധ-
സ്താത് സപ്തഭൂവിവരാ ഏകൈകശോ യോജനായുതാന്തരേണായാമ-
വിസ്താരേണോപക്ലൃപ്താഃ; അതലം വിതലം സുതലം തലാതലം
മഹാതലം രസാതലം പാതാലമിതി.

ഭൂമേഃ യഥാസന്നിവേശാവസ്ഥാനം ഭൂമണ്ഡലത്തിന്റെ ശരിയായ കിടപ്പും അവസ്ഥിതിയും

ഉപവർണിതം = ഇതിനുമുമ്പ് വിസ്തരിക്കപ്പെട്ടതാണ്;

അവനേഃ അപി അധസ്താത് = ഭൂമിയുടേയും താഴത്ത്

സപ്ത ഭൂവിവരാഃ = ഏഴ് അധോലോകങ്ങൾ (ബിലസ്വർഗ്ഗങ്ങൾ)

ഏകൈകശഃ = ഓരോന്നും വേറെ വേറെ

യോജനായുതാന്തരേണ = പതിനായിരം യോജന ഇടവിട്ടുകൊണ്ട്

ആയാമവിസ്താരേണ = അത്രയും ദീർഘവിസ്താരത്തോടെ

ഉപക്ലൃപ്താഃ = കല്പിക്കപ്പെട്ടവയാകുന്നു.

അതലം.............................ഇതി = അതലം, വിതലം, സുതലം, തലാതലം, മഹാതലം, രസാതലം പാതാളം എന്നിങ്ങനെ പേരുള്ളവ.

8 ഏതേഷു ഹി ബിലസ്വർഗേഷു സ്വർഗാദപ്യധികകാമഭോഗൈ-
ശ്വര്യാനന്ദഭൂതിവിഭൂതിഭിഃ സുസമൃദ്ധഭവനോദ്യാനാക്രീഡാവിഹാരേഷു
ദൈത്യദാനവകാദ്രവേയാ നിത്യപ്രമുദിതാനുരക്തകളത്രാപത്യബന്ധു-
സുഹൃദനുചരാ ഗൃഹപതയ ഈശ്വരാദപ്യപ്രതിഹതകാമാ മായാ-
വിനോദാ നിവസന്തി.

ബിലസ്വർഗേഷു ഏതേഷു ഹി = ബിലസ്വർഗ്ഗങ്ങളെന്നു പറയപ്പെടുന്ന ഈ ലോകങ്ങളിൽ

സ്വർഗാത് അപി = സ്വർഗ്ഗത്തെക്കാളും

അധികകാമഭോഗൈശ്വര്യാ- നന്ദഭൂതിവിഭൂതിഭിഃ } അധികമായ കാമഭോഗങ്ങളും, ഐശ്വര്യാനന്ദങ്ങളും, സമ്പൽസമൃദ്ധികളുംകൊണ്ട്

സുസമൃദ്ധഭവനോദ്യാനാ- ക്രീഡാവിഹാരേഷു } സുസമ്പന്നങ്ങളായ ഗൃഹങ്ങളിലും പൂങ്കാവുകളിലും ക്രീഡാമന്ദിരങ്ങളിലും

ദൈത്യദാനവകാദ്രവേയാഃ = ദിതിജന്മാർ ദനുജന്മാർ എന്നിങ്ങനെയുള്ള അസുരഗണങ്ങളും കദ്രുപുത്രന്മാരായ നാഗഗണങ്ങളും

| | | |
|---|---|---|
| നിത്യപ്രമുദിതാനുരക്തകളത്രാപത്യബന്ധുസുഹൃദനുചരാഃ | } | നിത്യസന്തുഷ്ടരും സ്നേഹമുള്ളവരുമായ ഭാര്യാമക്കളോടും ബന്ധുസുഹൃത്തുക്കളോടും ഭൃത്യവർഗ്ഗങ്ങളോടും കൂടിയവരായി, |
| ഈശ്വരാത് അപി | = | ഈശ്വരനിൽനിന്നുകൂടിയും |
| അപ്രതിഹതകാമാഃ | = | ആഗ്രഹപ്രതിബന്ധമുണ്ടാകാത്തവരും |
| മായാവിനോദാഃ | = | മായാലീലകളാൽ വിനോദിക്കുന്നവരും |
| ഗൃഹപതയഃ നിവസന്തി | = | ഗൃഹസ്ഥാശ്രമികളുമായിട്ട് നിവസിക്കുന്നു. |

9 യേഷു മഹാരാജ മയേന മായാവിനാ വിനിർമ്മിതാഃ പുരോ നാനാമണിപ്രവരപ്രവേകവിരചിതവിചിത്രഭവനപ്രാകാരഗോപുരസഭാചൈത്യചത്വരായതനാദിഭിർനാഗാസുരമിഥുനപാരാവതശുകസാരികാകീർണ്ണകൃത്രിമഭൂമിഭിർവിവരേശ്വരഗൃഹോത്തമൈഃ സമലംകൃതാശ്ചകാസതി.

| | | |
|---|---|---|
| മഹാരാജ യേഷു | = | മഹാരാജാവേ! ഇപ്പറഞ്ഞ ബിലസ്വർഗ്ഗങ്ങളിൽ |
| മായാവിനാ മയേന | = | മായാവിയായ മയനെന്ന ശില്പിയാൽ |
| വിനിർമ്മിതാഃ പുരഃ | = | വിശേഷപ്പെട്ടതരത്തിൽ നിർമ്മിക്കപ്പെട്ട പുരങ്ങളും |
| നാനാമണിപ്രവരപ്രവേകവിരചിതവിചിത്രഭവനപ്രാകാരഗോപുരസഭാചൈത്യചത്വരായതനാദിഭിഃ | } | നാനാതരം വിശിഷ്ടരത്നങ്ങളാൽ വിരചിക്കപ്പെട്ട വിചിത്രഭവനങ്ങളും, മതിൽക്കെട്ടുകളും, ഗോപുരങ്ങളും, സഭാമന്ദിരങ്ങളും, വിഹാരങ്ങളും നാലമ്പലങ്ങളും, അമ്പലങ്ങളും എന്നു തുടങ്ങിയവയാലും |
| നാഗാസുരമിഥുനപാരാവതശുകസാരികാകീർണ്ണകൃത്രിമഭൂമിഭിഃ | } | നാഗദേവതകളും, അസുരന്മാർ, ഇണപ്രാവുകളും, കിളികളും, തത്തകളും എന്നിവയാൽ ഇടതിങ്ങിയ മണിത്തറകളോടുകൂടിയ |
| വിവരേശ്വരഗൃഹോത്തമൈഃ | = | ബിലസ്വർഗ്ഗാധിപതികളുടെ ഉന്നതമന്ദിരങ്ങളാലും |
| സമലംകൃതാഃ ചകാസതി | = | സമലംകൃതങ്ങളായി പ്രശോഭിക്കുന്നു. |

10 ഉദ്യാനാനി ചാതിതരാം മനഇന്ദ്രിയാനന്ദിഭിഃ കുസുമഫലസ്തബകസുഭഗകിസലയാവനതരുചിരവിടപവിടപിനാം ലതാംഗാലിംഗിതാനാം ശ്രീഭിഃ സമിഥുനവിവിധവിഹംഗമജലാശയാനാമമലജലപൂർണ്ണാനാം ഝഷകുലോല്ലംഘനക്ഷുഭിതനീരനീരജകുമുദകുവലയകല്ഹാരനീലോത്പലലോഹിതശതപത്രാദിവനേഷു കൃതനികേതനാനാമേകവിഹാരാകുലമധുരവിവിധസ്വനാദിഭിരിന്ദ്രിയോത്സവൈരമരലോകശ്രിയമതിശയിതാനി.

| | | |
|---|---|---|
| ഉദ്യാനാനി ച | = | അവിടെയുള്ള ഉദ്യാനങ്ങളാകട്ടെ |
| ലതാംഗാലിംഗിതാനാം | = | ലതകളുടെ അംഗങ്ങളാൽ ആലിംഗിതങ്ങളായി |
| കുസുമഫലസ്തബകസുഭഗകിസലയാവനതരുചിരവിടപവിടപിനാം ശ്രീഭിഃ | } | പൂക്കളുടേയും കനികളുടേയും കുലകളാലും ചന്തമുള്ള ചെന്തളിർത്തൊത്തുകളാലും താണുകിടക്കുന്ന സുന്ദരശാഖകളോടുകൂടിയ വൃക്ഷങ്ങളുടെ ശോഭകളും കൊണ്ടും, |

| | | |
|---|---|---|
| **അമലജലപൂർണ്ണാനാം** | = | നിർമ്മലമായ ജലം നിറഞ്ഞുനില്ക്കുന്നവയും |
| **സമിഥുനവിവിധവിഹംഗമ-ജലാശയാനാം ശ്രീഭിഃ** | } | ഇണകളോടുചേർന്ന പലതരം പറവകളുള്ളവയുമായ ജലാശയങ്ങളുടെ ശോഭകൾകൊണ്ടും, |
| ഝഷകുലോല്ലംഘനക്ഷുഭിതനീര-നീഡകുമുദകുവലയകഹ്ലാര-**നീലോത്പലലോഹിത-ശതപത്രാദിവനേഷു** | } | മത്സ്യങ്ങളുടെ തുള്ളിച്ചാട്ടംനിമിത്തം ഇളകിമറിയുന്ന വെള്ളത്തിലുള്ള താമര, ആമ്പൽ, നെയ്തൽ, സൗഗന്ധികം, കരിംകൂവളം, ചെന്താമര മുതലായവയിൽ |
| **കൃതനികേതനാനാം** | = | പാർപ്പുറപ്പിച്ചിരിക്കുന്ന ജലപക്ഷികളുടെ |
| **അതിതരാം മനഇന്ദ്രിയാനന്ദിഭിഃ** | = | അത്യധികം മനസ്സിനെയും ഇന്ദ്രിയങ്ങളേയും ആനന്ദിപ്പിക്കുന്ന |
| **ഏകവിഹാരാകുലമധുരവിവിധ-സ്വനാദിഭിഃ** | } | നിരന്തരമായ ക്രീഡയാൽ ആകുലങ്ങളും മധുരങ്ങളുമായ വിവിധനാദങ്ങൾകൊണ്ടുള്ള |
| **ഇന്ദ്രിയോത്സവൈഃ** | = | സർവ്വേന്ദ്രിയസന്തർപ്പണങ്ങൾകൊണ്ടും |
| **അമരലോകശ്രിയം** | = | ദേവലോകൈശ്വര്യത്തെപ്പോലും |
| **അതിശയിക്കാനി** | = | അതിശയിക്കുന്നവയാകുന്നു. |

11 യത്ര ഹ വാവ ന ഭയമഹോരാത്രാദിഭിഃ കാലവിഭാഗൈരുപലക്ഷ്യതേ

| | | |
|---|---|---|
| **യത്ര ഹ വാവ** | = | യാതൊരു ഈ ബിലസ്വർഗ്ഗങ്ങളിലാകട്ടെ |
| **അഹോരാത്രാദിഭിഃ** | = | പകൽ, രാത്രി എന്നിങ്ങിനെയും മററുമായ |
| **കാലവിഭാഗൈഃ** | = | കാലത്തിന്റെ തരംതിരിവുകളാലുള്ള |
| **ഭയം ന ഉപലക്ഷ്യതേ** | = | ഭീതി കാണപ്പെടുന്നതല്ല. |

12 യത്ര ഹി മഹാഹിപ്രവരശിരോമണയഃ സർവ്വം തമഃ പ്രബാധന്തേ.

| | | |
|---|---|---|
| **ഹി യത്ര** | = | എന്നാൽ, അവിടെയുള്ള |
| **മഹാഹിപ്രവരശിരോമണയഃ** | = | മഹാനാഗങ്ങളുടെ ശിരസ്സിലെ രത്നങ്ങൾ |
| **തമഃ സർവ്വം പ്രബാധന്തേ** | = | അന്ധകാരത്തെ മുഴുവനും അകററുന്നു. |

13 ന വാ ഏതേഷു വസതാം ദിവ്യൌഷധിരസരസായനാന്നപാനസ്നാനാ-
ദിഭിരാധയോ വ്യാധയോ വലീപലിതജരാദയശ്ച ദേഹവൈവർണ്യ-
ദൌർഗന്ധ്യസ്വേദക്ലമഗ്ലാനിരിതി വയോവസ്ഥാശ്ച ഭവന്തി.

| | | |
|---|---|---|
| **ഏതേഷു വസതാം** | = | ഈ ലോകങ്ങളിൽ വസിക്കുന്നവർക്ക് |
| **ദിവ്യൌഷധിരസരസായനാ-ന്നപാനസ്നാനാദിഭിഃ** | } | ദിവ്യൌഷധിരസങ്ങൾ, രസായനങ്ങൾ, അന്നപാനങ്ങൾ, സ്നാനാദികൾ എന്നിവകൊണ്ട് |
| **ആധയഃ വ്യാധയഃ** | = | മനഃശല്യങ്ങളും ശരീരപീഡകളും |
| **വലീപലിതജരാദയഃ ച** | = | ചുളിവ്, നര, ജര മുതലായവയും |
| **ദേഹവൈവർണ്യദൌർഗന്ധ്യ-സ്വേദക്ലമഗ്ലാനിഃ ഇതി** | } | ദേഹത്തിന് നിറക്കേട്, ദുർഗന്ധം, വിയർപ്പ്, ക്ഷീണം, ഉത്സാഹക്കുറവ് എന്നിവയും |

| | | |
|---|---|---|
| വയോവസ്ഥാഃ ച | = | വയസ്സിന്റെ അവസ്ഥാഭേദങ്ങളും |
| ന വൈ ഭവന്തി | = | തീരെ സംഭവിക്കുന്നതല്ല. |

14 ന ഹി തേഷാം കല്യാണാനാം പ്രഭവതി കുതശ്ചന മൃത്യുഃ വിനാ ഭഗവത്തേജസശ്ചക്രാപദേശാത്.

| | | |
|---|---|---|
| കല്യാണാനാം തേഷാം | = | മംഗളാത്മാക്കളായ അവർക്ക് |
| ചക്രാപദേശാത് | = | സുദർശനചക്രമെന്നപേരിലുള്ള |
| ഭഗവത്തേജസഃ വിനാ | = | ഭഗവാന്റെ തേജസ്സിൽനിന്നല്ലാതെ |
| കുതശ്ചന | = | മറ്റൊന്നിൽനിന്നും |
| മൃത്യുഃ ന പ്രഭവതി ഹി | = | മരണം വന്നണയുന്നതല്ല. |

15 യസ്മിൻ പ്രവിഷ്ടേ ഽസുരവധൂനാം പ്രായഃ പുംസവനാനി ഭയാദേവ സ്രവന്തി പതന്തി ച

| | | |
|---|---|---|
| യസ്മിൻ പ്രവിഷ്ടേ (സതി) | = | ആ ചക്രം പ്രവേശിച്ചെന്നാൽ |
| അസുരവധൂനാം | = | അസുരസ്ത്രീകളുടെ |
| പുംസവനാനി | = | പുരുഷഭ്രൂണഗർഭങ്ങൾ |
| ഭയാത് ഏവ | = | ഭീതിയാൽത്തന്നെ |
| സ്രവന്തി പതന്തി ച | = | സ്രവിക്കുകയും പതിക്കുകയും ചെയ്യും * |

* നാലുമാസം വരെയുള്ള ഗർഭനഷ്ടത്തിന് സ്രാവമെന്നും അതിനുശേഷമുള്ളതിനു പാതമെന്നും പറയുന്നു.

16 അഥാതലേ മയപുത്രോഽസുരോ ബലോ നിവസതി യേന ഹ വാ ഇഹ സൃഷ്ടാഃ ഷണ്ണവതിർമായാഃ കാശ്ചനാദ്യാപി മായാവിനോ ധാരയന്തി, യസ്യ ച ജൃംഭമാണസ്യ മുഖതസ്ത്രയഃ സ്ത്രീഗണാ ഉദപദ്യന്ത, സ്വൈരിണ്യഃ കാമിന്യഃ പുംശ്ചല്യ ഇതി യാ വൈ ബിലായനം പ്രവിഷ്ടം പുരുഷം രസേന ഹാടകാഖ്യേന സാധയിത്വാ സ്വവിലാസാവലോകനാനുരാഗസ്മിതസംല്ലാപോപഗൂഹനാദിഭിഃ സ്വൈരം കില രമയന്തി, യസ്മിന്നുപയുക്തേ പുരുഷ ഈശ്വരോഽഹം സിദ്ധോഽഹമിത്യയുതമഹാഗജബലമാത്മാനമഭിമന്യമാനഃ കത്ഥതേ മദാന്ധ ഇവ.

| | | |
|---|---|---|
| അഥ അതലേ | = | അവയിൽ, അതലമെന്ന ലോകത്തിൽ |
| മയപുത്രഃ ബലഃ | = | മയന്റെ പുത്രനായ ബലനെന്ന |
| അസുരഃ നിവസതി | = | അസുരൻ നിവസിക്കുന്നു |
| യേന ഷൺണവതിഃ മായാഃ | = | അവനാൽ 96 മായാവിദ്യകൾ |
| ഇഹ സൃഷ്ടാഃ ഹ വൈ | = | ഈ ലോകത്തിൽ അദ്ഭുതകരമാംവിധം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. |

| | | |
|---|---|---|
| അദ്യാപി മായാവിനഃ | = | ഇന്നും ചില ഇന്ദ്രജാലവിദ്യക്കാർ |
| കാഞ്ചന ധാരയന്തി | = | അവയിൽ ചിലതു് പഠിച്ചുപ്രയോഗിച്ചുവരുന്നു |
| യസ്യ ച ജൃംഭമാണസ്യ (സതഃ) | = | യാതൊരു ഈ ബലൻ കോട്ടുവായിടുന്നനേരത്തു്, |
| മുഖതഃ ത്രയഃ സ്ത്രീഗണാഃ | = | അവന്റെ മുഖത്തിൽനിന്നു് മൂന്നുതരം സ്ത്രീകൾ |
| ഉപേദ്യന്ത | = | ഉദ്ഭവിച്ചു— |
| സ്വൈരിണ്യഃ കാമിന്യഃ പുംശ്ചല്യഃ ഇതി | } | സ്വൈരിണികൾ, കാമിനികൾ, പുംശ്ചലികൾ എന്നിങ്ങനെ. |
| യാഃ വൈ | = | യാതൊരു ഈ സ്ത്രീകളാകട്ടെ |
| ബിലായനം പ്രവിഷ്ടം പുരുഷം | = | ബിലസ്വർഗ്ഗത്തിലേക്കു് വരുന്ന പുരുഷനെ |
| ഹാടകാഖ്യേന രസേന | = | ഹാടകം എന്ന രസംകൊണ്ടു് |
| സാധയിത്വാ | = | ശക്തനാക്കിത്തീർത്തു്, |
| സ്വവിലാസാവലോകനാനുരാഗസ്മിതസല്ലാപോപഗൂഹനാദിഭിഃ | } | തങ്ങളുടെ ശൃംഗാരചേഷ്ടകളോടുകൂടിയ നോട്ടംകൊണ്ടും, അനുരാഗത്തോടുകൂടിയ മന്ദഹാസംകൊണ്ടും, നർമ്മസല്ലാപം ആലിംഗനം മുതലായവകൊണ്ടും |
| സ്വൈരം രമയന്തി കില | = | ഇഷ്ടംപോലെ രമിപ്പിക്കുന്നുവത്രേ |
| യസ്മിൻ ഉപയുക്തേ (സതി) | = | ഇപ്രകാരം ഹാടക രസം ഉപയോഗിക്കപ്പെട്ടെന്നാൽ |
| പുരുഷഃ ആത്മാനം | = | പുരുഷൻ തന്നെക്കുറിച്ചു് |
| അയുതമഹാഗജബലം | = | പതിനായിരം മഹാഗജങ്ങളുടെ ശക്തിയുള്ളവനെന്നു് |
| അഭിമന്യമാനഃ | = | അഭിമാനിച്ചുകൊണ്ടു് |
| അഹം ഈശ്വരഃ അഹം സിദ്ധഃ | = | "ഞാൻ ഈശ്വരനാണു്; ഞാൻ സിദ്ധനാണു്" |
| ഇതി മദാന്ധഃ ഇവ കത്ഥതേ | = | എന്നും മററും മദാന്ധനെന്നവിധം പുലമ്പിത്തുടങ്ങുന്നു. |

17 തതോഽധസ്താദ്വിതലേ ഹരോ ഭഗവാൻ ഹാടകേശ്വരഃ സ്വപാർഷദഭൂതഗണാവൃതഃ പ്രജാപതിസർഗോപബൃംഹണായ ഭവോ ഭവാന്യാ സഹ മിഥുനീഭൂത ആസ്തേ; യതഃ പ്രവൃത്താ സരിത്പ്രവരാ ഹാടകീ നാമ ഭവയോർവീര്യേണ, യത്ര ചിത്രഭാനുർമാതരിശ്വനാ സമിധ്യമാന ഓജസാ പിബതി; തന്നിഷ്ഠ്യൂതം ഹാടകാഖ്യം സുവർണം ഭൂഷണേനാസുരേന്ദ്രാവരോധേഷു പുരുഷാഃ സഹ പുരുഷീഭിർധാരയന്തി.

| | | |
|---|---|---|
| തതഃ അധസ്താത് വിതലേ | = | അവിടുന്നും താഴെ, വിതലത്തിൽ |
| ഹാടകേശ്വരഃ | = | ഹാടകേശ്വരനെന്ന അഭിധാനത്തോടുകൂടിയ |
| ഭഗവാൻ ഹരഃ | = | ഭഗവാൻ പരമശിവൻ |
| സ്വപാർഷദഭൂതഗണാവൃതഃ | = | തന്റെ പാർഷദന്മാരായ ഭൂതഗണങ്ങളാൽ പരിവൃതനായിട്ടു് സ്ഥിതിചെയ്യുന്നു. |
| പ്രജാപതിസർഗോപബൃംഹണായ | = | ബ്രഹ്മസൃഷ്ടിയെ വളർത്തിക്കൊണ്ടുവരുന്നതിനുവേണ്ടി |
| ഭവഃ ഭവാന്യാ സഹ | = | ശിവൻ ശ്രീപാർവ്വതിയോടുകൂടി |
| മിഥുനീഭൂതഃ ആസ്തേ | = | സംഗമിച്ചുകൊണ്ടാണിരിക്കുന്നതു്. |
| ഭവയോഃ വീര്യേണ | = | പാർവ്വതീപരമേശ്വരന്മാരുടെ വീര്യംകൊണ്ടു് |

യതഃ പ്രവൃത്താ = യാതൊരിടത്തുനിന്നുദ്ഭവിച്ച
ഹാടകീ നാമ = ഹാടകിയെന്നുപേരായ
സരിത്പ്രവരാ = വിശിഷ്ടനദിയുണ്ട്.
യത്ര = യാതൊരു ഈ നദിയിലെ ശൈവവീര്യം
മാതരിശ്വനാ സമിദ്ധ്യമാനഃ = വായുവിനാൽ ഉത്തേജിതനായ
ചിത്രഭാനുഃ ഓജസാ പിബതി = അഗ്നി ഓജസ്സിനാൽ കുടിച്ചുവററിക്കുന്നു.
തന്നിഷ്ഠ്യൂതം = പിന്നെ, ആ അഗ്നിയാൽ വമിക്കപ്പെട്ട
ഹാടകാഖ്യം സുവർണ്ണം = ഹാടകമെന്നുപേരായ സ്വർണ്ണത്തെ
അസുരേന്ദ്രാവരോധേഷു = അസുരരാജാക്കന്മാരുടെ അന്തഃപുരങ്ങളിൽ
പുരുഷാഃ പുരുഷീഭിഃ സഹ = പുരുഷന്മാർ സ്ത്രീകളോടുകൂടിയിരുന്ന്
ഭൂഷണേന ധാരയന്തി = അലങ്കാരമായിട്ട് അണിയുന്നു.

18 തതോഽധസ്താത് സുതലേ ഉദാരശ്രവാഃ പുണ്യശ്ലോകോ വിരോചനാ-
ത്മജോ ബലിർഭഗവതാ മഹേന്ദ്രസ്യ പ്രിയം ചികീർഷമാണേനാദി-
തേർലബ്ധകായോ ഭൂത്വാ വടുവാമനരൂപേണ പരാക്ഷിപ്തലോകത്രയോ
ഭഗവദനുകമ്പയൈവ പുനഃ പ്രവേശിത ഇന്ദ്രാദിഷ്വവിദ്യമാനയാ
സുസമൃദ്ധയാ ശ്രിയാഽഭിജുഷ്ടഃ സ്വധർമ്മേണാരാധയംസ്തമേവ ഭഗ-
വന്തമാരാധനീയമപഗതസാധ്വസ ആസ്തേഽധുനാപി.

തതഃ അധസ്താത് സുതലേ = അവിടുന്നും താഴെ സുതലത്തിൽ
ഉദാരശ്രവാഃ പുണ്യശ്ലോകഃ = ഉദാരകീർത്തിമാനും പുണ്യശ്ലോകനും
വിരോചനാത്മജഃ ബലി = വിരോചനപുത്രനുമായ മഹാബലി
മഹേന്ദ്രസ്യ പ്രിയം ചികീർഷമാണേന = ദേവേന്ദ്രന് പ്രിയം പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവനും
അദിതേഃ ലബ്ധകായഃ ഭൂത്വാ = അദിതിയിൽനിന്ന് ലബ്ധശരീരനായിട്ട്
വടുവാമനരൂപേണ = ബ്രഹ്മചാരിയായ വാമനന്റെ രൂപം ധരിച്ചവനുമായ
ഭഗവതാ = ശ്രീമഹാവിഷ്ണുവിനാൽ
പരാക്ഷിപ്തലോകത്രയഃ = പിടച്ചുടക്കപ്പെട്ട ലോകത്രയത്തോടുകൂടിയവനായി ഭവിച്ചെങ്കിലും
ഭഗവദനുകമ്പയാ ഏവ = അവിടുത്തെ അനുകമ്പയാൽത്തന്നെ
പുനഃ പ്രവേശിതഃ = പിന്നീട് സുതലത്തിൽ പ്രവേശിതനായി
ഇന്ദ്രാദിഷു അവിദ്യമാനയാ = ഇന്ദ്രാദികളിൽപ്പോലുമില്ലാത്ത
സുസമൃദ്ധയാ ശ്രിയാ = അതിസമൃദ്ധമായ ഐശ്വര്യത്തോട്
അഭിജുഷ്ടഃ = ഒത്തിണങ്ങിച്ചേർന്നുകൊണ്ടും,
ആരാധനീയം തം ഏവ ഭഗവന്തം = സമസ്തലോകാരാധ്യനായ ആ ഭഗവാനെത്തന്നെ
സ്വധർമ്മേണ ആരാധയൻ = സ്വധർമ്മാനുസാരം ആരാധിച്ചുകൊണ്ടും
അപഗതസാധ്വസഃ = നിർഭീകനായിട്ട്
അധുനാ അപി ആസ്തേ = ഇപ്പോഴും വസിക്കുന്നുണ്ട്.

ആ വാമനമൂർത്തിക്ക് ഭൂമി ദാനംചെയ്തതിന്റെ ഫലമാണ് ഈ സുതലലോകപ്രാപ്തിയെന്ന് ചിലർ കരുതുന്നതിനെ താഴെയുള്ള പ്രസ്താവങ്ങളാൽ നിരാകരിക്കുന്നു.

19 നോ ഏവൈതത് സാക്ഷാത്കാരോ ഭൂമിദാനസ്യ യത്തദ്ഭഗവത്യ-
ശേഷജീവനികായാനാം ജീവഭൂതാത്മഭൂതേ പരമാത്മനി വാസുദേവേ
തീർത്ഥതമേ പാത്ര ഉപപന്നേ പരയാ ശ്രദ്ധയാ പരമാദരസമാഹിത-
മനസാ സംപ്രതിപാദിതസ്യ സാക്ഷാദപവർഗദ്വാരസ്യ യദ്ബില-
നിലയൈശ്വര്യം.

| | | |
|---|---|---|
| ഭൂമിദാനസ്യ സാക്ഷാത്കാരഃ | = | വാമനമൂർത്തിക്ക് ഭൂമിദാനംചെയ്തതിന്റെ സാക്ഷാത്തായ ഫലം |
| ഏതത് നോ ഏവ യത് | = | ഇതല്ലതന്നെ; എന്തെന്നാൽ, |
| അശേഷജീവനികായാനാം | = | സമസ്തജീവരാശികളുടേയും |
| ജീവാഭൂതാത്മഭൂതേ | = | ജീവചൈതന്യമായും ആത്മാനന്ദമായും ശോഭിച്ചിരിക്കുന്ന |
| പരമാത്മനി | = | പരമാത്മാവായ, |
| ഭഗവതി വാസുദേവേ | = | ഭഗവാൻ ശ്രീവാസുദേവൻ |
| തീർത്ഥതമേ പാത്രേ ഉപപന്നേ | = | വിശിഷ്ടദാനപാത്രമായി തന്റെ സമീപത്തുവന്ന |
| പരയാ ശ്രദ്ധയാ | = | അധികമായ ശ്രദ്ധയോടെയും |
| പരമാദരസമാഹിതമനസാ | = | അത്യാദരമായി ഏകാഗ്രമായ മനസ്സോടുകൂടെയും [പ്പോലം, |
| സംപ്രതിപാദിതസ്യ | = | സമർപ്പിക്കപ്പെട്ടതും |
| സാക്ഷാദപവർഗദ്വാരസ്യ | – | നികച്ചും മോക്ഷസാധനമായതും ആയിരിക്കുന്ന |
| (ഭൂമിദാനസ്യ) യത് തത് | = | ഭൂമിദാനത്തിന്റെ യാതൊരു ആ ഫലം |
| ബിലനിലയൈശ്വര്യം (ന) | – | ബിലസ്ഥൈശ്വര്യം (വെറും ഗുഹാഗൃഹത്തിൽ തങ്ങുന്ന സമൃദ്ധി) ആകുന്നതല്ല. |

20 യസ്യ ഹ വാവ ക്ഷുതപതനപ്രസ്ഖലനാദിഷു വിവശഃ സകൃന്നാ-
മാഭിഗൃണൻ പുരുഷഃ കർമ്മബന്ധനമഞ്ജസാ വിധുനോതി, യസ്യ
ഹൈവപ്രതിബാധനം മുമുക്ഷവോƒന്യഥൈവോപലഭന്തേ.

21 തദ്ഭക്താനാമാത്മവതാം സർവേഷാമാത്മന്യാത്മദ ആത്മതയൈവ.

| | | |
|---|---|---|
| യസ്യ ഹ വാവ നാമ | – | യാതൊരാളുടെ തിരുനാമം |
| ക്ഷുതപതനപ്രസ്ഖലനാദിഷു | – | കോട്ടുവായിടുക, മറിഞ്ഞുവീഴുക, കാലിടറുക മുതലായ സന്ദർഭങ്ങളിൽ |
| വിവശഃ സകൃത് | – | അവശനായിട്ടെങ്കിലും ഒരിക്കൽ |
| അഭിഗൃണൻ പുരുഷഃ | – | ഉച്ചരിക്കുന്ന മനുഷ്യൻ |
| യസ്യ ഹ ഏവ | – | യാതൊന്നിന്റെ തന്നെ |
| പ്രതിബാധനം | – | പ്രതിരോധത്തെ |
| മുമുക്ഷവഃ | – | മോക്ഷാർത്ഥികളായ മഹാത്മാക്കൾ |

| | | |
|---|---|---|
| തസ്യ മൂലദേശേ | = | ആ പാതാളത്തിന്റെ ചുവട്ടിൽ |
| ത്രിംശദ്യോജനസഹസ്രാന്തരേ | = | മുപ്പതിനായിരം യോജന ദൂരത്തായി |
| ഭഗവതഃ യാ വൈ കലാ | = | സർവ്വേശ്വരന്റെ യാതൊരു വിശിഷ്ട കലയാണോ, |
| താമസീ സമാഖ്യാതാ | = | തമോഗുണപ്രധാനമായിട്ട് ആഖ്യാനം ചെയ്യപ്പെട്ടന്നതു് |
| (സാ) അനന്തഃ ഇതി ആസ്തേ | = | ആ കല അനന്തനെന്ന അഭിധാനത്തോടെ സ്ഥിതി ചെയ്യുന്നു. |
| അഹം ഇതി അഭിമാനലക്ഷണം | = | 'അഹം' എന്ന അഭിമാനത്തിന്ന് ആസ്പദമായി |
| ദ്രഷ്ടൃദൃശ്യയോ | = | ദ്രഷ്ടാവിന്റെയും ദൃശ്യത്തിന്റെയും |
| സംകർഷണം | = | സമ്യക്കായ കർഷണം (ഏകീകരണം) സാധിക്കുന്ന |
| യം സംകർഷണം ഇതി | = | യാതൊരാളെ "സംകർഷണൻ" എന്നിങ്ങനെ |
| സാത്വതീയാഃ ആചക്ഷതേ | = | വൈഷ്ണവതന്ത്രനിഷ്ഠന്മാർ പറയുന്നു. |

അനന്തത്വം വ്യക്തമാക്കിപ്പറയുന്നു—

2 യസ്യേദം ക്ഷിതിമണ്ഡലം ഭഗവതോ ഽനന്തമൂർത്തേഃ സഹസ്രശിരസ ഏകസ്മിന്നേവ ശീർഷണി ധ്രിയമാണം സിദ്ധാർത്ഥ ഇവലക്ഷ്യതേ.

| | | |
|---|---|---|
| സഹസ്രശിരസഃ യസ്യ | = | ആയിരം ശിരസ്സുള്ള യാതൊരു |
| ഭഗവതഃ അനന്തമൂർത്തേ | = | ഭഗവാൻ അനന്തമൂർത്തിയുടെ |
| ഏകസ്മിൻ ഏവ ശീർഷണി | = | ഒരേ ഒരു ശിരസ്സിൽ മാത്രമായി |
| ധ്രിയമാണം | = | ധരിക്കപ്പെട്ടിരിക്കുന്ന |
| ഇദം ക്ഷിതിമണ്ഡലം | = | ഈ ഭൂഗോളം |
| സിദ്ധാർത്ഥഃ ഇവലക്ഷ്യതേ | = | കടുകുമണിപോലെ തുച്ഛമായിട്ടെ കാണപ്പെടുന്നുള്ളു |

തമോഗുണപ്രാധാന്യം വ്യക്തമാക്കുന്നു—

3 യസ്യ ഹ വാ ഇദം കാലേനോപസഞ്ജിഹീർഷതോ ഽമർഷവിരചിതരുചിരഭ്രമദ്ഭ്രുവോരന്തരേണ സാങ്കർഷണോ നാമ രുദ്ര ഏകാദശവ്യൂഹസ്ത്ര്യക്ഷസ്ത്രിശിഖം ശൂലമുത്തംഭയന്നുദതിഷ്ഠത്.

| | | |
|---|---|---|
| കാലേന ഇദം ഹ വൈ | = | കാലത്താൽ ഈ വിശ്വത്തെ ആകെയും |
| സഞ്ജിഹീർഷോഃ യസ്യ | = | സംഹരിക്കുവാൻ ഇച്ഛിക്കുന്ന യാതൊരുവന്റെ |
| അമർഷവിരചിതരുചിര-ഭ്രമദ്ഭ്രുവോഃ അന്തരേണ | } | കോപത്താൽ കുടിലീകൃതങ്ങളായി മനോഹരമാകുമാറ് ചുഴലുന്ന പുരികങ്ങളുടെ മധ്യത്തിൽനിന്ന് |
| സാങ്കർഷണഃ നാമ | = | സാങ്കർഷണനെന്ന നാമത്താൽ പ്രസിദ്ധനായി |
| ഏകാദശവ്യൂഹഃ രുദ്രഃ | = | പതിനൊന്നു മൂർത്തിഭേദം പൂണ്ടിരിക്കുന്ന രുദ്രൻ |
| ത്ര്യക്ഷഃ ത്രിശിഖം ശൂലം ഉത്തംഭയൻ ഉദതിഷ്ഠത് | } | മൂന്നു കണ്ണുകളോടും മൂന്നു തലയുള്ള ശൂലമേന്തിക്കൊണ്ടും പൊട്ടിപ്പുറപ്പെട്ടു. |

സൗഭാഗ്യാതിശയം വ്യക്തമാക്കുന്നു—

| | | |
|---|---|---|
| യാച്ഞാച്ഛലേന | = | യാചനയെന്ന വ്യാജത്തിലൂടെ |
| അപഹൃതസ്വശരീരാവശേഷിതലോകത്രയഃ | } | ശരീരം മാത്രം ഒഴിവാക്കി അപഹരിക്കപ്പെട്ട ത്രിലോകസാമ്രാജ്യത്തോടുകൂടിയവനായും, |
| വരുണപാശൈഃ | = | വരുണപാശങ്ങൾകൊണ്ട് |
| സംപ്രതിമുക്തഃ ച | = | സുദൃഢം ബന്ധിക്കപ്പെട്ടവനായും, |
| ഗിരിദര്യാം അപവിദ്ധഃ ച | = | പർവ്വതഗുഹയ്ക്കുള്ളിൽ തള്ളപ്പെട്ടവനായും വെച്ചിട്ടുകൂടി |
| ഇതി യത് തത് ഉവാച ഹ | = | ഇങ്ങനെ വിശ്വവിഖ്യാതമായ വചനമത്രേ പറഞ്ഞതു്. |

24 നൂനം ബതായം ഭഗവാനർത്ഥേഷു ന നിഷ്ണാതോ യോഽസാവിന്ദ്രോ യസ്യ സചിവോ മന്ത്രായ വൃത ഏകാന്തതോ ബൃഹസ്പതിസ്തമതിഹായ സ്വയമുപേന്ദ്രേണാത്മാനമയാചതാത്മനശ്ചാശിഷോ നോ ഏവ തദ്ദാസ്യമതിഗംഭീരവയസഃ കാലസ്യ മന്വന്തരപരിവൃത്തം കിയല്ലോകത്രയമിദം

| | | |
|---|---|---|
| ബത യഃ അസൗ ഇന്ദ്രഃ | = | "കഷ്ടം ! യാതൊരു ഈ ഇന്ദ്രനുണ്ടല്ലോ, |
| അയം ഭഗവാൻ (അപി) | = | ഇദ്ദേഹം ജ്ഞാനിയാണെന്നിരിക്കിലും |
| അർത്ഥേഷു ന നിഷ്ണാതഃ നൂനം | = | പുരുഷാർത്ഥങ്ങളിൽ പരിജ്ഞാനമുള്ളവനല്ല; തീർച്ചയാണു്. |
| യസ്യ മന്ത്രായ | = | യാതൊരു ഇന്ദ്രനാൽ കാര്യവിചാരത്തിനായി |
| ഏകാന്തതഃ വൃതഃ | = | ഏകാന്തത്തിൽ വരിക്കപ്പെട്ട |
| സചിവഃ ബൃഹസ്പതിഃ | = | മന്ത്രിയായ ബൃഹസ്പതിയും |
| (അർത്ഥേഷു ന നിഷ്ണാതഃ) | = | പുരുഷാർത്ഥങ്ങളിൽ ബോധവാനല്ല. |
| (യതഃ) ഉപേന്ദ്രേണ | = | എന്തെന്നാൽ, ഉപേന്ദ്രനെ (വാമനമൂർത്തിയെ) മുൻനിർത്തിക്കൊണ്ടു്, |
| സ്വയം തം അതിഹായ | = | സ്വതവേ സർവ്വപുരുഷാർത്ഥസ്വരൂപനായ ആ തന്തിരുവടിയെ വരിക്കാതെ വിട്ടുകളഞ്ഞു്, |
| ആത്മനഃ ആശിഷഃ ച | = | എന്റെ സാമ്രാജ്യവൈഭവങ്ങളെത്തന്നെ |
| ആത്മാനം അയാചത | = | എന്നോടു് യാചിച്ചു; |
| തദ്ദാസ്യം നോ ഏവ | = | തന്തിരുവടിയുടെ ദാസ്യത്തെ യാചിച്ചതേ ഇല്ല. |
| അതിഗംഭീരവയസഃ കാലസ്യ | = | അനന്തമായ വയസ്സുള്ള കാലത്തിനു് |
| മന്വന്തരപരിവൃത്തം | = | മന്വന്തരംകൊണ്ടു് മാറിമറയുന്ന |
| ഇദം ലോകത്രയം കിയത് | = | ഈ ത്രിലോകസാമ്രാജ്യം എത്രമാത്രം ഉണ്ടു് ? |

ഭഗവാൻ പ്രസന്നനായപ്പോൾ ഭഗവാനെത്തന്നെ വരിക്കുകയാണു് ഇന്ദ്രൻ വേണ്ടിയിരുന്നതു്. ബൃഹസ്പതി ഉപദേശിക്കേണ്ടതും അതായിരുന്നു. ആ വിധം ചെയ്യാതെ, ഭഗവാനെക്കൊണ്ടുതന്നെ തന്റെ അടുക്കൽ തുച്ഛമായ ഐശ്വര്യം യാചിപ്പിച്ചതു് ഇന്ദ്രന്റെ ബുദ്ധിശൂന്യതയാണു് എന്നു് ഭാവം.

എന്നാൽതന്റെ പിതാമഹനായ പ്രഹ്ളാദനത്രെ ഏതദ്വിഷയത്തിൽ ബോധപൂർവ്വം പ്രവർത്തിച്ചതെന്നു് തുടൎന്നുപറയുന്നു—

25 യസ്യാനുദാസ്യമേവാസ്മത്പിതാമഹഃ കില വവ്രേ; ന തു സ്വപിത്ര്യം യദുതാകുതോഭയം പദം ദീയമാനം ഭഗവതഃ പരമിതി ഭഗവതോ- പരതേ ഖലു സ്വപിതരി.

| | | |
|---|---|---|
| സ്വപിതരി ഉപരതേ | = | തന്റെ പിതാവായ ഹിരണ്യകശിപു മൃതനായപ്പോൾ |
| അസ്മത്പിതാമഹഃ ഖലു | = | എന്റെ പിതാമഹനായ പ്രഹ്ളാദനാകട്ടെ |
| യസ്യ അനുദാസ്യം ഏവ | = | തന്തിരുവടിയുടെ നിരന്തരമായ ദാസ്യവൃത്തിയെ തന്നെ |
| വവ്രേ കില | = | വരിച്ചുപോലും. |
| അകുതോഭയം | = | ആരിൽനിന്നും ഭീതിക്കവകാശമില്ലാത്ത |
| സ്വപിത്ര്യം പദം | = | തന്റെ പൈതൃകമായ പ്രാഭവത്തെ— |
| യത് ഭഗവതാ | = | യാതൊന്നിനെ തന്തിരുവടിയാൽ |
| ദീയമാനം ഉത് | = | സ്വയമേവ നല്കപ്പെട്ടതായിരുന്നിട്ടുകൂടി, |
| ഭഗവതഃ പരം ഇതി | = | ഭഗവാനിൽനിന്നും അന്യമായതാണെന്ന ബോധത്താൽ |
| ന തു (വവ്രേ) | = | വരിക്കുകയുണ്ടായില്ല. |

“ അങ്ങയും വീരനാണല്ലോ. പ്രഹ്ളാദനെ അനുകരിക്കുവാൻ എന്തു് പ്രയാസം? അദ്ദേഹത്തെ പ്രശംസിച്ചതുകൊണ്ടു് കാര്യമെന്തുള്ളൂ ? ” എന്നാണെങ്കിൽ പറയുന്നു—

26 തസ്യ മഹാനുഭാവസ്യാനുപഥമമൃജിതകഷായഃ കോ വാ ഽസ്മദ്വിധഃ പരിഹീണഭഗവദനുഗ്രഹ ഉപജിഗമിഷതീതി.

| | | |
|---|---|---|
| അമൃജിതകഷായഃ | = | രാഗാദിമനോമാലിന്യം ക്ഷയിച്ചിട്ടില്ലാത്ത— |
| പരിഹീണഭഗവദനുഗ്രഹഃ | = | ഭഗവദനുഗ്രഹം പോരാതെയിരിക്കുന്ന |
| അസ്മദ്വിധഃ കഃ വാ | = | എന്നെപ്പോലെയുള്ള ഏതൊരാൾ |
| തസ്യ മഹാനുഭാവസ്യ | = | ആ മഹാനുഭാവന്റെ |
| അനുപഥം | = | നിർദിഷ്ടമാർഗ്ഗത്തെ |
| ഉപജിഗമിഷതി ഇതി | = | സമീപിക്കുവാൻ ആഗ്രഹിക്കുന്നു ? ” എന്നു്— |

ശ്രീശുകോക്തിതന്നെ തുടരുന്നു—

27 അഥ തസ്യാനുചരിതമുപരിഷ്ടാദ്വിസ്തരിഷ്യതേ യസ്യ ഭഗവാൻ സ്വയമഖിലജഗദ്ഗുരുർനാരായണോ ദ്വാരി ഗദാപാണിരവതിഷ്ഠതേ നിജജനാനുകമ്പിതഹൃദയോ യേനാംഗുഷ്ഠേന പദാ ദശകന്ധരോ യോജനായുതായുതം ദിഗ്വിജയ ഉച്ചാടിതഃ.

| | | |
|---|---|---|
| അഥ തസ്യ അനുചരിതം | = | ഇനി, അദ്ദേഹത്തിന്റെ (മഹാബലിയുടെ) ചരിത്രം |
| ഉപരിഷ്ടാത് വിസ്തരിഷ്യതേ | = | മേലിൽ, (അഷ്ടമസ്കന്ധത്തിൽ) വിസ്തരിക്കപ്പെട്ടു കൊള്ളും. |
| അഖിലജഗദ്ഗുരുഃ | = | സമസ്തലോകാചാര്യനും |
| ഭഗവാൻ നാരായണഃ | = | സമൈശ്വര്യാദിഷഡ്ഗുണസമ്പൂർണ്ണനുമായ ശ്രീ നാരായണൻ |
| നിജജനാനുകമ്പിതഹൃദയഃ | = | സ്വഭക്തനാനുകമ്പയാൽ ഉള്ളത്തടത്തോടുകൂടിയവനായിട്ട് |
| യസ്യ ദ്വാരി സ്വയം | = | യാതൊരു ഈ മഹാബലിയുടെ ഗോപുരദ്വാരത്തിൽ താൻ തന്നെ |
| ഗദാപാണിഃ അവതിഷ്ഠതേ | = | തൃക്കരത്തിൽ ഗദയുമേന്തി കാവൽനില്ക്കുന്നു. |
| ദശകന്ധരഃ | = | പത്തുകഴുത്തുള്ള രാവണൻ |
| ദിഗ്വിജയേ | = | ദിഗ്വിജയസന്ദർഭത്തിൽ (അവിടെ ചെന്നപ്പോൾ) |
| യേന പദാ അംഗുഷ്ഠേന | = | തന്തിരുവടിയാൽ കാലിലെ പെരുവിരൽകൊണ്ട് |
| യോജനായുതായുതം, | = | പതിനായിരക്കണക്കിൽ യോജന ദൂരം |
| ഉച്ചാടിതഃ | = | എടുത്തെറിയപ്പെട്ടിരിക്കുന്നു. |

ഇങ്ങനെ മഹാബലി സുതലത്തിൽ ശ്രീഹരിയാൽ സുരക്ഷിതനായി സുഖമായിരിക്കുന്നപോലെ തലാതലത്തിൽ മഹാദേവഭക്തനായ മയനും സുഖമായിരിക്കുന്നുവെന്ന് ഇനി പ്രകൃതത്തിലേക്കുതന്നെ പ്രവേശിച്ചുപറയുന്നു—

28 തതോഽധസ്താത്തലാതലേ മയോ നാമ ദാനവേന്ദ്രസ്ത്രിപുരാധിപതിർ-
ഭഗവതാ പുരാരിണാ ത്രിലോകീശം ചികീർഷുണാ നിർദഗ്ധസ്വപുര-
ത്രയസ്തത്പ്രസാദാല്ലബ്ധപദോ മായാവിനാമാചാര്യോ മഹാദേവേന
പരിരക്ഷിതോ വിഗതസുദർശനഭയോ മഹീയതേ.

| | | |
|---|---|---|
| തതഃ അധസ്താത് തലാതലേ | = | അതിനും താഴെ തലാതലത്തിൽ |
| ത്രിപുരാധിപതിഃ | = | ത്രിപുരങ്ങളുടെ അധിപതിയായ |
| മയഃ നാമ ദാനവേന്ദ്രഃ | = | മയനെന്നുപേരായ അസുരരാജാവ്, |
| ത്രിലോകീശം ചികീർഷുണാ | = | ലോകത്രയത്തിനും ക്ഷേമമരുളുവാനാഗ്രഹിക്കുന്ന |
| ഭഗവതാ പുരാരിണാ | = | ഭഗവാൻ ശ്രീപരമേശ്വരനാൽ |
| നിർദഗ്ധസ്വപുരത്രയഃ | = | നിശ്ശേഷം ദഹിപ്പിക്കപ്പെട്ട തന്റെ പുരത്രയത്തോടുകൂടിയവനായി ഭവിച്ച്, |
| തത്പ്രസാദാത് | = | പിന്നെ, അവിടുത്തെ പ്രസാദത്താൽ |
| ലബ്ധപദഃ | = | ഇവിടെ സ്ഥാനം ലഭിച്ച് |

| | | |
|---|---|---|
| മായാവിനാം ആചാര്യഃ | = | മായാവികൾക്ക് ആചാര്യനായും |
| മഹാദേവേന പരിരക്ഷിതഃ | = | ശ്രീപരമേശ്വരനാൽ സംരക്ഷിതനായും |
| വിഗതസുദർശനഭയഃ | = | സുദർശനചക്രത്തിൽനിന്നുപോലും ഭയമകന്ന് |
| മഹീയതേ | = | സംപൂജ്യനായി വാഴുന്നു. |

29 തതോഽധസ്താന്മഹാതലേ കാദ്രവേയാണാം സർപ്പാണാം നൈകശിരസാം ക്രോധവശോ നാമ ഗണഃ കുഹകതക്ഷകകാളിയസുഷേണാദിപ്രധാനാ മഹാഭോഗവന്തഃ പതത്രിരാജാധിപതേഃ പുരുഷവാഹാദനവരതമുദ്വിജമാനാഃ സ്വകളത്രാപത്യസുഹൃത്കുടുംബസംഗേന ക്വചിത് പ്രമത്താ വിഹരന്തി.

| | | |
|---|---|---|
| തതഃ അധസ്താത് മഹാതലേ | = | അവിടെനിന്നും താഴെ മഹാതലത്തിൽ |
| കാദ്രവേയാണാം | = | കദ്രുവിൻെറ സന്താനപരമ്പരയിലുള്ള |
| നൈകശിരസാം സർപ്പാണാം | = | അനേകശിരസ്സുകളായ സർപ്പങ്ങളുടെ |
| ക്രോധവശഃ നാമ ഗണഃ | = | 'ക്രോധവശം' എന്ന സംഘം സ്ഥിതിചെയ്യുന്നു. |
| മഹാഭോഗവന്തഃ | = | ദീർഘശരീരികളും |
| കുഹകതക്ഷകകാളിയസുഷേണാദിപ്രധാനാഃ | } | കുഹകൻ, തക്ഷകൻ, കാളിയൻ, സുഷേണൻ മുതലായ മുഖ്യന്മാരോടുകൂടിയവരുമായ അവർ |
| പുരുഷവാഹാത് | = | വിഷ്ണുവാഹനമായ |
| പതത്രിരാജാധിപതേഃ | = | പക്ഷിരാജേശ്വരനിൽനിന്ന് |
| അനവരതം ഉദ്വിജമാനാഃ | = | എപ്പോഴും ഭയന്നുകൊണ്ടാണെങ്കിലും |
| ക്വചിത് സ്വകളത്രാപത്യസുഹൃത്കുടുംബസംഗേന | } | ചിലനേരത്ത്, സ്വന്തം കളത്രപുത്രമിത്രകുടുംബത്തോടുചേർന്നുകൊണ്ട് |
| പ്രമത്താഃ വിഹരന്തി | = | മദഗർവ്വിതരായി വിഹരിക്കുന്നു. |

30 തതോഽധസ്താദ്രസാതലേ ദൈതേയാ ദാനവാഃ പണയോ നാമ നിവാതകവചാഃ കാലേയാ ഹിരണ്യപുരവാസിന ഇതി വിബുധപ്രത്യനീകാ ഉത്പത്ത്യാ മഹൌജസോ മഹാസാഹസിനോ ഭഗവതഃ സകലലോകാനുഭാവസ്യ ഹരേരേവ തേജസാ പ്രതിഹതബലാവലേപാ ബിലേശയാ ഇവ വസന്തി, യേ വൈ സരമയേന്ദ്രദൂത്യാ വാഗ്ഭിർമന്ത്രവർണാഭിരിന്ദ്രാദ്ബിഭ്യതി.

| | | |
|---|---|---|
| തതഃ അധസ്താത് രസാതലേ | = | അതിൻെറ താഴെ രസാതലത്തിൽ ഉള്ള |
| ദൈതേയാഃ ദാനവാഃ | = | ദൈത്യന്മാർ, ദനുജന്മാർ, |

| | | |
|---|---|---|
| പണയഃ നാമ | = | പണികളെന്നു പേരുള്ളവർ, |
| നിവാതകവചാഃ കാലേയാഃ | = | നിവാതകവചന്മാർ, കാലേയന്മാർ, |
| ഹിരണ്യപുരവാസിനഃ | = | ഹിരണ്യപുരവാസികൾ |
| ഇതി വിബുധപ്രത്യനീകാഃ | = | എന്നീ വിഭാഗത്തിലുള്ള ദേവവിദ്വേഷികൾ |
| ഉത്പത്ത്യാ മഹൌജസഃ | = | ജനനാൽത്തന്നെ മഹാബലവാന്മാരും |
| മഹാസാഹസിനഃ | = | വലിയ സാഹസികന്മാരും ആകുന്നു. |
| (തേ) സകലലോകാനുഭാവസ്യ | = | അവർ അഖിലലോകവിഖ്യാതപ്രഭാവനായ |
| ഹരേഃ ഏവ തേജസാ | = | ശ്രീഹരിയുടെ മാത്രം തേജസ്സിനാൽ |
| പ്രതിഹതബലാവലേപാഃ | = | പ്രതിഹനിക്കപ്പെട്ട ബലാഹങ്കാരത്തോടുകൂടിയവരായി |
| ബിലേശയാഃ ഇവ വസന്തി | = | പോട്ടിൽകിടക്കുന്ന സർപ്പങ്ങളെപ്പോലെ വസിക്കുന്നു |
| യേ വൈ | = | യാതൊരു ഈ അസുരഗണങ്ങൾ |
| ഇന്ദ്രദൂത്യാ സരമയാ | = | ഇന്ദ്രന്റെ ദൂതിയായ സരമയെന്ന ദേവശുനിയാൽ പ്രയോഗിക്കപ്പെട്ട |
| മന്ത്രവർണാഭിഃ വാഗ്ഭിഃ | = | വേദമന്ത്രാക്ഷരങ്ങൾ ഉൾക്കൊള്ളുന്ന വാക്കുകൾ കൊണ്ട് |
| ഇന്ദ്രാത് ബിഭ്യതി | = | ഇന്ദ്രനെ പേടിച്ചുംകൊണ്ടിരിക്കുന്നു. |

"ഹതാ ഇന്ദ്രേണ പണയഃ ശയധ്വം" ഇത്യാദി സാരമേയവൈദികാഖ്യാനമാണ് ഇവിടെ ഈ പ്രസ്താവത്തിന്നാസ്പദം.

31 തതോഽധസ്താത് പാതാലേ നാഗലോകപതയോ വാസുകിപ്രമുഖാഃ ശംഖകുലികമഹാശംഖശ്വേതധനഞ്ജയധൃതരാഷ്ട്രശംഖചൂഡകംബളാശ്വതരദേവദത്താദയോ മഹാഭോഗിനോ മഹാമർഷാ നിവസന്തി. യേഷാമു ഹ വൈ പഞ്ചസപ്തദശശതസഹസ്രശീർഷാണാം ഫണാസു വിരചിതാ മഹാമണയോ രോചിഷ്ണവഃ പാതാലവിവരതിമിരനികരം സ്വരോചിഷാ വിധമന്തി.

| | | |
|---|---|---|
| തതഃ അധസ്താത് പാതാലേ | = | അതിന്റെയും താഴെ പാതാളത്തിൽ |
| മഹാഭോഗിനഃ മഹാമർഷാഃ | = | വമ്പിച്ച ഫണങ്ങളും കടുത്ത കോപവും ഉള്ളവരായ |
| വാസുകിപ്രമുഖാഃ | = | വാസുകിപ്രഭൃതികളായ |
| നാഗലോകപതയഃ | = | നാഗലോകാധിപന്മാർ— |
| ശംഖ..............ദേവദത്താദയഃ | = | ശംഖൻ, കുളികൻ, മഹാശംഖൻ, ശ്വേതൻ, ധനഞ്ജയൻ, ധൃതരാഷ്ട്രൻ, ശംഖചൂഡൻ, കംബളൻ, അശ്വതരൻ, ദേവദത്തൻ മുതലായവർ |
| നിവസന്തി | = | പാർത്തുവരുന്നു. |

| | | |
|---|---|---|
| പഞ്ച......................ശീർഷാണാം | = | അഞ്ച്, ഏഴ്, പത്ത്, നൂറ്, ആയിരം എന്ന തോതിൽ ശിരസ്സുകളുള്ള |
| യേഷാം ഫണാസു ഉഹ വൈ | = | ഇവരുടെ ഫണങ്ങളിൽ ആശ്ചര്യകരമാംവിധം |
| വിരചിതാഃ | = | വിരചിക്കപ്പെട്ടിരിക്കുന്ന |
| രോചിഷ്ണവഃ മഹാമണയഃ | = | പ്രകാശമാനങ്ങളായ മഹാരത്നങ്ങൾ |
| സ്വരോചിഷാ | = | അവയുടെ പ്രകാശംകൊണ്ട് |
| പാതാലവിവരതിമിര- നികരം വിധമന്തി | } | പാതാളലോകഗഹ്വരങ്ങളിലെ ഇരുട്ടിൻപററത്തെ പാടെ അകററുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ

രാഹ്വാദിസ്ഥിതിബിലസ്വർഗമര്യാദാനിരൂപണം നാമ ചതുർവിംശോഽധ്യായഃ

ആദിതഃ ശ്ലോകാനി 613.

അഞ്ചാമത്തെ സ്കന്ധത്തിൽ ഇരുപത്തിനാലാമദ്ധ്യായം കഴിഞ്ഞു.

# പഞ്ചവിംശോഽധ്യായ: — അദ്ധ്യായം ഇരുപത്തഞ്ച്.

## സങ്കർഷണമൂർത്തിയുടെ സംസ്ഥിതി.

"പഞ്ചവിംശേ തതോഽധസ്താദാഹ ശേഷസ്യ സംസ്ഥിതിം
സംജിഹീർഷോരിദം കാലേ യത്ര രുദ്രസമുദ്ഭവഃ"

കല്പാന്തകാലത്തിൽ ഈ വിശ്വം സംഹരിക്കുവാനുദ്യമിച്ച് സാംകർഷണനെന്ന കാലാഗ്നിരുദ്രനെ സൃഷ്ടിക്കുന്ന സങ്കർഷണമൂർത്തിയുടെ അധോഭുവനത്തിൽനിന്നും അധഃസ്ഥലത്തിലുള്ള സംസ്ഥിതിയുടെ വർണ്ണനയാണ് ഈ അദ്ധ്യായത്തിലെ വിഷയം.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1 തസ്യ മൂലദേശേ ത്രിംശദ്യോജനസഹസ്രാന്തര ആസ്തേ യാ വൈ കലാ ഭഗവതസ്താമസീ സമാഖ്യാതാഽനന്ത ഇതി, സാത്വതീയാ ദ്രഷ്ടൃ-ദൃശ്യയോഃ സങ്കർഷണമഹമിത്യഭിമാനലക്ഷണം യം സങ്കർഷണ-മിത്യാചക്ഷതേ.

തസ്യ മൂലദേശേ = ആ പാതാളത്തിന്റെ ചുവട്ടിൽ
ത്രിംശദ്യോജനസഹസ്രാന്തരേ = മുപ്പതിനായിരം യോജന ദൂരത്തായി
ഭഗവതഃ യാ വൈ കലാ = സർവ്വേശ്വരന്റെ യാതൊരു വിശിഷ്ട കലയാണോ,
താമസീ സമാഖ്യാതാ = തമോഗുണപ്രധാനമായിട്ടു് ആഖ്യാനം ചെയ്യപ്പെടുന്നതു്
(സാ) അനന്തഃ ഇതി ആസ്തേ = ആ കല അനന്തനെന്ന അഭിധാനത്തോടെ സ്ഥിതി ചെയ്യുന്നു.
അഹം ഇതി അഭിമാനലക്ഷണം = 'അഹം' എന്ന അഭിമാനത്തിന്നു് ആസ്പദമായി
ദ്രഷ്ടൃദൃശ്യയോ = ദ്രഷ്ടാവിന്റെയും ദൃശ്യത്തിന്റെയും
സംകർഷണം = സമ്യക്കായ കർഷണം (ഏകീകരണം) സാധിക്കുന്ന
യം സംകർഷണം ഇതി = യാതൊരാളെ "സംകർഷണൻ" എന്നിങ്ങനെ
സാത്വതീയാഃ ആചക്ഷതേ = വൈഷ്ണവതന്ത്രനിഷ്ഠന്മാർ പറയുന്നു.

അനന്തത്വം വ്യക്തമാക്കിപ്പറയുന്നു—

2 യസ്യേദം ക്ഷിതിമണ്ഡലം ഭഗവതോ ഽനന്തമൂർത്തേഃ സഹസ്രശിരസ
ഏകസ്മിന്നേവ ശീർഷണി ധ്രിയമാണം സിദ്ധാർത്ഥ ഇവലക്ഷ്യതേ.

സഹസ്രശിരസഃ യസ്യ = ആയിരം ശിരസ്സുള്ള യാതൊരു
ഭഗവതഃ അനന്തമൂർത്തേ = ഭഗവാൻ അനന്തമൂർത്തിയുടെ
ഏകസ്മിൻ ഏവ ശീർഷണി = ഒരേ ഒരു ശിരസ്സിൽ മാത്രമായി
ധ്രിയമാണം = ധരിക്കപ്പെട്ടിരിക്കുന്ന
ഇദം ക്ഷിതിമണ്ഡലം = ഈ ഭൂഗോളം
സിദ്ധാർത്ഥഃ ഇവലക്ഷ്യതേ = കടുകുമണിപോലെ തുച്ഛമായിട്ടു കാണപ്പെടുന്നുള്ള

തമോഗുണപ്രാധാന്യം വ്യക്തമാക്കുന്നു—

3 യസ്യ ഹ വാ ഇദം കാലേനോപസഞ്ജിഹീർഷതോ ഽമർഷവിരചിത-
രുചിരഭ്രമദ്ഭ്രുവോരന്തരേണ സാങ്കർഷണോ നാമ രുദ്ര ഏകാദശ-
വ്യൂഹസ്ത്ര്യക്ഷസ്ത്രിശിഖം ശൂലമുത്തംഭയന്നുദതിഷ്ഠത്.

കാലേന ഇദം ഹ വൈ = കാലത്താൽ ഈ വിശ്വത്തെ ആകെയും
സഞ്ജിഹീർഷോഃ യസ്യ = സംഹരിക്കുവാൻ ഇച്ഛിക്കുന്ന യാതൊരുവന്റെ
അമർഷവിരചിതരുചിര- } കോപത്താൽ കുടിലീകൃതങ്ങളായി മനോഹരമാകു-
ഭ്രമദ്ഭ്രുവോഃ അന്തരേണ } മാറു് ചുഴലുന്ന പുരികങ്ങളുടെ മദ്ധ്യത്തിൽനിന്നു്
സാങ്കർഷണഃ നാമ = സാങ്കർഷണനെന്ന നാമത്താൽ പ്രസിദ്ധനായി
ഏകാദശവ്യൂഹഃ രുദ്രഃ = പതിനൊന്നു് മൂർത്തിഭേദം പൂണ്ടിരിക്കുന്ന രുദ്രൻ
ത്ര്യക്ഷഃ ത്രിശിഖം ശൂലം } മൂന്നു് കണ്ണുകളോടും മൂന്നു് തലയുള്ള ശൂലമേന്തി-
ഉത്തംഭയൻ ഉദതിഷ്ഠത് } ക്കൊണ്ടും പൊട്ടിപ്പുറപ്പെട്ടു.

സൗഭാഗ്യാതിശയം വ്യക്തമാക്കുന്നു—

4 യസ്യാംഘ്രികമലയുഗളാരുണവിശദനഖമണിഷണ്ഡമണ്ഡലേഷ്വഹി-
പതയഃ സഹ സാത്വതർഷഭൈരേകാന്തഭക്തിയോഗേനാവനമന്തഃ
സ്വവദനാനി പരിസ്ഫുരത്കുണ്ഡലപ്രഭാമണ്ഡിതഗണ്ഡസ്ഥലാ-
ന്യതിമനോഹരാണി പ്രമുദിതമനസഃ ഖലു വിലോകയന്തി.

| | |
|---|---|
| യസ്യ അംഘ്രികമലയുഗളാരുണ-വിശദനഖമണിഷണ്ഡമണ്ഡ-ലേഷു | യാതൊരുവന്റെ പാദകമലങ്ങളിലുള്ള അരുണനിറത്തോടുകൂടിയ നിർമ്മലനഖ-ങ്ങളാവുന്ന രത്നനികരങ്ങളിൽ |
| അഹിപതയഃ | = നാഗരാജാക്കന്മാർ |
| സാത്വതർഷഭൈഃ സഹ | = ഭാഗവതോത്തമന്മാരോടുകൂടി |
| ഏകാന്തഭക്തിയോഗേന | = ഏകഭാവനയിലൂന്നിയ ഭക്തിയോഗ-ത്തോടെ |
| അവനമന്തഃ | = താണുവണങ്ങിക്കൊണ്ട്, |
| അതിമനോഹരാണി പരിസ്ഫുരത്കുണ്ഡല-പ്രഭാമണ്ഡിതഗണ്ഡസ്ഥലാനി | അധികം മനോഹരങ്ങളും പരിസ്ഫു-രിക്കുന്ന കുണ്ഡലങ്ങളുടെ പ്രഭയാൽ അലംകൃതങ്ങളുമായ ഗണ്ഡസ്ഥല ങ്ങളോടുകൂടിയ |
| സ്വവദനാനി | = സ്വന്തം മുഖങ്ങളെ |
| പ്രമുദിതമനസഃ | = സന്തുഷ്ടമനസ്സരായി |
| വിലോകന്തി.ഖലു | = കണ്ടുകൊണ്ടിരിക്കുന്നപോൽ— |

5 യസ്യൈവ ഹി നാഗരാജകുമാര്യ ആശിഷ ആശാസാനാശ്ചാർവംഗവ
ലയവിലസിതവിശദവിപുലധവളസുഭഗരുചിരഭുജരജതസ്തംഭേഷ്വഗ-
രുചന്ദനകുങ്കുമപങ്കാനുലേപേനാവലിമ്പമാനാസ്തദഭിമർശനോന്മഥിത
ഹൃദയമകരധ്വജാവേശരുചിരലളിതസ്മിതാസ്തദനുരാഗമദമുദിതമദവി
ഘൂർണിതാരുണാവലോകനയനവദനാരവിന്ദം സവ്രീഡം കില വി-
ലോകയന്തി.

| | |
|---|---|
| നാഗരാജകുമാര്യഃ | = നാഗരാജകന്യകമാർ |
| യസ്യ ഏവ ഹി | = യാതൊരു സംകർഷണമൂർത്തിയുടെ തന്നെ |
| ആശിഷഃ ആശാസാനാഃ | = ആശിസ്സുകളെ ആകാംക്ഷിച്ചുകൊണ്ട് |
| ചാർവംഗവലയവിലസിത-വിശദവിപുലധവളസുഭഗ-രുചിരഭുജരജതസ്തംഭേഷു | അഴകാന്ന അംഗവലയങ്ങളാൽ അലം കൃതങ്ങളും വിമലങ്ങളും വിപുലങ്ങളും ധവളങ്ങളും സുന്ദരങ്ങളും ശോഭനങ്ങളു മായ ഭുജങ്ങളാവുന്ന രജതസ്തംഭങ്ങളിൽ |
| അഗരുചന്ദനകുങ്കുമപങ്കാ-നുലേപേന അവലിമ്പമാനാഃ | അകിലും ചന്ദനവും കുങ്കുമവും ചേന്ന കളഭക്കുറിക്കൂട്ട് പൂശിക്കൊടുക്കുന്നവരും |
| തദഭിമർശനോന്മഥിതഹൃദയ-മകരധ്വജാവേശരുചിര-ലളിതസ്മിതാഃ | ആ ഭുജങ്ങളുടെ സ്പർശനത്താൽ വിക്ഷു ബ്ധമായ ഹൃദയത്തിലെഴുന്ന മദനപാര വശ്യംകൊണ്ട് തെളിവാന്ന മോഹന-മന്ദഹാസത്തോടുകൂടിയവരുമായിട്ട് |
| തദനുരാഗമദമുദിത-മദവിഘൂർണിതാരുണ-കരുണാവലോകനയന-വദനാരവിന്ദം | അനുരാഗമദത്താൽ സന്തുഷ്ടവും ആനന്ദ ലഹരിയാൽ ഇളകിമറിഞ്ഞതും അരുണ വർണ്ണവും കരുണാകടാക്ഷസഹിതവുമായ തൃക്കണ്ണുകളോടുകൂടിയ മുഖകമലത്തെ |
| സവ്രീഡം വിലോകയന്തി കില | = സലജ്ജം നോക്കിനില്ക്കുന്നപോലും— |

6 സ ഏവ ഭഗവാനനന്തോഽനന്തഗുണാർണവ ആദിദേവ ഉപസംഹൃ-
താമർഷരോഷവേഗോ ലോകാനാം സ്വസ്തയ ആസ്തേ

| | |
|---|---|
| അനന്തഗുണാർണവഃ | = അളവററ ഗുണങ്ങളുടെ സാഗരവും |
| ആദിദേവഃ ഭഗവാൻ | = ആദിദേവനും സർവ്വവിജ്ഞാനനിലയ വുമായ |
| സഃ ഏവ അനന്തഃ | = ആ സാക്ഷാൽ സങ്കർഷണമൂർത്തി |
| ഉപസംഹൃതാമർഷരോഷവേഗഃ | = അമർഷത്തിൻെറയും രോഷത്തിൻെറയും ശക്തിയടക്കിക്കൊണ്ടു് |
| ലോകാനാം സ്വസ്തയേ ആസ്തേ | = സമസ്തജീവരാശികളുടെയും യോഗക്ഷേമ ത്തിനായി നിലകൊള്ളുന്നു |

ധ്യാനത്തിനായി സങ്കർഷണമൂർത്തിയുടെ സ്വരൂപം വർണ്ണിക്കുന്നു–

7 ധ്യായമാനഃ സുരാസുരോരഗസിദ്ധഗന്ധർവവിദ്യാധരമുനിഗണൈര-
നവരതമദമുദിതവികൃതവിഹ്വലലോചനഃ സുലളിതമുഖരികാമൃതേനാ-
പ്യായമാനഃ സ്വപാർഷദവിബുധയൂഥപതീനപരിമ്ലാനരാഗനവതുള-
സികാമോദമധ്വാസവേന മാദ്യന്മധുകരവ്രാതമധുരഗീതശ്രിയം വൈ-
ജയന്തീം സ്വാം വനമാലാം നീലവാസാ ഏകകുണ്ഡലോ ഹലകകുദി
കൃതസുഭഗസുന്ദരഭുജോ ഭഗവാൻ മാഹേന്ദ്രോ വാരണേന്ദ്ര ഇവ കാഞ്ച-
നീം കക്ഷാമുദാരലീലോ ബിഭർത്തി.

| | |
|---|---|
| സുരാസുരോരഗസിദ്ധഗന്ധർവ-വിദ്യാധരമുനിഗണൈഃ | } ദേവന്മാർ, അസുരന്മാർ, നാഗന്മാർ, സിദ്ധദേവന്മാർ, ഗന്ധർവ്വന്മാർ, വിദ്യാ ധരന്മാർ, മുനിമാർ എന്നിവരുടെ ഗണ ങ്ങളാൽ |
| ധ്യായമാനഃ | = ധ്യാനിക്കപ്പെടുന്നവനും, |
| അനവരതമദമുദിത-വികൃതവിഹ്വലലോചനഃ | } ഇടവിടാതെയുള്ള മദംകൊണ്ടുസന്തുഷ്ടനു, വികൃതമായി ചഞ്ചലിക്കുന്ന നേത്രങ്ങ ളോടുകൂടിയവനും |
| സുലളിതമുഖരികാമൃതേന | = അതിമോഹനമായ വചനാമൃതത്തിൽ |
| സ്വപാർഷദാൻ | = തൻെറ പാർഷദന്മാരായ |
| വിബുധയൂഥപതീൻ | = വേദസംഘാധിപതികളെ |
| ആപ്യായമാനഃ | = ആനന്ദിപ്പിച്ചുകൊണ്ടിരിക്കുന്നവനും, |
| നീലവാസാഃ | = നീലവസ്ത്രം ധരിച്ചിരിക്കുന്നവനും |
| ഏകകുണ്ഡലഃ | = ഒരേ ഒരു കുണ്ഡലം മാത്രം അണിഞ്ഞി രിക്കുന്നവനും |
| ഹലകകുദി | = കലപ്പത്തണ്ടിൻെറ പിൻപുറത്തു് |
| കൃതസുഭഗസുന്ദരഭുജഃ | = വെക്കപ്പെട്ട സുകോമളഹസ്തഭുജത്തോടു [കൂടിയവനുമായ |
| ഭഗവാൻ | = ശ്രീസങ്കർഷണമൂർത്തി |
| അപരിമ്ലാനരാഗനവതുളസികാ-മോദമധ്വാസവേന | } വാടാത്ത കാന്തിയേന്തുന്ന തുളസിയുടെ പുതുമണം പുണരുന്ന മധുരരസത്താൽ |
| മാദ്യന്മധുകരവ്രാതമധുര-ഗീതശ്രിയം | } മദിക്കുന്ന വണ്ടിൻകൂട്ടത്തിൻെറ മധുരിക്കു ന്ന സംഗീതധോരണിയോടുകൂടിയ |

| | |
|---|---|
| വൈജയന്തീം സ്വാം വനമാലാം | = വൈജയന്തിയെന്ന തൻെറ വനമാലയെ |
| മാഹേന്ദ്രഃ വാരണേന്ദ്രഃ | = ഇന്ദ്രവാഹനമായ ഐരാവതം |
| കാഞ്ചനീം കക്ഷാം ഇവ | = പൊന്നുകൊണ്ടുള്ള പട്ടബന്ധത്തെയെന്ന പോലെ |
| ഉദാരലീലഃ ബിഭർത്തി | = സർവ്വാനുഗ്രഹപ്രദമായ ലീലയോടുകൂടിയ വനായിട്ട് ധരിച്ചുകൊണ്ടിരിക്കുന്നു. |

8 യ ഏഷ ഏവമനുശ്രുതോ ധ്യായമാനോ മുമുക്ഷൂണാമനാദികാലകർമ്മ-
വാസനാഗ്രഥിതമവിദ്യാമയം ഹൃദയഗ്രന്ഥിം സത്ത്വരജസ്തമോമയ-
മന്തർഹൃദയം ഗത ആശു നിർഭിനത്തി തസ്യാനുഭാവാൻ ഭഗവാൻ
സ്വായംഭുവോ നാരദഃ സഹ തുംബുരുണാ സഭായാം ബ്രഹ്മണഃ
സംശ്ലോകയാമാസ.

| | |
|---|---|
| ഏവം അനുശ്രുതഃ | = ഇപ്രകാരം ശ്രവിക്കപ്പെട്ടിരിക്കുന്നവനും |
| ധ്യായമാനഃ | = ധ്യാനിക്കപ്പെടുന്നവനുമായിരിക്കുന്ന |
| യഃ ഏഷഃ | = യാതൊരു ഈ സങ്കർഷണൻ |
| മുമുക്ഷൂണാം | = മോക്ഷാർത്ഥികളായ ഭക്തന്മാരുടെ |
| അന്തർഹൃദയം ഗതഃ | = ഹൃദയാന്തർഭാഗത്തെ പ്രവേശിച്ച്, |
| അനാദികാലകർമ്മവാസനാ-ഗ്രഥിതം | അനാദികാലംതൊട്ടുള്ള കർമ്മവാസനയാൽ ഗ്രഥിതവും |
| സത്ത്വരജസ്തമോമയം | = ത്രിഗുണാത്മകവുമായിരിക്കുന്ന |
| ഹൃദയഗ്രന്ഥിം നിർഭിനത്തി | = ഹൃദയഗ്രന്ഥിയെ നിശ്ശേഷം നശിപ്പിക്കുന്നു. |
| തസ്യ അനുഭാവാൻ | = അവിടുത്തെ മഹിമാതിശയങ്ങളെ |
| ഭഗവാൻ സ്വായംഭുവഃ | = സർവ്വജ്ഞനും ബ്രഹ്മപുത്രനുമായ |
| നാരദഃ തുംബുരുണാ സഹ | = ശ്രീനാരദൻ തുംബുരുവിനോടുകൂടി |
| ബ്രഹ്മണഃ സഭായാം | = ബ്രഹ്മാവിൻെറ സദസ്സിൽവെച്ച് |
| സംശ്ലോകയാമാസ | = പ്രകീർത്തിച്ചിട്ടുണ്ട് |

9 ഉത്പത്തിസ്ഥിതിലയഹേതവോഽസ്യ കല്പാഃ
സത്ത്വാദ്യാഃ പ്രകൃതിഗുണാ യദീക്ഷയാഽഽസൻ
യദ്രൂപം ധ്രുവമകൃതം യദേകമാത്മ-
ന്നാനാഽധാത് കഥമു ഹ വേദ തസ്യ വർത്മ

| | | | |
|---|---|---|---|
| അസ്യ | ഈ ലോകത്തിൻെറ | യദീക്ഷയാ | യാതൊന്നിൻെറ വീക്ഷണത്താൽ |
| ഉത്പത്തി-സ്ഥിതിലയ-ഹേതവഃ | സൃഷ്ടിസ്ഥിതിലയങ്ങൾക്ക് ഹേതുഭൂതങ്ങളായ | കല്പാഃ | കാര്യനിർവ്വഹണക്ഷമങ്ങളായി |
| സത്ത്വാദ്യാഃ | സത്ത്വാദികളായ | ആസൻ | ഭവിച്ചിരിക്കുന്നുവോ, |
| പ്രകൃതിഗുണാഃ | പ്രകൃതിഗുണങ്ങൾ | യദ്രൂപം | യാതൊന്നിൻെറ സ്വരൂപം |
| | | ധ്രുവം | അനന്തമായും |

| | |
|---|---|
| അകൃതം | അനാദിയും സ്ഥിതി ചെയ്യുന്നവോ, |
| യത് ഏകം | യാതൊരു ഏകമായ തത്ത്വം |
| ആത്മൻ | തന്നിൽ |
| നാനാ | നാനാത്വത്തെ |
| അധാത് | ധരിച്ചിരിക്കുന്നുവോ, |
| തസ്യ | ആ ബ്രഹ്മസ്വരൂപത്തിന്റെ (ബ്രഹ്മസ്വരൂപമായ സങ്കർഷണമൂർത്തിയുടെ) |
| വർത്മ | പരമാത്മതത്ത്വം |
| ഹ കഥമു | അഹോ! എങ്ങനെ |
| വേദ | അറിയുന്നു? |

അറിയുവാൻ കഴികയില്ലെങ്കിൽ മുമുക്ഷുക്കൾ സേവിച്ചുവരുന്നതെങ്ങനെ? ഈ ആശങ്കയെ പരിഹരിക്കുന്നു—

10 മൂർത്തിം നഃ പുരുകൃപയാ ബഭാര സത്ത്വം
സംശുദ്ധം സദസദിദം വിഭാതി യത്ര
യല്ലീലാം മൃഗപതിരാദദേƒനവദ്യാ-
മാദാതും സ്വജനമനാംസ്യുദാരവീര്യഃ

11 യന്നാമ ശ്രുതമനുകീർത്തയേദകസ്മാ-
ദാർത്തോ വാ യദി പതിതഃ പ്രലംഭനാദ്വാ
ഹന്ത്യംഹഃ സപദി നൃണാമശേഷമന്യം
കം ശേഷാദ്ഭഗവത ആശ്രയേന്മുമുക്ഷുഃ

| | |
|---|---|
| സദസത് | കാര്യകാരണാത്മകമായ |
| ഇദം | ഈ പ്രപഞ്ചം |
| യത്ര | യാതൊരാളിൽ |
| വിഭാതി | പ്രകാശിക്കുന്നുവോ, |
| ഉദാരവീര്യഃ | ആ മഹാവീര്യശാലി |
| നഃ | നമ്മോടുള്ള |
| പുരുകൃപയാ | കാരുണ്യാതിരേകത്താൽ |
| സംശുദ്ധം സത്ത്വം മൂർത്തിം | വിശുദ്ധസത്ത്വാത്മകമായ തിരുവുടലിനെ |
| ബഭാര | ധരിച്ചിരിക്കുന്നു. |
| സ്വജനമനാംസി | സ്വഭക്തന്മാരുടെ മാനസങ്ങളെ |
| ആദാതും | വശീകരിക്കുവാനായി |
| (കൃതാം) | ആവിഷ്കരിക്കപ്പെട്ട |
| അനവദ്യാം | നിർദ്ദുഷ്ടമായ |
| യല്ലീലാം | യാതൊരു ഭഗവാന്റെ ലീലയെ |
| മൃഗപതിഃ | സിംഹം |
| ആദദേ | അഭ്യസിച്ചിരിക്കുന്നുവോ, |
| ശ്രുതം | ശാസ്ത്രവിശ്രുതമായ |
| യന്നാമ | യാതൊരു ഭഗവാന്റെ തിരുനാമം |
| ആർത്തഃ | ആർത്തനായാലും |
| പതിതഃ വാ | പതിതനായാലും |
| പ്രലംഭനാത് | അപഹാസം കൊണ്ടുള്ളതായാലും |
| അകസ്മാത് വാ | യാദൃച്ഛികമായിട്ടു തന്നെയായാലും |
| അനുകീർത്തയേത് യദി | കീർത്തിക്കുകയാണെങ്കിൽ |
| നൃണാം | ആ മനുഷ്യരുടെയെല്ലാം |
| അശേഷം അംഹഃ | മുഴുവനും പാപം |
| സപദി | ഉടനടി |
| ഹന്തി | നശിപ്പിക്കുന്നുവോ, |
| ഭഗവതഃ | ആ ഭഗവാനായ |

| | |
|---|---|
| ശേഷാത് | സങ്കർഷണനെവിട്ട് |
| അന്യം കം | അന്യനായ ഏതൊരാളെ |
| മുമുക്ഷുഃ | മോക്ഷാർത്ഥിയായവൻ |
| ആശ്രയേത് | ആശ്രയിക്കും |

12 മൂർധന്യർപ്പിതമണുവത് സഹസ്രമൂർധ്നോ
ഭൂഗോളം സഗിരിസരിത്സമുദ്രസത്ത്വം
ആനന്ത്യാദനിമിതവിക്രമസ്യ ഭൂമ്നഃ
കോ വീര്യാണ്യധിഗണയേത് സഹസ്രജിഹ്വഃ.

| | |
|---|---|
| സഗിരി-സരിത്-സമുദ്രസത്ത്വം | മലകളും, പുഴകളും, കടലുകളും, പ്രാണിജാലങ്ങളും എന്നിവയോടുകൂടി |
| ഭൂഗോളം | ഭൂമണ്ഡലത്തെ |
| സഹസ്ര-മൂർധ്നഃ | ആയിരം ശിരസ്സുകളുള്ള |
| യസ്യ | യാതൊരാളുടെ |
| മൂർധനി | ഒരു ശിരസ്സിൽ |
| അർപ്പിതം | ചേർക്കപ്പെട്ട് |
| അണുവത് | അണുപ്രമാണമായി സ്ഥിതിചെയ്യുന്നുവോ |
| അനിമിത-വിക്രമസ്യ | ആ അപരിച്ഛിന്നവീര്യനായിരിക്കുന്ന |
| ഭൂമ്നഃ | സർവ്വവ്യാപകന്റെ |
| വീര്യാണി | വീര്യങ്ങളെ |
| ആനന്ത്യാത് | അവസാനമില്ലാത്തതുകൊണ്ട്, |
| സഹസ്രജിഹ്വഃ | ആയിരം നാവുള്ളവനായാൽക്കൂടിയും |
| കഃ | ഏതൊരാൾ |
| അധിഗണയേത് | എണ്ണിപ്പറഞ്ഞേക്കും? |

13 ഏവംപ്രഭാവോ ഭഗവാനനന്തോ
ദുരന്തവീര്യോരുഗുണാനുഭാവഃ
മൂലേ രസായാഃ സ്ഥിത ആത്മതന്ത്രോ
യോ ലീലയാ ക്ഷ്മാം സ്ഥിതയേ ബിഭർത്തി

| | |
|---|---|
| ദുരന്തവീര്യോ-രുഗുണാനുഭാവഃ | അററം കാണാത്ത വീര്യത്തോടും-വലിയ ഗുണാനുഭാവങ്ങളോടുംകൂടിയ |
| ഭഗവാൻ | സർവൈശ്വര്യാദിഷഡ്ഗുണസമ്പന്നനായിരിക്കുന്ന |
| അനന്തഃ | ആദിശേഷൻ |
| ഏവം പ്രഭാവഃ | ഈവിധം മഹിമാതിശയത്തോടുചേർന്നിരിക്കുന്നു- |
| യഃ | യാതൊരു അവിടുന്ന് |
| ആത്മതന്ത്രഃ | തനിക്കുതാൻതന്നെ ആധാരഭൂതനായി |
| രസായാഃ | ഭൂതലത്തിന്റെ |
| മൂലേ | അടിഭാഗത്ത് |
| സ്ഥിതഃ | സ്ഥിതിചെയ്ത് |
| സ്ഥിതയേ | രക്ഷയ്ക്കായിക്കൊണ്ട് |
| ക്ഷ്മാം | ഭൂതലത്തെ |
| ലീലയാ | ആയാസമെന്നിയെ |
| ബിഭർത്തി | താങ്ങിനില്ക്കുന്നു |

ഇതുവരെപ്പറഞ്ഞ ലോകവിഭാഗത്തിന്റെ പ്രയോജനം പ്രത്യേകം എടുത്തു കാണിച്ച് ഇനി ഈ പ്രകൃതം ഉപസംഹരിക്കുന്നു.

14 ഏതാ ഹ്യേവേഹ നൃഭിരുപഗന്തവ്യാ ഗതയോ യഥാകർമ്മവിനിർമ്മിതാ
യഥോപദേശമനുവർണിതാഃ കാമാൻ കാമയമാനൈഃ-

| | |
|---|---|
| ഇഹ കാമാൻ | = ഈ ലോകത്തിൽ സുഖഭോഗങ്ങളെ |
| കാമയമാനൈഃ നൃഭിഃ | = ആഗ്രഹിക്കുന്ന മനുഷ്യരാൽ |
| യഥാകർമ്മ വിനിർമ്മിതാഃ | = തത്തൽകർമ്മാനുസാരം വിഭിന്നരീതിയിൽ നിർമ്മിതങ്ങളായിട്ട് |
| ഉപഗന്തവ്യാഃ ഗതയഃ | = പ്രാപിക്കപ്പെടാവുന്ന സ്ഥാനങ്ങൾ |
| ഏതാഃ ഹി ഏവ | = ഇതെല്ലാം തന്നെയാണെന്ന് |
| യഥോപദേശം | = ഗുരൂപദേശം അനുസരിച്ച് |
| അനുവർണിതാഃ | = യഥാക്രമം വർണ്ണിക്കപ്പെട്ട |

15 ഏതാവതീർഹി രാജൻ പുംസഃ പ്രവൃത്തിലക്ഷണസ്യ ധർമ്മസ്യ
വിപാകഗതയ ഉച്ചാവചാ വിസദൃശാ യഥാപ്രശ്നം വ്യാചഖ്യേ കിമന്യത് കഥയാമ ഇതി.

| | |
|---|---|
| പ്രവൃത്തിലക്ഷണസ്യ ധർമ്മസ്യ | = പ്രവൃത്തിലക്ഷണമായ ധർമ്മത്തിന്റെ |
| ഉച്ചാവചാഃ വിസദൃശാഃ | = നാനാരൂപത്തിലുള്ളവയും അന്യോന്യം സാമ്യമില്ലാത്തവയുമായ |
| വിപാകഗതയഃ | = പരിണാമഗതികൾ |
| രാജൻ പുംസഃ ഏതാവതീഃ ഹി | = രാജാവേ! ജീവാത്മാവിന് ഇപ്രകാരത്തിലെല്ലാം ഇരിക്കുന്നു. |
| യഥാപ്രശ്നം വ്യാചഖ്യേ | = അങ്ങയുടെ ചോദ്യത്തിന്നനുസരിച്ച് അവയെ ഞാൻ വിവരിച്ചുതന്നു |
| അന്യത് കിം കഥയാമ | = വേറെ ഇനി എന്തു് പറയണം? |
| ഇതി | = എന്ന് ശ്രീശുകൻ പറഞ്ഞുനിർത്തി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പഞ്ചമസ്കന്ധേ
ഭൂവിവരവിധ്യുപവർണനം നാമ പഞ്ചവിംശതിതമോഽധ്യായഃ

ആദിതഃ ശ്ലോകാനി 628.

അഞ്ചാമത്തെ സ്കന്ധത്തിൽ ഇരുപത്തഞ്ചാമധ്യായം കഴിഞ്ഞു.

# ഷഡ്വിംശോ S ധ്യായ : – അധ്യായം ഇരുപത്താറ്.

## നരകസ്ഥിതിവർണ്ണനം.

"ഷഡ്വിംശേ തു തതോƒധസ്താന്നരകസ്ഥിതിരുച്യതേ
പാപിനോ യത്ര ദഹ്യന്തേ യമദൂതൈർയഥായഥം"

യമദൂതന്മാരാൽ പാപാത്മക്കൾ ദണ്ഡിപ്പിക്കപ്പെടുന്ന നരകലോകത്തിന്റെ സ്ഥിതിഭേദങ്ങളെ ഈ അധ്യായത്തിൽ വർണ്ണിക്കുന്നു.

രാജോവാച = രാജാവു് പറഞ്ഞു—

1 മഹർഷേ ഏതദ്വൈചിത്ര്യം ലോകസ്യ കഥമിതി.

| | |
|---|---|
| മഹർഷേ ലോകസ്യ | = ഹേ മഹാനായ ഋഷേ! ലോകത്തിൽ |
| ഏതത് വൈചിത്ര്യം കഥം | = ഈ മാതിരിക്കുള്ള ഭോഗാനുഭവവൈവിധ്യം എങ്ങനെ സംഭവിക്കുന്നു.? |
| ഇതി | = എന്നിപ്രകാരം പരീക്ഷിത്തു് തുടന്നു്. ചോദിച്ചു. |

കമ്മം ഒന്നാണെങ്കിലും ശ്രദ്ധാഭേദംകൊണ്ടു് ഫലഭേദം സംഭവിക്കുന്നു എന്നുള്ള അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു് ശ്രീശുകൻ ഇതിനു ഉത്തരം പറയുന്നു—

ഋഷിരുവാച = ശുകബ്രഹ്മർഷി പറഞ്ഞു—

2 ത്രിഗുണത്വാത് കർത്തുഃ ശ്രദ്ധയാ കമ്മഗതയഃ പൃഥഗ്വിധാഃ സർവാ ഏവ സർവസ്യ താരതമ്യേന ഭവന്തി.

| | |
|---|---|
| കർത്തുഃ ത്രിഗുണത്വാത് | = കമ്മം ചെയ്യുന്നവന്റെ സത്വരജസ്തമോഗുണഭേദങ്ങളെ നിമിത്തീകരിച്ചുള്ള |
| ശ്രദ്ധയാ | = ശ്രദ്ധാഭേദം ഹേതുവായിട്ടു് |
| താരതമ്യേന | = താരതമ്യക്രമത്തോടെ |
| സർവാഃ ഏവ കമ്മഗതയഃ | = എല്ലാ കമ്മഫലാനുഭവങ്ങളും |
| സർവസ്യ പൃഥഗ്വിധാഃ ഭവന്തി | = എല്ലാവക്കും വ്യത്യസ്തങ്ങളായിട്ടു സംഭവിക്കാവുന്നതാണു്. |

സാത്വികശ്രദ്ധയാൽ കത്താവിനു് സുഖാനുഭവവും, രാജസത്താൽ സുഖദുഃഖാനുഭവങ്ങളും, താമസത്താൽ ദുഃഖമോഹാനുഭവങ്ങളും സംജാതമാകുന്നു. അതിലും ആ ശ്രദ്ധകളുടെ താരതമ്യം അനുസരിച്ചു് സുഖദുഃഖാദികളിലും താരതമ്യം എല്ലാവക്കും ഉണ്ടായേക്കും എന്നു് താത്പര്യം.

3 അഥേദാനീം പ്രതിഷിദ്ധലക്ഷണസ്യാധർമ്മസ്യ തഥൈവ കർത്തുഃ ശ്രദ്ധായാ വൈസാദൃശ്യാത് കർമ്മഫലം വിസദൃശം ഭവതി യാ ഹ്യനാദ്യവിദ്യയാ കൃതകാമാനാം തത്പരിണാമലക്ഷണാഃ സൃതയഃ സഹസ്രശഃ പ്രവൃത്താസ്താസാം പ്രാചുര്യേണാനുവർണയിഷ്യാമഃ.

| | |
|---|---|
| തഥാ ഏവ | = അപ്രകാരം തന്നെ |
| പ്രതിഷിദ്ധലക്ഷണസ്യ | = ശാസ്ത്രനിഷേധം ഉള്ളതായ |
| അധർമ്മസ്യ | = അധർമ്മത്തിന്റെ (അപകർമ്മത്തിന്റെ) |
| കർത്തുഃ ശ്രദ്ധായാ | = കർത്താവിനുള്ള ശ്രദ്ധക്കും |
| വൈസാദൃശ്യാത് | = വ്യത്യാസം സംഭാവ്യമാകയാൽ |
| കർമ്മഫലം വിസദൃശം ഭവതി | = കർമ്മഫലവും വ്യത്യസ്തമായിഭവിക്കും– |
| ഹി അനാദ്യവിദ്യയാ | = തന്നിമിത്തം അനാദിയായ അവിദ്യയാൽ |
| കൃതകാമാനാം | = സംജാതമാക്കപ്പെട്ട കാമവാസനയോടു കൂടിയവർക്ക് |
| തത്പരിണാമലക്ഷണാഃ | = അതിന്റെ പരിണതസ്വരൂപങ്ങളായി |
| സഹസ്രശഃ യാഃ സൃതയഃ | = ആയിരക്കണക്കിലുള്ള യാവചില ഗതികൾ (നരക ഭേദങ്ങൾ) |
| പ്രവൃത്താഃ | = പ്രവൃത്തങ്ങളായിരിക്കുന്നുവോ, |
| താസാം പ്രാചുര്യേണ | = അവയിൽ പ്രധാനമായവയെ മുൻനിർത്തിക്കൊണ്ട് |
| അഥ ഇദാനീം അനുവർണയിഷ്യാമഃ | ഇനിമേൽ അനുക്രമം വിസ്തരിച്ചു പറയാം |

രാജോവാച = രാജാവ് പറഞ്ഞു

4 നരകാ നാമ ഭഗവൻ കിം ദേശവിശേഷാ അഥവാ ബഹിസ്ത്രിലോക്യാ ആഹോസ്വിദന്തരാള ഇതി.

| | |
|---|---|
| ഭഗവാൻ നരകഃ നാമ | = സർവ്വജ്ഞനായ ഋഷേ! നരകങ്ങളെന്നാൽ |
| ദേശവിശേഷാഃ കിം | = ഈ ഭൂമിയിൽത്തന്നെയുള്ള പ്രത്യേകം പ്രദേശങ്ങളാണോ? |
| അഥവാ ത്രിലോക്യാഃ ബഹിഃ | = അതല്ലെങ്കിൽ, ബ്രഹ്മാണ്ഡത്തിൽ നിന്നും പുറത്തുള്ളവയോ, |
| ആഹോസ്വിത് അന്തരാളേ | = അതല്ല, ഭൂമിയിൽനിന്നുവിട്ടു് ബ്രഹ്മാണ്ഡാവരണങ്ങൾക്കിടയിലുള്ളവയോ? |
| ഇതി | = എന്നു് രാജാവ് ഋഷിയോടു് ചോദിച്ചു. |

ഋഷിരുവാച = ഋഷി (ശുകബ്രഹ്മർഷി) പറഞ്ഞു–

5 അന്തരാള ഏവ ത്രിജഗത്യാസ്തു ദിശി ദക്ഷിണസ്യാമധസ്താദ് ഭൂമേരു–പരിഷ്ടാച്ച ജലാദ്യസ്യാമഗ്നിഷ്വാത്താദയഃ പിതൃഗണാ ദിശി സ്വാനാം ഗോത്രാണാം പരമേണ സമാധിനാ സത്യാ ഏവാശിഷ ആശാസാനാ നിവസന്തി.

| | | |
|---|---|---|
| ത്രിജഗത്യാഃ അന്തരാളേ ഏവ | = | ബ്രഹ്മാണ്ഡാവരണങ്ങളുടെ ഇടയിൽ-തന്നെയാണ് |
| തു, ദക്ഷിണസ്യാം ദിശി | = | അതായത്, തെക്കേദിക്കിൽ, |
| ഭൂമേഃ അധസ്താത് | = | ഭൂതലത്തിന് താഴത്തായും |
| ജലാശയാത് ഉപരിഷ്ടാത് ച | = | ജലവിതാനത്തിൽനിന്ന് മീതെയായും (നരലോകങ്ങൾ സ്ഥിതിചെയ്യുന്നു.) |
| യസ്യാം ദിശി | = | യാതൊരു ഈ തെക്കേദിക്കിൽ, |
| അഗ്നിഷ്വാത്താദയഃ | = | അഗ്നിഷ്വാത്തൻ മുതലായ |
| പിതൃഗണാഃ | = | പിതൃദേവന്മാരുടെ സംഘങ്ങൾ |
| സ്വാനാം ഗോത്രാണാം | = | തങ്ങളുടെ വർഗ്ഗക്കാർക്ക് |
| സത്യാഃ ആശിഷഃ ഏവ | = | അമോഘങ്ങളായ ആശിസ്സുകളെത്തന്നെ |
| ആശാസാനാഃ | = | ആശംസിച്ചുകൊണ്ട് |
| പരമേണ സമാധിനാ | = | ഉത്തമമായ സമാധിയോഗത്തോടെ |
| നിവസന്തി | = | നിവസിച്ചുവരുന്നു |

6 യത്ര ഹ വാവ ഭഗവാൻ പിതൃരാജോ വൈവസ്വതഃ സ്വവിഷയം പ്രാപിതേഷു സ്വപുരുഷൈർജന്തുഷു സംപരേതേഷു യഥാകർമ്മാവദ്യം ദോഷമേവാനുല്ലംഘിതഭഗവച്ഛാസനഃ സഗണോ ദമം ധാരയതി

| | | |
|---|---|---|
| യത്ര ഹ വാവ | = | യാതൊരു ഈ ദിക്കിലാകട്ടെ |
| പിതൃരാജഃ | = | പിതൃക്കളുടെ രാജാവും |
| ഭഗവാൻ വൈവസ്വതഃ | = | ഭഗവാനുമായ യമധർമ്മൻ |
| സ്വപുരുഷൈഃ | = | തന്റെ കിങ്കരന്മാരാൽ |
| സ്വവിഷയം പ്രാപിതേഷു | = | തന്റെ രാജ്യത്തിലേക്ക് എത്തിക്കപ്പെട്ട |
| സംപരേതേഷു ജന്തുഷു | = | പരേതജീവാത്മാക്കളിൽ |
| അനുല്ലംഘിതഭഗവച്ഛാസനഃ | = | സർവ്വേശ്വരന്റെ കല്പനയെ അതിക്രമിക്കാതെ |
| സഗണഃ | = | തന്റെ ഭൃത്യസംഘത്തോടുകൂടിയിരുന്ന് |
| യഥാകർമ്മാവദ്യം | = | കർമ്മദോഷത്തിന്നനുസരിച്ച് ക്രമപ്രകാരം |
| ദോഷം ഏവ ദമം | = | പാപത്തിന്റെ പരിണതഫലമായ ദുഃഖമാവുന്ന ദണ്ഡനത്തെ |
| ധാരയതി | = | മുറപ്രകാരം ഏൽപ്പിക്കുന്നു |

7 തത്ര ഹൈകേ നരകാനേകവിംശതിം ഗണയന്തി അഥ താംസ്തേ രാജന്നാമരൂപലക്ഷണതോഽനുക്രമിഷ്യാമഃ. താമിസ്രോഽന്ധതാമിസ്രോ രൗരവോ മഹാരൗരവഃ കുംഭീപാകഃ കാലസൂത്രമസിപത്രവനം സൂകരമുഖമന്ധകൂപഃ കൃമിഭോജനഃ സന്ദംശസ്തപ്തസൂർമിർവജ്രകണ്ടക-ശാല്മലീ വൈതരണീ പൂയോദഃ പ്രാണരോധോ വിശസനം ലാലാ-ഭക്ഷഃ സാരമേയാദനമവീചിരയഃപാനമിതി, കിഞ്ച ക്ഷാരകർദമോ രക്ഷോഗണഭോജനഃ ശൂലപ്രോതോ ദന്ദശൂകോഽവടനിരോധനഃ പര്യാവർത്തനഃ സൂചീമുഖമിത്യഷ്ടാവിംശതി നരകാ വിവിധയാതനാ ഭൂമയഃ.

തത്ര ഹ ഏകേ നരകാൻ = അതിൽ ചിലർ നരകങ്ങളെ
ഏകവിംശതിം ഗണയന്തി = ഇരുപത്തൊന്നെന്ന് പരിഗണിക്കുന്നു
രാജൻ അഥ തേ = രാജാവേ! ഇനി അങ്ങയ്ക്ക്
നാമരൂപലക്ഷണതഃ = പേരും രൂപവും ലക്ഷണവും വിവരിച്ച്
താൻ അനുക്രമിഷ്യാമഃ = അവയെ അനുക്രമേണ പറഞ്ഞുതരാം.
താമിസ്രഃ......അയഃപാനം ഇതി = താമിസ്രം, അന്ധതാമിസ്രം, രൗരവം മഹാരൗരവം, കുംഭീപാകം, കാലസൂത്രം, അസിപത്രവനം, സൂകരമുഖം, അന്ധകൂപം കൃമിഭോജനം, സന്ദംശം, തപ്തസൂർമ്മി, വജ്രകണ്ടകശാല്മലീ, വൈതരണി, പൂയോദം, പ്രാണരോധം, വിശസനം, ലാലാഭക്ഷം, സാരമേയാദനം, അവീചി, അയഃപാനം എന്നിങ്ങനെയാണ് അവയുടെ പേരുകൾ
കിഞ്ച ക്ഷാരകർദമഃ................ സൂചീമുഖം ഇതി.................... } ഇതിനും പുറമെ; ക്ഷാരകർദമം, രക്ഷോഗണഭോജനം, ശൂലപ്രോതം, ദന്ദശൂകം, അവടനിരോധനം പര്യാവർത്തനം, സൂചീമുഖം, എന്നിവയും ഉൾപ്പെടെ
അഷ്ടാവിംശതി നരകാഃ = ഇരുപത്തെട്ടുനരകങ്ങൾ
വിവിധയാതനാഭൂമയഃ = പലതരം തീവ്രവേദനകളെ അനുഭവിപ്പിക്കുവാനുള്ള സ്ഥാനങ്ങളാകുന്നു.

ഇനി ഓരോ നരകത്തിലും ഓരോരോതരം പാപികളെ ദണ്ഡിപ്പിക്കുന്ന പ്രകാരം പറയുന്നു—

8 തത്ര യസ്തു പരവിത്താപത്യകളത്രാണ്യപഹരതി സ ഹി കാലപാശ-
ബദ്ധോ യമപുരുഷൈരതിഭയാനകൈസ്താമിസ്രേ നരകേ ബലാന്നി-
പാത്യതേ അനശനാനപാനദണ്ഡതാഡനസന്തർജ്ജനാദിഭിര്യാത-
നാഭിര്യാത്യമാനോ ജന്തുർയത്ര കശ്മലമാസാദിത ഏകദൈവ മൂർച്ഛാ-
മുപയാതി താമിസ്രപ്രായേ.

തത്ര യഃ തു = അതിൽ, യാതൊരുവനാണോ
പരവിത്താപത്യകളത്രാണി = അന്യരുടെ ധനം, സന്തതി, ഭാര്യ എന്നിവയെ
അപഹരതി സഃ ഹി = തട്ടിയെടുക്കുന്നത്, അവൻ
അതി ഭയാനകൈഃ = അത്യന്തം ഭീകരന്മാരായ
യമപുരുഷൈഃ = യമകിങ്കരന്മാരാൽ
കാലപാശബദ്ധഃ = കാലപാശംകൊണ്ട് ബന്ധിക്കപ്പെട്ട്
താമിസ്രേ നരകേ = "താമിസ്ര"മെന്ന നരകത്തിൽ
ബലാത് നിപാത്യതേ = ബലാൽക്കാരമായി പതിപ്പിക്കപ്പെടുന്നു
യത്ര ജന്തുഃ = യാതൊരു ഈ നരകത്തിൽവെച്ച് ആ ജന്തു
അനശനാനപാനദണ്ഡ-താഡനസംതർജ്ജനാദിഭിഃ } ആഹാരം കിട്ടായ്ക, കുടിക്കുവാൻ വെള്ളം കിട്ടായ്ക വടികൊണ്ടുള്ള തല്ലും ഭീഷണികളും മററു, എന്നിങ്ങനെയുള്ള

| | | |
|---|---|---|
| യാതനാഭിഃ യാത്യമാനഃ | = | ഉഗ്രപീഡനങ്ങളാൽ പീഡിതനായി ച്ചമഞ്ഞ്, |
| ഏകദൈവ കശ്മലം ആസാദിതഃ | = | ഒരേ നേരത്തുതന്നെ എല്ലാകഷ്ടവുമേററിട്ട് |
| താമിസ്രപ്രായേ | = | ഇരുളടഞ്ഞിരിക്കുന്ന അവിടെ |
| മൂർച്ഛാം ഉപയാതി | = | മോഹാലസ്യത്തിലാഴ്ന്നുപോകുന്നു. |

9 ഏവമേവാന്ധതാമിസ്രേ യസ്തു വഞ്ചയിത്വാ പുരുഷം ദാരാദീനുപ– യുങ്ക്തേ യത്ര ശരീരി നിപാത്യമാനോ യാതനാസ്ഥോ വേദനയാ നഷ്ടമതിർനഷ്ടദൃഷ്ടിശ്ച ഭവതി യഥാ വനസ്പതിർവൃശ്ച്യമാനമൂല സ്ത– സ്മാദന്ധതാമിസ്രം തമുപദിശന്തി.

| | | |
|---|---|---|
| ഏവം ഏവ അന്ധതാമിസ്രേ | = | ഇതേപ്രകാരം തന്നെയാണ് "അന്ധതാ മിസ്രത്തിലും" — |
| യഃ ശരീരി തു | = | ഏതൊരു മനുഷ്യപ്രാണിയാണോ |
| പുരുഷം വഞ്ചയിത്വാ | = | ഒരുവനെ വഞ്ചിച്ച് |
| ദാരാദീൻ ഉപയുങ്ക്തേ | = | അവന്റെ ഭാര്യയേയും മററും അനുഭവി ക്കുന്നത്, |
| (സഃ) യത്ര നിപാത്യമാനഃ | = | ആ പാപാത്മാവ് യാതൊരു ഈ നരകത്തിൽ തള്ളപ്പെട്ട് |
| യാതനാസ്ഥഃ | = | തീവ്രവേദനാവിഷ്ടനായി |
| വേദനയാ | = | ആ വേദനനിമിത്തം |
| വൃശ്ച്യമാനമൂലഃ | = | കടമുറിച്ചുവീഴ്ത്തപ്പെട്ട |
| വനസ്പതിഃ യഥാ | = | വന്മരംപോലെ |
| നഷ്ടമതിഃ നഷ്ടദൃഷ്ടിഃ ച | = | നഷ്ടബുദ്ധിയും നഷ്ടദൃഷ്ടിയുമായി |
| ഭവതി, തസ്മാത് | = | ഭവിക്കുന്നു, അതിനാൽ |
| തം അന്ധതാമിസ്രം | = | ആ നരകത്തെ അന്ധതാമിസ്രമെന്ന് |
| ഉപദിശന്തി | = | പറഞ്ഞുവരുന്നു. |

10 യസ്ത്വിഹ വാ ഏതദഹമിതി മമേദമിതി ഭൂതദ്രോഹേണ കേവലം സ്വകുടുംബമേവാനുദിനം പ്രപുഷ്ണാതി സ തദിഹ വിഹായ സ്വയമേവ തദശുഭേന രൗരവേ നിപതതി.

| | | |
|---|---|---|
| യഃ തു ഇഹ വൈ | = | യാതൊരാൾ ഈ ഭൂമിയിൽവെച്ച് |
| ഏതത് അഹം ഇതി | = | ഇത് ഞാനാണെന്നും |
| ഇദം മമ ഇതി | = | ഇത് എന്റെയാണെന്നും ഭാവിച്ച് |
| കേവലം ഭൂതദ്രോഹേണ | = | തികച്ചും പ്രാണിദ്രോഹത്തിലൂടെ |
| സ്വകുടുംബം ഏവ | = | സ്വന്തംകുടുംബത്തെ മാത്രം |
| അനുദിനം പുഷ്ണാതി | = | നാൾതോറും തീററിപ്പോററിവരുന്നുവോ, |
| സഃ തത് ഇഹ വിഹായ | = | അവൻ ആ കുടുംബത്തെ ഇങ്ങ് വിട്ടിട്ട് |
| സ്വയം ഏവ തദശുഭേന | = | താൻമാത്രം തനിയെ ആ ദുഷ്കൃതത്തിൽ |
| രൗരവേ നിപതതി | = | "രൗരവ" മെന്ന നരകത്തിൽ വീഴുന്നു |

11 യേ ത്വിഹ യഥൈവാമുനാ വിഹിംസിതാ ജന്തവഃ പരത്ര യമയാ–
തനാമുപഗതം ത ഏവ രുരവോ ഭൂത്വാ തഥാ തമേവ വിഹിംസന്തി
തസ്മാദ്രൗരവമിത്യാഹുഃ. രുരുരിതി സർപ്പാദതിക്രൂരസത്ത്വാപദേശഃ.

യേ ജന്തവഃ തു ഇഹ = യാവചിലജന്തുക്കളാകട്ടെ ഇവിടെവെച്ച്
അമുനാ യഥാ ഏവ = ഇവനാൽ ഏതൊരുവിധം തന്നെ
വിഹിംസിതാ = ക്രൂരമായി ഹിംസിക്കപ്പെട്ടിരുന്നുവോ
തേ ഏവ രുരവഃ ഭൂത്വാ = അവയെല്ലാംതന്നെയും രുരുക്കളായി
തീർന്നിട്ട്
പരത്ര യമയാതനാം ഉപഗതം = പരലോകത്തിൽ യമദണ്ഡനത്തിന്
പാത്രീഭവിച്ചിരിക്കുന്ന
തം ഏവ തഥാ വിഹിംസന്തി = ആ പാപാത്മാവിനെത്തന്നെ അതേ
വിധം ക്രൂരമായി ഹിംസിക്കുന്നു.
തസ്മാത് രൗരവം ഇതി ആഹുഃ = അതുകൊണ്ടു ആ നരകത്തിന് "രൗരവ"
മെന്ന പേർ പറഞ്ഞുവരുന്നു.
രുരുഃ ഇതി സർപ്പാത്
അതിക്രൂരസത്ത്വാപദേശഃ } രുരു എന്നാൽ പാമ്പിനെക്കാളും അധികം
ക്രൗര്യമുള്ള ഒരുതരം ഉഗ്രജന്തുവിന്റെ
പേരാണ്.

12 ഏവമേവ മഹാരൗരവോ യത്ര നിപതിതം പുരുഷം ക്രവ്യാദാ നാമരുര–
വസ്തം ക്രവ്യേണ ഘാതയന്തി, യഃ കേവലം ദേഹംഭരഃ.

മഹാരൗരവഃ ഏവം ഏവ = "മഹാരൗരവം" എന്ന നരകവും
ഇപ്രകാരം തന്നെ
യഃ കേവലം ദേഹംഭരഃ = ഏതൊരാൾ കേവലം തന്റെ ശരീരത്തെ
മാത്രം പോററികൊണ്ട് ജീവിച്ച്
യത്ര നിപതിതം = (തൽഫലമായി) യാതൊരു ഈ
നരകത്തിൽ വന്നു വീണതായ
തം പുരുഷം = ആ പുരുഷനെ
ക്രവ്യാദാഃ നാമ രുരവഃ = ക്രവ്യാദങ്ങൾ എന്നു പേരുള്ള രുരുക്കൾ
ക്രവ്യേണ ഘാതയന്തി = മാംസത്തിനു വേണ്ടി ഹിംസിക്കുന്നു.

13 യസ്ത്വിഹ വാ ഉഗ്രഃ പശൂൻ പക്ഷിണോ വാ പ്രാണത ഉപരന്ധയതി
തമപകരുണം പുരുഷാദൈരപി വിഗർഹിതമമുത്ര യമാനുചരാഃ
കുംഭീപാകേ തപ്തതൈലേ ഉപരന്ധയന്തി.

യഃ തു ഉഗ്രഃ = യാതൊരുവനാകട്ടെ കൊടും ക്രൂരനായിട്ട്
ഇഹ വൈ = ഈ ലോകത്തിൽ വെച്ച്
പശൂൻ പക്ഷിണഃ വാ = നാൽക്കാലികളെയോ, പറവകളെയോ
പ്രാണതഃ ഉപരന്ധയതി = ജീവനോടെ പൊരിക്കുന്നുവോ,
പുരുഷാദൈഃ അപി = നരഭുക്കുകളായ രാക്ഷസന്മാരാൽപ്പോലും
വിഗർഹിതം = വെറുക്കപ്പെട്ടവനായ
തം അപകരുണം = ആ നിഷ്കരുണനെ

| | | |
|---|---|---|
| അമുത്ര യമാനുചരാഃ | = | പരലോകത്തിൽ യമകിങ്കരന്മാർ |
| കുംഭീപാകേ | = | 'കുംഭീപാകം' എന്ന നരകത്തിൽവെച്ച് |
| തപ്തതൈലേ | = | തിളപ്പിച്ച എണ്ണയിൽ |
| ഉപരന്ധയന്തി | = | ഇട്ടു വറുക്കുന്നു. |

14 യസ്ത്വിഹ പിതൃവിപ്രബ്രഹ്മധ്രുക് സ കാലസൂത്രസംജ്ഞകേ നരകേ അയുതയോജനപരിമണ്ഡലേ താമ്രമയേ തപ്തഖലേ ഉപര്യധസ്താദഗ്ന്യർക്കാഭ്യാമതിതപ്യമാനേഽഭിനിവേശിതഃ ക്ഷുത്പിപാസാഭ്യാം ച ദഹ്യമാനാന്തർബഹിഃശരീര ആസ്തേ ശേതേ ചേഷ്ടതേഽവതിഷ്ഠതി പരിധാവതി ച യാവന്തി പശുരോമാണി താവദ്വർഷസഹസ്രാണി.

| | | |
|---|---|---|
| യഃ തു ഇഹ | = | യാതൊരുവനാകട്ടെ ഇഹലോകത്തിൽ |
| പിതൃവിപ്രബ്രഹ്മധ്രുക് സഃ | = | അച്ഛനമ്മമാരേയും ബ്രാഹ്മണരെയും വേദത്തെയും ദ്രോഹിക്കുന്നവനായിട്ട് കഴിയുന്നുവോ, അവൻ |
| കാലസൂത്രസംജ്ഞകേ നരകേ | = | 'കാലസൂത്രം' എന്നുപേരായ നരകത്തിൽ |
| അയുതയോജനപരിമണ്ഡലേ | = | പതിനായിരം യോജന ചുററളവുള്ളതും |
| അഗ്ന്യർക്കാഭ്യാം | = | അഗ്നിജ്വാലയാലും സൂര്യാതപത്താലും |
| അധസ്താത് ഉപരി | = | താഴത്തും മുകളിലുമായി |
| അതിതപ്യമാനേ | = | അത്യന്തം തപിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നതുമായ |
| താമ്രമയേ തപ്തഖലേ | = | ചെമ്പുകൊണ്ടുള്ള ചുട്ടുപഴുത്ത സമതലത്തിൽ |
| അഭിനിവേശിതഃ | = | കൊണ്ടുചെന്നാക്കപ്പെട്ടിട്ട്, |
| ക്ഷുത്പിപാസാഭ്യാം ച | = | വിശപ്പും ദാഹവും കൊണ്ട് |
| ദഹ്യമാനാന്തർബഹിഃ ശരീരഃ | = | ദഹിക്കപ്പെടുന്ന ബാഹ്യാഭ്യന്തര ശരീരത്തോടുകൂടിയവനായി ഭവിച്ച് |
| ആസ്തേ ശേതേ ചേഷ്ടതേ അവതിഷ്ഠതി പരിധാവതി ച | } | ഇരിക്കുകയും, കിടക്കുകയും, ഉരുളുകയും എഴുന്നേൽക്കുകയും, പരക്കെ പായുകയും ചെയ്യുന്നു. |
| യാവന്തി പശുരോമാണി | = | ഒരു പശുവിൻെറ ശരീരത്തിൽ രോമങ്ങൾ എത്രയുണ്ടോ, |
| താവദ്വർഷസഹസ്രാണി | = | അത്രയും ആയിരത്താണ്ടുകാലം (ഈ പീഡനം അനുഭവിക്കുന്നു) |

15 യസ്ത്വിഹ വൈ നിജവേദപഥാദനാപദ്യപഗതഃ പാഖണ്ഡം ചോപഗതസ്തമസിപത്രവനം പ്രവേശ്യ കശയാ പ്രഹരന്തി തത്ര ഹാസാവിതസ്തതോ ധാവമാന ഉഭയതോധാരൈസ്താലവനാസിപത്രൈശ്ഛിദ്യമാനസർവ്വാംഗോ ഹാ ഹതോസ്മീതി പരമയാ വേദനയാ മൂർച്ഛിതഃ പദേ പദേ നിപതതി സ്വധർമ്മഹാ പാഖണ്ഡാനുഗതം ഫലം ഭുങ്‌ക്തേ

| | | |
|---|---|---|
| യഃ തു ഇഹ വൈ | = | യാതൊരുവനാകട്ടെ ഇഹലോകത്തിൽ വെച്ച് |
| അനാപദി | = | ആപത്തില്ലാത്തസന്ദർഭത്തിൽ |

നിജവേദപഥാത് = സ്വന്തം വേദമാർഗ്ഗത്താൽ നിന്ന്
അപഗതഃ = വിട്ടകന്നുപോകയും
പാഖണ്ഡം ഉപഗതഃ ച = വേദവിരുദ്ധമായ നാസ്തികമാർഗ്ഗത്തിലേക്ക ചെന്നുചേരുകയും ചെയ്യുന്നുവോ,
തം അസിപത്രവനം പ്രവേശ്യ = അവനെ ''അസിപത്രവനം'' എന്ന നരകത്തിലേക്ക് കടത്തിവിട്ടിട്ട്
കശയാ പ്രഹരന്തി = ചാട്ടകൊണ്ട് അടിക്കുന്നു.
തത്ര ഹ അസൗ = അവിടെ, പാവമേ! ഈ ജീവൻ
ഇതഃ തതഃ ധാവമാനഃ = അങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നുകൊണ്ട്
ഉഭയതോധാരൈഃ = ഇരുഭാഗത്തും മൂർച്ചയുള്ള
താലവനാസിപത്രൈഃ = വാളുകരാംപോലെയുള്ള കരുമ്പനക്കാട്ടിലെ ഓലകളാൽ
ഛിദ്യമാനസർവാംഗഃ = സർവ്വാംഗവും മുറിവേല്ക്കപ്പെട്ടവനായിട്ട്,
ഹാ ഹതഃ അസ്മി ഇതി = '' അയ്യോ! ഞാൻ വലഞ്ഞുപോയല്ലോ'' എന്ന് മുറവിളികൂട്ടി
പരമയാ വേദനയാ = ഏറിയേറുന്ന വേദനകൊണ്ട്
മൂർച്ഛിതഃ പദേ പദേ നിപതതി = മയങ്ങി അടിക്കടി മറിഞ്ഞുവീഴുന്നു
സ്വധർമ്മഹാ = സ്വധർമ്മമാർഗ്ഗം വെടിഞ്ഞുപോയവൻ
പാഖണ്ഡാനുഗതം ഫലം = നാസ്തികദുർമാർഗ്ഗികരാംക്ക് ചേർന്നതായ ഫലത്തെ
ഭുങ്ക്തേ = ഇങ്ങനെ അനുഭവിക്കുന്നു.

16 യസ്ത്വിഹ വൈ രാജാ രാജപുരുഷോ വാ അദണ്ഡ്യേ ദണ്ഡം പ്രണ-
യതി ബ്രാഹ്മണേ വാ ശരീരദണ്ഡം സ പാപീയാൻ നരകേഽമുത്ര
സൂകരമുഖേ നിപതതി. തത്രാതിബലൈർനിഷ്പിഷ്യമാണാവയവോ
യഥൈവേഹേക്ഷുഖണ്ഡ ആർത്തസ്വരേണ സ്വനയൻ ക്വചിന്മൂർച്ഛി-
തഃ കശ്മലമുപഗതോ യഥൈവേഹാദൃഷ്ടദോഷാ ഉപരുദ്ധാഃ

ഇഹ വൈ യഃ തു = ഈ ലോകത്തിൽ യാതൊരാളാണോ
രാജാ രാജപുരുഷഃ വാ = രാജാവായിട്ടോ, രാജാവിൻെറ പ്രതിപുരുഷനായിട്ടോ ഇരുന്ന്
അദണ്ഡ്യേ ദണ്ഡം = ശിക്ഷാർഹനല്ലാത്തവനിൽ ശിക്ഷയേയോ,
ബ്രാഹ്മണേ ശരീരദണ്ഡം വാ = ബ്രാഹ്മണനിൽ ദേഹദണ്ഡത്തേയോ
പ്രണയതി = ഏല്പിക്കുന്നത്
സഃ പാപീയാൻ = ആ മഹാപാപി
അമുത്ര സൂകരമുഖേ നരകേ = ആ ലോകത്തിൽ 'സൂകരമുഖ' മെന്ന നരകത്തിൽ
നിപതതി = നിപതിക്കുന്നു
തത്ര അതിബലൈഃ = അവിടെവെച്ച്, കരുത്തന്മാരായ മല്ലന്മാരാൽ
ഇഹ യഥാ ഏവ ഇക്ഷുഖണ്ഡഃ = ഇങ്ങ് കരിമ്പിൻതടിയെന്നപോലെ

നിഷ്പിഷ്യമാണാവയവഃ = ഞെക്കിപ്പിഴിയപ്പെടുന്ന ശരീരാവയവങ്ങളോടുകൂടിയവനായി,

ആർത്തസ്വരേണ സ്വനയൻ = ദീനനാദത്തോടെ നിലവിളിച്ചുകൊണ്ടും

കചചിത് മൂർച്ഛിതഃ = ചിലപ്പോൾ മയങ്ങിക്കിടന്നും

യഥാ ഏവ ഇഹ = യാതോരുവിധത്തിൽത്തന്നെ ഇവിടെ

അദൃഷ്ടദോഷാഃ ഉപരുദ്ധഃ = ദോഷമില്ലാത്തവർ ഉപരോധിക്കപ്പെട്ടിരുന്നുവോ,

[തഥാ] കശ്മലം ഉപഗതഃ = അതേവിധം വിഷമം അനുഭവിക്കുന്നു.

7 യസ്ത്വിഹ വൈഭൂതാനാമീശ്വരോപകല്പിതവൃത്തീനാമവിവിക്തപര-
വ്യഥാനാം സ്വയം പുരുഷോപകല്പിതവൃത്തിർവിവിക്തപരവ്യഥോ
വ്യഥാമാചരതി സ പരത്രാന്ധകൂപേ തദഭിദ്രോഹേണ നിപതതി.
തത്ര ഹാസൗ തൈർജന്തുഭിഃ പശുമൃഗപക്ഷിസരീസൃപൈർമശകയൂ-
കാമത്കുണമക്ഷികാദിഭിര്യേ കേ ചാഭിദ്രുഗ്ധാസ്തൈഃ സർവതോƒഭി-
ദ്രുഹ്യമാണസ്തമസി വിഹിതനിദ്രാനിർവൃതിരലബ്ധാവസ്ഥാനഃ പരി-
ക്രാമതി യഥാ കുശരീരേ ജീവഃ.

ഇഹ വൈ = ഈ ലോകത്തിൽത്തന്നെ

ഈശ്വരോപകല്പിതവൃത്തീനാം = ഈശ്വരനാൽ കല്പിതമായ ജീവനോപായത്തോടുകൂടിയവയും

അവിവിക്തപരവ്യഥാനാം = പരദുഃഖപരിജ്ഞാനമില്ലാത്തവയുമായ

ഭൂതാനാം = ജീവജാലങ്ങൾക്ക്

പുരുഷോപകല്പിതവൃത്തിഃ = ഈശ്വരനാൽ ബ്രാഹ്മണാദിഭാവേന വിധിനിഷേധരൂപത്തിൽ കൽപ്പിക്കപ്പെട്ട ജീവിതവൃത്തിയോടുകൂടിയവനും

സ്വയം വിവിക്തപരവ്യഥഃ = തന്നെത്താൻ പരദുഃഖപരിജ്ഞാനത്തിനുള്ള വിശേഷബുദ്ധിയുള്ളവനുമായ

യഃ തു വ്യഥാം ആ ചരതി = യാതൊരുവനാണോ ഉപദ്രവമേൽപ്പിക്കുന്നത്,

സഃ പരത്ര അന്ധകൂപേ = ആയവൻ പരലോകത്തിൽ 'അന്ധകൂപം' എന്ന നരകത്തിൽ

തദഭിദ്രോഹേണ നിപതതി = അവയെ ദ്രോഹിച്ചതിന്റെ പാപം നിമിത്തം വീഴുന്നതാണ്

തത്ര ഹ അസൗ തമസി = അവിടെ, കഷ്ടം! ഇവൻ ഇരുട്ടിൽ

പശുമൃഗപക്ഷിസരീസൃപൈഃ = കന്നുകാലികൾ, മററുമൃഗങ്ങൾ പക്ഷികൾ, ഇഴജന്തുക്കൾ എന്നിവയാലും

മശകയൂകാമത്കുണമക്ഷികാദിഭിഃ = കൊതു, പേൻ. മൂട്ട, ഈച്ച, എന്നിവയാലും

യേ കേ ച അഭിദ്രുഗ്ധാഃ = ഇങ്ങനെ യാവചില പ്രാണികൾ ഇവനാൽ ദ്രോഹിക്കപ്പെട്ടിരുന്നുവോ,

തൈഃ തൈഃ ജന്തുഭിഃ = ആ വക സകല പ്രാണികളാലും

| | | |
|---|---|---|
| സർവ്വതഃ അഭിദ്രുഹ്യമാണഃ | = | എല്ലാടവും നിന്നു ദ്രോഹിക്കപ്പെട്ടുകൊണ്ടു് |
| വിഹതനിദ്രാനിർവൃതിഃ | = | അകററപ്പെട്ട നിദ്രാസുഖത്തോടു കൂടിയവനും |
| അലബ്ധാവസ്ഥാനഃ | = | ഇരിക്കപ്പൊറുതി കിട്ടാത്തവനുമായിത്തീന്നു് |
| കുശരീരേ ജീവഃ യഥാ | = | കുത്സിതമായ ശരീരത്തിൽ ജീവാത്മാവെന്നപോലെ |
| പരിക്രാമതി | = | അലഞ്ഞുഴലുന്നു |

18 യസ്ത്വിഹ വാ അസംവിഭജ്യാശ്നാതി യൽകിഞ്ചനോപനതമനിർമ്മിത-
പഞ്ചയജ്ഞോ വായസസംസ്തുതഃ സ പരത്ര കൃമിഭോജനേ നരകാധമേ
നിപതതി. തത്ര ശതസഹസ്രയോജനേ കൃമികുണ്ഡേ കൃമിഭൂതഃ
സ്വയം കൃമിഭിരേവ ഭക്ഷ്യമാണഃ കൃമിഭോജനോ യാവത്തദപ്രത്താ-
പ്രഹൂതാദോഽനിർവേശമാത്മാനം യാതയതേ

| | | |
|---|---|---|
| യഃ തു ഇഹ വൈ | = | യാതൊരാാൾ ഇഹലോകത്തിൽവെച്ചു് |
| ഉപനതം യത്കിഞ്ചന | = | തനിക്കുകിട്ടിയ എന്തെങ്കിലും സാധനം |
| അസംവിഭജ്യ | = | മററാക്കും പങ്കിട്ടുകൊടുക്കാതെ |
| അനിർമ്മിതപഞ്ചയജ്ഞഃ | = | ഗൃഹസ്ഥോചിതമായ പഞ്ചയജ്ഞം മുറപോലെ നടത്താത്തവനായി |
| വായസസംസ്തുതഃ അശ്നാതി | = | കാക്കകളെപ്പോലെയിരുന്നു തിന്നുന്നുവോ, |
| സഃ പരത്ര | = | അവൻ പരലോകത്തിൽ |
| കൃമിഭോജനേ | = | ''കൃമിഭോജനം'' എന്നുപേരായ |
| നരകാധമേ നിപതതി | = | കൊടും നരകത്തിൽ ചെന്നുവീഴുന്നു |
| തത്ര ശതസഹസ്രയോജനേ | = | അവിടെ നൂറായിരം യോജന ആഴമുള്ള |
| കൃമികുണ്ഡേ | = | പുഴക്കുണ്ടിൽ |
| സ്വയം കൃമിഭൂതഃ | = | താനും ഒരു പുഴുവായിക്കിടന്നു്, |
| കൃമിഭിഃ ഏവ ഭക്ഷ്യമാണഃ | = | പുഴുക്കളാലെ ഭക്ഷിക്കപ്പെട്ടുകൊണ്ടും |
| കൃമിഭോജനഃ | = | പുഴുക്കളെ തിന്നുകൊണ്ടും |
| യാവത് തത് | = | എത്രകാലത്തോളം ആ പാപം നിലനിൽക്കുന്നുവോ, അത്രകാലം വരെക്കും |
| അപ്രത്താപ്രഹൂതാദഃ | = | അന്യക്കു നൽകാതെയും പഞ്ചയജ്ഞം ചെയ്യാതെയും ഭക്ഷണം കഴിച്ചവൻ |
| അനിർവേശം ആത്മാനം | = | പ്രായശ്ചിത്തംകൊണ്ടു പാപപരിഹാരം വന്നിട്ടില്ലാത്ത ആത്മാവിനെ |
| യാതയതേ | = | ക്ലേശിപ്പിക്കുന്നു |

19 യസ്ത്വിഹ വൈ സ്തേയേന ബലാദ്വാ ഹിരണ്യരത്നാദീനി ബ്രാഹ്മണ-
സ്യ വാഽപഹരത്യന്യസ്യ വാഽനാപദി പുരുഷസ്തമമുത്ര രാജൻ യമ-
പുരുഷാ അയസ്മയൈരഗ്നിപിണ്ഡൈഃ സന്ദംശൈസ്ത്വചി നിഷ്-
കുഷന്തി.

| | | |
|---|---|---|
| യഃ പുരുഷഃ തു ഇഹ വൈ | = | ഏതൊരാൾ ഇഹലോകത്തിൽ വെച്ച് |
| സ്തേയേന ബലാത് വാ | = | മോഷണംവഴിയ്ക്കോ, ബലാത്കാരമായോ |
| ബ്രാഹ്മണസ്യ വാ | = | ബ്രാഹ്മണൻെറയോ |
| അനാപദി | = | ആപൽഘട്ടം നേരിടാതിരിക്കവേ |
| അന്യസ്യവാ | = | മററാരുടെയെങ്കിലുമോ |
| ഹിരണ്യരത്നാദീനി | = | പൊന്നും രത്നങ്ങളും മററും |
| അപഹരതി | = | തട്ടിയെടുക്കുന്നുവോ, |
| രാജൻ അമുത്രം | = | രാജാവേ! പരലോകത്തിൽ അവനെ |
| യമപുരുഷാഃ | = | അന്തകൻെറ കിങ്കരന്മാർ |
| അയസ്മയൈഃ അഗ്നിപിണ്ഡൈഃ | } | തീയിലിട്ട് പഴുപ്പിച്ച ഇരുമ്പുഗോളങ്ങളാവുന്ന |
| സന്ദംശൈസ്ത്വചി നിഷ്കുഷന്തി | = | 'സന്ദംശങ്ങൾ'കൊണ്ട് തൊലിയിൽ കുത്തിക്കീറുന്നു |

"തപ്തസൂർമി" എന്ന നരകത്തിൻെറ സ്വഭാവം ഇനി പറയുന്നു.

20 യസ്ത്വിഹ വാ അഗമ്യാം സ്ത്രിയമഗമ്യം വാ പുരുഷം യോഷിദഭിഗച്ഛതി താവമുത്ര കശയാ താഡയന്തസ്തിഗ്മയാ സൂർമ്യാ ലോഹമയ്യാ പുരുഷമാലിംഗയന്തി സ്ത്രിയം ച പുരുഷരൂപയാ സൂർമ്യാ.

| | | |
|---|---|---|
| യഃ തു ഇഹ വൈ | = | ഏതൊരുപുരുഷൻ ഇഹലോകത്തിൽ |
| അഗമ്യാം സ്ത്രിയം | = | തനിക്കരുതാത്ത സ്ത്രീയേയും |
| (യാ) യോഷിത് | = | ഏതൊരുസ്ത്രീ |
| അഗമ്യം പുരുഷം വാ | = | തനിക്കരുതാത്തപുരുഷനേയും |
| അഭിഗച്ഛതി | = | പ്രാപിക്കുന്നുവോ, |
| തൗ അമുത്ര | = | ആ പുരുഷനെയും സ്ത്രീയേയും പരലോകത്തിൽ |
| കശയാ താഡയന്തഃ | = | ചാട്ടവാറുകൊണ്ടടിച്ച് |
| തിഗ്മയാ ലോഹമയ്യാ | = | ചുട്ടുപഴുപ്പിച്ച ഇരുമ്പുകൊണ്ടുള്ള |
| സൂർമ്യാ | = | സ്ത്രീപ്രതിമയോടുകൂടി |
| പുരുഷം ആലിംഗയന്തി | = | പുരുഷനെ കെട്ടിപ്പിടിക്കുന്നു; |
| പുരുഷരൂപയാ സൂർമ്യാ | = | ആൺരൂപത്തിലുള്ള പ്രതിമയോടുകൂടി |
| സ്ത്രിയം ച (ആലിംഗയന്തി) | = | സ്ത്രീയേയും കെട്ടിപ്പിടിക്കുന്നു. |

21 യസ്ത്വിഹ വൈ സർവാഭിഗമസ്തമമുത്ര നിരയേ വർത്തമാനം വജ്രകണ്ടകശാല്മലീമാരോപ്യ നിഷ്കർഷന്തി.

| | | |
|---|---|---|
| യഃ തു ഇഹ വൈ | = | ഏതൊരുവാൻ ഇഹലോകത്തിൽ |
| സർവാഭിഗമഃ | = | മനുഷ്യമൃഗാദിജാതിഭേദമെന്നിയെ എല്ലാ സ്ത്രീജാതിയേയും ലൈംഗികസംതൃപ്തിക്കായി സംപ്രാപിക്കുന്നുവോ, |
| തം അമുത്ര | = | അവനെ പരലോകത്തിൽ |

| | | |
|---|---|---|
| നിരയേ വർത്തമാനം | = | നരകത്തിലുള്ളതായ |
| വജ്റകണ്ടകശാല്മലീം | = | "വജ്റകണ്ടകശാല്മലി"യിൽ (വജ്റം പോലെ കൂർത്ത മുള്ളുകളുള്ള ഇലവുമരത്തിന്മേൽ) |
| ആരോപ്യ നിഷ്കർഷന്തി | = | കയററി വലിച്ചിഴക്കുന്നു. |

22 യേ ത്വിഹ വൈ രാജന്യാ രാജപുരുഷാ വാ അപാഖണ്ഡാ ധർമ്മ-സേതൂൻ ഭിന്ദന്തി തേ സംപരേത്യ വൈതരണ്യാം നിപതന്തി ഭിന്ന-മര്യാദാസ്തസ്യാം നിരയപരിഖാഭൂതായാം നദ്യാം യാദോഗണൈരിത-സ്തതോ ഭക്ഷ്യമാണാ ആത്മനാ ന വിയുജ്യമാനാശ്ചാസുഭിരുഹ്യമാനാഃ സ്വാഘേന കർമ്മപാകമനുസ്മരന്തോ വിണ്മൂത്രപൂയശോണിതകേശന-ഖാസ്ഥിമേദോമാംസവസാവാഹിന്യാമുപതപ്യന്തേ.

| | | |
|---|---|---|
| രാജന്യാഃ രാജപുരുഷാഃ വാ | = | രാജാക്കന്മാരോ രാജപ്രതിനിധികളോ ആയിരിക്കുന്ന |
| യേ തു ഇഹ വൈ | = | യാവചിലരാണോ, ഈ ലോകത്തിൽ |
| അപാഖണ്ഡാഃ (സന്തഃ) | = | നല്ലകുലത്തിൽ പിറന്നവരായിരുന്നിട്ടും |
| ധർമ്മസേതൂൻ ഭിന്ദന്തി | = | ധർമ്മമര്യാദകളെ ലംഘിക്കുന്നതു്. |
| തേ സംപരേത്യ | = | അവർ മരിച്ചുപോയശേഷം |
| വൈതരണ്യാം നിപതന്തി | = | "വൈതരണി" എന്ന നരകപുഴയിൽ വീഴുന്നു. |
| ഭിന്നമര്യാദാഃ (തേ) | = | ധർമ്മമര്യാദകളെ തകർത്തുകളഞ്ഞിരിക്കുന്ന അവർ |
| നിരയ പരിഖാഭൂതായാം | = | നരകത്തിന്നു് കിടങ്ങുപോലെയായി ക്കിടക്കുന്ന |
| തസ്യാം നദ്യാം യാദോഗണൈഃ | = | ആ നദിയിലെ ജലജന്തുക്കളാൽ |
| ഇതസ്തതഃ ഭക്ഷ്യമാണാഃ | = | തലങ്ങും വിലങ്ങും കാർന്നു തിന്നപ്പെട്ടുകൊണ്ടും |
| ആത്മനാ ന വിയുജ്യമാനാഃ | = | ജീവനോടു് വേറിടാതെകണ്ടും, |
| അസുഭിഃ ഉഹ്യമാനാഃ ച | = | പ്രാണേന്ദ്രിയങ്ങളോടുകൂടെ ഒഴുക്കപ്പെട്ടുകൊണ്ടും, |
| സ്വാഘേന കർമ്മപാകം | = | തങ്ങളുടെ പാപംകൊണ്ടുണ്ടായ കർമ്മപരിണാമത്തെ |
| അനുസ്മരന്തഃ | = | അനുസ്മരിച്ചുകൊണ്ടു് |
| വിണ്മൂത്രപൂയശോണിതകേശനഖാസ്ഥിമേദോമാംസവസാ-വാഹിന്യാം | = | മലം, മൂത്രം, ചലം, ചോര, തലമുടി, എല്ലുമ്പു്, കൊഴുപ്പു്, മാംസം മജ്ജ, എന്നിവ കൊണ്ടു് നിറഞ്ഞൊഴുകുന്ന ആ നദിയിൽ |
| ഉപതപ്യന്തേ | = | ക്ലേശിക്കപ്പെടുന്നു. |

'പൂയോദം' 'പ്രാണരോധം' എന്നീ രണ്ടു് നരകഭേദങ്ങളുടെ സ്വഭാവം ഇനി രണ്ടു് ഗദ്യം കൊണ്ടു് കാണിക്കുന്നു.

23 യേ ത്വിഹ വൈ വൃഷലീപതയോ നഷ്ടശൌചാചാരനിയമാസ്ത്യക്ത-ലജ്ജാഃ പശുചര്യാം ചരന്തി തേ ചാപി പ്രേത്യ പൂയവിൺമൂത്രശ്ലേ-ഷ്മമലാപൂർണാർണവേ നിപതന്തി തദേവാതി ബീഭത്സിതമശ്നന്തി

| | | |
|---|---|---|
| യേ തു ഇഹ വൈ | = | യാവചിലരാണോ ഈ ലോകത്തിൽ |
| വൃഷളീപതയഃ | = | ദാസിമാരുടെ ഭർത്താക്കന്മാരായിരുന്നു് |

നഷ്ടശൗചാചാരനിയമാഃ = ശുദ്ധിയും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഇല്ലാത്തവരായി,
ത്യക്തലജ്ജാഃ = നാണവും മാനവും കൈവിട്ട്
പശുചര്യാം ചരന്തി = മൃഗീയമായ ജീവിതരീതി കൈക്കൊണ്ടിരിക്കുന്നതു്
തേ ച അപി പ്രേത്യ = അവരും മരിച്ചു പോയശേഷം
പൂയവിൺമൂത്രശ്ലേഷ്മ- } ദുർനീരും മലവും മൂത്രവും കഫവും
മലാപൂർണാർണവേ } അഴുക്കുകളും നിറഞ്ഞ കടലിൽ
നിപതന്തി = നിപതിക്കുന്നു
അതിബീഭത്സിതം = അത്യന്തം ജുഗുപ്സാവഹമായ
തത് ഏവ അശ്നന്തി = അതിനെത്തന്നെ ഭക്ഷിക്കുകയും ചെയ്യുന്നു.

24 യേ ത്വിഹ വൈ ശ്വഗർദഭപതയോ ബ്രാഹ്മണാദയോ മൃഗയാവിഹാരാ അതീർത്ഥേ ച മൃഗാൻ നിഘ്നന്തി താനപി സംപരേതാൻ ലക്ഷ്യഭൂതാൻ യമപുരുഷാ ഇഷുഭിർവിധ്യന്തി.

യേ തു ഇഹ വൈ = യാവചിലരാകട്ടെ ഈ ലോകത്തിൽ
ബ്രാഹ്മണാദയഃ = ബ്രാഹ്മണാദിശ്രേഷ്ഠകുലജാതരായിരുന്നിട്ട്
ശ്വഗർദഭപതയഃ = നായ്ക്കളെയും കഴുതകളെയും വളർത്തുന്നവരായും
മൃഗയാവിഹാരാഃ = വേട്ടയാടി വിനോദിക്കുന്നവരായും ഭവിച്ചുകൊണ്ട്
അതീർത്ഥേ മൃഗാൻ ച നിഘ്നന്തി = ശാസ്ത്രവിഹിതമായ പ്രത്യേക സന്ദർഭത്തിലല്ലാതെ മൃഗങ്ങളെയും മററും നിഹനിക്കുന്നുവോ,
സംപരേതാൻ താൻ അപി = മരിച്ചുപോയിട്ടുള്ള അവരെയും
ലക്ഷ്യഭൂതാൻ (കൃത്വാ) = ലക്ഷ്യമാക്കിയിട്ട്
യമപുരുഷാഃ = അന്തകകിങ്കരന്മാർ
ഇഷുഭിഃ വിധ്യന്തി = അമ്പുകൾകൊണ്ട് എയ്തുപിളർക്കുന്നു.

25 യേ ത്വിഹ വൈ ദാംഭികാ ദംഭയജ്ഞേഷു പശൂൻ വിശസന്തി താനമുഷ്മിൻ ലോകേ വൈശസേ നരകേ പതിതാൻ നിരയപതയോ യാതയിത്വാ വിശസന്തി.

ഇഹ വൈ ദാംഭികാഃ യേ തു = ഈ ലോകത്തിൽ, സ്വന്തം പ്രതാപം പുറമെകാട്ടി ഞെളിയുന്ന യാവചിലരാകട്ടെ
ദംഭയജ്ഞേഷു = തങ്ങളുടെ ഉള്ള് പ്രകടിപ്പിക്കുവാൻവേണ്ടി നടത്തുന്ന യാഗങ്ങളിൽ
പശൂൻ വിശസന്തി = ബലിമൃഗങ്ങളെ വീർപ്പുമുട്ടിച്ചു കൊല്ലുന്നുണ്ടല്ലോ,
അമുഷ്മിൻ ലോകേ = അങ്ങുള്ള ലോകത്തിലെ
വൈശസേ നരകേ = ''വൈശസം'' മെന്ന നരകത്തിൽ
പതിതാൻ താൻ = വീണുപോയിരിക്കുന്ന അവരെ
നിരയപതയഃ = നരകാധികാരികൾ
യാതയിത്വാ വിശസന്തി = തള്ളിവീഴ്ത്തി വീർപ്പുമുട്ടിച്ച് ക്ലേശിപ്പിക്കുന്നു.

**'ലാലാഭക്ഷം' എന്ന നരകഭേദത്തിന്റെ സ്വഭാവം കാണിക്കുന്നു.**

**26 യസ്ത്വിഹ വൈ സവർണാം ഭാര്യാം ദ്വിജോ രേതഃ പായയതി കാമ-മോഹിതസ്തം പാപകൃതമമുത്ര രേതഃകുല്യായാം പാതയിത്വാ രേതഃ സംപായയന്തി.**

| | | |
|---|---|---|
| യഃ ദ്വിജഃ തു ഇഹ വൈ | = | ഏതൊരു ബ്രാഹ്മണനാണോ ഈ ലോകത്തിൽ |
| സവർണാം ഭാര്യാം | = | സ്വജാതിയിലുള്ള പത്നിയെ |
| കാമമോഹിതഃ | = | കാമാർത്തിയാൽ മതിമറന്നുകൊണ്ട് |
| രേതഃ പായയതി | = | തന്റെ രേതസ്സ് കുടിപ്പിക്കുന്നത്, |
| തം പാപകൃതം | = | ആ പാപകർമ്മം ചെയ്തിട്ടുള്ളവനെ |
| അമുത്ര രേതഃകുല്യായാം | = | പരലോകത്തിൽ രേതസ്സുനിറഞ്ഞ നരകത്തോട്ടിൽ |
| പാതയിത്വാ | = | തള്ളിയിട്ടിട്ട് |
| രേതഃ സംപായയതി | = | രേതസ്സിനെത്തന്നെ നല്ലപോലെ കുടിപ്പിച്ചു വിടുന്നു. |

ഇനി 'സാരമേയാദനം' എന്നതിനെ വിവരിക്കുന്നു—

**27 യേ ത്വിഹ വൈ ദസ്യവോഽഗ്നിദാ ഗരദാ ഗ്രാമാൻ സാർത്ഥാൻ വാ വിലുംപന്തി രാജാനോ രാജഭടാ വാ താംശ്ചാപി ഹി പരേത്യ യമ-ദൂതാ വജ്രദംഷ്ട്രാ ശ്വാനഃ സപ്തശതാനി വിംശതിശ്ച സരഭസ് ഖാദന്തി.**

| | | |
|---|---|---|
| ഇഹ വൈ യേ തു | = | ഈ ലോകത്തിൽ യാവചിലർ |
| രാജാനഃ രാജഭടാഃ വാ | = | രാജാക്കന്മാരോ, രാജഭടന്മാരോ |
| ദസ്യവഃ അഗ്നിദാഃ ഗരദാഃ | = | കവർച്ചക്കാരും തീവെപ്പുകാരും വിഷം കൊടുത്തു് കൊല്ലുന്നവരുമായിഭവിച്ചു് |
| ഗ്രാമാൻ സാർത്ഥാൻ വാ | = | കമ്പോളങ്ങളെയോ, വാണിക്‌സംഘങ്ങളെയോ |
| വിലുംപന്തി ഹി | = | കൊള്ളചെയ്ത് നശിപ്പിക്കുന്നുണ്ടല്ലോ, |
| താൻ ച അപി പരേത്യ | = | അത്തരക്കാരെയെല്ലാം മരിച്ചുപോയശേഷം |
| വജ്രദംഷ്ട്രാഃ | = | വജ്രംപോലെ കടുത്ത തേററപ്പല്ലുകളുള്ളവയും |
| യമദൂതാഃ ശ്വാനഃ | = | യമന്റെ ദൂതന്മാരുമായ ശ്വാക്കൾ |
| സപ്തശതാനി വിംശതിഃ ച | = | എഴുന്നൂററിയിരുപതെണ്ണം |
| സരഭസം ഖാദന്തി | = | പാഞ്ഞെണഞ്ഞുവട്ടമിട്ടുകടിച്ചുകീറുന്നു. |

**28 യസ്ത്വിഹ വാ അനൃതം വദതി സാക്ഷ്യ ദ്രവ്യവിനിമയേ ദാനേ വാ കഥഞ്ചിത് സ വൈ പ്രേത്യ നരകേഽവീചിമത്യധഃശിരാ നിരവ-കാശേ യോജനശതോച്ഛ്രായാദ്ഗിരിമൂർദ്ധ്നഃ സംപാത്യതേ, യത്ര ജലമിവ സ്ഥലമശ്മപൃഷ്ഠമവഭാസതേ തദവീചിമത്തിലശോ വിശീര്യ-മാണശരീരോ ന മ്രിയമാണഃ പുനരാരോപിതോ നിപതതി.**

ഇഹ വൈ യഃ തു = ഈ ലോകത്തിൽ യാതൊരാൾ
സാക്ഷ്യ ദ്രവ്യവിനിമയേ = സാക്ഷിപറയുന്നതിലോ,
ക്രിയവിക്രയാദിയിലോ,
ദാനേ വാ കഥഞ്ചിത് = ദാനത്തിലോ ഏതെങ്കിലും തരത്തിൽ
അനൃതം വദതി = നുണപറയുന്നതായാൽ
സഃ പ്രേത്യ വൈ = അവൻ മരിച്ചുപോയതിൽപ്പിന്നെ
നിരവകാശേ = യാതൊരവലംബവുമില്ലാത്ത
അവീചിമതി നരകേ = ''അവീചിമത്തെ''ന്ന നരകത്തിൽ
അധഃ ശിരാഃ = തല കീഴാക്കിക്കൊണ്ട്
യോജനശതോച്ഛ്രായാത് = നൂറ് യോജന പൊക്കമുള്ള
ഗിരിശിഖരാത് നിപാത്യതേ = മലമുകളിൽനിന്ന് താഴെ തള്ളപ്പെടുന്നു.
യത്ര അശ്മപൃഷ്ഠം സ്ഥലം = യാതൊരിടത്തുള്ള പാറപ്പുറമായ പ്രദേശം
ജലം ഇവ അവഭാസതേ = നീർപ്പരപ്പുപോലെ തോന്നപ്പെടുന്നുവോ,
തത് അവീചിമത് = അതത്രേ 'അവീചിമത്ത്' എന്ന നരകം–
തത്ര തിലശഃ = അവിടെ വീണിട്ട് എള്ളുനുറുങ്ങായി
വിശീര്യമാണശരീര = ചിന്നിച്ചിതറുന്ന ശരീരത്തോടുകൂടിയവ
നായി ഭവിക്കുമെങ്കിലും
ന മ്രിയമാണഃ = മരിച്ചുപോകാതെ
പുനഃ ആരോപിതഃ = വീണ്ടും കയററപ്പെട്ടിട്ട്
നിപതതി = വീണ്ടും നിപതിക്കുന്നു.

''അയഃപാനം'' എന്ന നരകഭേദത്തെ ഇനി കാണിക്കുന്നു—

29 യസ്ത്വിഹ വൈ വിപ്രോ രാജന്യോ വൈശ്യോ വാ സോമപീഥ-
സ്തത്കളത്രം വാ സുരാം വ്രതസ്ഥോഽപി വാ പിബതി പ്രമാദത-
സ്തേഷാം നിരയം നീതാനാമുരസി പദാക്രമ്യാസ്യേ വഹ്നിനാ
ദ്രവമാണം കാർഷ്ണായസം നിഷിഞ്ചതി.

ഇഹ വൈ = ഈ ലോകത്തിൽ
യഃ വിപ്രഃ തു = യാതൊരു ബ്രാഹ്മണനാകട്ടെ
തത്കളത്രം വാ = അവൻെറ ഭാര്യയാകട്ടെ
വ്രതസ്ഥഃ അപി വാ = വ്രതാനുഷ്ഠാനത്തിലിരിക്കുന്ന
മററാരെങ്കിലുമാകട്ടെ
സുരാം പിബതി = മദ്യപാനം ചെയ്യുകയോ;
രാജന്യഃ വൈശ്യഃ വാ = ക്ഷത്രിയനോ വൈശ്യനോ
പ്രമാദതഃ സോമപീഥഃ = അബദ്ധധാരണയാൽ സോമരസം പാനം
ചെയ്യുന്നവനായോ വരുന്നതായാൽ
നിരയം നീതാനാം തേഷാം = നരകത്തിലേക്ക് നയിക്കപ്പെട്ട അവരുടെ
ഉരസി പദാ ആക്രമ്യ = മാറിൽ ചവുട്ടിക്കയറിനിന്ന്
ആസ്യേ വഹ്നിനാ ദ്രവമാണം = വായിൽ തീകൊണ്ടുരുക്കിയ
കാർഷ്ണായസം നിഷിഞ്ചന്തി = കാരിരുമ്പിൻരസം ഒഴിച്ചുകൊടുക്കും.

30 അഥ ച യസ്ത്വിഹ വാ ആത്മസംഭാവനേന സ്വയമധമോ ജന്മതപോ-
വിദ്യാചാരവർണാശ്രമവതോ വരീയസോ ന ബഹുമന്യേത സ മൃതക
ഏവ മൃത്വാ ക്ഷാരകർദമേ നിരയേഽവാക്ശിരാ നിപാതിതോ ദുരന്താ
യാതനാ ഹ്യശ്നുതേ.

അഥ ച യഃ തു ഇഹ വൈ = അതിന്നും പുറമേ, യാതൊരാൾ ഈ ലോകത്തിൽ
സ്വയം അധമഃ = സ്വതവേ താണവനായിരുന്നിട്ട്
ആത്മസംഭാവനേന = താൻ വലിയ ആളാണെന്നുള്ള നടിത്തത്താൽ
ജന്മതപോവിദ്യാചാരവർണാ-ശ്രമവതഃ = ജന്മശുദ്ധി, തപഃശക്തി, ജ്ഞാനം, സദാചാരം വർണ്ണാശ്രമധർമ്മാനുഷ്ഠാനം എന്നിവയുള്ള
വരീയസഃ ന ബഹുമന്യേത = ശ്രേഷ്ഠപുരുഷന്മാരെ ബഹുമാനിക്കാതിരിക്കുന്നുവോ,
സഃ മൃതകഃ ഏവ മൃത്വാ = അവൻ മൃതപ്രായൻതന്നെയാണെങ്കിലും മൃതനായതിൽപ്പിന്നെ
ക്ഷാരകർദമേ നിരയേ = 'ക്ഷാരകർദമം' എന്ന നരകത്തിൽ
അവാക്ശിരാഃ നിപാതിതഃ = തലകീഴായി മറിക്കപ്പെട്ട്
ദുരന്താഃ യാതനാഃ അശ്നുതേ = അറുതിയില്ലാത്ത വേദനകൾ അനുഭവിക്കുന്നു.

"രക്ഷോഗണഭോജനം" എന്ന നരകത്തിന്റെ സ്ഥിതിവിവരിക്കുന്നു—

31 യേ ത്വിഹ വൈ പുരുഷാഃ പുരുഷമേധേന യജന്തേ യാശ്ച സ്ത്രിയോ
നൃപശൂൻ ഖാദന്തി താംശ്ച തേ പശവ ഇവ നിഹതാ യമസദനേ
യാതയന്തോ രക്ഷോഗണാഃ സൗനികാ ഇവ സ്വധിതിനാഽവദാര്യാ-
സൃക് പിബന്തി നൃത്യന്തി ച ഗായന്തി ച ഹൃഷ്യമാണാ യഥേഹ
പുരുഷാദാഃ.

ഇഹ തു = ഈ ലോകത്തിൽ വെച്ച്
യേ പുരുഷാഃ വൈ = യാവചില പുരുഷന്മാർ
നരമേധേന യജന്തേ = നരമേധംകൊണ്ട് ദുർദേവതകളെ ആരാധിക്കുകയും
യാഃ സ്ത്രിയഃ = യാവചില സ്ത്രീകൾ
നൃപശൂൻ ഖാദന്തി ച = നരബലിചെയ്ത് ആ നരമാംസത്തെ ഭക്ഷിക്കുകയും ചെയ്യുന്നുവോ,
താൻ ച = ആ പുരുഷന്മാരെയും സ്ത്രീകളെയും
ഇഹ പശവഃ ഇവ = ഈ ലോകത്തിൽ ആയിരുന്നപ്പോൾ ബലിമൃഗങ്ങളെപ്പോലെ
നിഹതാഃ തേ = കൊല്ലപ്പെട്ടവരായ അവർ
യമസദനേ = അന്തകപുരത്തിൽ
രക്ഷോഗണാഃ (ഭൂത്വാ) = രാക്ഷസികളായിഭവിച്ച്,
സൗനികാഃ ഇവ = കശാപ്പുകാരെന്നവിധം
സ്വധിതിനാ അവദാര്യ = സ്വായുധംകൊണ്ട് കുത്തിപ്പിളർന്ന്,

| | | |
|---|---|---|
| യാതയന്തഃ | = | തീവ്രമായ വേദനയേൽപ്പിച്ചുകൊണ്ട് |
| യഥാ ഇഹ പുരാഷാദാഃ | = | ഏതുവിധം ഇവിടെ ആ നരഭുക്കുകൾ (കാണിച്ചിരുന്നുവോ, അതേവിധത്തിൽ) |
| അസൃക് പിബന്തി | = | ചോര കുടിക്കുന്നു; |
| ഹൃഷ്യമാണാഃ | = | ഹർഷത്താൽ ഉല്ലസിച്ചുകൊണ്ട് |
| നൃത്യന്തി ച ഗായന്തി ച | = | തുള്ളിച്ചാടുകയും പാട്ടുപാടുകയും ചെയ്യുന്നു. |

ഇനി 'ശൂലപ്രോതം' എന്ന നരകത്തിന്റെ അവസ്ഥ വിവരിക്കുന്നു—

32 യേ ത്വിഹ വാ അനാഗസോഽരണ്യേ ഗ്രാമേ വാ വൈശ്രംഭകൈ-
രുപസൃതാനുപവിശ്രംഭയ്യ ജിജീവിഷൂൻ ശൂലസൂത്രാദിഷൂപപ്രോ-
താൻ ക്രീഡനകതയാ യാതയന്തി തേഽപി ച പ്രേത്യ യമയാതനാസു
ശൂലാദിഷു പ്രോതാത്മാനഃ ക്ഷുത്തൃഡ്ഭ്യാം ചാഭിഹതാഃ കങ്കവടാ-
ദിഭിശ്ചേതസ്തതസ്തിഗ്മതുണ്ഡൈരാഹന്യമാനാ ആത്മശമലം സ്മരന്തി.

| | | |
|---|---|---|
| യേ തു ഇഹ വൈ | = | ആരാണോ ചിലരാകട്ടെ, ഇവിടെ |
| അരണ്യേ ഗ്രാമേ വാ | = | കാട്ടിലോ നാട്ടിലോ വെച്ച് |
| വൈശ്രംഭകൈഃ ഉപവിശ്രംഭയ്യ | = | വിശ്വസനീയോപായങ്ങളിൽ ഇണക്കി പാട്ടിലാക്കി |
| ഉപസൃതാൻ | = | അരികിൽ വന്നു ചേർന്നവയും |
| അനാഗസഃ ജിജീവിഷൂൻ | = | നിരപരാധികളും ജീവനിൽ കൊതിയുള്ളവയുമായ പ്രാണികളെ |
| ശൂലസൂത്രാദിഷു | = | കൂർത്ത കോലിന്മേലും ചരട്ടിലും മററും |
| ഉപപ്രോതാൻ (കൃത്വാ) | = | കോർത്തുബന്ധിച്ച് |
| ക്രീഡനകതയാ യാതയന്തി | = | കളിപ്പാട്ടമെന്ന നിലയിൽ ദ്രോഹമേൽപ്പിക്കുന്നുവോ, |
| തേ അപി ച പ്രേത്യ | = | അവരും അന്തരിച്ചശേഷം |
| യമയാതനാസു | = | യമദണ്ഡന പ്രദേശങ്ങളിലെ |
| ശൂലാദിഷു പ്രോതാത്മാനഃ | = | ശൂലാദികളിൽ ഉടൽ കോർക്കപ്പെട്ടിട്ട് |
| ക്ഷുത്തൃഡ്ഭ്യാം അഭിഹതാഃ ച | = | പൈദാഹങ്ങളാൽ സംപീഡിതരായും |
| നിഗ്മതുണ്ഡൈഃ | = | മൂർച്ചകൂടിയ കൊക്കുകളുള്ള |
| കങ്കവടാദിഭിഃ | = | കങ്കം, വടം, മുതലായ പക്ഷികളാൽ |
| ഇതസ്തതഃ ആഹന്യമാനാഃ ച | = | തലങ്ങും വിലങ്ങും കൊത്തി വലിക്കപ്പെട്ടുകൊണ്ടു |
| ആത്മശമലം സ്മരന്തി | = | സ്വദുഷ്കൃതത്തെ ഓർമ്മിച്ചുകൊള്ളുന്നു. |

33 യേ ത്വിഹ വൈ ഭൂതാന്യുദ്വേജയന്തി നരാ ഉല്ബണസ്വഭാവാ
യഥാ ദന്ദശൂകാസ്തേഽപി പ്രേത്യ നരകേ ദന്ദശൂകാഖ്യേ നിപതന്തി
യത്ര നൃപ ദന്ദശൂകാഃ പഞ്ചമുഖാഃ സപ്തമുഖാ ഉപസൃത്യ ഗ്രസന്തി
യഥാ ബിലേശയാൻ.

ഇഹ വൈ = ഈ ലോകത്തിലായിരിക്കുമ്പോൾ
ഉല്ബണസ്വഭാവാഃ = കൊടുംക്രൂര സ്വഭാവം കലർന്ന
യേ നരാഃ തു = യാവചില മനുഷ്യരാണോ
ദന്ദശൂകാഃ യഥാ = വിഷജന്തുക്കളെപ്പോലെ
ഭൂതാനി ഉദ്വേജയന്തി = ജീവജാലങ്ങളെ ശല്യപ്പെടുത്തുന്നതു്,
തേ അപി പ്രേത്യ = അവരും ചത്തുപോയശേഷം
ദന്ദശൂകാഖ്യേ = "ദന്ദശൂകം" എന്നു് പേരായ
നരകേ നിപതന്തി = നരകത്തിൽചെന്നുവീഴുന്നു
നൃപ യത്ര = രാജാവേ! യാതൊരു ഈ നരകത്തിൽ
പഞ്ചമുഖാഃ സപ്തമുഖാഃ = അഞ്ചുമുഖങ്ങളും ഏഴുമുഖങ്ങളും ഉള്ള
ദന്ദശൂകാഃ ഉപസൃത്യ = സർപ്പങ്ങൾ അരികിൽ ഇഴഞ്ഞെത്തി
ബിലേശയാൻ യഥാ = അളയിൽ കിടക്കുന്ന എലികളെയെന്ന വിധം
ഗ്രസന്തി = പിടിച്ചു വിഴുങ്ങിക്കളയും.

"അവടനിരോധനം", പര്യാവർത്തനം എന്നീ നരകങ്ങളെ യഥാക്രമം പറയുന്നു.

34 യേ ത്വിഹ വാ അന്ധാവടകുസൂലഗുഹാദിഷു ഭൂതാനി നിരുന്ധന്തി തഥാമുത്ര തേഷ്വേവോപവേശ്യ സഗരേണ വഹ്നിനാ ധൂമേന നിരുന്ധന്തി.

ഇഹ വൈ യേ തു = ഈ ലോകത്തിലിരിക്കുമ്പോൾ, യാവചിലരാണോ
അന്ധാവടകുസൂലഗുഹാദിഷു = പടുകുഴികളിലും, ഗുദാമുകളിലും, ഗുഹകളിലും മററും
ഭൂതാനി നിരുന്ധന്തി = ജീവജാലങ്ങളെ ഇട്ടടക്കുന്നതു്,
(താൻ) തഥാ അമുത്ര = അവരെ അതേവിധം പരലോകത്തിൽ
തേഷു ഏവ ഉപവേശ്യ = അത്തരം നരകക്കുണ്ടുകളിൽ പ്രവേശിപ്പിച്ചു്
സഗരേണ വഹ്നിനാ = വിഷജ്വാലയുള്ള അഗ്നികൊണ്ടും
ധൂമേന നിരുന്ധന്തി = പുകകൊണ്ടും വീർപ്പുമുട്ടിക്കുന്നു.

35 യസ്ത്വിഹ വാ അതിഥീനഭ്യാഗതാൻ വാ ഗൃഹപതിരസകൃദുപഗത-
മന്യുർദിധിക്ഷുരിവ പാപേന ചക്ഷുഷാ നിരീക്ഷതേ തസ്യ ചാപി
നിരയേ പാപദൃഷ്ടേരക്ഷിണീ വജ്രതുണ്ഡാ ഗൃധ്രാഃ കങ്കകാകവടാ-
ദയഃ പ്രസഹ്യോരുബലാദുത്പാടയന്തി.

ഇഹ വൈ = ഈ ലോകത്തിലിരിക്കെ,
യഃ ഗൃഹപതിഃ തു = യാതൊരു ഗൃഹനാഥനാകട്ടെ
അതിഥീൻ = അതിഥികളെയോ,
അഭ്യാഗതാൻ വാ = ആഗന്തുകന്മാരെയോ
ഉപഗതമന്യുഃ = കോപഭാവംപൂണ്ടു്
പാപേന ചക്ഷുഷാ = വിക്രിച്ച കണ്ണാൽ

| | | |
|---|---|---|
| ദിധിക്ഷുഃ ഇവ | = | ദഹിപ്പിക്കുവാൻ ഭാവിക്കുമാറ് |
| അസകൃത് നിരീക്ഷതേ | = | പലവട്ടം നോക്കുന്നുവോ, |
| തസ്യ പാപദൃഷ്ടേഃ ച അപി | = | ആ കുടിലനേത്രന്റെ |
| അക്ഷിണീ നിരയേ | = | കണ്ണുകളെ നരകത്തിലെ |
| വജ്രതുണ്ഡാഃ ഗൃദ്ധ്രാഃ | = | വജ്രക്കൊക്കുകളുള്ള കഴുകന്മാരും |
| കങ്കകാകവടാദയഃ | = | പരുന്തുകളും കാക്കകളും കൊക്കുകളും |
| പ്രസഹ്യ ഉരുബലാത് | = | കടന്നാക്രമിച്ച് അതിശക്തിയോടെ |
| ഉത്പാടയന്തി | = | കൊത്തിപ്പിളർക്കുന്നു. |

36 യസ്ത്വിഹ വാ ആഢ്യാഭിമതിരഹംകൃതിസ്തിര്യക്പ്രേക്ഷണഃ സർവ-
തോഽഭിവിശങ്കീ അർത്ഥവ്യയനാശചിന്തയാ പരിശുഷ്യമാണഹൃദയ-
വദനോ നിർവൃതിമനവഗതോ ഗ്രഹ ഇവാർത്ഥമഭിരക്ഷതി സ ചാപി
പ്രേത്യ തദുത്പാദനോത്കർഷണസംരക്ഷണശമലഗ്രഹഃ സൂചീമുഖേ
നരകേ നിപതതി, യത്ര ഹ വിത്തഗ്രഹം പാപപുരുഷം ധർമ്മരാജ-
പുരുഷാ വായകാ ഇവ സർവതോഽങ്ഗേഷു സൂത്രൈഃ പരിവയന്തി.

| | | |
|---|---|---|
| യഃ തു ഇഹ വൈ | = | യാവനൊരുത്തനാണോ ഇങ്ങുള്ളപ്പോൾ |
| ആഢ്യാഭിമതിഃ | = | ഞാൻ ധനാഢ്യനാണെന്ന അഭിമാനം കലർന്ന് |
| അഹംകൃതിഃ | = | ഗർവ്വിക്കുന്നവനും |
| തിര്യക് പ്രേക്ഷണഃ | = | കുടിലദൃഷ്ടിയോടെ നോക്കുന്നവനും |
| സർവതഃ അഭിശങ്കീ | = | എല്ലാവരിലും സംശയംകൊള്ളുന്നവനും |
| അർത്ഥവ്യയനാശചിന്തയാ | = | സമ്പത്ത് ചെലവഴിഞ്ഞുപോകുന്നുവല്ലോ എന്ന വിചാരത്തിൽ |
| പരിശുഷ്യമാണഹൃദയവദനഃ | = | മനസ്സും മുഖവും വാടിത്തളർന്നവനും |
| നിർവൃതിം അനവഗതഃ | = | സന്തോഷഭാവം പ്രാപിക്കാത്തവനുമായി |
| ഗ്രഹഃ ഇവ അർത്ഥം അഭിരക്ഷതി | = | ഭൂതംപോലെ മുതൽ കാത്തുരക്ഷിക്കുന്നുവോ, |
| സഃ അപി ച | = | അങ്ങനെയുള്ളവനാകട്ടെ |
| തദുത്പാദനോത്കർഷണ-സംരക്ഷണശമലഗ്രഹഃ പ്രേത്യ | } | ആ ധനം ശേഖരിക്കുക, പെരുപ്പിക്കുക, സംരക്ഷിക്കുക എന്നിവയിലെ ദുഷ്കൃതത്താൽ പിടികൂടപ്പെട്ട്, മരിച്ചുപോയതിൽപ്പിന്നെ |
| സൂചീമുഖേ നരകേ നിപതതി | = | 'സൂചീമുഖം' എന്ന നരകത്തിൽ വീഴുന്നു. |
| യത്ര ഹ | = | യാതൊരു ഈ നരകത്തിൽവീണ |
| വിത്തഗ്രഹം പാപപുരുഷം | = | ധനക്കൊതിപിടിച്ച പാപാത്മാവിനെ |
| ധർമ്മരാജപുരുഷാഃ | = | അന്തകന്റെ കിങ്കരന്മാർ |
| വായകാഃ ഇവ | = | തുന്നൽപ്പണിക്കാരെന്നപോലെ |
| അംഗേഷു സർവതഃ | = | അംഗങ്ങൾതോറും സർവ്വത്ര |
| സൂത്രൈഃ പരിവയന്തി | = | സൂചിയിൽകോർത്ത നൂലുകൾകൊണ്ട് തുന്നികെട്ടിയേക്കും |

37 ഏവംവിധാ നരകാ യമാലയേ സന്തി ശതശഃ സഹസ്രശസ്തേഷു സർവ്വേഷു ച സർവ ഏവാധർമ്മവർത്തിനോ യേ കേചിദിഹോദിതാ അനുദിതാശ്ചാവനിപതേ പര്യായേണ വിശന്തി തഥൈവ ധർമ്മാനുവർത്തിന ഇതരത്ര ഇഹ തു പുനർഭവേത് ഉഭയശേഷാഭ്യാം നിവശന്തി.

| | | |
|---|---|---|
| ഏവംവിധാഃ നരകാഃ | = | ഇത്തരത്തിലുള്ള നരകങ്ങൾ |
| ശതശഃ സഹസ്രശഃ | = | നൂറുകണക്കിലും ആയിരംകണക്കിലും |
| യമാലയേ സന്തി | = | യമപുരത്തിലുണ്ട്— |
| അവനിപതേ | = | മഹാരാജാവേ! |
| തേഷു സർവേഷു ച | = | അവയിലെല്ലാററിലും |
| ഇഹ ഉദിതാഃ | = | ഇവിടെ പ്രസ്താവിക്കപ്പെട്ടവരും |
| അനുദിതാഃ ച | = | പ്രസ്താവിക്കപ്പെടാത്തവരുമായ |
| യേ കേചിത് അധർമ്മവർത്തിനഃ | = | യാവചില അധർമ്മിഷ്ഠന്മാരുണ്ടോ, |
| (തേ) സർവേ ഏവ | = | അവരെല്ലാവരും തന്നെ |
| പര്യായേണ വിശന്തി | = | മുറപ്രകാരം പ്രവേശിക്കുന്നു. |
| തഥാ ഏവ | = | അതേവിധം തന്നെ |
| ധർമ്മാനുവർത്തിനഃ ഇതരത്ര | = | ധർമ്മിഷ്ഠന്മാർ സ്വർഗ്ഗാദികളായ മററു പുണ്യലോകങ്ങളിലും പ്രവേശിക്കുന്നു |
| തേ ഇഹ തു | = | അവർ (അധർമ്മിഷ്ഠന്മാരു) ഈ മർത്ത്യലോകത്തിൽ തന്നെ |
| ഉഭയശേഷാഭ്യാം | = | ധർമ്മാധർമ്മങ്ങൾ രണ്ടിൻെറയും അവശിഷ്ട ഫലങ്ങളോടെ |
| പുനർഭവേ നിവിശന്തി | = | പുനർജ്ജന്മത്തിൽ എത്തിച്ചേരുന്നതാണ് |

38 നിവൃത്തിലക്ഷണമാർഗ ആദാവേവ വ്യാഖ്യാതഃ ഏതാവാനേവാണ്ഡകോശോ യശ്ചതുർദശധാ പുരാണേഷു വികല്പിത ഉപഗീയതേ യത്തദ്ഭഗവതോ നാരായണസ്യ സാക്ഷാന്മഹാപുരുഷസ്യ സ്ഥവിഷ്ഠം രൂപമാത്മമായാഗുണമയമനുവർണിതമാദൃതഃ പഠതി ശൃണോതി ശ്രാവയതി സ ഉപഗേയം ഭഗവതഃ പരമാത്മനോഽഗ്രാഹ്യമപി ശ്രദ്ധാഭക്തിവിശുദ്ധബുദ്ധിർവേദ.

| | | |
|---|---|---|
| നിവൃത്തിലക്ഷണമാർഗഃ | = | സമസ്തധർമ്മപരിത്യാഗരൂപമായ സന്യാസയോഗത്തിൻെറ മാർഗ്ഗം |
| ആദൗ ഏവ വ്യാഖ്യാതഃ | = | മുമ്പ് (ദ്വിതീയസ്കന്ധത്തിൽ) തന്നെ വ്യാഖ്യാനിക്കപ്പെട്ടതാണ്. |
| അണ്ഡകോശഃ | = | ബ്രഹ്മാണ്ഡത്തിൻെറ ഉള്ളടക്കം |
| ഏതാവാൻ ഏവ | = | ഇത്രമാത്രമാണുള്ളത് |
| യഃ ചതുർദശധാ | = | യാതൊന്ന് പതിനാലു വിഭാഗമായിട്ട് |
| പുരാണേഷു | = | പുരാണഗ്രന്ഥങ്ങളിൽ |

| | | |
|---|---|---|
| വികല്പിതഃ ഉപഗീയതേ | = | വിശേഷണകല്പിതമായി വർണ്ണിക്കപ്പെടുന്നു. |
| സാക്ഷാത് മഹാപുരുഷസ്യ | = | പ്രത്യക്ഷമായി വിരാട്പുരുഷ സ്വരൂപനായ |
| ഭഗവതഃ നാരായണസ്യ | = | ഭഗവാൻ ശ്രീനാരായണന്റെ |
| ആത്മമായാഗുണമയം | = | സ്വയോഗമായാഗുണവികാരരൂപമായ |
| സ്ഥവിഷ്ഠം രൂപം യത് | = | സ്ഥൂലരൂപം യാതൊന്നോ, |
| അനുവർണിതം തത് | = | അനുക്രമം വർണ്ണിക്കപ്പെട്ടിരിക്കുന്ന അതിനെ |
| (യഃ) ആദൃതഃ പഠതി | = | യാതൊരാൾ ആദരാന്വിതനായി പാരായണം ചെയ്കയും |
| ശൃണോതി ശ്രാവയതി | = | കേൾക്കയും കേൾപ്പിക്കയും ചെയ്യുന്നുവോ, |
| ശ്രദ്ധാഭക്തിവിശുദ്ധബുദ്ധിഃ സഃ | = | ശ്രദ്ധകൊണ്ടും ഭക്തികൊണ്ടും നിർമ്മല ബുദ്ധിയായി ഭവിച്ച അവൻ |
| അഗ്രാഹ്യം അപി | = | ഇന്ദ്രിയഗ്രാഹ്യമല്ലെന്നിരിക്കലും |
| പരമാത്മനഃ ഭഗവതഃ | = | പരമാത്മാവായ തന്തിരുവടിയുടെ |
| ഉപഗേയം വേദ | = | വേദാന്തശാസ്ത്രപ്രതിപാദ്യമായ സച്ചിത്സ്വരൂപത്തെ അറിയുന്നു |

39 ശ്രുത്വാ സ്ഥൂലം തഥാ സൂക്ഷ്മം രൂപം ഭഗവതോ യതിഃ
സ്ഥൂലേ നിർജ്ജിതമാത്മാനം ശനൈഃ സൂക്ഷ്മം ധിയാ നയേത് ഇതി

| | | | |
|---|---|---|---|
| ഭഗവതഃ | സർവ്വേശ്വരന്റെ | സ്ഥൂലേ | സ്ഥൂലരൂപത്തിൽ |
| സ്ഥൂലം | സ്ഥൂലമായുള്ളതും | നിർജ്ജിതം | ഉറച്ചുകഴിഞ്ഞ |
| സൂക്ഷ്മം | സൂക്ഷ്മമായുള്ളതുമായ | ആത്മാനം | മനസ്സിനെ |
| രൂപം | സ്വരൂപത്തെ | ശനൈഃ | സാവകാശത്തിൽ |
| തഥാ | വേണ്ടപ്രകാരത്തിൽ | ധിയാ | ബുദ്ധിയാൽ |
| ശ്രുത്വാ | കേട്ടുധരിച്ച് | സൂക്ഷ്മം | സൂക്ഷ്മരൂപത്തിലേക്ക് |
| യതിഃ | മനഃസംയമം സാധിച്ച സാധകൻ | നയേത് | നയിച്ചുകൊള്ളണം — |
| | | ഇതി | ഇങ്ങനെയാണ് ക്രമം |

40 ഭൂദ്വീപവർഷസരിദദ്രിനഭഃസമുദ്ര-
പാതാളദിങ്നരകഭാഗണലോകസംസ്ഥാ
ഗീതാ മയാ തവ നൃപാദ്ഭുതമീശ്വരസ്യ
സ്ഥൂലം വപുഃ സകലജീവനികായധാമ.

| | | | |
|---|---|---|---|
| നൃപ | അല്ലയോ രാജാവേ | അദ്ഭുതം | ആശ്ചര്യകരവുമായ |
| | | ഈശ്വരസ്യ | ഭഗവാന്റെ |
| സകലജീവനികായധാമ | സമസ്തജീവരാശികളുടെ ഇരിപ്പിടവും | സ്ഥൂലം വപുഃ | സ്ഥൂലശരീരമായുള്ള |

| | |
|---|---|
| ഭൂദ്വീപവർഷ-സരിദദ്രി-നഭഃ സമുദ്ര-പാതാളദിങ്-നരകഭാഗണ-ലോകസംസ്ഥാ | ഭൂമിയും അതിലെ ദ്വീപുകളും, വർഷങ്ങളും, നദികളും, സമുദ്രങ്ങളും എന്നിവയും അന്തരീക്ഷം പാതാളം, ദിക്കുകൾ, നരകങ്ങൾ, നക്ഷത്രരാശികൾ എന്നിവയും അടങ്ങുന്ന ലോകത്തിന്റെ അവസ്ഥിതി |
| മയാ തവ | എന്നാൽ അങ്ങേക്കു് |
| ഗീതാ | ചൊല്ലിത്തരപ്പെട്ടിരിക്കുന്നു |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പാരമഹംസ്യാം സംഹിതായാം
പഞ്ചമസ്കന്ധേ നരകാനുവർണ്ണനം നാമ ഷഡ്വിംശതിതമോഽദ്ധ്യായഃ
ആദിതഃ സൂക്താനി 668.

അഞ്ചാമത്തെ സ്കന്ധത്തിൽ ഇരുപത്താറാമദ്ധ്യായം കഴിഞ്ഞു.

പഞ്ചമഃ സ്കന്ധഃ സമാപ്തഃ

ശ്രീമദ്ഭാഗവതേ ആദിതഃ ശ്ലോകാഃ 4724

ശ്രീനാരായണാർപ്പണമസ്തു.

ഓം തത് സത്.